Remove Watermark Now

# കേരളസംസ്കാരചരിത്രം

## Course Code: M21ML01DC

Discipline Core Course

Postgraduate Programme in
Malayalam Language and Literature

Self Learning Material



SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

Remove Watermark Now

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

Remove Watermark Now

# കേരളസംസ്കാരചരിത്രം

Course Code: M21ML01DC

Semester-I

## Master of Arts
## Malayalam Language and Literature
## Self Learning Material

SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

Remove Watermark Now

SREENARAYANAGURU OPEN UNIVERSITY

# കേരളസംസ്കാരചരിത്രം

Course Code: M21ML01DC

Semester- I

Discipline Core Course

Postgraduate Programme in Malayalam


**Academic Committee**

Prof. Dr. V. A. Valsalan
Dr. K. M. Anil
Dr. Siddeek M. A.
Dr. Rajani N.
Dr. Lekshmi V.S.
Dr Sunilkumar P.V.
Dr. S. Nazeeb
Adheesh U.
Dr. A. Sheelakumari



**Development of the Content**

Dr. Thara S.S., Dr. Letha Devi Amma J., Reghukumar V., Rineesha P.P., Dr. Abdusammed K.T., Dr. Deepam S., Muraleedharan K.V., Aswani A.P., Dr. Soumia Dasan

**Review and Edit**

Prof. Thomas Thamarasseri, Dr. James G.

**Linguistics**

Reghukumar V.

**Scrutiny**

Dr. Thara S.S., Dr. Deepthi V.S., Aswani A.P., Dr. Deepam S., Dr. Lathika A.C., Dr. Abdusammed K.T., Dr. Muraleedharan K.V., Dr. Soumia Dasan

**Design Control**

Azeem Babu T.A.

**Cover Design**

Jobin J.

**Co-ordination**

**Director, MDDC :**
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.


Scan this QR Code for reading the SLM on a digital device.


**Revised Edition**
October 2025



**Copyright**
© Sreenarayanaguru Open University



ISBN 978-81-994027-8-2

9 788199 402782



All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

YouTube

Visit and Subscribe our Social Media Platforms

Remove Watermark Now

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education. setting the benchmark and charting the course.

The programmes offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The MA Malayalam programme has been meticulously designed to meet rigorous academic and literary standards. This programme blends classical and modern approaches to Malayalam language and literature. We are confident that you will find it intellectually stimulating and personally fulfilling. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Regards,
Dr. Jagathy Raj V. P. 01-10-2025

Remove Watermark Now

# Contents


| | | |
|---|---|---|
| **BLOCK-01** | **പ്രാചീന തമിഴകം,പ്രാചീന കേരളം** | **01** |
| Unit 1 | കേരളചരിത്രവിജ്ഞാനീയം: സാമാന്യാവലോകനം | 02 |
| Unit 2 | സംഘകാലം | 27 |
| Unit 3 | ബുദ്ധ-ജൈന-ആര്യമതങ്ങൾ | 49 |
| Unit 4 | **രണ്ടാം ചേരസാമ്രാജ്യം** | **72** |
| **BLOCK-02** | **നാടുവാഴിത്തം, പാശ്ചാത്യാഗമനം** | **94** |
| Unit 1 | മധ്യകാല കേരളം; നാടുവാഴിത്തം | |
| Unit 2 | ജന്മിത്തം, ജാതിവ്യവസ്ഥ | 114 |
| Unit 3 | ഭക്തിപ്രസ്ഥാനം | 130 |
| Unit 4 | പോർച്ചുഗീസുകാരുടെ വരവ് | 148 |
| **BLOCK-03** | **അധിനിവേശം, ആധുനികീകരണം, നവോത്ഥാനം** | **166** |
| Unit 1 | വൈദേശികാധിപത്യം | 167 |
| Unit 2 | മിഷണറി പ്രവർത്തനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും | 187 |
| Unit 3 | നവോത്ഥാനനായകർ | 203 |
| Unit 4 | നവോത്ഥാനാനന്തര പ്രസ്ഥാനങ്ങൾ | 217 |
| **BLOCK-04** | **ദേശീയപ്രസ്ഥാനം,കേരള മാതൃക, ആഗോളീകരണം** | **231** |
| Unit 1 | ദേശീയപ്രസ്ഥാനം, ഖിലാഫത്ത്പ്രസ്ഥാനം, നിവർത്തനപ്രക്ഷോഭം | 232 |
| Unit 2 | ഐക്യകേരളപ്രസ്ഥാനം കേരള സംസ്ഥാനരൂപീകരണം | 250 |
| Unit 3 | കേരള മന്ത്രിസഭ ഭൂപരിഷ്കരണ നിയമം, ഗൾഫ് കുടിയേറ്റം | 274 |
| Unit 4 | **കേരളം-ഇരുപത്തൊന്നാം നൂറ്റാണ്ട്** | **288** |
| Self-Assessment Questions & Answers | | 313 |


iSkysoft

Remove Watermark Now

# പ്രാചീന തമിഴകം, പ്രാചീന കേരളം

## BLOCK-01

Block Content

**യൂണിറ്റ്-1 കേരളചരിത്രവിജ്ഞാനീയം: സാമാന്യാവലോകനം**

ചരിത്രവും സംസ്കാരചരിത്രവും: സങ്കല്പനങ്ങൾ. കേരളചരിത്രവിജ്ഞാനീയം: സാമാന്യാവലോകനം-കേരളചരിത്രപഠനത്തിന്റെ ഉപാദാനസാമഗ്രികൾ-കേരളസംസ്കാര നിർമിതിയിൽ ഭൂമിശാസ്ത്രഘടകങ്ങൾക്കുള്ള പങ്ക്.

**യൂണിറ്റ്-2 സംഘകാലം**

പ്രാചീനതമിഴകം എന്ന സാംസ്കാരിക/ഭൂമിശാസ്ത്രമേഖല-സംഘകാലം എന്ന സങ്കല്പം -ഐന്തിണകളും നാനിലങ്ങളും - പഴന്തമിഴ് പാട്ടുകളിലെ ജീവിതബന്ധങ്ങൾ-പതിറ്റുപത്തിലെ നായകർ-ഏഴിമല-ആയ് തലവന്മാർ-പ്രാചീന തമിഴകത്തെ മതജീവിതം

**യൂണിറ്റ്-3 ബുദ്ധ, ജൈന, ആര്യമതങ്ങൾ**

ബുദ്ധ ജൈനമതങ്ങൾ-തുറമുഖങ്ങളും വിദേശബന്ധങ്ങളും: പട്ടണം ഉത്ഖനനം നല്കുന്ന സൂചനകൾ. ആര്യവത്കരണം എന്ന ആശയം-കാർഷികസമൂഹത്തിന്റെ രൂപപ്പെടൽ-ക്ഷേത്രങ്ങളും ബ്രാഹ്മണഗ്രാമങ്ങളും-ക്ഷേത്രകേന്ദ്രിത സമൂഹം എന്ന സങ്കല്പവും അതിനോടുള്ള വിമർശനങ്ങളും.

**യൂണിറ്റ്-4 രണ്ടാം ചേരസാമ്രാജ്യം**

പെരുമാൾവാഴ്ച-കച്ചങ്ങളും സങ്കേതങ്ങളും-വർത്തകസംഘങ്ങൾ-നൂറ്റുവർ സംഘങ്ങൾ-ശാലകൾ-മലയാളഭാഷയുടെ രൂപീകരണം-പെരുമാൾവാഴ്ചയെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ-സാങ്കേതികവിദ്യ, വിജ്ഞാനം, കല, ദർശനം തുടങ്ങിയ മേഖലകളിലെ പരിവർത്തനങ്ങൾ.

Unit 1

# കേരളചരിത്രവിജ്ഞാനീയം: സാമാന്യാവലോകനം

## Learning Outcomes

- കേരളചരിത്രരചനയിലെ ഉപാദാനസാമഗ്രികളെക്കുറിച്ച് അറിവ് ലഭിക്കുന്നു
- വിദേശികളുടെ കുറിപ്പുകൾ കേരളചരിത്രരചനയെ സഹായിച്ചതെങ്ങനെയെന്ന് മനസ്സിലാക്കുന്നു
- ശാസനങ്ങളിലെ ചരിത്രപരാമർശങ്ങളെക്കുറിച്ച് ധാരണ നേടുന്നു
- കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയെക്കുറിച്ച് അറിവ് നേടുന്നു

## Background

സാംസ്കാരിക വൈവിധ്യങ്ങളുടെ നാടാണ് കേരളം. വ്യത്യസ്ത ജനവിഭാഗങ്ങളും പ്രാദേശികസംസ്കൃതികളും, മതങ്ങളും, ഭാഷാഭേദങ്ങളും കൂടിച്ചേർന്നുണ്ടാകുന്ന വൈവിധ്യാത്മകമായ സമഗ്രതയാണ് കേരളസംസ്കാരം. അധികാരവും സമ്പത്തും കൈയ്യാളുന്ന ഒരു ന്യൂനപക്ഷത്തിന്റെ ചിന്തകളും സങ്കല്പങ്ങളുമാകും സംസ്കാരം എന്ന പേരിൽ ബഹുഭൂരിപക്ഷത്തിന്റെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്നത്. മതപരമായും സാമൂഹികമായും പ്രാദേശികമായും വ്യത്യസ്തമായ സംസ്കാരങ്ങൾ പുലർത്തുന്നവരായിരുന്നു കേരളീയർ. കലയും സാഹിത്യവും ഓരോ വിഭാഗത്തിനും സവിശേഷമായി ഉണ്ടായിരുന്നു. കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ കലകൾ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വികസിച്ചപ്പോൾ ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ട മറ്റൊരു വിഭാഗം നാടൻപാട്ടുകൾ, തെയ്യം, തിറ തുടങ്ങിയ കലകളിലൂടെ മുന്നോട്ടു നീങ്ങി. ദ്രാവിഡ-തമിഴ് പാരമ്പര്യത്തിൽ ജീവിച്ചിരുന്ന കേരളീയർ ആര്യാധിനിവേശത്തിന്റെയും ബ്രാഹ്മണ ആധിപത്യത്തിന്റെയും ഇരകളായി മാറി. കേരളജനതയുടെ ജീവിതരീതിയിലുണ്ടായ മാറ്റം കലാസാഹിത്യരംഗത്തും പ്രതിഫലിച്ചു.

കേരളത്തിന്റെ ചരിത്രാതീതകാലത്തെക്കുറിച്ച് വ്യക്തമായ അറിവൊന്നും ലഭിച്ചിട്ടില്ല. മഹാശിലാസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കേരളത്തിന്റെ പല ഭാഗത്തു നിന്നും ലഭിച്ചിട്ടുണ്ട്. ഭാരതീയ ഇതിഹാസകാവ്യങ്ങളായ രാമായണത്തിലും മഹാഭാരതത്തിലും കേരളദേശത്തെക്കുറിച്ച് പരാമർശമുണ്ട്. ബി. സി. എട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്ന് വിശ്വസിക്കുന്ന 'രാമായണ'ത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ (41-ാം സർഗ്ഗം) കേരളത്തെപ്പറ്റി പരാമർശമുണ്ട്. മഹാഭാരതത്തിൽ ഭാരതഭൂമിയുടെ തെക്കേ അറ്റത്തുള്ള രാജ്യങ്ങളെപ്പറ്റി പരാമർശിക്കുമ്പോൾ ദ്രാവിഡം, കേരളം, കർണ്ണാടകം തുടങ്ങിയ പേരുകൾ വരുന്നു. കൂടാതെ കൗടില്യന്റെ 'അർത്ഥശാസ്ത്ര'ത്തിൽ (ബി. സി. നാലാം ശതകം) കേരളത്തിലെ ചൂർണി (പെരിയാർ) നദിയെക്കുറിച്ച് പറയുന്നുണ്ട്. മഹാകവി കാളിദാസന്റെ രഘുവംശത്തിലും കേരളത്തെക്കുറിച്ചുള്ള വർണ്ണനയുണ്ട്. ദക്ഷിണേന്ത്യൻ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടമായിരുന്നു സംഘകാലം. ഇക്കാലത്ത് കേരളവും തമിഴ്നാടും ഒന്നായിരുന്നു. അന്ന് തമിഴ് ജനതയും കേരളീയരുമായി വേർതിരിവില്ലാതിരുന്നതിനാൽ ഇവരുടെ സംസ്കാരത്തിലും ഈ ഇഴയടുപ്പം പ്രതിഫലിച്ചിരുന്നു. സംഘകാലത്തെ തമിഴ് സാഹിത്യകൃതികൾ കേരളചരിത്രത്തെ സംബന്ധിച്ച് പ്രധാനപ്പെട്ടതാണ്. സംഘകാലഘട്ടത്തിൽ പ്രദേശങ്ങളെ ഭൂമിശാസ്ത്രപരമായി വിവിധ മേഖലകളായി തിരിച്ചിരുന്നു. ഈ പ്രദേശങ്ങൾ പൊതുവേ 'തിണകൾ' എന്നറിയപ്പെട്ടിരുന്നു.

Remove Watermark Now

പ്രാചീനകാലത്ത് തന്നെ കേരളം ഒട്ടനവധി മതങ്ങളുടെ സംഗമഭൂമിയായിരുന്നു. ഭാരതീയസംസ്കാരത്തിന്റെ മുഖമുദ്രയായി പറയുന്ന 'നാനാത്വത്തിൽ ഏകത്വം' കേരളത്തിലെ മതചരിത്രത്തെ സംബന്ധിച്ചിടത്തോളം ഏറെ അന്വർഥമാണെന്ന് മനസ്സിലാക്കാൻ കഴിയും. ബ്രാഹ്മണർക്ക് പ്രാധാന്യം സിദ്ധിക്കുന്നതുവരെ ജാതിക്കും മതത്തിനും കേരളത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. ആര്യന്മാരുടെ ഇന്ത്യയിലേക്കുള്ള പ്രവേശനം ബി. സി. 1500-ാം ആണ്ടിലാണെന്ന് യൂറോപ്യൻ സഞ്ചാരികൾ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ഹാരപ്പാ-മോഹൻജദാരോ സംസ്കാരങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ബി. സി. 2500-ാം ആണ്ടോടടുത്ത് ഇവർ ഇന്ത്യയിൽ കടന്നുവന്നെന്നും ബി. സി. 1500-ാം ആണ്ടോടുകൂടി പ്രബലരായിത്തീർന്നെന്നും കണക്കാക്കാം. പശുപരിപാലനം, കൃഷി എന്നിവയുമായി ബന്ധമുള്ള ഒരു സംസ്കാരമായിരുന്നു ഇവരുടേത്. ക്ഷേത്രങ്ങളോട് ബന്ധമില്ലാത്ത സമൂഹമോ സംസ്കാരമോ അന്ന് ഉണ്ടായിരുന്നില്ല. ഗ്രാമങ്ങളും നഗരങ്ങളുമെല്ലാം ക്ഷേത്രങ്ങളെ കേന്ദ്രമാക്കിയാണ് വളർന്നത്. മഹോദയപുരം കേന്ദ്രമാക്കി ഭരണം നടത്തിയ പെരുമാൾമാരുടെ കാലഘട്ടം കേരളത്തിന്റെ സാംസ്കാരികചരിത്രത്തിലെ തിളങ്ങുന്ന ഒരധ്യായമായിരുന്നു. കുലശേഖരചക്രവർത്തിമാർ പലരും പണ്ഡിതന്മാരായിരുന്നു. വിജ്ഞാനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ അവർ പ്രത്യേകം ശ്രദ്ധിച്ചു. സാംസ്കാരികമായി കേരളം പുരോഗതി കൈവരിച്ച കാലം കൂടിയാണിത്.

ചരിത്രവും സംസ്കാരവും പരസ്പരപൂരകങ്ങളായി വർത്തിക്കുന്ന ഘടകങ്ങളാണ്. അതുകൊണ്ടുതന്നെ ഇവയുടെ പഠനം വ്യക്തികളുടെയും സംഭവങ്ങളുടെയും പഠനമല്ല. ഓരോ കാലഘട്ടത്തിലുമുള്ള സാമൂഹികജീവിതത്തിന്റെ പ്രതിഫലനവും രാഷ്ട്രീയപരിതോവസ്ഥയും, ആചാരാനുഷ്ഠാനങ്ങളും ജീവിതരീതികളും സാമ്പത്തികസ്ഥിതിഗതികളും സാംസ്കാരികചരിത്രത്തിന്റെ ഭാഗമാണ്. കേരളചരിത്രപഠനത്തിന്റെ ഉപാദാനസാമഗ്രികളെ ലിഖിതങ്ങളെന്നും പുരാവസ്തുക്കളെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ഇതിൽ സംസ്കൃതസാഹിത്യം, തമിഴ്സാഹിത്യം, മലയാളസാഹിത്യം എന്നിവയിലെ ചരിത്രമൂല്യമുള്ള ഗ്രന്ഥങ്ങൾ, വിദേശസഞ്ചാരികളുടെ കുറിപ്പുകൾ, ശാസനങ്ങൾ, ചെപ്പേടുകൾ, ഗ്രന്ഥവരികൾ എന്നിവ ലിഖിതങ്ങളിലും പുരാതനശവക്കല്ലറകൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ സ്മാരകങ്ങളിലും ഉൾപ്പെടുന്നു.


## Keywords

ചരിത്രം-സംസ്കാരചരിത്രം-കേരള ചരിത്രവിജ്ഞാനീയം-ശാസനം-മഹാശിലാവശിഷ്ടങ്ങൾ-ഉപാദാനസാമഗ്രികൾ—ഭൂപ്രത്യേകതകൾ


## Discussion

### 1.1.1 ചരിത്രം

'ചരിത്രം' എന്ന പദത്തിന്റെ അർഥം അന്വേഷണം, ഗവേഷണം, വിശദീകരണം, വിജ്ഞാനം എന്നെല്ലാമാണ്. 'ഹിസ്റ്ററി' എന്ന പദം ഗ്രീക്ക് ഭാഷയിൽനിന്നും ഉത്ഭവിച്ചതാണ്. 'അന്വേഷണം' എന്നാണിതിനർഥം. ഡയണീഷ്യസ് എന്ന ഗ്രീക്ക് പണ്ഡിതനാണ് ഉദാഹരണങ്ങളിലൂടെ പഠിപ്പിക്കുന്ന തത്വശാസ്ത്രമാണ് ചരിത്രം എന്ന ആശയം അവതരിപ്പിച്ചത്. മാനവരാശിയുടെ ജീവിതത്തിലെ ശ്രദ്ധേയമായ സംഭവങ്ങളുടെ ആകെത്തുകയാണ് ചരിത്രം. "ഒരിക്കലും മാറാത്ത ഭൂതകാലത്തെക്കുറിച്ചുള്ള പ്രസ്താവനയാണ് ചരിത്രം" എന്ന് അരിസ്റ്റോട്ടിൽ നിർവചിച്ചിരിക്കുന്നത് ചരിത്രത്തിന്റെ പ്രാമാണികതയെ

Remove Watermark Now

അംഗീകരിച്ചതുകൊണ്ടു തന്നെയാവണം. ലോകോത്ഭവത്തോളം പഴക്കം ചരിത്രത്തിനും അവകാശപ്പെടാം. കാരണം ഈ നിമിഷം കഴിഞ്ഞ കാര്യം, അടുത്തനിമിഷത്തിൽ ചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ഭൂമിയിൽ അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന ഏതൊരനുഭവവും ചരിത്രത്തിന്റെ ഭാഗമാണ്. എന്നാൽ ഇവയെല്ലാം തന്നെ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടണമെന്നില്ല. എന്തെങ്കിലും സവിശേഷതയുള്ള വസ്തുതകളാണ് പലപ്പോഴും ചരിത്രശ്രേണിയിൽ മുൻപന്തിയിൽ നിൽക്കുന്നത്. ഇങ്ങനെ രേഖപ്പെടുത്തുന്ന ചരിത്രത്തിൽ വളരെ കുറച്ചു മാത്രമാണ് വിശകലനം ചെയ്യപ്പെടുന്നത്. ഇങ്ങനെ നോക്കുമ്പോൾ നമ്മൾ രേഖപ്പെടുത്തുന്ന ചരിത്രത്തിന് ഒരുപാട് പരിമിതികളുള്ളതായി കാണാം. സ്ഥലകാലങ്ങളുടെ അപാരതയും, അവയെ മനസ്സിലാക്കാനുള്ള മനുഷ്യബുദ്ധിയുടെ പരിമിതിയും ചരിത്രത്തെ വേറിട്ടതാക്കുന്നു. ചരിത്രം എത്ര പരിമിതവും അപൂർണ്ണവുമാണെങ്കിലും കഴിഞ്ഞുപോയ കാലത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവും സാമൂഹികവുമായ അംശങ്ങൾ ഏറിയും കുറഞ്ഞും അവയിൽ കണ്ടെത്താൻ സാധിക്കുമെന്നതിൽ സംശയമില്ല.

▶ ഭൂതകാലത്തെക്കുറിച്ചുള്ള പ്രസ്താവന

## 1.1.2 സംസ്കാരം

'സംസ്കാരം' എന്ന വാക്കിന് ശുദ്ധീകരണം, ഗുണവിശേഷത്തെ പ്രാപിക്കുന്ന സ്ഥിതി, വിദ്യാഭ്യാസം കൊണ്ടും മറ്റും മനസ്സിനുണ്ടാകുന്ന പ്രഭാവം, പാകപ്പെടുത്തൽ, പൂർത്തിയാക്കൽ, അടക്കംചെയ്യൽ, വിശുദ്ധകർമ്മം എന്നിങ്ങനെയുള്ള അർഥങ്ങളാണ് ശബ്ദതാരാവലിയിൽ കൊടുത്തിരിക്കുന്നത്. കൾച്ചർ എന്ന ഇംഗ്ലീഷ് പദത്തിനു സമാനമായാണ് മലയാളത്തിൽ 'സംസ്കാരം' എന്ന പദം ഉപയോഗിക്കുന്നത്. റെയ്മണ്ട് വില്യംസ് അദ്ദേഹത്തിന്റെ 'Keywords' എന്ന ഗ്രന്ഥത്തിൽ 'കൾച്ചർ' എന്ന പദത്തിന്റെ ഉത്ഭവചരിത്രം വ്യക്തമാക്കുന്നുണ്ട്. 'കൾത്തുര' (Cultura) എന്ന ലാറ്റിൻ പദത്തിൽനിന്നുമാണ് കൾച്ചർ എന്ന ഇംഗ്ലീഷ് പദത്തിന്റെ നിഷ്പത്തി. സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിൽ മനുഷ്യരുടെ എല്ലാതരത്തിലുള്ള ചിന്താഗതികളുടെയും പ്രവൃത്തികളുടെയും ആകെത്തുകയായി സംസ്കാരം മാറുന്നു. സംസ്കരിക്കപ്പെട്ടതോ, രസകരമോ ആയതിനെയാണ് സംസ്കാരം എന്നു പറയുന്നത്. ജീവിതത്തിന്റെ സർവമേഖലകളെയും ഉൾക്കൊള്ളുന്ന പദമാണിത്. സംസ്കാരം എന്ന പദം നമ്മുടെ പൊതുബോധത്തിന്റെ ചരിത്രത്തിലൂടെ പല അർഥങ്ങളും ആർജിച്ചെടുത്തിട്ടുണ്ട്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം നല്ല സ്വഭാവവും പെരുമാറ്റവുമാണ് സംസ്കാരം. സംസ്കാരമുള്ളവർ, സംസ്കാരമില്ലാത്തവർ എന്ന അധികാരബോധമായി വ്യക്തിതലത്തിൽ അത് പ്രകടമാകുന്നുണ്ട്.

▶ ജീവിതത്തെ ഉൾക്കൊള്ളുന്ന പദം

ദേശകാലസ്ഥിതികൾക്ക് അനുസരണമായി സംസ്കാരത്തെ സംബന്ധിക്കുന്ന ധാരണകൾക്കും വിശ്വാസങ്ങൾക്കും വ്യത്യാസമുണ്ടാകും. സമൂഹവുമായി ബന്ധപ്പെട്ടു പ്രവർത്തനനിരതരായി കഴിയുന്ന മനുഷ്യർ അറിവ്, അനുഭവങ്ങൾ, പരസ്പരസമ്പർക്കം എന്നിവയിലൂടെ നേടിയെടുക്കുന്ന പരിപക്വമായ ജീവിതബോധമെന്ന് സാമാന്യമായി സംസ്കാരത്തെക്കുറിച്ച് പറയാം. മനുഷ്യവർഗത്തിന് പ്രത്യേകമായിട്ടുള്ള പെരുമാറ്റരീതിയെയും അതിന്റെ ഭാഗമായുപയോഗിക്കുന്ന ഭൗതികവസ്തുക്കളെയും 'സംസ്കാരം' എന്നും വിളിക്കാം. ജീവി

Remove Watermark Now

തരീതി, ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, ഭക്ഷണം, തൊഴിലുപകരണങ്ങൾ, ആശയവിനിമയോപാധികൾ, കല, സാഹിത്യം തുടങ്ങി എല്ലാത്തരത്തിലുമുള്ള ഘടകങ്ങളെയും ഉൾക്കൊള്ളുന്നതാണ് സംസ്കാരം. ഒരു വ്യക്തിക്ക് ജന്മനാ ലഭിക്കുന്നതല്ല സംസ്കാരം. അവരവരുടെ ചുറ്റുപാടുകളുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടുന്നതിലൂടെ ആർജിച്ചെടുക്കുന്ന ബോധമാണിത്. പഠനവും സമൂഹത്തോടുള്ള ഇണങ്ങിച്ചേരലുമാണ് മനുഷ്യരെ സംസ്കാരമുള്ളവരാകാൻ സഹായിക്കുന്നത്. സംസ്കാരത്തിന്റെ ഭാഗമായാണ് ഓരോ സമൂഹവും പെരുമാറേണ്ടത്. ആദർശാധിഷ്ഠിതമായ നിയമാവലികൾ രൂപീകരിക്കേണ്ടതിലും സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിലും സംസ്കാരം ഭാഗമാവുന്നുണ്ട്.

- ആചാരങ്ങളും വിശ്വാസങ്ങളും ജീവിതരീതിയും

## 1.1.3 ചരിത്രവും സാംസ്കാരചരിത്രവും: സങ്കല്പനങ്ങൾ

ചരിത്രവും സംസ്കാരവും പരസ്പരപൂരകമായി വർത്തിക്കുന്ന ഘടകങ്ങളാണ്. സംസ്കാരം ചരിത്രപരമായ ഒരു പ്രക്രിയകൂടിയാണ്. അതിന്റെ പഠനം വ്യക്തികളുടെയും സംഭവങ്ങളുടെയും പഠനമാക്കി ചുരുക്കാൻ സാധിക്കുന്നതല്ല. ഉപജീവനത്തിന്റെയും അതിജീവനത്തിന്റെയും തന്ത്രമായി സാംസ്കാരിക നിർമ്മിതികൾ മാറുമ്പോൾ അവ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ കാലഘട്ടത്തിലുമുള്ള സാമൂഹികജീവിതത്തിന്റെ പ്രതിഫലനവും, അതത് കാലത്തെ രാഷ്ട്രീയസ്ഥിതികളും ആചാരാനുഷ്ഠാനങ്ങളും ജീവിതരീതികളും സാമ്പത്തികസ്ഥിതിഗതികളുമെല്ലാം സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാവുന്നു. പ്രശസ്തരായ ചരിത്രപണ്ഡിതന്മാരിൽ പലരും സാമൂഹ്യശാസ്ത്രജ്ഞർ കൂടിയായിരുന്നു. ജോൺ മിൽട്ടൺ, തോമസ് ഹോബ്സ്, ഫർഗൂസൺ, ആഡം സ്മിത്ത് തുടങ്ങിയ മഹാന്മാരെല്ലാം ഇതിനുദാഹരണമാണ്. സർദാർ കെ.എം. പണിക്കർ. കെ.വി. കൃഷ്ണയ്യർ, ഇളംകുളം കുഞ്ഞൻപിള്ള, എ. ശ്രീധരമേനോൻ, ഡോ. എം. ജി. എസ്. നാരായണൻ, ഡോ. എം.ആർ. രാഘവവാര്യർ തുടങ്ങിയവരൊക്കെ നമ്മുടെ സാംസ്കാരിക ചരിത്രനിർമ്മിതിക്ക് ഗണ്യമായ സംഭാവനകളർപ്പിച്ചവരാണ്. കൊളോണിയൽ അധിനിവേശഫലമായി കേരളീയ ജീവിതത്തിന്റെ സകലമേഖലകളിലും മാറ്റം ദൃശ്യമായിരുന്നു. മതം, രാഷ്ട്രീയം, സമ്പദ്വ്യവസ്ഥ, ഭാഷ, കല, സാഹിത്യം ഇത്യാദി വിഷയങ്ങളിലെല്ലാം ഇത്തരമൊരു സാംസ്കാരിക പരിണാമം ദൃശ്യമാണ്. ഇവയെല്ലാം ചരിത്രത്തിന്റെ ഭാഗമായി മാറിയതോടൊപ്പം കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ അതിന്റേതായ സ്വാധീനം പ്രകടമാക്കുകകൂടി ചെയ്തു.

- ചരിത്രപരമായ പ്രക്രിയ

### 1.1.3.1 കേരളചരിത്രവിജ്ഞാനീയം: സാമാന്യാവലോകനം

കേരളചരിത്രരചനയ്ക്ക് ദീർഘകാലത്തെ ചരിത്രമൊന്നും അവകാശപ്പെടാനില്ല. ചരിത്രത്തെ രേഖപ്പെടുത്തിയിട്ടുള്ള വസ്തുക്കളോ കൃതികളോ ലഭ്യമായിരുന്നില്ല. മാത്രമല്ല, ആദ്യകാല ചരിത്രപുസ്തകങ്ങളിൽ കെട്ടുകഥകൾപോലും അടങ്ങിയിരുന്നു. കേരളോല്പത്തി എന്ന പുസ്തകം അത്തരത്തിലുള്ളതാണ്. സത്യസന്ധമാണെന്ന

Remove Watermark Now

രീതിയിൽ എഴുതപ്പെട്ട ചരിത്രം തന്നെ വസ്തുനിഷ്ഠമായിക്കൊള്ള ണമെന്നില്ല. അതതുകാലങ്ങളിൽ എഴുതപ്പെടുന്ന ചരിത്രത്തിൽ ആ കാലത്തിന്റെ പലവിധ താല്പര്യങ്ങൾ പ്രതിഫലിക്കും. അധികാര വർഗത്തിനുവേണ്ടിയായിരുന്നു അക്കാലത്തെ ചരിത്രം രചിച്ചിരുന്നത് എന്നതുകൊണ്ടു തന്നെ ആദ്യകാലചരിത്രരചനകളിൽ അത് വ്യക്ത മായി പ്രതിഫലിച്ചിരുന്നു. വില്യം ലോഗൻ, ഹെർമ്മൻ ഗുണ്ടർട്ട്, കെ. പി. പത്മനാഭമേനോൻ മുതലായവരുടെ ചരിത്രരചനാപരിശ്രമങ്ങൾ ആദ്യകാലകേരളചരിത്രത്തെ രൂപാന്തരപ്പെടുത്തുന്നതിന് വളരെയധി കം സഹായിച്ചു. ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന വില്യം ലോഗന്റെ മലബാർ മാന്വൽ (1887) മലബാറിന്റെ ചരിത്രവും ഭൂമിശാസ്ത്രവും വി ശദീകരിക്കുന്നു. ഗുണ്ടർട്ടിന്റെ കേരളപ്പഴമ ശ്രദ്ധേയമായ ഒരു കൃതി യാണ്. കെ. പി. പത്മനാഭമേനോന്റെ കൊച്ചിരാജ്യചരിത്രം (1912), ഇം ഗ്ലീഷിൽ നാലു വാല്യങ്ങളായി പുറത്തിറങ്ങിയ കേരളചരിത്രം (1924) എന്നിവയും ഏറെ ശ്രദ്ധനേടി. കെ.പി. ശങ്കുണ്ണിമേനോന്റെ 'തിരുവി താംകൂറിന്റെ ചരിത്ര'വും പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയുടെ 'കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ', 'കേരളചരിത്രത്തിലെ ഇരു ളടഞ്ഞ ഏടുകൾ' തുടങ്ങിയവ കേരളത്തിന്റെ ചരിത്രത്തിന് പുതിയ വഴിത്തിരിവായിരുന്നു. തുടർന്ന് എം. ജി. എസ്. നാരായണന്റെ 'കേര ളചരിത്രത്തിന്റെ അടിസ്ഥാനശിലകൾ', 'കേരളത്തിലെ പെരുമാൾക്ക ന്മാർ' എന്നിവയും സവിശേഷ പ്രാധാന്യം നേടിയ കൃതികളായിരു ന്നു.

- മഹത്തായ ചരിത്ര പാരമ്പര്യം

ഇന്ന് കേരളചരിത്രത്തെ സംബന്ധിച്ച് ഒട്ടനവധി പ്രാമാണിക ഗ്രന്ഥങ്ങൾ നിലവിലുണ്ട്. കേരളനവോത്ഥാനത്തെ വിഷയമാക്കി ക്കൊണ്ട് നിലവിൽ വന്നിട്ടുള്ള പുസ്തകങ്ങളും ധാരാളമുണ്ട്. പി. കെ. ബാലകൃഷ്ണന്റെ 'ജാതിവ്യവസ്ഥയും കേരളചരിത്രവും', കെ. ദാമോദരന്റെ 'കേരളചരിത്രം', ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെ 'കേ രളം മലയാളികളുടെ മാതൃഭൂമി', പി. ഗോവിന്ദപിള്ളയുടെ 'കേരളന വോത്ഥാനം', പി. കെ. ഗോപാലകൃഷ്ണന്റെ 'കേരളത്തിന്റെ സാംസ് കാരികചരിത്രം', എസ്. കെ. വസന്തന്റെ 'നമ്മൾ നടന്ന വഴികൾ', എ. ശ്രീധരമേനോന്റെ 'കേരളചരിത്രം', 'കേരളസംസ്കാരം' തുടങ്ങിയ കൃതികൾ ഈ രംഗത്തുള്ള സവിശേഷ നേട്ടങ്ങളാണ്. ഭരണവർഗത്തി ന്റേതു മാത്രമല്ല ചരിത്രമെന്നും അതാത് ജനങ്ങളുടേതുകൂടിയാണ് അതെന്നുമുള്ള ചിന്തയാണ് ചരിത്രരചനയിൽ പ്രതിഫലിക്കേണ്ടത് എന്ന ധാരണ പിൽക്കാലത്ത് വികസിപ്പിക്കപ്പെട്ടു. മുഖ്യധാരാചരിത്ര ത്തിൽനിന്നും കീഴാളചരിത്രത്തിലേക്കും സ്ത്രീചരിത്രത്തിലേക്കുമെ ല്ലാം ചരിത്രരചന വഴിമാറുന്നത് അങ്ങനെയാണ്. ആധുനികകാലം ബദൽചരിത്രങ്ങളുടെ കാലമാണ് എന്നുപറയാം. ചരിത്രത്തിൽ എവി ടെയും സ്ത്രീകളുടെ ചരിത്രം തമസ്കരിക്കപ്പെടുന്നതുപോലെതന്നെ ചരിത്രരചനയിലും സ്ത്രീയ്ക്ക് പ്രാതിനിധ്യമില്ല എന്നതാണ് സത്യം. ഇന്ത്യാചരിത്രരചനയിൽ റൊമില ഥാപ്പറുടെ പേര് പ്രതിഷ്ഠിതമായി ട്ടുണ്ട്. എന്നാൽ കേരളചരിത്രരചനയെ സംബന്ധിച്ച് ചരിത്രം ഇന്നും എല്ലാ അർഥത്തിലും പുരുഷകേന്ദ്രിതമായിത്തന്നെ തുടരുന്നു. താര തമ്യേന കുറവാണെങ്കിലും ഇന്ന് സ്ത്രീമുന്നേറ്റചരിത്രങ്ങൾ രചിക്ക പ്പെടാൻ തുടങ്ങിയിട്ടുണ്ട് എന്നത് ആശാവഹമാണ്.

- ചരിത്രരചനയിൽ സ്ത്രീസാന്നിധ്യം ഉണ്ടായിരുന്നില്ല

Remove Watermark Now

## 1.1.3.2 കേരളചരിത്രപഠനത്തിന്റെ ഉപാദാന സാമഗ്രികൾ

കേരളചരിത്രരചനയ്ക്കുള്ള ഉപാദാനസാമഗ്രികൾ ലിഖിതങ്ങൾ, പുരാവസ്തുക്കൾ എന്നിങ്ങനെ രണ്ടായി തിരിക്കാം. സംസ്കൃതം, തമിഴ്, മലയാളം എന്നീ ഭാഷകളിലെ ചരിത്ര പ്രാധാന്യമുള്ള സാഹിത്യഗ്രന്ഥങ്ങൾ, വിദേശസഞ്ചാരികളുടെ കുറിപ്പുകൾ, ശാസനങ്ങൾ, ചെപ്പേടുകൾ, ഗ്രന്ഥവരികൾ എന്നിവയാണ് ലിഖിതങ്ങളിൽ ഉൾപ്പെടുന്നത്. പുരാതന ശവക്കല്ലറകൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ സ്മാരകങ്ങളിലും ഉൾപ്പെടുന്നു. പുരാണേതിഹാസങ്ങളായ മഹാഭാരതത്തിലും രാമായണത്തിലും കേരളത്തെക്കുറിച്ച് പരാമർശമുണ്ട്. എ. ഡി. 16-ാം നൂറ്റാണ്ടിൽ പൊന്നാനിയിൽ ജീവിച്ചിരുന്ന അറബിഭാഷാപണ്ഡിതനായ ഷേഖ് സൈനുദീൻ രചിച്ച 'തുഹ്ഫത്തുൽ മുജാഹിദീ'നാണ് ഒരു കേരളീയൻ എഴുതിയ ആദ്യത്തെ ഗ്രന്ഥം. കേരളീയചരിത്രം പ്രതിപാദിക്കുന്ന ഒരു ആഭ്യന്തരകൃതി കേരളോല്പത്തിയാണ്. കെട്ടുകഥകളും, ഐതിഹ്യങ്ങളും കൊണ്ടുനിറഞ്ഞ ഈ ഗ്രന്ഥം കേരളചരിത്രനിർമിതിക്ക് വളരെ കുറച്ച് മാത്രമേ ഉപകരിച്ചിട്ടുള്ളൂ.

> ▶ ചരിത്രപഠനത്തിന്റെ ഉപാദാനസാമഗ്രികൾ

## 1.1.4 ലിഖിതങ്ങൾ

### 1.1.4.1 സംസ്കൃതസാഹിത്യം

കേരളത്തെ സംബന്ധിച്ച ഏറ്റവും പഴയ പരാമർശം 'ഐതരേയ ആരണ്യക'ത്തിലാണ് കാണപ്പെടുന്നത്. ഇതിലെ ചേരശബ്ദം കേരളത്തെയാണ് സൂചിപ്പിക്കുന്നതെന്ന് ചരിത്രകാരൻമാർ അവകാശപ്പെടുന്നു. കേരളത്തെക്കുറിച്ച് ഏറ്റവും വിശ്വസ്തമായ പരാമർശം വാല്മീകി രാമായണത്തിലാണുള്ളത്. കേരളത്തിലെ തുറമുഖമായ മുസിരിസ്സിനെ വാല്മീകി രാമായണത്തിൽ 'മുരിചിപത്തനം' എന്ന പേരിൽ പരാമർശിക്കുന്നുണ്ട്. മഹാഭാരതത്തിലും കേരളം പരാമർശവിധേയമാകുന്നുണ്ട്. പാണിനിമഹർഷിയുടെ അഷ്ടാധ്യായിയിൽ കേരളത്തെപ്പറ്റി ഒന്നും തന്നെ പരാമർശിച്ചിട്ടില്ല. അഷ്ടാധ്യായിക്ക് മഹാഭാഷ്യം ചമച്ച പതഞ്ജലിക്കും 'വാർത്തികം' എഴുതിയ കാർത്ത്യായനനും കേരളത്തെപ്പറ്റി അറിയാമായിരുന്നു. ഇന്നത്തെ പെരിയാറായ കേരളത്തിലെ ചൂർണിനദിയെപ്പറ്റി കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പരാമർശമുണ്ട്. ക്രിസ്തുവർഷത്തിനുമുൻപുള്ള കൃതികളെക്കുറിച്ചാണ് മുകളിൽ പരാമർശിക്കപ്പെട്ടത്. ക്രിസ്തുവർഷാരംഭം മുതൽ കേരളത്തിന്റെ ചരിത്രം പരാമർശിക്കുന്ന ധാരാളം ഗ്രന്ഥങ്ങളുണ്ടായിട്ടുണ്ട്. എ. ഡി. 4-ാം നൂറ്റാണ്ടിൽ വിരചിതമായ കാളിദാസന്റെ രഘുവംശത്തിൽ കേരളത്തിലെ പുരാതന തുറമുഖമായ മുസിരിസ്സിനെയാകണം 'മുരചി' എന്ന പേരിൽ പരാമർശിച്ചിട്ടുള്ളത്. മുകളിൽ പ്രസ്താവിച്ച സംസ്കൃതഗ്രന്ഥങ്ങളെല്ലാം തന്നെ കേരളത്തിന് പുറത്ത് വിരചിതമായവയാണ്. കേരളത്തിലുണ്ടായ സംസ്കൃതകാവ്യങ്ങളിൽ നിന്നും കുറച്ചുകൂടി മികവുറ്റ ചിത്രങ്ങൾ നമുക്ക് കാണാൻ കഴിയും. 9-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട തപതീസംവരണം, സുഭദ്രാധനഞ്ജയം എന്നീ നാടകങ്ങളിൽ കുലശേഖരൻമാരുടെ ആസ്ഥാനം മഹോദയപുരത്തായിരുന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്. ഈ നാടകങ്ങളുടെ കർത്താവായ കുലശേഖരവർമ ഒരു ചേരരാജാവാകാൻ സാധ്യ

> ▶ പ്രാചീന കൃതികളിൽ തന്നെ പരാമർശം

Remove Watermark Now

തയുണ്ട്.

കേരളചരിത്ര രചനയ്ക്ക് സഹായകമായ ചില വിവരങ്ങൾ നമുക്ക് ലഭിച്ചത് ആദിശങ്കരാചാര്യരുടെ ശിവാനന്ദലഹരിയിൽ നിന്നാണ്. ഈ കൃതിയിലെ 70-ാം ശ്ലോകത്തിൽ ഒരു രാജശേഖരനെപ്പറ്റി സൂചനയുണ്ട്. വാഴപ്പള്ളിച്ചെപ്പേടിലും, തിരുവല്ലച്ചെപ്പേടിലും പരാമർശിച്ചിട്ടുള്ള രാജശേഖരനാണിത്. കുലശേഖരചക്രവർത്തിമാരിൽ ഒരാളായിരുന്നു ഇദ്ദേഹം. സ്ഥാണുരവി കുലശേഖരപെരുമാളുടെ കാലം നിർണയിക്കാൻ ഏറ്റവും സഹായകമായ കൃതിയാണ് ശങ്കരനാരായണന്റെ 'ലഘുഭാസ്ക്കരീയം.' സ്ഥാണുരവിയുടെ 25-ാം ഭരണവർഷത്തിലാണ് ലഘുഭാസ്ക്കരീയം രചിച്ചത്. സ്ഥാണുരവിയെപ്പറ്റി സൂചിപ്പിക്കുന്ന മറ്റൊരു കൃതിയാണ് വാസുദേവഭട്ടതിരിയുടെ 'യുധിഷ്ഠിരവിജയം.' കോലത്തുനാടിന്റെ ചരിത്രം വിവരിക്കുന്ന അതുലന്റെ 'മൂഷകവംശം' മഹാകാവ്യം കേരളചരിത്രം പരാമർശിക്കപ്പെട്ടിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സംസ്കൃതഗ്രന്ഥമാണ്. അതുലൻ, കോലത്തിരിയായ ശ്രീകണ്ഠന്റെ സദസ്യനായിരുന്നു. ഈ ഗ്രന്ഥത്തിൽ നിന്ന് ശ്രീമൂലവാസം ബുദ്ധവിഹാരത്തെപ്പറ്റി ആധികാരികമായ ചില വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ ഗ്രന്ഥത്തിൽ കോലത്തുനാടിന്റെ ചരിത്രവും കുലോത്തുംഗചോളന്റെ കേരള ആക്രമണവും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മൂഷകവംശത്തിന്റെ നിർമ്മാണകാലത്തുതന്നെ ശ്രീമൂലവാസം കടലെടുത്തുകൊണ്ടിരിക്കുകയാണെന്നും ഈ ഗ്രന്ഥത്തിലെ സൂചനകളിൽ നിന്നു മനസ്സിലാക്കാം. എ. ഡി. 1168 -ൽ രചിച്ച 'സ്യാനന്ദൂര പുരാണസമുച്ചയം' തിരുവനന്തപുരത്തിന്റെ ഒരു നല്ല ചിത്രം കാട്ടിത്തരുന്നുണ്ട്. വേണാട്ടുരാജാക്കൻമാർ അക്കാലത്ത് മക്കത്തായമാണ് പിന്തുടർന്നിരുന്നതെന്നും ഇതിൽ പരാമർശിച്ചിട്ടുണ്ട്. സംഗ്രാമധീരരവിവർമ കുലശേഖരന്റെ 'പ്രദ്യുമ്നാഭ്യുദയം' നാടകം ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവത്തിനുവേണ്ടി രചിച്ചതാണ്. ലക്ഷ്മിദാസന്റെ 'ശുകസന്ദേശം' എടുത്തുപറയേണ്ട മറ്റൊരു കാവ്യമാണ്. ഈ കൃതിയിലെ സന്ദേശഹരൻ രാമേശ്വരം മുതൽ തൃക്കണ്ണാമതിലകം വരെ യാത്രചെയ്യുന്നുണ്ട്. സന്ദേശഹരൻ കടന്നുപോയ സ്ഥലങ്ങളെപ്പറ്റി വർണ്ണിച്ചിട്ടുള്ളതിന്റെ കൂട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, തിരുവല്ല, കടുത്തുരുത്തി, തൃക്കരിയൂർ, തൃക്കണ്ണാമതിലകം, മഹോദയപുരം എന്നീ സ്ഥലങ്ങളെപ്പറ്റിയുള്ള സൂചനകൾ കേരളചരിത്രനിർമ്മിതിക്ക് വളരെയധികം പ്രയോജനകരങ്ങളാണ്.

▶ സാമൂഹിക സ്ഥിതിയും ഭൂപ്രകൃതിയും

14-ാം നൂറ്റാണ്ടിൽ വിരചിതമായ 'ലീലാതിലകം' ചരിത്രമൂല്യമുള്ള ചില പദ്യങ്ങളാൽ സമ്പന്നമാണ്. രവിവർമ, കോതമാർത്താണ്ഡൻ എന്നീ വേണാട് രാജാക്കൻമാരെപ്പറ്റി പരാമർശിക്കുന്ന ശ്ലോകങ്ങൾ ഉദാഹരണം. രവിവർമ വിക്രമപാണ്ഡ്യനെ തോൽപ്പിച്ചതാണ് 'ദ്രോണായധ്രുവതം ധനഃഞ്ജയം' എന്നു തുടങ്ങുന്ന ഒരു ശ്ലോകത്തിലെ പരാമർശം. കോഴിക്കോട് സാമൂതിരിയായ മാനവിക്രമന്റെ സദസ്യനായിരുന്നു ഉദ്ദണ്ഡശാസ്ത്രികൾ. അദ്ദേഹമെഴുതിയ 'കോകിലസന്ദേശ'ത്തിൽ തിരുനെല്ലി, തൃച്ചംബരം, തിരുനാവായ എന്നീ സ്ഥലങ്ങളെപ്പറ്റിയും മാമാങ്കത്തെപ്പറ്റിയും സൂചനയുണ്ട്. മേൽപ്പത്തൂർ നാരായണഭട്ടതിരി കുറേക്കാലം അമ്പലപ്പുഴ ദേവനാരായണന്റെ സദസ്യനായിരുന്നു, അക്കാലത്ത് അദ്ദേഹം എഴുതിയ

Remove Watermark Now

‘പ്രക്രിയാസർവ്വസ്വ’ത്തിന്റെ ഉപോദ്ഘാതത്തിൽ ദേവനാരായണനെ പ്രകീർത്തിച്ചിട്ടുണ്ട്. വീരമാർത്താണ്ഡവർമ്മയുടെ സദസ്സിലെ ഒരു കവിയായിരുന്നു ദേവരാജൻ. ഇദ്ദേഹത്തിന്റെ ‘ബാലമാർത്താണ്ഡവിജയം’ നാടകത്തിലും രാമപാണിവാദന്റെ ‘സീതാരാഘവം’ നാടകത്തിലും മാർത്താണ്ഡവർമ എ. ഡി. 1750-ൽ നിർവഹിച്ച ‘തൃപ്പടിദാന’ത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. തിരുവനന്തപുരം പട്ടണത്തിന്റെ മനോഹരമായവർണ്ണന ഈ കൃതിയിലുണ്ട്. ശ്രീധർമ്മരാജാവിന്റെ കാലത്ത് രചിക്കപ്പെട്ട ‘ചാതകസന്ദേശം’ അക്കാലത്ത് തിരുവിതാംകൂറിന്റെ തലസ്ഥാനം പദ്മനാഭപുരമായിരുന്നുവെന്ന് തെളിയിക്കുന്നു. മുകളിൽ പ്രസ്താവിച്ച സംസ്കൃതകൃതികളിൽ ചരിത്രത്തെ ആധാരമാക്കി രചിച്ച ഒരു കൃതിയേയുള്ളു. അതുലന്റെ ‘മൂഷകവംശം’ മഹാകാവ്യം.

▶ രാജ്യസദസ്യരുടെ വിവരങ്ങൾ

## 1.1.4.2 തമിഴ്കൃതികൾ

പഴയ തമിഴ്കൃതികളിൽ നിന്നും പ്രാചീനകേരളത്തെ സംബന്ധിക്കുന്ന നിരവധി സൂചനകൾ ലഭിക്കുന്നുണ്ട്. ബി. സി. 4-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്നു കരുതുന്ന തമിഴ് വ്യാകരണഗ്രന്ഥമായ ‘തൊൽക്കാപ്പിയ’ത്തിൽ കേരളപരാമർശമുണ്ട്. ക്രിസ്തുവർഷം ആദ്യശതകത്തിൽ തമിഴകത്തിൽ നിലനിന്നിരുന്ന സാഹിത്യവിഭാഗമായ ‘സംഘസാഹിത്യം’ കേരളചരിത്രനിർമ്മിതിയ്ക്ക് വിലപ്പെട്ട വസ്തുതകളാണ് പ്രദാനം ചെയ്തത്. അകനാനൂറ്, പുറനാനൂറ്, ചിലപ്പതികാരം, പതിറ്റുപ്പത്ത് തുടങ്ങിയ കാവ്യങ്ങളിലെല്ലാം കേരളീയപാരമ്പര്യത്തിന്റെ അടിവേരുകൾ നമുക്ക് ദർശിക്കാനാകും. പതിറ്റുപ്പത്തിലെ ഓരോ പത്തും ഓരോ ചേരരാജാവിനെ പ്രകീർത്തിച്ചുകൊണ്ടുള്ളതാണ്. ആദ്യത്തെ പത്തും അവസാനത്തെ പത്തും ലഭിച്ചിട്ടില്ല. ആദിചേരരാജാക്കന്മാരായ ഇമയവരമ്പൻ ചേരലാതൻ, ഉദിയൻ ചേരലാതൻ, കടൽപുറകോട്ടിയ ചെങ്കുട്ടവൻ തുടങ്ങിയവരെപ്പറ്റിയുള്ള വിവരങ്ങൾ പതിറ്റുപ്പത്തിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. ഇരുമ്പൊറൈ, പെരുങ്കടുങ്കോ, ഇളങ്കടുങ്കോ എന്നിവരെപ്പറ്റിയുള്ള സൂചനകൾ തമിഴ്നാട്ടിലെ പുകളൂരിൽ നിന്ന് ലഭിച്ച ഒരു ശാസനത്തിലുണ്ട്. അതിൽനിന്നും പതിറ്റുപ്പത്തിൽ പരാമർശിച്ചിട്ടുള്ള ചേരരാജാക്കന്മാരെല്ലാം യഥാർഥത്തിൽ ഭരണാധികാരികളായിരുന്നുവെന്നു മനസ്സിലാക്കാം. കേരളത്തിലുണ്ടായ കൃതിയാണ് തമിഴിലെ പഞ്ചമഹാകാവ്യങ്ങളിലൊന്നായ ‘ചിലപ്പതികാരം’. ചിലപ്പതികാരത്തിലെ ഇതിവൃത്തം ചേരം, ചോളം, പാണ്ഡ്യം എന്നീ മൂന്നു രാജ്യങ്ങളിലായിട്ടാണ് നടക്കുന്നത്. ചേരരാജധാനിയായ വഞ്ചിയിൽ ചേരൻ ചെങ്കുട്ടുവൻ പത്തിനിപടവുകളെ പ്രതിഷ്ഠിച്ചതായി ചിലപ്പതികാരത്തിൽ പരാമർശമുണ്ട്. പെരുമാൾ തിരുമൊഴിയുടെ കർത്താവായ കുലശേഖര ആഴ്വാർ ഒരു ചേരരാജാവായിരുന്നു. നമ്മാഴ്വാരുടെ ‘തിരുവായ്മൊഴി’യിൽ ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിന്റെ മനോഹരമായ ഒരു വർണ്ണനയുണ്ട്. ചേരമാൻ പെരുമാൾ നായനാരുടെ ജീവിതകഥ പരാമർശിക്കുന്ന ചേക്കിഴാരുടെ ‘പെരിയപുരാണ’വും കേരളചരിത്രനിർമ്മിതിക്ക് സഹായകമാണ്.

▶ സംഘം കൃതികൾ

## 1.1.4.3 മലയാളകൃതികൾ

പ്രാചീനമലയാളകൃതികളിലും പൂർവകാല കേരളചരിത്രത്തിന്റെ നിർണ്ണായക വിവരങ്ങൾ കാണാൻ സാധിക്കും. ആദ്യകാല ചമ്പുക്ക

Remove Watermark Now

ളായ ഉണ്ണിയച്ചീചരിതത്തിലും, ഉണ്ണിച്ചിരുതേവിചരിതത്തിലും കേരളത്തിന്റെ ചരിത്രനിർമ്മിതിക്ക് സഹായകമായ ചില വിവരങ്ങളുണ്ട്. തിരുനെല്ലി, കൊടുങ്ങല്ലൂർ എന്നീ നാടുകളെപ്പറ്റിയും വേണാട്ടടികൾ, കോലത്തിരി എന്നീ രാജാക്കന്മാരെപ്പറ്റിയും ഉണ്ണിയച്ചീചരിതത്തിൽ പരാമർശമുണ്ട്. 13-ാം നൂറ്റാണ്ടിലെ ബ്രാഹ്മണസമൂഹത്തിന്റെ ഭരണരീതിയുടെ ചിത്രം ഉണ്ണിയച്ചീചരിതത്തിൽ നിന്നും ലഭ്യമാകും. പന്നിയൂർ, ചോകിരം ഗ്രാമക്കാരുടെ കൂറ് മത്സരം ഈ കൃതിയിൽ നിഴലിക്കുന്നു. 13-ാം ശതകത്തിൽ വിരചിതമായ 'അനന്തപുരവർണ്ണനം' തിരുവനന്തപുരം നഗരത്തിന്റെ ചിത്രം ഉൾകൊള്ളുന്നു. പുരാതന കേരളത്തിന്റെ വ്യക്തമായ ചിത്രം നൽകുന്ന ഒരു കൃതിയാണ് 'ഉണ്ണുനീലിസന്ദേശം'. വേണാടിന്റെ തെക്കൻഭാഗങ്ങളിൽ ഉണ്ടായ തുലുക്കൻപടയുടെ ആക്രമണം, കൊല്ലം പട്ടണത്തിന്റെ അന്നത്തെ സ്ഥിതിവിവരങ്ങൾ, ഓടനാട് രാജാക്കൻമാരുടെ സാമന്തപദവി തുടങ്ങി വേണാടിന്റെ ചരിത്രരചനയ്ക്ക് സഹായകമായ നിരവധി വസ്തുതകൾ ഉണ്ണുനീലിസന്ദേശത്തിൽ നിന്ന് മനസ്സിലാക്കാം. ദാമോദരചാക്യാരുടെ 'ഉണ്ണിയാടിചരിത'വും ശ്രദ്ധേയമായ ഒരു ഗ്രന്ഥമാണ്. 14-ാം നൂറ്റാണ്ടിലെ കോഴിക്കോടും, മഹോദയപുരവും, കൊല്ലവും, കണ്ടിയൂരും എങ്ങനെയായിരുന്നുവെന്ന് അറിയാൻ ഈ കൃതികൾ പരിശോധിച്ചാൽ മതിയാവും. കേരളചരിത്രനിർമ്മിതിക്ക് സഹായിക്കുന്ന മറ്റൊരു സന്ദേശകൃതിയാണ് 'കോകസന്ദേശം'. സന്ദേശഹരനായ കോകം വഞ്ചി കടന്നാണ് തിരുവഞ്ചിക്കുളത്തെത്തുന്നത്. ചേരരാജാക്കൻമാരുടെ തലസ്ഥാനമായ വഞ്ചി കണ്ടെത്തുവാൻ ഈ പരാമർശം സഹായിക്കുന്നു. പൂർണ്ണമായി കണ്ടുകിട്ടിയിട്ടില്ലെങ്കിലും ചരിത്രപ്രാധാന്യമുള്ള കൃതിയാണ് 'പയ്യന്നൂർപാട്ട്'. 16-ാം നൂറ്റാണ്ടിലെ ചാത്തിരസംഘങ്ങൾ, നമ്പൂതിരിസംഘങ്ങൾ, വർത്തകസംഘങ്ങൾ തുടങ്ങി നിരവധി അറിവുകൾ നൽകാൻ ഉപകരിക്കുന്ന കൃതിയാണ് 'ചന്ദ്രോത്സവം'. കൊച്ചിയുടെ ഏതാനും ചരിത്രം 'രാജരത്നാവലീയം' ചമ്പുവിൽ പരാമർശിച്ചിട്ടുണ്ട്. 1694-ൽ നടന്ന മാമാങ്കത്തിന്റെ വിവരണമാണ് കാടഞ്ചേരി നമ്പൂതിരിയുടെ മാമാങ്കം കിളിപ്പാട്ട്. വടക്കൻപാട്ടുകളും, തെക്കൻപാട്ടുകളും കേരളചരിത്രരചനയിൽ പ്രാധാന്യം അർഹിക്കുന്നവയാണ്. ഗുണ്ടർട്ട് എഴുതിയ 'കേരളപഴമ' 1498 മുതൽ 1550 വരെയുള്ള കേരളചരിത്രമാണ്. രാമപുരത്തുവാര്യർ, കുഞ്ചൻനമ്പ്യാർ തുടങ്ങിയവർ അവരുടെ കാലത്തെ രാജാക്കൻമാരെപ്പറ്റിയും, നഗരങ്ങളെപ്പറ്റിയും പ്രതിപാദിച്ചിട്ടുള്ള കൃതികൾ ചരിത്രരചനയിൽ ഒഴിച്ചുകൂടാൻ കഴിയാത്തതാണ്.

- മലയാള കൃതികളിലെ ചരിത്ര സൂചനകൾ

## 1.1.4.4 വിദേശസാഹിത്യം

റോമൻസഞ്ചാരികൾ, അറബിസഞ്ചാരികൾ, ചൈനീസ്സഞ്ചാരികൾ, യൂറോപ്യൻസഞ്ചാരികൾ, പുരോഹിതന്മാർ, സ്ഥാനപതികൾ എന്നിവർ എഴുതിയിട്ടുള്ള വിവരണങ്ങളാണ് ഈ വിഭാഗത്തിൽ വരുന്നത്. എ. ഡി 1-ാം നൂറ്റാണ്ടുമുതലുള്ള കേരളചരിത്രത്തിന്റെ ചില ഏടുകൾ സ്ട്രോബോ, പ്ലിനി, ടോളമി എന്നിവരുടെ ഗ്രന്ഥങ്ങളിൽനിന്നും ലഭിക്കുന്നതാണ്. സ്ട്രോബോയുടെ 'ജ്യോഗ്രഫി' (എ.ഡി. 21) യിൽ റോമാസാമ്രാജ്യത്തിന്റെ പൗരസ്ത്യവ്യാപാരത്തെ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അക്കാലത്തെ പൗരസ്ത്യവ്യാപാരത്തിന്റെ പ്രധാന ആസ്ഥാനം കേരളക്കരയായിരുന്നു. എ.ഡി. 77-ൽ എഴുതിയ പ്ലിനി

Remove Watermark Now

യുടെ 'നാചുറൽ ഹിസ്റ്ററി' കേരളക്കരയിലെ മുസിരിസ്സ് തുറമുഖം പൗരസ്ത്യവ്യാപാരത്തിന്റെ സിരാകേന്ദ്രമായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്ലിനി പരാമർശിച്ചിട്ടുള്ള മറ്റൊരു തുറമുഖം പുറക്കാടാണ്. കേരളത്തിന്റെ പ്രധാന കയറ്റുമതി ഇനം കുരുമുളകായിരുന്നു. ഒന്നാം നൂറ്റാണ്ടിലെ കേരളത്തിലെ ഇറക്കുമതി-കയറ്റുമതിയെപ്പറ്റി കുറച്ചുകൂടി വിപുലമായ വിവരണം എ.ഡി. 90-ലെ 'പെരിപ്ലെസ് ഓഫ് ദി ഏരിത്രിയൻ സി' എന്ന ഗ്രന്ഥത്തിലുണ്ട്. കൂടാതെ കേരളതീരത്തുള്ള പ്രധാന തുറമുഖങ്ങളുടെ വിവരണങ്ങളും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. കേരളരാജാവിനെ 'കേരോബത്രോസ്'എന്നും രാജ്യത്തെ 'ലിമുരികേ' എന്നുമാണ് പെരിപ്ലസ്സുകാരൻ വിളിക്കുന്നത്. കേരളത്തിലെ വ്യാപാരകേന്ദ്രങ്ങളുടെ വിസ്തരിച്ചുള്ള പട്ടികയാണ് ടോളമിയുടെ ജ്യോഗ്രഫി (എ. ഡി. 125) യിൽ നല്കിയിരിക്കുന്നത്. വലിയ പട്ടണം, മാന്റഗോറ, തിണ്ടിസ്, മുസിരിസ്, കൊട്ടിയാറ, കൊമരിയ എന്നീ തുറമുഖങ്ങൾ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. എ.ഡി. 2-ാം ശതകത്തിൽ യവനന്മാർക്ക് കൊടുങ്ങല്ലൂരിൽ ഒരു കോളനിയും അവിടെ റോമാചക്രവർത്തിയായ അഗസ്റ്റസിന് ഒരു ക്ഷേത്രവും ഉണ്ടായിരുന്നതായി 'പ്യൂട്ടിൻഗേറിയൻടേബിൾസി'ൽ (എ. ഡി. 255) നിന്നും മനസ്സിലാക്കാം. കോസ്മോസ് ഇന്റിക്കോ പ്ലൂസ്തസ് എന്ന സഞ്ചാരി (എ. ഡി. 525)ൽ കേരളക്കരയിൽ സഞ്ചരിച്ചതായി രേഖകളുണ്ട്. പർത്തി, മംഗാരുത്ത, ഡാലോപട്ടണം, പുതുപ്പട്ടണം എന്നീ കേന്ദ്രങ്ങളിൽ നിന്നും കുരുമുളക് കയറ്റി അയച്ചതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

> ▶ വ്യാപാരത്തെക്കുറിച്ച് വ്യക്തമായ ചിത്രം

## 1.1.4.5 അറബിസഞ്ചാരികൾ

എ.ഡി. 9-ാം നൂറ്റാണ്ടുമുതൽ 15-ാം നൂറ്റാണ്ടുവരെ നിരവധി അറബിസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. സുലൈമാൻ (എ.ഡി. 851), ഇബ്ൻ ഖുർദാദ്ബി (എ.ഡി. 848), അബുസൈദ് (915), മസൂദി (955), അൽബിറൂനി (1048), അബ്ദുൽ റസാക്ക് (1442), എന്നിവരാണ് കേരളത്തെപ്പറ്റി വിവരങ്ങൾ തയ്യാറാക്കിയിട്ടുള്ള പ്രമുഖ അറബിസഞ്ചാരികൾ. ഇവരിൽ മസൂദി മാത്രമേ യഥാർഥത്തിൽ കേരളം സന്ദർശിച്ചിട്ടുള്ളൂ. പറഞ്ഞുകേട്ടുള്ള അറിവുകൾ വച്ചുകൊണ്ടാണ് മറ്റുള്ളവരെല്ലാം വിവരണങ്ങളെഴുതിയത്. പേർഷ്യയിൽ നിന്നും മടങ്ങുന്ന കപ്പലുകൾ കൊല്ലത്തു മാത്രമേ അടുത്തിരുന്നുള്ളുവെന്നും വലിയപ്പട്ടണത്തുനിന്നും സിലോണിലേക്ക് അരി കയറ്റിയയച്ചിരുന്നുവെന്നും ഇവരുടെ വിവരണങ്ങളിൽ പറഞ്ഞിട്ടുണ്ട്. കേരളം ഏറ്റവും കൂടുതൽ സന്ദർശിച്ചത് ഇബ്ൻ ബത്തൂത്ത എന്ന സഞ്ചാരിയാണ്. ഇദ്ദേഹം ആറു പ്രാവശ്യം കോഴിക്കോട് സന്ദർശിച്ചു. കോഴിക്കോട്ടുനിന്നും ചൈനയിലേക്കു പോകാൻ കപ്പൽ ഏർപ്പാടു ചെയ്തിരുന്ന ഇബ്ൻ ബത്തൂത്തയ്ക്ക് സമയത്തിനെത്താൻ കഴിഞ്ഞില്ല. കോഴിക്കോട് വിട്ടാൽ ചൈനീസ് കപ്പലുകൾ കൊല്ലത്ത് അടുക്കുമായിരുന്നു. അതുകൊണ്ട് തോണിമാർഗം ഇബ്ൻ ബത്തൂത്ത ഉൾനാടൻ ജലാശയങ്ങൾവഴി കൊല്ലത്തെത്തുകയും അവിടെ നിന്നും ചൈനയിലേക്ക് യാത്രതിരിച്ചതായും പറയുന്നു. 14-ാം നൂറ്റാണ്ടിലെ കൊല്ലത്തിന്റെ സ്ഥിതി ബത്തൂത്തയുടെ ഗ്രന്ഥത്തിൽനിന്നും മനസ്സിലാക്കാൻ കഴിയും. കേരളത്തിലെ ഏറ്റവും നല്ല നഗരമായി അദ്ദേഹം കൊല്ലത്തെ വാഴ്ത്തിയിട്ടുണ്ട്.

> ▶ അറബ് രാജ്യങ്ങളുമായുള്ളബന്ധം

Remove Watermark Now

### 1.1.4.6 ചൈനീസ് വിവരണങ്ങൾ

▶ ചൈനീസ് യാത്രികർ

വാങ്തായുവാൻ എന്ന ചീനക്കച്ചവടക്കാരൻ എഴുതിയ 'അപരിഷ്കൃതരുടെ ദ്വീപുകൾ' എന്ന ഗ്രന്ഥത്തിൽ ഏഴിമല, കോഴിക്കോട്, കായംകുളം എന്നീ സ്ഥലങ്ങളെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. 15-ാം നൂറ്റാണ്ടിൽ മാഹ്വാൻ എന്ന സഞ്ചാരി കേരളം സന്ദർശിച്ചിരുന്നു. ഇദ്ദേഹത്തിന്റെ വിവരണങ്ങളിൽ നിന്നും കൊച്ചിയുടെയും കോഴിക്കോടിന്റെയും അന്നത്തെ സ്ഥിതി മനസ്സിലാക്കാവുന്നതാണ്. എ.ഡി. 6-ാം നൂറ്റാണ്ടിലെ താങ്വംശത്തിന്റെ രേഖകളിൽ കൊല്ലം നഗരത്തെപ്പറ്റി അതിശയോക്തിപരങ്ങളായ പല വസ്തുതകളും രേഖപ്പെടുത്തിയിട്ടുണ്ട്.

### 1.1.4.7 യൂറോപ്യൻ സഞ്ചാരികൾ

▶ യൂറോപ്യൻമാരുടെ വിവരണങ്ങൾ

കേരളത്തിന്റെ മധ്യകാല ചരിത്രരചനയ്ക്കുപകരിക്കുന്നവയാണ് യൂറോപ്യൻ സഞ്ചാരികളുടെ വിവരണങ്ങൾ. സ്പെയിനിലെ റാബി ബഞ്ചമിൻ എ.ഡി 1159നും 1173നും ഇടയിൽ പൗരസ്ത്യരാജ്യങ്ങൾ സന്ദർശിച്ച് തയ്യാറാക്കിയ ഗ്രന്ഥത്തിൽ കേരളത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. വെനീസിലെ മാർക്കോപോളോ 13-ാം ശതകത്തിന്റെ ഉത്തരാർധത്തിൽ കേരളം സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ഏഴിമലയെക്കുറിച്ച് വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. സന്ദർശിച്ച സ്ഥലങ്ങളുടെ കൂട്ടത്തിൽ കൊല്ലം പ്രധാന നഗരമാണ്. ബൈജിംഗിലെ (ചൈന) ആദ്യത്തെ ആർച്ചു ബിഷപ്പായിരുന്ന ജോൺ ഓഫ് മോണ്ടികോർവിനോ ചൈനയിലേക്കുള്ള യാത്രയ്ക്കിടയിൽ കൊല്ലത്തു വരികയുണ്ടായി. 14-ാം ശതകമാകുമ്പോൾ കൊല്ലം മുസ്ലീം കച്ചവടസംഘങ്ങളുടെ ശക്തികേന്ദ്രമായതായി ഇദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽനിന്നു മനസ്സിലാക്കാം. 1324-ൽ കൊല്ലത്തുവന്ന ഫ്രയാർ ഒദോരിക്കിൽ നിന്നാണ് മരുമക്കത്തായത്തെപ്പറ്റിയുള്ള ആദ്യത്തെ വിദേശപരാമർശം നമുക്ക് ലഭിച്ചിട്ടുള്ളത്. ഇറ്റാലിയൻ സഞ്ചാരിയായ നിക്കോളോ കോണ്ടി (1440-41) കൊല്ലവും, കൊച്ചിയും സന്ദർശിച്ച് അവിടുത്തെ സുഗന്ധവ്യാപാരത്തെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. 1442-ൽ കോഴിക്കോട്ടു സാമൂതിരിയെ സന്ദർശിച്ച പേർഷ്യൻ അംബാസിഡറായിരുന്ന അബ്ദുൾറസാക്ക് വിലപ്പെട്ട പല വിവരങ്ങളും നൽകിയിട്ടുണ്ട്. അറബിരാജ്യങ്ങളും കോഴിക്കോടും തമ്മിൽ നടത്തിപ്പോന്ന വാണിജ്യത്തിന്റെ പ്രാധാന്യം അദ്ദേഹം എടുത്തുപറഞ്ഞിട്ടുണ്ട്. ചരിത്രരേഖകൾകൊണ്ടു സമൃദ്ധമാണ് പോർച്ചുഗീസുകാലഘട്ടം. 1502 മുതൽ 1508 വരെ കേരളത്തിൽ സഞ്ചരിച്ച് വിലപ്പെട്ട വിവരങ്ങൾ ശേഖരിച്ച വർത്തേമ ബർബോസ 1500 മുതൽ 1516 വരെ മലബാറിലെ ഒരു പോർച്ചുഗീസുദ്യോഗസ്ഥനായിരുന്നു. കൊച്ചിയിൽ ആദ്യമായി വന്ന ഇംഗ്ലീഷുകാരനാണ് റാൽഫ്ഫിച്ച്, കൊച്ചിയിലെയും കൊല്ലത്തെയും കുരുമുളക് വ്യാപാരം ഇദ്ദേഹത്തിനും മതിപ്പുളവാക്കി. ഉത്തരകേരളത്തിലെ ഹോസ്ദുർഗ്ഗ് താലൂക്ക് ഉൾപ്പെടെ വടക്കേമലബാറിന്റെ ചില ഭാഗങ്ങളിൽ 18-ാം നൂറ്റാണ്ടിൽ ആധിപത്യം സ്ഥാപിച്ചിരുന്ന ഇക്കേരിനായിക്കന്മാരുടെ രാജ്യത്തെപ്പറ്റി പെദ്രോഡെല്ലാവെല്ലിയുടെ വിവരണങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്.

Remove Watermark Now

കേരളത്തിൽ മിഷണറി പ്രവർത്തനം നടത്തിയ ജസ്യൂട്ട് പാതിരിമാർ എഴുതിയ കത്തുകൾ പോർച്ചുഗീസ് കാലഘട്ടത്തിലെ കേരളചരിത്രം രചിക്കാൻ വളരെ സഹായകരങ്ങളാണ് ഇക്കൂട്ടത്തിൽ. ഡിയോഗോ ഗോൺസാൽവ്സ് എഴുതിയ മലബാറിന്റെ ചരിത്രം ശ്രദ്ധേയമാണ്. ഉദയംപേരൂർ സുന്നഹദോസിന്റെ (1599) കാനോനകളും ചരിത്രരചനയ്ക്കു വളരെയധികം സഹായകമായിട്ടുണ്ട്. കേരളചരിത്രരചനയ്ക്കുപയോഗപ്രദങ്ങളായ രേഖകളുടെ കാര്യത്തിൽ സമ്പന്നമാണ് ഡച്ചുകാലഘട്ടം. ഡച്ചുദ്യോഗസ്ഥന്മാരായ ഗൊള്ളെനെസ്സേ, മുൺസ്, വാൻറീഡ് എന്നിവരുടെ ഓർമ്മക്കുറിപ്പുകളും ജോൺഫ്രെയറുടെ സഞ്ചാരക്കുറിപ്പുകളും ജോൺ നിഹോഫിന്റെ യുദ്ധവിവരണങ്ങളും ചരിത്രപരമായി വിലപ്പെട്ടവയാണ്. 1717 മുതൽ 1723 വരെ കൊച്ചിയിലെ ഡച്ചുപുരോഹിതനായിരുന്ന കാന്റർവിഷർ എഴുതിയ കത്തുകൾ കേരളചരിത്രത്തിന്റെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലേക്ക് വെളിച്ചം വീശുന്നു. കെ. പി. പദ്മനാഭമേനോന്റെ കേരളചരിത്രത്തിനാധാരം ഈ കത്തുകളാണ്. ചരിത്രപരമായ പരാമർശമില്ലെങ്കിലും കേരളത്തിലെ സസ്യജാലങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള ഹോർത്തൂസ് മലബാറിക്കസ് ഡച്ചുകാലഘട്ടത്തിലെ ഒരു വിലപ്പെട്ട ഗ്രന്ഥമാണ്. സുഗന്ധദ്രവ്യങ്ങളുടെയും അപൂർവസസ്യങ്ങളുടെയും നാടായ സിലോണിനെക്കാൾ ഡച്ചുകാർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത് കേരളത്തിലാണ്. ബ്രിട്ടീഷാധിപത്യകാലത്തെ കേരളത്തെപ്പറ്റി ധാരാളം രേഖകളുണ്ട്. തലശ്ശേരിയിലെ കൂടിയാലോചനകൾ 1725 മുതൽ 1751 വരെ ബ്രിട്ടീഷുകാരും സാമൂതിരിയും തമ്മിൽ നടന്ന ഇടപാടുകളുടെ രേഖയാണ്. 1756 നു മുൻപുണ്ടായ മൈസൂറിന്റെ കേരളാക്രമണത്തെ സംബന്ധിച്ചും ഈ രേഖയിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. 1793-ലെ ജോയിന്റ് കമ്മീഷണറുടെ റിപ്പോർട്ട്, ഫ്രാൻസിസ് ബുക്കാനന്റെ സന്ദർശന റിപ്പോർട്ടുകൾ, ഫ്രാൻസിസ് ഡേയുടെ പെരുമാക്കന്മാരുടെ രാജ്യം എന്നിവ 19-ാം നൂറ്റാണ്ടിലെ മലബാറിന്റെയും കൊച്ചിയുടെയും ചരിത്രാംശങ്ങൾ ഉൾക്കൊള്ളുന്നു. വില്ല്യം ലോഗന്റെ മലബാറിലെ ബ്രിട്ടീഷുകാര്യങ്ങളെ സംബന്ധിച്ച ഉടമ്പടികളും കരാറുകളും മറ്റും എന്ന ഗ്രന്ഥവും ബ്രിട്ടീഷ് കാലഘട്ടത്തിലെ കേരളചരിത്രം അനാവരണം ചെയ്യുന്നവയാണ്.

- അധിനിവേശകാലത്തെ കേരളം

## 1.1.5 ശാസനങ്ങൾ/ചെപ്പേടുകൾ

കേരളചരിത്രരചനയ്ക്ക് ഉപാദാനമാക്കാവുന്ന ഏറ്റവും വിലപ്പെട്ട രേഖകളാണ് ശിലാശാസനങ്ങൾ. അതുകൊണ്ട് ശാസനപഠനങ്ങൾക്കു കേരളചരിത്രത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. പുരാതന പ്രാദേശിക സമിതികളുടെ ഘടന, ക്ഷേത്രഭരണരീതി, ജന്മി – കുടിയാൻ ബന്ധം, വിദ്യാപീഠങ്ങളുടെ പ്രവർത്തനരീതി, നികുതിസമ്പ്രദായം എന്നിവ മനസ്സിലാക്കാൻ ശാസനങ്ങൾ ഉപകരിക്കുന്നു. മിക്കശാസനങ്ങളും മലയാളഭാഷയിൽ വട്ടെഴുത്തു ലിപിയിലാണ് എഴുതിയിട്ടുള്ളത്. സംസ്കൃതശാസനങ്ങളും ഉഭയഭാഷാശാസനങ്ങളും അപൂർവമല്ല. കലിവർഷം, കൊല്ലവർഷം, പുതുവൈപ്പ് വർഷം എന്നീ കാലങ്ങളാണ് കേരളശാസനങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത്. കേരളചരിത്രത്തിൽ പെരുമാക്കന്മാരെന്ന് അറിയപ്പെടുന്ന കുലശേഖരന്മാരുടെ ഭരണചരിത്രം (എ.ഡി. 800-1123) പുനർനിർമ്മിക്കാൻ സഹായകമായ 160-ഓളം ശാസനങ്ങൾ ലഭിച്ചിട്ടുണ്ട്. രാജശേഖരന്റെ വാഴപ്പള്ളി ചെപ്പേടാണ്

Remove Watermark Now

കേരളത്തിൽനിന്നു ലഭിച്ചിട്ടുള്ള ഏറ്റവും പഴയ രേഖ. സ്ഥാണുരവിയുടെ മൂന്നുരേഖകളും ലഭ്യമാണ്. ഉദയംപേരൂർ, അവിട്ടത്തൂർ, നെടുംപുറംതളി, ചോക്കൂർ, തൃപ്രങ്ങോട്, ഐരാണിക്കുളം എന്നിവിടങ്ങളിൽ നിന്നു കോദരവിയുടെ ശാസനകൾ കിട്ടിയിട്ടുണ്ട്. കോദരവിയുടെ ചോക്കൂർശാസനത്തിലാണ് ദേവദാസികളെപ്പറ്റിയുള്ള ഏറ്റവും പഴയ പരാമർശം കാണുന്നത്. ഭാസ്കരരവി മനുകുലാദിത്യൻ (962-1021), ഇന്ദുക്കോത, രവിരാജ രാജാദിത്യൻ, ആദിത്യകോതരണാദിത്യൻ, രാമവർമ്മ കുലശേഖരൻ തുടങ്ങിയ ചേരരാജാക്കന്മാർ ഒൻപതും, പത്തും നൂറ്റാണ്ടുകളിലായി കേരളം ഭരിച്ചിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് ശാസനങ്ങളിലൂടെയാണ്. ഭാസ്കരരവി മനുകുലാദിത്യന്റെ ജൂതശാസനം ചരിത്രപ്രസിദ്ധമായ രേഖകളിൽ ഒന്നാണ്. ചില ആയ് രാജാക്കന്മാരുടെ ശാസനങ്ങൾ ദക്ഷിണകേരളത്തിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. കരുനന്തടക്കന്റെ ഹജൂർ ചെപ്പേട് അഥവാ പാർത്ഥിവപുരം രേഖയാണ് അതിലൊന്ന്. കാന്തളൂർശാല എന്ന പഴയ വിദ്യാപീഠത്തിലെ മര്യാദകൾ എന്തൊക്കെയായിരുന്നുവെന്ന് ചെപ്പേടിൽനിന്ന് മനസ്സിലാക്കാം. വിക്രമാദിത്യവരഗുണന്റെ പാലിയം ചെപ്പേട്, ശ്രീമൂലവാസം ബുദ്ധവിഹാരത്തിലേയ്ക്ക് അദ്ദേഹം നല്കിയ ഭൂസ്വത്തുക്കളുടെ വിവരണവും ബുദ്ധധർമപ്രകീർത്തനവും ഉൾക്കൊള്ളുന്നു. വരഗുണന്റെ ഒന്നുരണ്ടു ശാസനങ്ങൾ തിരുച്ചാരണത്തുമലയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

- ചെപ്പേടിലെ വിവരങ്ങൾ

വേണാട്ടു രാജാക്കന്മാരുടെ ശാസനങ്ങൾ എ.ഡി. 9-ാം ശതകം മുതൽക്കേ ലഭ്യമാണ്. അയ്യനടിതിരുവടികളുടെ തരിസാപ്പള്ളി ചെപ്പേടുകൾ (എ.ഡി 849) ഇതിൽ ആദ്യത്തേതാണ്. ഇളമുറയായ രാമ തിരുവടി, കോയിലധികാരികളായ വിജയരാഗദേവർ, പുന്നലൈപ്പതി, അറുനൂറ്റുവർ, അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയവയിലെ കച്ചവട സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഈ ചെപ്പേടിൽ പരാമൃഷ്ടരായിട്ടുണ്ട്. കൂടാതെ വാഹനനികുതി, രക്ഷാഭോഗം, കോപ്പതവാരം, പതിപ്പതവാരം തുടങ്ങിയ നികുതികളെ സംബന്ധിച്ച വിവരങ്ങളും തരിസാപ്പള്ളി ചെപ്പേട് ഉൾക്കൊള്ളുന്നു. ശ്രീ വല്ലഭൻകോതയുടെ മാമ്പള്ളിശാസനം കൊല്ലവർഷം രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ രേഖയാണ്. വേണാടു രാജാക്കന്മാരുടെ പനങ്കാവിൽ കൊട്ടാരത്തെപ്പറ്റി ഇതിൽ പരാമർശമുണ്ട്. രാമേശ്വരം ശാസനത്തിലും ഉണ്ണുനീലീ സന്ദേശത്തിലും ഈ കൊട്ടാരം പരാമർശിക്കപ്പെടുന്നുണ്ട്. കോതകേരളവർമ്മയുടെ ശുചീന്ദ്രം ശാസനങ്ങൾ, കിളിമാനൂർ ചെപ്പേടുകൾ, വീരരവിവർമ്മയുടെ വെള്ളായണിശാസനം (1195-1205), രവിവർമ്മ കുലശേഖരന്റെ തിരുവനന്തപുരം ചാല ശാസനം (1299-1314), എന്നിവയും പ്രധാനപ്പെട്ടവ തന്നെ. ഓടനാട്ടുരാജാവായ കോതവർമ്മയെ പരാമർശിക്കുന്ന രേഖയാണ് 1218-ലെ കണ്ടിയൂർ ശാസനം. ഇതുപോലെ എടുത്തുപറയേണ്ടവയാണ് കോതമാർത്താണ്ഡവർമ്മയുടെ തിരുവാമ്പാടി ശാസനം(എ.ഡി. 1196), മണികണ്ഠരാമവർമ്മയുടെ മിത്രാനന്ദപുരം ശാസനം(എ.ഡി. 1196), രാമകേരളവർമയുടെ ശ്രീപത്മനാഭസ്വാമിക്ഷേത്രശാസനം(എ.ഡി. 1210), ദേവധരൻ കേരളവർമ്മയുടെ മാമ്പള്ളി ചെപ്പേട്, കൊല്ലൂർമഠം ചെപ്പേടുകൾ മുതലായവ. ചേരരാജാവായ സ്ഥാണുരവിയുടെ തില്ലൈസ്ഥാനം പരാമർശിക്കുന്ന ഒരു രേഖ തമിഴ്നാട്ടിലെ തില്ലൈസ്ഥാനം ക്ഷേത്രത്തിൽനിന്നും ലഭിച്ചിട്ടു

Remove Watermark Now

ണ്ട്. അതുപോലെ പാണ്ഡ്യചോളദേശങ്ങൾ കീഴടക്കിയ സംഗ്രാമധീരരവിവർമ്മയുടെ ശാസനങ്ങൾ തമിഴ്നാട്ടിലെ കാഞ്ചീവരം, തിരുവാടി, ശ്രീരംഗം, പുനമല്ലി എന്നിവിടങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

▶ ശാസനങ്ങൾ

പെരുമ്പടപ്പു സ്വരൂപത്തിലെ രാജാക്കന്മാരുടെ ശാസനങ്ങൾ എണ്ണത്തിൽ വളരെ കുറവാണ്. 1225-ലെ സിറിയൻ ക്രിസ്ത്യൻ താമ്രശാസനമാണ് ഇക്കൂട്ടത്തിൽ മുഖ്യം. പുതുവെപ്പ് വർഷം 322-ൽ എഴുതിയ ഒരു രേഖ പാലിയത്തുനിന്നും ലഭിച്ചിട്ടുണ്ട്. കൊച്ചീരാജാവും ഡച്ചുകാരും തമ്മിലുള്ള കരാറാണ് ഈ രേഖ. ടിപ്പുസുൽത്താന്റെ ആക്രമണത്താൽ ഭാഗികമായി നശിക്കപ്പെട്ട തിരുവഞ്ചിക്കുളം ക്ഷേത്രം രാമവർമ്മയുടെ (ശക്തൻതമ്പുരാന്റെ) നിർദേശമനുസരിച്ച് ഗോവിന്ദനെന്ന പാലിയത്തച്ചൻ പുതുക്കിപ്പണിയിച്ചതായി പറയുന്ന ഒരു രേഖ തിരുവഞ്ചിക്കുളം ക്ഷേത്രത്തിലുണ്ട്. (കേരളചരിത്രം, എ. ശ്രീധരമേനോൻ) തിരുവനന്തപുരം മതിലകം ഗ്രന്ഥവരികൾ, ഗുരുവായൂർ ക്ഷേത്രരേഖകൾ, തിരുവല്ലാച്ചെപ്പേടുകൾ, വടക്കുംനാഥക്ഷേത്രശാസനങ്ങൾ, പട്ടാഴിചെമ്പോലകൾ, എന്നിവ കേരളചരിത്രരചനയ്ക്ക് സഹായകങ്ങളാണ്. ക്രൈസ്തവ മുസ്ലീം ജൂത ദേവാലയങ്ങളിലെ രേഖകൾ അവഗണിക്കാവുന്നതല്ല. കടമറ്റത്തെ ഓർത്തഡോക്സ് സിറിയൻ പള്ളിയിലെ പഹ്ലവി ശാസനം ഒരുദാഹരണമാണ്. മുസ്ലീം പള്ളികളിലെ രേഖകളുടെ കൂട്ടത്തിൽ മാടായിപ്പള്ളിയിലെ അറബി ശാസനവും (എ.ഡി. 1124) കോഴിക്കോട് മുച്ചുന്തിപ്പള്ളിയിലെ പൂന്തുറക്കോന്റെ ശാസനവും (സാമൂതിരി) പ്രധാനമാണ്. ഭാസ്ക്കരരവിയുടെ ജൂതപ്പട്ടയം മട്ടാഞ്ചേരി ജൂതപ്പള്ളിയിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. കേരളത്തിനു വെളിയിൽ നിന്നും കേരളചരിത്രരചനയ്ക്കു സഹായകമായ ചില ശാസനങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളപരാമർശമുള്ള ആദ്യത്തെ രേഖ അശോകന്റേതാണ്. രണ്ടും പതിമൂന്നും അശോകസ്തംഭങ്ങളിൽ കേരളരാജാവിനെ കേരലപുത്ര എന്നു വിളിച്ചിരിക്കുന്നു. കേരലപുത്രനോടൊപ്പം പരാമർശിച്ചിട്ടുള്ള സത്യപുത്രൻ ആയ് രാജാവാണെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കാസർകോട്ടു നിന്നും ചാലൂക്യരാജാവായ കീർത്തിവർമ്മൻ രണ്ടാമന്റെ (എ.ഡി. 745) ഒരു ശാസനം ലഭിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും കണ്ടെടുത്തിട്ടുള്ള പാണ്ഡ്യചോള ശാസനകളിൽ കേരളത്തിന്റെ നേർക്കുണ്ടായ ആക്രമണങ്ങൾക്കു തെളിവുകളുണ്ട്. കേരളത്തിന്റെ കുറെ ഭാഗങ്ങൾ ചോളാധിപത്യത്തിൻ കീഴിലായിരുന്നതിനു തെളിവാണ് ചോളപുരം, കന്യാകുമാരി, ദർശനംകോപ്പ്, തിരുനന്തിക്കര, തിരുമിറ്റക്കോട്, ശുചീന്ദ്രം തുടങ്ങിയ സ്ഥലങ്ങളിൽനിന്നും കണ്ടുകിട്ടിയിട്ടുള്ള ചോളശാസനങ്ങൾ, വിഴിഞ്ഞത്തെ ചോളാക്രമണം സൂചിപ്പിക്കുന്ന രാജേന്ദ്രചോളന്റെ തിരുവാലങ്ങാട്ടുശാസനവും ചോളൻ പരകേസരിവർമ്മനായ രാജചോളന്റെ തിരുമിറ്റക്കാട് ശാസനവും ചോളാധിപത്യത്തിന്റെ തെളിവുകളാണ്. കുലോത്തുംഗചോളന്റെ ചോളപുരംശാസനം സേനാപിന്മാറ്റം സൂചിപ്പിക്കുന്നു. കോട്ടാറിലേക്കുള്ള ഈ പിന്മാറ്റത്തിനു ശേഷം ചോളാക്രമണം ഉണ്ടായതിനു തെളിവുകളില്ല. വിജയനഗരരാജാക്കന്മാരുടെ ദക്ഷിണകേരളാധിപത്യത്തെ സൂചിപ്പിക്കുന്ന ചില രേഖകൾ മധുരനായിക്കന്മാരുടേതായി ലഭിച്ചിട്ടുണ്ട്.

▶ ചോളാധിപത്യ സൂചനകൾ

Remove Watermark Now

## പുരാവസ്തുക്കൾ

കേരളചരിത്രരചനയ്ക്ക് ഉപോത്ബലകമാക്കാവുന്ന പുരാവസ്തുക്കളെ സ്മാരകങ്ങൾ, നാണയങ്ങൾ എന്നിങ്ങനെ വിഭജിക്കാം.

## സ്മാരകങ്ങൾ

മഹാശിലാവശിഷ്ടങ്ങളും, ശിലാപ്രതിമകളും മതാധിഷ്ഠിത ദേവാലയങ്ങളും, കൊട്ടാരങ്ങളും, കോട്ടകളുമാണ് സ്മാരകങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്.

## 1.1.6 മഹാശിലാവശിഷ്ടങ്ങൾ

കേരളത്തിന്റെ ചരിത്രാതീതകാലത്തെക്കുറിച്ച് വ്യക്തമായ തെളിവുകൾ ഇതുവരെ ലഭിച്ചിട്ടില്ല. മഹാശിലായുഗത്തെ പ്രതിനിധാനം ചെയ്യുന്ന സ്മാരകങ്ങൾ ധാരാളമുണ്ട്. ശവം സംസ്കരിക്കാനോ മരിച്ചവരുടെ ഓർമ്മ നിലനിർത്താനോ കൂറ്റൻ കല്ലുകൾ പടുത്തുണ്ടാക്കിയ അറകൾ ഈ കാലത്തെ പ്രത്യേകതയാണ്. ഈ സംസ്കാരത്തിന്റെ അവസാനകാലങ്ങളിൽ മനുഷ്യൻ ഭാഗികമായി കൃഷിയിലും മൃഗപരിപാലനത്തിലും മൺകലങ്ങൾ, ലോഹായുധങ്ങൾ മുതലായവ ഉണ്ടാക്കുന്നതിലും ശ്രദ്ധിച്ചിരുന്നതായി തെളിവുകളുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ നിന്നും നവീനശിലായുഗത്തിന്റെ തെളിവായി കാണിക്കാവുന്ന കന്മഴു ലഭിച്ചിട്ടുണ്ട്. ബി.സി.1000 മുതൽ 2300 വരെയാണ് നവീനശിലായുഗം. 3000 വർഷം പഴക്കമുള്ള മഹാശിലായുഗത്തിന്റെ അവശിഷ്ടങ്ങളാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ഉള്ളത്. അഞ്ചനാട്ടു താഴ്‌വര, തൃശൂർ, പോൾക്കുളം, തളിപ്പറമ്പ്, എടയ്ക്കൽ മുതലായ സ്ഥലങ്ങളിലാണ് മഹാശിലാനിർമ്മിതികൾ കണ്ടുകിട്ടിയിട്ടുള്ളത്. കൊടുങ്കല്ലറകൾ, നടക്കല്ലുകൾ, പഴുതറകൾ, കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ, ശിലാഗുഹകൾ, നന്നങ്ങാടികൾ എന്നിവയാണ് മഹാശിലാവശിഷ്ടങ്ങൾ.

> ▶ പുരാതനകാലത്തു തന്നെ ജനവാസമുണ്ടായിരുന്നു

### 1.1.6.1 ശിലാപ്രതിമകൾ

പാറതുരന്നുണ്ടാക്കിയ ക്ഷേത്രങ്ങൾ കാണപ്പെടുന്നത് മുടവൂർപ്പാറ, വിഴിഞ്ഞം, തൃക്കാക്കുടി, കല്ലിൽ, തൃക്കൂർ, ഇരുനിലക്കോട്, ഭ്രാന്തൻ പാറ എന്നിവിടങ്ങളിലാണ്. ചിലർ ഗുഹാക്ഷേത്രങ്ങളുടെ നിർമ്മാണ സ്വാധീനം ബുദ്ധജൈനമതങ്ങളുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ടുണ്ട്. ഏ.ഡി. എട്ടും ഒൻപതും നൂറ്റാണ്ടുകളിലാകാം ഇവയുടെ നിർമ്മാണം നടന്നത്. പല്ലവ വാസ്തുശൈലിയുടെ സ്വാധീനം തൃക്കാക്കുടി ക്ഷേത്രങ്ങളിലെ ശിലാപ്രതിമകളിൽ കാണാമെന്ന് അഭിപ്രായമുണ്ട്. ഇതിന് ഉപോദ്ബലകമായി തൃക്കാക്കുടി ശില്പത്തിലെ ജടാധാരിയായ മഹർഷിക്കും മാമല്ലപുരത്തെ ഗംഗാവതരണം ശില്പപരമ്പരയിലെ മഹർഷിക്കും തമ്മിലുള്ള സാദൃശ്യം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ചടയമംഗലത്തിനടുത്തുള്ള കോട്ടുക്കൽ ക്ഷേത്രത്തിലെ നന്ദികേശ്വരശാപം പ്രതിനിധീകരിക്കുന്ന നന്ദിവാനര കഥാശില്പം ശ്രദ്ധേയമാണ്. ഒരു വാനരനാൽ ആപത്തുണ്ടാകട്ടെ എന്ന് രാവണനെ നന്ദികേശ്വരൻ ശപിച്ചതായി ഒരു കഥയുണ്ട്. ഈ കഥയുടെ ആവിഷ്കരണമായി ഒരു നന്ദിപ്രതിമയും ശൂലം ധരിച്ച ഒരു വാനരരൂപവും കോട്ടുക്കലിൽ കാണുന്നു. ഇന്ത്യയിൽ ഇവിടെ മാത്രമേ ഇങ്ങനെയൊരു ശില്പമു

Remove Watermark Now

ള്ളു. പെരുമ്പാവൂരിനടുത്തുള്ള കല്ലിൽ ഗുഹാക്ഷേത്രത്തിൽ ജൈന തീർത്ഥങ്കരനായ പാർശ്വനാഥന്റെയും മഹാവീരന്റെയും പദ്മാവതീ ദേവിയുടെയും പ്രതിമകളുണ്ട്. കരുമാടി, പള്ളിക്കൽ, മാവേലിക്കര, മരുതൂർകുളങ്ങര, ഭരണിക്കാവ് എന്നിവിടങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ള ബുദ്ധവിഗ്രഹങ്ങൾ ഏഴും എട്ടും ശതകങ്ങളിലെ പ്രതിമാനിർമ്മാണ ശൈലിക്കുദാഹരണങ്ങളാണ്. മരുതൂർകുളങ്ങരയിലെ ബുദ്ധവിഗ്രഹത്തിന്റെയും സിലോണിലെ അനുരാധപുരത്തുള്ള ബുദ്ധവിഗ്രഹത്തിന്റെയും നിർമ്മാണശൈലി ഒന്നാണെന്ന് കരുതപ്പെടുന്നു.

▶ ക്ഷേത്രങ്ങളും പ്രതിമകളും

## 1.1.6.2 മതാധിഷ്ഠിത ദേവാലയങ്ങൾ

കല്ലും, മരവും ഉപയോഗിച്ചിട്ടുള്ള ക്ഷേത്രനിർമ്മാണം കേരളത്തിൽ ആരംഭിച്ചത് എ.ഡി 9-ാം ശതകാരംഭത്തോടുകൂടിയാണ്. കണ്ടുകിട്ടിയിട്ടുള്ള രേഖകൾ വച്ച് നോക്കുമ്പോൾ ഇന്നത്തെ രീതിയിലുള്ള കേരളത്തിലെ ഏറ്റവും പഴയ ക്ഷേത്രം കണ്ടിയൂർ മഹാദേവർ ക്ഷേത്രമാണ്. എ.ഡി. 829 ലാണ് ഇതിന്റെ നിർമ്മാണം. കേരളക്ഷേത്രങ്ങളുടെ ശില്പശൈലി പാരമ്പര്യകലകളുടെയും വാസ്തുവിദ്യയുടെയും വികാസപരിണാമങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു. ശ്രീകോവിലും ദാരുശില്പങ്ങളും കേരളശൈലിയുടെ പ്രത്യേകതകളാണ്. തിരുവൻവണ്ടൂർ, തൃക്കൊടിത്താനം, തൃക്കാക്കര, ഇരിങ്ങാലക്കുട, തൃശ്ശൂർ, തിരുവഞ്ചിക്കുളം, തൃപ്രയാർ, തൃപ്പൂണിത്തുറ മുതലായവ കേരളീയ ശൈലിക്കും വിഴിഞ്ഞത്തെ ഭഗവതിക്ഷേത്രം, ശ്രീപത്മനാഭപെരുമാൾ ക്ഷേത്രം, തിരുവല്ലം പരശുരാമക്ഷേത്രം എന്നിവ ദ്രാവിഡശൈലിക്കും ഉദാഹരണങ്ങളാണ്. കേരളീയ ക്ഷേത്രങ്ങൾ ദാരുശില്പത്തിനും ചുവർചിത്രത്തിനും പേരുകേട്ടവയാണ്. പാഴൂർ, ഉദയനാപുരം, വൈക്കം, ഏറ്റുമാനൂർ, തിരുവഞ്ചിക്കുളം, തൃശ്ശൂർ, തിരുമിറ്റക്കോട് ക്ഷേത്രങ്ങൾ ചുവർചിത്രങ്ങൾക്കു പ്രസിദ്ധങ്ങളാണ്. ദാരുശില്പങ്ങളുടെ മനോഹാരിത ചാത്തൻകുളങ്ങര, ഗുരുവായൂർ, ഓണക്കൂർ, മണിയാങ്കുളം, കൊരട്ടി എന്നീ ക്ഷേത്രങ്ങളിൽ ദർശിക്കാം. കേരളീയവാസ്തുവിദ്യയുടെ മികവ് വിളിച്ചോതുന്ന കൂത്തമ്പലങ്ങൾ പുറംനാട്ടുകാർക്ക് എന്നും വിസ്മയമാണ്. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ കൂത്തമ്പലം ഏറ്റവും ലക്ഷണയുക്തമാണ്. വടക്കുംനാഥക്ഷേത്രത്തിലും ഹരിപ്പാട് സുബ്രഹ്മണ്യക്ഷേത്രത്തിലും കൂത്തമ്പലങ്ങളുണ്ട്. കൂത്തമ്പലംപോലെ വാസ്തുവിദ്യയുടെ നിസ്തുലപാടവം വിളിച്ചോതുന്നു തിരുവല്ല ശ്രീവല്ലഭക്ഷേത്രത്തിലെ ഗരുഡമണ്ഡപം. ചരിത്രപരമായും വാസ്തുവിദ്യാപരമായും പ്രാധാന്യം വഹിക്കുന്ന ചില ഹൈന്ദവ ദേവാലയങ്ങൾ കേരളത്തിലുമുണ്ട്. പാലയൂർ, പള്ളിപ്പുറം, കോട്ടക്കടവ് തുടങ്ങി ഒൻപതു ക്രിസ്ത്യൻ പള്ളികളുടെ നിർമ്മാണത്തിൽ കേരളീയവും വൈദേശീയവുമായ സമ്പ്രദായങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എ.ഡി.1225-ൽ സ്ഥാപിച്ച മുളന്തുരുത്തി പള്ളി ബൈബിൾ കഥകൾ ആലേഖനം ചെയ്ത ചുവർചിത്രങ്ങൾകൊണ്ടും കാഞ്ഞൂർ സിറിയൻ കത്തോലിക്കാപ്പള്ളി ശക്തൻതമ്പുരാൻ നൽകിയ വിളക്കുകൊണ്ടും ഉദയംപേരൂർ സിറിയൻ കത്തോലിക്കാപള്ളി സൂനഹദോസ് കൊണ്ടും കേരളചരിത്രത്തിൽ അംഗീകരിക്കപ്പെട്ടവയാണ്. കാത്തൂർപള്ളിയിൽ ടിപ്പുവിന്റെ പടയോട്ടത്തിലെ ഒരു രംഗം ആലേഖനം ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ സൈന്യം ഒരുവശത്തും ടിപ്പുസുൽത്താന്റെ സൈന്യം എതിർവശത്തും നിൽക്കുന്നതായി വര

Remove Watermark Now

ച്ചിരിക്കുന്നു. കേരളത്തിലെ ലത്തീൻ കത്തോലിക്കാപ്പള്ളികളുടെ വാസ്തുവിദ്യയിൽ പോർച്ചുഗീസ് സ്വാധീനം വളരെ വ്യക്തമാണ്. ഫോർട്ടുകൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളിയിലാണ് വാസ്കോ ഡഗാമയുടെ ഭൗതികാവശിഷ്ടം അടക്കം ചെയ്തിട്ടുള്ളത്. കൊടുങ്ങല്ലൂർ, മാടായി, ശ്രീകണ്ഠപുരം, കാസർഗോഡ് എന്നീ പ്രദേശങ്ങളിലെ മുസ്ലീം പള്ളികളും ചരിത്രപ്രധാന്യമുള്ളവയാണ്. കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദ് പെരുമാളിന്റെ മതംമാറ്റവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. ഈ പള്ളിയിൽ കേരളീയരീതിയിലുള്ള ഒരു തൂക്കുവിളക്കുണ്ട്. കേരളത്തിൽ ഇന്ന് അവശേഷിച്ചിട്ടുള്ള ജൂതപ്പള്ളികൾ മട്ടാഞ്ചേരി, എറണാകുളം, ചേന്നമംഗലം, പറവൂർ, മാള എന്നിവിടങ്ങളിലാണുള്ളത്. ഇവയിൽ ഏറ്റവും പ്രധാനം എ.ഡി.1567-ൽ പണികഴിപ്പിച്ച ജൂതന്മാരുടെ പള്ളിയാണ്.

- ലത്തീൻ പള്ളികളിൽ പോർച്ചുഗീസ് സ്വാധീനം ഉണ്ട്

## 1.1.6.3 കൊട്ടാരങ്ങൾ

ചരിത്രസ്മാരകങ്ങളായി നിലനിൽക്കുന്ന ഏതാനും കൊട്ടാരങ്ങൾ കേരളത്തിലുണ്ട്. കന്യാകുമാരി ജില്ലയിൽപ്പെട്ട പദ്മനാഭപുരം കൊട്ടാരം ധർമ്മരാജാവിന്റെ കാലംവരെ പ്രാധാന്യത്തോടെ നിലനിന്നു. ഈ കൊട്ടാരം തനി കേരളീയശൈലിയിൽ നിർമ്മിച്ചതാണ്. കൊട്ടാരത്തിലെ ഉപ്പിരിക്കമാളിക മനോഹരങ്ങളായ ചുവർചിത്രങ്ങളാൽ സമ്പന്നമാണ്. ഇതിൽതന്നെയുള്ള തായ്കൊട്ടാരത്തിന്റെ ദാരുനിർമ്മിതമായ തൂണുകൾ അനന്തവൈചിത്ര്യമാർന്ന ശില്പവേലകൾ കൊണ്ടു നിറഞ്ഞതാണ്. എ.ഡി.1555-ൽ പോർച്ചുഗീസുകാർ കൊച്ചി രാജാവിനു സമ്മാനിച്ച മട്ടാഞ്ചേരി കൊട്ടാരം കേരളീയമാതൃകയിൽ രാമായണകഥ പ്രതിപാദിക്കുന്ന 45 ചുവർചിത്രങ്ങളാൽ നിർമ്മിതമാണ്. ഗജേന്ദ്രമോക്ഷം ചുവർചിത്രത്താൽ പ്രസിദ്ധമായ കൃഷ്ണപുരം കൊട്ടാരം മാർത്താണ്ഡവർമ്മ നിർമ്മിച്ചതാണെന്നു കരുതപ്പെടുന്നു. ഒരു ഇതിവൃത്തം ആലേഖനം ചെയ്ത ഏറ്റവും വലിയ ചുവർ ചിത്രം എന്ന ബഹുമതിക്കർഹമാണ് ഗജേന്ദ്രമോക്ഷം. 154 ചതുരശ്ര അടിയാണ് ഈ ചിത്രത്തിന്റെ വ്യാപ്തി. വാസ്തുവിദ്യയിൽ ഈ കൊട്ടാരം കേരളീയപാരമ്പര്യത്തിന് മകുടോദാഹരണമാണ്.

- ചുവർചിത്രങ്ങളാൽ സമ്പന്നം

## 1.1.6.4 കോട്ടകൾ

യൂറോപ്യൻമാർ ഇന്ത്യയിൽ നിർമ്മിച്ച ഏറ്റവും പഴയ കോട്ട കേരളത്തിലാണുള്ളത്. എ. ഡി. 1503-ൽ പോർച്ചുഗീസുകാർ ഷഡ്കോണാകൃതിയിൽ വൈപ്പിനടുത്തുള്ള പള്ളിപ്പുറത്തു നിർമ്മിച്ച കോട്ട കാലാന്തരത്തിൽ ഡച്ചുകാരുടെ കൈവശമെത്തുകയും അവസാനം തിരുവിതാംകൂർ ദിവാനായിരുന്ന രാജാകേശവദാസൻ വിലയ്ക്കു വാങ്ങുകയും ചെയ്തു. കേടുപാടുകളൊന്നുമില്ലാതെ ഈ കോട്ട ഇന്നും നിലകൊള്ളുന്നു. എന്നാൽ 1523-ൽ കോട്ടപ്പുറത്ത് പോർച്ചുഗീസുകാർ നിർമ്മിച്ച കോട്ടയുടെ അവശിഷ്ടംപോലും ഇന്നു ദൃശ്യമല്ല. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഈ കോട്ട പൂർണ്ണമായും നശിപ്പിക്കപ്പെട്ടു. തിരുവിതാംകൂർ ഭാഗത്ത് ഇംഗ്ലീഷുകാരാണ് ആദ്യം കോട്ടകെട്ടിയത്. 1695-ൽ അഞ്ചുതെങ്ങിൽ ചതുരാകൃതിയിൽ ഒരു കോട്ടകെട്ടി. ഈ കോട്ട ഇന്നുമുണ്ട്. പോർച്ചുഗീസുകാർ നിർമ്മിച്ച മറ്റൊരു കോട്ടയാണ് സെന്റ് ആഞ്ചലോസ് കോട്ട. ടിപ്പുസുൽത്താന്റെ പടയാളികൾ കുറെക്കാലം ഇതു കൈവശം വച്ചിരുന്നു. 1766-ൽ ഹൈദരാലി പാലക്കാ

Remove Watermark Now

ട് ചതുരാകൃതിയിൽ ചെങ്കല്ലുകൊണ്ട് ഒരു കോട്ട കെട്ടുകയുണ്ടായി. ഈ കോട്ടയും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. 17-ാം നൂറ്റാണ്ടിൽ വടക്കേ മലബാറിൽ അധികാരം ചെലുത്തിയിരുന്ന ബഡ്നോറിലെ നായ്ക്കന്മാർ ബേക്കൽ, ഹോസ്ദുർഗ്ഗ്. കുമ്പള, ചന്ദ്രഗിരി എന്നിവിടങ്ങളിൽ കോട്ടകൾ കെട്ടിയിട്ടുണ്ട്. ബേക്കൽകോട്ടയാണ് ഇവയിൽ ഏറ്റവും വലുത്. കേരളത്തിലെ ഏറ്റവും നീളംകൂടിയ കോട്ടയും ഇതുതന്നെ. ശിവപ്പനായ്ക്കനാണ് ഈ കോട്ട നിർമ്മിച്ചത്. മാർത്താണ്ഡവർമ്മയുടെ കാലത്തുകെട്ടിയ ഉദയഗിരിക്കോട്ടയും വട്ടക്കോട്ടയും ഇന്നുമുണ്ട്. ആധുനികലോകത്തുനിന്നും അപ്പാടെ തിരോഭവിച്ച നെടുങ്കോട്ട കേരളചരിത്രത്തിലെ ഒരു വിസ്മയമാണ്. തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയിൽ മുനമ്പത്തു നിന്നാരംഭിച്ച് കൊച്ചിയിലൂടെ കടന്ന് ആനമലയിലവസാനിച്ച ആ നെടുങ്കോട്ട ഒരു മൺകോട്ടയായിരുന്നു. മൈസൂറിൽ നിന്നുള്ള ആക്രമണം മുൻകൂട്ടിക്കണ്ട് തിരുവിതാംകൂർ കൊച്ചീരാജ്യങ്ങൾ സംയുക്തമായി പണികഴിപ്പിച്ചതാണ് ആ കോട്ട. ടിപ്പുസുൽത്താന്റെ സൈന്യം നെടുങ്കോട്ട ഇടിച്ചുനിരത്തി. ഈ കോട്ടയുടെ അവശിഷ്ടം ചാലക്കുടിക്കടുത്ത് കോട്ടമുറിയിൽ ഇന്നും സംരക്ഷിച്ചിട്ടുണ്ട്. മുകളിൽ പ്രസ്താവിച്ചവ കൂടാതെ ധാരാളം കോട്ടകൾ കേരളത്തിലുണ്ടായിരുന്നു. ചേറ്റുവാ, തൃശൂർ, ചാലിയം, വടകര, കോട്ടയ്ക്കൽ, മൂള്ളൂർക്കര, കൂത്തുപറമ്പ്, കാരിക്കോട് എന്നീ സ്ഥലങ്ങൾ ഉദാഹരണം.

▶ കേരളത്തെ സംരക്ഷിക്കുന്ന കോട്ടകൾ

## 1.1.6.5 ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ

കൊടുങ്ങല്ലൂരിലെ ചേരമാൻപറമ്പ്, തൃക്കണ്ണാമതിലകം, കരുപ്പടന്ന, തൊടുപുഴയിലെ കാരിക്കോട്, കോഴിക്കോടെ കോട്ടപ്പറമ്പ്, മുതലക്കുളം, മാനാഞ്ചിറ, കാപ്പാട്, കൊടുങ്ങല്ലൂരിലെ പതിനെട്ടരയാളം, ഓച്ചിറ, കണ്ടിയൂർ പടനിലം എന്നിവ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളാണ്. ചേരമാൻപറമ്പ് ചേരരാജാക്കന്മാരുടെ ആസ്ഥാനമാണെന്നു വിശ്വസിക്കുന്നു. ചേരന്മാരുടെ തലസ്ഥാനമായിരുന്ന കരൂർ, കൊടുങ്ങല്ലൂരിനടുത്തുള്ള കരൂപ്പടന്നയാകാൻ സാധ്യതയുണ്ട്. കിഴുമലൈ നാടിന്റെ തലസ്ഥാനമായിരുന്ന കാരിക്കോട്, കോട്ടപ്പറമ്പ് സാമൂതിരിയുടെ ആസ്ഥാനമായിരുന്നു. കാപ്പാടാണ് വാസ്കോഡഗാമ കപ്പലിറങ്ങിയത്. പതിനെട്ടരയാളം ചേരമാൻ പെരുമാളുമായി ബന്ധപ്പെട്ട സ്ഥലമാണ്. പടനിലങ്ങൾ പഴയ യുദ്ധക്കളങ്ങളോ സൈനികകേന്ദ്രങ്ങളോ ആയിരുന്നിരിക്കണം.

▶ ചരിത്ര പ്രാധാന്യമുള്ള നിരവധി സ്ഥലങ്ങൾ

## 1.1.6.6 നാണയങ്ങൾ

നാണയങ്ങൾ ചരിത്രത്തെ കൂട്ടിയിണക്കാൻ സഹായിക്കുന്ന ഉപാദാനങ്ങളാണ്. അവ മേൽക്കോയ്മ സാമന്തപദവി, സാംസ്കാരികസ്ഥിതി, കുടിയേറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ നൽകാൻ പര്യാപ്തമാണ്. ബി.സി.117 മുതൽ എ.ഡി.12 വരെയുള്ള റോമൻ നാണയങ്ങൾ കേരളത്തിൽ നിന്നു ലഭിച്ചിട്ടുണ്ട്. റോമൻ നാണയങ്ങളുടെ ഏറ്റവും വലിയ നിക്ഷേപം കണ്ണൂരിൽനിന്നാണ് ലഭിച്ചിട്ടുള്ളത്. 9-ാം നൂറ്റാണ്ടിലെ വാഴപ്പള്ളി ചെപ്പേടിൽ റോമൻ നാണയമായ ദിനാരത്തെപ്പറ്റി സൂചനയുണ്ട്. അറബിനാണയങ്ങൾ കേരളത്തിൽ പ്രചരിപ്പിച്ചിരുന്നുവെന്നതിനു തെളിവാണ് 1962-ൽ കോതമംഗലത്തുനിന്നും ലഭിച്ച ഈജിപ്തിലെ ഖലീഫമാരുടെ നാണയം. സിലോൺ

Remove Watermark Now

നാണയമായ ഈഴക്കാശും, ഡച്ചുകാരുടെയും പോർച്ചുഗീസുകാരുടെയും കാലത്തു പ്രചരിച്ചിരുന്ന സെക്വീനും ഡുക്കറും റിയറും കേരളചരിത്രനിർമ്മിതിക്ക് വളരെയധികം സഹായകമാണ്. ഒൻപതും പത്തും ശതകത്തിലെ ചേരനാണയങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ഈ നാണയങ്ങൾ ആന, അമ്പ്, വില്ല് എന്നിവയുടെ ചിഹ്നമുള്ള മൂന്നു സ്വർണ്ണനാണയങ്ങളാണ്. പറവൂരിൽനിന്നു ലഭിച്ച ഈ നാണയങ്ങൾ മഹോദയപുര ചേരരാജാക്കന്മാരുടേതാകാൻ സാധ്യതയുണ്ടെന്ന് കേരള പുരാവസ്തുഗവേഷകർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

▶ പലവിധ പേരുകളിൽ നിരവധി നാണയങ്ങൾ

ആനയും, അമ്പും, വില്ലും ചേരന്മാരുടെ ചിഹ്നങ്ങളാണ്. ചോളരുടെ ആനയച്ച് കേരളത്തിൽ പ്രചരിച്ചിരുന്ന ഒരു നാണയമാണ്. കൂടാതെ മധുരസുൽത്താന്മാരുടെ തുലുക്കക്കാശിനും ഇവിടെ പ്രചാരമുണ്ടായിരുന്നു. നിരവധി കേരളരാജാക്കന്മാർ നാണയങ്ങളിറക്കിയിരുന്നതിനു തെളിവുകളുണ്ട്. രാശിയാണ് കണ്ടുകിട്ടിയിടത്തോളം ഏറ്റവും പഴയ സ്വർണ്ണനാണയം. കലിയുഗരായൻ പണമാണ് മറ്റൊന്ന്. ഏതു രാജാക്കന്മാരാണ് ഇവയുടെ ഉപജ്ഞാതാക്കളെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. പൊന്ന്, അഴകച്ച്, തിരമം, കാശ്, പണം, അച്ച് എന്നീ നാണയങ്ങളെപ്പറ്റി സാഹിത്യകൃതികളിലും ശാസനകളിലും പരാമർശമുണ്ട്. എ.ഡി.9 മുതൽ 13 വരെ ഈ നാണയങ്ങൾക്കു മൂല്യമുണ്ടായിരുന്നു. വീരകേരളവർമ്മയുടെ പേരുള്ള 31 വെള്ളിനാണയങ്ങൾ 1944-ൽ തിരുനെൽവേലി ജില്ലയിൽനിന്നു കണ്ടെടുത്തിട്ടുണ്ട്. ഈ വീരകേരളൻ ഒരു വേണാട്ടടികളാകാൻ സാധ്യതയുണ്ട്. പണം സാമൂതിരിയുടെയും കോലത്തിരിയുടെയും നാണയമാണ്. വീരരായൻപുതിയപണമെന്നും സാമൂതിരിയുടെ നാണയത്തെ വിളിച്ചിരുന്നു. അനന്തരായൻപണവും അനന്തവരാഹനും തിരുവിതാംകൂറിന്റെ നാണയങ്ങളാണ്. കൊച്ചി രാജാക്കന്മാരുടെ നാണയങ്ങൾ പുത്തൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ടിപ്പുവിന്റെ ആധിപത്യകാലത്ത് മലബാറിൽ പ്രചരിച്ചിരുന്ന ചെമ്പുനാണയങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. അറയ്ക്കൽഅലി രാജാക്കന്മാരും നാണയങ്ങളിറക്കിയിരുന്നു. പറങ്കിവരാഹനും, ഇക്കേരി വരാഹനും ഡച്ചുകാരുടെ ചെമ്പുനാണയങ്ങളാണ്. ആനക്കാശ്, സുൽത്താൻകാശ്, മാഹിപ്പണം, സൂററ്റുരൂപ തുടങ്ങിയവ കേരളത്തിൽ പ്രചരിച്ചിരുന്നു. തിരുവിതാംകൂറിനു മാത്രമേ സ്വതന്ത്രമായി നാണയങ്ങളിറക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നുള്ളൂ. 1950 ഏപ്രിൽ ഒന്നിന് ഈ അവകാശം ഇല്ലാതായതായി പറയപ്പെടുന്നു.

▶ പല ചിഹ്നങ്ങളോടുകൂടിയ നാണയങ്ങൾ

## 1.1.7 കേരളത്തിന്റെ സംസ്കാര നിർമ്മിതിയിൽ ഭൂമിശാസ്ത്രഘടകങ്ങൾക്കുള്ള പങ്ക്

കിഴക്ക് പശ്ചിമഘട്ടങ്ങൾക്കും പടിഞ്ഞാറ് അറബിക്കടലിനും ഇടയിലായി ഇന്ത്യയുടെ തെക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഭൂഭാഗമാണ് കേരളം. അളവറ്റസമ്പത്തും ഫലഭൂയിഷ്ഠമായ നിലങ്ങൾ നൽകുന്ന അമിതമായ വിളവുകളും മലകളിലെ അമൂല്യമായ വിഭവങ്ങളും കൊണ്ട് ഐശ്വര്യസമ്പന്നമാണ് മലനാട് എന്ന് പെരിയപുരാണത്തിൽ (എ. ഡി. 2-ാം നൂറ്റാണ്ട്) ചേരരാജ്യത്തെപ്പറ്റി ചെകിഴാർ പാടിയിരിക്കുന്നത് ശ്രദ്ധേയമാണ്. വിഭവസമൃദ്ധവും സംസ്കാരസമ്പന്നവും അത്യാകർഷകവുമായ കേരളനാടിനെ ഭൂപ്രകൃതി അനുസരിച്ച് മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ പൊതുവെ മൂന്നായി തി

രിക്കാം. ഒരു വശത്ത് പശ്ചിമഘട്ടവും മറുവശത്ത് അറബിക്കടലും കൂടിച്ചേർന്ന കേരളം ഇന്ത്യയുടെ ഇതരദേശങ്ങളിൽ നിന്ന് ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും ഒറ്റതിരിഞ്ഞ് നിലകൊള്ളുന്നു. പടിഞ്ഞാറെ കടൽത്തീരത്ത് നിന്ന് കിഴക്കോട്ട് പോകും തോറും ഭൂനിരപ്പ് അൽപ്പം മേൽപ്പോട്ട് ഉയർന്നു വരുന്നത് കാണാം. ഇടതൂർന്ന തെങ്ങിൻത്തോപ്പുകളാലും വിശാലമായ തടാകങ്ങളാലും ഇടകലർന്നു കാണപ്പെടുന്ന ഇടുങ്ങിയ തീരഭൂമിയാണ് കേരളത്തിലെ ഏറ്റവും പ്രകൃതിസുന്ദരമായ പ്രദേശം. സമുദ്രനിരപ്പിൽ നിന്നും ഏതാനും കിലോമീറ്റർ ഉള്ളിലേക്ക് കടന്നാൽ ഭൂമിയുടെ ഉപരിതലം ക്രമേണ ചായ്മാനമായി ഉയരാൻ തുടങ്ങുകയും കുന്നിൻപുറങ്ങളും ഇടയ്ക്കിടയ്ക്ക് ഇടുങ്ങിയ താഴ്‌വരകളുള്ള മലഞ്ചെരുവുകളായി അത് രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഇടനാട് അനേകം ചെറുനദികളാൽ സമ്പന്നമാണ്. ഇടനാട്ടിൽ നിന്നും ഭൂമിയുടെ ഈ ചരിഞ്ഞുകയറ്റം മലനാടിന്റെ ആരംഭം കുറിക്കുന്ന ആഴത്തിലുള്ള മലയിടുക്കുകളിലും ഇടതൂർന്ന കൊടുംകാടുകളിലും ചെന്നവസാനിക്കുന്നു.

▶ മലനാട് ആകർഷക ഭൂപ്രകൃതി

## 1.1.7.1 നദികൾ

കേരളസംസ്കാരവൈതൃകവുമായുള്ള അഭേദ്യമായ ബന്ധം കൊണ്ട് ശ്രദ്ധേയമാണ് നദികൾ. ദ്രുതഗതിയിലുള്ളതും നീളം കുറഞ്ഞതുമായ നദികളാണ് കേരളത്തിലുള്ളത്. ഇവയെ പ്രധാനമായും നിയന്ത്രിക്കുന്നത് ഭൗമഘടനയും കാലാവസ്ഥയുമാണ്. വലുതും ചെറുതുമായ 41 നദികൾ പടിഞ്ഞാറോട്ട് ഒഴുകുന്നു. കിഴക്കോട്ട് ഒഴുകുന്ന 3 എണ്ണം കാവേരിയുടെ പോഷകനദികളായ കബനി, പാമ്പാർ, ഭവാനി എന്നിവയാണ്. കേരളത്തിലെ നദികളിൽ ശരാശരി നീളം 64 കിലോമീറ്റർ ആണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ നദികൾ ജലവൈദ്യുതപദ്ധതിക്ക് പ്രാധാന്യമുള്ളതാണ്. മിക്കവാറും നദികൾ വർഷം മുഴുവൻ വെള്ളമുള്ളവയാണ്. എന്നാൽ മൺസൂൺ മാസങ്ങൾക്ക് ശേഷം മഴ വളരെ കുറയുന്നതിനാൽ നദിയിലെ വെള്ളവും കുറയാറുണ്ട്. സംസ്ഥാനത്ത് പൊതുവെ നീളം കൂടിയ നദികൾ, പെരിയാർ, ഭാരതപ്പുഴ, പമ്പ, ചാലിയാർ എന്നിവയാണ്. നദികൾ കേരളത്തിന്റെ ചരിത്രവും സാംസ്കാരികവുമായ വികാസത്തിന് കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ചരിത്രപരമായും സാംസ്കാരികമായും പ്രാധാന്യമർഹിക്കുന്ന പല സ്ഥലങ്ങളും നദികളുടെ തീരത്താണ് സ്ഥിതിചെയ്യുന്നത്. 18-ാം ശതകത്തിന്റെ ഉത്തരാർധം വരെ കോഴിക്കോട്ടെ സാമൂതിരിയുടെ അധ്യക്ഷതയിൽ നടന്നു പോന്ന മാമാങ്കം ഭാരതപ്പുഴയുടെ തീരത്തുള്ള തിരുനാവായിലാണ്. പെരിയാറിന്റെ തീരത്താണ് ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി. വർഷന്തോറും കുംഭമാസത്തിൽ സുപ്രസിദ്ധമായ ശിവരാത്രി മഹോത്സവം കൊണ്ടാടുന്ന ആലുവായും ഈ നദിയുടെ തീരത്തുള്ള സാംസ്കാരിക കേന്ദ്രമാണ്.

▶ നദികൾക്ക് പ്രധാന പങ്ക്

## 1.1.7.2 കായലുകൾ

നദികളെക്കൂടാതെ കേരളത്തിൽ കായലുകളുടെയും തോടുകളുടെയും പരസ്പരം ബന്ധിതമായ ഒരു നീണ്ടനിര തന്നെ ഉണ്ട്. ആലപ്പുഴ തൊട്ട് കൊച്ചി വരെ 52 മൈൽ നീളത്തിൽ വേമ്പനാട്ടുകായൽ സ്ഥിതിചെയ്യുന്നു. കടലിനുസമാന്തരമായി നിലകൊള്ളുന്ന കായ

Remove Watermark Now

ലിന്റെ തീരത്താണ് കയർ വ്യവസായം വളർന്നുവികസിച്ചത്. ആലപ്പുഴയാണ് പ്രധാന കയർ മേഖല. പാടശേഖരങ്ങളുടെ പുറം വരമ്പുകൾ വീതികൂട്ടി തെങ്ങുകൃഷി നടത്തിയും കായൽ ജലത്തിൽ തൊണ്ട് അഴുക്കി കയർപിരിച്ചും കൊഞ്ച് വളർത്തിയും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടും കക്കവാരിയും കുമ്മായം ഉണ്ടാക്കിയും കായലോരവാസികൾ പണ്ടുമുതൽ ഉപജീവനം നടത്തിയിരുന്നു. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകമാണ് കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കായൽ. അതിൽ കാര്യമായ നദികളൊന്നും ലയിക്കുന്നില്ല. കൊല്ലം പട്ടണത്തിലെ ശുദ്ധജലവിതരണം ഈ കായൽ ജലത്തെ ആശ്രയിച്ചാണ് സംവിധാനം ചെയ്തിരിക്കുന്നത്. മലബാറുമായും തിരുവിതാംകൂറുമായും വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്ന യൂറോപ്യൻശക്തികൾ എല്ലാം കായലുകളുടെയും നദികളുടെയും പ്രാധാന്യം കണക്കാക്കി ഇവിടെ കേന്ദ്രങ്ങൾ പണിതു. കണ്ണൂരിലെ ഏഴിമലയിലാണ് ഡച്ചുകാർ താവളം ഉറപ്പിച്ചത്. ഇംഗ്ലീഷുകാർ ധർമ്മപട്ടണത്തിലും ഫ്രഞ്ചുകാർ മാഹിയിലുമാണ് കോട്ടകൾ കെട്ടിയിരുന്നത്. തിരുവിതാംകൂറിൽ ഡച്ചുകാർ ഇടവയിലാണ് താവളം ഉറപ്പിച്ചത്. ഇംഗ്ലീഷുകാരാകട്ടെ അഞ്ചുതെങ്ങിലും.

- വ്യവസായമേഖലയെ പരിപോഷിപ്പിക്കുന്നു

## 1.1.7.3 തീരപ്രദേശം

കേരളത്തിലെ തീരപ്രദേശം മത്സ്യസമ്പത്തുകൊണ്ട് അനുഗൃഹീതമാണ്. ഗതാഗതവാണിജ്യരംഗങ്ങളിൽ ഈ പ്രദേശം പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണിവ. ഇന്ത്യയിലെ ഏറ്റവും വലിയ കപ്പൽ നിർമ്മാണശാല സ്ഥിതി ചെയ്യുന്നത് കേരളത്തിലെ പ്രധാനതുറമുഖമായ കൊച്ചിയിലാണ്. വിനോദസഞ്ചാരികളുടെ വിഹാരരംഗമാണ് കേരളത്തിലെ തീരപ്രദേശം. തിരുവനന്തപുരത്തെ കോവളം ബീച്ച് ഇന്ത്യയിലെത്തന്നെ ഏറ്റവും പ്രധാന വിനോദസഞ്ചാര കേന്ദ്രമാണ്. ഇതുകൂടാതെ ശംഖുമുഖം, വർക്കല, നീണ്ടകര, കൊച്ചി, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളൊക്കെ പ്രധാന്യമർഹിക്കുന്നവയാണ്. തമിഴ് സംഘകാല സാഹിത്യത്തിൽ കേരളതീരത്തെക്കുറിച്ച് പരാമർശിക്കുന്നതുകാണാം. സോളമന്റെ കാലത്തു തന്നെ കേരളതീരവുമായി പുറംരാജ്യങ്ങൾക്ക് ബന്ധമുണ്ട് എന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്. മലബാർ തീരത്തെ പ്രസിദ്ധമായ തീണ്ടിസ്, മുസിരിസ്, നെൽകിണ്ട എന്നീ കേരളീയ തുറമുഖങ്ങളെപ്പറ്റി വിനോദസഞ്ചാരികളുടെ കുറിപ്പുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

- വിദേശസഞ്ചാരികളെ ആകർഷിക്കുന്നു

## 1.1.7.4 മലമ്പാതകൾ

കേരളത്തിന് അയൽസംസ്ഥാനങ്ങളുമായി ബന്ധപ്പെടാൻ സൗകര്യം ഒരുക്കി കൊടുക്കുന്നതാണ് പശ്ചിമഘട്ടം. മലനിരയിലെ ചുരങ്ങൾ പാലക്കാട്, കോയമ്പത്തൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന തെക്കെ അറ്റത്തുള്ള ആലുവ, മൊഴിപുരം, അതിനു വടക്കുള്ള ചെങ്കോട്ട, കമ്പർപുരം, കോഴിക്കോട്ട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന താമരശ്ശേരി ചുരം തുടങ്ങിയവയും പ്രധാനപ്പെട്ടവയാണ്.

- വാണിജ്യബന്ധം സുഗമമാക്കി

Remove Watermark Now

### 1.1.7.5 മണ്ണ്

കേരളത്തിലെ മണ്ണ് പരമ്പരാഗതമായി പശിമ, പശിമരാശി, രാശി എന്നിങ്ങനെ എക്കൽമണ്ണും, കളിമണ്ണും ചേർന്ന ഫലഭൂയിഷ്ഠമായ മണ്ണാണ്. തീരപ്രദേശത്ത് അടുക്കുംതോറും മണലിന്റെ അംശം കൂടുകയും അത് പശിമരാശിയായി മാറുകയും ചെയ്യുന്നു. ഇതും ഫലസമ്പുഷ്ടം തന്നെ. രാശിമണ്ണ് ഭക്ഷ്യവിളകൾക്ക് അനുയോജ്യമല്ല. എന്നാൽ തെങ്ങുകൃഷിയ്ക്ക് അനുയോജ്യമാണ്.

▶ ഫലഭൂയിഷ്ഠമായ മണ്ണ്

### 1.1.7.6 കാലാവസ്ഥ

പശ്ചിമഘട്ടവും നീണ്ടകടൽത്തീരവും കേരളത്തിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്നു. ഇന്ത്യയിലെ മറുഭാഗങ്ങളിലെ ശരത്, ഹേമന്തം, ഗ്രീഷ്മം, വർഷം, ശിശിരം എന്ന കാലനിർണയം ഉഷ്ണമേഖല പ്രദേശങ്ങളെ പൂർണ്ണമായും ബാധിക്കുന്നില്ല. മഴയെ ആശ്രയിച്ചാണ് കേരളത്തിലെ കാലാവസ്ഥ നിലനിൽക്കുന്നത്. കേരളത്തിലെ മണ്ണ്, അന്തരീക്ഷം, പുഴകൾ മുതലായവ ചേർന്ന് പ്രത്യേകതരത്തിലുള്ള ഒരു പരിസ്ഥിതിവ്യൂഹം സൃഷ്ടിച്ചതായി കാണാം. ഭൂപ്രകൃതിയുടെ സ്വഭാവം കേരളത്തിലെ ആവാസകേന്ദ്രങ്ങളെയും സ്വാധീനിച്ചു. മലകളും താഴ്വരകളും നിറഞ്ഞ ഭൂപ്രകൃതിയാണെങ്കിലും വളരെ ഉയർന്ന കൊടുമുടികളും മലകളും ഒഴിച്ച് മറ്റെല്ലാ പ്രദേശങ്ങളും ആവാസകേന്ദ്രങ്ങളായിത്തീർന്നു. ഉൽപാദനവും ഭക്ഷ്യശേഖരണവും നടത്താൻ കഴിയുന്ന എല്ലാ മേഖലയിലും ആവാസകേന്ദ്രങ്ങൾ വളർന്നു വന്നിട്ടുണ്ട്. കേരളത്തിലെ പ്രകൃതിസവിശേഷതകളിൽ കാണുന്ന വൈവിധ്യം കാലാവസ്ഥയിലും മാറ്റം വരുത്തിയിട്ടുണ്ട്. ഹൈറേഞ്ചിലെ കാലാവസ്ഥ ആണ്ടിലുടനീളം തണുപ്പാർന്ന് ഉന്മേഷകരമാണ്. സമതലങ്ങളിലെ കാലാവസ്ഥ ചൂടും നീരാവിയും കലർന്നതാണ്. കേരളത്തിലെ തെക്കുപടിഞ്ഞാറൻ മൺസൂണിൽ നിന്നും വടക്കുകിഴക്കൻ മൺസൂണിൽ നിന്നും മഴ ലഭിക്കുന്നുണ്ട്. തെക്കുപടിഞ്ഞാറൻ മൺസൂൺ മേയ് അവസാനത്തിൽ ആരംഭിച്ച് സെപ്റ്റംബറിൽ അവസാനിക്കുന്നു. വടക്കുകിഴക്കൻ മൺസൂൺ ഒക്ടോബറിൽ തുടങ്ങി ഡിസംബർ അവസാനം വരെ നീണ്ടു നിൽക്കുന്നു. ഇടുക്കിയിലെ ഹൈറേഞ്ചിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. കേരളത്തിലെ കാലാവസ്ഥ ചരിത്രത്തെയും സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിലെ സൈനിക നീക്കങ്ങൾ മഴക്കാലം ആരംഭിക്കുമ്പോൾ അവസാനിപ്പിക്കുകയും മഴമാറുന്നതോടുകൂടി ഏറ്റുമുട്ടലുകൾ വീണ്ടും തുടങ്ങുകയും ചെയ്തിരുന്നു. നദികളിലെ വെള്ളപ്പൊക്കങ്ങളും സൈനിക പ്രവർത്തനങ്ങൾക്ക് തടസ്സമായിമാറാറുണ്ട്. മഴക്കാലത്ത് പെരിയാറിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ ഫലമാണ് 1789-ൽ ടിപ്പുസുൽത്താൻ ആലുവായ്ക്ക് തെക്കോട്ട് കടന്ന് തിരുവിതാംകൂറിനെ ആക്രമിക്കാഞ്ഞത്. ഇങ്ങനെ ഭൂമിശാസ്ത്രപരമായ പ്രത്യേക പരിസ്ഥിതിയും പ്രകൃതിസവിശേഷതകളും കേരളത്തിന്റെ സാംസ്കാരിക രൂപീകരണത്തിന് ഏറെ സഹായകമായിത്തീർന്നു എന്നത് നിസ്തർക്കമായ വസ്തുതയാണ്. ചുരുക്കത്തിൽ നൂറ്റാണ്ടുകൾ നീണ്ടുനിന്ന സാമൂഹിക വികാസത്തിന്റെ സൃഷ്ടിയാണ് ഇന്നത്തെ കേരളം. അതിന് കളമൊരുക്കിയതിൽ വൈവിധ്യമാർന്ന ഭൂപ്രകൃതിയും ഉൾപ്പെടുന്നു.

▶ സവിശേഷ കാലാവസ്ഥ

Remove Watermark Now

## Summarised Overview

ചരിത്രം ഒരർഥത്തിൽ പരിമിതവും അപൂർണ്ണവുമാണെന്ന് പറയാമെങ്കിലും കഴിഞ്ഞ കാലത്തിന്റെ സാംസ്കാരിക-രാഷ്ട്രീയ-സാമൂഹിക അംശങ്ങൾ കണ്ടെത്താൻ അവ ഉപകരിക്കും. ചരിത്രവും സംസ്കാരവും പരസ്പരപൂരകമായി വർത്തിക്കുന്ന ഘടകങ്ങളാണ്. ചരിത്രത്തിലെ ഒരു ഘട്ടത്തിൽ നിന്ന് അടുത്ത ഘട്ടത്തിലേക്ക് കൈമാറുന്ന ഒന്നാണ് സംസ്കാരം. മനുഷ്യ വർഗത്തിന്റെ പ്രത്യേകമായുള്ള പെരുമാറ്റരീതിയും അതിനുപയോഗിക്കുന്ന ഭൗതിക വസ്തുക്കളും സംസ്കാരത്തിന്റെ പരിധിയിൽ വരാം. സാംസ്കാരിക ചരിത്രനിർമ്മിതിയിൽ മലയാളികളായ പല ചരിത്രപണ്ഡിതരും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

കേരളചരിത്ര രചനയ്ക്ക് വലിയ പഴക്കമൊന്നും അവകാശപ്പെടാനില്ല. സമൂഹത്തിൽ ആധിപത്യം നേടിയവർക്ക് വേണ്ടിയായിരുന്നു ചരിത്രരചന എന്നതിനാൽ വസ്തുതകളുടെ അതേപടി ഉള്ള വിവരണം ആദ്യഘട്ടങ്ങളിൽ കാണാനാകില്ല. കേരള നവോത്ഥാനത്തെ വിശദീകരിച്ച് പുറത്തുവന്ന പുസ്തകങ്ങൾ ഇതിൽ ഒരു മാറ്റം വരുത്തി. ചരിത്രത്തിൽ സ്ത്രീയുടെ സാന്നിധ്യം തിരസ്കരിക്കപ്പെടുന്നതു പോലെതന്നെ ചരിത്രരചനയിലും സ്ത്രീ സാന്നിധ്യം തുലോം കുറവാണ്. സാധാരണ ജനവിഭാഗങ്ങളുടെ ചരിത്രവും അദൃശ്യമാക്കുകയാണ് ചെയ്തത്.

കേരളചരിത്രരചനയ്ക്കുള്ള ഉപാദാനസാമഗ്രികളെ ലിഖിതങ്ങൾ, പുരാവസ്തുക്കൾ എന്നിങ്ങനെ രണ്ടായി തിരിക്കാം. സംസ്കൃതസാഹിത്യം, തമിഴ്സാഹിത്യം, മലയാളസാഹിത്യം എന്നിവയിലെ ചരിത്രമൂല്യമുള്ള ഗ്രന്ഥങ്ങൾ, വിദേശസഞ്ചാരികളുടെ കുറിപ്പുകൾ, ശാസനങ്ങൾ, ചെപ്പേടുകൾ, ഗ്രന്ഥവരികൾ എന്നിവ ലിഖിതങ്ങളിലും പുരാതന ശവകല്ലറകൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ സ്മാരകങ്ങളിലും ഉൾപ്പെടുന്നു. കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി സംസ്കാര നിർമ്മിതിയിലും പ്രധാന പങ്കുവഹിക്കുന്നുണ്ട്. നദികൾ, കായലുകൾ, തീരപ്രദേശം, മലമ്പാതകൾ, മണ്ണ്, കാലാവസ്ഥ തുടങ്ങി ഭൂമിശാസ്ത്രപരമായ വൈവിധ്യമാണ് സവിശേഷമായ കേരളീയ സംസ്കാരത്തെ നിർമിക്കുന്നത് എന്ന് കാണാം.

## Assignments

1. കേരളചരിത്രരചനയിൽ വിദേശസഞ്ചാരികളുടെ കുറിപ്പുകൾക്കുള്ള പ്രാധാന്യമെന്തെന്ന് വിശദീകരിക്കുക.
2. മലയാളകൃതികൾ കേരള ചരിത്രരചനയെ സഹായിക്കുന്നത് എങ്ങനെയെന്ന് വിവരിക്കുക.
3. കേരളത്തിലെ മഹാശിലാവശിഷ്ടങ്ങൾ ചരിത്രനിർമിതിയിലെ പ്രധാനഘടകങ്ങളാണ്. വിശദീകരിക്കുക.
4. ഒരേസമയം വൈദേശികാധിപത്യത്തിന്റെ സൂചനകളായും ചരിത്രരചനയുടെ ഉപാദാനമായും വർത്തിക്കുന്നതാണ് കോട്ടകൾ. വിശദീകരിക്കുക.

5. കേരളത്തിലെ സവിശേഷമായ സംസ്കാരനിർമ്മിതിയിൽ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾക്കും പങ്കുണ്ട്. വിശദമാക്കുക.
6. കച്ചവടകേന്ദ്രമെന്ന നിലയിൽ കേരളത്തിനു കൈവന്ന പ്രാമുഖ്യമെന്ത്? വിശദമാക്കുക.
7. ശാസനങ്ങൾക്ക് കേരളചരിത്രത്തിലുള്ള സ്ഥാനം എന്താണെന്ന് വിശദമാക്കുക.
8. പ്രാചീനവിദ്യാപീഠങ്ങളുടെ കൂട്ടത്തിൽ കാന്തള്ളൂർശാലയ്ക്കുള്ള പ്രാധാന്യം ചർച്ച ചെയ്യുക.
9. കേരളത്തിന്റെ തീരപ്രദേശങ്ങൾക്കുള്ള സവിശേഷതകൾ ഏവ? വിവരിക്കുക.

# Suggested Readings

1. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്രനിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
3. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
4. എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# References


1. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
3. സ്കറിയ സക്കറിയ (എഡി)., 500വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്., കോട്ടയം.
4. ഡോ.കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. രാജേഷ് കെ. എരുമേലി (എഡി.), കേരളം നടന വഴികൾ, മൈത്രി ബുക്സ്, തിരുവനന്തപുരം.
6. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Remove Watermark Now

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft
SGOU

Remove Watermark Now

# Unit 2

# സംഘകാലം

## Learning Outcomes

- സംഘകാലഘട്ടത്തിലെ സാമൂഹികസ്ഥിതിയെക്കുറിച്ച് ധാരണ ലഭിക്കുന്നു
- പ്രാചീന തമിഴകത്തെക്കുറിച്ചും ജനജീവിതത്തെക്കുറിച്ചും അറിവ് നേടുന്നു
- പ്രാചീന കേരളത്തിലെ രാജാക്കന്മാരെക്കുറിച്ച് മനസ്സിലാക്കുന്നു
- മതാചാരങ്ങളെക്കുറിച്ച് ധാരണ നേടുന്നു

## Background

കേരളത്തിന്റെ ചരിത്രം രൂപപ്പെട്ട് വരുന്ന കാലഘട്ടമാണ് സംഘകാലഘട്ടം. സംഘകാല ഘട്ടത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ടെങ്കിലും പൊതുവെ സംഘകാലം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ക്രിസ്തുവർഷത്തിന്റെ തുടക്കത്തിലെ അഞ്ച് നൂറ്റാണ്ടുകളാണ്. ദക്ഷിണേന്ത്യൻ ചരിത്രത്തിലെ ഏറ്റവും പ്രകാശപൂരിതമായ പുരാതനകാലഘട്ടമാണ് സംഘകാലഘട്ടം. അക്കാലത്ത് കേരളം തമിഴകത്തിന്റെ ഭാഗമായിരുന്നു. പാണ്ഡ്യരാജാക്കന്മാരുടെ തലസ്ഥാനമായ മധുര കേന്ദ്രമാക്കിക്കൊണ്ട് രൂപപ്പെട്ടുവന്ന കവിസദസ്സാണ് സംഘം എന്ന് അറിയപ്പെട്ടിരുന്നത്. അക്കാലത്ത് രചിക്കപ്പെട്ടവയും സംഘത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്ത കൃതികളാണ് സംഘകൃതികളായി അറിയപ്പെട്ടിരുന്നത്. സംഘകാലഘട്ടം തമിഴ് സാഹിത്യത്തിന്റെയും കലകളുടെയും സുവർണ്ണകാലഘട്ടമായിരുന്നു. അക്കാലത്ത് രചിക്കപ്പെട്ട കൃതികളിൽ നിന്നാണ് തമിഴകത്തിന്റെയും അതിന്റെ ഭാഗമായിരുന്ന കേരളത്തിന്റെയും ചരിത്രത്തെക്കുറിച്ച് വിലപ്പെട്ട രേഖകൾ ലഭിക്കുന്നത്. അകനാനൂറ്, പുറനാനൂറ്, പതിറ്റുപ്പത്ത്, ചിലപ്പതികാരം തുടങ്ങിയ കൃതികൾ അന്നത്തെ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക സാംസ്കാരിക ജീവിതത്തെക്കുറിച്ച് അറിവ് നൽകുന്നു. സംഘകാലഘട്ടത്തിലെ ഐന്തിണകൾ അക്കാലത്തെ സാമൂഹികസാംസ്കാരിക വ്യവസ്ഥയുടെ നേർചിത്രം പ്രദാനം ചെയ്യുന്നവയാണ്. കുടുംബബന്ധങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ടായിരുന്നു.

സംഘംകൃതികളിൽ നിന്നും കേരളം ആദ്യകാലത്ത് വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കാനാട് എന്നീ അഞ്ചുനാടുകളായിരുന്നു എന്ന് മനസ്സിലാക്കാം. എ. ഡി. 7-ാം നൂറ്റാണ്ടിനുമുൻപ് കേരളം മൂന്ന് ശക്തികളുടെ ഭരണത്തിൻ കീഴിലായിരുന്നു. വടക്കൻ പ്രദേശങ്ങളിൽ ഏഴിമല രാജാക്കന്മാർ, തെക്കൻപ്രദേശങ്ങളിൽ ആയ്‌രാജാക്കന്മാർ, അവയ്ക്കിടയിലുള്ള പ്രദേശം ചേരരാജാക്കന്മാർ എന്നിങ്ങനെയാണ് ഭരിച്ചിരുന്നത്. ഏഴിമല വടകര മുതൽ മംഗലാപുരം വരെയും ആയ്‌രാജവംശം കന്യാകുമാരി മുതൽ തിരുവല്ലവരെയും വ്യാപിച്ചിരുന്നതായി അനുമാനിക്കാം. ജാതിമത വിവേചനങ്ങളോ സാമൂഹിക വിലങ്ങുകളോ ഇല്ലാതെ കൃഷി, മീൻപിടുത്തം, നായാട്ട്, നൂൽനൂൽപ്പ്, നെയ്ത്ത്, കച്ചവടം തുടങ്ങിയ തൊഴിലുകളുമായി ജനങ്ങൾ സമാധാന പൂർണ്ണമായ ജീവിതം നയിച്ചിരുന്നു.

## Keywords

പ്രാചീന തമിഴകം-ഐന്തിണകൾ-ഏഴിമല-ആയ്‌രാജവംശം-പതിറ്റുപ്പത്ത്-ചേരസാമ്രാജ്യം-മതങ്ങൾ

Remove Watermark Now

# Discussion

## 1.2.1 പ്രാചീനതമിഴകം

> ▶ ആദ്യകാല കേരളം തമിഴകത്തിന്റെ ഭാഗം

പ്രാചീനകാലത്ത് കേരളം തമിഴകത്തിന്റെ ഭാഗമായിരുന്നു. ആന്ധ്രാപ്രദേശിലെ തിരുപ്പതിമുതൽ കന്യാകുമാരിവരെ വ്യാപിച്ചു കിടന്നിരുന്ന പ്രാചീനതമിഴകത്തിൽ കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശിന്റെ തെക്കുഭാഗം എന്നിവ ഉൾപ്പെട്ടിരുന്നു. ബി. സി. 3000 മുതൽ എ. ഡി. 300 വരെയായിരുന്നു ഇത് നിലനിന്നിരുന്നത്. നന്നങ്ങാടികൾ, മുനിയറകൾ, കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ തുടങ്ങിയവയെല്ലാം പ്രാചീന തമിഴകത്തിന്റെ സ്മാരകങ്ങളാണ്. പുരാതന തമിഴ്കാവ്യങ്ങൾ, നാണയങ്ങൾ, പ്രാചീന എഴുത്തുകൾ മുതലായവയിൽ നിന്നും നമുക്ക് ഈ സംസ്കാരത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നു.

> ▶ തൊൽക്കാപ്പിയം പ്രാചീനതമിഴ് വ്യാകരണഗ്രന്ഥം

സംഘസാഹിത്യത്തിലെ പ്രാചീന തമിഴ്കാവ്യങ്ങളിൽ നിന്നാണ് അവരുടെ ജീവിതരീതിയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾ നമുക്ക് ലഭിക്കുന്നത്. പ്രാചീനകാലത്ത് ദക്ഷിണേന്ത്യയിൽ നല്ല സാഹിത്യകൃതികൾ രചിച്ചിരുന്ന അനേകം കവികളുണ്ടായിരുന്നു. മധുരയിൽ ഒരു കവിസദസ്സ് നിലനിന്നിരുന്നതിൽ 49 കവികളുണ്ടായിരുന്നു. ഇവരുടെ കൃതികൾ പൊതുവിൽ സംഘം കൃതികൾ അഥവാ സംഘസാഹിത്യം എന്നാണ് അറിയപ്പെടുന്നത്. എന്നാൽ അങ്ങനെ സംഘസാഹിത്യം എന്ന് വ്യവഹരിക്കുന്നതിനു പിന്നിൽ ചില ഐതിഹ്യങ്ങളാണ് ഉള്ളതെന്നും, അതിനാൽ പഴന്തമിഴ്പാട്ടുകൾ എന്നാണ് ഈ പാട്ടുകളെ കണക്കാക്കേണ്ടതെന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്. പഴന്തമിഴ്പാട്ടുകളിൽ പ്രധാനമായവയാണ് തൊൽക്കാപ്പിയം, ചിലപ്പതികാരം, മണിമേഖല എന്നിവ. പഴന്തമിഴ്പാട്ടുകളും മഹാശിലാസ്മാരകങ്ങളും ഏകദേശം ഒരേ കാലഘട്ടത്തിലേതാണെന്ന് ഈയിടെ ചരിത്രഗവേഷകർ സ്ഥാപിച്ചിട്ടുണ്ട്. കേരള ചരിത്രരചനയ്ക്ക് സഹായകമാകുന്ന സാമഗ്രികളിൽ ഏറ്റവും പഴയത് തമിഴകത്തിന്റെ വാമൊഴിവഴക്കമായ ഈ പഴന്തമിഴ്പാട്ടുകളാണ്. തമിഴ്ഭാഷയിലെ ഏറ്റവും പഴയ വ്യാകരണഗ്രന്ഥമാണ് തൊൽകാപ്പിയം. അതിന്റെ കർത്താവായ തൊൽകാപ്പിയർ ഒരു ജൈനമതക്കാരനായിരുന്നു. തെക്കൻതിരുവിതാംകൂറിലാണ് അദ്ദേഹം ജനിച്ചത്. രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും ജനങ്ങളുടെ ജീവിതരീതികളും സാമ്പത്തിക-സാമൂഹിക പരിതഃസ്ഥിതികളും തൊൽകാപ്പിയത്തിൽ വിശദീകരിക്കുന്നു. തൊൽകാപ്പിയത്തിനുശേഷം രചിക്കപ്പെട്ടവയാണ് മണിമേഖലയും ചിലപ്പതികാരവും. മണിമേഖല ബൗദ്ധകൃതിയും ചിലപ്പതികാരം ഒരു ജൈനകൃതിയുമാണ്. ഇതുകൂടാതെയുള്ള പതിറ്റുപ്പത്ത്, പുറനാനൂറ്, അകനാനൂറ്, പരിപാടൽ തുടങ്ങി എട്ടു സമാഹാരങ്ങൾക്ക് എട്ടുത്തൊകൈ എന്നാണ് പറയുന്നത്. 'പതിറ്റുപ്പത്തും പുറനാനൂറും' പുറംകൃതികളാണ്. സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങളാണ് അവയിലെ പ്രതിപാദ്യം. 'അകനാനൂറ്', അകംകൃതിയാണ്. പ്രേമം, കുടുംബജീവിതം മുതലായ വിഷയങ്ങളാണ് അവയിലെ പ്രമേയം. പരിപാടലിലാകട്ടെ, അകവും

Remove Watermark Now

പുറവുമുണ്ട്. കേരളീയരെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ളത് പതിറ്റുപ്പത്താണ്.

സാഹിത്യഗ്രന്ഥങ്ങളായിട്ടല്ലാതെ, ചരിത്രഗ്രന്ഥങ്ങളായി സംഘം കൃതികൾ കണക്കാക്കപ്പെടുന്നില്ല. എങ്കിലും രണ്ടായിരം വർഷങ്ങൾക്കപ്പുറമുള്ള തെന്നിന്ത്യയുടെ സ്ഥിതിഗതികൾ മനസ്സിലാക്കാൻ ഈ പ്രാചീനകൃതികൾ വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്. അന്ന് തമിഴകം ഒരു ഏകീകൃത രാജ്യമായിരുന്നില്ല. തമിഴകം വടക്ക് വേങ്കടത്തിനും (തിരുപ്പതി) തെക്ക് കന്യാകുമാരിക്കുമിടയിൽ തൊണ്ടൈമണ്ഡലം, ചോളം, പാണ്ഡ്യം, ചേരം, കൊങ്ങുനാട് എന്നിങ്ങനെ കിടക്കുന്ന വിശാലമായ പ്രദേശമായിരുന്നു. ഇതിൽ ചേരരാജ്യം മാത്രമാണ് ഇന്നത്തെ കേരളപ്രദേശത്തിൽ ഉൾക്കൊണ്ടിരുന്നത്. അതായത്, അന്ന് തമിഴകത്തിന്റെ ഭാഗമായിരുന്നു കേരളം. അതിനാൽ കേരളചരിത്രപഠനത്തിൽ, മേൽപറഞ്ഞ അഞ്ചു മണ്ഡലങ്ങളിൽവച്ച് പ്രാധാന്യമർഹിക്കുന്നത് ചേരരാജാക്കന്മാരുടെ ചരിത്രമാണ്. എ. ഡി. 10-ാം നൂറ്റാണ്ടുവരെ സാംസ്കാരികമായും കേരളം തമിഴകത്തിന്റെ ഭാഗമായിരുന്നു. കൊടുംതമിഴായിരുന്നു ഭാഷ. ആചാരാനുഷ്ഠാനങ്ങളിലും ജീവിതരീതിയിലും തമിഴകത്തിന്റെ സമാനത കേരളക്കരയിൽ കാണാമായിരുന്നു.

> ▶ പഴന്തമിഴ്പാട്ടുകൾ എന്നും അറിയപ്പെടുന്നു

### 1.2.2 സംഘകാലം

ക്രിസ്തുവർഷത്തിന്റ ആദ്യത്തെ 5 നൂറ്റാണ്ടുകളാണ് സംഘകാലം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ചിലപ്പതികാരവും മണിമേഖലയും എ.ഡി. 7-ാം നൂറ്റാണ്ടിലുണ്ടായ കൃതികളാണ്. സംഘകാലകൃതികളെ അടിസ്ഥാനപ്പെടുത്തി കേരളം ആദ്യകാലത്ത് വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കനാട് എന്നീ അഞ്ച് നാടുകൾ ചേർന്ന ഒരു ഭൂവിഭാഗമായിരുന്നുവെന്നു മനസ്സിലാക്കാം. എ.ഡി. 7-ാം നൂറ്റാണ്ടിനുമുൻപ് കേരളം പ്രധാനമായും മൂന്നു രാഷ്ട്രീയശക്തികളുടെ ഭരണത്തിന് കീഴിലായിരുന്നു. തെക്കൻപ്രദേശങ്ങൾ ആയ്‌രാജാക്കന്മാരും വടക്കൻപ്രദേശങ്ങളിൽ ഏഴിമല രാജാക്കന്മാരും ഇവയ്ക്കിടയ്ക്കുള്ള പ്രദേശങ്ങൾ ചേരരാജാക്കന്മാരുമാണ് ഭരിച്ചിരുന്നത്. ആയ്‌രാജ്യം കന്യാകുമാരി മുതൽ തിരുവല്ലവരെയും ഏഴിമല രാജ്യം വടകര മുതൽ മംഗലാപുരം വരെയും വ്യാപിച്ചിരുന്നതായി കരുതപ്പെടുന്നു. ഇവയ്ക്കിടയിൽ വരുന്ന വിശാലമായ ഭൂവിഭാഗം കുട്ടനാടും കുടനാടും പൂഴിനാടും ഉൾപ്പെട്ടതായിരുന്നു. ആയ്‌രാജ്യത്തിലെ പ്രധാന രാജാക്കന്മാർ ആയ്ആണ്ടിരൻ, അതിയൻ, തിതിയൻ എന്നിവരാണ്. ഏഴിമലയിലെ ഏറ്റവും പ്രസിദ്ധനായ രാജാവായിരുന്നു നന്നൻ. ഉതിയൻ ചേരൽ ആതൻ, നെടുംചേരൽ ആതൻ, നാർമ്മുടിച്ചേരൻ, വേൽകെഴുകുട്ടുവൻ എന്നിവരായിരുന്നു പ്രധാന ചേരരാജാക്കന്മാർ.

> ▶ സംഘം കൃതികളിലെ കേരളം

എ. ഡി. 5-ാം നൂറ്റാണ്ടുവരെയുള്ള കേരളീയ സമുഹത്തിന്റെയും ഭരണസമ്പ്രദായത്തിന്റെയും ഏകദേശചരിത്രം സംഘംകൃതികളിൽ നിന്നു ലഭിക്കുന്നുണ്ട്. രാജവാഴ്ചയിൽ അധിഷ്ഠിതമായ ഭരണക്രമമാണ് അന്നുണ്ടായിരുന്നത്. ചേരൻ, ചോളൻ, പാണ്ഡ്യൻ എന്നീ മൂന്നു രാജവംശങ്ങളുടെ യുഗമാണ് സംഘകാലം. രാജാവിനെ കോൻ

Remove Watermark Now

എന്നുവിളിച്ചിരുന്നു. ഈ പദത്തിന് ഇടയൻ എന്നും അർഥമുണ്ട്. രാജാധിപത്യം പരമ്പരാഗതമായിരുന്നു. ചേരരാജാക്കന്മാർ മക്കത്തായികളായിരുന്നു. വില്ലായിരുന്നു അവരുടെ ചിഹ്നം. അതിനാൽ വില്ലർ എന്നും ചേരൻമാരെ വിളിച്ചിരുന്നു. കൊറ്റവൈ ആയിരുന്നു ചേരരാജ്യത്തിന്റെ പ്രധാന ദേവത. അന്നത്തെ രാജവംശങ്ങൾക്ക് അവരവരുടെ കാവൽവൃക്ഷങ്ങളുണ്ടായിരുന്നു. തോൽക്കുന്ന രാജാവിന്റെ കാവൽവൃക്ഷം മുറിച്ച് വിജയം പൂർണ്ണമാക്കാൻ ശത്രുക്കൾ ശ്രദ്ധിച്ചിരുന്നു. ചേരൻമാരുടെ കാവൽവൃക്ഷം പനയും മുദ്ര പനങ്കുലയുമാണ്. രാജ്യത്തെ സൈനികശക്തിയെ നിയന്ത്രിച്ചിരുന്നത് രാജാവായിരുന്നു. രാജാക്കന്മാരെ സഹായിച്ചിരുന്ന മന്ത്രിമാർക്ക് അന്നത്തെ ഭരണസംവിധാനത്തിൽ പ്രമുഖസ്ഥാനമാണുണ്ടായിരുന്നത്. ചിലപ്പതികാരത്തിൽ പരാമർശിച്ചിട്ടുള്ള പെരുംകഴു, എൺപരായം എന്നിവ സംഘകാലത്തെ രാജാധികാര നിയന്ത്രണസഭകളുടെ പരിഷ്കരിച്ച രൂപമാണ്. രാജാവിന്റെ ഭരണസംഘം സേനാനായകൻ, പുരോഹിതൻ, കവി, ജ്യോത്സ്യൻ എന്നിവർ ഉൾപ്പെട്ടതായിരുന്നു. കവികളെയും പണ്ഡിതന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ രാജാക്കന്മാർ വിശാലമനസ്കരായിരുന്നു. രാജ്യത്തെ പ്രധാന വരുമാനം ഭൂനികുതിയായിരുന്നു. ആദായത്തിന്റെ ആറിലൊന്നായിരുന്നു നികുതി. ചുങ്കം മുഖേനയും സാമ്പത്തികരംഗം വികസിച്ചിരുന്നു.

- ചേരചോളപാണ്ഡ്യ രാജവംശത്തിന്റെ കാലം

ധർമ്മത്തിലും നീതിയിലും അടിയുറച്ചതായിരുന്നു സംഘകാലത്തെ യുദ്ധങ്ങൾ. സേനാനായകനോ രാജാവോ മരിച്ചാൽ യുദ്ധം നിർത്തി കുരവൈക്കൂത്ത് നടത്തുമായിരുന്നു. കാലാൾപ്പട, ആനപ്പട, തേർപ്പട എന്നിങ്ങനെ സൈനികവിഭാഗമുണ്ടായിരുന്നു. മല്ലർ, മറവർ എന്നിവരാണ് കാലാൾപ്പട നയിച്ചിരുന്നത്. ഇതിൽ വേൽപ്പട, വാൾപ്പട, വിൽപ്പട എന്നീ വിഭാഗങ്ങളുണ്ട്. തോൽകൊണ്ടുള്ള ഉറകളും കവചങ്ങളുമാണ് പടയാളികളുടെ വേഷം. യുദ്ധത്തിനു പോകുമ്പോൾ ചേരരാജാക്കന്മാർ പനംപൂവും തുമ്പപ്പൂവും ചൂടിയിരുന്നു. സംഘകൃതികളിൽ അക്കാലത്തെ സൈനികശക്തികളെക്കുറിച്ചുള്ള പരാമർശങ്ങളും കാണാം. കടൽയുദ്ധത്തിൽ വിജയിച്ചതിന്റെ സ്മാരകമായിട്ടാണ് ചെങ്കുട്ടുവൻ തന്റെ പേരിനോടൊപ്പം കടൽപിറകോട്ടിയ എന്ന വിശേഷണം ഉപയോഗിച്ചത്. ഇമയവരമ്പൻ കടൽകൊള്ളക്കാരെ തുരത്തിയതായി പ്രസ്താവിച്ചുകാണുന്നു. അന്നത്തെ നാവികരീതി വച്ചുനോക്കുമ്പോൾ മൂന്നുതരത്തിലുള്ള യാനപാത്രങ്ങൾ ഉണ്ടായിരുന്നിരിക്കാൻ സാധ്യതയുണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ സഞ്ചരിക്കാവുന്ന തോണികൾ, തീരക്കടലിൽകൂടി സഞ്ചരിക്കാവുന്ന ഇടത്തരം കപ്പലുകൾ, സമുദ്രയാത്രയ്ക്കുള്ള കപ്പലുകൾ എന്നിങ്ങനെ. കോട്ടകളാണ് രാജ്യരക്ഷാസന്നാഹങ്ങളിൽ പരമപ്രധാനം. കോട്ടകൾക്കു ചുറ്റും കാവൽവനങ്ങൾ വച്ചുപിടിപ്പിച്ചിരുന്നു. അവയ്ക്കു ചുറ്റും കിടങ്ങുകളുമുണ്ടായിരുന്നു. കോട്ടകളുടെ സംരക്ഷണത്തിന് യവനന്മാരെ നിയോഗിച്ചിരുന്നതിന് തെളിവുകളുണ്ട്. രാജാവ് ആനപ്പുറത്തേറി നേരിട്ട് യുദ്ധം നയിച്ചിരുന്നു. കോട്ടകളെ ഇടിച്ചുനിരത്താൻ ആനകളെയാണ് ഉപയോഗിച്ചിരുന്നത്.

- സംഘകാലചരിത്രത്തിന്റെ നേർചിത്രം

### 1.2.2.1 പ്രാദേശികഭരണം

പ്രാദേശികഭരണത്തിന്റെ സിരാകേന്ദ്രം മന്റങ്ങളായിരുന്നു. ഏതെ

Remove Watermark Now

ങ്കിലും പൊതുസ്ഥലമായിരിക്കും മന്റം. ഇവിടെവെച്ച് വ്യക്തികളും ഗ്രൂപ്പുകളും തമ്മിലുള്ള വഴക്കുകൾ പറഞ്ഞു തീർത്തിരുന്നു. അക്കാലത്തെ ഒരു മന്റത്തെ അറംവളർക്കു മന്റം എന്നാണ് ഒരു കവി വിളിച്ചിട്ടുള്ളത്. ബ്രാഹ്മണരുടേത് മാത്രമായ മന്റങ്ങളുമുണ്ടായിരുന്നു. രാജാക്കന്മാരിൽ നിന്നും ദാനം കിട്ടിയ വിശാലമായ ഭൂവിഭാഗത്തിലാണ് ബ്രാഹ്മണമന്റങ്ങൾ ഉണ്ടായിരുന്നത്. ഗ്രാമത്തലവൻ ദേശവാഴിയാണ്. ദേശവാഴി സ്ഥാനം പരമ്പരാഗതമായി കൈമാറിവന്നിരുന്നതാണ്. തറ എന്ന പേരിലാണ് ഗ്രാമങ്ങൾ അറിയപ്പെട്ടിരുന്നത്.

▶ മന്റം പ്രാദേശികഭരണത്തിന്റെ സിരാകേന്ദ്രം

### 1.2.2.2 കൃഷി

തിന, എള്ള്, നെല്ല്, കരിമ്പ്, എന്നിവയുടെ കൃഷി വ്യാപകമായിരുന്നുവെന്ന് സംഘംകൃതികളിൽ നിന്ന് മനസ്സിലാക്കാം. പക്ഷേ ബി.സി., ഏ.ഡി. കാലങ്ങളിൽ വിദേശീയരെ കേരളത്തിലേക്കാകർഷിച്ച കുരുമുളകിനെപ്പറ്റിയും ഇഞ്ചിയെപ്പറ്റിയും യാതൊരു പരാമർശവും സംഘംകൃതികളിൽ നിന്ന് ലഭ്യമല്ല. എന്നാൽ പൊന്നുതന്ന് കുരുമുളകു വാങ്ങുന്ന യവനരെപ്പറ്റി അകനാനൂറിലും പുറനാനൂറിലും പ്രസ്താവനകളുള്ളതിനാൽ കുരുമുളക് കൃഷി ഉണ്ടായിരുന്നുവെന്ന് വ്യക്തം. അത് വ്യാപകമായിരുന്നോ എന്നു സംശയമാണ്. ഗോത്രജീവിതത്തിൽനിന്ന് കുടുംബജീവിതത്തിലേക്കും മന്റത്തിൽനിന്നും കുടികളിലേക്കും കാലിവളർത്തൽ സമ്പദ്‌വ്യവസ്ഥയിൽ നിന്ന് കാർഷിക സമ്പദ്‌വ്യവസ്ഥയിലേക്കും സമുദായം വളർന്നതിന്റെ ചിത്രം സംഘംകൃതികളിൽ കാണാം. കാളകളെയും പോത്തുകളെയും ഉപയോഗിച്ചാണ് നിലം ഉഴുതിരുന്നത്. ഉഴവർ എന്ന് കൃഷിക്കാരെ വിളിച്ചിരുന്നു.

▶ നിരവധി നാണ്യവിളകൾ

### 1.2.3 ഐന്തിണകളും നാനിലങ്ങളും പഴന്തമിഴ് പാട്ടുകളിലെ ജീവിതബന്ധങ്ങളും

സംഘസാഹിത്യത്തിൽ വികസിച്ചുവന്ന ഒരു സങ്കേതമാണ് തിണ സങ്കൽപ്പം. പഴന്തമിഴിലെ ലക്ഷണഗ്രന്ഥമായ തൊൽക്കാപ്പിയത്തിലെ പൊരുളധികാരത്തിലാണ് തിണസിദ്ധാന്തം വിവരിക്കപ്പെട്ടിരിക്കുന്നത്. തൊൽക്കാപ്പിയർ തമിഴ്സാഹിത്യത്തെ അകം, പുറം എന്ന് രണ്ടു വകുപ്പുകളായി തിരിച്ചിരിക്കുന്നു. പ്രണയം, വിരഹം, വാത്സല്യം, ശോകം തുടങ്ങിയ മാനസികവ്യാപാരങ്ങളുടെ ചിത്രീകരണമാണ് അകംകവിതകളിലെ പ്രതിപാദ്യം. യുദ്ധം, ഭരണം, കച്ചവടം തുടങ്ങിയ ബാഹ്യജീവിതവ്യവഹാരങ്ങൾ പുറംകവിതകളിൽ പ്രതിപാദിക്കുന്നു. ആര്യന്മാരും ദ്രാവിഡരും ഭിന്നവർഗത്തിൽപ്പെട്ടവരായിരുന്നതിനാൽ അവരുടെ ആചാരവും സംസ്കാരവും ഭിന്നമായിരുന്നു. ആദ്യകാലത്ത് ഭൂപ്രദേശത്തെ കുറിഞ്ചി, മുല്ലൈ, മരുതം, നെയ്തൽ എന്നിങ്ങനെ നാലു നിലങ്ങളായി വിഭജിച്ചിരുന്നു. അതിനുശേഷം പാലൈ എന്നൊരു പ്രദേശം കൂടി ചേർക്കുകയും അങ്ങനെ തിണകൾ അഞ്ചായി മാറുകയും ചെയ്തു. ഭൂമിശാസ്ത്രപരമായ തിണവിഭജനം തന്നെയാണ് സംഘകാലത്തെ ഐന്തിണകൾ. കുറിഞ്ചി, പാലൈ, മുല്ലൈ, മരുതം, നെയ്തൽ എന്നിവയാണ് ഐന്തിണകൾ. തിണകൾ അക്കാലത്തെ സാമൂഹിക സാംസ്കാരികവ്യവസ്ഥയുടെ ഒരു നല്ല ചിത്രം പ്രദാനം ചെയ്യുന്നുണ്ട്.

▶ ഭൂപ്രകൃതിയനുസരിച്ച് അഞ്ചുതിണകൾ

Remove Watermark Now

### 1.2.3.1 തിണകളുടെ വിശദാംശങ്ങൾ

### കുറിഞ്ചിത്തിണ

വനമേഖലയോട് അടുത്തുള്ള മലകളും കാടുകളും ഉൾപ്പെട്ടിരുന്ന സ്ഥലങ്ങളാണ് കുറിഞ്ചിത്തിണകൾ. കുറിഞ്ചി എന്നാൽ തമിഴിൽ മല എന്നാണർഥം. ഇവിടെ ജീവിച്ചിരുന്നവരെ കുറവരെന്നും പുനവരെന്നും അറിയപ്പെട്ടു. കുറിഞ്ചിപ്പൂവും മുരുകനുമാണ് കുറിഞ്ചിത്തിണയുടെ ചിഹ്നങ്ങളായി സംഘകാലസാഹിത്യത്തിൽ കണക്കാക്കപ്പെട്ടിരുന്നത്. ദേവനെ മലമുകളിലാണ് പ്രതിഷ്ഠിച്ചിരുന്നത്. ഉത്സവങ്ങളും പൂജയും വഴിപാടും ചെയ്തിരുന്നു. പന്ത്രണ്ടുവർഷത്തിലൊരിക്കൽ കുറിഞ്ഞി പൂക്കുന്ന സമയം കോവിലുകളിൽ ഉത്സവമുണ്ടാകും. കുറിഞ്ചി പ്രദേശത്തെ ജനങ്ങളുടെ ഉപജീവനമാർഗം വനങ്ങളിൽ നിന്ന് ലഭിക്കുന്ന ദ്രവ്യങ്ങളുടെ ശേഖരണവും, തിന, മുളയരി, ഇഞ്ചി, വാഴ, മരമഞ്ഞൾ എന്നിവയുടെ കൃഷിയും മൃഗവേട്ടയും മറ്റുമായിരുന്നു. പുരോഹിതനും മന്ത്രവാദിയുമായ ആളെ വേലൻ എന്ന് വിളിച്ചിരുന്നു. അർദ്ധരാത്രിയിൽ കമിതാക്കൾ ഒന്നിക്കുന്നത് മലയിലാണ് എന്നാണ് സംഘകൃതികളിലെ സങ്കൽപ്പം. മുരുകന്റെയും വള്ളിയുടെയും പ്രേമം ഇതിന് ഉദാഹരണമാണ്. തണുപ്പും തുഷാരവും ബിംബങ്ങളായി കൃതികളിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. വനമേഖല തടാകങ്ങളും വെള്ളച്ചാട്ടങ്ങളും തേക്കുമരങ്ങളും മുളയും ചന്ദനവും നിറഞ്ഞതായാണ് വർണ്ണിക്കുന്നത്. ഇവിടെ തിന വളരുകയും കാട്ടുതേനീച്ചകളിൽ നിന്ന് തേൻ ശേഖരിക്കപ്പെടുകയും ചെയ്യുന്നതായി വിവരിക്കപ്പെടുന്നു.

> ▶ വനമേഖലയോട് ചേർന്ന പ്രദേശം

### പാലൈത്തിണ

മലകളിൽ തന്നെ ജലദൗർലഭ്യമുള്ള പ്രദേശങ്ങളാണ് പാലൈത്തിണകൾ. പാലമരങ്ങൾ ധാരാളം ഉണ്ടായിരുന്നതിനാലാണ് ഈ പേരുവന്നത്. ഇവിടെ വന്യമൃഗങ്ങൾ ധാരാളം ഉണ്ടായിരുന്നു. പാലൈ എന്നാൽ തമിഴിൽ മരുഭൂമി എന്നാണർഥം. ഇവിടെ ജീവിച്ചിരുന്നവർ മറവർ എന്നറിയപ്പെട്ടു. മൃഗവേട്ടയും, ആനക്കൊമ്പ്, പുലിപ്പല്ല്, പുലിത്തോൽ തുടങ്ങിയവയുടെ വ്യാപാരവുമായിരുന്നു ഇവരുടെ ഉപജീവനമാർഗം. കള്ളൻമാരും കൊള്ളക്കാരും ഇവരിൽ ധാരാളം ഉണ്ടായിരുന്നു. കാമുകീകാമുകന്മാരായി ഒളിച്ചോടുന്നതും സ്ത്രീകളെ മോഷ്ടിച്ചുകൊണ്ടു പോകുന്നതും പാലൈത്തിണയിൽ പതിവായിരുന്നുവത്രേ. ലഹരിപദാർഥങ്ങളും മാംസാഹാരവും ഇവിടത്തുകാർ ഉപയോഗിച്ചിരുന്നു. മറവർക്ക് വേണ്ടത്ര ജീവിതസൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. കൊറ്റവൈ എന്ന രണദേവതയായിരുന്നു മറവരുടെ ദൈവം. കൊറ്റവൈ എന്ന ദേവതയാണ് കൊടുങ്ങല്ലൂരിലെ യഥാർഥപ്രതിഷ്ഠ എന്നും ആര്യാധിനിവേശകാലത്ത് അതിനെ ആര്യവത്കരിച്ച് ഭദ്രകാളിയാക്കിയതാണ് എന്നും ഒരു പക്ഷമുണ്ട്. പാലൈത്തിണക്കാർക്ക് വേട്ടുവവരി, തുണങ്കൈക്കൂത്ത് എന്നിങ്ങനെയുള്ള നൃത്തരൂപങ്ങൾ ഉണ്ടായിരുന്നെന്നും ചേരരാജാക്കന്മാർ അതിനെ പ്രോത്സാഹിപ്പിച്ചിരുന്നതായും പറയപ്പെടുന്നു.

> ▶ മലമ്പ്രദേശങ്ങളാണ് പാലൈത്തിണ

iSkysoft

Remove Watermark Now

## മുല്ലൈത്തിണ

> ▶ കുറ്റിക്കാടുകളും കുന്നുകളും

ചെറിയ കുന്നുകളും കുറ്റിക്കാടുകളും നിറഞ്ഞ മലയോരങ്ങളാണ് മുല്ലൈത്തിണ എന്ന് വിവക്ഷിക്കപ്പെട്ടിരുന്നത്. മുല്ലൈ എന്നാൽ തമിഴിൽ കാട് എന്നർഥമുണ്ട്. മുല്ലൈത്തിണ കടലിനും മലയ്ക്കും ഇടയിലുള്ള സ്ഥലമായതിനാൽ ഇടനാട് എന്നും ഇടനാട്ടിലെ ജനങ്ങൾ ഇടയർ എന്നും വിവക്ഷിക്കപ്പെട്ടിരുന്നു. അമര, തുവര, മുതിര തുടങ്ങിയ പയർ വർഗങ്ങൾ കൃഷി ചെയ്യുന്നതിൽ അവർ സമർഥരായിരുന്നു. ഇടയദേവതയായ മായോൻ ആയിരുന്നു ഇവരുടെ ദൈവം. കാലിവളർത്തലും കൃഷിയുമായിരുന്നു ഇവരുടെ ഉപജീവനമാർഗം.

## മരുതംതിണ

ഏറ്റവും വളക്കൂറുള്ള പ്രദേശങ്ങളാണ് മരുതംതിണ എന്നറിയപ്പെടുന്നത്. തമിഴിൽ മരുതം എന്നാൽ കൃഷിഭൂമി എന്നാണർഥം. പുഴകളും, തോപ്പുകളും നിറഞ്ഞ സമതലപ്രദേശങ്ങൾ, ആമ്പലും താമരയും നിറഞ്ഞ പൊയ്കകൾ, നെൽപാടങ്ങൾ എന്നിവ മരുതം തിണയുടെ പ്രത്യേകതകളാണ്. ഇവിടുത്തെ ആളുകൾ കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരായിരുന്നു. ഈ നാട്ടുകാരെ ഉഴവരെന്നും വെള്ളാളരെന്നും അറിയപ്പെട്ടു. നിലം ഉഴുന്നതിനാലാണ് ഉഴവർ എന്ന് അവർ അറിയപ്പെട്ടിരുന്നത്. ഏറ്റവും സമ്പന്നമായ ഭൂപ്രദേശമായിരുന്നു ഇത്. 'വേന്തൻ' ആയിരുന്നു കുലദൈവം.

## നെയ്തൽ തിണ

> ▶ സമുദ്രതീരവുമായി ബന്ധമുള്ള സ്ഥലം

നെയ്തൽതിണ തീരപ്രദേശമാണ്. നെയ്തൽ എന്ന വാക്കിന്റെ അർഥം സമുദ്രം എന്നാണ്. കടലും അതിന്റെ തീരത്തോട് അടുത്ത പ്രദേശങ്ങളും ആണ് ഈ പേരിൽ വിവക്ഷിക്കപ്പെട്ടിരുന്നത്. ഏറ്റവും കൂടുതൽ ജനസംഖ്യ ഈ പ്രദേശത്തായിരുന്നു. മത്സ്യബന്ധനവും വ്യാപാരവും ഇവർ നടത്തിവന്നു. കടലിൽ നിന്ന് ഉള്ളിലേക്ക് പ്രവേശിക്കുന്ന അഴിമുഖങ്ങളിൽ വലിയ കപ്പലുകൾ അടുത്തിരുന്നു. വ്യാപാരം മൂലം ഇവരുടെ ജീവിതം സമ്പന്നമായിരുന്നു. തുറമുഖപട്ടണങ്ങൾ, പണ്ടകശാലകൾ മുതലായവ നെയ്തൽതിണയുടെ പ്രത്യേകതകളാണ്. നാട്ടുകാരെ പരവതവർ, മീനവർ, വലയർ എന്നാണ് വിളിച്ചിരുന്നത്. വരുണനായിരുന്നു ഇവരുടെ ദേവൻ.

സംഘലംകൃതികളിൽ നിന്നാണ് ഈ പ്രദേശത്തെക്കുറിച്ചും ഇവിടുത്തെ ജനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭിച്ചിട്ടുള്ളത്.

Remove Watermark Now

| സ്ഥലം | ജാതി | തൊഴിൽ | ദേവത | ഭൂപ്രകൃതി |
|---|---|---|---|---|
| 1.കുറിഞ്ചി | കുറവർ പുനവർ | തേൻ ശേഖരണം, ഭക്ഷണം സംഭരിക്കുക, പുനംകൃഷി | മുരുകൻ (വേലൻ) | മല, കാട് |
| 2. പാലൈ | മറവർ വേട്ടുവർ | പിടിച്ചുപറി, യുദ്ധം | കൊറ്റവൈ (കാളി) | വരണ്ടപ്രദേശം |
| 3.മുല്ലൈ | ഇടയർ ആയർ | കന്നുകാലി - സംരക്ഷണം | മായോൻ കണ്ണൻ | കുറ്റിച്ചെടികളും ചെറുകുന്നുകളും |
| 4. മരുതം | ഉഴവർ വെള്ളാളർ | കൃഷി | ഇന്ദ്രൻ (വേന്തൻ) | വയലുകൾ ഫലഭൂയിഷ്ഠമായ പ്രദേശങ്ങൾ |
| 5.നെയ്തൽ | വലയർ പരതവർ | മത്സ്യബന്ധനം | കടലോൻ (വരുണൻ) | സമുദ്രതീരം |

### 1.2.3.2 ആചാരങ്ങൾ

iSkysoft

▶ പ്രത്യേകതരം ആചാരങ്ങൾ

മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്ന ഒരു സമൂഹമാണ് സംഘകാലത്തുണ്ടായിരുന്നത്. പരേതന് ഭക്ഷിക്കുവാൻ അവർ ചോറ് നിവേദിച്ചിരുന്നു. വീരമൃത്യു വരിച്ചവരുടെ സ്മരണയ്ക്കായി 'നടുക്കല്ലുകൾ' സ്ഥാപിച്ചിരുന്നു. സതിസമ്പ്രദായം ഉണ്ടായിരുന്നതിന്റെ സൂചനകളുണ്ട്. ആയ് ആണ്ടിരൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യമാർ ഉടന്തടി ചാടിയതായി ഒരു കവിതയിൽ പരാമർശിച്ചിട്ടുണ്ട്. മൃതദേഹം ദഹിപ്പിക്കുകയോ കുഴിച്ചിടുകയോ ആണ് പതിവ്. മൃതദേഹം മുതുമക്കത്താഴികളിൽ അടക്കം ചെയ്തു കുഴിച്ചിടുന്ന സമ്പ്രദായം സാർവത്രികമായിരുന്നു. കാക്ക ഒരു പ്രത്യേകരീതിയിൽ ശബ്ദം പുറപ്പെടുവിച്ചാൽ അതിഥികൾ വരുമെന്ന് അന്നത്തെ സമൂഹം കരുതിയിരുന്നു. പൂർവികരെ ദൈവമായി ആരാധിച്ചിരുന്നതിന്റെ തെളിവുകളാണ് 'നടുക്കല്ലുകൾ'. പറശ്ശിനിക്കടവിലെ മുത്തപ്പനാരാധനയുടെ പൂർവരൂപങ്ങൾ സംഘകാലത്തെ നടുക്കല്ലിൽ ദർശിക്കാം. പഞ്ചഭൂതങ്ങളെക്കുറിച്ചുള്ള അറിവ് അക്കാലത്തെ ആൾക്കാർക്കുണ്ടായിരുന്നു. വെള്ളിനക്ഷത്രം തെക്കുദിച്ചാൽ മഴയുണ്ടാകില്ലെന്നവർ വിശ്വസിച്ചു.

### കുടുംബജീവിതം

കുടുംബജീവിതത്തിൽ ചാരിത്ര്യം വിലമതിക്കപ്പെട്ട ഒന്നായിരുന്നു. ബഹുഭാര്യാത്വം അപൂർവമായിരുന്നില്ല. പരസ്ത്രീഗമനം ധനാഢ്യൻമാർക്ക് കളങ്കമായിരുന്നില്ല. പരസ്ത്രീകളെ 'പരത്ത' എന്നാണ് വിളിച്ചിരുന്നത്. സ്ത്രീകൾക്ക് വിദ്യാഭ്യാസം ചെയ്യുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. വനിതാവിദ്യാഭ്യാസത്തിന്റെ ഫലമായി

Remove Watermark Now

വാസനാസമ്പന്നകളായ പല കവയിത്രികളും സംഘകാലത്തുണ്ടായി. ശൈശവവിവാഹത്തിന് അന്ന് പ്രസക്തി ഉണ്ടായിരുന്നില്ല. വിധവാവിവാഹം അനുവദിച്ചിരുന്നെങ്കിലും അങ്ങനെയുള്ള വിവാഹങ്ങൾ വളരെ കുറവായിരുന്നു. വിധവകളുടെ ജീവിതം വളരെ ദയനീയമായിരുന്നു. കളവും കർപ്പും എന്നിങ്ങനെ രണ്ടുതരത്തിലുള്ള വിവാഹമാണ് അന്നുണ്ടായിരുന്നത്. പ്രേമവിവാഹമാണ് കളവ്. രക്ഷിതാക്കളുടെ സമ്മതത്തോടുകൂടിയ വിവാഹം കർപ്പ് എന്നും അറിയപ്പെട്ടു. തൊൽക്കാപ്പിയത്തിൽ പല കളവുകളെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. ഏകപക്ഷീയമായ പ്രേമമുള്ള കാമുകൻ പ്രേമം സഹിക്കവയ്യാതെ പൂമാലചൂടി, പനമടൽ കൊണ്ടുണ്ടാക്കിയ കുതിരപ്പുറത്തു കയറി കാമുകിയോടുള്ള അനുരാഗം പരസ്യമായി വിളിച്ചുപറഞ്ഞശേഷം ഉപവാസമനുഷ്ഠിക്കുന്ന മടലേറൽ ഇത്തരത്തിൽ ഒന്നാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് ഒന്നുകിൽ കാമുകിയെ ലഭിക്കും. അല്ലെങ്കിൽ അതോടെ ജീവിതം അവസാനിക്കും.

> ▶ രണ്ട് വിവാഹ രീതികൾ കളവും കർപ്പും

## 1.2.3.3 പതിറ്റുപ്പത്ത്

കേരളചരിത്രപഠനത്തിന് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്ന പതിറ്റുപ്പത്ത് പുറംകവിതാവിഭാഗത്തിൽപ്പെടുന്നു. പ്രാചീന ചേരരാജാക്കന്മാരുടെ അപദാനങ്ങളാണ് ഇതിൽ വർണ്ണിക്കുന്നത്. ഓരോ പത്തിലേയും നായകന്മാർ ഓരോ ചേരരാജാക്കന്മാരാണ്. അങ്ങനെ പത്ത് രാജാക്കന്മാരെ വർണ്ണിക്കുന്ന പത്ത് ഭാഗങ്ങളാണ് പതിറ്റുപ്പത്ത്. ഇതിൽ ആദ്യത്തേയും അവസാനത്തേയും ഭാഗങ്ങൾ കണ്ടുകിട്ടിയിട്ടില്ല.

> ▶ ചേരരാജാക്കന്മാരെ പ്രകീർത്തിക്കുന്നു

### ഉതിയൻ ചേരൽ ആതൻ

പെരുംചോറ്റുതിയൻ ചേരലാതൻ എന്നുകൂടി അറിയപ്പെടുന്ന ഉതിയൻ ചേരൽ ആതൻ പ്രസിദ്ധന്മാരായ ചേരരാജാക്കന്മാരിൽ ഏറ്റവും പ്രാചീനനാണ്. ഒന്നാംപത്തിലെ നായകൻ ഇദ്ദേഹമായിരുന്നിരിക്കണം. കുഴുമൂർ ആയിരുന്നു ഇദ്ദേഹത്തിന്റെ രാജധാനി. ഉതിയൻ ചേരലാതന്റെ കാലത്തായിരുന്നു ചേരരാജ്യം കുട്ടനാടിന് വടക്കോട്ടും കിഴക്കോട്ടും വികസിക്കാൻ തുടങ്ങിയത്. ഇദ്ദേഹത്തിന് 'വാനവരമ്പൻ' എന്നൊരു ബിരുദമുണ്ടായിരുന്നു. വാനം രാജ്യത്തിന്റെ വരമ്പ് ആക്കിയവൻ എന്നും വാനവർക്ക് അമ്പുള്ളവൻ (ഇഷ്ടമുള്ളവൻ) എന്നും ഇതിന് അർഥം പറയാം. കരികാലചോളന്റെ സമകാലീനനായിരുന്നു ഇദ്ദേഹം. വെണ്ണിയിൽവെച്ച് കരികാലചോളനുമായുണ്ടായ യുദ്ധത്തിൽ മുതുകിൽ മുറിവേറ്റ് അപമാനം സഹിക്കാനാവാതെ ഈ ചേരരാജാവ് നിരാഹാരമനുഷ്ഠിച്ച് ചരമം പ്രാപിച്ചു.

> ▶ ഉതിയൻ ചേരൽ ആതൻ എന്ന രാജാവ്

### നെടുംചേരൽ ആതൻ

പതിറ്റുപ്പത്തിലെ രണ്ടാംപത്തിൽ കണ്ണനാർ എന്ന കവി വർണ്ണിച്ചിരിക്കുന്ന ചേരരാജാവാണ് നെടുംചേരൽ ആതൻ. ഇമയവരമ്പൻ എന്ന ബിരുദത്തോടുകൂടിയ രാജാവാണ് നെടുംചേരൽ ആതൻ. മുടിചൂടിയ ഏഴ് മന്നന്മാരുടെമേൽ അദ്ദേഹം വിജയം നേടിയതായും, അങ്ങനെ 'അധിരാജ' പദവിയിലേക്കുയർന്നതായും കണ്ണനാർ പറയുന്നു. നെടുംചേരൽ ആതന്റെ ഭരണകാലത്ത് അദ്ദേഹം നടത്തിയ ആക്രമണങ്ങളിൽ അന്തുവൻചേരൽ, പൽയാനൈച്ചെൽ കെഴുകുട്ടുവൻ, ചെൽവ

Remove Watermark Now

ക്കുടംകോവാഴിയാതൻ, നാർമുടിച്ചേരൽ, വേൽകെഴുകുട്ടുവൻ എന്നീ യുവരാജാക്കന്മാർ പങ്കെടുത്തിരുന്നു. കന്യാകുമാരി മുതൽ ഹിമാലയം വരെയുള്ള രാജാക്കന്മാരെ ഇദ്ദേഹം കീഴടക്കിയെന്ന് സഹജമായ അതിശയോക്തിയോടെ കവി വർണ്ണിക്കുന്നു. വനവാസിയിലെ കടമ്പരായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ശത്രുക്കൾ. അവരുടെമേൽ അദ്ദേഹം നിർണ്ണായകമായ വിജയം നേടി. ഈ ചേരരാജാവ് ദാനശീലത്തിലും കീർത്തികേട്ടിരുന്നു. ഉമ്പർകാടിന്റെ (ആനമല) ഒരു ഭാഗം കണ്ണനാർ എന്ന കവിക്ക് അദ്ദേഹം ദാനം ചെയ്തു. അദ്ദേഹം രാജകൊട്ടാരത്തിലെ അതിഥികൾക്ക് മദ്യവും ഇറച്ചിയും ഇഷ്ടം പോലെ നൽകിയിരുന്നത്രേ. കവിയുടെ ഭാഷയിൽ പറഞ്ഞാൽ, "മഴ പൊഴിയാതിരുന്നെന്നുവരാം. പക്ഷേ, ചേരൽ ആതൻ ദാനം നൽകുകതന്നെ ചെയ്യും'' എന്നതായിരുന്നു സ്ഥിതി. ഇദ്ദേഹത്തിന്റെ ഭരണം 58 വർഷം നീണ്ടുനിന്നു. ദക്ഷിണേന്ത്യയിലെ മറ്റെല്ലാ രാജാക്കന്മാരെയും പോലെ നെടുംചേരൽ ആതനും തന്റെ ഭരണവർഷം കണക്കാക്കിയിരുന്നത് യുവരാജാവായി തീർന്നത് മുതലാണ്. ചോളരാജാവുമായുള്ള യുദ്ധത്തിലാണ് ഇദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്.

▶ ധർമ്മിഷ്ഠനായ ചേരരാജാവ്

## പൽയാനൈച്ചെൽ കെഴുകുട്ടുവൻ

ഉതിയൻ ചേരൽ ആതന്റെ മകനും നെടുംചേരലാതന്റെ അനുജനുമായ പൽയാനൈച്ചെൽ കെഴുകുട്ടുവൻ പതിറ്റുപ്പത്തിലെ മൂന്നാം ഖണ്ഡത്തിൽ പ്രകീർത്തിക്കപ്പെടുന്നു. പാലൈ ഗൗതമനാരാണ് ഇദ്ദേഹത്തെ പ്രകീർത്തിച്ചു പാടിയ കവി. പൽയാനൈ മഹാരാജാവായി ഭരണം നടത്തിയിരുന്നില്ല. 25 വർഷം യുവരാജാവായി വാണതേയുള്ളു. ഇദ്ദേഹം ഉത്തരകേരളാക്രമണത്തിൽ നെടുംചേരലിനെ സഹായിക്കുകയുണ്ടായി. വടക്കേമലബാറിന്റെ, അതായത് പൂഴിനാടിന്റെ ഒരു ഭാഗമെങ്കിലും ഈ കാലഘട്ടത്തിൽ ചേരരാജാക്കന്മാർക്ക് അധീനമായിരുന്നെന്ന് ഇദ്ദേഹത്തിന്റെ 'പൂഴിയർകോൻ' എന്ന സ്ഥാനപ്പേരിൽനിന്നു മനസ്സിലാക്കാം. കൊങ്ങുനാട് ആക്രമിച്ച ചേരസൈന്യത്തെ ഇദ്ദേഹമായിരുന്നു നയിച്ചത്. ആയ് അണ്ടിരന്റെ കൊങ്ങുനാടാക്രമണം പൽയാനൈയുടെ ആക്രമണത്തിനു മുമ്പായിരുന്നു. പെരിയാർതീരത്തെ വഞ്ചിയായിരുന്നു ഇദ്ദേഹത്തിന്റെ ആസ്ഥാനമെന്നു കവിതകളിൽനിന്ന് ഊഹിക്കാം. അവസാനകാലത്ത് യുദ്ധങ്ങളിൽനിന്നെല്ലാം വിരമിച്ച് ഒരു വിരക്തജീവിതമാണ് ഇദ്ദേഹം നയിച്ചത്. പൽയാനൈ കവികൾക്കും പണ്ഡിതന്മാർക്കും വിലപ്പെട്ട സമ്മാനങ്ങൾ നൽകിയിരുന്നതായും വേദവിധിപ്രകാരം യാഗംചെയ്യുന്നതിന് ബ്രാഹ്മണരെ സഹായിച്ചിരുന്നതായും പറയുന്നു. അദ്ദേഹത്തിന്റെ സഹായത്താൽ ഗൗതമനാർ പത്തു യാഗം കഴിച്ചതായി രേഖകൾ ഉണ്ട്.

▶ യുവരാജാവായി ഭരണം

## നാർമുടിച്ചേരൽ

നെടുംചേരലാതന്റെ മകനായ നാർമുടിച്ചേരലിനെ കാപ്പിയാറ്റുക്കാപ്പിയനാർ പതിറ്റുപ്പത്തിന്റെ നാലാംപാദത്തിൽ വാഴ്ത്തുന്നു. യുവരാജാവായി അഭിഷേകം കഴിച്ചപ്പോൾ പനനാരുകൊണ്ടുള്ള കിരീടവും രത്നങ്ങൾക്കുപകരം കളംകായ്കളും അണിഞ്ഞതുകൊണ്ടാണ് 'കളംകായ്ക്കണ്ണിനാർമുടി' എന്ന് ഇദ്ദേഹം വിശേഷിപ്പിക്കപ്പെട്ടത്. രാജ്യങ്ങൾ ആക്രമിച്ചു കീഴ്പ്പെടുത്തിയെങ്കിലും, പൽയാനൈയെപ്പോ

Remove Watermark Now

ലെ ഇദ്ദേഹവും രാജ്യഭാരം ഏറ്റില്ല. യുവരാജാവായി 25 വർഷം വാണ ശേഷം, അച്ഛൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ അദ്ദേഹം മരണമടഞ്ഞു. ഒട്ടേറെ യുദ്ധങ്ങളിൽ വിജയം വരിച്ചെങ്കിലും, പരാജിതരായ ശത്രുക്കളോടു അനുകമ്പാപൂർവമായാണ് അദ്ദേഹം പെരുമാറിയിരുന്നത്. ഏഴിമലയിലെ നന്നനായിരുന്നു അദ്ദേഹത്തിനു നേരിടേണ്ടിവന്ന ഏറ്റവും പ്രബലനായ ശത്രു. നന്നന്റെ പുന്നാടാക്രമണം നാർമുടിച്ചേരലിനെ പ്രകോപിപ്പിക്കുകയും അദ്ദേഹം എയിനന്റെ നേതൃത്വത്തിൽ ചേരസൈന്യത്തെ നന്നന്റെ നേർക്ക് അയയ്ക്കുകയും ചെയ്തു. നാർമുടിച്ചേരൽ വാകൈപ്പെരുംതുറൈ യുദ്ധത്തിൽ നന്നനെ വധിക്കുകയും പൂഴിനാട് പൂർണ്ണമായും ചേരാധിപത്യത്തിലാക്കുകയും ചെയ്തു. നാർമുടിച്ചേരൽ ജനങ്ങളുടെ എല്ലാവിധ സുഖസൗകര്യങ്ങളിലും സജീവമായി ശ്രദ്ധിച്ചിരുന്നു. കവികളുടെയും പണ്ഡിതന്മാരുടെയും പുരസ്കർത്താവെന്ന നിലയിൽ അദ്ദേഹം പ്രകീർത്തിക്കപ്പെട്ടു. ആസ്ഥാനകവിയായിരുന്ന കാപ്പിയാറ്റുക്കാപ്പിയനാർക്ക് അദ്ദേഹത്തിന്റെ പ്രതിഭാശക്തിയെ മാനിച്ച് നാർമുടിച്ചേരൽ 40 ലക്ഷം സ്വർണ്ണനാണ്യങ്ങൾ സമ്മാനിക്കുകയുണ്ടായി. കവികൾക്ക് ആനകളെയും അദ്ദേഹം പാരിതോഷികമായി കൊടുത്തിരുന്നു.

▶ നിരവധി ശത്രുക്കളെ നേരിടേണ്ടിവന്നു

## വേൽ കെഴു കുട്ടുവൻ

നെടുംചേരൽ ആതന്റെ മറ്റൊരു മകനാണ് കടൽപിറകോട്ടിയ വേൽകെഴുകുട്ടുവൻ. പതിറ്റുപ്പത്തിന്റെ അഞ്ചാംപത്തിൽ പരണർ ഇദ്ദേഹത്തെ പുകഴ്ത്തുന്നു. വേൽ കെഴുകുട്ടുവൻ പിതാവിനുശേഷം ഭരണ മേറ്റു. കൊടുങ്ങല്ലൂരെ കണ്ണകിപ്രതിഷ്ഠയ്ക്കു വേണ്ട ശില കൊണ്ടുവരാൻ ഗംഗാതടംവരെ ജൈത്രയാത്ര നടത്തുകയും സമകാലികരായ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും സാന്നിധ്യത്തിൽ പ്രതിഷ്ഠാകർമ്മം നിർവഹിക്കുകയും ചെയ്തതായി ചിലപ്പതികാരത്തിൽ വർണ്ണിക്കപ്പെടുന്ന ചേരൻ ചെങ്കുട്ടുവനും വേൽ കെഴുകുട്ടുവനും ഒരാളാണെന്ന് വാദം പ്രബലമാണ്. വേൽ കെഴു കുട്ടുവന്റെ മഹത്തായ ഒട്ടേറെ നേട്ടങ്ങളെപ്പറ്റി സൂചനകളുണ്ട്. മോകൂർമന്നനേയും കൊങ്ങരെയും ഇദ്ദേഹം തോല്പിച്ചതായി പറയപ്പെടുന്നു. കടൽപിറകോട്ടിയ എന്ന ബിരുദം സ്വീകരിച്ചതിൽനിന്ന് അദ്ദേഹം സമുദ്രയുദ്ധത്തിൽ കാര്യമായ വിജയം നേടിയിരുന്നതായി കരുതാം. വേൽകെഴുകുട്ടുവൻ തന്റെ സുശക്തമായ വേലുകൊണ്ട് കടലിനെ പിറകോട്ടു പായിച്ചു എന്നാണ് പരണർ വർണ്ണിച്ചിരിക്കുന്നത്. രാജാവു നടത്തിയ ഒരു സമുദ്രോത്സവത്തെയോ, കടൽക്ഷോഭത്താലോ മറ്റോ വെള്ളം വലിഞ്ഞു തീരത്തിനുണ്ടായ മാറ്റത്തേയോ ഭാവനശാലിയായ കവി അതിശയോക്തിയിൽ വർണ്ണിച്ചതാണെന്നു കരുതിയാൽ മതി. വേൽ കെഴുകുട്ടുവനും ചേരൻ ചെങ്കുട്ടുവനും ഒരാളാണെന്ന വാദം പ്രബലമാണ്. ഇദ്ദേഹം കവികളെയും കലാകാരന്മാരെയും പരമാവധി പ്രോത്സാഹിപ്പിച്ചിരുന്നതായും സമുദ്രവാണിജ്യവും വ്യവസായവും വളരെയധികം വികാസം പ്രാപിച്ചിരുന്നതായും കണക്കാക്കാം. പെരുംചേരൽ ഇരുമ്പൊറൈ, ഇളംചേരൽ, ആടുകോട്ട് പാട്ടുച്ചേരലാതൻ എന്നീ യുവരാജാക്കന്മാർ ഇദ്ദേഹത്തിനെ ആക്രമണങ്ങളിൽ സഹായിച്ചിരുന്നു.

▶ അഞ്ചാംപത്തിൽ പരണർ പുകഴ്ത്തുന്നു

Remove Watermark Now

## ആടുകോട് പാട്ടുച്ചേരലാതൻ

പതിറ്റുപ്പത്തിന്റെ ആറാംഖണ്ഡത്തിൽ പ്രകീർത്തിതനായ ആടുകോട് പാട്ടുച്ചേരലാതനും നെടുംചേരലാതന്റെ മകനാണ്. 38 വർഷം യുവരാജാവായിരുന്ന ഇദ്ദേഹം രാജാവായി രാജഭരണം ഏറ്റില്ല. ഇദ്ദേഹത്തിന്റെ ദാനശീലവും പരാക്രമവും പതിറ്റുപ്പത്തിൽ പ്രത്യേകം പുകഴ്ത്തപ്പെടുന്നു. പോർനിലത്തിലെ വിജയാഘോഷങ്ങളിൽ കൈയിൽ വാളുമേന്തി അദ്ദേഹം നൃത്തമാടാറുണ്ടായിരുന്നു. അതുകൊണ്ടാണ് ആടുകോട്ട് പാട്ടുച്ചേരലാതനെന്നു വിളിച്ചുവന്നതെന്ന് ഒരഭിപ്രായമുണ്ട്. ഏതോ എതിരാളി തട്ടിക്കൊണ്ടുപോയ ഒരുപറ്റം ആടുകളെ വീണ്ടെടുത്തതുകൊണ്ടാണ് ഇങ്ങനെ വിളിക്കുന്നതെന്നും പറയുന്നു. കുട്ടനാട്ടെ ഒരു ഗ്രാമം മുഴുവൻ ഇദ്ദേഹം ബ്രാഹ്മണർക്കു ദാനംനൽകിയത്രെ. സാഹിത്യത്തിനും കലകൾക്കും പ്രോത്സാഹനം നൽകിയിരുന്ന ഇദ്ദേഹം വാണിജ്യവും വ്യവസായവും വികസിപ്പിക്കുന്നതിലും തല്പരനായിരുന്നു.

> ▶ പോർന്നിലത്തിൽ വാളുമേന്തി നൃത്തം

## ചെൽവക്കടുംകോ വാഴിയാതൻ

സംഘകാലകവികളിൽ അഗ്രേസരനായ കപിലർ പതിറ്റുപ്പത്തിന്റെ ഏഴാംഭാഗത്തിൽ ഇദ്ദേഹത്തെക്കുറിച്ചു പാടുന്നു. തൊണ്ടിയായിരുന്നു ഇദ്ദേഹത്തിന്റെ ആസ്ഥാനം. ചെൽവക്കടുംകോ വാഴിയാതൻ 25 വർഷം നാടുവാണിരുന്നു എന്നു പറയുന്നു. അന്തുവൻചേരലിന്റെ മകനായ ഇദ്ദേഹം നെടുംചേരലാതന്റെ ഭാര്യയുടെ അനുജത്തിയെ വിവാഹംകഴിച്ചു. ചോളരുടെയും പാണ്ഡ്യരുടെയും സംയുക്ത സൈന്യങ്ങളെ ഇദ്ദേഹം പരാജയപ്പെടുത്തിയതായി പറയപ്പെടുന്നു. ചെൽവക്കടുംകോ രാജ്യത്തിന്റെ നാനാഭാഗത്തും പുതിയ ഗ്രാമങ്ങൾ സ്ഥാപിക്കുകയും യാഗങ്ങൾ നടത്തുകയും ചെയ്തിരുന്നു. നിസ്സീമമായിരുന്നു കവികളോട് അദ്ദേഹത്തിനുണ്ടായിരുന്ന സൗമനസ്യം. ഒരു ലക്ഷം സ്വർണ്ണനാണയവും ഒരു കുന്നിൽ നിന്ന് നോക്കിയാൽ കാണുന്നത്ര ഭൂമിയും അദ്ദേഹം കപിലർക്കു സമ്മാനിച്ചതായി പറയപ്പെടുന്നു. അടുത്തകാലത്ത് പുകഴൂർനിന്നു കിട്ടിയ അരനാട്ടാർമലൈ ശാസനത്തിൽ പറയുന്ന ആതൻചേരൽ ഇരുമ്പോറൈ ഇദ്ദേഹമായിരിക്കണം.

> ▶ ഏഴാംപത്തിൽ കപിലർ വർണ്ണിക്കുന്നു

## പെരുംചേരൽ ഇരുമ്പൊറൈ

പതിറ്റുപ്പത്തിന്റെ എട്ടാംപത്തിൽ അരിശിൽകീഴാർ എന്ന കവി പെരുംചേരൽ ഇരുമ്പൊറൈയെ പ്രകീർത്തിക്കുന്നു. ചെൽവക്കടുംകോവിന്റെ മകനാണ് ഇദ്ദേഹം. 'തകടൂർ എറിനുപെരുംചേരൽ' എന്ന് കവിതകളിൽ ഇദ്ദേഹത്തെ പരാമർശിച്ചു കാണുന്നു. ചോളപാണ്ഡ്യരാജാക്കന്മാരെയെന്നപോലെ തകടൂർ അരചനേയും ഇദ്ദേഹം തോല്പിച്ചു. പൂഴിനാടിന്റെയും കൊല്ലിമലയുടെയും മാത്രമല്ല. പുകാറിന്റെയും അധിനായകനായി കവിതകളിൽ ഇദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നു. ഇതിനെ ആസ്പദമാക്കി, വേൽകെഴു കുട്ടുവന്റെ ഭരണകാലത്ത് ഇദ്ദേഹം ചോളതലസ്ഥാനമായ പുകാറും പിടിച്ചടക്കിയതായി ചിലർ ചൂണ്ടിക്കാണിക്കുന്നു. പെരുംചേരലിന്റെ ഔദാര്യത്തേയും ദാനശീലത്തേയും അരിശിൽകീഴാർ മുക്തകണ്ഠം പ്രശംസിക്കുന്നു. ഇദ്ദേഹം ഒട്ടധികം യാഗങ്ങൾ നടത്തിയതായും പറയപ്പെടുന്നുണ്ട്. ഇളംചേരൽ

> ▶ എട്ടാംപത്തിൽ അരശിൽകീഴാർ പരാമർശിക്കുന്നു

iSkysoft

Remove Watermark Now

ഇരുമ്പൊറൈ പെരുംചേരലിന്റെ മകനാണ് ഇളംചേരൽ. പതിറ്റുപ്പത്തിന്റെ ഒൻപതാം ഭാഗത്ത് പെരുംകുന്നൂർ കിഴാൽ ഇദ്ദേഹത്തെക്കുറിച്ച് വർണ്ണിക്കുന്നു. അദ്ദേഹം ചോളരെയും പാണ്ഡ്യരെയും പരാജയപ്പെടുത്തുകയും അവരിൽ നിന്ന് പിടിച്ചെടുത്ത സമ്പത്ത് രാജധാനിയായ വഞ്ചിയിൽ കൊണ്ട് വന്ന് പാണന്മാർക്കും മറ്റും ദാനം ചെയ്തതായി പറയപ്പെടുന്നു.

## യാനൈക്കട് ചേയ്മാന്തരൻ ചേരൽ

പതിറ്റുപ്പത്തിലെ നഷ്ടപ്പെട്ട പത്താമത്തെ പത്തിൽ പ്രകീർത്തിക്കുന്ന രാജാവ് ഇദ്ദേഹമാണെന്ന് വിശ്വസിക്കുന്നു. മദയാനയുടെ സ്ഥൈര്യവും നോട്ടവുമെല്ലാം ചേർന്നായിരിക്കാം യനൈകാട് ചേയ് എന്ന വിശേഷണം മാന്തരം ചേരലിന് ലഭിച്ചിട്ടുണ്ടാവുക. തൊണ്ടി ആസ്ഥാനമാക്കി ഭരണം നടത്തിയ ഇദ്ദേഹത്തിന്റെ കാലത്തോടുകൂടി ചേരസാമ്രാജ്യം ക്ഷയോന്മുഖമായതായി കാണാം. ഏകദേശം രണ്ടായിരം വർഷക്കാലം പതിറ്റുപ്പത്തിലെ ചേരപരമ്പര രാജ്യം ഭരിച്ചിരുന്നതായി കാണാം. ഇവരിൽ ഉതിയൻ ചേരൽ ആതൻ, നെടുംചേരൽ, വേൽക്കെഴുകുട്ടുവൻ എന്നിവരാണ് ദീർഘകാലം രാജ്യം ഭരിച്ചത്. ചേരരാജാക്കന്മാരുടെ പ്രബലചരിത്രം പതിറ്റുപ്പത്തിലൂടെയാണ് വെളിവാകുന്നത്.

▶ പത്ത് ചേരരാജാക്കന്മാർ

### 1.2.4 ഏഴിമല

കണ്ണൂരിൽനിന്നും 25 കി. മീ. വടക്ക് കുന്നരുഗ്രാമത്തിൽ കടലിനു സമാന്തരമായി കിടക്കുന്ന ഒരു മലനിര. പ്രാചീന കാലത്തുതന്നെ മനുഷ്യവാസം ഇവിടെ ഉണ്ടായിരുന്നതിന്റെ തെളിവായി മഹാശിലാസ്മാരകങ്ങൾ ഈ മലയിൽ കാണാം. എ. ഡി. 5-ാം ശതകത്തിൽ കേരളത്തിൽ നിലനിന്നിരുന്ന ഒരു പ്രധാന രാജ്യമായ 'ഏഴിമല' യിൽ 'പൂഴിനാട്' എന്നറിയപ്പെട്ട വടക്കേമലബാറും 'മൊഴിപെയർദേശം' എന്നു വിളിക്കപ്പെട്ട കാസർകോടും ഉൾപ്പെട്ടിരുന്നു. ഏഴിമല ഭരിച്ചിരുന്നത് നന്നനാണ്. ഏഴിമലയുടെ സമീപത്തുള്ള ഒരു കുന്നിൽ സ്ഥിതിചെയ്തിരുന്ന നന്നന്റെ പാഴി പട്ടണത്തെപ്പറ്റി മാമൂലനാർ എന്ന കവി അകനാനൂറിൽ വർണ്ണിച്ചിട്ടുണ്ട്. നന്നനും ബന്ധുക്കളും അവിടെ വലിയ നിധികൾ കുഴിച്ചിട്ടതായി വിശ്വസിച്ചുപോരുന്നു. 'നന്നൻ'എന്നു കീർത്തികേട്ട നന്നനെ വാകൈപ്പെരുന്തുറൈ യുദ്ധത്തിൽ ചേരരാജാവായ നാർമുടിച്ചേരൽ വധിച്ചതോടുകൂടി പൂഴിനാട് ചേരർക്കധീനമായെന്നു പറയപ്പെട്ടിരിക്കുന്നു. ഏഴിമലയുടെ ചരിത്രത്തക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്നത് അഴിശ്ശിയുടെയും പരണരുടെയും കവിതകളിൽ നിന്നാണ്. ഏഴുമല, എലിമല എന്നെല്ലാം ഏഴിമലയ്ക്കു രൂപാന്തരങ്ങളുണ്ടായി. പൊക്കമുള്ള എന്ന അർഥത്തിൽ പ്രയുക്തമായ ഏഴിൽ 'ഏഴ്' എന്നായപ്പോൾ സപ്തശൈലം എന്നിങ്ങനെ ഒരു സംസ്കൃത തർജമയുണ്ടായി. മൂഷിക വംശരാജാക്കന്മാർ ഭരിച്ചിരുന്ന മൂഷികഖണ്ഡത്തിൽ ഉൾപ്പെടുന്നതുകൊണ്ടാണ് എലിമല എന്നും അതിന്റെ തർജമയായി മൂഷികശൈലം എന്നും പേർവന്നത് എന്നും ഊഹിക്കപ്പെടുന്നു. വിദേശീയരാകട്ടെ എലി, ഹിലി, ഡിലേലി എന്നിങ്ങനെ വിവിധ നാമങ്ങളിൽ ഈ മലയെ വിളിച്ചുവന്നു.

▶ പ്രാചീനകാലം മുതൽ മനുഷ്യവാസം

മൂഷികവംശം എന്ന സംസ്കൃതകാവ്യത്തിൽ പ്രകീർത്തിക്കപ്പെട്ട

Remove Watermark Now

കോലത്തിരി രാജാക്കന്മാരുടെ ആദ്യകാല ആസ്ഥാനം ഏഴിമലയായിരുന്നു. 13-ാം ശതകത്തിന്റെ അന്ത്യത്തിൽ കേരളം സന്ദർശിച്ച മാർക്കോപോളോ 'എലി'യിലെ രാജാവ് ആരുടെയും സാമന്തനായിരുന്നില്ലെന്നും രാജ്യത്തിന്റെ കിടപ്പ് സുഖകരമായ ആക്രമണത്തിന് യോജിച്ചതല്ലായ്കയാൽ നിർഭയനായിക്കഴിഞ്ഞിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 14-ാം ശതകത്തിൽ ഇബ്നുബത്തൂത്ത ഇവിടെ എത്തിയിരുന്നതായി അദ്ദേഹത്തിന്റെ വിവരണങ്ങളിൽ നിന്നും ഗ്രഹിക്കാം. 'മൗണ്ടുഡേലി' എന്നു വിളിച്ചുവരുന്ന ഈ മലയിലെ ഏറ്റവും ഉയർന്ന കൊടുമുടിക്കു സമുദ്രവിതാനത്തിൽ നിന്ന് 260 മീ. ഉയരമുണ്ട്. മലയുടെ തെക്കേയറ്റം അവസാനിക്കുന്ന എട്ടിക്കുളം ഒരു പ്രാചീന തുറമുഖമായിരുന്നു. ഇവിടെ 1550-മാണ്ടിനോടടുത്ത് പോർച്ചുഗീസുകാർ പണികഴിപ്പിച്ച കോട്ടയുടെ അവശിഷ്ടം ഇന്നുമുണ്ട്. ഈ കോട്ട പിന്നീട് ഫ്രഞ്ചുകാരും തുടർന്ന് ബ്രിട്ടീഷുകാരും കൈവശം വച്ചിരുന്നു. മലയുടെ പൂർവഭാഗത്തിലൂടെ വളപട്ടണം പുഴയിലേക്ക് ഒഴുകുന്ന സുൽത്താൻതോട് മലബാർ ആക്രമണകാലത്ത് നാവിക സൗകര്യങ്ങൾക്കായി ടിപ്പുസുൽത്താൻ പണികഴിപ്പിച്ചതാണ്. കേരളോല്പത്തി രേഖപ്പെടുത്തുന്ന 32 ബ്രാഹ്മണഗ്രാമങ്ങളിലൊന്നായ പയ്യന്നൂർ ഏഴിമലയിൽ നിന്ന് 8 കി.മീ. വടക്കു കിഴക്കു സ്ഥിതി ചെയ്യുന്നു. പരശുരാമൻ കുടിയിരുത്തിയതായി വിശ്വസിക്കപ്പെടുന്ന 14 പ്രാചീന ബ്രാഹ്മണകുടുംബങ്ങൾ ഇന്നും കുന്നരുവിൽ താമസിച്ചുവരുന്നു. മലയുടെ പടിഞ്ഞാറുവശത്ത് പരശുരാമൻ പ്രതിഷ്ഠിച്ചതെന്നു കരുതപ്പെടുന്ന ശങ്കരനാരായണക്ഷേത്രം കാണാം. ഒരുകാലത്തു ഏഴിമല മുഴുവൻ ഈ ക്ഷേത്രത്തിന്റെ (രാമന്തളി ദേവസ്വം) സ്വത്തായിരുന്നു.

▶ വിദേശ സഞ്ചാരികളുടെ വിവരണങ്ങൾ

ഏഴിമലയുടെ അടിവാരത്തിൽ സമുദ്രോന്മുഖമായി സ്ഥിതിചെയ്യുന്ന നരയാൻ കണ്ണൻ (നരസിംഹം) ക്ഷേത്രം പൂർവചോളരീതിയിൽ സ്തംഭതോരണാദികൾ കൊത്തിയതും ഇരട്ടച്ചുമരുള്ള ശ്രീകോവിലോടുകൂടിയതുമാണ്. വട്ടെഴുത്തിലുള്ള ഒരു ശിലാശാസനം ക്ഷേത്രമുറ്റത്തു കാണാം. അന്നത്തെ സാമൂഹിക-സാമ്പത്തിക സ്ഥിതികളിലേക്കു വെളിച്ചം വീശുന്ന മൂഴിക്കുളംകച്ചവും മണിഗ്രാമവും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഒരു പ്രാചീന ദേവ്യാരാധനാസമ്പ്രദായത്തിലുൾപ്പെടുന്ന എട്ടിക്കുളം ഭഗവതി, പുതിയ ഭഗവതി, പൂമാല ഭഗവതി എന്നീ തെയ്യങ്ങൾ കെട്ടിയാടിച്ചു വരുന്ന കാവുകൾ ഏഴിമലയുടെ പരിസരങ്ങളിലുണ്ട്. കോലത്തുനാട്ടിലെ തീയരുടെ നാലു പ്രാചീന കഴകങ്ങളിലൊന്നായ കുറുവന്തട്ട രാമന്തളിയിൽ സ്ഥിതി ചെയ്യുന്നു. മലയുടെ മുകളിലുള്ള ഏഴിപ്പള്ളി മുസ്ലീങ്ങളുടെ ഒരു തീർഥാടനകേന്ദ്രമാണ്. ഷെയിഖ് അബ്ദുൽ ലത്തീഫ് എന്ന ഫക്കീറിന്റെ ഭൗതികാവശിഷ്ടം ഇവിടെയുണ്ടെന്നാണ് വിശ്വാസം. ആധുനിക ചരിത്രത്തിലും ഏഴിമലയ്ക്ക് പ്രാധാന്യം ലഭിച്ചിട്ടുണ്ട്. ഇറ്റാലിയൻ ക്രിസ്ത്യൻ മിഷണറിയുടെ ഒരു കേന്ദ്രം ഇവിടെ പ്രവർത്തിച്ചുവരുന്നു. നാരായണഗുരുവിന്റെ ശിഷ്യനായ നടരാജഗുരു 1968-ൽ മലയുടെ പശ്ചിമപാർശ്വത്തിൽ മാൻകൊല്ലി എന്ന സ്ഥലത്തു നാരായണഗുരുകുലം സ്ഥാപിക്കുകയുണ്ടായി. ഇവിടെ ലോകസമാധാനത്തിനുള്ള അന്താരാഷ്ട്ര സമ്മേളനങ്ങൾ സംഘടിപ്പിച്ചിരുന്നു.

▶ ഏഴിമലയുടെ പ്രാധാന്യം

Remove Watermark Now

## 1.2.5 ആയ്‌രാജവംശം

സംഘകാലത്തെത്തുടർന്നുവരുന്ന രണ്ടിലധികം നൂറ്റാണ്ടുകൾ കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഘട്ടമാണ്. ദക്ഷിണകേരളത്തിലെ ഏറ്റവും പഴയ രാജവംശത്തിൽപ്പെട്ട ആയ്‌രാജാക്കന്മാരെക്കുറിച്ചുള്ള ചില വിവരങ്ങൾ സംഘംകൃതികളിൽ നിന്നും ശാസനങ്ങളിൽ നിന്നുമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. ഈ ഇരുണ്ടകാലത്തെ ആയ് രാജ്യചരിത്രജ്ഞാനവും ഇരുളടഞ്ഞുതന്നെ കിടക്കുന്നു. അതായത് സംഘകാലത്തും പിന്നീട് എ.ഡി.7-ാം ശതകത്തിനു ശേഷവും നിലനിന്നിരുന്ന ആയ്‌രാജവംശത്തെ സംബന്ധിക്കുന്ന ചുരുക്കം ചില രേഖകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാരിസ് (പമ്പ) മുതൽ കന്യാകുമാരിവരെയുള്ള ഭൂവിഭാഗത്തെ 'അയോയി' എന്നാണ് ടോളമി നാമകരണം ചെയ്തു കാണുന്നത്. സഹ്യപർവത പ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രസ്തുത ഭൂവിഭാഗമായിരുന്നു ആയ്‌രാജാക്കന്മാരുടെ ആധിപത്യത്തിലുണ്ടായിരുന്ന രാജ്യം. ഇപ്പറഞ്ഞ രാജ്യത്തിന്റെ വിസ്തൃതി കാലാകാലങ്ങളിൽ പല തവണ ഏറിയും കുറഞ്ഞും വരുന്നതായി കാണാം. വികാസദശയിൽ അത് തെക്ക് കന്യാകുമാരി മുതൽ വടക്ക് തിരുവല്ലവരെ വ്യാപിച്ചിരുന്നതായി പറയപ്പെടുന്നു. ആദ്യകാലത്ത് ആയ്‌രാജാവിന്റെ തലസ്ഥാനം പൊതിയം (പൊതിയൻ) മലയായിരുന്നെന്ന് പുറനാനൂറിൽ നിന്നും മനസ്സിലാക്കാം. ചെങ്കോട്ടയ്ക്കടുത്തുള്ള ആയ്ക്കുടിയാണ് പൊതിയംമല എന്നറിയപ്പെടുന്നത്. ആയ്‌രാജവംശത്തിന്റെ ആഗമനത്തെക്കുറിച്ച് ശരിയായ രേഖകളൊന്നും തന്നെ ലഭിച്ചിട്ടില്ല. ഇവർ യാദവവംശത്തിൽ പിറന്നവരാണെന്ന് വിക്രമാദിത്യവരഗുണന്റെ പാലിയം ശാസനത്തിൽ പറയുന്നുണ്ട്. തൊൽക്കാപ്പിയത്തിനെഴുതിയ ഒരു വ്യാഖ്യാനത്തിൽ അഗസ്ത്യനോടൊപ്പം ദ്വാരകയിൽ നിന്നും വന്നവരാണ് ആയ്‌രാജാക്കന്മാരെന്ന് പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ കേരളമണ്ണിൽതന്നെ പിറന്ന ദ്രാവിഡരായിരുന്നു ഇവരെന്ന് സംഘംകൃതികൾ തെളിവ് നൽകുന്നു.

> ▶ ദക്ഷിണേന്ത്യയിലെ ഏറ്റവും പഴയ രാജവംശം

സംഘകാലത്തെ പ്രമുഖരായ ആയ്‌രാജാക്കന്മാർ ആയ് ആണ്ടിരൻ, തിതിയൻ, അതിയൻ എന്നിവരാണ്. പൊതിയംമലയുടെ അധിനായകൻ എന്നാണ് പുറനാനൂറിലെ ചില കവിതകളിൽ ആയ് ആണ്ടിരനെ വിശേഷിപ്പിച്ചിട്ടുള്ളത്. ആന ആയിരുന്നു ആയ്‌രാജാക്കന്മാരുടെ ചിഹ്നം. അകനാനൂറിൽ തിതിയൻ എന്ന രാജാവിനെ പൊതിയിൽ ചെൽവൻ എന്നാണ് വർണ്ണിച്ചിട്ടുള്ളത്. ഇദ്ദേഹം ആണ്ടിരന്റെ അനന്തരഗാമിയാണെന്നതിന് മതിയായ തെളിവുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. സംഘകാലകവികളായ കപിലർ, പരണർ തുടങ്ങിയവർ ഈ രാജാവിന്റെ സമകാലികരായിരുന്നു. തിതിയന്റെ അനന്തരഗാമിയായി അതിയൻ എന്ന രാജാവ് ഭരണാധികാരം ഏൽക്കുന്നു. ഇദ്ദേഹത്തിന്റെ ഭരണകാലം മുതൽ ആയ്‌രാജ്യം ശിഥിലമാകാൻ തുടങ്ങിയതായി കാണാം. പരാക്രമശാലിയായ പശുംപൂൺ പാണ്ഡ്യൻ (അഴകിയ പാണ്ഡ്യൻ) ആയ്‌രാജ്യം ആക്രമിക്കുകയും അതിയനെ കീഴടക്കുകയും ചെയ്തതായി ശാസനങ്ങളിൽ കാണുന്നു. ഇദ്ദേഹവും തുടർന്നുള്ളവരും തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ പ്രദേശങ്ങളെല്ലാം കാലക്രമേണ തിരിച്ചുപിടിച്ചെങ്കിലും പഴയശക്തി വീണ്ടെടുക്കാൻ കഴിഞ്ഞില്ല. എ.ഡി. 7-ാം ശതകത്തിനുശേഷമുള്ള ചില ആയ്‌രാ

Remove Watermark Now

ജ്യങ്ങളെക്കുറിച്ച് പാണ്ഡ്യശാസനങ്ങളിൽ പറയുന്നുണ്ട്. അക്കാലത്ത് ആയ്‌രാജ്യത്തിന്റെ കിഴക്കൻഭാഗങ്ങളിൽ പാണ്ഡ്യന്മാരും വടക്ക് ചേരന്മാരും വൻശക്തിയായി വളർന്നു കഴിഞ്ഞിരുന്നു. പലതവണ പാണ്ഡ്യരാജാക്കന്മാർ ആയ്‌രാജ്യത്തെ ആക്രമിക്കുകയും കീഴടക്കുകയും ചെയ്തതായി പാണ്ഡ്യശാസനത്തിൽനിന്നും മനസ്സിലാക്കാം. എട്ടാം ശതകത്തിന്റെ ഉത്തരാർധം മുതൽ പത്താം ശതകത്തിന്റെ ആദ്യപാദം വരെ ഭരണാധിപൻമാരായിരുന്ന ആയ്‌രാജാക്കന്മാരിൽ കീർത്തി നേടിയവർ ചടയൻ, കരുനന്തൻ, കരുനന്തരമൻ, കരുനന്തടക്കൻ, വരഗുണൻ തുടങ്ങിയവരാണ്. ഇവരുടെ ഭരണകാലത്ത് ആസ്ഥാനം വിഴിഞ്ഞമായിരുന്നു എന്നതിന് തെളിവുകളുണ്ട്. എ.ഡി. 8-ാം ശതകത്തിന്റെ ഉത്തരാർധത്തിൽ ആയ്‌രാജ്യം ഭരിച്ചത് ചടയനും അദ്ദേഹത്തിന്റെ മകൻ കരുനന്തനുമായിരുന്നു. ഇവരുടെ ഭരണകാലത്തും പാണ്ഡ്യരുടെ ആക്രമണം ഉണ്ടായിരുന്നെങ്കിലും പാണ്ഡ്യരുടെ ആധിപത്യം അംഗീകരിക്കാൻ ആയ്‌രാജാക്കന്മാർ തയ്യാറായില്ല. ചേരരാജാക്കന്മാരുമായി അടുത്തബന്ധം സ്ഥാപിച്ച ആയ്‌രാജാക്കന്മാർ ചേരരുടെ പിന്തുണയോടെ പാണ്ഡ്യർക്കെതിരെ യുദ്ധം ചെയ്തിരിക്കണം. കരുനന്തനെ തുടർന്ന് അധികാരമേറ്റത് കരുനന്തരമൻ ആണെന്നുള്ളതിന് ചില ഊഹാപോഹങ്ങൾ മാത്രമേയുള്ളൂ.

- ആഗമനത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ

## കരുനന്തടക്കൻ

ആയ്‌രാജവംശത്തിലെ പ്രസിദ്ധനായ രാജാവായിരുന്നു കരുനന്തടക്കൻ. വിഴിഞ്ഞം രാജധാനിയാക്കി ഭരണം നടത്തിയിരുന്ന ഇദ്ദേഹം നാഗർകോവിൽ മുതൽ തൃപ്പാപ്പൂർവരെയുള്ള നാടിന്റെ അധിപനായിരുന്നു. പാർത്ഥിവശേഖരപുരം എന്ന സ്ഥലത്തുള്ള വിഷ്ണുക്ഷേത്രം, കരുനന്തടക്കനാണ് നിർമ്മിച്ചത്. കരുനന്തടക്കൻ ശ്രീവല്ലഭനെന്നും അറിയപ്പെട്ടിരുന്നതായി ഹജൂർശാസനത്തിൽനിന്നും മനസ്സിലാക്കാം. പാർത്ഥിവപുരത്ത് പണികഴിപ്പിച്ച വിഷ്ണുക്ഷേത്രത്തിനുചുറ്റും ഇദ്ദേഹം ഒരു ഗ്രാമം സ്ഥാപിച്ചു. കൂടാതെ അവിടെ ഒരു വേദപാഠശാലയും തുടങ്ങി. ഇതാണ് 'പാർത്ഥിവപുരംശാല' എന്ന പേരിൽ പ്രസിദ്ധമായത്. പ്രശസ്തമായ കാന്തളൂർ ശാലയുടെയും സ്ഥാപകൻ കരുനന്തനാണെന്ന് കരുതുന്നു.

- ശ്രീവല്ലഭൻ എന്നറിയപ്പെട്ടിരുന്നു

## വിക്രമാദിത്യവരഗുണൻ

വരഗുണനാണ് കരുനന്തടക്കന്റെ അനന്തരഗാമി. ഇദ്ദേഹത്തിന് വിക്രമാദിത്യൻ എന്ന സ്ഥാനപ്പേരുണ്ടായിരുന്നു. ചോളർക്ക് എതിരായ യുദ്ധത്തിൽ പാണ്ഡ്യരെ വിക്രമാദിത്യവരഗുണൻ സഹായിച്ചിട്ടുള്ളതായി ചില ചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നു. മറ്റു മതങ്ങളെ തുറന്ന മനസ്സോടെ വീക്ഷിച്ചിരുന്ന വരഗുണൻ പ്രസിദ്ധ ബുദ്ധവിഹാരമായിരുന്ന ശ്രീമൂലവാസത്തിന് വളരെയധികം ഭൂസ്വത്ത് ദാനം ചെയ്തിട്ടുള്ളതായി പാലിയം ശാസനത്തിൽ നിന്നും മനസ്സിലാക്കാം. ബുദ്ധമതപ്രോത്സാഹനത്തിന് അദ്ദേഹം നൽകിയ ഭൂദാനത്തെ പരിഗണിച്ച് കേരളത്തിലെ അശോകചക്രവർത്തി എന്നാണ് ചരിത്രകാരനായ എം.ജി.എസ്. നാരായണൻ വിക്രമാദിത്യവരഗുണനെ വിശേഷിപ്പിക്കുന്നത്. വിക്രമാദിത്യവരഗുണന്റെ കാലശേഷം ആയ്‌വംശത്തിന് പ്രത്യേക രാജവംശം എന്ന പദവി നഷ്ടപ്പെട്ടു. ആയ്‌രാജവംശത്തിന്റെ വടക്കൻഭാഗങ്ങൾ ചേരരാജ്യത്തിന്റെ ഭാഗമാവുകയും തെക്കുള്ള കു

- ആയ് രാജവംശത്തിന്റെ തകർച്ച

Remove Watermark Now

റെ ഭാഗങ്ങൾ ചോളന്മാരുടെ അധീനത്തിലാവുകയും ചെയ്തു.

## 1.2.6 സാമൂഹിക സാംസ്കാരിക രംഗം

ആയ്‌രാജാക്കൻമാരുടെ ചില ശാസനങ്ങൾ രാഷ്ട്രീയ സാമൂഹിക സ്ഥിതിഗതികളിലേക്ക് വെളിച്ചം വീശുന്നുണ്ട്. മക്കത്തായം പിന്തുടർന്നിരുന്ന ആയ്‌രാജാക്കന്മാർക്ക് രാജ്യാവകാശം പരമ്പരാഗതമായിരുന്നു. രാജ്യത്തെ പല നാടുകളായും നാടിനെ ദേശങ്ങളായും വിഭജിച്ചിരുന്നു. രാജാവിന്റെ നിർദ്ദേശപ്രകാരം നാടിന്റെ ഭരണകാര്യങ്ങൾ നിർവഹിച്ചുപോന്ന ഉദ്യോഗസ്ഥനെ കിഴവൻ എന്നാണ് വിളിച്ചിരുന്നത്. രാജ്യത്തിന്റെ പ്രതിരോധ സജ്ജീകരണങ്ങളിൽ ഭരണാധികാരികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിഴിഞ്ഞവും കാന്തളൂരുമായിരുന്നു അവരുടെ സൈനിക കേന്ദ്രങ്ങൾ. പിഴ ഈടാക്കുകയായിരുന്നു ഏതു കുറ്റത്തിനുമുള്ള ശിക്ഷ. സ്വർണ്ണമായി ഈടാക്കിയിരുന്ന ഈ പിഴ ക്ഷേത്രത്തിലോ രാജഭണ്ഡാരത്തിലോ നിക്ഷേപിക്കുകയായിരുന്നു പതിവ്. രാജ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമായിരുന്നു ക്ഷേത്രത്തിലെ സഭ. സഭ പത്തു പതിനഞ്ചു പേരുള്ള ഒരു സംഘമായിരുന്നു. കാര്യനിർവഹണസമിതിയുടെ പേര് 'വാരിയം' എന്നായിരുന്നു. ക്ഷേത്രത്തിലേക്കുള്ള ദാനങ്ങൾ സ്വീകരിക്കുക, ക്ഷേത്രച്ചെലവ് നടത്തുക തുടങ്ങിയ കാര്യങ്ങൾ സഭയുടെ ചുമതലയിൽപ്പെട്ടിരുന്നു. ജനങ്ങളുടെ സാംസ്കാരിക ജീവിതത്തിൽ പ്രധാന പങ്കുവഹിച്ചിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ ക്ഷേത്രത്തോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്നു. ഇവയെ ശാലകൾ എന്നാണ് വിളിച്ചിരുന്നത്. ആയ് രാജ്യത്തിലെ പ്രശസ്തമായ രണ്ട് വിദ്യാകേന്ദ്രങ്ങളായിരുന്നു കാന്തളൂർശാലയും പാർത്ഥിവപുരം ശാലയും. ഈ ശാലകളിൽ ബ്രാഹ്മണവിദ്യാർഥികൾക്ക് താമസവും ഭക്ഷണവും സൗജന്യമായിരുന്നു. വേദങ്ങളുടെ വിവിധ ശാഖകളിലും വിജ്ഞാനത്തിന്റെ മറ്റു മേഖലകളിലുമുള്ള അഭ്യസനമാണ് ഇവിടെ നടത്തിവന്നിരുന്നത്. മതങ്ങളോട് വളരെ സഹിഷ്ണുതാബോധത്തോടു കൂടിയ മനോഭാവമാണ് ആയ് രാജാക്കന്മാർ പിന്തുടർന്നിരുന്നത്. ആയ്‌രാജവംശത്തിന്റെ അവസാനത്തോടുകൂടി ബുദ്ധമതവും ജൈനമതവും ക്ഷയിക്കുകയും ഹിന്ദുമതം വികാസം പ്രാപിക്കുകയും ചെയ്തു. തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ സംരക്ഷകരായിരുന്നു ആയ്‌രാജാക്കന്മാർ.

> ▶ മതസഹിഷ്ണുത പുലർത്തിയിരുന്നു

## 1.2.7 പ്രാചീനതമിഴകത്തെ മതജീവിതം

സംഘകാലത്ത് ചിട്ടയോടുകൂടിയ ഒരു മതവിശ്വാസം തമിഴകത്ത് പ്രചരിച്ചിരുന്നില്ല. എല്ലാ മതങ്ങൾക്കും യഥേഷ്ടം പ്രചരിക്കുന്നതിനുള്ള സൗകര്യം നൽകപ്പെട്ടിരുന്നു. ജനങ്ങൾ അവയിൽ നിന്ന് തങ്ങൾക്കിഷ്ടമുള്ള തത്വങ്ങൾ മാത്രം സ്വീകരിച്ചിരുന്നു. ഹിന്ദുവെന്നോ ബൗദ്ധനെന്നോ, ജൈനനെന്നോ പറയാവുന്ന വ്യക്തികൾ വളരെ ദുർലഭമായിരുന്നു. ശിവനെ ആരാധിച്ചിരുന്ന ചെങ്കുട്ടുവൻ തന്നെ ബുദ്ധമതക്കാരിയായ കണ്ണകിയെ പ്രതിഷ്ഠിച്ചു. മതവിശ്വാസം മിക്കവാറും വ്യക്തിഗതകാര്യമായിരുന്നു. ഒരേ കുടുംബത്തിൽതന്നെ വ്യത്യസ്ത മതവിശ്വാസികളെ കാണാം. ബുദ്ധമതത്തിനു പ്രചാരം നൽകിയ നെടുംചേരലാതന്റെ സഹോദരൻ നിരവധി യാഗങ്ങൾ കഴിച്ച ഒരു ബ്രാഹ്മണമതവിശ്വാസിയായിരുന്നു. അങ്ങനെ മനുഷ്യജീവിതത്തെയും

Remove Watermark Now

ജീവിതബന്ധങ്ങളെയും യാതൊരുവിധത്തിലും വരിഞ്ഞുകെട്ടാത്ത ആദർശസംഹിതകൾ മാത്രമായിരുന്നു മതം. ബ്രാഹ്മണമതത്തിന്റെയും ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും ആദർശങ്ങൾ ഈ കാലഘട്ടത്തിൽ ജനങ്ങൾക്കിടയിൽ പ്രചരിച്ചുകൊണ്ടിരുന്നു. ചാതുർവർണ്യവും യാഗവുമായിരുന്നു ഇക്കാലത്ത് ബ്രാഹ്മണമതത്തിന്റെ മുദ്രകൾ. ഇവ രണ്ടും ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്നില്ല. യാഗം ചില രാജാക്കന്മാർ മാത്രം നടത്തിയിരുന്നു. പൽയാനെ പത്തു യാഗങ്ങൾ ചെയ്ത് മോക്ഷം നേടിയതായി പറയപ്പെടുന്നു. പെരുംചേരൽ ഇരുമ്പോറൈക്ക് പുത്രകാമേഷ്ടി യാഗത്തിലൂടെ പുത്രനുണ്ടായതായി പറയപ്പെടുന്നു. ബ്രാഹ്മണരുടെ ഷഡ്കർമ്മങ്ങളെക്കുറിച്ച് തൊൽക്കാപ്പിയത്തിൽ പരാമർശമുണ്ട്. വേദം പഠിക്കുക, പഠിപ്പിക്കുക, യാഗം ചെയ്യുക, ചെയ്യിക്കുക, ദാനം ചെയ്യുക, സ്വീകരിക്കുക എന്നീ ഷഡ്കർമ്മങ്ങൾ മനുസ്മൃതിയിൽനിന്ന് പകർത്തിയവയാണ്. ദാനം സ്വീകരിക്കുക എന്നതായിരുന്നു ബ്രാഹ്മണരുടെ എല്ലാ കർമ്മങ്ങളുടെയും പ്രധാനലക്ഷ്യം. ധനം തരണേ എന്ന് അപേക്ഷിച്ചുവന്ന ബ്രാഹ്മണർക്ക് മാവെങ്കോ എന്ന ചേരരാജാവ് കൈനിറയെ തങ്കപ്പൂവും തങ്കക്കാശും നീർവാർത്തുകൊടുത്തതായി പുറനാനൂറിൽ പറഞ്ഞിരിക്കുന്നു. ഇതെല്ലാമാണെങ്കിലും ബ്രാഹ്മണമതം ജനജീവിതത്തിന്റെ ഉപരിതലത്തിൽ മാത്രമേ സ്പർശിച്ചിരുന്നുള്ളു.

▶ മതവിശ്വാസങ്ങൾ വ്യക്തിപരം

ജൈനമതവും സംഘകാലത്ത് കേരളത്തിൽ പ്രചരിച്ചിരുന്നു. കൊങ്ങുദേശം വഴിയാണ് കേരളത്തിൽ ജൈനമതം എത്തിച്ചേർന്നത്. കൊങ്ങുനാട്ടിൽ ഇക്കാലത്ത് ജൈനമതം ശക്തിയാർജിച്ചിരുന്നു. ജൈനമതത്തിൽ നിന്ന് ശൈവമതത്തിലേക്കു മാറിയ തിരുവിക്രമൻ എന്ന നാട്ടുരാജാവിന് സ്ഥാനം ഒഴിയേണ്ടിവന്നു. കൊങ്ങുദേശത്തുനിന്നും കർണാടകത്തിൽനിന്നും കേരളത്തിൽ പ്രവേശിച്ച ജൈനമതം കേരളത്തിന്റെ വടക്കൻഭാഗങ്ങളിലാണ് കൂടുതൽ സ്വാധീനം ചെലുത്തിയത്. ജൈനരുടെ ഒരാചാരമായിരുന്നു 'വടക്കിരിയ്ക്കൽ'. യുദ്ധസമയത്ത് ശത്രുസൈന്യത്താൽ മുറിവേൽക്കുന്ന രാജാവ് വടക്ക് നോക്കിയിരുന്ന് മരണത്തെ പുല്കുന്നതാണിത്. ചേരരാജാവായ പെരുംചേരലാതൻ പുറപ്പുണ്ണേറ്റ് അപമാനിതനായി വടക്കിരുന്ന് ജീവത്യാഗം ചെയ്യുകയുണ്ടായി. ബ്രാഹ്മണ-ജൈനമതങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതൽ സ്വാധീനമുണ്ടായിരുന്നത് ബുദ്ധമതത്തിനാണ്. ചെങ്കുട്ടുവന്റെ കണ്ണകിപ്രതിഷ്ഠ ബുദ്ധമതത്തിന് ആക്കവും പ്രചാരവും വർധിപ്പിച്ചു. കണ്ണകിയുടെ ആവേശജനകമായ ദേഹവിയോഗത്തോടുകൂടി കോവലന്റെ പിതാവും, കോവലന്റെ കാമുകിയായ മാധവിയും കോവലന് മാധവിയിൽ ജനിച്ച മണിമേഖലയും ബുദ്ധമതം സ്വീകരിച്ചതായി ചിലപ്പതികാരത്തിൽ പറയുന്നു. ബുദ്ധമതക്കാരിയായ കണ്ണകിയുടെ ചാരിത്ര്യശുദ്ധിയും അതിന്റെ ശക്തിയും അവരിലുളവാക്കിയ അദ്ഭുതാദരങ്ങളല്ലാതെ മറ്റൊരു കാരണവും ഈ മതപരിവർത്തനത്തിൽ കാണുന്നില്ല. ഒരു ബുദ്ധമതക്കാരിയുടെ പ്രതിഷ്ഠാകർമ്മത്തിലല്ലാതെ, മറ്റൊരു മതക്കാരിയെ ദേവിയായി പ്രതിഷ്ഠിക്കുമ്പോൾ, ബുദ്ധമതവിശ്വാസിയായ ഗജബാഹു പങ്കെടുക്കുന്നതല്ല. അങ്ങനെ ബുദ്ധമതക്കാരിയായ കണ്ണകിയെ പ്രതിഷ്ഠിച്ചതോടെ ജനങ്ങൾക്കിടയിലും ബുദ്ധമതത്തോട് ആദരവും ഭക്തിയും വർധിച്ചിരിക്കണം. കുറവരും കണ്ണകിയെ ആരാധിക്കുവാൻ തുടങ്ങിയെന്ന് ചിലപ്പതികാരത്തിൽ

▶ ബുദ്ധമതത്തിന് പ്രാധാന്യം ലഭിച്ചു

Remove Watermark Now

പറയുന്നതിൽനിന്ന് ഇക്കാര്യം വ്യക്തമാണ്.

ചിലപ്പതികാരം സമകാലികകൃതിയല്ലാത്തതിനാൽ സംഘകാലത്തെ, സാമൂഹ്യസ്ഥിതികളുടെ ചരിത്രരേഖയായി അതിനെ സ്വീകരിക്കാൻ കഴിയുകയില്ല. പക്ഷേ, ചെങ്കുട്ടുവൻ കണ്ണകിപ്രതിഷ്ഠയിലൂടെ ബുദ്ധമതത്തിന് പ്രചാരം നൽകിയെന്ന വസ്തുത ശ്രദ്ധേയമാണ്. ചെങ്കുട്ടുവന്റെ മിത്രങ്ങളായിരുന്ന ശ്രീലങ്കയിലെ അനുരാധപുരത്തെ രാജാവായ ഗജബാഹുവും ശാതവാഹന രാജാവായ യജ്ഞശ്രീ ശാതകർണിയും ബുദ്ധമതക്കാരായ രാജാക്കന്മാരായിരുന്നു. ചെങ്കുട്ടുവന് ബുദ്ധമതത്തോടുണ്ടായിരുന്ന ആഭിമുഖ്യത്തെയാണ് ഇതും സൂചിപ്പിക്കുന്നത്. ചെങ്കുട്ടുവനു മുമ്പ് ഉതിയൻചേരൽ ആതനും നെടുംചേരൽ ആതനും ബുദ്ധമതവിശ്വാസികളായിരുന്നുവെന്ന് പറഞ്ഞുവല്ലോ. അങ്ങനെ പ്രബലരായ പല ചേരചക്രവർത്തിമാരും ആഭിമുഖ്യം പ്രകടിപ്പിച്ച ബുദ്ധമതത്തിന് ജനങ്ങൾക്കിടയിൽ സ്വാധീനം ലഭിച്ചിരിക്കുമെന്ന കാര്യത്തിൽ സംശയിക്കാനില്ല. തെക്കുനിന്നാണ് ബുദ്ധമതം കേരളത്തിൽ പ്രചരിക്കാൻ തുടങ്ങിയത്. ലങ്കയിൽ നിന്നുവന്ന ബുദ്ധഭിക്ഷുവിന്റെ ഉപദേശപ്രകാരം നെടുംചേരലാതൻ ബുദ്ധവിഹാരം നിർമ്മിക്കുകയുണ്ടായി. കൂടാതെ, മറ്റു ബുദ്ധവിഹാരങ്ങളും ഇക്കാലത്ത് വഞ്ചിനഗരത്തിൽ ഉണ്ടായിരുന്നു. പൊതുവേ പറഞ്ഞാൽ ദക്ഷിണകേരളത്തിലാണ് ബുദ്ധമതത്തിന് കൂടുതൽ സ്വാധീനമുണ്ടായിരുന്നത്. കേരളത്തിൽ പ്രചാരത്തിലിരിക്കുന്ന ശാസ്താക്ഷേത്രങ്ങൾ ബുദ്ധമതപ്രചാരത്തിന്റെ മറ്റൊരു ചിഹ്നമാണ്. ശാതവാഹനക്ഷേത്രങ്ങളാണ് ശാസ്താക്ഷേത്രങ്ങളെന്ന് ഡോ.എസ്.കൃഷ്ണസ്വാമി അയ്യങ്കാർ പറയുന്നു. ദക്ഷിണേന്ത്യയിലെ ഒരു രാജവംശമായിരുന്നു. ശാതവാഹനന്മാർ ബൗദ്ധൻമാരായിരുന്നു. ചേരചക്രവർത്തിമാരായിരുന്ന നെടുംചേരൽ ആതനും ചെങ്കുട്ടുവനും ശാതവാഹനരാജാക്കന്മാരുമായി മൈത്രീബന്ധത്തിലായിരുന്നു എന്നു മാത്രമല്ല അവരുമായി സഹകരിച്ചുകൊണ്ട് ഉത്തരേന്ത്യയിലെ ചില ആക്രമണങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിട്ടുണ്ട്. ശാതവാഹനന്മാർ ആരാധിച്ചിരുന്ന ശാസ്താവിനെ നെടുംചേരൽ ആതനോ ചെങ്കുട്ടുവനോ ആയിരിക്കണം കേരളത്തിൽ പ്രചരിപ്പിച്ചത്. തമിഴ്നാട്ടിൽ അയ്യനാർ എന്ന പേരിലാണ് ഈ ദൈവം അറിയപ്പെടുന്നത്. ബൗദ്ധസമ്പ്രദായത്തിലാണ് ഈ ദൈവത്തെ ആരാധിച്ചുവരുന്നത്. ശരണംവിളികളും ജാതിഭേദം കൂടാതെയുള്ള ആരാധനയും ശാസ്താവ് ഒരു ബൗദ്ധദൈവമാണെന്നു കാണിക്കുന്നു. സംഘകാലം മുതൽ ഈ ദൈവത്തിന്റെ ആരാധന കേരളത്തിൽ പ്രചാരത്തിലുണ്ട്.

▶ ചിലപ്പതികാരത്തിലെ സൂചനകൾ

## Summarised Overview

മഹാശിലായുഗഘട്ടത്തിൽ കേരളം പ്രാചീനതമിഴകത്തിലെ ഭാഗമായിരുന്നു. മധുരൈയിൽ നിലനിന്ന ഒരു കൂട്ടം കവികളുടെ സൃഷ്ടികളാണ് 'സംഘംകൃതികൾ' എന്നറിയപ്പെടുന്നത്. പ്രാചീനകേരളത്തിന്റെ സംസ്കാരത്തെ ഇന്ന് വിശദീകരിക്കുന്നത് സംഘംകൃതികളെ കൂടി ആശ്രയിച്ചാണ്. പുറം, അകം എന്നിങ്ങനെ തരംതിരിച്ച കൃതികളിൽ പ്രാചീന കേരളത്തിന്റെ ഭരണചിത്രവും സാമൂഹികസ്ഥിതിയും കുടുംബബന്ധങ്ങളും എല്ലാം വ്യക്തമാക്കപ്പെടുന്നുണ്ട്. തെക്കൻപ്രദേശങ്ങൾ ആയ്‌രാജാക്കന്മാരും വടക്ക് ഏഴിമലരാജാക്കന്മാരും അതിനിടയിലുള്ള

Remove Watermark Now

പ്രദേശങ്ങൾ ചേരരാജാക്കന്മാരുമാണ് ഭരിച്ചിരുന്നത്. പ്രബല ശക്തികളായിരുന്ന ചേര ചോള പാണ്ഡ്യമാർക്കിടയിൽ യുദ്ധങ്ങൾ ഉണ്ടായിരുന്നെങ്കിലും അതെല്ലാം ധർമ്മത്തിലും നീതിയിലും അധിഷ്ഠിതമായിരുന്നു. പ്രാദേശികമായി 'മന്റം' എന്ന ഭരണസംവിധാനം നിലനിന്നിരുന്നു. കാർഷികവൃത്തി പ്രചാരത്തിലുണ്ടായിരുന്നതായി സംഘംകൃതികൾ സൂചിപ്പിക്കുന്നുണ്ട്.

തിണ സങ്കല്പം സംഘസാഹിത്യത്തിൽ വികസിച്ചുവന്ന ഒരു സങ്കേതമാണ്. കുറിഞ്ചി, മുല്ലെ, പാലൈ, മരുതം, നെയ്തൽ എന്നിങ്ങനെയുള്ള അഞ്ചു തിണകൾ ഐന്തിണകളായി അറിയപ്പെട്ടു. ഇവയ്ക്ക് ഓരോന്നിന്റെയും ആചാരവും സംസ്കാരവും വ്യത്യസ്തമായിരുന്നു. അവിടങ്ങളിൽ താമസിച്ചിരുന്ന ആളുകളെയും അവരുടെ തൊഴിലുകളെയും നിശ്ചയിച്ചിരുന്നതും തിണകളാണ്. മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്ന സംഘകാലജനത പരേതരുടെ ഓർമ നിലനിർത്താനായി 'നടുക്കല്ലുകൾ' സ്ഥാപിച്ചിരുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസം ചെയ്യാനുള്ള അവസരങ്ങൾ നൽകിയിരുന്നു. രക്ഷിതാക്കളുടെ സമ്മതത്തോടെയുള്ള വിവാഹം കർപ്പ് എന്നും പ്രേമവിവാഹം കളവ് എന്നും അറിയപ്പെട്ടു. വിവാഹവും പ്രേമവുമായി ബന്ധപ്പെട്ട് നിരവധി ആചാരങ്ങൾ നിലവിലിരുന്നു.

പതിറ്റുപ്പത്ത് എന്ന കൃതിയിൽ നിന്ന് ഒന്നാം ചേരരാജാക്കന്മാരെക്കുറിച്ചും അവരുടെ ഭരണകാലത്തെക്കുറിച്ചുമുള്ള വിശദാംശങ്ങൾ ലഭിക്കുന്നു. വാനവരമ്പൻ, ഇരുമ്പൊറൈ ശാഖകളിലായി പ്രതാപികളായ ധാരാളം രാജാക്കന്മാർ നാടുഭരിച്ചു. വടക്ക് ഏഴിമലയിലും തെക്ക് ആയ് രാജവംശത്തിലും പ്രഗൽഭരായ രാജാക്കന്മാരുണ്ടായിരുന്നു. ചിട്ടയായ മതജീവിതം സംഘകാലത്തുണ്ടായിരുന്നില്ല. എല്ലാ മതങ്ങൾക്കും യഥേഷ്ടം പ്രചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അന്നത്തെ ഒരു കുടുംബത്തിൽ തന്നെ വ്യത്യസ്ത മതവിശ്വാസികളെ കാണാനാകും. ചാതുർവർണ്യം, യാഗം തുടങ്ങിയ ബ്രാഹ്മണമതത്തിന്റെ മുദ്രകൾ ദൃശ്യമായിരുന്നില്ല. ബുദ്ധ-ജൈനമതങ്ങൾക്ക് പ്രചാരമുണ്ടായിരുന്നു.

## Assignments

1. സംഘംകൃതികളിൽ പ്രതിഫലിക്കുന്ന സാമൂഹിക സാംസ്കാരിക പശ്ചാത്തലം വ്യക്തമാക്കുക.
2. അകനാനൂറ്, പുറനാനൂറ് എന്നീ സംഘംകൃതികളുടെ അടിസ്ഥാനത്തിൽ ആയ്‌രാജാക്കന്മാരെക്കുറിച്ചുള്ള വസ്തുതകൾ ക്രോഡീകരിക്കുക.
3. പ്രാചീന തമിഴകത്തിലെ മതജീവിതത്തെക്കുറിച്ച് ഉപന്യസിക്കുക.
4. സംഘംകൃതികളിൽ നിന്ന് മനസ്സിലാകുന്ന പ്രാചീനകേരളത്തിലെ ആചാരാനുഷ്ഠാനങ്ങളെ വിശദീകരിക്കുക.
5. സംഘസാഹിത്യത്തിലെ സവിശേഷമായ സങ്കേതമായി ഐന്തിണകൾ നിലനിൽക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുക.
6. പതിറ്റുപ്പത്തിൽ വിവരിക്കുന്ന ചേരരാജാക്കന്മാരെക്കുറിച്ച് വിവരിക്കുക.

Remove Watermark Now

## Suggested Readings

1. കെ. ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. ജേക്കബ് നായത്തോട്, സംഘകാലത്തെ ജനജീവിതം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. എ.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.

## References

1. എ. ശ്രീധരമേനോൻ, കേരളസംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.
2. പ്രൊഫ.എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്രനിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

iSkysoft

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Remove Watermark Now

iSkysoft

# Unit 3

# ബുദ്ധ-ജൈന-ആര്യമതങ്ങൾ

## Learning Outcomes

- കേരളസമൂഹത്തിൽ ബുദ്ധ-ജൈനമതങ്ങൾ ചെലുത്തിയ സ്വാധീനം മനസ്സിലാക്കുന്നു
- ഭക്തിപ്രസ്ഥാനത്തെക്കുറിച്ചും അക്കാലത്ത് കേരളത്തിന്റെ സാംസ്കാരികപുരോഗതിയിലുണ്ടായ മാറ്റത്തെക്കുറിച്ചുമുള്ള വ്യത്യസ്തവീക്ഷണങ്ങൾ തിരിച്ചറിയുന്നു
- 'നാനാത്വത്തിൽ ഏകത്വം' പുലർത്തുന്ന കേരളം വിവിധ മതങ്ങളുടെ സംഗമഭൂമിയാണെന്ന തിരിച്ചറിവുണ്ടാകുന്നു
- പ്രാചീന തുറമുഖങ്ങളെക്കുറിച്ചും വ്യാപാരബന്ധങ്ങളെക്കുറിച്ചും ധാരണ നേടുന്നു

## Background

സംഘകാലത്ത് കേരളത്തിൽ പ്രത്യേക മതവിശ്വാസമൊന്നുമുണ്ടായിരുന്നില്ല. എല്ലാ മതങ്ങൾക്കും അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. ബ്രാഹ്മണ - ജൈന - ബുദ്ധമതദർശനങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിക്കപ്പെട്ടിരുന്നെങ്കിലും ജനങ്ങളുടെ ഭൗതിക- ആത്മീയജീവിതങ്ങളിൽ സജീവസാന്നിധ്യമാകാൻ മതത്തിന് കഴിഞ്ഞിരുന്നില്ല. ബ്രാഹ്മണമതത്തിന്റെ പ്രധാന ഘടകങ്ങളായ ചാതുർവർണ്യവും യാഗവും കാര്യമായി സ്വീകരിക്കപ്പെട്ടിരുന്നില്ല. ചില രാജാക്കന്മാർ മാത്രം യാഗം നടത്തിയിരുന്നതായി സൂചനകളുണ്ട്.

ജൈനമതം ശക്തമായിരുന്ന കൊങ്ങുനാട്ടിൽ നിന്നാണ് ഇവിടേക്ക് ജൈനമതം എത്തിയത്. ബ്രാഹ്മണ ജൈനമതങ്ങളേക്കാൾ കൂടുതൽ സ്വാധീനമുണ്ടായിരുന്നത് ബുദ്ധമതത്തിനായിരുന്നു. കേരളവുമായി അടുത്ത ബന്ധമുണ്ടായിരുന്ന അലക്സാണ്ട്രിയ പോലുള്ള വിദേശനാടുകളിലേക്ക് വരെ ബുദ്ധമതത്തിന്റെ ദർശനങ്ങൾ എത്തിയിരുന്നു. തെക്കു നിന്നാണ് ബുദ്ധമതം കേരളത്തിൽ എത്തിയത്. സംഘകാലത്ത് തന്നെ ക്രിസ്തുമതവും യഹൂദമതവും കേരളത്തിലെത്തിയിരുന്നു. ചുരുക്കത്തിൽ വിവിധമതങ്ങളുടെ ധാർമ്മികബോധങ്ങളെ ഒരുമിച്ചുചേർത്ത് സവിശേഷമായ ഒരു സാംസ്കാരികധാര സംഘകാലകേരളം വളർത്തിയെടുത്തു.

പ്രാചീന കേരളത്തെ വിദേശനാടുകളുമായി ബന്ധിപ്പിച്ചിരുന്നത് തുറമുഖങ്ങളായിരുന്നു. തുറമുഖങ്ങൾ കേന്ദ്രീകരിച്ച് വ്യാപാരങ്ങൾ സജീവമായി നിലനിന്നു. കേരളത്തിനാവശ്യമായ സ്വർണ്ണവും മറ്റും തുറമുഖങ്ങളിലൂടെ ഇറക്കുമതി ചെയ്യുകയും സുഗന്ധവ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്യുകയും ചെയ്തു.

## Keywords

മതങ്ങൾ-ബുദ്ധമതം-ജൈനമതം-തുറമുഖങ്ങൾ-മുസിരിസ്സ്-ആര്യവത്കരണം-ക്ഷേത്രങ്ങൾ-കാർഷിക വ്യവസ്ഥ-ബ്രാഹ്മണ ഗ്രാമങ്ങൾ-ക്ഷേത്ര കേന്ദ്രിത സങ്കല്പം

Remove Watermark Now

# Discussion

## 1.3.1 മതങ്ങൾ

ഭാരതീയ സംസ്കാരത്തിന്റെ മുഖമുദ്രയായി പറയപ്പെടുന്ന നാനാത്വത്തിൽ ഏകത്വം കേരളത്തിന്റെ മതചരിത്രത്തെ സംബന്ധിച്ചിടത്തോളം ഏറെ അന്വർഥമാണ്. അതിപ്രാചീനകാലം മുതൽക്കുതന്നെ മതങ്ങളുടെ സംഗമഭൂമിയായിരുന്നു കേരളം. ബുദ്ധ-ജൈനമതങ്ങൾക്ക് ചുരുങ്ങിയ കാലം കൊണ്ടുതന്നെ കേരളത്തിൽ പ്രാധാന്യം ലഭിച്ചു. വ്യത്യസ്തമതങ്ങളുടെ ആവിർഭാവവും വളർച്ചയും അവ ജനജീവിതത്തിൽ ചെലുത്തിയ സ്വാധീനവും കേരളത്തിന്റെ സാംസ്കാരികചരിത്രത്തിലെ ശ്രദ്ധേയമായ ഒരു അധ്യായത്തെയാണ് സൂചിപ്പിക്കുന്നത്.

▶ വ്യത്യസ്ത മതങ്ങൾ

### 1.3.1.1 ബുദ്ധമതം

ബുദ്ധ-ജൈനമതങ്ങൾ മൗര്യകാലത്തിന് മുമ്പുതന്നെ ദക്ഷിണേന്ത്യയിലേക്കു വ്യാപിച്ചിരുന്നിരിക്കണം. അശോകന്റെ കാലത്ത് ബുദ്ധമതം ആന്ധ്രദ്രാവിഡ ദേശങ്ങളിൽ പ്രചരിച്ചിരുന്നതായി കാണാം. അശോകലിഖിതങ്ങളിൽനിന്ന് സിലോണിലും ബുദ്ധമതം എത്തിയതായി അനുമാനിക്കാം. സിലോണിൽനിന്ന് ബുദ്ധമത പ്രചാരണാർഥം ധാരാളം ആളുകൾ കേരളത്തിലെത്തിയിരിക്കാൻ സാധ്യതയുണ്ട്. മരുതൂർകുളങ്ങരയിൽനിന്നും കിട്ടിയ ബുദ്ധവിഗ്രഹത്തിന് അനുരാധപുരത്തെ ബുദ്ധപ്രതിമയുടെ നിർമ്മാണശൈലിയുമായുള്ള സാമ്യം ഓർക്കാവുന്നതാണ്. സംഘകാലസാഹിത്യത്തിന്റെ ഭൂമികയിൽ കേരളംകൂടി ഉൾപ്പെടുന്നതിനാൽ സംഘകാലസംസ്കാരത്തിലെ ബുദ്ധ-ജൈനമത സ്വാധീനങ്ങൾ കേരളത്തിന്റേതായിക്കൂടി കണക്കാക്കാവുന്നതാണ്. ചേരരാജാക്കന്മാരിൽ പലരും ആതൻ എന്ന നാമം പേരിനോടൊപ്പം പ്രയോഗിച്ചിരുന്നു. ആതൻ അർഹതൻ എന്ന പദത്തിന്റെ തത്ഭവമാണ്. മൂന്നു രാജ്യങ്ങളെ സമന്വയിപ്പിക്കുന്ന ചിലപ്പതികാരത്തിൽ മൂന്നു മതങ്ങളുടെ സമന്വയവും ദർശിക്കാം. ബുദ്ധ-ജൈന-ഹൈന്ദവ മതങ്ങളുടെ സംഗമമാണ് ചിലപ്പതികാരം. 7-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വന്ന ഹ്യൂയാങ്സാങ്ങിന്റെ വിവരണങ്ങളിൽനിന്നും ദക്ഷിണേന്ത്യയിലെ ബൗദ്ധകേന്ദ്രങ്ങൾ നശിച്ചുകൊണ്ടിരുന്നതായി സൂചനയുണ്ട്. പള്ളിക്കൽ, പള്ളിക്കുന്ന്, പള്ളിപ്പുറം എന്നീ പേരുകളുള്ള സ്ഥലങ്ങളും പറമ്പുകളും കേരളത്തിൽ ധാരാളമായി കാണുന്നുണ്ട്. ബുദ്ധമതവുമായി ബന്ധപ്പെട്ടിട്ടുള്ള വിഹാരങ്ങളെ 'പള്ളി' എന്നാണ് വിളിച്ചിരുന്നത്. മാവേലിക്കരയ്ക്കടുത്തുള്ള പള്ളിക്കൽ, കുന്നത്തൂർ താലൂക്കിലെ പള്ളിക്കൽ, മരുതൂർകുളങ്ങര, ഭരണിക്കാവ്, മാവേലിക്കര, അമ്പലപ്പുഴയിലെ കരുമാടി എന്നീ സ്ഥലങ്ങളിൽനിന്നും ബുദ്ധവിഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. മരുതൂർകുളങ്ങരയിലെ വിഗ്രഹത്തിന് 1400 വർഷത്തെ പഴക്കമുണ്ടെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. തൃശ്ശൂരിലെ പരുവശ്ശേരി ദുർഗ്ഗാക്ഷേത്രത്തിൽ ധ്യാനലീനനായ ഒരു ബുദ്ധവിഗ്രഹമുണ്ട്. കൊടുങ്ങല്ലൂർ താലൂക്കിലെ ആലയിൽനിന്നും ബുദ്ധവിഗ്രഹം ലഭിച്ചിട്ടുള്ളതായി കൊച്ചി ആർക്കിയോളജിക്കൽ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം ഒരുകാലത്ത് ബുദ്ധമത

▶ ബുദ്ധമതത്തിന് നല്ല പ്രചാരം

Remove Watermark Now

ത്തിനുണ്ടായിരുന്ന വമ്പിച്ച പ്രചാരത്തെയാണ് കാണിക്കുന്നത്.

ഉഷ്ണീഷം (തലപ്പാവ്), ഇടതുതോളിലൂടെ ഇടുന്ന ഉത്തരീയം എന്നിവ ബുദ്ധവിഗ്രഹ ലക്ഷണമാണ്. വട്ടത്തൊപ്പിപോലെ തലയിൽ പതിഞ്ഞുചേർന്ന ഉഷ്ണീഷം മരുതൂർകുളങ്ങരയിലുള്ള വിഗ്രഹത്തിലെ പ്രത്യേകതയാണ്. പള്ളിക്കലിലെ ബുദ്ധന് തലയില്ല. മാവേലിക്കരയിലെയും ഭരണിക്കാവിലെയും ബുദ്ധവിഗ്രഹങ്ങളിൽ ഉഷ്ണീഷം മധ്യഭാഗം മേല്പോട്ടുയർന്ന് കൂമ്പിയ പിൽക്കാല മാതൃക കാണിക്കുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രസിദ്ധമായ ബുദ്ധമതതീർഥാടനകേന്ദ്രമായിരുന്നു ശ്രീമൂലവാസം. ദക്ഷിണാപഥത്തിലെ അഫ്ഗാനിസ്ഥാനിൽനിന്നു ലഭിച്ച ലോകനാഥന്റെ പഴയ ഒരു ചിത്രത്തിൽ "ദക്ഷിണാപഥേ മൂലവാസലോകനാഥാ'' എന്നു രേഖപ്പെടുത്തിയിട്ടുള്ളതായി എം. ഫൗഷർ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീമൂലവാസത്തിന്റെ ആസ്ഥാനം എവിടെയായിരുന്നു എന്നതിനെപ്പറ്റി ഏകാഭിപ്രായമില്ല. ശ്രീമൂലവാസം കോലത്തുനാട്ടിലാണെന്നും തൃക്കുന്നപ്പുഴയിലാണെന്നും കൊല്ലത്താണെന്നും അഭിപ്രായമുണ്ട്. അതുലന്റെ മൂഷികവംശം മഹാകാവ്യത്തിൽ വിക്രമരാമൻ എന്ന മൂഷികരാജാവ് ശ്രീമൂലവാസത്തെ കടൽക്ഷോഭത്തിൽനിന്ന് കൽച്ചിറകെട്ടി രക്ഷിച്ചതായി പറഞ്ഞിട്ടുണ്ട്. വല്ലഭൻ എന്ന മൂഷികരാജാവ് ചോളരുമായുള്ള യുദ്ധത്തിൽ ചേരരാജാവിനെ സഹായിക്കാൻ ദക്ഷിണകേരളത്തിലേക്ക് പോയപ്പോൾ ശ്രീമൂലവാസം സന്ദർശിച്ചതായി പറയുന്നു. ആയ്‌രാജാവായ വിക്രമാദിത്യവരഗുണന്റെ പാലിയം ചെപ്പേടാണ് ശ്രീമൂലവാസത്തെപ്പറ്റി ലഭിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട രേഖ. മൂഷികവംശത്തിലെ ശ്രീമൂലവാസവും പാലിയം ചെപ്പേടിലെ തിരുമൂതപാതവും ഒന്നാണെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. വരഗുണൻ ശ്രീമൂലവാസത്തിനു നല്കിയ ഭൂസ്വത്തുക്കളുടെ വിവരണമാണ് ചെപ്പേടിലുള്ളത്. വരഗുണന്റെ കാലം എ.ഡി. 885- നും 925-നും ഇടയ്ക്കാണ്. 10-ാം ശതകത്തിനുശേഷം ശ്രീമൂലവാസത്തെപ്പറ്റി ഒന്നും കേൾക്കാനില്ല.

- ശ്രീമൂലവാസം
  പാലിയം ശാസനം

ശങ്കരാചാര്യരുടെ നേതൃത്വത്തിൽ കേരളത്തിലുണ്ടായ ഹൈന്ദവ നവോത്ഥാനം ബുദ്ധമതത്തെ ദുർബലമാക്കി. മഹോദയപുരത്ത് പെരുമാക്കന്മാരുടെ വാഴ്ചക്കാലത്ത് ഹൈന്ദവേതര ദേവാലയങ്ങൾ ക്ഷയിച്ചുവരുന്നത് കാണാം. എങ്കിലും 12-ാം ശതകംവരെ ബുദ്ധമതം നിലനിന്നിരുന്നു. ബുദ്ധമതം കേരളത്തിൽ നിന്നും തിരോഭവിച്ചെങ്കിലും അതിന്റെ ശാശ്വതമുദ്രകൾ കേരളസംസ്കാരത്തിൽ പതിഞ്ഞുകിടപ്പുണ്ട്. കേരളത്തിലെ ക്ഷേത്രാരാധനകളുമായി ബന്ധപ്പെട്ട കുതിരകെട്ട്, ആനപ്പുറത്തെഴുന്നള്ളിപ്പ്, ആറാട്ട് എന്നിവ ബുദ്ധമതത്തിന്റെ സ്വാധീനഫലങ്ങളാണ്. പകൽക്കുറി, ചാത്തന്നൂർ, ചിറക്കര, ഊഴംക്കോട്, ചെട്ടിക്കുളങ്ങര, വെട്ടിക്കവല, തൃക്കടവൂർ എന്നീ ക്ഷേത്രങ്ങളിലെ കുതിരകെട്ട് വളരെ പ്രസിദ്ധമാണ്. 25 മുതൽ 150 അടിവരെ ഉയരമുള്ള ഈ കെട്ടുകാഴ്ചയ്ക്കും എ. ഡി. 5-ാം നൂറ്റാണ്ടിൽ ഫാഹിയാൻ എന്ന സഞ്ചാരി പാടലീപുത്രത്തിൽ ബൗദ്ധപൗർണ്ണമിക്കുകണ്ട കെട്ടുകാഴ്ചയ്ക്കും തമ്മിൽ സാദൃശ്യമുള്ളതായി പറയപ്പെടുന്നു. ചിറയിൻകീഴ്, കൊട്ടാരക്കര, കൊല്ലം താലൂക്കിലുള്ള വെളിനല്ലൂർ, കടമ്പാട്ടുകോണം, ഊഴേക്കോട് എന്നീ സ്ഥലങ്ങളിലെ ഇണ്ടളയപ്പൻ ബുദ്ധനാകാൻ സാധ്യതയുണ്ട്. കേരളത്തിൽനിന്നു ലഭിച്ചിട്ടുള്ള ബുദ്ധവിഗ്രഹങ്ങളെല്ലാം

Remove Watermark Now

ഒന്നുകിൽ ശിവക്ഷേത്രങ്ങളോടോ ഭഗവതിക്ഷേത്രങ്ങളോടോ കാവുകളോടോ അനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. ഹൈന്ദവദൈവങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്ന വജ്രയാന ബുദ്ധമതത്തിന്റെ പ്രചാരണത്തെയാണ് സൂചിപ്പിക്കുന്നത്. ബുദ്ധമതക്കാരുടെ ഒരു പ്രത്യേകതയാണ് ആരാധനാലയങ്ങളോടുചേർന്ന് പാഠശാലകളും ചികിത്സാലയങ്ങളും നടത്തുക എന്നത്. കാന്തള്ളൂർ ശാല, പാർത്ഥിവപുരംശാല, മൂഴിക്കളംശാല, തിരുവല്ലാശാല തുടങ്ങിയ പ്രാചീനവിദ്യാകേന്ദ്രങ്ങളുടെ പൂർവമാതൃകകൾ ബൗദ്ധപാഠശാലകളാകാം. പാഠശാലകൾക്ക് പള്ളിക്കൂടം എന്നു പേരുവന്നത് ബുദ്ധസ്വാധീനം കൊണ്ടല്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

▶ പാഠശാലകൾ

വട്ടെഴുത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും പ്രചാരത്തിന് ബുദ്ധമതം സഹായം ചെയ്തിട്ടുണ്ട്. വട്ടെഴുത്തിന് നാനംമോനം എന്നും പേരുണ്ട്. കേരളത്തിൽ പരക്കെ കാണപ്പെടുന്ന ശാസ്താവിഗ്രഹങ്ങൾ ബുദ്ധവിഗ്രഹങ്ങളാണെന്ന അഭിപ്രായം നിലവിലുണ്ട്. ചിലർക്ക് അയ്യപ്പൻ ദ്രാവിഡദേവതയായ അയ്യനാരാണ്. അവലോകിതേശ്വരനാണ് അയ്യപ്പനെന്നാണ് കേസരി ബാലകൃഷ്ണപിള്ളയുടെ അഭിപ്രായം. ശബരിമല തീർഥയാത്രയുടെ അനുഷ്ഠാനങ്ങളിൽ ബൗദ്ധസ്വാധീനമുണ്ടെന്ന് കരുതപ്പെടുന്നു. അയ്യപ്പഭക്തന്മാരുടെ വ്രതവും അഹിംസാരീതിയും വിഷയവൈമുഖ്യവും ബുദ്ധമതാചാരത്തെ അനുസ്മരിപ്പിക്കുന്നു. അയ്യപ്പന്മാരുടെ ഇടയിൽ ജാതിവ്യത്യാസമില്ല. ഇത് ബുദ്ധമതത്തിന്റെ സാർവസാഹോദര്യനയത്തിനനുകൂലമാണ്. ശരണമയ്യപ്പാ എന്ന സമസ്തപദം ബുദ്ധമതത്തിലെ ശരണത്രയത്തെ ഓർമിപ്പിക്കുന്നു. ബുദ്ധവിഗ്രഹത്തിനും ശാസ്താവിഗ്രഹത്തിനും ആകൃതിയിലും സാമ്യമുണ്ട്. ഈ സാജാത്യങ്ങളോട് എല്ലാ പണ്ഡിതരും ഒരുപോലെ യോജിക്കുന്നില്ലെങ്കിലും അയ്യപ്പാരാധനയിലുള്ള ബുദ്ധമതസ്വാധീനം ഏറിയും കുറഞ്ഞും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ബുദ്ധമതത്തിന്റെ സ്വാധീനം മലയാളസാഹിത്യത്തിലും കലകളിലും ദർശിക്കാൻ കഴിയും. കേരളത്തിൽ വളരെ പ്രചാരമുള്ള അമരകോശത്തിന്റെ കർത്താവ് ബുദ്ധമതക്കാരനായിരുന്നു. മലയാളത്തിൽ കാണുന്ന പാലി വാക്കുകൾ ബുദ്ധമതക്കാരുടെ സംഭാവനയാണ്. അഷ്ടാംഗഹൃദയം എഴുതിയ വാഗ്ഭടൻ കേരളത്തിലെ ബ്രാഹ്മണരെ സസ്യഭുക്കുകളാക്കിയതിലും നിർണ്ണായകമായ പങ്ക് ബുദ്ധമതത്തിനാണ്. ഇങ്ങനെ പലതരത്തിൽ സ്വാധീനം ചെലുത്തിയ ബുദ്ധമതത്തിന് കേരളത്തിൽ വിപുലമായി പ്രചാരം കിട്ടാതെപോയത് അദ്ഭുതം തന്നെ. ബുദ്ധമതത്തിന്റെ ഈറ്റില്ലമായ ഭാരതത്തിൽ ആ മതം ല്പമാത്രമായിതീരുകയാണുണ്ടായത്.

▶ ബുദ്ധമതമുദ്രകൾ ഇന്നും നിലനിൽക്കുന്നു

## 1.3.1.2 ജൈനമതം

ദക്ഷിണേന്ത്യയിൽ ജൈനമതം പ്രചരിച്ചത് ചന്ദ്രഗുപ്തമൗര്യന്റെ കാലത്താണ്. ജൈനരുടെ വിശ്വാസപ്രകാരം ചന്ദ്രഗുപ്തമൗര്യൻ 25 വർഷത്തെ ഭരണത്തിനുശേഷം രാജ്യം ഉപേക്ഷിച്ച് ജൈനമുനിയായ ഭദ്രബാഹുവിന്റെ ശിഷ്യത്വം സ്വീകരിച്ചു. അതിനുശേഷം കർണ്ണാടകത്തിലെ ശ്രാവണബൽഗോളയിൽ എത്തി. ചന്ദ്രഗുപ്തൻ ശ്രാവണബൽഗോളവരെ മാത്രമേ വന്നിട്ടുള്ളുവെങ്കിലും അദ്ദേഹത്തിന്റെ അനുയായികൾ ദക്ഷിണേന്ത്യയിലെ വിവിധ സ്ഥലങ്ങൾ സഞ്ചരിച്ച്

Remove Watermark Now

മതപ്രചരണം നടത്തി. ഭദ്രബാഹു ഭരതേശ്വരന്റെ അവതാരമാണെന്ന് ജൈനർ വിശ്വസിച്ചിരുന്നു. ബി.സി. 4-ാംനൂറ്റാണ്ടിൽ കേരളത്തിൽ ജൈനമതം കടന്നുകൂടിയതായി അനുമാനിക്കാം. ബി.സി. നാലാം നൂറ്റാണ്ടിൽ ജൈനമതം സിലോണിൽ എത്തിയതായി മഹാവംശത്തിൽ സൂചനയുണ്ട്. അശോകന്റെ പുത്രനായ സമ്പ്രതി ബി.സി. രണ്ടാം നൂറ്റാണ്ടിൽ തമിഴകത്ത് ജൈനമതപ്രചരണം നടത്തി. അകനാനൂറിലെ 250-ാം പാട്ട് പ്രകാരം മൗര്യന്മാർ തമിഴകം ആക്രമിച്ചതായി ചിലർ അവകാശപ്പെടുന്നുണ്ട്. വമ്പമോരിയർ എന്ന് മാമുലനാർ സൂചിപ്പിക്കുന്നത് മൗര്യന്മാരെപ്പറ്റിയാകാം. ഈ ആക്രമണകാലത്ത് സമ്പ്രതിയായിരുന്നു മൗര്യചക്രവർത്തി. ഇക്കാലത്താണ് ബ്രാഹ്മി ലിപി ദക്ഷിണേന്ത്യയിൽ പ്രവേശിച്ചത്. അതിന്റെ പ്രചാരത്തിൽ ജൈനന്മാർക്കും പങ്കുണ്ട്.

▶ ബി. സി. 4-ാംനൂറ്റാണ്ട് മുതൽ ജൈനമത പ്രചാരം

സംഘകാലത്ത് തമിഴകത്തിൽ ജൈനവിശ്വാസികളുണ്ടായിരുന്നുവെന്ന് സാഹിത്യതെളിവുകൾ വച്ചുകൊണ്ട് വിശ്വസിക്കാം. യുദ്ധം ചെയ്യുമ്പോൾ പുറത്തു മുറിവേറ്റാൽ അത് അപമാനമായി കരുതി 'വടക്കിരിക്കൽ' എന്ന വ്രതം അനുഷ്ഠിച്ച് മരണംവരിക്കുന്നവരെക്കുറിച്ച് സംഘംകൃതികളിൽ പരാമർശമുണ്ട്. വടക്കിരിക്കൽ ജൈനസ്വാധീനത്തെ സൂചിപ്പിക്കുന്നു. ചേരരാജാവായ പെരുംചേരലാതൻ വടക്കിരുന്നു മരിച്ചുവത്രേ. തിരുക്കുറളിലെ പല തത്വങ്ങളും ജൈനമതത്തോട് ബന്ധപ്പെട്ടവയാണ്. തൊൽക്കാപ്പിയർ ജൈനനായിരുന്നു. ചിലപ്പതികാരകർത്താവായ ഇളങ്കോവടികളുടെ ആസ്ഥാനമായ കുണവായിൽക്കോട്ടം ഒരു ജൈനവിജ്ഞാനകേന്ദ്രമായിരുന്നു. ചിലപ്പതികാരത്തിലെ കുണവായിൽക്കോട്ടം കൊടുങ്ങല്ലൂരിനടുത്തുള്ള മതിലകമാണെന്ന് വിശ്വസിച്ചുപോരുന്നു. നാഗർകോവിൽ, തിരുച്ചാരണത്തുമല, കല്ലിൽ, പരുവാശ്ശേരി, ഈശ്വരൻകോട്, കാവശ്ശേരി, പൂതാടി എന്നിവിടങ്ങളിൽനിന്നാണ് പ്രാചീന ജൈനവിഗ്രഹങ്ങൾ ലഭിച്ചിട്ടുള്ളത്. കിണാലൂർ, സുൽത്താൻബത്തേരി എന്നിവിടങ്ങളിൽ ജൈനദേവാലയങ്ങൾ ഉണ്ടായിരുന്നു. കന്യാകുമാരി ജില്ലയിലെ ചിതറാൽ ഗ്രാമത്തിലുള്ള തിരുച്ചാരണത്തുമലയിലെ ഭഗവതിക്ഷേത്രം 13-ാം നൂറ്റാണ്ടുവരെ ജൈനക്ഷേത്രമായിരുന്നു. ആയ്‌രാജാവായ വിക്രമാദിത്യവരഗുണൻ ഈ ക്ഷേത്രത്തിലേക്ക് നൽകിയ സംഭാവനകളെക്കുറിച്ച് രേഖകളുണ്ട്. മഹാവീരൻ, പാർശ്വനാഥൻ, പത്മാവതി എന്നിവരുടെ പ്രതിമകൾ ഈ ക്ഷേത്രത്തിലുണ്ട്. മൂന്നു തട്ടായുള്ള കുട, തൂങ്ങിക്കിടക്കുന്ന കാത്, പത്മാസനത്തിലുള്ള ഇരിപ്പ്, നഗ്നധ്യാനഭാവം എന്നിവ ജൈനവിഗ്രഹസ്വഭാവമാണ്. നിൽക്കുന്ന പുരുഷവിഗ്രഹത്തിന്റെ തൂങ്ങിക്കിടക്കുന്ന കൈകളും വിരിഞ്ഞ ചുമലും ഇതേസ്വഭാവമാണ് പ്രകടിപ്പിക്കുന്നത്. 14-ാം നൂറ്റാണ്ടിലാണ് ഇത് ഭഗവതിക്ഷേത്രമായി മാറിയത്. നാഗർകോവിലിലെ നാഗരാജാസ്വാമി ക്ഷേത്രം 16-ാം ശതകം വരെ ജൈനക്ഷേത്രമായിരുന്നു. ആറ് ജൈനവിഗ്രഹങ്ങൾ ഇവിടെയുണ്ടെന്ന് ടി.എ. ഗോപിനാഥറാവു രേഖപ്പെടുത്തിയിട്ടുണ്ട്.

▶ സംഘകാലത്ത് ജൈനമതം

വേണാട് വാണിരുന്ന ഭൂതലവീര ഉദയമാർത്താണ്ഡവർമ്മ എ.ഡി. 1522-ൽ നാഗരാജാസ്വാമിക്ഷേത്രത്തിലേക്ക് വസ്തുക്കൾ ദാനം ചെയ്തതായി രേഖയുണ്ട്. പള്ളിച്ചന്തം, പള്ളിപ്പുറം എന്നിവ പഴയ രേ

Remove Watermark Now

ഖകളിൽ കാണിച്ചിരിക്കുന്ന സ്ഥലങ്ങളിൽ കുറെയെങ്കിലും ഒരു കാലത്ത് ബുദ്ധവിഹാരങ്ങളുടെ ആസ്ഥാനങ്ങളായിരുന്നു. കമലവാഹനപണ്ഡിതൻ, ഗുണവീരപണ്ഡിതൻ എന്നീ രണ്ടു പണ്ഡിതന്മാരാണ് അന്ന് ഈ ക്ഷേത്രം ഭരിച്ചിരുന്നത്. കമലവാഹനപണ്ഡിതൻ, ഗുണവീരപണ്ഡിതൻ മുതലായവ ജൈനമതത്തിലെ പൂജാരിനാമങ്ങളാണ്. പെരുമ്പാവൂരിനടുത്തുള്ള കല്ലിൽഗുഹാക്ഷേത്രത്തിൽ മഹാവീരൻ, പാർശ്വനാഥൻ, പത്മാവതി എന്നിവരുടെ പ്രതിമകൾ ഉണ്ട്. ഇന്നിതൊരു ഭഗവതീക്ഷേത്രമാണ്. തൃശ്ശൂർ ജില്ലയിലെ പരുവിശ്ശേരി ദുർഗ്ഗാക്ഷേത്രത്തിനു വെളിയിൽ ഒരു ജൈനവിഗ്രഹമുണ്ട്. പാലക്കാട് ഒലവക്കോട് റെയിൽവേസ്റ്റേഷനടുത്തുള്ള ചന്ദ്രനാഥക്ഷേത്രം ജൈനക്ഷേത്രമാണ്. ചന്ദ്രനാഥൻ എട്ടാമത്തെ തീർഥങ്കരനാണ്. മാണിക്യക്ഷേത്രമെന്നും ഇതിനെ വിളിക്കാറുണ്ട്. ഇതിനോടനുബന്ധിച്ച് ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിന്റെ ജൈനസ്വഭാവം ചിന്തിക്കുന്നത് ഉചിതമായിരിക്കും. മാണിക്യം എന്നത് ജൈനസങ്കേതങ്ങളെ സൂചിപ്പിക്കുന്ന പദമാണ്. കൂടൽമാണിക്യം ഒരു കാലത്ത് ജൈനക്ഷേത്രമായിരുന്നുവെന്ന് ആദ്യമായി അഭിപ്രായപ്പെട്ടത് കോമാട്ടിൽ അച്യുതമേനോനാണ്. ഭരതേശ്വരനായിരുന്നു ഇവിടുത്തെ പ്രതിഷ്ഠ. ഈ ഭരതേശ്വരൻ ഇപ്പോൾ ഭരതനാണ്. 14-ാം നൂറ്റാണ്ടിൽ കോകസന്ദേശ രചനാകാലത്ത് തൃക്കണാമതിലകത്ത് ഒരു ജൈനക്ഷേത്രം ഉണ്ടായിരുന്നുവെന്നതിന് തെളിവുണ്ട്. കോകസന്ദേശത്തിലെ സന്ദേശഹരനായ കോകം മതിലകത്തെത്തുമ്പോൾ അവിടുത്തെ ക്ഷേത്രം കാണാൻ പാടില്ലെന്ന് കവി ഉപദേശിക്കുന്നു. ആലത്തൂരിൽ നിന്നും രണ്ടു ജൈനവിഗ്രഹങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. വയനാട്ടിലെ ഗണപതിവട്ടം, കല്പറ്റ, മാനന്തവാടി മുതലായവ പഴയ കേരളത്തിലെ ജൈനസങ്കേതങ്ങളായിരുന്നു. ഇടയ്ക്കൽ ഗുഹയിലെ ചിത്രങ്ങൾ ജൈനന്മാർ വരച്ചതാണെന്ന പ്രബലമായ ഒരഭിപ്രായവും നിലനിൽക്കുന്നു. കുണവായിൽകോട്ടം എന്ന ജൈനക്ഷേത്രം നാൽപത്തെണ്ണായിരവർ സംഘം ഒരു കാലത്തു ഭരിച്ചിരുന്നതായി ആലത്തൂർ ശാസനവും ചൂതാടി ശാസനവും തെളിവുതരുന്നു. കുണവായിൽകോട്ടം കൊടുങ്ങല്ലൂരിനടുത്തുള്ള മതിലകമാണ്. കേരളത്തിൽ കാണുന്ന ജൈനക്ഷേത്രങ്ങളും അവയുടെ അവശിഷ്ടങ്ങളും ഒരു കാലത്ത് ജൈനമതത്തിന് കേരളത്തിലുണ്ടായിരുന്ന പ്രചാരത്തിന് വലിയ തെളിവുകളാണ്.

▶ ജൈനക്ഷേത്രങ്ങളും അവശിഷ്ടങ്ങളും

ജൈനമതം കേരളസംസ്കാരത്തിന് വലിയ സംഭാവനകളൊന്നും നല്കിയിട്ടില്ല. ജൈനവാസ്തുശില്പത്തിന്റെ അനുകരണം മലബാറിലെ ക്ഷേത്രങ്ങളുടെയും മുസ്ലീംപള്ളികളുടെയും നിർമ്മാണത്തിൽ ദർശിക്കാനാകും. വില്യം ലോഗൻ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തിലെ നാഗാരാധനയ്ക്ക് ജൈനമതവുമായി ബന്ധമുണ്ടെന്ന് ചിലർ കരുതുന്നു. പാർശ്വനാഥ തീർത്ഥങ്കരന്റെ ശിരസിനുമുകളിൽ കാണുന്ന ഏഴു പത്തികളോടുകൂടിയ സർപ്പം ഈ അനുമാനത്തിന് ഉപോത്ബലകമാണ്. യക്ഷികളെ പൂജിക്കുന്ന സമ്പ്രദായത്തിനും ജൈനമതവുമായി ബന്ധമുണ്ട്. തീർഥങ്കരന്മാരുടെ പരിവാരദേവതകളിൽ യക്ഷികളും ഉൾപ്പെടും. താന്ത്രികജൈനന്മാരുടെ ഉപാസനമൂർത്തികളിൽ യക്ഷികൾക്കും സ്ഥാനമുണ്ട്. ആര്യഭടൻ കേരളീയനായിരുന്നുവെന്നും ജനനംകൊണ്ട് ജൈനനായിരുന്നുവെന്നും ചിലർ വാദിക്കുന്നു. ആര്യഭടീയത്തിന് ഏറ്റവും കൂടുതൽ വ്യാഖ്യാനമുണ്ടാ

Remove Watermark Now

യതും പ്രചാരമുണ്ടായതും കേരളത്തിലാണ്. ഇതും ജൈനമതത്തിന്റെ സ്വാധീനമായി കണക്കാക്കാം. അമ്പലവാസികളായി ഇന്നറിയപ്പെടുന്ന കുറേപ്പേരെങ്കിലും ഒരുകാലത്ത് ബൗദ്ധരോ ജൈനരോ ആയിരുന്നിരിക്കാൻ സാധ്യതയുണ്ട്. 17-ാം നൂറ്റാണ്ടിൽ കർണ്ണാടകത്തിൽ നിന്നും കുടിയേറിപ്പാർത്ത ഗൗണ്ടന്മാരാണ് ഇന്ന് കേരളത്തിലെ ജൈനന്മാരിൽ കൂടുതൽ. കൽപറ്റ, ജൈനമേട്, മഞ്ചേശ്വരം എന്നിവിടങ്ങളിലാണിവർ കൂടുതലുള്ളത്. ഗുജറാത്തിൽ നിന്നെത്തിയ ചില ജൈനകുടുംബക്കാർ ആലപ്പുഴയിലും മട്ടാഞ്ചേരിയിലുണ്ട്. 1981-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യയിൽ 0.002% പേർ ജൈനരാണ്. ശൈവ-വൈഷ്ണവ ഭക്തിപ്രസ്ഥാനത്തിന് ലഭിച്ച ജനപ്രീതി ജൈനമതത്തിന്റെ പ്രചാരം തടഞ്ഞു. ബ്രഹ്മസൂത്രത്തിലൂടെ ബൗദ്ധദർശനത്തെ ഖണ്ഡിച്ച ശങ്കരാചാര്യരും ബുദ്ധജൈനദർശനങ്ങളെ ഉപേക്ഷിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടാകാം.

▶ നാഗാരാധനയ്ക്ക് പ്രാധാന്യം

## 1.3.2 തുറമുഖങ്ങൾ

റോമാക്കാരുടെ ആഗമനത്തിനുശേഷമേ കേരളത്തിന്റെ തുറമുഖങ്ങളെപ്പറ്റി അറിവു ലഭിക്കുന്നുള്ളു. പ്ലിനി, ടോളമി, പെരിപ്ലെസുകാരൻ എന്നിവരാണ് കേരളതീരത്തെ തുറമുഖങ്ങളെപ്പറ്റി ആദ്യം രേഖപ്പെടുത്തിയിട്ടുള്ളത്. അവരുടെ വിവരണങ്ങളിൽ നിന്നും മുസിരിസ്സും തിണ്ടിസും, ബറക്കയും, നെൽകിണ്ടയുമായിരുന്നു കേരളത്തിലെ പ്രധാന തുറമുഖങ്ങളെന്ന് മനസ്സിലാക്കാം.

▶ പ്രമുഖ തുറമുഖങ്ങൾ

### 1.3.2.1 മുസിരിസ്സ്

കേരളത്തിലെ പ്രധാനപ്പെട്ട ഏറ്റവും പഴയ തുറമുഖം മുസിരിസ്സാണ്. ഡോ.ബർണ്ണൽ, ഗുണ്ടർട്ട് എന്നിവരുടെ അഭിപ്രായത്തിൽ മുസിരിസ്സ് ഇന്നത്തെ കൊടുങ്ങല്ലൂരാണ്. വാല്മീകി രാമായണത്തിൽ മുരചിപത്തനം എന്നും സംഘംകൃതികളിൽ 'മുചിരി' എന്നും ഭാസ്കരവി മനുകുലാദിത്യന്റെ ജൂതചെപ്പേടിൽ മുയിരിക്കോട് എന്നും മുസിരിസ്സിനെ വിളിച്ചുകാണുന്നു. 10-ാം നൂറ്റാണ്ടിനുശേഷം മാകോതൈ, മഹോദയപുരം, മഹോദയപട്ടണം എന്നീ പേരുകളിലാണ് മുസിരിസ്സ് അറിയപ്പെട്ടത്. പാശ്ചാത്യർ ഏറ്റവും കൂടുതൽ വാണിജ്യബന്ധം പുലർത്തിയിരുന്നത് ഈ തുറമുഖത്തിലൂടെയായിരുന്നു. ക്രിസ്തുമതത്തിന്റെയും യഹൂദമതത്തിന്റെയും ആദ്യത്തെ ആശ്രയസ്ഥാനവും ഈ തുറമുഖമായിരുന്നു എന്ന് പ്ലിനി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതൊരു വലിയ വ്യാപാരകേന്ദ്രമായിരുന്നുവെന്ന് ടോളമിയും പെരിപ്ലെസുകാരനും അഭിപ്രായപ്പെട്ടിട്ടുണ്ട്. യവനക്കപ്പലുകൾ പൊന്നുമായി വന്ന് കുരുമുളകുമായി തിരിച്ചുപോകുന്ന മുചിരിയെപ്പറ്റി അകനാനൂറിലും, പുറനാനൂറിലും വർണ്ണിച്ചിട്ടുണ്ട്. മുസിരിസ്സിൽ അഗസ്റ്റസിന് ഒരു ദേവാലയവും യവനച്ചേരിയും ഉണ്ടായിരുന്നതായി പ്യൂട്ടിംഗർ ടേബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ധാരാളം നാണയങ്ങൾ, തുണിത്തരങ്ങൾ, അഞ്ജനം, പവിഴം, കണ്ണാടി, ചെമ്പ്, തകരം, ഈയം എന്നിവ മുസിരിസ്സിൽ ഇറക്കുമതി ചെയ്തിരുന്നു. കൊട്ടനോറയിൽ നിന്നുള്ള കുരുമുളക്, മുത്ത്, ആനക്കൊമ്പ്, പട്ട്, ആമത്തോടുകൾ, മരതകങ്ങൾ എന്നിവയായിരുന്നു പ്രധാന കയറ്റുമതി ഇനങ്ങൾ. റോമാക്കാർക്കുശേഷം ചീനക്കാർ ഈ തുറമുഖം വഴി വാണിജ്യം നടത്തിയിരുന്നു. 1341-ൽ പെരിയാറ്റിലുണ്ടായ വെള്ളപ്പൊക്കം മുസിരിസ്സിനെ നശിപ്പി

Remove Watermark Now

> ▶ ഇന്നത്തെ കൊടുങ്ങല്ലൂരാണ് മുസിരിസ്സ്

ച്ചു. മണ്ണടിഞ്ഞ് തുറമുഖത്തിന്റെ ആഴംകുറഞ്ഞു. അങ്ങനെ എന്നന്നേയ്ക്കുമായി മുസിരിസ്സ് ചരിത്രത്തിൽനിന്നും മറഞ്ഞു.

### 1.3.2.2 തിണ്ടിസ്

> ▶ മുസിരിസ്സിന് വടക്കായി സ്ഥിതി ചെയ്യുന്നു

മുസിരിസ്സിന് ഏകദേശം 60 മൈൽ വടക്കാണ് തിണ്ടിസ്സിന്റെ ആസ്ഥാനം. തമിഴ്സാഹിത്യത്തിലെ തൊണ്ടി ഈ നഗരമാകാം. തിണ്ടീസ് പന്തലായനി കൊല്ലമാണെന്നും കടലുണ്ടിയാണെന്നും പൊന്നാനിയാണെന്നും വിവിധ അഭിപ്രായങ്ങളുമുണ്ട്. ചേരരാജാ വംശത്തിന്റെ ഒരു ശാഖ തൊണ്ടിയിൽ താമസിച്ചിരുന്നതായി പറയപ്പെടുന്നു.

### 1.3.2.3 ബക്കറെ

> ▶ ബാരിസ് നദീമുഖത്തുള്ള തുറമുഖം

മുസിരിസ്സിനു തെക്കുള്ള ബക്കറെ ഒരു മികച്ച കച്ചവടകേന്ദ്രമായിരുന്നു. പ്ലിനി ഈ തുറമുഖത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. ബാരിസ് നദീമുഖത്തായിരുന്നു തുറമുഖം. ബാരിസ് പമ്പയാകാൻ സാധ്യതയുണ്ട്. ബക്കറെ ആലപ്പുഴയ്ക്കു തെക്കുള്ള പുറക്കാടാകാം. കൊട്ടനോറയിൽനിന്നും ധാരാളം കുരുമുളക് ഈ തുറമുഖത്ത് എത്തിച്ചിരുന്നു. കൊട്ടനോറ കുട്ടനാടാണെന്ന് കരുതപ്പെടുന്നു. പോർച്ചുഗീസുകാരും ഡച്ചുകാരും പോർക്കെ എന്നാണ് പുറക്കാടിനെ വിളിച്ചത്. ഭാഷാശാസ്ത്രപരമായ സാമ്യം വച്ചു നോക്കിയാൽ ബക്കറെയും പുറക്കാടും ഒന്നാണെന്നു പറയാം.

### 1.3.2.4 നെൽകിണ്ട

> ▶ നീണ്ടകരയാണെന്നും നിരണമാണെന്നും അഭിപ്രായം

മുസിരിസ്സിനു തെക്കുള്ള മറ്റൊരു തുറമുഖമാണ് നെൽകിണ്ട. നെൽകിണ്ട നീണ്ടകരയാണെന്നും നിരണമാണെന്നും അഭിപ്രായമുണ്ട്. കാലക്രമത്തിൽ കേരളത്തിലെ കടൽത്തീരത്ത് വലിയ മാറ്റം വന്നിട്ടുള്ളതിനാൽ യവനന്മാർ സൂചിപ്പിട്ടുള്ള തുറമുഖങ്ങളുടെ യാഥാർഥസ്ഥാനം കണ്ടെത്തുവാൻ പ്രയാസമാണ്.

iSkysoft

## 1.3.3 വിദേശബന്ധങ്ങൾ

റോമാക്കാർ, ഗ്രീക്കുകാർ, ചീനാക്കാർ, ഫിനീഷ്യർ, ബാബിലോണിയക്കാർ, അസീറിയക്കാർ, അറബികൾ, ഇസ്രായേലികൾ എന്നിവരാണ് കേരളവുമായി വാണിജ്യബന്ധം പുലർത്തിയിരുന്ന വിദേശികളിൽ പ്രമുഖർ. കേരളത്തിന്റെ ആദ്യകാലചരിത്രത്തിലെ ശ്രദ്ധേയമായ ഒരു അധ്യായമാണ് വിദേശരാജ്യങ്ങളുമായുള്ള വാണിജ്യബന്ധം. ഇക്കാര്യത്തെക്കുറിച്ച് വസ്തുനിഷ്ഠമായ വിവരങ്ങൾ നൽകുന്നത് ആദ്യകാലസഞ്ചാരികളുടെ യാത്രാവിവരണങ്ങളാണ്. റോമൻ ചരിത്രകാരനായ പ്ലിനിയും (എ. ഡി. 77), ഗ്രീക്കു ചരിത്രകാരനായ പെരിപ്ലെസ്സുകാരനും (എ. ഡി. 80), ടോളമിയും (എ. ഡി. 95-162) ഇതിൽ പ്രത്യേകപരാമർശം അർഹിക്കുന്നവരാണ്. ഇവരിൽ പ്ലിനിയും, ടോളമിയും കേരളം സന്ദർശിച്ചിട്ടില്ല. കച്ചവടക്കാരിൽ നിന്നും കേട്ടറിഞ്ഞ വിവരങ്ങളാണ് അവരുടെ ഗ്രന്ഥങ്ങൾക്കാധാരം. ക്രിസ്തുമതവും യഹൂദമതവും, ഇസ്ലാംമതവും കേരളത്തിൽ പ്രചരിച്ചു. പടിഞ്ഞാറൻ നാടുകൾക്ക് അവരുടെ തത്വസംഹിതകളും ദർശനങ്ങളും പരിഷ്കരിച്ചെടുക്കാനും ഈ ബന്ധം സഹായിച്ചു. ഇതിനൊരുദാഹരണമായി

Remove Watermark Now

ക്രിസ്തുമതത്തിലെ പുരോഹിതാശ്രമങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, ബ്രഹ്മചര്യം, കുമ്പസാരം എന്നിവയുടെ സങ്കല്പം ചൂണ്ടിക്കാണിക്കാം. ഭാരതീയ സംസ്കാരത്തിന്റെ, സൂക്ഷ്മമായിപ്പറഞ്ഞാൽ ബൗദ്ധസംസ്കാരത്തിന്റെ നിർണ്ണായകമായ സ്വാധീനത്തിന് ക്രിസ്തുമതം വിധേയമായിട്ടുണ്ട്. ക്രൈസ്തവദർശനങ്ങളും പടിഞ്ഞാറൻ നാടുകളുടെ വാസ്തുവിദ്യാശൈലികളും കലകളും പകരം ലഭിക്കുകയും ചെയ്തു. ഈ സംസ്കാരത്തിന്റെ പരസ്പരവിനിമയം ചരിത്രപശ്ചാത്തലത്തിൽ വേണം തിട്ടപ്പെടുത്തുവാൻ. ഇതിന് ഏറ്റവും സഹായകമായിട്ടുള്ളത് ആദ്യകാലവിദേശബന്ധങ്ങളുടെ അപഗ്രഥനമാണ്. പടിഞ്ഞാറൻ നാട്ടുകാർ കേരളത്തിലെത്തിയത് സുഗന്ധദ്രവ്യങ്ങൾക്ക് വേണ്ടിയായിരുന്നു. അസീറിയക്കാരും ബാബിലോണിയക്കാരും ബി.സി രണ്ടും മൂന്നും ശതാബ്ദങ്ങളിൽ കേരളത്തിൽനിന്ന് ഏലവും, കറുവപ്പട്ടയും വാങ്ങിയിരുന്നു. പ്രാചീന ഈജിപ്റ്റുകാർ കേരളത്തിലെ സുഗന്ധദ്രവ്യങ്ങൾ ദൈനംദിനാവശ്യത്തിനു മാത്രമല്ല ശവങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഉപയോഗിച്ചിരുന്നു. ഏ.ഡി.1500ൽ ഈജിപ്റ്റിലെ ഒരു രാജ്ഞി സുഗന്ധദ്രവ്യങ്ങൾ സംഭരിക്കുന്നതിനായി അഞ്ചു കപ്പലുകൾ കിഴക്കേദിക്കിലേക്ക് അയക്കുകയുണ്ടായി. ഈജിപ്റ്റിലെ സുന്ദരിമാർ തങ്ങളുടെ ശയനമുറികളിൽ ചുക്കും കറുവപ്പട്ടയും പുകച്ചിരുന്നുവത്രേ. പഴയ വേദപുസ്തകങ്ങളിൽ ഏലം, കറുവപ്പട്ട എന്നിവയെക്കുറിച്ച് പല പരാമർശങ്ങളുമുണ്ട്. മോസസ് സ്ഥാപിച്ച ദേവാലയത്തിൽ ഉപയോഗിച്ചിരുന്ന വിശുദ്ധതൈലവും ധൂപവും കറുവപ്പട്ട കൂട്ടിച്ചേർത്ത് നിർമ്മിച്ചതാണെന്ന് ബൈബിളിൽ സൂചനയുണ്ട്. ബി.സി.1490-ൽ ആണ് മോസസ് ദേവാലയം നിർമ്മിച്ചത്.

▶ വിദേശ കച്ചവട ബന്ധങ്ങൾ

iSkysoft

കേരളത്തിലെത്തിയ ആദ്യത്തെ സുഗന്ധദ്രവ്യക്കച്ചവടക്കാർ അറബികളും ഫിനീഷ്യരുമാണ്. കേരളത്തിലെ ഏലവും കുരുമുളകും കറുവപ്പട്ടയും മധ്യപൗരസ്ത്യദേശത്ത് ആദ്യമായി എത്തിച്ചത് അവരായിരിക്കാം. സിന്ധുനദീതട നാഗരികതയുടെ കാലത്ത് ദക്ഷിണേന്ത്യയിൽ നിന്നുതുടങ്ങി അഫ്ഗാനിസ്ഥാൻ, ഇറാൻ വഴി ബാബിലോണിയയിലേക്കു നീളുന്ന ഒരു വർത്തകച്ചാൽ ഉണ്ടായിരുന്നതായി വിശ്വസിച്ചുപോരുന്നു. ഈ മാർഗത്തിലൂടെയാകാം കേരളത്തിന്റെ അപൂർവവസ്തുക്കൾ പടിഞ്ഞാറൻനാടുകളിൽ എത്തിച്ചിട്ടുണ്ടാവുക. അതുപോലെ ആര്യാവർത്തത്തെയും ചൈന, ടിബറ്റ്, ബർമ്മ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു വർത്തകമാർഗം മുസിരിസ്സ് വരെ നീണ്ടിരുന്നതായി വിശ്വസിക്കാവുന്നതാണ്. എന്തായാലും കടൽവഴിയുള്ള വ്യാപാരത്തിന്റെ കുത്തക അറബികൾക്കും ഫിനീഷ്യർക്കുമാണ് ലഭിച്ചത്. ഇസ്രായേൽ രാജാവായ സോളമൻ ഫിനീഷ്യരുടെ നേതൃത്വത്തിൽ അയച്ച ഒരു കപ്പൽസംഘം ബി.സി.1000ന് അടുത്ത് ഓഫീറിൽ എത്തിയതായി രേഖകളുണ്ട്. സോളമന്റെ കാലത്ത് ഡയറിലെ രാജാവായ ഹീരം മൂന്നുവർഷത്തിലൊരിക്കൽ പൗരസ്ത്യദേശത്തേക്ക് കപ്പലുകൾ അയച്ചിരുന്നതായി പറയപ്പെടുന്നു. ഈ കപ്പലിൽ സ്വർണ്ണം, വെള്ളി, ആനക്കൊമ്പ്, ചന്ദനം എന്നിവ കൊടുത്ത് ഒഫീറിൽനിന്നും കൊണ്ടുപോയിരുന്നു. ഒഫീർ തിരുവനന്തപുരം ജില്ലയിലെ പൂവാർ ആണെന്ന് ടി.കെ. വേലുപ്പിള്ള അനുമാനിക്കുന്നു. ഈ പ്രദേശം പുറക്കാടാണെന്ന് മറ്റു ചിലർ അഭിപ്രായപ്പെടുന്നു. വി

▶ അറബികളും ഫിനീഷ്യരും

Remove Watermark Now

ല്യം ലോഗന്റെ അഭിപ്രായത്തിൽ ഓഫീർ ബേപ്പൂർ ആണ്. ഓഫീറിൽ വച്ചാണ് ദക്ഷിണേന്ത്യയിലെ ഉൽപ്പന്നങ്ങൾ കൈമാറിയിരുന്നത്.

വാണിജ്യബന്ധത്തിലൂടെ ചില പദങ്ങൾ കൈമാറിയിട്ടുള്ളത് ശ്രദ്ധേയമാണ്. മയിൽ ഹീബ്രുവിൽ തുകി-ഇം ആണ്. ഇത് തമിഴിലെ തൊകൈ ആകാം. സംസ്കൃതത്തിലെ കപി ഹീബ്രുവിൽ കോപ് ആണ്. പഴയ കാർത്തേജ് നഗരത്തിന്റെ കവാടങ്ങൾ മലബാറിൽ നിന്നുള്ള ചന്ദനമരം കൊണ്ട് നിർമ്മിക്കപ്പെട്ടവയായിരുന്നു. പ്രാചീന ബാബിലോണിയയിലെ ഊർ നഗരത്തിൽനിന്നും ബി.സി.6-ാം നൂറ്റാണ്ടിൽ ഒരു ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഖനനം ചെയ്തെടുത്തവയുടെ കൂട്ടത്തിൽ തേക്കുമരങ്ങൾ കണ്ടിരുന്നു. തേക്ക് കേരളത്തിന്റെ കാലാവസ്ഥയിൽ മാത്രമേ ഉണ്ടാകുകയുള്ളു. ഊരിലെ തേക്കുകഷ്ണം കേരളത്തിന്റെ പ്രാചീന വാണിജ്യബന്ധത്തിന് ഉദാഹരണമാണ്. എ.ഡി. ആദ്യശതകങ്ങളിൽ ഗ്രീക്കുകാരും റോമാക്കാരും കേരളവുമായി വിപുലമായ കച്ചവടമാണ് നടത്തിയിരുന്നത്. പ്ലീനിയുടെ കാലത്ത് ഏലം, കറുവപ്പട്ട, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഔഷധഗുണങ്ങൾ ഗ്രീസിൽ അറിയപ്പെട്ടിരുന്നു. മലയാളവുമായി ഗ്രീസിനുണ്ടായിരുന്ന ബന്ധത്തിന് ഭാഷാശാസ്ത്രപരമായ ചില തെളിവുകളും ലഭ്യമാണ്. ഇഞ്ചി ഗ്രീക്കിൽ സിഞ്ചിബറോസും അരിശി ഒരിസ്സും, കറുപ്പ് കർപ്യനും ആയിട്ടുള്ളത് ശ്രദ്ധിക്കുക. ബി.സി. ഒന്നാം ശതകത്തിന്റെ മധ്യത്തിൽ റോമാക്കാർ ഈജിപ്റ്റ് ആക്രമിച്ചതോടുകൂടി സുഗന്ധദ്രവ്യവാണിജ്യത്തിൽ അറബികളുടെ കുത്തക പൊളിഞ്ഞു. എ.ഡി. 45-ൽ ഹിപ്പാലസ് കാലവർഷക്കാറ്റിന്റെ ഗതി കണ്ടുപിടിച്ചതോടുകൂടി റോമാസാമ്രാജ്യവുമായുള്ള കേരളത്തിന്റെ വാണിജ്യം ശക്തിപ്രാപിച്ചു. സുഗന്ധദ്രവ്യങ്ങൾക്കും മസ്ലീൻ, പട്ട് തുടങ്ങിയ സുഖഭോഗവസ്തുക്കൾക്കും വേണ്ടി റോമിലെ പൊന്നും വെള്ളിയും തെക്കേ ഇന്ത്യയിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. റോമിൽ ഏറ്റവും കൂടുതൽ പ്രിയമുണ്ടായിരുന്ന വസ്തു കുരുമുളകാണ്. സ്വർണ്ണവും, വെള്ളിയും പോലെ വിലപ്പെട്ട വസ്തുവായി കുരുമുളകിനെ അവർ കണ്ടിരുന്നു. അതുകൊണ്ടാണ് ഒരു സംസ്കൃത ഗ്രന്ഥത്തിൽ കുരുമുളകിനെ 'യവനപ്രിയ' എന്നു വിളിച്ചത്. കുരുമുളകിനുവേണ്ടി സ്വർണ്ണവും വെള്ളിയും ഒഴുകിപ്പോയതും ഖജനാവ് കാലിയായതും റോമാസാമ്രാജ്യത്തിന്റെ ശിഥിലീകരണത്തിന് വഴി തെളിയിച്ചകാരണങ്ങളിലൊന്നാണ്. അങ്ങനെ എ.ഡി. മൂന്നാംശതകത്തോടെ കേരളവും റോമും തമ്മിലുള്ള വാണിജ്യബന്ധം മന്ദീഭവിച്ചു.

▶ സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതി

പടിഞ്ഞാറൻ നാട്ടുകാരെപ്പോലെ തന്നെ ചൈനാക്കാരും കുരുമുളകിനുവേണ്ടി കേരളവുമായി ബന്ധപ്പെട്ടിരുന്നു. ബി.സി.1-ാം ശതകത്തിൽ പ്രചരിച്ചിരുന്ന ഒരു ചീനാനാണയം ചന്ദ്രവല്ലിയിൽനിന്നും കണ്ടുകിട്ടിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവർഷാരംഭത്തിനു മുൻപുതന്നെ ചൈനയും ദക്ഷിണേന്ത്യയും തമ്മിൽ വ്യാപാരവാണിജ്യബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നതായി ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്തായാലും എ. ഡി. 9-ാം ശതകത്തിൽ ചീനക്കാരെക്കൊണ്ട് തിരക്കുവർധിച്ചിരുന്ന ഒരു പട്ടണമായി കൊല്ലം മാറി. 12 ഉം 13 ഉം ശതകങ്ങളിലെ ചീനപ്പാത്രങ്ങളുടെ ഒട്ടേറെ കഷണങ്ങൾ ചേരമാൻ പറമ്പിൽ നടത്തിയ ഖനനത്തിൽനിന്നും ലഭിച്ചിട്ടുള്ളത്

Remove Watermark Now

ശ്രദ്ധേയമാണ്. ചൈനയുമായുള്ള കുരുമുളകു വ്യാപാരത്തെപ്പറ്റി 13-ാം ശതകത്തിലെ വിദേശസഞ്ചാരിയായ മാർക്കോപോളയും രേഖപ്പെടുത്തിയിട്ടുണ്ട്. ചീനാചക്രവർത്തിയായ കുബ്ലൈഖാന്റെ കാലത്താണ് ഏറ്റവും വലിയ വ്യാപാരബന്ധം ഉണ്ടായിരുന്നത്. ചീനയുമായി ബന്ധപ്പെട്ട ചില സാധനങ്ങളുടെ പേരുകൾ മലയാളികൾ ഇന്നും പറഞ്ഞുവരുന്നുണ്ട്. ചീനഭരണി, ചീനവല, ചീനപ്പടക്കം, ചീനച്ചട്ടി, ചീനപ്പട്ട് എന്നിവ ചൈനയുമായുണ്ടായിരുന്ന ആദ്യകാലബന്ധത്തിന്റെ നഷ്ടാവശിഷ്ടങ്ങളാണ്. കേരളത്തിന്റെ വൈദേശികബന്ധത്തെ സൂചിപ്പിക്കുന്ന ആഭ്യന്തരരേഖകളൊന്നും ലഭിച്ചിട്ടില്ല. മുസിരിസ്സിൽ നടന്നതായി പറയുന്ന കുരുമുളകു വ്യാപാരത്തിന്റെ ഒരു സജീവചരിത്രം സംഘംകൃതികളിലുണ്ട്. പതിറ്റുപ്പത്തിലെ ആറാം പത്തിൽ ചേരരാജാവിന്റെ കപ്പലുകൾ വിദൂരരാജ്യങ്ങളിലേക്ക് പോകുന്നതായി പറഞ്ഞിരിക്കുന്നു. എ. ഡി. 9-ാം നൂറ്റാണ്ടിൽ അഞ്ചുവണ്ണം, മണിഗ്രാമം എന്നീ പേരുകളുള്ള കച്ചവടസംഘങ്ങൾ വിദേശവ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്നതായി മനസ്സിലാക്കാം. എന്നാൽ കേരളത്തിലെ സുഗന്ധദ്രവ്യങ്ങളെപ്പറ്റി യാതൊന്നും സംഘംകൃതികളിൽ പറഞ്ഞിട്ടില്ല എന്നത് വിസ്മയകരമായിരിക്കുന്നു.

▶ കേരള ചൈനാ വ്യാപാരബന്ധം

## 1.3.4 ആര്യവൽക്കരണം

ഭാരതത്തിലേക്ക് കടന്നുവന്ന ആര്യന്മാർ ബലശാലികളും, തന്ത്രശാലികളുമായിരുന്നു. അവർ ദ്രാവിഡരുമായി സന്ധിചെയ്ത് ക്രമേണ ഇവിടെ ആധിപത്യം സ്ഥാപിച്ചു. ഇത് ഭാരതചരിത്രത്തിലെ അത്യന്തം സമുജ്ജ്വലമായ ഒരു ഘട്ടത്തെയാണ് കുറിക്കുന്നത്. നൂറ്റാണ്ടുകൾ കടന്നുപോകവെ അവർ ക്രമേണ അധീശന്മാരായിത്തീർന്നു. ആര്യന്മാരുടെ ഭാരതപ്രവേശം ബി.സി.1500 ലാണെന്ന് യൂറോപ്യന്മാർ അഭിപ്രായപ്പെടുന്നെങ്കിലും, മോഹൻജദാരോ-ഹാരപ്പാസംസ്കാര ലക്ഷ്യങ്ങൾ വച്ചുനോക്കുമ്പോൾ ബി.സി.2500-ഓടടുത്ത് അവർ ഇന്ത്യയിൽ കടന്നുവന്നെന്നും ബി.സി.1500-ഓടുകൂടി പ്രബലന്മാരായിത്തീർന്നെന്നും കണക്കാക്കാം. പശുപാലനം, കൃഷി എന്നിവയിൽനിന്ന് ഉരുത്തിരിഞ്ഞ ഒരു സംസ്കാരം കൈമുതലായുണ്ടായിരുന്ന ആര്യവർഗം അതിവികസിതമായ സിന്ധൂതടസംസ്കാരത്തിന്റെ ഉടമകളായ ദ്രാവിഡരുമായുണ്ടായ സമ്മേളനത്തിലൂടെ ഒരു സങ്കരസംസ്കാരം വാർത്തെടുക്കുകയാണ് ചെയ്തത്. ആര്യസംസ്കാരത്തിന്റെ വേരുകളായ വേദങ്ങളിൽ പിടിച്ചുകൊണ്ട് ആര്യജനത ഇന്ത്യൻ സംസ്കാരചക്രവാളങ്ങളിൽ നൂതനങ്ങളായ വിദ്യുത്പ്രവാഹങ്ങൾ പടർത്തിവിട്ടു. ഗ്രീക്ക്-ഇസ്രേലി സാഹിത്യസംസ്കാരങ്ങളെക്കാളും പഴക്കമുള്ളതാണ് വേദങ്ങളെന്ന് വിന്റർനിറ്റ്സ് സമർഥിച്ചിട്ടുണ്ട്. നിഗൂഢമായ വൈദികചിന്തകളെ പുരാണേതിഹാസങ്ങളിലൂടെ സ്തോത്രമായും കഥയായും ജനഹൃദയങ്ങളിലെത്തിക്കാൻ ആര്യന്മാർക്ക് കഴിഞ്ഞു. ബുദ്ധ-ജൈന-വൈദിക സംസ്കാരങ്ങൾ കേരളത്തിലെത്തിച്ചേർന്നതിന്റെ കാലം കൃത്യമായി തിട്ടപ്പെടുത്താനാവശ്യമായ രേഖകളൊന്നും തന്നെ ലഭിച്ചിട്ടില്ല. ബി.സി. ഇരുന്നൂറും മൂന്നൂറും വർഷങ്ങൾക്കിടയിൽ തമിഴകത്ത് ആര്യസംസ്കാരം വളർന്നുകഴിഞ്ഞിട്ടുണ്ടെന്ന് അനുമാനിക്കാം. ഭാരതരാമായണാദികൾ, അശോകശാസനങ്ങൾ എന്നിവയിലെ പരാമർശങ്ങൾ കണക്കിലെടുക്കുമ്പോൾ ഏതാണ്ട് ബി.സി. 1000 -ന് അടുത്ത് ആര്യ

Remove Watermark Now

▶ എ. ഡി. 8-ാം ശത കം മുതൽ ആര്യന്മാ രുടെ സ്വാധീനം

ന്മാർ ദക്ഷിണേന്ത്യയിലേക്ക് വന്നെന്നും ബി.സി. 400 ആയപ്പോൾ ആര്യാഗമനം സുപ്രധാന ഘട്ടത്തിലെത്തിയെന്നും ചരിത്രകാരന്മാർ അനുമാനിക്കുന്നു. ഇതേ കാലഘട്ടത്തിൽതന്നെ കേരളത്തിലേക്കും ആര്യൻമ്മാർ വന്നുതുടങ്ങിയിട്ടുണ്ടാകണം.

കേരളത്തിലെ ആര്യാധിനിവേശത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ രണ്ട് കാലഘട്ടങ്ങൾ സുപ്രധാനമായി നിലകൊള്ളുന്നു എ.ഡി.നാലാംശതകവും എ.ഡി. എട്ടാംശതകവും. എ.ഡി. 345 മുതൽ 379 വരെ കദംബ വാണിരുന്നത് മയുരവർമ്മനാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുളുനാട്ടിലേക്ക് ആര്യബ്രാഹ്മണ കുടിയേറ്റം നടന്നതായി സൂചനകളുണ്ട്. അക്കാലത്തുതന്നെ കേരളത്തിലും ബ്രാഹ്മണർ കുടിയേറിപ്പാർത്തിരിക്കണം. എ.ഡി. 8-ാം ശതകത്തിലാണ് ആര്യന്മാർ ആദ്യമായി കേരളത്തിൽ വന്നതെന്ന് വില്യം ലോഗൻ അഭിപ്രായപ്പെടുന്നു. ലോഗന്റെ ഈ വാദം അപ്പാടെ അംഗീകരിക്കാൻ വയ്യ. ഈ കാലയളവിനുമുമ്പും ആര്യന്മാർ ഇവിടെ വന്നിട്ടുണ്ടെങ്കിലും ഈ കാലത്തായിരിക്കാം അവരുടെ സംഘടിതവും വ്യാപകവുമായ കുടിയേറ്റം നടന്നതെന്നും മനസ്സിലാക്കാം. ആര്യാധിനിവേശം ആദ്യമായി ബാധിച്ചത് കേരളത്തിന്റെ ഏറ്റവും വടക്കുള്ള ഭാഗങ്ങളെയാണ്. ശക്തരായ ഒരു സംഘം ബ്രാഹ്മണകുടിയേറ്റക്കാർ കദംമ്പരുടെ കീഴിൽ അധിനിവേശം നടന്ന തുളുപ്രദേശത്തുനിന്നു വടക്കൻകേരളത്തിലേക്ക് പ്രവേശിച്ചു എന്നു കരുതാൻ മതിയായ ന്യായങ്ങളുണ്ട്. ചാലൂക്യർ, രാഷ്ട്രകൂടർ തുടങ്ങിയ ദക്ഷിണേന്ത്യൻ ശക്തികളുടെ അധികാരം നിലനിന്നിരുന്ന കാലങ്ങളിൽ സംഘം സംഘമായി ബ്രാഹ്മണരുടെ കുടിയേറ്റം തുടർന്നിരിക്കണം. ഈ അധികാരശക്തികളുടെ ഇടയിലുള്ള വൈഷ്ണവവും ശൈവവുമായ ഘടകങ്ങളുടെ സ്വാധീനശക്തിയുടെ ഫലമായിട്ടായിരിക്കണം നമ്പൂതിരി ബ്രാഹ്മണരുടെ ഇടയിൽ ഒരു ധ്രുവീകരണം നടന്നത്. പന്നിയൂർകൂറ്, ചൊവ്വരക്കൂറ് എന്നിങ്ങനെ വിഷ്ണുവിനെയും ശിവനെയും ആരാധിക്കുന്ന രണ്ട് വിരുദ്ധവിഭാഗങ്ങളായി ഇവിടുത്തെ നമ്പൂതിരിമാർ വേർതിരിഞ്ഞു. അതുപോലെ ഈ അധികാരശക്തികളെ അനുകൂലിച്ചായിരിക്കണം കേരളത്തിലെ നാടുവാഴികൾ ബ്രാഹ്മണ കുടിയേറ്റക്കാർക്ക് ഗ്രാമങ്ങൾ ദാനമായി നൽകിയത്.

▶ വിഷ്ണുവിനെ ആരാധിക്കുന്നവരും ശിവനെ ആരാധിക്കുന്നവരും

കേരളത്തിൽ കുടിയേറിയ നമ്പൂതിരിമാർ എവിടെനിന്നു വന്നവരാണെന്ന കാര്യത്തെപ്പറ്റി നിരവധി ചരിത്രകാരന്മാർ വ്യത്യസ്ത അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. വന്നവരിൽ മുഖ്യമായ ഭാഗവും കൃഷ്ണാനദിക്കും ഗോദാവരിക്കും ഇടയ്ക്കുള്ള പ്രദേശത്തു നിന്നാണെന്നകാര്യം തീർച്ചയാണ്. ദീർഘമായ വരൾച്ചയുടെയും കൊടിയ ക്ഷാമത്തിന്റെയും സംഹാരശക്തിക്ക് ഇരയാവേണ്ടിവന്നവരായിരുന്നു ഈ പ്രദേശത്തെ ജനത. നാഗമയ്യ, കെ. പി. പത്മനാഭമേനോൻ, പ്രൊഫ. ഇളംകുളം മുതലായവരെല്ലാം ഈ നിഗമനത്തിനനുകൂലമായ നിലപാടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൃഷ്ണാ-ഗോദാവരി നദികളുടെ ഉത്ഭവസ്ഥാനങ്ങളിൽ നിന്നും മറ്റും വന്ന ഇക്കൂട്ടരാണ് പിൽക്കാലത്ത് നമ്പൂതിരിമാരായിത്തീർന്നത്. കേരളം ആര്യന്മാരുടെ സ്വാധീനശക്തിയായി മാറിയത് ഏ.ഡി 8-ാം ശതകം മുതലാണ്. ഏ.ഡി എട്ടാംശതകം ശങ്കരാചാര്യരുടെ (788-820) കാലഘട്ടമാണ്. സം

Remove Watermark Now

ഘലകാലത്ത് ദ്രാവിഡാചാരങ്ങളിലല്ലാതെ പ്രത്യേക മതസിദ്ധാന്തങ്ങളിലൊന്നും ഉറച്ചിട്ടില്ലായിരുന്ന ദ്രാവിഡജനത സാവധാനം ബുദ്ധ -ജൈനമതങ്ങളിലേയ്ക്കും ആചാരങ്ങളിലേക്കും അവിടെനിന്നും ആര്യമതത്തിലേക്കും ആചാരങ്ങളിലേയ്ക്കും ആകൃഷ്ടരാകാൻ തുടങ്ങി. പ്രസ്തുത മതങ്ങൾ വിട്ട് ആര്യമതത്തിലേയ്ക്കു തിരിയാൻ ദ്രാവിഡരെ പ്രേരിപ്പിച്ചതിന് കാരണങ്ങളുണ്ട്. ആര്യസംസ്കാരം ജീവിതനിഷേധമായിരുന്നില്ല. ഗൃഹസ്ഥാശ്രമത്തിന് പ്രാധാന്യം കൊടുത്ത ആര്യമതം കഥ, സംഗീതം, ആട്ടം, പാട്ട്, നാട്യം തുടങ്ങിയ ജീവിതോല്ലാസങ്ങളിലേക്കും ദ്രാവിഡജനതയെ ആകർഷിച്ചു. അതേസമയം ബുദ്ധ-ജൈനമതങ്ങൾ ജീവിതനിഷേധമോ ജീവിതസന്യാസമോ ആദർശവത്കരിക്കുന്നതായിട്ടാണ് കാണാൻ കഴിയുക. ഈ സാഹചര്യത്തിൽ ജീവിതത്തെ ആഹ്ലാദത്തോടെ സമീപിക്കാനും പുത്തൻ ഉണർവിലേക്ക് പ്രവേശിക്കുന്നതിനും വേണ്ടി ദ്രാവിഡർ ആര്യമതത്തിന്റെ പ്രഭാവലയത്തിൽ ആകൃഷ്ടരായി.

▶ കൃഷ്ണ, ഗോദാവരി നദീ തീരങ്ങളിൽ നിന്നെത്തിയവർ

## 1.3.4.1 പ്രത്യാഘാതങ്ങൾ

കേരളത്തിൽ ആര്യാധിപത്യത്തിന്റെ പ്രത്യാഘാതങ്ങൾ സാമൂഹ്യജീവിതത്തിലുടനീളം, വിവിധ മണ്ഡലങ്ങളിൽ തെളിഞ്ഞു കാണാം. മതത്തിൽ വിപുലമായ സ്വാധീനമാണ് അവരുണ്ടാക്കിയത്. എ.ഡി. 9-ാം ശതകം മുതൽ ആര്യന്മാർ കേരളത്തിൽ ഹൈന്ദവക്ഷേത്രങ്ങൾ പടുത്തുയർത്തി. ക്ഷേത്രവിധികൾ, ആചാരങ്ങൾ, ക്ഷേത്രഭരണം, ക്ഷേത്രസ്വത്ത് എന്നിവയെല്ലാം അവരുടെ കൈക്കുള്ളിലമർന്നു. പൂർവദേവതകൾക്കെല്ലാം അവർ ആര്യക്കുപ്പായമിട്ടു. കൊറ്റവൈ ദുർഗ്ഗയും കാളിയും ഭഗവതിയുമൊക്കെയായി. ശാസ്താവ് ഹരിഹരപുത്രനായി. ബുദ്ധ-ജൈന ക്ഷേത്രങ്ങൾ പലതും അവർ ഹൈന്ദവ ക്ഷേത്രങ്ങളാക്കി മാറ്റി. ധിഷണാസമ്പന്നരായ ആര്യപുരോഹിതന്മാർ ഇവിടുത്തെ രാജാക്കന്മാരെ പാട്ടിലാക്കുകയും അവർക്ക് ആര്യബിരുദങ്ങൾ നൽകുകയും ചെയ്തു. സൂര്യവംശരാജാക്കന്മാരുടെ ശീലങ്ങൾ അനുസരിക്കാൻ രാജാക്കന്മാരെ പഠിപ്പിച്ചു. ദീർഘായുസ്സിനും വിജയസിദ്ധിക്കായും യാഗങ്ങൾ ചെയ്യിച്ചു. പുതിയൊരാശയസംഹിതയ്ക്ക് തങ്ങൾ കീഴ്പ്പെടുകയാണെന്ന് ആദ്യമൊന്നും ദ്രാവിഡരാജാക്കന്മാർ അറിഞ്ഞതേയില്ല. രാഷ്ട്രീയശക്തിയുള്ളവർ ഏതു ജാതിയിൽപ്പെട്ടവരായാലും അവരെ ആര്യന്മാർ ക്ഷത്രിയരാക്കി മാറ്റുകയും, സമ്പന്നരായ കച്ചവടക്കാരെയും മറ്റും വൈശ്യരാക്കുകയും ചെയ്തു. രണ്ട് ഉന്നതവിഭാഗങ്ങളെ സൃഷ്ടിച്ചുകഴിഞ്ഞപ്പോൾ സ്വാഭാവികമായും മറ്റുള്ളവരെ താഴ്ന്നതരക്കാരായി കാണുവാനുള്ള പ്രവണതയുണ്ടായി. താഴ്ന്ന വിഭാഗത്തെ ശൂദ്രരാക്കുകയും അങ്ങനെ ജാതിവ്യവസ്ഥയ്ക്ക് തുടക്കമിടുകയും ചെയ്തു. ബ്രാഹ്മണസംരക്ഷണം ക്ഷത്രിയധർമമായിത്തീർന്നു. പരശുരാമൻ ബ്രാഹ്മണരെ കേരളത്തിൽ 64 ഗ്രാമങ്ങളിലായി കുടിയിരുത്തി എന്ന കെട്ടുകഥ പ്രചരിപ്പിക്കുകയും ഭൂമിയുടെ മേൽ അവകാശം സ്ഥാപിച്ചെടുക്കാൻ അതുകൊണ്ട് സാധിക്കുകയും ചെയ്തു. ക്ഷേത്രസ്വത്തെല്ലാം ആര്യന്മാർ സ്വന്തം സ്വത്താക്കി മാറ്റി. കേരളത്തിലെ ജന്മിസമ്പ്രദായത്തിന്റെ തുടക്കം ഇങ്ങനെയാണെന്നാണ് നിഗമനം.

▶ ജന്മി സമ്പ്രദായത്തിന്റെ തുടക്കം

വിവാഹസമ്പ്രദായത്തിൽ വരുത്തിയ പുത്തൻ നിയമവ്യവസ്ഥ

Remove Watermark Now

കളാണ് ചില പ്രധാന ഫലങ്ങൾ ഉളവാക്കിയത്. നമ്പൂതിരിയുടെ കുടുംബത്തിൽ മൂത്ത ആൾമാത്രം നമ്പൂതിരിസ്ത്രീയെ വേളികഴിച്ചാൽ മതിയെന്നും പിന്നെയുള്ളവർക്ക് ക്ഷത്രിയസ്ത്രീയെയോ നായർസ്ത്രീയെയോ ബാന്ധവിക്കാമെന്നും നിയമമുണ്ടായി. ഇത് നമ്പൂതിരിമാർക്ക് ഗുണവും മറ്റുള്ളവർക്ക് ദോഷവും വരുത്തിവെച്ചു. നമ്പൂതിരിബന്ധം മാന്യമാണെന്ന ഒരു വിശ്വാസത്തിന് പ്രചാരം കൊടുക്കുകവഴി സാമൂഹികബന്ധങ്ങളിൽ ശൈഥില്യത്തിന് കളമൊരുക്കി. കുട്ടികളെ വളർത്തുന്ന ചുമതല അമ്മമാരിൽ നിക്ഷിപ്തമാവുകയും കുടുംബത്തിൽ സ്ത്രീകളുടെ പ്രാധാന്യം വർധിക്കുകയും ചെയ്തു. സംഘകാലത്ത് എല്ലാവർക്കും അനുവദിച്ചിരുന്ന വിദ്യാഭ്യാസം ഉന്നതവർഗക്കാർക്ക് മാത്രമായി ഒതുക്കുകയായിരുന്നു ആര്യന്മാരുടെ മറ്റൊരു നടപടി. ശൂദ്രർക്ക് അക്ഷരാഭ്യാസം പാടില്ലെന്ന് വിലക്കുവച്ചു. 'ശൂദ്രമക്ഷര സംയുക്തം ദൂരതഃ പരിവർജ്ജയേൽ' എന്ന് സൂക്തവുമൊരുക്കി. വൈശ്യരുടെ വിദ്യാഭ്യാസത്തിനും ഉടവുണ്ടായി. എന്നാൽ, ഉന്നതരുടെ വിദ്യാഭ്യാസം പുഷ്ടിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു. മാംസഭക്ഷണം സാമൂഹ്യമായ ഒരപകർഷമായി കല്പിക്കുകയും അങ്ങനെ ജനങ്ങളുടെ ആഹാരരീതിയിൽ മാറ്റമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തു. മുമ്പ് സമുദായത്തിൽ മാന്യസ്ഥാനമുണ്ടായിരുന്ന പാണർ, വേടർ, കുറവർ എന്നിവരുടെ നില ഇടിഞ്ഞു. സ്ത്രീകൾ അന്തഃപുരത്തിൽ ഒതുങ്ങി. സ്ത്രീവിദ്യാഭ്യാസം അവസാനിപ്പിച്ചു. വിധവാവിവാഹം നിരോധിക്കുകയും അങ്ങനെ വിധവകളുടെ ജീവിതം നരകതുല്യമാക്കുകയും ചെയ്തു. ശൈശവവിവാഹം ഏർപ്പെടുത്തുകയായിരുന്നു മറ്റൊരു പരിഷ്കാരം. സവർണ്ണരിൽപ്പെട്ട പെൺകുട്ടികൾ അവർണ്ണരുമായി ബന്ധപ്പെടാതിരിക്കാൻ ബോധപൂർവമുണ്ടാക്കിയ സംവിധാനമായിരുന്നിരിക്കണം ഈ ശൈശവവിവാഹം എന്ന ഏർപ്പാട്.

- ▶ താൽപ്പര്യ സംരക്ഷണം സംബന്ധവിവാഹം, മരുമക്കത്തായം

അധ്വാനഭാരം കൂടുംതോറും ഒരാളുടെ ജാതി മോശമാവുന്ന നില എത്തി. അധ്വാനത്തിന്റെ മഹത്വം അംഗീകരിക്കാതെയായി. പ്രയത്നിക്കുന്നവർ നീചരും സ്വസ്ഥരായിരിക്കുന്നവർ ഉച്ചരുമായിത്തീർന്നു. കൃഷിചെയ്യുമ്പോൾ പ്രാണിഹിംസ അനിവാര്യമായതിനാൽ ബ്രാഹ്മണർ കൃഷിചെയ്യാൻ പാടില്ല എന്നും നിയമമുണ്ടായതായി പറയപ്പെടുന്നു. വിദ്യാസമ്പന്നരും ബുദ്ധിജീവികളുമായ ഒരുപിടി പുരുഷന്മാർക്ക് സുഖിക്കാനുള്ളതാണ് ലോകം എന്ന സ്ഥിതി വരുത്തിവച്ചു. ലൈംഗികമായ സന്മാർഗബോധത്തിന്റെ കെട്ടഴിഞ്ഞു. ദേവദാസികൾ ഗണികകളായി മാറി. ഭക്തിയും ആസ്തിക്യബോധവും ഇന്ദ്രിയപരമായ സുഖാനുഭവങ്ങളുടെ പിന്നാലേ പായുന്ന ചിത്രമാണ് കാണാൻ കഴിയുക. ഇങ്ങനെയൊക്കെയാണെങ്കിലും സാംസ്കാരികസമന്വയത്തിന് ആര്യന്മാർ മുൻകൈ എടുത്ത് ഹൃദ്യമായ മാതൃക കാഴ്ചവച്ചത് പ്രത്യേകം സ്മരിക്കേണ്ടതാണ്. കേരളത്തിൽ ആര്യസമുദായവുമായുള്ള ദ്രാവിഡരുടെ ലയനം സാധിക്കുന്നതിന് അവർ ഉപയോഗിച്ചത് ആയുധമല്ല, ബുദ്ധിയും തന്ത്രവുമാണ്. ഏതായാലും ഇതൊരു സംഭാവനതന്നെ. ഭാഷാസാഹിത്യമണ്ഡലത്തിൽ ഉണ്ടായിട്ടുള്ള വളർച്ച ഈ സന്ദർഭത്തിൽ ഏറെ സ്മരണീയമാണ്. സംസ്കൃതത്തിന്റെ സ്വാധീനംമൂലം മലനാട്ടുഭാഷ ഒരു പ്രത്യേക വ്യക്തിത്വം കൈവരിക്കുകയും ആത്യന്തികമായി തമിഴിൽ നിന്നു വേർതിരിഞ്ഞ്

ഒരു പ്രത്യേക ഭാഷയായി (മലയാളമായി) പരിണമിക്കുകയും ചെയ്തു. ഇവിടെ ഒരു പുതിയ വിദ്യാഭ്യാസരീതി ഉടലെടുത്തത് മറക്കാവതല്ല. സംസ്കൃതാഭ്യസനത്തിന് പാഠശാലകൾ ഏർപ്പെടുത്തുകയും വേദാഭ്യസനത്തിന് പ്രാധാന്യം നൽകുകയും സഭാമഠങ്ങൾ സ്ഥാപിക്കുകയും ചെയ്തു. സഭാമഠങ്ങൾ വിദ്യാഭ്യാസ പ്രചാരണത്തിൽ ഗണ്യമായ പങ്കുവഹിച്ചു. പ്രതിഭകളായ ദാർശനികരെ കേരളത്തിന് സംഭാവന ചെയ്തത് ആര്യന്മാരാണെന്ന സത്യം സാംസ്കാരിക ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ളതാണ്. കേരളത്തിലെങ്ങുമുള്ള നിരവധി ക്ഷേത്രങ്ങളുടെ വളർച്ചയ്ക്കും ക്ഷേത്രകലകൾ, ഉത്സവങ്ങൾ തുടങ്ങിയവയുടെ വികസനത്തിനും ആര്യാധിനിവേശം സഹായകമായിത്തീർന്നു. എന്നാൽ, അവരേർപ്പെടുത്തിയ ജാതിവ്യവസ്ഥ ഒരു വിഭാഗത്തിന്റെ ദാരുണമായ അധഃപതനത്തിനു വഴിവച്ചു. ഭൂസ്വത്തിന്റെ കേന്ദ്രീകരണം, സന്മാർഗഭ്രംശം, വിദ്യാഭ്യാസം പരിമിതിപ്പെടുത്തൽ തുടങ്ങിയവയെല്ലാം ആര്യന്മാർ വരുത്തിവച്ച ദോഷങ്ങളാണ്. പൊതുവേ പറഞ്ഞാൽ ആര്യാധിനിവേശം കേരളത്തിൽ സൃഷ്ടിച്ചത് സമ്മിശ്രഫലങ്ങളാണ്.

- ജാതീയമായി സമൂഹത്തെ വിഭജിച്ചു

### 1.3.4.2 കാർഷിക സമൂഹത്തിന്റെ രൂപപ്പെടൽ

ഉത്തരേന്ത്യയുമായുള്ള വാണിജ്യപരവും സാംസ്കാരികവും രാഷ്ട്രീയവുമായ ബന്ധം ദക്ഷിണേന്ത്യയിൽ കൂടുതൽ അഗാധമായ പരിവർത്തനങ്ങൾക്ക് കളമൊരുക്കി. കാർഷികരംഗത്തുണ്ടായ പരിവർത്തനമാണ് ഏറ്റവും പ്രധാനമായത്. ഉത്തരേന്ത്യയിൽ നിന്നുള്ള കലപ്പകൾ ഈ കാലഘട്ടത്തിൽ ദക്ഷിണേന്ത്യയിൽ എത്തിച്ചേർന്നു. കലപ്പ ഉപയോഗിച്ച് കൃഷിചെയ്യുന്നതിനുള്ള മനോഭാവവും തമിഴകത്തെ ജനങ്ങൾക്കിടയിൽ ഉണ്ടായിത്തീർന്നു. പ്രേതാരാധനയും മഹാശിലാസംസ്കാരവുമായി കഴിഞ്ഞുവന്ന ജനങ്ങളുടെ മധ്യത്തിലേക്ക് കടന്നുവന്ന ജൈനമതവും ബുദ്ധമതവും നൂതനമായ ഒരു ചിന്താസരണിയും ജീവിതവീക്ഷണവും അവർക്കിടയിൽ അങ്കുരിപ്പിച്ചു. പ്രത്യേകിച്ചും ബുദ്ധമതത്തിന്റെ പ്രചാരം ജനങ്ങളെ കർമോന്മുഖരാക്കി. ബുദ്ധന്റെ കർമ്മസിദ്ധാന്തം പിൽക്കാലഹിന്ദുമതത്തിലെ കർമ്മസിദ്ധാന്തത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. സ്വന്തം കർമ്മമാണ് മനുഷ്യജീവിതത്തെ രൂപപ്പെടുത്തുന്നത്. അവനവൻ ചെയ്യുന്ന ദുഷ്കർമ്മങ്ങൾക്ക് പ്രതിവിധിയാകണമെങ്കിൽ സ്വയം നല്ല മാർഗത്തിലൂടെ ചരിക്കണം. സഹജീവികളെ സ്നേഹിക്കുകയും നല്ലവണ്ണം അധ്വാനിക്കുകയും ചെയ്യുക. എങ്കിൽ ജീവിതം സമ്മോഹനമായിത്തീരും. അതാണ് നിർവാണത്തിനുള്ള മാർഗം. കാർഷികവൃത്തിക്ക് ബുദ്ധമതം വളരെയധികം പ്രാധാന്യം നൽകിയിരുന്നു. അതിനാൽ കാർഷികമായും വാണിജ്യപരമായും അഭിവൃദ്ധിയിലേക്ക് നീങ്ങിയിരുന്ന രാജ്യങ്ങളിൽ ബുദ്ധസന്ദേശം സഹർഷം സ്വാഗതം ചെയ്യപ്പെട്ടു. ഭാരതത്തിലും ഏഷ്യൻരാജ്യങ്ങളിലും ക്രിസ്തുവർഷാരംഭത്തിനു തൊട്ടു മുമ്പും പിമ്പും ബുദ്ധമതത്തിന് ലഭിച്ച അദ്ഭുതകരമായ സ്വീകാര്യതയുടെ അർഥം ഇതായിരുന്നു. മനുഷ്യരെ ആര്യന്മാർ (ശ്രേഷ്ഠന്മാർ) എന്നും മ്ലേച്ഛന്മാർ (നികൃഷ്ടന്മാർ) എന്നും ജൈനാചാര്യന്മാർ രണ്ടായി തരംതിരിച്ചിരുന്നതിനാൽ കർഷകരെ ആര്യന്മാരായിട്ടാണ് പരിഗണിച്ചിരുന്നത്. എന്നാൽ ഭൂമി കിളയ്ക്കുകയോ കലപ്പകൊണ്ട് ഉഴുതുമറിക്കുകയോ ചെയ്യരുതെന്ന് ജൈനന്മാർ



Remove Watermark Now

Remove Watermark Now

നിഷ്കർഷിച്ചിരുന്നു. ഒരു ജൈനമതവിശ്വാസി ഉപേക്ഷിക്കേണ്ടതായ 15 തരം കർമ്മദാനങ്ങളുടെ കൂട്ടത്തിൽ സ്ഫോടകർമ്മം (ഭൂമി പിളർക്കൽ) കൂടി ഉൾപ്പെടുന്നതായി ഉപാസകദശാംശത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഫലഭൂയിഷ്ഠമായ ഭൂമിയിൽ മണ്ണിളക്കിയില്ലെങ്കിലും നല്ല വിളവ് ഉണ്ടാകും. അത്തരം ഭൂമിയിൽ കൃഷിചെയ്തു ജീവിക്കാനാണ് ജൈനാചാര്യന്മാർ ഉപദേശിച്ചത്. ജൈനമതത്തിന്റെ ആരംഭദശയിൽ ഉത്തരേന്ത്യയിലെ സാഹചര്യങ്ങൾക്കനുസൃതമായി രൂപവൽക്കരിച്ച ഈ സിദ്ധാന്തം ദക്ഷിണേന്ത്യയിൽ പ്രവേശിച്ച ജൈനന്മാർ കാലക്രമത്തിലെങ്കിലും ഭേദഗതി ചെയ്തിരിക്കുമെന്ന് വിശ്വസിക്കാവുന്നതാണ്.

> ▶ കാർഷികവൃത്തിക്ക് പ്രാധാന്യം

ദക്ഷിണേന്ത്യയുടെ കാർഷികപുരോഗതിക്കു സഹായിച്ചുകൊണ്ടാണ് ജൈനമതത്തിന് ക്രിസ്തുവർഷാരംഭത്തോടടുത്ത കാലങ്ങളിൽ അവിടെ വമ്പിച്ച പ്രചാരം സിദ്ധിക്കാൻ ഇടയായത്. ആദ്യകാലങ്ങളിൽ ദക്ഷിണേന്ത്യയുടെ കാർഷികപുരോഗതിക്ക് എന്തെങ്കിലും സംഭാവന ചെയ്യാൻ ബ്രാഹ്മണമതത്തിന് കഴിഞ്ഞില്ല. ദൈവപ്രീതിക്കുവേണ്ടിയും രാജാക്കന്മാരുടെയും ജനങ്ങളുടെയും ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടിയും യാഗം ചെയ്യുക എന്ന ഒരൊറ്റ സന്ദേശം മാത്രമേ ബ്രാഹ്മണമതത്തിന് അക്കാലത്ത് നൽകാനുണ്ടായിരുന്നുള്ളൂ. പ്രബലന്മാരായ രാജാക്കന്മാർ ഉണ്ടാകുന്നതുവരെ യാഗങ്ങൾ നടത്താൻ ആരും മുന്നോട്ടു വന്നില്ല. അതിനാൽ ജനജീവിതത്തിന് എന്തെങ്കിലും ചലനമുണ്ടാക്കാൻ അക്കാലത്ത് ബ്രാഹ്മണമതത്തിനു കഴിഞ്ഞില്ല. ഫ്യൂഡലിസത്തിന്റെ വികാസഘട്ടത്തിലാണ് ബ്രാഹ്മണമതം രാജ്യത്തിന്റെ ഉല്പാദനരംഗത്ത് സംഭാവനകൾ നൽകുകയും ഇന്ത്യയിലെ പ്രധാന മതമായി വളർച്ച പ്രാപിക്കുകയും ചെയ്തതെന്ന് മനസ്സിലാക്കുവാൻ കഴിയും. ഉത്തരേന്ത്യയിൽനിന്നുള്ള കലപ്പകൾ ദക്ഷിണേന്ത്യയിൽ ആദ്യമായി പ്രചരിപ്പിച്ചത് ബുദ്ധമതക്കാരായിരുന്നുവെന്ന് ഈ സാഹചര്യത്തിൽ അനുമാനിക്കാം. മനുഷ്യശക്തിക്കു പകരം ഉഴവുമൃഗങ്ങളുടെ കായികശക്തി ഉപയോഗപ്പെടുത്തി കൃഷി ചെയ്യാൻ ആരംഭിച്ചത് കാർഷികരംഗത്തെ ഏറ്റവും വലിയ വിപ്ലവമായിരുന്നു. പാറപോലെ ഉറച്ച ഭൂമി പിളർന്ന് അവിടെ വിത്തുവിതച്ച് വിളവെടുക്കുക എന്നത് മനുഷ്യന് സാധ്യമായിത്തീർന്നു. മഴയെ ആശ്രയിച്ചുള്ള കൃഷിയായിരുന്നു ആദ്യം നടപ്പായത്. കുളങ്ങളിൽനിന്ന് വെള്ളം തേവി നനച്ചും ചെറിയ തോതിൽ കൃഷിചെയ്യാൻ കഴിഞ്ഞിരുന്നു. എങ്കിലും മഴയായിരുന്നു കൃഷിയുടെ മുഖ്യാധാരം.

> ▶ ജൈനമതത്തിലെ കൃഷി രീതി

കൃഷി മുഖ്യതൊഴിലായി അംഗീകരിച്ച തമിഴകത്തെ ആദ്യത്തെ ജനവിഭാഗം പൂർവ ഇറാനിയൻ പ്രദേശങ്ങളിൽനിന്ന് കുടിയേറിപ്പാർത്തവരാണ്. സംഘകാലമായപ്പോൾ അവരെ ഉഴവർ എന്ന് വിളിക്കുന്നതായിക്കാണാം. അവരുടെ ദൈവം ഇന്ദ്രനായിരുന്നു. ഇന്ദ്രന്റെ അനുഗ്രഹമുണ്ടായാൽ മാത്രമേ മഴ പെയ്യുകയുള്ളൂവെന്നായിരുന്നു അവരുടെ വിശ്വാസം. പൂർവ ഇറാനിയൻ പ്രദേശങ്ങളിലെ ജനങ്ങളാണ് ഇന്ദ്രനെ മഴയുടെ ദൈവമായി ആരാധിച്ചുവന്നിരുന്നത്. ഉല്പാദനപ്രക്രിയയിൽ മുഖ്യമായ പങ്ക് വഹിക്കുന്നവരുടെ ദൈവത്തെ മറ്റുള്ളവരും മുഖ്യദൈവമായി അംഗീകരിക്കുക എന്നത് സ്വാഭാവികമാണ്. കാർഷികവൃത്തിയിൽ ആദ്യമായി പ്രവേശിച്ച ഇന്ദ്രാരാധകന്മാ

Remove Watermark Now

രെ പിന്തുടർന്ന് മറ്റുള്ള കർഷകരും തങ്ങളുടെ ദൈവമായി ഇന്ദ്രനെ സ്വീകരിക്കുകയാണുണ്ടായത്. ചോളരാജാവായ ചെമ്പിയൻ കാവേരിപ്പുംപട്ടണത്തിൽ ഇന്ദ്രമഹോത്സവം ഏർപ്പെടുത്തിയത് മഴയുടെ ദൈവമായ ഇന്ദ്രനെ പ്രീതിപ്പെടുത്താനായിരുന്നു. ചൈത്രമാസത്തിലെ പൗർണമി മുതൽ വൈശാഖപൗർണമി വരെ 28 ദിവസത്തേക്കാണ് ഇന്ദ്രവിഴ ആഘോഷിക്കുന്നത്. സംഘകാലത്ത് ഇന്ദ്രൻ ദക്ഷിണേന്ത്യയിലെ ഒരു പ്രധാന ദൈവമായിത്തീർന്നത് ഇങ്ങനെയാണ്. ഏത്തംവെച്ച് തേവി ജലസേചനം നടത്താൻ ശീലിച്ചിരുന്ന ജനങ്ങൾ അശോകനിർമ്മിതമായ വലിയ കുളങ്ങൾ ഈ കാലഘട്ടത്തിൽ ജലസേചനത്തിന് ഉപയോഗപ്പെടുത്തിയിരിക്കണം. അങ്ങനെ അശോകനുശേഷം അധികം താമസിയാതെ ദക്ഷിണേന്ത്യയിൽ കൃഷി പ്രധാന സാമ്പത്തിക പ്രവർത്തനമായിത്തീർന്നു, കാലിവളർത്തൽ മുഖ്യതൊഴിലും കൃഷി ഉപതൊഴിലും എന്ന സാമ്പത്തികസംവിധാനത്തിൽനിന്ന്, കൃഷി മുഖ്യതൊഴിലും കാലിവളർത്തൽ ഉപതൊഴിലും എന്ന നിലയ്ക്കുള്ള സാമ്പത്തിക സംവിധാനം അതോടെ ഉടലെടുത്തു.

▶ ഇന്ദ്രവിഴ ആഘോഷം

### 1.3.4.3 ക്ഷേത്രങ്ങളും ബ്രാഹ്മണഗ്രാമങ്ങളും

പരശുരാമൻ കേരളത്തെ 64 ഗ്രാമങ്ങളായി വിഭജിച്ച ശേഷം ബ്രാഹ്മണർക്കു നൽകിയെന്നാണല്ലോ ഐതിഹ്യം. കേരളത്തിന് പ്രഭുമേധാവിത്വപരമായ ഒരു ഭരണകൂടമാണ് പരശുരാമൻ നിർദ്ദേശിച്ചത്. ഈ ഭരണസമ്പ്രദായം കുറേക്കാലത്തേക്ക് കുഴപ്പമില്ലാതെ നടന്നു. എന്നാൽ പിന്നീട് ഗ്രാമക്കാർക്ക് ഒത്തൊരുമയോടെ ജീവിക്കാൻ കഴിഞ്ഞില്ല. അപ്പോൾ കേരളജനത അവരുടെ ദേശീയ അസംബ്ലിയായ 'കൂട്ടം' കൂടുകയും 12 വർഷം മാത്രം ഭരണാവകാശമുള്ള രാജാവിനെ തെരഞ്ഞെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ ബ്രാഹ്മണ റിപ്പബ്ലിക്കിനുപകരം തെരഞ്ഞെടുക്കപ്പെട്ട രാജാവിന്റെ ഭരണം നിലവിൽ വന്നു. കേരളോൽപ്പത്തിപ്രകാരം പെരുമാൾ ഭരണം കേരളത്തിലാവിർഭവിച്ചതിങ്ങനെയാണ്. ചന്ദ്രഗിരിപ്പുഴയ്ക്കു വടക്കുള്ള 32 ഗ്രാമങ്ങൾ തുളുബ്രാഹ്മണരും ബാക്കിയുള്ള 32 ഗ്രാമങ്ങൾ മലയാളിബ്രാഹ്മണരും കൈവശപ്പെടുത്തിയെന്നാണ് കഥ. വടക്ക് പയ്യന്നൂർ മുതൽ തെക്ക് നിരണം വരെയുള്ള 32 ഗ്രാമങ്ങളാണ് നമ്പൂതിരിമാർ കൈവശപ്പെടുത്തിയതെന്ന് സാഹിത്യകൃതികളിലും പരാമർശമുണ്ട്. ഈ നമ്പൂതിരിമാരിൽവച്ച് പ്രമുഖർ നീളാനദിതടത്തിൽ വസിച്ചിരുന്നവരാണത്രെ. ഒരു പക്ഷേ ആര്യന്മാർ ആദ്യം പാർപ്പുറപ്പിച്ചത് ഈ പ്രദേശത്തായിരുന്നിരിക്കണം. രാഷ്ട്രീയത്തിന്റെ കളിയും ഈ തരംതിരിക്കലിന്റെ പിന്നിലുണ്ടാവണം. എന്തായാലും നീളാനദീതീരത്തുള്ള ശുകപുരം ഗ്രാമത്തിലെ നമ്പൂതിരിമാർ ഉന്നതകുലജാതരാണെന്ന് കേരളബ്രാഹ്മണർ പൊതുവെ അംഗീകരിക്കുന്നുണ്ട്. ബ്രാഹ്മണരുടെ ആദ്യകാല അധിവാസകേന്ദ്രങ്ങളിൽ ഏറ്റവും പുരാതനം ഉത്തരകേരളത്തിലെ പെരുമ്പെല്ലൂർ ആണെന്ന് കേശവൻ വെളുത്താട് പ്രസ്താവിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 32 ബ്രാഹ്മണഗ്രാമങ്ങളെയും അദ്ദേഹം തിട്ടപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചാണ് നമ്പൂതിരിഗ്രാമങ്ങൾ വളർന്നുവന്നത്.

▶ കേരളോല്പത്തി കഥ

ഓരോ ക്ഷേത്രത്തിന്റെയും ഭരണനിർവഹണത്തിനായി ഓരോ സമിതിരൂപം കൊണ്ടു. അതാണ് ഊരാളസമിതി. ആദ്യകാലത്ത് ഊ

Remove Watermark Now

രാളസമിതിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുകയായിരുന്നു പതിവ്. ക്ഷേത്രപൂജയ്ക്ക് അധികാരികൾ എന്ന നിലയിൽ ജനങ്ങളുടെ ആദരവിന് പാത്രമായ ബ്രാഹ്മണർ തന്നെയാണ് ഈ സമിതിയിൽ അംഗങ്ങളായിവന്നത്. 'സഭൈപെരുമാൾ', 'സഭൈആര്യർ' എന്നെല്ലാം ശാസനങ്ങളിൽ പരാമർശിച്ചു കാണുന്നത് ഈ ഊരാളസമിതിയിലെ അംഗങ്ങളെയാണ്. ഊരാളന്മാർക്ക് അവരുടെ ജോലിക്കുള്ള പ്രതിഫലം 'വിരുത്തിവസ്തു'ക്കളായിട്ടാണ് നൽകിയിരുന്നത്. ഊരാളന്റെ അവകാശങ്ങൾക്ക് ' ഊരാണ്മാവകാശ' മെന്നു പറയും. ക്ഷേത്രഭരണത്തിന്റെ കാര്യക്ഷമത മുൻനിർത്തി ഊരാളസമിതിയിൽനിന്ന് രണ്ടംഗങ്ങളുള്ള ഒരു നിർവാഹകസമിതിയെ തെരഞ്ഞെടുത്തിരുന്നു. ഈ സമിതിക്ക് 'വാര്യം' എന്നു പറയും. 'അത്തിയറപ്പോറ്റിയുടേയും മുട്ടറപ്പോറ്റിയുടേയും വാര്യത്തിൽ' എന്ന് പത്മനാഭസ്വാമിക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽ കാണുന്നത് ഈ മാതിരി വാര്യത്തെയാണു സൂചിപ്പിക്കുന്നത്. ചിലക്ഷേത്രങ്ങളിൽ വാര്യമുണ്ടായിരുന്നില്ല. അതിന്റെ സ്ഥാനത്ത് പൊതുവാളും സമഞ്ജിതനുമായിരുന്നു. ഊരാളസമിതിക്കുവേണ്ടി ഭരണകാര്യങ്ങൾ നിർവഹിക്കുന്നയാളാണ് 'തവപൊതുവാൾ'. ക്ഷേത്രത്തിലെ വരവു ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുകയും ഓരോ ദിവസത്തേയും വരവും ചെലവും അന്നന്നു വൈകുന്നേരം ക്ഷേത്രത്തിനുമുന്നിൽ നിന്ന് എല്ലാവരും കേൾക്കെ വായിക്കുകയുമായിരുന്നു സമഞ്ജിതന്റെ ജോലി. ഊരാളസമിതിയിൽ നിന്ന് ക്ഷേത്രംവക വസ്തുക്കൾ പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്നവർ കാരാളർ എന്നറിയപ്പെട്ടു. അവരുടെ അവകാശങ്ങൾക്ക് കാരാണ്മാവകാശം എന്നു പറയും. കൃഷി ചെയ്തു കിട്ടുന്ന ആദായത്തിന്റെ നിശ്ചിത വിഹിതം ക്ഷേത്രത്തിലേക്കു 'മേലൊടി' യായി അടയ്ക്കണം. ഇതിൽ വീഴ്ച വരുത്തുന്നവർ ശിക്ഷാർഹരാണ്. അങ്ങനെയുള്ളവരിൽനിന്നു കാരാണ്മവസ്തു തിരിച്ചെടുക്കാൻ ഊരാളസമിതിക്കവകാശമുണ്ട്. ക്ഷേത്രങ്ങളുടെയും ക്ഷേത്രസംബന്ധമായ സകലകാര്യങ്ങളുടെയും പരമാധികാരി കോയി(വി)ലധികാരിയാണ്. യുവരാജാവാണ് ഈ സ്ഥാനം വഹിക്കുന്നത്. നാടുവാഴികളേക്കാളും മന്ത്രിമാരേക്കാളും ഉയർന്ന സ്ഥാനം കോയിലധികാരിക്കുണ്ട്. കുറ്റം ചെയ്യുന്ന ഊരാളൻ പെരുമാൾക്ക് നൂറുകഴഞ്ച് സ്വർണം പിഴയൊടുക്കണമെന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് അവരുടെ പദവിക്കുള്ള ഏറ്റക്കുറച്ചിൽ വ്യക്തമാകും.

▶ കാരാളരും കാരാണ്മാവകാശവും

## 1.3.5 ക്ഷേത്രകേന്ദ്രിതസമൂഹം എന്ന സങ്കല്പവും അതിനോടുള്ള വിമർശനങ്ങളും

ആധ്യാത്മികതയുടെ മാത്രമല്ല, സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമായിരുന്നു കേരളത്തിലെ ക്ഷേത്രങ്ങൾ. അവ വിജ്ഞാനകേന്ദ്രങ്ങളും വിദ്യാഭ്യാസകേന്ദ്രങ്ങളും കൂടിയായിരുന്നു. വിജ്ഞാനം. കല, മതബോധം എന്നിവ ക്ഷേത്രങ്ങളുടെ പ്രോത്സാഹനത്തിലൂടെയാണ് തഴച്ചുവളർന്നത്. പ്രധാനപ്പെട്ട ക്ഷേത്രങ്ങളോടനുബന്ധിച്ച് കലാലയങ്ങളും വിദ്യാലയങ്ങളും ഉണ്ടായിരുന്നു. വൈദിക വിദ്യാഭ്യാസം കൂടാതെ ആയുധ പരിശീലനം നൽകിയിരുന്ന ചില ക്ഷേത്രങ്ങളും ഉണ്ടായിരുന്നു. ചില ക്ഷേത്രങ്ങളോട് അനുബന്ധിച്ച് വിശാലമായ ഊട്ടുപുരകളും ആനക്കൊട്ടിലുകളും

Remove Watermark Now

നിർമ്മിച്ചിരുന്നു. ക്ഷേത്രഭൂമികൾ ഏറ്റെടുത്ത് കൃഷിചെയ്തിരുന്ന കുടിയാന്മാർ ക്ഷേത്രത്തിലേക്ക് നിശ്ചിതമായ പാട്ടം ധാന്യമായും എണ്ണകളായും ഇതരവിഭവങ്ങളായും നൽകിയിരുന്നു. ഈ സമ്പ്രദായം ദേവസ്വത്തോട് അനുബന്ധിച്ചുള്ള ജന്മിത്വത്തിന്റെ വളർച്ചയ്ക്ക് വഴിതെളിച്ചു. ചിലയിടങ്ങളിൽ പ്രത്യേക വിഷയങ്ങളിൽ ഉന്നതപരിശീലനം നൽകുന്ന ബിരുദാനന്തര സ്ഥാപനങ്ങളും ഉണ്ടായിരുന്നു. ഇവയെല്ലാം പൊതുവെ ശാലകളെന്നാണറിയപ്പെട്ടിരുന്നത്. താമസം, ആഹാരം, വസ്ത്രം എന്നിവ വിദ്യാർഥികൾക്ക് സൗജന്യമായി നൽകിയിരുന്നു. വിദ്യാലയങ്ങളെ സഹായിക്കുന്ന കാര്യത്തിൽ സമ്പന്നരായ പ്രഭുക്കൾ യാതൊരു പിശുക്കും കാണിച്ചിരുന്നില്ല. വിദ്യാലയങ്ങളിൽ പണ്ഡിതന്മാരായ ധാരാളം അധ്യാപകർ നിയമിക്കപ്പെട്ടിരുന്നു. പഠിപ്പിക്കുക മാത്രമായിരുന്നില്ല അവരുടെ കർത്തവ്യം. പുരാണേതിഹാസങ്ങൾ വായിച്ച് അർഥം പറയുകയും അതിനെ വിശദീകരിച്ച് ജനങ്ങളിലെ ആധ്യാത്മികബോധം വളർത്തുന്നതും അവർ തങ്ങളുടെ കർത്തവ്യമായി ഏറ്റെടുത്തിരുന്നു. ഇന്നത്തെ വിദ്യാലയങ്ങളുടെയും, നാടകശാലകളുടെയും ഉദ്യാനങ്ങളുടെയും ധർമ്മങ്ങൾ അന്ന് ക്ഷേത്രങ്ങൾ നിർവഹിച്ചിരുന്നു. കേരളത്തിലെ മിക്കവാറും എല്ലാ ക്ഷേത്രങ്ങൾക്കും അവയുടെ ആവിർഭാവ വികാസങ്ങൾ സൂചിപ്പിക്കുന്ന സ്ഥലപുരാണങ്ങളുണ്ട്. മിക്ക മഹാക്ഷേത്രങ്ങളും ചെറിയക്ഷേത്രങ്ങളും പ്രാദേശികചരിത്രം, പാരമ്പര്യം, സംസ്കാരം എന്നിവയോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. തെക്കേ ഇന്ത്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ബ്രാഹ്മണർക്ക് ആധിപത്യമുറപ്പിക്കാൻ കഴിഞ്ഞതിന് രണ്ടു കാരണങ്ങൾ പറയാനുണ്ട്. ഒന്ന്, ഇവിടെ അവരുടെ സംഖ്യാബലം കൂടുതലായിരുന്നു. അവർ സംഘടിതരായിരുന്നു. ഗ്രാമങ്ങളും തളിയും തളിയാതിരിമാരും ഒക്കെ ചേർന്ന് ബ്രാഹ്മണർ കെട്ടുറപ്പുള്ള ഒരു സമുദായമായി. രണ്ട്, അവർ കേരളത്തിലെ സാമൂഹ്യജീവിതത്തിൽ ആഴത്തിൽ വേരൂന്നി. തദ്ദേശീയ സാമൂഹിക സാംസ്കാരിക ആധ്യാത്മിക ജീവിതവുമായി അവരലിഞ്ഞു ചേർന്നു.

▶ മതം, കല, സാഹിത്യം

ബ്രാഹ്മണരുടെ പ്രവർത്തനമണ്ഡലം ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതായിരുന്നു. കേരളത്തിന്റെ സാംസ്കാരികവളർച്ചയിൽ ക്ഷേത്രങ്ങൾക്ക് അദ്വിതീയമായ സ്ഥാനമുണ്ട്. ഈ കാലഘട്ടത്തിൽ ക്ഷേത്രങ്ങൾ ആരാധനാലയങ്ങൾ മാത്രമായിരുന്നില്ല. ജനങ്ങളുടെ യോഗസ്ഥലവും അഭയസ്ഥാനവും വിദ്യാകേന്ദ്രവും കലാകേന്ദ്രവുമൊക്കെയായിരുന്നു. പാർഥിവപുരം, തിരുവനന്തപുരം, തിരുവല്ല, തൃശ്ശൂർ, തിരുവഞ്ചിക്കുളം തുടങ്ങിയ പല നഗരങ്ങളും രൂപംകൊണ്ടിട്ടുള്ളതുതന്നെ ക്ഷേത്രത്തെ കേന്ദ്രീകരിച്ചാണ്. ക്ഷേത്രങ്ങളുടെ സംരക്ഷണത്തിലും പ്രോത്സാഹനത്തിലുമാണ് വിദ്യാഭ്യാസവും മതവും കലയും സാഹിത്യവുമെല്ലാം വളർന്നത്. സാധാരണ ജനങ്ങളെ ക്ഷേത്രത്തിലേക്കാകർഷിക്കാൻ വേണ്ടിയുള്ള എല്ലാ ഉപായവും അവർ വിദഗ്ധമായി ആവിഷ്കരിച്ചു. ബുദ്ധമതത്തിന്റെ രീതി പിൻതുടർന്ന് ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാശാലകൾ സ്ഥാപിച്ചു. വിദ്യാർഥികൾക്ക് സൗജന്യമായി താമസിച്ചു പഠിക്കുന്നതിനുള്ള എല്ലാ സൗകര്യവും അവിടെ ഏർപ്പെടുത്തി. തിരുവനന്തപുരത്ത് വലിയശാല, തിരുവല്ലാശാല, മൂഴിക്കുളംശാല, പാർഥിവപുരംശാല, കാന്തളൂർശാല ഇവയൊക്കെ അങ്ങനെയുള്ള വിദ്യാശാലകളാണ്. ഇവയിൽ പാർഥിവ

Remove Watermark Now

പുരംശാല ഉപരിപഠനത്തിനുവേണ്ടിയുള്ളതായിരുന്നു. പ്രവേശനത്തിനുവേണ്ട യോഗ്യതകളെക്കുറിച്ച് പറഞ്ഞിരിക്കുന്നതിൽനിന്ന് അതുമനസ്സിലാക്കാം. തർക്കം. വ്യാകരണം, മീമാംസ, വേദാന്തം, ജ്യോതിഷം മുതലായവയായിരുന്നു പഠനവിഷയങ്ങൾ. ഈ ശാലകളിൽ ബ്രാഹ്മണവിദ്യാർഥികൾക്കു മാത്രമാണ് പ്രവേശനമനുവദിച്ചിരുന്നത്. മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിച്ചിരുന്നു. അതിന്റെ ഭവിഷ്യത്ത് പിൽക്കാല സാമൂഹ്യജീവിതത്തിൽ പ്രതിഫലിച്ചു. ഈശ്വരകഥാപരങ്ങളായ ഗാനങ്ങളാലപിക്കുന്നതിനും പുരാണകഥകളെ ഉപജീവിച്ച് നൃത്തം ചെയ്യുന്നതിനുമായി ദേവദാസികളെ പ്രധാനക്ഷേത്രങ്ങളിൽ നിയോഗിച്ചു. ദേവന്റെ കളത്രമെന്ന നിലയിൽ ഇക്കൂട്ടർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനമാണുണ്ടായിരുന്നത്. രാജകന്യകകൾപോലും ദേവദാസികളായിട്ടുണ്ട്. കൂത്തും കൂടിയാട്ടവും അവതരിപ്പിക്കുന്നതിനായി ക്ഷേത്രസങ്കേതത്തിൽ തന്നെ കൂത്തമ്പലങ്ങൾ നിർമ്മിച്ചു. കൂടാതെ, ശിൽപ്പകല, ചിത്രകല, വാദ്യകല, വാസ്തുവിദ്യ മുതലായവയും ക്ഷേത്രങ്ങളിൽ സമ്മേളിക്കപ്പെട്ടു. ത്രൈവർണ്ണികരായ ജനങ്ങളിൽ മതബോധനം വളർത്തുന്നതിനായി പ്രധാനക്ഷേത്രങ്ങളിൽ പുരാണേതിഹാസങ്ങൾ വായിച്ചു വ്യാഖ്യാനിക്കുന്ന സമ്പ്രദായമേർപ്പെടുത്തി. പട്ടത്താനമുള്ള (ഭട്ടർസ്ഥാനം) പണ്ഡിതന്മാരെയാണ് ഇതിനുപയോഗിച്ചിരുന്നത്. മഹാഭാരതം വായിക്കാനും വ്യാഖ്യാനിക്കാനും മാവാരതപട്ടന്മാരെ പ്രത്യേകം നിയമിച്ചിരുന്നു.

- ▶ കാന്തളൂർശാല, പാർത്ഥിവപുരം ശാല

## Summarised Overview

അതിപ്രാചീനകാലം മുതലേ മതങ്ങളുടെ സംഗമഭൂമിയായി കേരളം മാറിയിരുന്നു. ബുദ്ധ-ജൈനമതങ്ങളും ഹൈന്ദവദർശനവും ക്രൈസ്തവ-ഇസ്ലാം-യഹൂദ മതങ്ങളും ഇവിടെ പ്രചരിച്ചു. കേരളത്തിലെമ്പാടും ബുദ്ധമതകേന്ദ്രങ്ങൾ നിലവിലുണ്ടായിരുന്നു. പന്ത്രണ്ടാം ശതകത്തോടെ ബുദ്ധമതം കേരളത്തിൽ നിന്നും തിരോഭവിച്ചെങ്കിലും സംസ്കാരിക രംഗത്ത് ഇപ്പോഴും അതിന്റെ ശേഷിപ്പുകൾ പ്രകടമാണ്. ജൈനമതത്തിനും ദക്ഷിണേന്ത്യയിൽ നല്ല പ്രചാരം ഉണ്ടായിരുന്നു. സംഘകാലത്തെ 'വടക്കിരിക്കൽ' പോലുള്ള ആചാരങ്ങളിൽ ജൈനമത സ്വാധീനം കാണാം.

പ്രാചീനകേരളത്തിൽ നിലവിലിരുന്ന തുറമുഖങ്ങളെക്കുറിച്ചും അവിടുത്തെ വ്യാപാരബന്ധങ്ങളെക്കുറിച്ചും വിദേശസഞ്ചാരികൾ അറിവ് നൽകുന്നുണ്ട്. മുസിരിസ്സ്, തിണ്ടിസ്, ബക്കറെ, നെൽകിണ്ട എന്നിവ പ്രധാനപ്പെട്ട പൗരാണിക തുറമുഖങ്ങളാണ്. ഇവയിലൂടെയാണ് വിദേശികൾ കേരളവുമായി വ്യാപാരബന്ധത്തിലേർപ്പെട്ടത്.

ഭാരതത്തിലേക്ക് കടന്നുവന്ന ആര്യന്മാർ ആദ്യം ദ്രാവിഡരുമായി സന്ധിചെയ്യുകയും പിന്നീട് പതിയെ അധീശത്വം നേടുകയും ചെയ്തു. ആര്യാധിനിവേശത്തിന്റെ പ്രത്യാഘാതങ്ങൾ സാമൂഹ്യജീവിതത്തിൽ ഉടനീളം തെളിഞ്ഞു കാണാം. മതത്തിൽ വിപുലമായ സ്വാധീനമുണ്ടാക്കിയ അവർ ദ്രാവിഡാചാരങ്ങളെ തങ്ങൾക്ക് അനുഗുണമായ തരത്തിൽ മാറ്റിത്തീർത്തു. ജന്മിസമ്പ്രദായത്തിന് തുടക്കം കുറിച്ചു. സംഘകാലത്ത് എല്ലാവർക്കും അനുവദിച്ചിരുന്ന വിദ്യാഭ്യാസം ഉന്നതവർഗക്കാർക്ക് മാത്രമായി ഒതുക്കി.

Remove Watermark Now

ഉത്തരേന്ത്യയുമായുള്ള ബന്ധം ദക്ഷിണേന്ത്യയിൽ പല പരിവർത്തനങ്ങളും ഉണ്ടാകാൻ കാരണമായി. ഇങ്ങനെ വന്നെത്തിയ ആയുധങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചതിനാൽ കാർഷികരംഗം വികസിച്ചു. പ്രാചീനകേരളത്തിലെ ക്ഷേത്രങ്ങൾ കലയുടെയും വിജ്ഞാനത്തിന്റെയും കേന്ദ്രമായിരുന്നു. ക്ഷേത്രകേന്ദ്രീകൃതമായി ഒരു സാമൂഹികവ്യവസ്ഥ രൂപപ്പെട്ടുവന്നു. ത്രൈവർണ്ണികരായ ജനങ്ങളിൽ മതബോധം വളർത്തുന്നതിനായി പ്രധാന ക്ഷേത്രങ്ങളിൽ പുരാണേതിഹാസങ്ങൾ വായിച്ചു വ്യാഖ്യാനിക്കുന്ന രീതിയുണ്ടായിരുന്നു.

## Assignments

1. ബുദ്ധ-ജൈനമതങ്ങളുടെ വിശിഷ്ടമുദ്രകൾ കേരളത്തിൽ നിന്നു ഇന്നും മാഞ്ഞുപോയിട്ടില്ല. പരിശോധിക്കുക.
2. മഹത്തായ ഒരു സംസ്കാരം കേരളത്തിന് പ്രദാനം ചെയ്യാൻ ആര്യാഗമനത്തിനു കഴിഞ്ഞു. ഈ പ്രസ്താവം-ശരിയോ?
3. കേരളത്തിൽ ബുദ്ധമതത്തിന്റെ സ്വാധീനം വിവരിക്കുക.
4. പ്രാചീന കേരളത്തിലേക്കുള്ള വാതിലുകളാണ് തുറമുഖങ്ങൾ-വിശദീകരിക്കുക.
5. പ്രാചീന കേരളത്തിന്റെ കലാകേന്ദ്രങ്ങളായി ക്ഷേത്രങ്ങൾ നിലനിന്നതെങ്ങനെ? വിശദമാക്കുക.
6. കേരളത്തിലെ ജൈനമതത്തിന്റെ സ്വാധീനം വിവരിക്കുക?

## Suggested Readings


1. എം.ആർ. രാഘവവാര്യർ, മധ്യകാല കേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
2. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി.കെ. ബാലകൃഷ്ണൻ, ജാതി വ്യവസ്ഥിതിയും കേരളചരിത്രവും, ഡി.സി. ബുക്ക്സ്, കോട്ടയം.
4. ഇളംകുളം കുഞ്ഞൻപിള്ള, അന്നത്തെ കേരളം, എൻ.ബി.എസ്., കോട്ടയം.

Remove Watermark Now

# References


1. വേലായുധൻ പണിക്കശ്ശേരി, പ്രാചീനകേരളത്തിലെ വാണിജ്യബന്ധങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
2. വേലായുധൻ പണിക്കശ്ശേരി, സഞ്ചാരികൾ കണ്ട കേരളം, കറൻറ് ബുക്സ്, തൃശ്ശൂർ.
3. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.
4. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
5. രാഘവവാരിയർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, എടപ്പാൾ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft

Remove Watermark Now

Remove Watermark Now

# Unit 4

# രണ്ടാം ചേരസാമ്രാജ്യം

## Learning Outcomes

- പെരുമാൾവാഴ്ചയെക്കുറിച്ചും ഭക്തിപ്രസ്ഥാനത്തെക്കുറിച്ചും ധാരണ നേടുന്നു
- പെരുമാൾ ഭരണകാലത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ മനസ്സിലാക്കുന്നു
- മലയാളഭാഷയുടെ രൂപീകരണത്തെക്കുറിച്ച് അറിവ് നേടുന്നു
- ഭക്തിപ്രസ്ഥാനത്തിന്റെ സാമൂഹ്യധർമ്മം തിരിച്ചറിയുന്നു

## Background

ഒമ്പതും പത്തും നൂറ്റാണ്ടുകൾ 'പെരുമാൾമാർ' എന്ന പേരിൽ പ്രസിദ്ധരായ രാജാക്കന്മാരുടെ കാലമായിരുന്നു. ഈ രാജവംശത്തെയാണ് പൊതുവായി രണ്ടാം ചേരസാമ്രാജ്യം എന്നുവിളിക്കുന്നത്. ശാസനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ വെച്ച് വസ്തുതകൾ പൂർണ്ണമായി യോജിക്കുന്നില്ലെങ്കിലും രണ്ടാം ചേരസാമ്രാജ്യത്തെ മിക്ക ചരിത്രകാരന്മാരും അടയാളപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഒരു പ്രത്യേക കാലഘട്ടത്തെ പറ്റി കേരളചരിത്രത്തിൽ ഏറ്റവുമധികം പഠനം നടന്നതും രണ്ടാം ചേരസാമ്രാജ്യത്തെ പറ്റിയാകണം.

സംഘകാലത്ത് നിലവിലുണ്ടായിരുന്ന സാർവജനീന വിദ്യാഭ്യാസസമ്പ്രദായത്തെ പിന്നീട് വന്ന കാലങ്ങളിലെ ജാതിസമ്പ്രദായം അമ്പേ ദുർബലപ്പെടുത്തിയിരുന്നു. രണ്ടാം ചേരരാജാക്കന്മാർ നാടെങ്ങും ക്ഷേത്രങ്ങൾ സ്ഥാപിച്ചു. ക്ഷേത്രങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയായിരുന്നു. ക്ഷേത്രങ്ങളോടനുബന്ധിച്ച് ശാല എന്നറിയപ്പെട്ടിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും രൂപമെടുത്തു. ചേരരാജാക്കന്മാരിൽ പലരും പണ്ഡിതരും കലാവിദഗ്ധരുമായിരുന്നു.

ക്രിസ്തുവിന് മൂന്നോ നാലോ നൂറ്റാണ്ടുമുമ്പ് കേരളത്തിലെത്തിയ ആര്യസംസ്കാരം ഇവിടെ നിലവിലുണ്ടായിരുന്ന ദ്രാവിഡസംസ്കാരത്തെ കീഴ്പ്പെടുത്തിയതോടെയാണ് ഹിന്ദുമതം വ്യവസ്ഥാപിതമായി പ്രചരിപ്പിക്കപ്പെട്ടു തുടങ്ങിയത്. ആര്യാധിനിവേശം സമൂഹത്തിൽ ചില വേർതിരിവുകൾ സൃഷ്ടിച്ചു. ജാതിവ്യവസ്ഥ ശക്തമാകുകയും ഉയർന്നനിലയിൽ വർത്തിച്ചിരുന്ന ജാതികളെ താഴേത്തട്ടുകളിലേക്ക് കൊണ്ടുവരികയും ചെയ്തു. പാണർ, വേടർ, കുറവർ തുടങ്ങിയ ജാതികളെല്ലാം ഇത്തരത്തിൽ സാമൂഹ്യനില താഴ്ത്തപ്പെട്ടവരാണ്. വിദ്യാഭ്യാസത്തിൽ മികച്ചുനിന്ന ദ്രാവിഡരെ തങ്ങളിലേക്ക് കൂട്ടിയോജിപ്പിക്കാൻ ബോധപൂർവമുള്ള പ്രവർത്തനങ്ങൾ ആര്യന്മാർ നടത്തി. കപിലരെപ്പോലുള്ള ദ്രാവിഡകവികളെ ബ്രാഹ്മണരായി അംഗീകരിച്ചത് ഈ രീതിയിലാണ്. അദ്വൈത സങ്കല്പത്തിൽ ശങ്കരാചാര്യർ നേടിയ മേധാവിത്വം മതപ്രചാരങ്ങൾക്ക് വേഗത കൂട്ടി.

## Keywords

പെരുമാൾ വാഴ്ച-കച്ചങ്ങൾ-വർത്തക സംഘങ്ങൾ-ശാലകൾ-ഭക്തിപ്രസ്ഥാനം-ശങ്കരാചാര്യർ

Remove Watermark Now

# Discussion

## 1.4.1 പെരുമാൾവാഴ്ച

സംഘകാലത്തിനുശേഷമുണ്ടായ ഇരുണ്ടയുഗത്തെ തുടർന്ന് കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ശോഭനമായ ഒരു കാലഘട്ടം ആവിർഭവിച്ചു. കേരളം പ്രത്യേക രാഷ്ട്രീയവിഭാഗമായി രൂപംകൊള്ളുന്നത് ഒമ്പതാം നൂറ്റാണ്ടിൽ മഹോദയപുരം തലസ്ഥാനമാക്കി പിൽക്കാല ചേരരാജവംശം സ്ഥാപിക്കപ്പെട്ടതോടുകൂടിയാണ്. രണ്ടാം ചേരസാമ്രാജ്യമെന്ന് ഇളംകുളം വിശേഷിപ്പിക്കുന്ന കുലശേഖരസാമ്രാജ്യം കേരളചരിത്രത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നു. എ.ഡി. ഒൻപതാം ശതകത്തോടുകൂടി കുലശേഖരന്മാരുടെ നേതൃത്വത്തിൽ ചേരശക്തി പുനഃസ്ഥാപിതമായി. രണ്ടാം ചേരസാമ്രാജ്യമെന്നുകൂടി അറിയപ്പെടുന്ന കുലശേഖരസാമ്രാജ്യം തിരുവഞ്ചിക്കുളമോ മഹോദയപുരമോ തലസ്ഥാനമാക്കിയ ഒരു രാജപരമ്പരയാൽ ഭരിക്കപ്പെട്ടു. ചേരസാമ്രാജ്യത്തിന്റെ ചരിത്രം പരിശോധിച്ചാൽ എ.ഡി. 800 മുതൽക്കുള്ള മൂന്നു ശതാബ്ദക്കാലത്തേക്കെങ്കിലും കേരളം ഒരഖണ്ഡസംസ്ഥാനമായി കുലശേഖരന്മാരാൽ ഭരിക്കപ്പെട്ടിരുന്നുവെന്ന യാഥാർഥ്യം മനസ്സിലാക്കാൻ കഴിയും. ശങ്കരാചാര്യർ, കുലശേഖര ആഴ്‌വാർ, ചേരമാൻ പെരുമാൾ നായനാർ തുടങ്ങിയ ആത്മീയാചാര്യന്മാരുടെ ജന്മം കൊണ്ടും ഈ കാലഘട്ടം ശ്രദ്ധേയമാണ്.

> ▶ കേരളചരിത്രത്തിലെ സുവർണ്ണയുഗം

### 1.4.1.1 കുലശേഖര ആഴ്‌വാർ (800 - 820)

രണ്ടാം ചേരസാമ്രാജ്യത്തിന്റെ സ്ഥാപകൻ കുലശേഖര വർമ്മയായിരുന്നു. വൈഷ്ണവാചാര്യനായ കുലശേഖരആഴ്‌വാർ കുലശേഖരവർമ്മ തന്നെയാണെന്ന് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള പ്രസ്താവിച്ചിട്ടുണ്ട്. കുശാഗ്രബുദ്ധിയോടുകൂടിയവൻ എന്നാണ് ആഴ്‌വാർ എന്ന പദത്തിന്റെ അർഥം. തികഞ്ഞ ഭരണപാടവം പ്രകടിപ്പിച്ച അദ്ദേഹം കേരളകുലചൂഡാമണി, മഹോദയപുര പരമേശ്വരൻ എന്നീ ബിരുദങ്ങളാൽ പ്രകീർത്തിക്കപ്പെടുന്നു. രാജ്യഭരണത്തിലെന്നതുപോലെ ആധ്യാത്മിക വിഷയത്തിലും അദ്ദേഹം പരിണതപ്രജ്ഞനായിരുന്നു. ദക്ഷിണേന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ കുലശേഖരന് സമുന്നതമായ ഒരു സ്ഥാനമുണ്ട്. മതകാര്യങ്ങളിലുള്ള അത്യാസക്തിമൂലം അദ്ദേഹം ഒടുവിൽ സിംഹാസനത്യാഗം ചെയ്യുകയും മകനെ രാജാവായി വാഴിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം ശ്രീരംഗത്തേക്കു പോവുകയും ഈശ്വരസ്തുതികൾ ആലപിച്ചുകൊണ്ട് ജീവിതസായാഹ്നത്തിൽ അവിടെ കഴിച്ചുകൂട്ടുകയും ചെയ്തു. ചിദംബരത്തെയും തിരുവാലിയിലേയും വിഷ്ണുക്ഷേത്രങ്ങളുടെ മഹിമയെക്കുറിച്ച് അദ്ദേഹം പ്രശംസിച്ചിട്ടുണ്ട്. 67-ാം വയസ്സിൽ മന്നാർ കോവിലിൽ വച്ചാണ് അദ്ദേഹം അന്തരിച്ചത്. തമിഴിലുള്ള ഭക്തികാവ്യമായ 'പെരുമാൾ തിരുമൊഴി' ആഴ്‌വാരുടെ രചനയാണ്. അദ്വൈതമത സ്ഥാപകനായ ശങ്കരാചാര്യർ അദ്ദേഹത്തിന്റെ സമകാലികനായിരുന്നു. കേരളത്തിൽ അക്കാലത്ത് ശൈവ-വൈഷ്ണവമതങ്ങൾക്ക് ഒരുപോലെ പ്രചാരമുണ്ടായിരുന്നു.

> ▶ രണ്ടാം കുലശേഖരസാമ്രാജ്യത്തിന്റെ സ്ഥാപകൻ

Remove Watermark Now

## 1.4.1.2 രാജശേഖര വർമ്മകുലശേഖരൻ (ചേരമാൻ പെരുമാൾ നായനാർ 820-844)

കുലശേഖരവർമ്മയുടെ പുത്രനും പിൻഗാമിയുമായിരുന്നു രാജശേഖരൻ. അദ്ദേഹത്തിന്റെ വാഴപ്പള്ളിശാസനം രണ്ടാം ചേരസാമ്രാജ്യ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. അദ്ദേഹത്തെ 'പരമേശ്വരഭട്ടാരകൻ' എന്നാണ് ശാസനത്തിൽ വിശേഷിപ്പിക്കുന്നത്. പെരിയപുരാണത്തിൽ അദ്ദേഹത്തിന്റെ ഭരണത്തെക്കുറിച്ചുള്ള സൂചനകളുണ്ട്. ശിവഭക്തനായിരുന്ന ഈ രാജശേഖരനാണ് പ്രസിദ്ധനായ ചേരമാൻ പെരുമാൾ നായനാർ എന്ന് പ്രൊഫ. ഇളംകുളം പ്രസ്താവിച്ചു കാണുന്നു. ഇന്ത്യയിലെ പ്രധാന ശിവക്ഷേത്രങ്ങളിലേക്ക് പെരുമാളും അദ്ദേഹത്തിന്റെ ഉറ്റ ചങ്ങാതിയായ സുന്ദരമൂർത്തിയും ഒരുമിച്ചു നടത്തിയ തീർഥാടനത്തിന്റെ കഥ വിവരിക്കുന്നതാണ് പെരിയപുരാണം. തിരുവഞ്ചിക്കുളത്തുവച്ചാണ് ഇവർ രണ്ടുപേരുടെയും അന്ത്യം സംഭവിച്ചത്. തുടർന്ന് അവിടുത്തെ ശിവക്ഷേത്രത്തിൽ രണ്ടുപേരുടെയും വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കാലത്താണ് കൊല്ലവർഷം കേരളത്തിൽ നടപ്പിലാക്കപ്പെട്ടത്.

> ▶ കൊല്ലവർഷാരംഭം

## 1.4.1.3 സ്ഥാണുരവിവർമ്മ (844-885)

രാജശേഖരനെത്തുടർന്ന് ഭരണമേറ്റെടുത്ത സ്ഥാണുരവിവർമ്മ ആ രാജവംശത്തിലെ ഏറ്റവും പ്രഗത്ഭരായ രാജാക്കന്മാരിൽ ഒരാളായിരുന്നു. സ്ഥാണുരവിവർമ്മയുടെ അഞ്ചാം ഭരണവർഷത്തിൽ (വേണാടിൽ) ഭരണം വഹിച്ചിരുന്ന അയ്യനടികളാൽ നൽകപ്പെട്ടതാണ് ചരിത്രപ്രധാനമായ തരിസ്സാപ്പള്ളി ചെമ്പുപട്ടയം (എ.ഡി. 849). കാലഗണന കൃത്യമായി നടത്താൻ കഴിഞ്ഞ കേരളത്തിലെ ഏറ്റവും പഴക്കംചെന്ന ശാസനം ഇതാണ്. കേരള ക്രൈസ്തവരെപ്പറ്റി കൃത്യമായി രേഖപ്പെടുത്തിയ ആദ്യത്തെ രേഖയും തരിസാപ്പള്ളി ശാസനമാണ്. മാർ ഈശോ സപീർ എന്ന ക്രൈസ്തവ വർത്തകപ്രമാണിക്ക് ഈ പട്ടയം പ്രകാരം കൊല്ലത്ത് തരിശാപ്പള്ളി സ്ഥാപിക്കാൻ അനുവാദം നൽകുകയും അഞ്ചുവണ്ണം, മണിഗ്രാമം എന്നീ കച്ചവടസംഘങ്ങളെ അനുവദിക്കുകയും നികുതി സൗജന്യങ്ങൾ കല്പിക്കുകയും ഏകദേശം എഴുപത്തിരണ്ടോളം പദവികളും അവകാശങ്ങളും അനുവദിക്കുകയും ചെയ്തു. ഈ ശാസനങ്ങൾ കോട്ടയം പട്ടയങ്ങൾ (കോട്ടയം ചെപ്പേട്) എന്ന പേരിലും അറിയപ്പെടുന്നു. ഇരിഞ്ഞാലക്കുടയിലെ കൂടൽമാണിക്യം ക്ഷേത്രത്തിലും സ്ഥാണുരവിയുടേതായ ഒരു ശാസനമുണ്ട്. തികഞ്ഞ ശിവഭക്തനായിരുന്ന സ്ഥാണുരവി ആദിത്യചോളന്റെ സമകാലികനായിരുന്നു. 844-ൽ സ്ഥാണുരവി സിംഹാസനസ്ഥനായതോടെ ചേര-ചോള സൗഹൃദത്തിന്റ ഒരു കാലഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. നിരവധി ചോളരാജകുമാരന്മാർ കേരളരാജകുമാരിമാരെ വിവാഹം ചെയ്ത് ആ സുഹൃദ്ബന്ധത്തെ ദൃഢമാക്കിയെന്ന് പ്രൊഫ.കെ.വി. കൃഷ്ണയ്യർ അഭിപ്രായപ്പെടുന്നു. വാനശാസ്ത്രത്തിൽ നിപുണനായിരുന്ന സ്ഥാണുരവി മഹോദയപുരത്തിൽ ഒരു വാനനിരീക്ഷണാലയം സ്ഥാപിച്ചു. ശങ്കരനാരായണീയത്തിന്റെ കർത്താവായ ശങ്കരനാരായണനെന്ന വാനശാസ്ത്രജ്ഞൻ അദ്ദേഹത്തിന്റെ സദസ്യനായിരുന്നു. സ്ഥാണുരവിയുടെ കാലത്ത് സാമ്പത്തികാഭിവൃദ്ധിയാൽ കേരളം അനുഗ്രഹിക്കപ്പെട്ടു. അറബിവ്യാപാരിയായ

Remove Watermark Now

സുലൈമാൻ കേരളം സന്ദർശിച്ചത് ഇക്കാലത്താണ്. കേരളവും ചൈനയും തമ്മിൽ അന്നുണ്ടായിരുന്ന വ്യാപാരത്തെക്കുറിച്ച് സുലൈമാൻ അദ്ദേഹത്തിന്റെ യാത്രാക്കുറിപ്പുകളിൽ എടുത്തുപറയുന്നുണ്ട്.

▶ പുരോഗതിയുടെ പരമോന്നതിയിൽ

## 1.4.1.4 രാമവർമ്മ (885-917)

സ്ഥാണുരവിയുടെ പിൻഗാമിയായിരുന്ന രാമവർമ്മ കലാസാഹിത്യങ്ങളെ ഉദാരമായി പ്രോത്സാഹിപ്പിച്ചു. യമകകാവ്യങ്ങളുടെ കർത്താവായ വാസുദേവ ഭട്ടതിരി ഇദ്ദേഹത്തിന്റെ സദസ്യനായിരുന്നുവെന്നു കരുതപ്പെടുന്നു. ചേര-ചോള സുഹൃദ്ബന്ധം തുടർന്നത് രാമവർമ്മയുടെ കാലത്താണ്. അറബിസഞ്ചാരിയായ മസൂദി കേരളത്തിലെത്തിയതും രാജ്യത്തെക്കുറിച്ചും ജനങ്ങളെക്കുറിച്ചും വിവരണങ്ങൾ എഴുതിയതും ഇക്കാലത്താണ്.

▶ സ്ഥാണുരവിയുടെ പിൻഗാമി

## 1.4.1.5 ഗോദരവിവർമ്മ (917-944)

രാമവർമ്മയ്ക്കുശേഷം രാജ്യഭാരമേറ്റെടുത്ത ഗോദവർമ്മയുടെ ഭരണം ദക്ഷിണേന്ത്യൻ ചരിത്രത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. ഗോദരവിവർമ്മയുടെ ഭരണകാലത്ത് കുലശേഖര സാമ്രാജ്യം കേരളം മുഴുവൻ വ്യാപിച്ചിരുന്നു. ദക്ഷിണേന്ത്യയിലെ മികച്ച സൈനിക ശക്തിയായി ചേരന്മാർ വളർന്നു. ആയ്‌രാജ്യത്തെ ചേരസാമ്രാജ്യത്തിൽ ലയിപ്പിച്ചത് ദക്ഷിണ കേരളത്തിൽ ഒരു സംഘർഷാവസ്ഥയ്ക്ക് കാരണമായി. ദക്ഷിണ കേരളത്തിൽ ചോളന്മാർ നടത്തിയ ആക്രമണംമൂലം ദീർഘകാലമായി നിലനിന്ന ചേര-ചോള സൗഹൃദബന്ധവും കടുത്ത പരീക്ഷണത്തിനു വിധേയമായി. പ്രതിരോധശക്തി വർധിപ്പിക്കാനായി ഗോദരവി തെക്കൻനാടുകളിൽ നിരവധി സൈനികകേന്ദ്രങ്ങൾ സ്ഥാപിച്ചു. വിഴിഞ്ഞംശാലയും കാന്തളൂർശാലയും സൈനികകേന്ദ്രങ്ങളായത് ഇക്കാലത്തായിരുന്നു. ചോളന്മാർ പരാജയപ്പെടുത്തിയ പാണ്ഡ്യരാജാവായ മാരവർമ്മന് കേരളത്തിൽ അഭയം നൽകിയത് ചോളരാജാവിനെ പ്രകോപിപ്പിച്ചു.

▶ കുലശേഖര സാമ്രാജ്യം കേരളം മുഴുവൻ വ്യാപിപ്പിച്ചു

## 1.4.1.6 ഇന്ദുക്കോതവർമ്മ (944-962)

ഗോദരവിവർമ്മയുടെ പുത്രനും പിൻഗാമിയുമായിരുന്നു ഇന്ദുക്കോതവർമ്മ. പരാന്തകചോളൻ കൊങ്ങുരാജ്യമാക്രമിച്ചത് ഈ സന്ദർഭത്തിലാണ്. മഹോദയപുരത്തെ ചേരന്മാരുടെ അടുത്ത ബന്ധുക്കളായിരുന്നു അന്ന് കൊങ്ങുനാടിന്റെ ഭരണാധികാരികൾ. ഈ ആക്രമണത്തെ ഇന്ദുകോതവർമ്മ ഗൗരവമായി വീക്ഷിച്ചു. ഇതിനു പ്രതികാരമായി, നാടുകടത്തപ്പെട്ട പാണ്ഡ്യന്മാരെ ചോളൻമാർക്കെതിരായി യുദ്ധം ചെയ്യുന്നതിൽ ഇന്ദുക്കോതവർമ്മ സഹായിച്ചു. പിന്നീട് മുപ്പതുവർഷക്കാലത്തേക്ക് ചോളന്മാരിൽ നിന്ന് ചേരൻമാർക്ക് യാതൊരു ശല്യവുമുണ്ടായില്ല.

▶ ഗോദരവിയുടെ പുത്രൻ

## 1.4.1.7 ഭാസ്കര രവിവർമ്മൻ ഒന്നാമൻ (962-1019)

ഇന്ദുക്കോതയ്ക്കുശേഷം ഭരണസാരഥ്യം ഏറ്റെടുത്ത ചേരരാജാക്കന്മാർ ഭാസ്കരരവിവർമ്മൻ ഒന്നാമനും ഭാസ്കര രവിവർമ്മ രണ്ടാമനുമായിരുന്നു. അടുത്തകാലം വരെ ഭാസ്കരരവിവർമ്മനെന്ന

Remove Watermark Now

പേരിൽ ഒരു ചേരരാജാവു മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നായിരുന്നു വിശ്വാസം. ഇരുപതിൽപരം ശാസനങ്ങൾ രവിവർമ്മയുടെ പേരിലുള്ളതായി അടുത്തകാലത്തു നടന്ന ഗവേഷണങ്ങൾ തെളിയിക്കുന്നു. പ്രൊഫ. ഇളംകുളത്തിന്റെ അഭിപ്രായത്തിൽ, ഈ ശാസനങ്ങൾ സസൂക്ഷ്മ നിരീക്ഷണത്തിനു വിധേയമാക്കിയാൽ വിഭിന്ന കാലങ്ങളിൽ മൂന്നു ഭാസ്ക്കര രവിവർമ്മമാർ കേരളം ഭരിച്ചിരുന്നുവെന്നു വ്യക്തമാകും. ജൂതശാസ (എ.ഡി.1000) ദാതാവെന്ന നിലയിൽ ഭാസ്ക്കര രവിവർമ്മൻ ഒന്നാമൻ കേരളചരിത്രത്തിൽ ശാശ്വതമായ സ്ഥാനം ആർജിച്ചിരിക്കുന്നു. ജൂതവ്യാപാരിയായ ജോസഫ് റബ്ബാന് നിരവധി സൗജന്യങ്ങൾ നൽകുന്നതാണ് ശാസനത്തിന്റെ ഉള്ളടക്കം. ഇതിൻ പ്രകാരം, ജോസഫ് റബ്ബാന് അഞ്ചുവണ്ണം, കരയിലും ജലത്തിലും കൂടി സഞ്ചരിക്കുന്ന വാഹനങ്ങളുടെ ടോൾ പിരിക്കാനുള്ള അവകാശം എന്നിവ ദാനം ചെയ്യുന്നു. അഞ്ചുവണ്ണമെന്ന പദവി ഉണ്ടായിരിക്കുന്നതും, പകൽ വിളക്കുപയോഗിക്കുക, പല്ലക്ക്, കുട, വാദ്യങ്ങൾ എന്നിവ ഉപയോഗിക്കുക, അലങ്കാര ശിൽപങ്ങളോടുകൂടിയ വളച്ചു വാതിലുകൾ വീടുകൾക്കുണ്ടാക്കുക, ആയുധം ധരിക്കുക ആദിയായ 72 അവകാശങ്ങൾക്ക് അയാൾ അർഹനായിരിക്കുന്നതുമാണ്. നികുതി നൽകാതെതന്നെ, നഗരത്തിലെ നികുതിദായകരനുഭവിക്കുന്ന എല്ലാ അവകാശങ്ങളും അനുഭവിക്കാൻ അയാൾക്കർഹതയുണ്ടായിരിക്കും. അഞ്ചുവണ്ണപദവിയുള്ള ജോസഫ് റബ്ബാന്റെ പുത്രന്മാർക്കും പുത്രികൾക്കും ഭാഗിനേയൻമാർക്കും മരുമക്കൾക്കും പാരമ്പര്യവകാശമായി അഞ്ചുവണ്ണപദവി അനുഭവിക്കാം. ചേരരാജാക്കന്മാരുടെ മതസഹിഷ്ണുതയുടെ മികച്ച ഉദാഹരണമാണ് ഈ ശാസനം. രാജേന്ദ്രചോളന്റെ ആദ്യത്തെ ചേരരാജ്യാക്രമണം ഉണ്ടാകുന്നത് ഈ കാലഘട്ടത്തിലാണ്. ഒരു ചോള ശാസനപ്രകാരം, മഹോദയപുരത്തെ പ്രതിരോധിക്കുന്നതിനിടയിൽ ചേരരാജാക്കന്മാർ ഓരോരുത്തരായി യുദ്ധഭൂമിയിൽ മരിച്ചുവീണു. ഒരുപക്ഷേ ഭാസ്ക്കര രവിവർമ്മന്റെ അന്ത്യം ഈ വിധത്തിലായിരുന്നിരിക്കണം.

- ജൂതവ്യാപാരികൾക്ക് നിരവധി സൗജന്യങ്ങൾ

## 1.4.1.8 ഭാസ്ക്കര രവിവർമ്മൻ രണ്ടാമൻ (1019-1021)

ഭാസ്ക്കരരവി ഒന്നാമനെതുടർന്ന് രണ്ടാമൻ രാജ്യഭാരമേറ്റെടുത്തു. അദ്ദേഹത്തിന്റെ ശാസനങ്ങൾ തൃക്കാക്കര, തിരുനെല്ലി തുടങ്ങിയ സ്ഥലങ്ങളിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്. ഹ്രസ്വമായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലം. നൂറ്റാണ്ടു യുദ്ധമെന്നറിയപ്പെടുന്ന ചേരചോളയുദ്ധം അദ്ദേഹത്തിന്റെ ഭരണകാലത്തും തുടർന്നുപോന്നു.

- നിരവധി ശാസനങ്ങൾ

## 1.4.1.9 വീരകേരളൻ (1021-1028)

വീരകേരളൻ ചോളന്മാർക്കെതിരായുള്ള യുദ്ധങ്ങളിൽ ഏർപ്പെട്ടു. പക്ഷേ ചോളാധിപത്യം അവസാനിപ്പിക്കാനുള്ള ശ്രമം വിജയിച്ചില്ല. ചോളന്മാരുമായി തുടർന്നുവന്ന യുദ്ധം ചേരശക്തിയെ ക്ഷീണിപ്പിക്കുകയും ചേരസാമ്രാജ്യത്തിന്റെ അധഃപതനത്തിനു വഴിതെളിക്കുകയും ചെയ്തു. രാജേന്ദ്രചോളന്റെ പുത്രനായ രാജാധിരാജൻ വീരകേരളനെ ബന്ധനസ്ഥനാക്കി ആനയെക്കൊണ്ടു ചവിട്ടിച്ചു കൊന്നതായി പറയപ്പെടുന്നു.

- രാജാധിരാജചോളനുമായുണ്ടായ യുദ്ധം

Remove Watermark Now

## 1.4.1.10 രാജസിംഹൻ (1028-1043)

▶ കച്ചവടക്കാർക്ക് പദവികൾ

വീരകേരളന്റെ പിൻഗാമിയായ രാജസിംഹൻ (1028-43) ചോളന്മാരുമായുള്ള സമരം തുടർന്നു. എങ്കിലും ചോളന്മാർ ചേരസാമ്രാജ്യത്തിന്റെ നല്ലൊരുഭാഗം അധീനപ്പെടുത്തി. രാജസിംഹൻ ക്രിസ്ത്യൻ വണിക്കുകളായ ചാത്തൻ വടുകനും, ഇരവി ചാത്തനും ചില അവകാശങ്ങളും പദവികളും നൽകി ആദരിച്ചു.

## 1.4.1.11 ഭാസ്ക്കരരവി മൂന്നാമനും (1043-82) രവിവർമ്മനും (1082-90)

ഈ രണ്ടു രാജാക്കന്മാരും ചേരസാമ്രാജ്യത്തിന്റെ ശക്തിയും മഹത്വവും പുനഃസ്ഥാപിക്കാൻ നിരന്തരമായി പരിശ്രമിക്കുകയും ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു.

## 1.4.1.12 രാമവർമ്മ കുലശേഖരൻ (1090-1102)

മഹോദയപുരത്തെ കുലശേഖരന്മാരിൽ ഏറ്റവും ഒടുവിലത്തെയാളാണ് രാമവർമ്മ കുലശേഖരൻ. ആദ്ദേഹത്തിന്റെ ഭരണകാലം കേരളചരിത്രത്തിലെ ഒരു പ്രതിസന്ധിഘട്ടമായിരുന്നു. ചോളന്മാരെ ആട്ടിപ്പായിച്ച് രാജ്യത്തിന്റെ സ്വാതന്ത്ര്യം വീണ്ടെടുക്കുമെന്ന് രാമവർമ്മ പ്രതിജ്ഞ ചെയ്തു. ദേശസ്നേഹമുള്ള എല്ലാവരെയും ചോളന്മാർക്കെതിരായ സ്വാതന്ത്ര്യ സമരക്കൊടിക്കീഴിൽ അണിനിരത്തുന്നതിൽ അദ്ദേഹം വിജയിച്ചു. ചേരസൈന്യത്തിന്റെ നല്ലൊരു വിഭാഗം ചാവേർ സംഘങ്ങളായി രൂപന്തരപ്പെട്ടു. തുടർന്നുണ്ടായ രൂക്ഷയുദ്ധത്തിൽ ചോളസൈന്യം ചേരതലസ്ഥാനമായ മഹോദയപുരം തീവച്ചു നശിപ്പിച്ചു. രാമവർമ്മൻ തലസ്ഥാനം കൊല്ലത്തേക്കു മാറ്റിയതിനുശേഷം ചോളൻമാർക്കെതിരായി വീരോചിതമായി പോരാടി. യുദ്ധത്തിൽ നിർണ്ണായക വിജയം കൈവരിച്ച രാമവർമ്മന് ചോളൻമാരെ സ്വരാജ്യത്തിൽ നിന്ന് നിഷ്ക്കാസനം ചെയ്യാൻ കഴിഞ്ഞു. കേരളത്തിൻമേലുള്ള ചോളാധിപത്യത്തിന്റെ അന്ത്യമായിരുന്നു ഈ സംഭവം.

▶ ചേരചോള യുദ്ധം-നൂറ്റാണ്ടു യുദ്ധം

പിന്നീട് നാഞ്ചിനാടിനു വടക്കുള്ള ഭാഗങ്ങളുടെ നിയന്ത്രണം ചോളന്മാർക്ക് ലഭിച്ചില്ല. ഇങ്ങനെ എ. ഡി. 990-ൽ ആരംഭിച്ച ചേര-ചോള യുദ്ധം എ.ഡി. 1100-ൽ ചോളന്മാരുടെ സമ്പൂർണ്ണ പരാജയത്തിലാണ് പര്യവസാനിച്ചത്. പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള സുദീർഘമായ ചേര-ചോള യുദ്ധത്തെ 'നൂറ്റാണ്ടു യുദ്ധം' എന്നു വിശേഷിപ്പിക്കുന്നു. എന്നാൽ പ്രൊഫ. എം. ജി. എസ്. നാരായണൻ ഇതിനോടു വിയോജിക്കുന്നു. ചേര-ചോളയുദ്ധം ദീർഘവും രൂക്ഷവുമായിരുന്നുവെന്നതിനോടു അദ്ദേഹം യോജിക്കുന്നില്ല. ചോള ആക്രമണ കാലഘട്ടത്തിൽ രാമവർമ്മ തലസ്ഥാനം മഹോദയപുരത്തുനിന്ന് കൊല്ലത്തേക്കു മാറ്റിയത് കേരളചരിത്രത്തിലെ നിർണ്ണായകമായ സംഭവമായിരുന്നു. തുടർന്ന് കുലശേഖരസാമ്രാജ്യം അസ്തമിക്കുകയും വേണാട് ഒരു സ്വതന്ത്രരാജ്യമായിത്തീരുകയും ചെയ്തു. ആഭ്യന്തരവും ബാഹ്യവുമായ നിരവധി കാരണങ്ങളാൽ ഏ.ഡി. പന്ത്രണ്ടാം ശതകത്തിൽ മഹോദയപുരത്തെ ചേരരാജവംശം അധഃപതിച്ചു. രാമവർമ്മ കുലശേഖരന്റെ കാലത്താണ് വേണാടിന് സാമ്രാജ്യപദവി ലഭിച്ചത്. വേണാടിന്റെ യഥാർഥ സ്ഥാപകനാണ് അദ്ദേഹമെന്ന് വിശ്വസിക്കപ്പെടുന്നു. കുല

Remove Watermark Now

▶ വേണാടിനു സാമ്രാജ്യപദവി ലഭിച്ചു

ശേഖര സാമ്രാജ്യത്തിന്റെ വിസ്തൃതി, നൂറ്റാണ്ടു യുദ്ധം എന്നിവയെ പ്പറ്റിയും എം.ജി.എസിന് വ്യത്യസ്തങ്ങളായ നിഗമനങ്ങളാണുള്ളത്.

## 1.4.2 പെരുമാൾ കാലഘട്ടത്തിലെ ഭരണവും സമൂഹവും

കുലശേഖരന്മാരുടെ ഭരണകാലം കേരളത്തിന്റെ സുവർണ്ണയുഗ മായിരുന്നുവെന്നും പറയാം. ഏ.ഡി. 800-1102-വരെ കേരളം ഭരിച്ച ത് കേരളീയരായ ചക്രവർത്തിമാർ തന്നെ ആയിരുന്നു. ഈ ചക്ര വർത്തിമാരെല്ലാം കുലശേഖരപെരുമാൾ എന്ന ഔദ്യോഗിക പദവി സ്വീകരിച്ചിരുന്നു. 'മഹോദയപുരേശ്വര', കേരളാധിനാഥ' എന്നീ വി ശേഷണങ്ങളും പെരുമാളിനുണ്ടായിരുന്നു. കുലശേഖരയുഗത്തിൽ ശോഭനവും സമ്പൂർണ്ണവുമായ സാംസ്കാരികവികാസമുണ്ടായി. സാ ഹിത്യം, വിജ്ഞാനം, കല, വ്യാപാരം, സാങ്കേതികവിദ്യ, ദർശനം എന്നിവയ്ക്ക് എടുത്തുപറയത്തക്ക പുരോഗതി ലഭിച്ചു. ഉദാരമായ ഭരണരീതിയുടെയും സാർവത്രികമായ സാംസ്കാരികാഭിവൃദ്ധിയു ടെയും കാലഘട്ടമായിരുന്നു അത്. ആധുനിക കേരളത്തിന്റെ ഭൂഭാഗ ങ്ങൾ എല്ലാംതന്നെ കുലശേഖരസാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു. അതി നുപുറമെ കോയമ്പത്തൂർ, സേലം, നീലഗിരിയുടെ നല്ലൊരു ഭാഗം എന്നിവകൂടി ചേർന്നതായിരുന്നു അന്നത്തെ കുലശേഖര സാമ്രാജ്യം. തെക്കെയറ്റത്തെ പ്രവിശ്യയായിരുന്നു വേണാട്. രാജഭരണസമ്പ്രദാ യമാണ് കുലശേഖരസാമ്രാജ്യത്തിലുണ്ടായിരുന്നത്. സമരകാലത്തും സമാധാനകാലത്തും ചക്രവർത്തിയായിരുന്നു ജനങ്ങളുടെ പരമോ ന്നത നേതാവ്. നീതിയുടെയും മാന്യതയുടെയും പ്രഭവസ്ഥാനവും ചക്രവർത്തിയായിരുന്നു. മന്ത്രിമാരും ഇളയരാജകുമാരൻമാരും ഭരണ നിർവഹണത്തിൽ ചക്രവർത്തിയെ സഹായിച്ചു. പിതാവിൽനിന്നു പുത്രനിലേക്ക് അവകാശാധികാരങ്ങൾ കൈമാറുന്ന രീതിയാണ് അന്നവിടെയുണ്ടായിരുന്നത്. കോയിലധികാരികൾ എന്നൊരു രാജ്യ പ്രതിനിധി സാമന്തൻമാരുടെ ഭരണത്തിനു മേൽനോട്ടം വഹിച്ചിരു ന്നു.

▶ കുലശേഖരകാലഘട്ടം കേരളത്തിന്റെ സുവർണ്ണയുഗം

ഭരണസൗകര്യം പ്രമാണിച്ച് സാമ്രാജ്യം നിരവധി നാടുകൾ അഥ വാ പ്രവിശ്യകളായി വിഭജിക്കപ്പെട്ടിരുന്നു. രാജാവിനാൽ നിയോഗിക്ക പ്പെടുന്ന നാടുവാഴികളാണ് നാടുകളുടെ ഭരണം നിർവഹിച്ചിരുന്നത്. ഓരോ നാട്ടിലും ജനപ്രാതിനിധ്യ സ്വഭാവമുള്ള 'നാട്ടുകൂട്ടങ്ങൾ' ഉണ്ടാ യിരുന്നു. നാട്ടുകൂട്ടങ്ങളാണ് നാടുവാഴികൾക്ക് ഭരണകാര്യങ്ങളിൽ മാർഗനിർദ്ദേശം നൽകിയിരുന്നത്. ചക്രവർത്തിയുടെ അറിവോ അം ഗീകാരമോ കൂടാതെ പ്രധാനപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കാ നുള്ള സ്വാതന്ത്ര്യം നാടുവാഴികൾക്കുണ്ടായിരുന്നില്ല. ഓരോ നാടും നിരവധി ദേശങ്ങളായി വിഭജിക്കപ്പെട്ടു. ദേശത്തിന്റെ അധിപന്മാരാ യിരുന്നു ദേശവാഴികൾ. ദേശവാഴികൾ ദേശകൂട്ടങ്ങളുടെ നിയന്ത്രണ ത്തിലായിരുന്നു. കൊല്ലം തുടങ്ങിയ വലിയ നഗരങ്ങൾക്ക് പ്രത്യേക കൂട്ടങ്ങളുണ്ടായിരുന്നു. ദേശങ്ങളെ വീണ്ടും കരകളായി വിഭജിച്ചിരു ന്നു. കരയുടെ ഭരണം പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരുന്നു. ഈ കാലഘട്ടത്തിൽ നിയമാനുസൃതമായ ഒരു ഭരണകൂടത്തിന്റെയും ക്രമീകൃതമായ നിയമ-സമാധാനങ്ങളുടെയും സൽഫലങ്ങൾ കേരള ത്തിനനുഭവിക്കാൻ കഴിഞ്ഞു. നിയമ സമാധാനപാലന കാര്യത്തിൽ

Remove Watermark Now

അധികാരികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അധികാരി, പടനായകൻ, ഭണ്ഡാരംകാപ്പൻ, മതിൽനായകൻ തുടങ്ങിയവർ അന്നത്തെ ചില പ്രധാന ഉദ്യോഗസ്ഥന്മാരായിരുന്നു. കുറ്റവാളികൾക്ക് കുറ്റത്തിന്റെ ഗൗരവമനുസരിച്ച് ശിക്ഷ വിധിക്കുന്ന ഒരു പീനൽകോഡ് ഉണ്ടായിരുന്നു. പിഴ, തടവ്, വധം എന്നിങ്ങനെ പല തരത്തിലുള്ള ശിക്ഷാവിധികൾ നിലവിലിരുന്നു

- സാമ്രാജ്യത്തെ പ്രവിശ്യകളായി തിരിച്ചു

### 1.4.2.1 നികുതി

രാജ്യത്തിന്റെ പ്രധാന വരുമാനം ഭൂനികുതിയായിരുന്നു. ഉല്പന്നങ്ങളുടെ 20 ശതമാനം രാജ്യത്തിനവകാശപ്പെട്ടതാണ്. അത് ചക്രവർത്തിയും ദേശവാഴിയും സമമായി വീതിച്ചെടുക്കും. മേനിപ്പൊന്ന് (ആഭരണ നികുതി), പൊലിപ്പൊന്ന് (വിൽപ്പന നികുതി), ഏണിക്കാണം, തലക്കാണം (തൊഴിൽ നികുതികൾ) എന്നിവയും ഭണ്ഡാരത്തിലേക്ക് മുതൽകൂട്ടുകളായിരുന്നു. അടിമകളുടെ ഉടമസ്ഥന്മാർ ഒരു പ്രത്യേക നികുതി (ആൾക്കാശ്) നൽകണം. തുറമുഖങ്ങളിൽനിന്ന് വസൂലാക്കപ്പെട്ടിരുന്ന നികുതിയിൽ നിന്നും രാജ്യത്തിന് നല്ല വരുമാനം ലഭിച്ചിരുന്നു.

- പലതരം നികുതികൾ

### 1.4.2.2 സൈന്യം

കുലശേഖരന്മാർക്ക് സുശക്തമായ ഒരു സേനയുണ്ടായിരുന്നു. സൈനിക അക്കാദമികൾ യുവാക്കൾക്ക് യുദ്ധപരിശീലനം നൽകിവന്നിരുന്നു. നാവികസേന സുസജ്ജവും സുസംഘടിതവുമായിരുന്നു. സൈനികനടപടികളിൽ കരസേനയും നാവികസേനയും പൂർണ്ണമായി സഹകരിച്ചു. ചേര-ചോള യുദ്ധങ്ങളിൽ ചേരന്മാരുടെ നാവികസേന വഹിച്ച ഫലപ്രദമായ പങ്കിനെപ്പറ്റിയുള്ള പരാമർശം ചോളശാസനങ്ങളിലുണ്ട്. രാജകീയസൈന്യങ്ങളെക്കൂടാതെ പ്രാദേശിക ഭരണാധികാരികൾക്കും സ്വന്തമായി സൈന്യം ഉണ്ടായിരുന്നു. കളരി അഭ്യാസത്തിന്റെ ആവിർഭാവം ഈ കാലഘട്ടത്തിലാണെന്നു വിശ്വസിക്കപ്പെടുന്നു. ഏഴാമത്തെ വയസ്സു മുതൽ കളരിയിൽനിന്നു നിർബന്ധപരിശീലനം സിദ്ധിച്ച ചെറുപ്പക്കാർ, ചോളന്മാരുടെ തുടർച്ചയായ ആക്രമണങ്ങളെ നേരിടുന്നതിൽ ചേരസൈന്യത്തെ ഗണ്യമായി സഹായിച്ചു. ചാവേർ ഭടന്മാരുടെ വീരസാഹസികതകൾ ചേരസാമ്രാജ്യത്തിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു.

- ശക്തമായ സൈനിക ശക്തി

### 1.4.2.3 തലസ്ഥാന നഗരം

പരിഷ്കൃതരാജ്യത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളുമുള്ള ഒരു മനോഹരനഗരമായിരുന്നു തലസ്ഥാനമായ മഹോദയപുരം (മകോതൈ). വിശാലമായ രാജവീഥികളാലും വലിയ കൊട്ടാരങ്ങളാലും ഉയർന്ന ഗോപുരങ്ങളാലും നഗരം അലങ്കരിക്കപ്പെട്ടിരുന്നു. നഗരത്തിനുചുറ്റും ഉയർന്ന കോട്ടയുണ്ടായിരുന്നു. മഹോദയപുരത്തിലുണ്ടായിരുന്ന വാനനിരീക്ഷണശാലയ്ക്ക് തുല്യമായ മറ്റൊന്ന് അക്കാലത്ത് ദക്ഷിണേന്ത്യയിലെങ്ങും ഉണ്ടായിരുന്നില്ല. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ മണിയടിച്ച് ജനങ്ങളെ ശരിയായ സമയം അറിയിച്ചിരുന്നു.

- ആസ്ഥാനം മഹോദയപുരം

## 1.4.3 കച്ചങ്ങൾ

'കച്ചം' എന്നതിന് വ്യവസ്ഥ, നിശ്ചയം, തീരുമാനം എന്നൊക്കെ

Remove Watermark Now

അർഥം കൽപ്പിക്കാം. ക്ഷേത്രകാര്യവ്യവസ്ഥ എന്ന അർഥത്തിൽ കച്ചം എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ള രണ്ടു സുപ്രധാന രേഖകൾ കിട്ടിയിട്ടുണ്ട്. ഒന്നാമത്തേതു കുമരനല്ലൂർ കച്ചത്തെപ്പറ്റിയും രണ്ടാമത്തേതു തൃശ്ശീവപേരൂർ (തൃശ്ശൂർ) കോട്ടുവായിരവേലിക്കച്ചത്തെപ്പറ്റിയുമാണ്. ഇവയെപ്പറ്റി ലഭിക്കുന്ന വിവരങ്ങൾ ചരിത്രപരമായി വിലപ്പെട്ടതാണ്. ചേരഭരണക്കാലത്ത് മലയാളദേശത്തെ നാലു തളികളാക്കി അവയോടൊപ്പം ഗ്രാമക്ഷേത്രങ്ങൾ രൂപീകരിച്ചാണ് ഭരണം നിർവഹിച്ചിരുന്നത്. ഊരാളനും മറ്റു കോയിലധികാരികളും ചർച്ചചെയ്തെടുക്കുന്ന തീരുമാനങ്ങൾ ചട്ടങ്ങളായിരുന്നു. ഇത്തരം ചട്ടങ്ങൾ അഥവാ വ്യവസ്ഥകളെയാണ് 'കച്ചങ്ങൾ' എന്നു പറയുന്നത്. സാമൂഹികബന്ധങ്ങൾക്ക് ആസ്പദമായ കാര്യങ്ങളെ ക്രമീകരിക്കുന്നവയാണ് കച്ചങ്ങൾ. ഓരോ രേഖയും ഏതു കാലഘട്ടവുമായും സ്ഥാപനങ്ങളുമായും ബന്ധപ്പെടുന്നുവോ ആ ബന്ധപ്പെടുന്ന സമയംതന്നെയാണ് അതിന്റെ കാലം. ക്ഷേത്രങ്ങളുടെയും ക്ഷേത്രസംബന്ധമായ സകലകാര്യങ്ങളുടെയും പരമാധികാരി കോയിലധികാരിയാണ്. യുവരാജാവാണ് സാധാരണയായി ഈ സ്ഥാനം വഹിക്കുന്നത്. നാടുവാഴികളെക്കാളും മന്ത്രിമാരേക്കാളും ഉയർന്ന സ്ഥാനം കോയിലധികാരിക്കുണ്ട്.

> ▶ ക്ഷേത്രഭരണത്തിന് നിശ്ചയിച്ച വ്യവസ്ഥ

### 1.4.3.1 മൂഴിക്കുളം കച്ചം

എല്ലാ ക്ഷേത്രങ്ങളുടെയും പ്രതിനിധികൾ കോയിലധികാരിയുടെ നേതൃത്വത്തിൽ മൂഴിക്കുളത്തുയോഗം ചേർന്ന് അംഗീകരിച്ച നിയമാവലിക്കാണ് 'മൂഴിക്കുളം കച്ചം' എന്നു പറയുന്നത്. ഊരാളന്റെയും കാരാളന്റെയും ചുമതലകളും കർത്തവ്യനിർവഹണത്തിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷാവിധികളും ഇതിൽ പറയുന്നുണ്ട്. 10-ാം ശതകത്തിന്റെ ആദ്യപാദമാണ് ഇതിന്റെ കാലമായി കണക്കാക്കിയിട്ടുള്ളത്. ഈ നിയമാവലിക്കു കേരളം മുഴുവൻ അംഗീകാരമുണ്ടായിരുന്നതായി ശാസനങ്ങളിലെ പരാമർശങ്ങളിൽനിന്ന് മനസ്സിലാക്കാം. ക്ഷേത്രസമിതിയംഗങ്ങളായ ഊരാളർ ക്ഷേത്രമുതൽ അപഹരിക്കാതിരിക്കാനുള്ള കർശന വ്യവസ്ഥകൾ ഇതിലുണ്ട്. ഊരാളർ ക്ഷേത്രസ്വത്തപഹരിച്ചേക്കുമോ എന്ന സംശയം അന്നുള്ളവർക്കുണ്ടായിരുന്നിരിക്കണം. കാരാളരുടെ മേൽ അമിതാധികാരം ചെലുത്തി മേലൊടി വർധിപ്പിക്കുകയും മറ്റും ചെയ്ത് അവരെ പീഡിപ്പിക്കാതിരിക്കാനുള്ള വ്യവസ്ഥകളും കച്ചത്തിലുണ്ട്. ക്ഷേത്രംവക സ്വത്തുക്കൾ മറ്റൊന്നിനായും ഉപയോഗപ്പെടുത്തരുതെന്നും ക്ഷേത്രപതിവുകൾ വിധിപ്രകാരം യഥാസമയം നടത്തിക്കൊള്ളണമെന്നും പ്രത്യേകം അനുശാസിക്കുന്നു. ഊരാളരെന്തെങ്കിലും ക്രമക്കേടു ചെയ്യുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള ചുമതല ഊർക്കൂട്ടങ്ങൾക്കുണ്ട്. ഊർക്കൂട്ടത്തിനുമേൽ നാട്ടുകൂട്ടങ്ങളും ക്ഷേത്രങ്ങളുടെ പൊതുവായ മേൽനോട്ടം വഹിച്ചിരുന്നു. അങ്ങനെ ഒരു ജനാധിപത്യസംവിധാനം ക്ഷേത്രഭരണത്തിന്റെ കാര്യത്തിൽ ആദ്യകാലത്തുണ്ടായിരുന്നതായി മനസ്സിലാക്കാം. ക്ഷേത്രവക വസ്തുക്കൾ അപഹരിക്കപ്പെടാതിരിക്കാനുള്ള കർശന വ്യവസ്ഥകൾ മൂഴിക്കുളം കച്ചത്തിലുൾപ്പെടുത്തിയിരുന്നെങ്കിലും 12-ാം ശതകം കഴിഞ്ഞപ്പോഴേക്കും ദേവസ്വം വസ്തുക്കൾ 'ബ്രഹ്മസ്വ' മായി. അതോടെ കേരളത്തിൽ ഒരു പുതിയ സാമൂഹിക വ്യവസ്ഥ രൂപംകൊണ്ടു. അതാണ് ജന്മിസമ്പ്രദായം.

> ▶ ഊർകൂട്ടങ്ങളും നാട്ടുകൂട്ടങ്ങളും

Remove Watermark Now

## 1.4.4 സങ്കേതം

മധ്യകാല കേരളത്തിലെ ബ്രാഹ്മണമേധാവിത്വം പൂർണ്ണമായും പ്രകടമാവുന്നത് 'സങ്കേതം' എന്നറിയപ്പെട്ട ക്ഷേത്രകോർപ്പറേഷനുകളിലൂടെയാണ്. ഭൂവുടമ, തൊഴിലുടമ, ഉപഭോക്താവ് എന്നീ പദവികൾക്ക് പുറമേ വിഭവപുനർവിതരണകേന്ദ്രം എന്നിനിലയിലും ക്ഷേത്രങ്ങൾ മധ്യകാലകേരളീയ സമൂഹത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥാപനങ്ങൾ എന്ന നിലയിലും പ്രാധാന്യം നേടിക്കഴിഞ്ഞിരുന്നു. ബ്രഹ്മസ്വം, ദേവസ്വം ഭൂമിയുടെ ഉടമകൾ എന്ന നിലയിൽ ബ്രാഹ്മണർ സമൂഹത്തിലെ മേധാവിത്വ വിഭാഗമായി ഉയർന്നുവരികയും ചെയ്തു. ക്ഷേത്രങ്ങൾക്ക് ചുറ്റിലും രൂപപ്പെട്ട ഗ്രാമങ്ങളിലെ യഥാർഥ ഭരണാധികാരികളായി മാറാൻ അവർക്ക് കഴിഞ്ഞു. പന്ത്രണ്ട്-പതിനെട്ട് നൂറ്റാണ്ടുകൾക്കിടയിൽ കേരളത്തിലെ ശക്തമായ സ്ഥാപനങ്ങളായി മാറാൻ സങ്കേതങ്ങൾക്ക് കഴിഞ്ഞു. ചരിത്രരേഖകളിൽ 'സങ്കേതം' എന്ന പദം സന്ദർഭാനുസരണമായി വിവിധ അർഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ഒരു പ്രത്യേക പ്രദേശത്തിലെ ക്ഷേത്രത്തിനോ ബ്രാഹ്മണസമൂഹത്തിനോ ആത്മീയവും ഭൗതികവുമായ അധികാരം സ്വതന്ത്രമായി അനുഭവിക്കാൻ അവകാശമുണ്ടായിരുന്ന ഭൂപ്രദേശത്തെ സങ്കേതം എന്ന് വിശേഷിപ്പിച്ചിരുന്നു. നമ്പൂതിരിമാർ മാത്രം അംഗങ്ങളായിരുന്ന 'യോഗം' എന്ന പേരിലറിയപ്പെട്ട ക്ഷേത്രസമിതിയുടെ പരമാധികാരത്തെയാണ് 'സങ്കേതം' എന്ന പദംകൊണ്ട് സൂചിപ്പിക്കുന്നത്. പൊതുവായ അർഥത്തിൽ ചിലപ്പോൾ, നാടുവാഴികൾക്ക് നേരിട്ട് അധികാരമില്ലാതിരുന്ന ഗ്രാമങ്ങളെയും ദേശങ്ങളെയും സങ്കേതം എന്ന് വിശേഷിപ്പിച്ചിരുന്നു. ക്ഷേത്രങ്ങൾക്കോ ബ്രാഹ്മണൻമാർക്കോ ദാനം നൽകപ്പെട്ട പ്രദേശങ്ങളെ 'ജനാധീന സങ്കേതം' എന്നും ബ്രാഹ്മണന്മാർ സ്വന്തമായ അവകാശം നിലനിർത്തിയിരുന്ന പ്രദേശങ്ങളെ 'ക്ഷേത്രാധീനസങ്കേതം' എന്നും വിശേഷിപ്പിച്ചിരുന്നു. വിവിധ സന്ദർഭങ്ങളിൽ വിവിധ രീതികളിൽ ക്ഷേത്രത്തിലും ഭരണം നടത്തിയിരുന്ന നമ്പൂതിരി ബ്രാഹ്മണന്മാരുടെ യോഗങ്ങളെയും അവരുടെ അധികാരങ്ങളെയുമാണ് പൊതുവെ 'സങ്കേതം' എന്ന പദം കൊണ്ട് ലക്ഷ്യമാക്കിയിരുന്നത്.

> ▶ ജന്മിസമ്പ്രദായം, ക്ഷേത്ര സമിതിയുടെ പരമാധികാരം

പെരുമാൾകാലത്തിന് ശേഷം ക്ഷേത്രസങ്കേതങ്ങൾ സ്വയംഭരണ സ്ഥാപനങ്ങളായി മാറുകയാണുണ്ടായത്. നമ്പൂതിരിമാരുടെ പുളപ്പിന്റെ അഥവാ തിമിർക്കലിന്റെ കാലമെന്ന് ഇളംകുളം വിശേഷിപ്പിക്കുന്ന പെരുമാൾ അനന്തരകാലഘട്ടത്തിലാണ് സങ്കേതങ്ങളുടെ വളർച്ച ശക്തമായി തീർന്നത്. അധീശത്വസ്വഭാവമുള്ള ഒരു ഭരണകൂടത്തിന്റെ അഭാവത്തിൽ, സങ്കേതങ്ങൾ സ്വയംപര്യാപ്തത നേടുകയും നമ്പൂതിരിമാരുടെ സ്വയംഭരണകോർപ്പറേഷനുകൾ ആയിത്തീരുകയും ചെയ്തു. ദേവസ്വംഭൂമി പരശുരാമദത്തമാണെന്നും മറ്റുമുള്ള വാദഗതികൾ ഉയർന്നുവന്നതും ഇതേ കാലയളവിലാണ്. 'കോയ്മ', 'അകക്കോയ്മ' തുടങ്ങിയ സങ്കേതഭാരവാഹികൾ കാലക്രമത്തിൽ യഥാർഥ ഭരണാധികാരികളെ പോലെ ആയിത്തീർന്നു. ഒരു ക്ഷേത്രാധികാര സീമയിൽപെട്ട പ്രദേശങ്ങളിലെ നീതിന്യായഭരണവും സങ്കേതമാണ് നടത്തിയിരുന്നത്. എല്ലാവിധത്തിലുമുള്ള കുറ്റക്കാരെയും വിചാരണ ചെയ്ത് ശിക്ഷിക്കാനുള്ള അധികാരം സങ്കേതങ്ങൾക്കുണ്ടായിരുന്നു.

Remove Watermark Now

ഉത്സവം കൊടിയേറുന്നതിന് മുമ്പുതന്നെ കൊലക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടവരെ, തൂക്കിക്കൊന്നിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ഭരണാധികാരികൾപോലും തെറ്റ് ചെയ്താൽ സങ്കേതാധികാരികൾക്ക് ശിക്ഷിക്കാനുള്ള അധികാരം ഉണ്ടായിരുന്നു. പയ്യന്നൂർ, ചോകിരം, തൃക്കാക്കര, തിരുവല്ല തുടങ്ങിയ പ്രമുഖ സങ്കേതങ്ങൾ, അയൽ പ്രദേശങ്ങളിലെ പ്രാദേശിക നാടുവാഴികളേക്കാൾ ശക്തമായിരുന്നു. ഇടപ്പള്ളി, ഇളങ്കുന്നപ്പുഴ, തൃശ്ശൂർ തുടങ്ങിയ സങ്കേതങ്ങളും പ്രശസ്തമായിരുന്നു. സങ്കേതങ്ങൾ കേരളീയ സമൂഹത്തിലെ ബ്രാഹ്മണമേധാവിത്വത്തെ ഉറപ്പിച്ചുനിർത്തുന്ന ഒരു പ്രധാന ഘടകമായിരുന്നു.

▶ ബ്രാഹ്മണ മേധാവിത്വം

## 1.4.5 വർത്തകസംഘങ്ങൾ

മധ്യകാല കേരളത്തിൽ വ്യാപാരസംരംഭങ്ങളെ നിയന്ത്രിച്ചിരുന്നത് വർത്തകസംഘങ്ങളായിരുന്നു. ആഭ്യന്തരവ്യാപാരത്തെയും വിദേശ വ്യാപാരത്തെയും നിയന്ത്രിച്ചിരുന്ന ഈ വർത്തകസംഘങ്ങൾ ചരക്കുകളുടെ കൈമാറ്റപ്രക്രിയയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഉയർന്നുവന്നത്. ഒമ്പതാം നൂറ്റാണ്ടോടുകൂടി കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ ഒരു നിർണായകഘടകമായി മാറാൻ ഈ വർത്തകസംഘങ്ങൾക്കു കഴിഞ്ഞു. ഒമ്പതാം നൂറ്റാണ്ടുമുതൽ പതിനാലാം നൂറ്റാണ്ടുവരെയുള്ള നിരവധി കേരളീയ ലിഖിതങ്ങളിൽ പല പേരുകളിലറിയപ്പെടുന്ന വർത്തകസംഘങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. അന്തർദ്ദേശീയ വാണിജ്യ-വ്യാപാരശൃംഖലയുമായി ബന്ധപ്പെട്ടുകൊണ്ട്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്ന കൈമാറ്റ കേന്ദ്രങ്ങളുടെ ഒരു കണ്ണിയും കൂടിയായിരുന്നു കേരളത്തിലെ വർത്തകസംഘങ്ങൾ. ആദ്യകാലങ്ങളിൽ അസംഘടിതരായിരുന്ന വർത്തകസംഘങ്ങൾ താത്കാലികമായ താവളങ്ങൾ ഏർപ്പെടുത്തുകയും അവിടങ്ങളിൽവച്ച് വിഭവകൈമാറ്റങ്ങൾ നടത്തുകയും ചെയ്തു.

▶ നിരവധി കച്ചവട സംഘങ്ങൾ

എന്നാൽ കാലക്രമേണ ഈ സംഘങ്ങൾ സ്ഥാപനവത്കരിക്കപ്പെടുകയും സ്ഥിരമായ കൈമാറ്റകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഓരോ പ്രദേശത്തിലെയും വർത്തകസംഘങ്ങൾ വ്യത്യസ്ത പേരുകളിൽ അറിയപ്പെടാൻ തുടങ്ങിയെങ്കിലും, അവയോരോന്നും അടിസ്ഥാനപരമായി ഒരു വിശാലമായ വർത്തകസംഘത്തിന്റെ ചെറിയഭാഗങ്ങൾ ആയിരുന്നു. മധ്യകാല കേരളീയലിഖിതങ്ങളിൽ പല വർത്തകസംഘങ്ങളുടെയും പേരുകൾ പരാമർശിച്ചു കാണുന്നുണ്ടെങ്കിലും, ആവർത്തിച്ചു പരാമർശിക്കുകയും പ്രധാനപ്പെട്ടതുമായ രണ്ടു സംഘങ്ങൾ ആയിരുന്നു മണിഗ്രാമം, അഞ്ചുവണ്ണം എന്നിവ. മണിഗ്രാമം, അഞ്ചുവണ്ണം എന്നീ വർത്തകസംഘങ്ങളെക്കുറിച്ചുള്ള ആദ്യ പരാമർശം ലഭിക്കുന്നത് 849-ലെ തരിസ്സാപ്പള്ളി ചെപ്പേടുകളിലാണ്. സിറിയൻ ക്രിസ്ത്യൻ നേതാവും തരിസാപ്പള്ളി സ്ഥാപകനുമായ മാർ സപീർ ഈശോവിന് കൊല്ലം പട്ടണത്തിലെ കച്ചവടത്തിന്റെയും, അധിവാസക്കൂട്ടായ്മയുടേയും നിയന്ത്രണം ഏല്പിച്ചുകൊടുക്കുന്നതാണ് തരിസാപ്പള്ളി പട്ടയം. മണിഗ്രാമത്തിന്റെ മുഖ്യൻ എന്ന നിലയിലാണ് സപീർ ഈശോവിന് എഴുപത്തിരണ്ടോളം പ്രത്യേക അവകാശങ്ങൾ നൽകപ്പെടുന്നത്. സിറിയൻ ക്രിസ്ത്യാനികളുടെ വർത്തകസംഘമായിരുന്ന മണിഗ്രാമം ദക്ഷിണേന്ത്യയിൽ ഉടനീളം പ്രവർത്തിച്ചിരുന്നു. കേരളത്തിൽ ഓരോ പ്രദേശത്തെയും മണിഗ്രാമവിഭാഗങ്ങൾ അറിയ

Remove Watermark Now

▶ തരിസാപ്പള്ളി ചെപ്പേട്

പ്പെടുന്നത് ആ പ്രദേശത്തിന്റെ പേരുമായി ബന്ധപ്പെട്ടുകൊണ്ടാണ്. തരിസാപ്പള്ളി ചെപ്പേടിൽ തന്നെയാണ് മറ്റൊരു വർത്തകസംഘമായിരുന്ന അഞ്ചുവണ്ണത്തിന്റെയും ആദ്യപരാമർശം കാണുന്നത്.

പത്താം നൂറ്റാണ്ടിലെ ഏഴിമലനരയൻ കണ്ണൂർ ലിഖിതത്തിലും, പതിമൂന്നാം നൂറ്റാണ്ടിലെ വീരരാഘവപട്ടയത്തിലും മണിഗ്രാമത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. അഞ്ചുവണ്ണം എന്നപേരിലറിയപ്പെട്ട വർത്തകസംഘത്തെക്കുറിച്ച് ലഭിക്കുന്ന ആദ്യത്തെ സൂചന തരിസാപ്പള്ളി ചെപ്പേടിൽ നിന്നാണെങ്കിലും അതിന്റെ വിശദവിവരങ്ങൾ ലഭിക്കുന്നത് ഭാസ്കരരവിയുടെ ജൂതപ്പട്ടയത്തിൽ നിന്നാണ്. ജൂതവർത്തകസംഘത്തിന്റെ നേതാവായ ജോസഫ് റബ്ബാന് നൽകപ്പെടുന്ന പ്രത്യേക പദവികളാണ് പട്ടയത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അഞ്ചുവണ്ണം ജൂതന്മാരുടെയും മണിഗ്രാമം സിറിയൻ ക്രിസ്ത്യാനികളുടെയും വർത്തകസംഘങ്ങളായിരിക്കണം. അഞ്ച് തരം ചരക്കുകൾ മാത്രം കച്ചവടം ചെയ്തത് കൊണ്ടാണ് അഞ്ചുവണ്ണം എന്ന് ഈ വർത്തകസംഘത്തിന് പേരുവരാൻ കാരണമെന്നു ഒരു വാദമുണ്ട്. 1225-ലെ വീരരാഘവ പട്ടയം ഇരവിക്കോർത്തന് കച്ചവടക്കുത്തകയും ചേരമാൻ ലോകപെരുഞ്ചെട്ടി എന്ന ബിരുദവും നൽകുന്നു. മണിഗ്രാമം, അഞ്ചുവണ്ണം എന്നീ വർത്തകസംഘങ്ങൾക്ക് സിവിൽ ഭരണത്തിന്റെ ചുമതലയും നൽകപ്പെട്ടിരുന്നു. തരിസാപ്പള്ളി പട്ടയത്തിൽ ഒപ്പുവെച്ച വിദേശികൾ സൂചിപ്പിക്കുന്നത് മണിഗ്രാമം പോലുള്ള വർത്തകസംഘങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിരുന്നുവെന്നാണ്. മലഞ്ചരക്കുകളും, സുഗന്ധദ്രവ്യങ്ങളും വിദേശരാജ്യങ്ങളിലേക്ക് കയറ്റിയയച്ചിരുന്നത് ഈ വർത്തകസംഘങ്ങളായിരുന്നു. മണിഗ്രാമം, അഞ്ചുവണ്ണം തുടങ്ങിയ വർത്തകസംഘങ്ങൾക്ക് പുറമേ വളഞ്ചിയർ, പതിനെട്ടു പട്ടണത്താർ, നാനാദേശി, നഗരം തുടങ്ങിയ അപ്രധാനമായ മറ്റു ചില വർത്തകസംഘങ്ങളെക്കുറിച്ചുള്ള ലിഖിത പരാമർശങ്ങൾ ലഭ്യമാണ്. മണിഗ്രാമത്തെയും അഞ്ചുവണ്ണത്തെയും ക്രിസ്ത്യൻ ജൂതവിഭാഗങ്ങളുടെ വാണിജ്യകോർപ്പറേഷനുകൾ ആയിരുന്നുവെന്ന് ഗുണ്ടർട്ട് അഭിപ്രായപ്പെടുന്നു. വ്യാപാരമണ്ഡലത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ വർത്തകസംഘങ്ങളായ മണിഗ്രാമത്തിന്റെയും അഞ്ചുവണ്ണത്തിന്റെയും പിന്തുണ നേടിയെടുക്കാൻ ഭരണാധികാരികൾ ശ്രമിച്ചിരുന്നു.

▶ വർത്തക സംഘങ്ങൾക്ക് നിരവധി അംഗീകാരങ്ങൾ

## 1.4.6 നൂറ്റവർ സംഘങ്ങൾ

പെരുമാൾ കാലഘട്ടത്തിലെ നാടുവാഴികളുടെ രക്ഷാസംഘങ്ങളായ പട്ടാളവിഭാഗങ്ങളായിരുന്നു നൂറ്റവർ സംഘങ്ങൾ. രാജ്യരക്ഷാസംബന്ധമായും ആഭ്യന്തരരംഗത്ത് സമാധാനവും സംരക്ഷണവും നിലനിർത്തുന്നത് സംബന്ധമായും ഇത്തരം നൂറ്റവർസംഘങ്ങൾ പ്രാദേശികതലങ്ങളിൽനിലനിന്നു. നൂറിന്റെ ദശാംശ കണക്കിലുള്ള നൂറ്റുവർസംഘങ്ങൾ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ മുന്നൂറ്റവർ, അഞ്ഞൂറ്റവർ, അറുനൂറ്റവർ, ആയിരത്തി അഞ്ഞൂറ്റവർ എന്നിങ്ങനെ വിവിധ പേരുകളിൽ വ്യത്യസ്തസ്ഥലങ്ങളിൽ അറിയപ്പെട്ടിരുന്നു. ആയിരത്തിലധികം അംഗങ്ങളുള്ള നൂറ്റവർസംഘങ്ങൾ പൊതുവെ നിലനിന്നിരുന്നത് രാജാവിനോടൊത്തായിരുന്നു. നാടുവാഴികളുടെ സംരക്ഷണത്തിൽ ഉണ്ടായിരുന്ന നൂറ്റവർസംഘങ്ങളിൽ

Remove Watermark Now

300, 600, 700 എന്നിങ്ങനെ ആളുകളുണ്ടായിരുന്നു. നാടുവാഴികളിൽ മൂത്തവർക്കും ഇളയവർക്കുമാണ് നൂറ്റവർസംഘങ്ങൾ പ്രധാനമായും സംരക്ഷണം നൽകിയിരുന്നത്. നായർമേധാവിത്വത്തിൽ നിലനിന്ന നൂറ്റവർ സംഘങ്ങളിൽ ഓരോ നായർ സൈനികന്റെയും കീഴിൽ സാധാരണയായി പത്ത് പടയാളികളുണ്ടാകുമായിരുന്നു. നൂറ്റവർസംഘങ്ങൾ അതത് പ്രദേശത്തെ ഭരണസംവിധാനത്തിന്റേയും മേൽനോട്ടം നടത്തിയിരുന്നു. നാടുവാഴികൾക്ക് നൂറ്റുക്കൂട്ടങ്ങൾ ഉള്ളതുപോലെ പെരുമാൾക്ക് ആയിരവർ ആണുണ്ടായിരുന്നത്. അതുകൊണ്ട് എണ്ണം കൊണ്ട് പെരുമാൾസൈന്യം തന്നെയാണ് മുൻപന്തിയിൽ നിന്നത്. എന്നാൽ പെരുമാക്കന്മാരുടെ ശക്തി സൈനികബലത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല കണക്കാക്കിയിരുന്നത്. പകരം സാമൂഹികമായ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. തരിസാപ്പള്ളി ശാസനത്തിലാണ് മധ്യകാലകേരളത്തിലെ നൂറ്റവർ സംഘങ്ങളെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം. സ്ഥാണുരവി മാർ സപീർ ഈശോവിന് ഭൂമിദാനം ചെയ്യുന്നത് അറുനൂറ്റവർ എന്നു നൂറ്റവർസംഘത്തിന്റെ സമ്മതത്തോടുകൂടിയാണ്. തരിസാപ്പള്ളിക്ക് ദാനം ചെയ്ത സ്ഥലത്തിന്റെ സംരക്ഷണച്ചുമതല അറുനൂറ്റവർക്കായിരുന്നു. പുറകിഴാനാട്ടിലും, നന്റുഴനാട്ടിലും അഞ്ഞൂറ്റവർ, മൂന്നൂറ്റവർ തുടങ്ങിയ നൂറ്റവർസംഘങ്ങൾ ഉണ്ടായിരുന്നതായി ലിഖിതപരാമർശങ്ങൾ കാണാം. പെരുമാൾ കാലഘട്ടത്തിന് ശേഷം നൂറ്റവർസംഘങ്ങൾ അന്യംനിന്നു പോയി.

▶ ഭരണത്തിന്റെ മേൽനോട്ടം

## 1.4.7 ശാലകൾ

മധ്യകാല കേരളത്തിൽ ക്ഷേത്രങ്ങളോട് ബന്ധപ്പെട്ടുകൊണ്ട് വേദാധ്യായനത്തിനുള്ള വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നുവന്നു. ശാലകൾ എന്ന പേരിലറിയപ്പെട്ട പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടത് ക്ഷേത്രട്രസ്റ്റികളുടെ നേതൃത്വത്തിലായിരുന്നതെങ്കിലും, ഭരണാധികാരികൾ അവയ്ക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകിയിരുന്നു. ക്ഷേത്രങ്ങളോടനുബന്ധിച്ച് ഇത്തരം വേദാധ്യായനശാലകൾ ആരംഭിക്കാൻ കാരണം ബുദ്ധമതക്കാരുടെ സ്വാധീനത്തിന്റെ ഫലമായിട്ടായിരിക്കണം. മധ്യകാലഘട്ടത്തിലെ നിരവധി ലിഖിതങ്ങൾ ശാലകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ഏകദേശരൂപം നൽകുന്നു. ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ കേരളത്തിൽ നിലനിന്നിരുന്ന പ്രശസ്ത ശാലകളായിരുന്നു കാന്തളൂർ ശാല, മൂഴിക്കുളംശാല എന്നിവ. ഇവയ്ക്ക് പുറമെ ശുകപുരംശാല, തിരുനെല്ലിശാല, കൊട്ടാരക്കരശാല എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങൾ പിൽക്കാല ലിഖിതങ്ങളിൽ കാണാം. ശാലകളിലെ വിദ്യാർഥികൾക്ക് ഭക്ഷണവും വസ്ത്രവും താമസവും സൗജന്യമായിരുന്നു. എല്ലാ വിദ്യാർഥികളും ശാലയിൽതന്നെ താമസിച്ച് പഠിക്കണമെന്ന് നിർബന്ധം പുലർത്തിയിരുന്നു. തത്വചിന്ത, വ്യാകരണം, വേദശാസ്ത്രം, നിയമം തുടങ്ങിയ പ്രത്യേക വിഷയങ്ങളിൽ ശാലകൾ ഉയർന്ന വിദ്യാഭ്യാസം നൽകിയിരുന്നു. ശാലകളിൽ ബ്രാഹ്മണരായ വിദ്യാർഥികൾക്ക് മാത്രമേ പ്രവേശനം നൽകിയിരുന്നുള്ളൂ. ആര്യൻരാഷ്ട്രീയ ശക്തിയും ആര്യൻസംസ്കാരവും കേരളത്തിൽ വളർത്തിയെടുക്കാൻ ശാലകൾ വലിയ സംഭാവനകൾ നൽകി. ശാലകളിലെ വിദ്യാഭ്യാസ

Remove Watermark Now

ത്തിന് പുറമേ പരിസരങ്ങളിൽ സാമൂഹിക വിദ്യാഭ്യാസവും നൽകപ്പെട്ടിരുന്നു. ഇവിടെ പുരാണപാരായണങ്ങൾ നടത്തുകയും അവയ്ക്ക് വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്തിരുന്നു. ചില ക്ഷേത്രങ്ങളിൽ നടത്തപ്പെട്ട 'മഹാഭാരത പട്ടത്താനം' ഇതിന്റെ ഒരു ഉദാഹരണമാണ്. സംസ്കൃത പണ്ഡിതന്മാരായ 'മാവാരത പട്ടന്മാർ' (മഹാഭാരത പട്ടന്മാർ) ക്ഷേത്രപരിസരങ്ങളിൽ മഹാഭാരത കഥ വ്യാഖ്യാനം ചെയ്ത് പൊതുജനങ്ങളെ കേൾപ്പിക്കാറുണ്ടായിരുന്നു. ചാക്യാർകൂത്തിന്റെ അവതരണത്തിലൂടെ പുരാണകഥകളെക്കുറിച്ച് പൊതുജനങ്ങൾക്ക് വിനോദത്തോടൊപ്പം വിജ്ഞാനവും നൽകിയ ക്ഷേത്രസന്നിധിയിൽ ഭക്തർ സംഘംചേർന്ന് കീർത്തനങ്ങൾ ആലപിക്കുന്ന പതിവും ഉണ്ടായിരുന്നു. ക്ഷേത്രങ്ങളോടനുബന്ധിച്ച് ഗ്രന്ഥശാലകളും സ്ഥാപിച്ചു. വേദപാരായണ മത്സരങ്ങളും വേദങ്ങളെ അടിസ്ഥാനപ്പെടുത്തി മത്സരപരീക്ഷകളും നടത്തപ്പെട്ടു.

- ▶ തത്ത്വചിന്ത, വ്യാകരണം, വേദശാസ്ത്രം എന്നിവയ്ക്ക് പ്രാധാന്യം

കുന്നംകുളത്തിനടുത്തുള്ള കടവല്ലൂർ ക്ഷേത്രത്തിൽ വെച്ച് ഋഗ്വേദപഠനത്തിൽ മൂന്ന് വൈദഗ്ധ്യപരീക്ഷകൾ നടപ്പിലാക്കിയിരുന്നു. 'കടവല്ലൂർ അന്യോന്യം' എന്ന പേരിലാണ് ഇത് അറിയപ്പെട്ടിരുന്നത്. നമ്പൂതിരിമാർക്ക് വേണ്ടി നടത്തപ്പെട്ട കടവല്ലൂർ അന്യോന്യത്തിൽ വാരമിരിക്കുക, ജടചൊല്ലുക, രഥചൊല്ലുക എന്നിവയായിരുന്നു മത്സരപരീക്ഷകൾ. കടവല്ലൂർ അന്യോന്യത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ അവരവരുടെ ദേശങ്ങളിലെ ക്ഷേത്രങ്ങളിൽ നടക്കുന്ന വാരങ്ങളിൽ (സമക്ഷത്ത് ചൊല്ലൽ) വേദം ചൊല്ലണം. അടുത്തഘട്ടത്തിൽ തൃശൂർ ബ്രഹ്മസ്വം മഠത്തിൽ, തുലാമാസത്തിൽ 'കിഴക്ക് പടിഞ്ഞാറ്' എന്ന പരീക്ഷയാണ്. ഇവിടെനിന്നും രണ്ടുതവണ ജയിക്കുന്നവർ കടവല്ലൂർ അന്യോന്യത്തിൽ പങ്കെടുക്കുന്നു. ഈ പരീക്ഷ പതിനാറ് ദിവസമോ, ഇരുപത്തിനാല് ദിവസമോ നീണ്ടുനിൽക്കാം. 'കടന്നിരിക്കൽ' ആയിരുന്നു ഇവിടുത്തെ പ്രധാന പരീക്ഷ. ഈ പരീക്ഷയിൽ ജയിക്കുന്ന വ്യക്തിക്ക് ബഹുമാന്യസ്ഥാനത്ത് കടന്നിരിക്കാൻ കഴിയുമായിരുന്നു. അന്നത്തെ കാലത്ത് ഒരാൾക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ വിദ്യാഭ്യാസ ബഹുമതിയായിരുന്നു 'കടന്നിരിക്കൽ'. വേദവിദ്യാർഥികളിൽ ഏറ്റവും സമർഥരായവർ 'മുൻപിലിരിക്കലിനും' സാമാന്യക്കാർ 'രണ്ടാം വാരമിരിക്കലിനും' ആണ് മത്സരിച്ചിരുന്നത്. വൈദിക വിദ്യാഭ്യാസത്തിനോടൊപ്പം തന്നെ ആയുധപരിശീലനത്തിനും പ്രാധാന്യം നൽകിയിരുന്ന ശാലകളും ക്ഷേത്രത്തോടനുബന്ധമായി നിലനിന്നിരുന്നു. ചില ക്ഷേത്രശാലകളിൽ വൈദിക വിദ്യാഭ്യാസവും ആയുധപരിശീലനവും നൽകിയിരുന്നു. ആര്യബ്രാഹ്മണ സാംസ്കാരത്തിന്റെ പ്രചരണം തന്നെയാണ് രണ്ടിന്റെയും പ്രധാന ലക്ഷ്യം. ആയുധവിദ്യാഭ്യാസം നേടിയ നമ്പൂതിരിവൈദികവിദ്യാർഥികൾ ചാത്തിരൻമാർ, ചട്ടന്മാർ, ഭട്ടന്മാർ എന്നീ പേരുകളിൽ അറിയപ്പെട്ടു. ക്രിസ്തുവർഷം ഒമ്പതാം നൂറ്റാണ്ടിൽ ആയ്രാജാവായിരുന്ന കരുനന്തടക്കൻ സ്ഥാപിച്ചിരുന്ന പാർത്ഥിവപുരം ക്ഷേത്രശാലയിൽ തൊണ്ണൂറ്റിയഞ്ചോളം ചാത്തിരർ ഉണ്ടായിരുന്നുവെന്ന് പാർത്ഥിവപുരലിഖിതം പ്രസ്താവിക്കുന്നു. ഇവിടുത്തെ വിദ്യാർഥികൾക്ക് സൗജന്യഭക്ഷണം നൽകിയിരുന്നത് ഭരണാധിപൻമാരായിരുന്നു. കാന്തളൂർ, പാർത്ഥിവപുരം ശാലകളിൽ വേദവിദ്യാഭ്യാസത്തിനും ആയുധപരിശീലനത്തിനും സൗകര്യം ഉണ്ടായിരുന്നു. ആര്യബ്രാഹ്മണർ കേരളത്തിൽ അധിവാസ

- ▶ വൈദിക വിദ്യഭ്യാസവും ആയുധപരിശീലനവും

Remove Watermark Now

കേന്ദ്രങ്ങൾ സ്ഥാപിച്ച കാലത്തും അവർ ആയുധബലത്തിന് പ്രാധാന്യം നൽകിയിരുന്നു.

ഒരു അർധസൈനിക സ്വഭാവത്തോടുകൂടി കേരളത്തിൽ എത്തിച്ചേർന്ന ബ്രാഹ്മണർ, ആര്യ മേധാവിത്വത്തിന്റെ വ്യാപനത്തിനായി ആയുധവിദ്യാഭ്യാസവും അഭ്യാസവും തുടരുകയാണ് ചാത്തിരരിലൂടെ ചെയ്തത്. ബ്രഹ്മചര്യം അനുഷ്ഠിക്കാൻ നിർബന്ധിതരായ ചട്ടന്മാർ വേദാഭ്യാസത്തിന് പുറമേ ശാലയുടേയും ക്ഷേത്രത്തിന്റെയും സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും വരുമാനം ഉറപ്പാക്കുന്നതിലും ശ്രദ്ധപതിപ്പിച്ചിരുന്നു. അർധസൈനികസ്വഭാവമുള്ള ഒരു ശക്തി എന്ന നിലയിലാണ് ചട്ടന്മാർ മധ്യകേരളത്തിൽ നിലനിന്നത്. ശക്തമായ രാജകീയ സംരക്ഷണം ശാലകൾക്ക് ലഭിച്ചിരുന്നു. അതുകൊണ്ടുതന്നെ ബ്രാഹ്മണരും ഭരണാധിപരും തമ്മിൽ നിലനിന്നിരുന്ന ബന്ധത്തിലെ ഒരു സുപ്രധാന കണ്ണിയായിരുന്നു ചട്ടന്മാർ. ഉത്തരേന്ത്യയിൽ ഗുപ്ത -ഉത്തരഗുപ്ത കാലഘട്ടങ്ങളിലെ ചില ശിലാശാസനങ്ങൾ ആയുധവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബ്രാഹ്മണരായ ചട്ടൻമാരെക്കുറിച്ചും ഭട്ടന്മാരെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ചട്ടന്മാർ ആയുധവിദ്യാർഥികളും ഭട്ടൻമാർ ആയുധഭ്യാസശിക്ഷകരും ആയിരുന്നു. കേരളത്തിലെ ആയുധപരിശീലന വിദ്യാർഥികളായ ചട്ടൻമാർ, പ്രധാനമായും നാടുവാഴികളുടെ സംരക്ഷണത്തിൽ കഴിഞ്ഞവരായതുകൊണ്ട് സ്വാഭാവികമായും അവർ ഭരണാധിപന്മാരെ യുദ്ധകാലങ്ങളിലും സമാധാനകാലങ്ങളിലും ആയുധബലത്തിന്റെ പേരിൽ സഹായിച്ചിരിക്കണം. 'ചട്ടപ്പെരുമക്കൾ' വേദങ്ങളിൽ പാണ്ഡിത്യം നേടിയവരായിരുന്നു. എല്ലാ ചാത്തിരന്മാരും ബ്രാഹ്മണരായിരുന്നുവെന്നും അവരുടെ പാഠ്യപദ്ധതിയിൽ വേദപഠനവും ആയുധപരിശീലനവും ഉൾപ്പെട്ടിരുന്നുവെന്നും പാർത്ഥിവപുരം ശാസനം രേഖപ്പെടുത്തുന്നു. മധ്യകാല മണിപ്രവാളകൃതിയിലും ചട്ടൻമാരെക്കുറിച്ചുള്ള നിരവധി പരാമർശങ്ങൾ ഉണ്ട്. ഒരു ഗണികസ്ത്രീ സംഘടിപ്പിച്ച 'ചന്ദ്രോത്സവ' ത്തിൽ ഭട്ട, പ്രഭാകര, വൈയാകരണ എന്നീ മൂന്ന് വിഭാഗം ചാത്തരർ പങ്കെടുത്തതായി പറയുന്നു. ഓരോ ചാത്തരനും വാൾ, കഠാര തുടങ്ങിയ ആയുധങ്ങൾ കൈയിൽ കൊണ്ടുനടക്കാറുണ്ടായിരുന്നുവത്രെ. എന്നാൽ, മണിപ്രവാളകൃതികളിൽ പൊതുവെ ചട്ടന്മാരെ അവജ്ഞയോടെയാണ് വീക്ഷിക്കുന്നത്. കേരളത്തിലെ നമ്പൂതിരി മേധാവിത്വം ഉറപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നമ്പൂതിരി-ഭരണവർഗ സൗഹൃദം ശക്തിപ്പെടുത്തുന്നതിനും ചാത്തിരർ നിർണായകമായ പങ്ക് വഹിച്ചിരുന്നു.

- ചാത്തിരന്മാരുടെ സൈനിക സ്വഭാവം

## 1.4.7.1 കാന്തള്ളൂർശാല

'ദക്ഷിണനളന്ദ' എന്ന പേരിൽ അറിയപ്പെടുന്ന കാന്തള്ളൂർശാലയെപ്പറ്റി തിരുവിലങ്ങാട്ടു ശാസനം തുടങ്ങി മുപ്പതോളം രേഖകളിൽ പറയുന്നുണ്ടെങ്കിലും അത് എവിടെയാണ് സ്ഥിതിചെയ്തിരുന്നതെന്ന് കൃത്യമായി പറയുക സാധ്യമല്ല. വിഴിഞ്ഞത്തിനു സമീപത്തായിരുന്നെന്നും അതല്ല തിരുവനന്തപുരത്തുതന്നെ ആയിരുന്നെന്നും രണ്ടഭിപ്രായങ്ങൾ നിലവിലുണ്ട്. വിഴിഞ്ഞത്തിനടുത്ത് കാന്തള്ളൂർ എന്നു പേരുള്ള ഒരു സ്ഥലം ഇപ്പോഴുമുണ്ട്. പക്ഷേ, ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായത്തിൽ, തിരുവനന്തപുരത്തെ വലിയശാലയും

Remove Watermark Now

ചാലയും ഉൾപ്പെടുന്ന സ്ഥലമാണ് കാന്തള്ളൂർശാലയുടെ ആസ്ഥാനം. 'കാന്തള്ളൂർശാലൈ കലമറുത്തരുളി' എന്ന പ്രയോഗം പല ശാസനങ്ങളിലും കാണാം. കാന്തളൂരെ കപ്പലുകൾ നശിപ്പിച്ചു എന്നാണ് ഇതിന്റെ അർഥമെന്ന് ചിലർ പറയുന്നു. ഇത്രപേർക്ക് ഭക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന കണക്കനുസരിച്ചാണ് പാഠശാലകളിലെ വിദ്യാർഥികളുടെ എണ്ണം കണക്കാക്കിയിരുന്നതെന്നും, കാന്തള്ളൂരിൽ വേദപാഠശാലയ്ക്കു പുറമേ ആയുധവിദ്യാശാലകളും ഉണ്ടായിരുന്നെന്നും അതിനാൽ കലമറുത്തു എന്നതിനർഥം ഭക്ഷണപ്പാത്രം അതായത് വിദ്യാഭ്യാസ സൗകര്യം ഇല്ലാതാക്കി എന്നാണെന്നും ചില പണ്ഡിതന്മാർ വിശദീകരിക്കുന്നു. എന്നാൽ, ചോള-പാണ്ഡ്യന്മാരുടെ ആക്രമണമുണ്ടായപ്പോൾ കാന്തള്ളൂർശാല ഒരു ആയുധപരിശീലന കേന്ദ്രം കൂടി ആക്കി മാറ്റിയതായും അഭിപ്രായമുണ്ട്. ആക്രമണഫലമായി ഈ സൈനികസ്ഥാപനത്തെ നശിപ്പിച്ചതിനെയാണ് കാന്തള്ളൂർ കലമറുത്തു എന്ന പ്രയോഗം കൊണ്ട് പരാമർശിക്കുന്നതെന്ന് വിശ്വസിക്കുകയായിരിക്കും ഏറ്റവും ഉചിതം. ഈ അവസരത്തിൽ ഹജൂർശാസനത്തിലെ ചില പരാമർശങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. പാർത്ഥിവപുരം ശാലയിൽ 95 വിദ്യാർഥികൾക്കാണ് പ്രവേശനം ഉണ്ടായിരുന്നതെന്ന് പ്രസ്തുത ശാസനത്തിൽ സൂചനയുണ്ട്. അതിനെ 95 കലങ്ങൾ എന്നാണ് വ്യവഹരിച്ചിട്ടുള്ളത്. ഈ വിദ്യാശാലകളിൽ പാലിച്ചിരുന്ന കർശനമായ അച്ചടക്കത്തെപ്പറ്റിയും ശാസനത്തിൽ പറയുന്നുണ്ട്. ശാലയിലും പരിസരങ്ങളിലും അസഭ്യഭാഷണങ്ങളോ കലഹങ്ങളോ കയ്യേറ്റങ്ങളോ അനുവദിച്ചിരുന്നില്ല. ഇത് ലംഘിക്കുന്നവർക്ക് കഠിനശിക്ഷയാണ് നൽകിവന്നിരുന്നത്. അന്തേവാസികൾ മാരകായുധങ്ങൾ കൊണ്ടുനടക്കാൻ പാടില്ലെന്ന് വിധിച്ചിരുന്നു. ചൂതാട്ടം വലിയ കുറ്റമായി ഗണിച്ചു. ചൂതുകളിക്കുന്ന വിദ്യാർഥികൾക്ക് ഒരു ദിവസത്തെ ആഹാരം കൊടുക്കുമായിരുന്നില്ല. അങ്ങനെ അക്കാലത്തെ മാതൃകാവിദ്യാലയങ്ങളായിട്ടാണ് ശാല പ്രവർത്തിച്ചിരുന്നത്. കാന്തള്ളൂർ-പാർത്ഥിവപുരം ശാലകളിലെ നിയമങ്ങൾ വ്യത്യസ്തമായിരുന്നില്ല.

▶ ദക്ഷിണ നളന്ദ

## 1.4.9 പെരുമാൾ വാഴ്ചയെക്കുറിച്ചുള്ള വ്യത്യസ്തവീക്ഷണങ്ങൾ

സംഘകാലഘട്ടത്തിന് ശേഷം മൂന്ന് നൂറ്റാണ്ടുകൾ ചരിത്രത്തിന്റെ ഇരുണ്ട കാലമായിരുന്നു. കേരളത്തെ സംബന്ധിച്ച സുശക്തമായ തെളിവുകളൊന്നും ഈ കാലത്തെ സംബന്ധിച്ച് ലഭിച്ചിട്ടില്ല. എ.ഡി. 800-മാണ്ടോടുത്ത് കുലശേഖര വർമ്മയുടെ നേതൃത്വത്തിൽ രണ്ടാം ചേര സാമ്രാജ്യം സ്ഥാപിക്കപ്പെട്ടതായി ചരിത്രരേഖകൾ ചൂണ്ടിക്കാട്ടുന്നു. തിരുവഞ്ചിക്കുളം അഥവാ മഹോദയപുരം ആയിരുന്നു തലസ്ഥാനം. പ്രൊഫ. ഇളംകുളം കുഞ്ഞൻ പിള്ള ശാസനകളുടെ ശാസ്ത്രീയ പഠനത്തിലൂടെ ഇത് തെളിയിച്ചിട്ടുണ്ട്. പതിമൂന്ന് കുലശേഖരന്മാരുണ്ടായിരുന്നതായി പറയുന്നു. കുലശേഖര ആഴ്വാരാണ് രണ്ടാം ചേരസാമ്രാജ്യത്തിന്റെ സ്ഥാപകൻ. ഇളംകുളത്തിന്റെ ഈ വാദത്തെ ചരിത്രകാരനായ ഡോ.എം.ജി.എസ്. നാരായണൻ പരിഷ്കരിച്ചുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൂന്ന് ഭാസ്കര രവിവർമ്മമാർ കേരളം ഭരിച്ചതായി കരുതുന്നില്ല.

Remove Watermark Now

എ. ശ്രീധരമേനോൻ കേരളചരിത്രത്തിൽ രണ്ടാം ചേരസാമ്രാജ്യത്തിലെ രാജാക്കന്മാരെപ്പറ്റി പരാമർശിക്കുന്നുണ്ട്. ചേരചോള യുദ്ധത്തിൽ നാശം സംഭവിച്ച ചേരസാമ്രാജ്യത്തിന്റെ ഓരോ രാജാക്കന്മാരുടെയും സംഭാവനകളെപ്പറ്റി ഇതിൽ വിവരിക്കുന്നു. മഹോദയപുരത്തെ കുലശേഖരചക്രവർത്തിമാർതന്നെയായിരുന്നു പെരുമാൾ രാജാക്കന്മാർ. അവരിൽ ഒരാൾ പോലും കേരളത്തിന് വെളിയിൽ നിന്ന് വന്നവരല്ല എന്ന് കേരള ചരിത്രത്തിൽ സൂചിപ്പിക്കുന്നു.

പെരുമാൾക്കന്മാരെപ്പറ്റിയുള്ള മറ്റൊരു വാദം കേരളോൽപത്തിയിലാണ് ഉള്ളത്. ആ ഐതിഹ്യം ഇങ്ങനെയാണ്. 'കേരളം സൃഷ്ടിച്ച പരശുരാമൻ അറുപത്തിനാല് ബ്രാഹ്മണ ഗ്രാമങ്ങൾ നിർമ്മിക്കുകയും അവിടെ ഒരു ഭരണക്രമം നിശ്ചയിക്കുകയും ചെയ്തു. കുറേക്കാലത്തേക്ക് ഭരണം തകരാറൊന്നുമില്ലാതെ പോയെങ്കിലും പിന്നീട് അത് താറുമാറായി. തത്ഫലമായി മുമ്മൂന്ന് വർഷത്തേയ്ക്ക് ഭരണം നടത്താൻ രക്ഷപുരുഷന്മാർ നിയമിക്കപ്പെടുകയും അവരെ സഹായിക്കാൻ താളിയാതിരിമാരെ ഏർപ്പെടുത്തുകയും ചെയ്തു. ഈ സംവിധാനവും പരാജയപ്പെട്ടപ്പോൾ രാജ്യഭരണത്തിന് വെളിയിൽനിന്ന് പെരുമാക്കന്മാരെ കൊണ്ടുവരുവാൻ നിശ്ചയിച്ചു. ഓരോ പെരുമാക്കന്മാരും പന്ത്രണ്ടു വർഷം ഭരണം നടത്തി വിരമിക്കണം എന്നായിരുന്നു വ്യവസ്ഥ. അങ്ങനെ കേരളം ഭരിച്ച പെരുമാക്കന്മാരെക്കുറിച്ച് കേരളോൽപത്തിയിൽ വിശദീകരിക്കുന്നു. അതിൽ അവസാനത്തെ പെരുമാൾ ചേരമാൻ പെരുമാളായിരുന്നെന്നും അദ്ദേഹം ഇസ്ലാമതം സ്വീകരിച്ച് മക്കത്ത് പോയെന്നും ഇതിൽ പറഞ്ഞിട്ടുണ്ട്.' 'ദക്ഷിണേന്ത്യയുടെ ചരിത്രം' എന്ന കെ.എ.നീലകണ്ഠ ശാസ്ത്രിയുടെ ഗ്രന്ഥത്തിലും സമാനമായ സൂചനയുണ്ട്.

ഈ രണ്ട് വാദങ്ങളാണ് പ്രബലമായ രണ്ട് വാദങ്ങൾ. തെളിവുകളുടെ അടിസ്ഥാനത്തിൽ പൂർവ കേരളത്തിലെ ചേര രാജാക്കന്മാരുടെ തുടർച്ചയാണ് കുലശേഖര രാജാക്കന്മാർക്കുള്ളതെന്ന് വാദത്തിനാണ് പ്രാമാണ്യം. പുറത്തു നിന്ന് കൊണ്ടുവന്ന പെരുമാക്കന്മാരാണ് രണ്ടാം ചേര സാമ്രാജ്യത്തിലെ അധിപന്മാർ എന്ന വാദത്തിന് സമർഥമായ തെളിവുകളൊന്നും ലഭ്യമായിട്ടില്ല.

9, 10 ശതകങ്ങൾ കേരളത്തിലെ സാംസ്കാരിക ചരിത്രത്തിലെ സുവർണയുഗമാണ്. മഹോദയപുരം കേന്ദ്രമാക്കിയിട്ടുള്ള രണ്ടാം ചേര സാമ്രാജ്യം കേരളത്തിലാദ്യമായി ഒരു ഏകീകൃതമായ ഭരണം കാഴ്ചവച്ചു. സാമൂഹികവും രാഷ്ട്രീയവും സാമുദായികവുമായ വികാസം അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരുന്നത് 9, 10 നൂറ്റാണ്ടിലാണ്. ശ്രീശങ്കരാചാര്യർ, കുലശേഖരആൾവാർ, ചേരമാൻ പെരുമാൾനായനാർ തുടങ്ങി അനേകം പ്രമുഖർ ഒന്നിച്ച് ഉദയം ചെയ്തത് ഈ കാലഘട്ടത്തിലാണ്. ഏതൊരു സംസ്കാരത്തിന്റെയും അടിസ്ഥാനം അതിന്റെ സാമ്പത്തിക സംവിധാനമായിരിക്കും. പൊതുവെ പറഞ്ഞാൽ കേരളത്തിന്റെ സാമ്പത്തിക നില വളരെ ഭദ്രമായിരുന്നു. അന്ന് ലോകത്തിന്റെ പരിഷ്കാരകേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്നത് സ്പെയിൻ, റോം, ജറുസലേം, ചൈന എന്നീ രാജ്യങ്ങളായിരുന്നു. പടിഞ്ഞാറും കിഴക്കുമുള്ള ഈ പരിഷ്കൃത രാജ്യങ്ങളുടെ മധ്യത്തിൽ സ്ഥിതിചെ

Remove Watermark Now

യ്തിരുന്ന കേരളത്തിന് വാണിജ്യപരമായി പുരോഗമിക്കുന്നതിനും അതിലൂടെ ഐശ്വര്യം പ്രാപിക്കാനും കഴിഞ്ഞു. കുരുമുളകിനായിരുന്നു കേരളത്തിന്റെ വാണിജ്യവിഭവങ്ങളിൽ മുഖ്യസ്ഥാനം. കറുത്ത പൊന്ന് എന്ന് പാശ്ചാത്യർ വിശേഷിപ്പിച്ചിരുന്നതിൽ നിന്നുതന്നെ അവർ അതിന് കൽപ്പിച്ചിരുന്ന പ്രാധാന്യം മനസ്സിലാക്കാം. ഇന്ത്യയിലെ പട്ടുതുണി വളരെ പ്രസിദ്ധിനേടിയ ഒന്നാണ്. ലോകത്തിലെ പരിഷ്കൃതനഗരങ്ങളിലെല്ലാം അതിന് വളരെ പ്രിയമായിരുന്നു. വ്യാപാര സാധനങ്ങളുടെ വിലയിനത്തിൽ മാത്രമല്ല, ചുങ്കം വകയും നല്ലൊരു തുക കേരളത്തിന് ലഭിച്ചിരുന്നു. പടിഞ്ഞാറും കിഴക്കുമുള്ള പരിഷ്കൃത രാജ്യങ്ങളുടെ മദ്ധ്യേയാണ് കേരളത്തിന്റെ നിലയെന്നിരിക്കെ അങ്ങോട്ടും ഇങ്ങോട്ടും പോയിക്കൊണ്ടിരുന്ന കപ്പലുകൾക്ക് കേരളം ഒരു ഇടത്താവളമായിരുന്നു. വിഴിഞ്ഞം, കാന്തല്ലൂർ, കൊല്ലം, കൊടുങ്ങല്ലൂർ എന്നിവയായിരുന്നു അക്കാലത്തെ തുറമുഖങ്ങൾ. എ. ഡി. 852-ൽ കേരളം സന്ദർശിച്ചിരുന്ന സുലൈമാൻ ഈ കാര്യം വിശദമായി വിവരിക്കുന്നുണ്ട്.

▶ സാമ്പത്തികമായി അഭിവൃദ്ധി

അഞ്ചുവണ്ണം, മണിഗ്രാമം, വളഞ്ചിയാർ, പട്ടണസ്വാമികൾ, നാനാദേശികൾ എന്നീ കച്ചവട സംഘടനകൾ വിദേശരാജ്യങ്ങളുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ഈ വ്യാപാര സംഘടനകളും സാമ്പത്തികമായ അഭിവൃദ്ധിക്ക് ആക്കം കൂട്ടി. മഹോദയപുരം തലസ്ഥാനമാക്കി കേരളം വാണിരുന്ന കുലശേഖരൻമാർ രാജ്യത്തെ ഐശ്വര്യത്തിലേക്ക് നയിച്ചു. അവർ പ്രജാക്ഷേമതൽപ്പരരായിരുന്നു. 9, 10 നൂറ്റാണ്ടുകളിൽ കേരളം സ്ഥാണുരവിവർമ്മ, ഗോദരവിവർമ്മ, ഇന്ദുക്കോതവർമ്മ, ഭാസ്ക്കരരവിവർമ്മ എന്നിവരുടെ ഭരണത്തിന് കീഴിൽ സാമ്പത്തികഭദ്രമായിതീർന്നു. വേണാട്, ഓടനാട്, നന്റുഴൈനാട്, വള്ളുവനാട്, ഏറനാട് എന്നിങ്ങനെ സ്വയംഭരണസ്വഭാവത്തോടുകൂടിയ പലനാടുകളായി ഈ രാജ്യം വിഭജിക്കപ്പെട്ടിരുന്നു. ഓരോ നാടും നാടുവാഴികളുടെ ഭരണത്തിൻ കീഴിലായിരുന്നു. ജനസമ്മതത്തോടെ പെരുമാൾ നാടുവാഴികളെ നിയമിക്കുകയാണ് പതിവ്. നാടുവാഴികളുടെ അധികാരം പരിമിതമായിരുന്നു. നാട്ടുകൂട്ടമാണ് ഭരണം നിയന്ത്രിച്ചിരുന്നത്. നാടുകളെ ദേശങ്ങളായും ദേശങ്ങളെ കരകളായും വിഭജിച്ചിരുന്നു. ദേശങ്ങളെ ദേശവാഴികളും കരകളുടെ ഭരണം പഞ്ചായത്തും നിയന്ത്രിച്ചിരുന്നു. തികച്ചും ജനാധിപത്യസ്വഭാവമായിരുന്നു ഈ നാട്ടുകൂട്ടങ്ങൾക്ക് ഉണ്ടായിരുന്നത്. എ.ഡി.849-ലെ തരിസാപ്പള്ളി ശാസനത്തിൽ നിന്നും കൊല്ലം പട്ടണത്തിന്റെ ഭരണം അറുനൂറ്റവർ എന്ന സംഘത്തിന്റെ നിയന്ത്രണത്തിലായിരുന്നു എന്ന് മനസ്സിലാക്കാം. അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയ കച്ചവടസംഘങ്ങൾക്ക് പട്ടണങ്ങളുടെ ഭരണത്തിൽ ചില അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരുന്നു. എ.ഡി. 9, 10 നൂറ്റാണ്ടുകളിൽ കേരളം അസൂയാവഹമായ പുരോഗതി നേടിയത് സാംസ്കാരിക രംഗത്താണ്. വിദ്യാഭ്യാസരംഗത്തും കലാരംഗത്തും കേരളം അക്കാലത്ത് ഉന്നതമായ സ്ഥാനം നേടി. ഈ അവസരത്തിൽ ബുദ്ധമതം ക്ഷയിച്ചുവെങ്കിലും അതിന്റെ പല ഗുണങ്ങളും നിലനിന്നതായി കാണാം. ബുദ്ധവിഹാരത്തോട് ചേർന്ന് വിദ്യാശാലകൾ കാണാമായിരുന്നു. ബുദ്ധവിഹാരത്തിന്റെ ശാലകളിൽ വേദാന്തം, തർക്കം, മീമാംസ, ജ്യോതിഷം എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയി

Remove Watermark Now

▶ സാംസ്കാരിക രംഗത്ത് പുരോഗതി

രുന്നത്. അദ്വൈതമതസ്ഥാപകനായ ശങ്കരാചാര്യർ, ജ്യോതിശാസ്ത്രത്തിൽ അതിപ്രഗൽഭനായ ശങ്കരനാരായണൻ എന്നിവരുടെ പേര് പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. ശങ്കരനാരായണന്റെ ശങ്കരനാരായണീയം ജ്യോതിഷത്തിന് അക്കാലത്തുണ്ടായിരുന്ന പുരോഗതിക്ക് സാക്ഷ്യം വഹിക്കുന്നു.

ശിൽപ്പകലയിലും കൊത്തുപണിയിലും കേരളീയർ പൊതുവെ അതിശയകരമായ സ്ഥാനം അലങ്കരിച്ചിരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളെല്ലാം ഇക്കാലത്തോടടുപ്പിച്ച് ഉണ്ടായവയാണ്. അവയെല്ലാം തന്നെ കേരളീയരുടെ ശിൽപ്പകലാവൈഭവത്തിനും പ്രതിമാനിർമ്മാണ പാടവത്തിനും മഹിതോദാഹരണമാണ്. സാഹിത്യം, നൃത്തം തുടങ്ങിയ സുന്ദരകലകളിലും പെരുമാൾക്കാലത്ത് മികച്ച നിലവാരം പുലർത്തിയിരുന്നു. അക്കാലത്തെ കേരളത്തിലെ സാമാന്യ വ്യവഹാരഭാഷ തമിഴായിരുന്നു. എന്നാൽ അക്കാലത്തെ കവികൾ സംസ്കൃതത്തിലും കവിതകൾ എഴുതുമായിരുന്നു. സംസ്കൃതത്തിൽ 'മുകുന്ദമാല' എഴുതിയ കുലശേഖരആഴ്‌വാർ, 'നളോദയം' എന്ന കാവ്യത്തിന്റെ കർത്താവായ വാസുദേവഭട്ടതിരി, 'ആശ്ചര്യചൂഡാമണി'യുടെ കർത്താവായ ശക്തിഭദ്രൻ, തോലൻ ഇവരൊക്കെയാണ് ഇക്കാലത്തെ കേരളസാഹിത്യത്തെ ധന്യമാക്കിയത്. ക്ഷേത്രകലകളെന്നുള്ള നിലയിൽ കൂത്തും, കൂടിയാട്ടവും വളർന്ന് വികസിച്ചത് ഈ കാലഘട്ടത്തിലായിരുന്നു. ഇവയോടനുബന്ധിച്ച് ക്ഷേത്രങ്ങളിൽ കൂത്തമ്പലങ്ങൾ സ്ഥാപിച്ചിരുന്നു. മലയാളം ഒരു സ്വതന്ത്രഭാഷയായി രൂപപ്പെട്ടത് ഈ കാലത്താണ്. സാമുദായികവും മതപരവുമായുള്ള സൗഹാർദ്ദം ഈ കാലഘട്ടത്തിന്റെ പ്രകടമായ സവിശേഷതയാണ്. ബുദ്ധ-ജൈനമതങ്ങൾ ക്ഷയോന്മുഖമായതോടെ ശൈവ-വൈഷ്ണവ മതങ്ങൾ വേരുറച്ചു. ഈ മതവിഭാഗത്തോട് ജനങ്ങൾ വളരെ സൗഹൃദത്തോടെ പെരുമാറി. വൈദേശികമതക്കാരോടും നാട്ടുകാരായ ഹിന്ദുക്കൾ സമഭാവനയോടെ പെരുമാറി. ദേവാലയത്തിൽ വഴിപാടുനടത്തുന്നതും ഈ കാലഘട്ടത്തിലെ ശ്രദ്ധേയമായ കാഴ്ചയാണ്. ഇങ്ങനെ നോക്കുമ്പോൾ ഈ കാലഘട്ടം വിദ്യാഭ്യാസത്തിനും വാണിജ്യത്തിനും കലയ്ക്കും തുല്യപ്രാധാന്യം നൽകുക വഴി രാജ്യത്തിന് സമഗ്രമായ വികസനം കൈവരിക്കുന്നതിന് സാധിച്ചു എന്നുപറയാം. രാഷ്ട്രീയമായി നോക്കുമ്പോൾ ജനപങ്കാളിത്തത്തോടുകൂടിയ ഒരു ഏകീകൃത ഭരണവും സാമൂഹികമായി നോക്കുമ്പോൾ വൈവിധ്യങ്ങളുടെ സാംസ്കാരിക സമന്വയത്തിൽ അടിയുറച്ച ആദർശവും, സാംസ്കാരികമായി നോക്കുമ്പോൾ ഉദാത്തവും വിദ്യാഭ്യാസപരവും പുരോഗമനപരവുമായ ചുവടുവയ്പ്പുകളുമായി ഈ സുവർണ്ണകാലത്തെ നോക്കിക്കാണാം. ഇങ്ങനെയാണെങ്കിലും 9, 10 നൂറ്റാണ്ടുകളിലെ കുലശേഖരന്മാരുടെ ഭരണത്തിന് കീഴിലുള്ള ചേരസാമ്രാജ്യവും അതിനെത്തുടർന്ന് ഉണ്ടായതെന്ന് പറയപ്പെടുന്ന നൂറ്റാണ്ടുയുദ്ധവും ഇളംകുളം കുഞ്ഞൻപിള്ളയുടെ സാങ്കൽപ്പിക സൃഷ്ടിയാണെന്ന അഭിപ്രായവും ഗവേഷകരുടെ ഇടയിൽ ചർച്ചചെയ്യപ്പെടുന്നുണ്ട്. പി.കെ. ബാലകൃഷ്ണനെ പോലുള്ള ഗ്രന്ഥകർത്താക്കൾ ഇക്കാര്യം വസ്തുതകൾ സമർഥിച്ച് വിവരിക്കുന്നുണ്ട്.

▶ കല, സാഹിത്യം, ദർശനം, വിജ്ഞാനം, സാങ്കേതികവിദ്യ

Remove Watermark Now

## Summarised Overview

സംഘകാലത്തിനു ശേഷമുള്ള ഇരുണ്ടയുഗത്തിന് അവസാനമിട്ടാണ് രണ്ടാം ചേരസാമ്രാജ്യം രൂപമെടുക്കുന്നത്. എ.ഡി. 800 മുതൽ മൂന്ന് ശതാബ്ദകാലമെങ്കിലും കേരളം ഒരു അഖണ്ഡസംസ്ഥാനമായി കുലശേഖരന്മാരുടെ കീഴിൽ നിലനിന്നു. കേരളത്തിന്റെ സുവർണ്ണ യുഗമായിരുന്നു അത്. ഉദാരമായ ഭരണരീതിയും സാർവത്രികമായ സാംസ്ക്കാരിക അഭിവൃദ്ധിയും അക്കാലത്ത് ഉണ്ടായി. ക്ഷേത്രകാര്യവ്യവസ്ഥയാണ് 'കച്ചങ്ങൾ' എന്നറിയപ്പെട്ടിരുന്നത്. പ്രാചീനകേരളത്തിന്റെ ഭരണകാര്യങ്ങൾ പലതും ലഭിച്ചത് കച്ചങ്ങളിൽ കേന്ദ്രീകരിച്ച പഠനത്തിലൂടെയാണ്. ക്ഷേത്രഭരണത്തിനായുള്ള ജനാധിപത്യ സംവിധാനമായിരുന്നു അത്. മധ്യകാല കേരളത്തിൽ ബ്രാഹ്മണ മേധാവിത്വം പ്രകടമാകുന്ന 'സങ്കേതം' എന്ന ക്ഷേത്ര ഭരണസംവിധാനവും ഉണ്ടായിരുന്നു. മധ്യകാല കേരളത്തിൽ വ്യാപാരസംരംഭങ്ങൾ നിയന്ത്രിച്ചിരുന്നത് വർത്തകസംഘങ്ങൾ ആയിരുന്നു. ആഭ്യന്തരവ്യാപാരത്തിലും വിദേശവ്യാപാരത്തിലും നിർണായകസ്ഥാനം ഇവർക്കുണ്ടായിരുന്നു. അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയ പ്രശസ്ത വർത്തകസംഘങ്ങൾ അന്ന് നിലനിന്നു. പെരുമാൾ കാലത്ത് നാടുവാഴികളുടെ രക്ഷാസംഘങ്ങളായി പ്രവർത്തിച്ച പട്ടാളവിഭാഗങ്ങളെ നൂറ്റവർ എന്നറിയപ്പെടുന്നു. അതതു പ്രദേശങ്ങളുടെ ഭരണസംവിധാനത്തിന്റെ മേൽനോട്ടവും ഇവർ നടത്തി.

ക്ഷേത്രങ്ങളോട് ബന്ധപ്പെട്ടു വേദാധ്യായനത്തിനായി സ്ഥാപിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ശാലകൾ. എന്നാൽ ശാലകളിൽ വേദാധ്യയനത്തിന് പുറമേ തത്വചിന്ത, വ്യാകരണം, നിയമം തുടങ്ങിയിലും പരിശീലനം ലഭിച്ചിരുന്നു. ഭരണാധികാരികൾ ശാലകൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകിയിരുന്നു. ധാരാളം ബൗദ്ധികമത്സരങ്ങൾ ഈ കാലങ്ങളിൽ അരങ്ങേറിയിരുന്നു. സംഘകാലത്തിലെ കൊടുംതമിഴ് മലയാളഭാഷയായി മാറുവാൻ ആരംഭിക്കുന്നത് മധ്യകാലത്തോടെയാണ്. എ.ഡി. പത്താം നൂറ്റാണ്ടോടെ മലയാളം പ്രത്യേക ഭാഷയായി രൂപാന്തരം പ്രാപിച്ചു എന്ന് അഭിപ്രായമുണ്ടെങ്കിലും മാറ്റം പൂർണ്ണമായത് പന്ത്രണ്ടാം നൂറ്റാണ്ടോടെയാണ്.

iskysoft

## Assignments

1. രണ്ടാം ചേരസാമ്രാജ്യത്തിന്റെ കാലം കേരളത്തെ സംബന്ധിച്ച് മഹത്തരമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
2. കച്ചങ്ങളുടെ ചരിത്രപ്രാധാന്യം വിശദീകരിക്കുക.
3. മധ്യകാല കേരളത്തിൽ വർത്തകസംഘങ്ങളുടെ പ്രസക്തി എന്തെന്ന് ചർച്ചചെയ്യുക.
4. മൂഴിക്കുളം കച്ചത്തിന്റെ പ്രാധാന്യം വിശദമാക്കുക.
5. ശങ്കരാചാര്യർ നടപ്പിലാക്കിയ മതനവീകരണത്തിന്റെ പ്രസക്തി വിശദീകരിക്കുക.
6. കേരളീയ ഭക്തിപ്രസ്ഥാനത്തിന്റെ പ്രസക്തി വിശദീകരിക്കുക..
7. കുലശേഖരന്മാരുടെ കാലത്തെ കേരളത്തെക്കുറിച്ച് ഉപന്യസിക്കുക.
8. ഭക്തിപ്രസ്ഥാനത്തിന്റെ ചരിത്രപ്രാധാന്യം വിവരിക്കുക.

Remove Watermark Now

## Suggested Readings

1. ഡോ. എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ.
2. പ്രൊഫ. എസ്. അച്യുതവാര്യർ, കേരളസംസ്ക്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.

## References

1. ഇളംകുളം കുഞ്ഞൻപിള്ള, അന്നത്തെ കേരളം, എൻ. ബി. എസ്, കോട്ടയം.
2. രാഘവവാരിയർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, എടപ്പാൾ.
3. ഉള്ളൂർ. എസ്. പരമേശ്വരയ്യർ, കേരളസാഹിത്യ ചരിത്രം - ഒന്നാം വാല്യം, കേരള സർവ കലാശാല, തിരുവനന്തപുരം.

iSkysoft

### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Remove Watermark Now

Remove Watermark Now

# നാടുവാഴിത്തം, പാശ്ചാത്യാഗമനം

## BLOCK-02

Block Content

**യൂണിറ്റ് - 1 മധ്യകാലകേരളം - നാടുവാഴിത്തം**

മധ്യകാലകേരളം-നാടുവാഴിത്തം-സ്വരൂപങ്ങൾ-നാടുവാഴിഭരണത്തിന്റെ സാംസ്കാരിക ഫലങ്ങൾ-പാട്ടും മണിപ്രവാളവും-ലീലാതിലകം-മലയാളഭാഷയുടേയും തദ്ദേശീയവിജ്ഞാന ത്തിന്റെയും വളർച്ച.

**യൂണിറ്റ് - 2 ജന്മിത്തം, ജാതിവ്യവസ്ഥ**

ജന്മിത്തത്തെക്കുറിച്ചുള്ള വ്യത്യസ്തവാദങ്ങൾ-ജാതികളും ഉപജാതികളും-ജാതിബന്ധങ്ങ ളുടെ പരിണാമങ്ങൾ-കേരളീയ ഗണിതപാരമ്പര്യം-രംഗകലകൾ-വാസ്തുവിദ്യ-ചിത്രകല-സം ഗീതം-ദാർശനിക ശാസ്ത്രഗ്രന്ഥങ്ങൾ-മധ്യകാല കേരളത്തിലെ വൈജ്ഞാനികലോകം

**യൂണിറ്റ് - 3 ഭക്തിപ്രസ്ഥാനം**

ഭാഷയിലെ പരിവർത്തനങ്ങൾ-മധ്യകാല ഭക്തിപ്രസ്ഥാനം-എഴുത്തച്ഛനും പൂന്താനവും-മു ഹിയുദ്ദീൻമാല-മാപ്പിളപ്പാട്ടുകളും അറബി മലയാളവും-തുള്ളലും കഥകളിയും-ചവിട്ടുനാടകം -നാടൻപാട്ടുകൾ-കളരിയും ഗുരുകുലവും-ടിപ്പുവിന്റെ പടയോട്ടവും അതിന്റെ സാമൂഹ്യ-സാം സ്കാരിക ഫലങ്ങളും.

**യൂണിറ്റ് - 4 പോർച്ചുഗീസുകാർ**

പോർച്ചുഗീസുകാരുടെ വരവ്-അറബികൾ, പോർട്ടുഗീസുകാർ, സാമൂതിരി-ബന്ധപരിണാ മങ്ങൾ-മതകോളനീകരണം-ഉദയംപേരൂർ സുന്നഹദോസ്-കൂനൻകുരിശു സത്യം-ഡച്ചുകാർ-ഫ്രഞ്ച് സ്വാധീനം-തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും സ്ഥാനം.

Remove Watermark Now

# Unit 1

# മധ്യകാല കേരളം; നാടുവാഴിത്തം

## Learning Outcomes

- സംഘകാലഘട്ടത്തിനു ശേഷമുള്ള കേരളചരിത്രത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- സ്വരൂപങ്ങളെക്കുറിച്ച് അറിവു നേടുന്നു
- ദേവദാസിസമ്പ്രദായത്തിന്റെ ചരിത്രം മനസ്സിലാക്കുന്നു
- നാട്ടുരാജ്യങ്ങൾ തമ്മിൽ നടന്ന യുദ്ധങ്ങളെയും അതിന്റെ അനന്തരഫലങ്ങളെയും അപഗ്രഥിക്കുന്നു
- മലയാളഭാഷയുടെ ഉൽപ്പത്തിചരിത്രത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു

## Background

സംഘകാലത്തിന് ശേഷമുള്ള ഏഴു മുതൽ പതിനൊന്നു വരെയുള്ള നൂറ്റാണ്ടുകൾ കേരളചരിത്രത്തെ സംബന്ധിച്ച് സംഘർഷാത്മകമായ ഘട്ടമാണ്. മതസംഘർഷം കൊണ്ട് ഏഴും എട്ടും നൂറ്റാണ്ടുകളും, നൂറ്റാണ്ട് യുദ്ധം എന്നറിയപ്പെടുന്ന ചേരചോള യുദ്ധം കൊണ്ടു പത്ത് പതിനൊന്ന് നൂറ്റാണ്ടുകളും കലുഷമായിരുന്നു. കേരളത്തിൽ പത്തൊൻപതാം നൂറ്റാണ്ടുവരെ നിലനിന്ന നാടുവാഴി-ജന്മി ഫ്യൂഡൽ വ്യവസ്ഥകളുടെ പരിണാമഘട്ടം എന്നു വിളിക്കാവുന്ന കാലമായിരുന്നു അത്. പല്ലവന്മാർ, പാണ്ഡ്യന്മാർ, ചാലൂക്യന്മാർ, കദംബർ, ചേരന്മാർ എന്നിവർ തെക്കേയിന്ത്യയിലെ പ്രബലശക്തികളായിരുന്നു. പതിനൊന്നാം നൂറ്റാണ്ടോടെ ഈ ആധിപത്യം തകരുകയും ചോളന്മാർ തെക്കേയിന്ത്യയുടെ പ്രബലശക്തികളായി മാറുകയും ചെയ്തു. ചോളന്മാരുടെ നിരന്തരമായ ആക്രമണം മൂലം കേരളത്തിലും ചേരരാജാക്കന്മാരുടെ ഭരണസംവിധാനം ദുർബലമായി. ഇതോടെയാണ് കേരളത്തിലെ നാടുവാഴികൾക്ക് ഉയർച്ചയും വളർച്ചയും ഉണ്ടാകുന്നത്. അതോടൊപ്പം സാമൂഹിക, സാമ്പത്തിക- സാംസ്കാരിക മണ്ഡലങ്ങളിൽ വ്യാപകമായ പരിവർത്തനത്തിനു ഇതു വഴിയൊരുക്കി.

ചേരരാജാക്കന്മാർ ദുർബലരായതോടുകൂടി ഇവരുടെ സാമന്തപദവിയിൽ കഴിഞ്ഞിരുന്ന 'മുഖ്യന്മാർ' സ്വതന്ത്രഭരണാധികാരികളെ പോലെ പെരുമാറിത്തുടങ്ങി. ഇതു മനസ്സിലാക്കിയ കുലശേഖര ആഴ്വാർ മുഖ്യന്മാർക്ക് ചില സവിശേഷ അധികാരങ്ങൾ നൽകി. കുലശേഖരൻ ചില പ്രദേശങ്ങൾ ക്ഷത്രിയകുടുംബങ്ങൾക്കും സാമന്തന്മാർക്കും പങ്കിട്ടുകൊടുത്തു. കുലശേഖര ആഴ്വാർക്കു ശേഷം എട്ടാം നൂറ്റാണ്ടിൽ കേരളം ഭരിച്ച ചേരമാൻപെരുമാൾ കേരളത്തെ പതിനേഴുനാടുകളായി പകുത്തുവെന്ന ഐതിഹ്യമുണ്ട്. ചേരമാൻപെരുമാൾ രാജാവ് ക്ഷേത്രഭരണത്തിന്റെ അധികാരം മാത്രം രാജാവിന്റെ നിയന്ത്രണത്തിൽ നിലനിർത്തിക്കൊണ്ട് മറ്റെല്ലാ അധികാരങ്ങളും മുഖ്യന്മാരെ ഏൽപ്പിച്ചു. രാജ്യസുരക്ഷക്ക് യോദ്ധാക്കളെ പരിശീലിപ്പിക്കുന്നതിനും സ്വന്തമായി നിലനിർത്തുന്നതിനും മുഖ്യന്മാർക്കു കഴിഞ്ഞു. രാജാവ് ആവശ്യപ്പെടുമ്പോൾ മുഖ്യന്മാർ സൈനികരെ നൽകണമെന്ന് മാത്രമായിരുന്നു വ്യവസ്ഥ. മുഖ്യന്മാർക്കുണ്ടായിരുന്ന വിപുലമായ അധികാരത്തെക്കുറിച്ച് തരിസാപ്പള്ളി ശാസനത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്. വേണാട് മുഖ്യനായിരുന്ന അയ്യനടികൾ തിരുവടി തരിസാപ്പള്ളിക്കാർക്കു ഭൂമി ദാനാധാരമായി നൽകുകയും രാജകീയ അംഗീകാരത്തിനു തുല്യമായ എഴുപത്തിരണ്ട് 'വിടുപേറുകൾ' അനുവദിക്കുകയും ചെയ്ത രേഖയാണ് തരിസാപ്പള്ളി ശാസനം. ഇതു മുഖ്യന്മാർക്കുള്ള ആഭ്യന്തര സ്വയംഭരണാവകാശത്തിന്റെ രേഖകൂടിയാണ്. മുഖ്യന്മാർക്ക് ഈ അവ

Remove Watermark Now

കാശങ്ങളുണ്ടായിരുന്നുവെങ്കിലും രാജാവിന്റെ പരമാധികാരത്തിൻ കീഴിലാണ് വേണാട്ടടികളും മറ്റു സാമന്തന്മാരും പ്രവർത്തിച്ചിരുന്നത്. തരിസാപ്പള്ളിക്ക് അവകാശങ്ങൾ നൽകുമ്പോൾ രാജ പ്രതിനിധിയായി കോയിലധികാരികളും ഇളംകൂർ രാജാവും സന്നിഹിതരായിരുന്നുവെന്നാണ് രേഖകൾ.

കുലശേഖരരാജാക്കന്മാർ പ്രബലരായിരുന്നതുകൊണ്ട് മുഖ്യന്മാരെ നിശ്ചയിക്കുന്നതിനുള്ള അധികാരം രാജാവിനു തന്നെയായിരുന്നു. എന്നാൽ പാരമ്പര്യവഴിയിൽ മുഖ്യന്മാർ സ്ഥാനാരോഹണം ചെയ്യുന്ന പതിവുണ്ടായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിലെ ചേരചോള യുദ്ധത്തോടെ കേന്ദ്രീകൃതമായ ഭരണസംവിധാനം കേരളത്തിൽ തകർന്നു. അതോടെ മുഖ്യന്മാർ സ്വതന്ത്രരായി നാടുവാഴികളായി. അതോടെ പതിനേഴോ പതിനെട്ടോ സ്വരൂപങ്ങളായി കേരളം വിഭജിതമായിത്തീരുകയും ചെയ്തു. ഇത്തരം നാടുവാഴിത്തം വ്യവസ്ഥാപിതമായതിനു കാരണമായ പ്രധാന സംഭവം ആര്യന്മാരുടെ ആഗമനവും ബ്രാഹ്മണമേധാവിത്വവുമായിരുന്നു. കേരളത്തിലെത്തിയ ബ്രാഹ്മണർ മുപ്പത്തിരണ്ട് ഗ്രാമങ്ങളിലായി നാലുകഴകമായി തിരിഞ്ഞു ജീവിച്ചുവന്നു. പന്ത്രണ്ട് വർഷം കൂടുമ്പോൾ അവർ പൊതുസഭ ചേർന്ന് അവരുടെ ആഭ്യന്തരകാര്യങ്ങൾ ചർച്ചചെയ്തുപോന്നു. ജൈന ബുദ്ധമതങ്ങളുടെ പ്രഭാവം ക്ഷയിച്ചതോടെ ബ്രാഹ്മണരുടെ ഈ പന്തിരാണ്ടു സഭയുടെ രാഷ്ട്രീയ സ്വാധീനം വർധിച്ചു. രാജഭരണത്തെപ്പറ്റി അഭിപ്രായം പറയുവാനും രാജാവിനെതിരെ വിശ്വാസ -അവിശ്വാസങ്ങൾ രേഖപ്പെടുത്താനും പന്തിരാണ്ടു സഭയ്ക്കു കഴിഞ്ഞു.

കുലശേഖരരാജാക്കന്മാരുടെ കാലത്തു നമ്പൂതിരിമാരുടെ ആധിപത്യം കുറേകൂടി വ്യവസ്ഥാപിതമാകുന്നതായിട്ടാണ് കാണുന്നത്. പ്രബലന്മാരായിരുന്ന കുലശേഖരന്മാർ പന്തിരാണ്ടു സഭയേയും നാടുവാഴികളെയും ഒരുമിച്ചുചേർത്തു ഒരു പൊതുനയം രൂപപ്പെടുത്താനാണ് ശ്രമിച്ചത്. പന്തിരാണ്ടു കൂടുമ്പോൾ ചേരുന്ന പൊതുസഭയുടെ സ്ഥാനത്തു പുതിയൊരു സമ്പ്രദായമുണ്ടായി. നമ്പൂതിരിഗ്രാമങ്ങളുടെ അധിപതിമാരായ ഗ്രാമണിമാർ, പതിനെട്ടുനാടുകളിലെയും നാടുവാഴികൾ, വാണിജ്യസംഘങ്ങളുടെ പ്രതിനിധികൾ, നമ്പൂതിരികഴകങ്ങളുടെ നേതാക്കളായ തളിയാതിരിമാർ, മറ്റു പൗരപ്രമുഖർ എന്നിവരെല്ലാം കൂടി ഭാരതപ്പുഴയുടെ തീരത്തുള്ള തിരുനാവായയിൽ സമ്മേളിച്ച് ഒരു പൊതുനയം രൂപപ്പെടുത്തുക, ഈ സന്ദർഭം ആഡംബരപൂർവം ആഘോഷിക്കുക, രാജാവിലുള്ള വിശ്വാസം രേഖപ്പെടുത്തുന്നതിനായി ചാവേറുകൾ ആത്മാഹൂതി ചെയ്യുക, ഇതൊരു മഹോത്സവമായി ആഘോഷിക്കുക എന്നതായിരുന്നു തീരുമാനം. ഇതാണ് പിന്നീട് 'മഹാമഘം' അഥവാ 'മാമാങ്കം' എന്ന പേരിൽ അറിയപ്പെട്ടത്. മാമാങ്കത്തിന്റെ അവസാനത്തിൽ നാടുവാഴികൾ രാജാവിനോടുള്ള കൂറു പ്രഖ്യാപിക്കുന്നു. രാജാവിനോടുള്ള തങ്ങളുടെ ആത്മാർഥത വെളിപ്പെടുത്തുന്നതിനായി ഭടന്മാരിൽ ചിലരെകൊണ്ട് അവർ ആത്മാഹൂതി ചെയ്യിപ്പിച്ചു. ഈ ആത്മാഹൂതിയിൽ നിന്നാകണം മാമാങ്കത്തിന് മഹാമഘം - വലിയയാഗം എന്ന പേരു സിദ്ധിച്ചിട്ടുണ്ടാവുക. അതെന്തായാലും കേരളത്തിന്റെ രാഷ്ട്രീയജീവിതത്തിൽ ബ്രാഹ്മണർ മേൽക്കൈ നേടുന്നതിന്റെ അടയാളമാണ് മാമാങ്കമെന്നതിൽ തർക്കമില്ല. കുലശേഖരന്മാരുടെ ശക്തിക്ഷയവും നൂറ്റാണ്ട് യുദ്ധത്തെത്തുടർന്നുള്ള അരാജകാവസ്ഥയും കൂടിയായപ്പോൾ ബ്രാഹ്മണരുടെ പ്രാബല്യവും പ്രാമാണ്യവും വർധിക്കുക തന്നെ ചെയ്തു.

ഏഴാം നൂറ്റാണ്ടു മുതൽ ക്ഷേത്രങ്ങളെ 'തളി'കൾ എന്നു വിളിച്ചു കാണുന്നു. നമ്പൂതിരി ഗ്രാമങ്ങൾ വളർന്നുവന്നത് തളികളെ ചുറ്റിപ്പറ്റിയാണ്. ക്ഷേത്രഭരണം നിർവഹിച്ചവരെ 'തളിയാതിരിമാർ' എന്ന് വിളിച്ചു. ഇവർ ക്ഷേത്രഭരണത്തിൽ മാത്രമല്ല പൊതുഭരണത്തിലും ഇടപെടുന്ന കാഴ്ചയാണ് ചരിത്രം പിന്നീട് കണ്ടത്. മാമാങ്കം ഏർപ്പെടുത്തിയതോടെ തളിയാർമാർക്കും തളിയാതിരിമാർക്കും രാജ്യകാര്യങ്ങളിൽ ഉപദേശിക്കാനുള്ള അധികാരവും ലഭിക്കുന്നു. പതിനൊന്നാം നൂറ്റാണ്ടാവുമ്പോഴേക്കും നമ്പൂതിരിമാരോട് ആലോചിക്കാതെ ഭരണസംബന്ധമായ

Remove Watermark Now

ഒരു തീരുമാനവും എടുക്കാൻ കഴിയില്ല എന്ന അവസ്ഥയിലായി. ഇങ്ങനെ ഏഴാം നൂറ്റാണ്ടിൽ നിന്ന് പതിനൊന്നാം നൂറ്റാണ്ടിലെത്തുമ്പോൾ കേന്ദ്രീകൃത ഭരണത്തിന്റെ സ്ഥാനത്ത് നാടുവാഴികളുടെ ഭരണവും നാടുവാഴിത്തവും മതേതരമായ ഭരണക്രമത്തിന്റെ സ്ഥാനത്ത് ബ്രാഹ്മണാധിപത്യവും നടപ്പിലായി.

## Keywords

സംഘകാലത്തിനു ശേഷമുള്ള കേരളം-മാമാങ്കം-സ്വരൂപങ്ങൾ-നാടുവാഴിത്ത ഭരണം -രാജവംശങ്ങൾ-അയിത്തം-ദേവദാസി-ഭാഷയുടെ ഉൽപ്പത്തി-ബ്രാഹ്മണാധിപത്യം-സ്വരൂപങ്ങൾ-രേവതിപട്ടത്താനം-കടവല്ലൂർ അന്യോനം-കളരികൾ

## Discussion

### 2.1.1 സ്വരൂപങ്ങൾ

കുലശേഖരസാമ്രാജ്യത്തിന്റെ പതനത്തോടെ കേരളത്തിൽ കേന്ദ്രീകൃതമായ ഭരണസംവിധാനം തകരുകയും രാഷ്ട്രീയ ഐക്യം നഷ്ടപ്പെടുകയും ചെയ്തു. ഇതിനെത്തുടർന്ന് കേരളത്തിൽ പലയിടത്തും സ്വതന്ത്രമായ ചെറുരാജ്യങ്ങൾ ഉയർന്നുവന്നു. ഇവ 'സ്വരൂപങ്ങൾ' എന്ന് വിളിക്കപ്പെട്ടു. നാട്ടധികാരത്തിന്റെ പരമോന്നതരൂപമെന്ന് സ്വരൂപങ്ങളെ വിളിക്കാം. സ്വരൂപങ്ങളിലെല്ലാം പൊതുവെ കൂട്ടുകുടുംബ വ്യവസ്ഥയാണ് നിലവിലിരുന്നത്. മിക്ക സ്വരൂപങ്ങളും തങ്ങൾക്ക് അധികാരം ലഭിച്ചത് ചേരമാൻ പെരുമാളിൽ നിന്നാണെന്ന് പറഞ്ഞു പോന്നു. പെരുമാൾവാഴ്ചക്കാലം മുതലേ നാട്ടുടയവരായിരുന്ന ഇവർ പെരുമാൾവാഴ്ച കഴിഞ്ഞതോടെ കൂടുതൽ അധികാരാവകാശങ്ങൾ സ്ഥാപിച്ചെടുത്ത് സ്വരൂപാധികാരം ഉറപ്പിക്കുന്നതായാണ് ചരിത്രം. ഇതിൽ വേണാട് കൂടാതെ കോലത്തുനാടും കൊച്ചിയും കോഴിക്കോടുമാണ് പ്രാധാന്യമർഹിക്കുന്ന സ്വരൂപങ്ങൾ. ഇതു കൂടാതെ തെക്കു ഇളയിടത്തുസ്വരൂപം തൊട്ട് വടക്ക് കുമ്പള വരെ ചെറുകിടരാജ്യങ്ങളും ഉയർന്നുവന്നു. ആറ്റിങ്ങൽ, കായംകുളം, തെക്കുംകൂർ, വടക്കുംകൂർ, പൂഞ്ഞാർ, ഇടപ്പള്ളി, കൊടുങ്ങല്ലൂർ, വള്ളുവനാട്, പാലക്കാട്, കടത്തനാട്, നീലേശ്വരം തുടങ്ങി പല ചെറുനാട്ടുരാജ്യങ്ങളും ഇതിനിടയിൽ ഉയർന്നുവന്നു. വിഭവശേഷിയിലുള്ള ഏറ്റക്കുറച്ചിലായിരുന്നു സ്വരൂപങ്ങളുടെ ഒരു സവിശേഷത. ചില സ്വരൂപങ്ങൾ സമ്പന്നവും അതുകൊണ്ടു തന്നെ ശക്തവുമായപ്പോൾ മറ്റു ചില സ്വരൂപങ്ങൾ സാമ്പത്തിക സുരക്ഷിതത്വത്തിൽ പിന്നിലായിപ്പോയി. വേണാടും ഏറനാടും മാത്രമായിരുന്നു അക്കാലത്തെ ഏറെ വിഭവശേഷിയുണ്ടായിരുന്ന സ്വരൂപങ്ങൾ.

▶ കേന്ദ്രീകൃതമായ ഭരണ സംവിധാനം തകർന്നു

Remove Watermark Now

## 2.1.1.1 വേണാട്

തിരുവിതാംകോട് സ്വരൂപം, വേണാട് സ്വരൂപം, തൃപ്പാപ്പൂർ സ്വരൂപം, ചിറവാ സ്വരൂപം, ദേശിംഗനാട് സ്വരൂപം എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ അറിയപ്പെട്ടതാണ് വേണാട്ടു രാജവംശം. കുലശേഖര സാമ്രാജ്യത്തിന്റെ ശൈഥില്യത്തോടെ ഉയർന്നുവന്ന രാജ്യമാണിത്. ചേരസാമ്രാജ്യത്തിന്റെ തെക്ക് സ്ഥിതി ചെയ്തിരുന്ന ഈ രാജ്യത്തെക്കുറിച്ച് സംഘസാഹിത്യത്തിൽ പ്രതിപാദിച്ചു കാണുന്നില്ല. ചരിത്രത്തിൽ കാണുന്ന വേണാട്ടിലെ ആദ്യ ഭരണാധികാരി അയ്യനടികൾ തിരുവടികളാണ്. വേണാടിന്റെ അടുത്ത ഭരണാധികാരി വല്ലഭൻ കോതയാണെന്ന് എ. ഡി. 974 - ലെ മാമ്പള്ളിപട്ടയത്തിൽ നിന്ന് വ്യക്തമാകുന്നു. ഒരു സ്വകാര്യവ്യക്തി ചെങ്ങന്നൂർ ക്ഷേത്രത്തിലേയ്ക്ക് ഭൂമി ദാനം ചെയ്യുന്നതാണ് ഈ പട്ടയത്തിന്റെ ഉള്ളടക്കം. ദാനാവസരത്തിൽ വല്ലഭൻകോതയും സന്നിഹിതരായിരുന്നതായി രേഖകളിലുണ്ട്. വല്ലഭൻകോതയ്ക്ക് ശേഷം ഗോവർദ്ധന മാർത്താണ്ഡൻ അധികാരമേറ്റെടുത്തു എന്ന് 'തൃക്കൊടിത്താനം ശാസനം' തെളിവ് നൽകുന്നു.

▶ വ്യത്യസ്ത പേരുകൾ

ഒരു സ്വതന്ത്രരാജ്യം എന്ന നിലയിൽ വേണാടിന്റെ ചരിത്രം ആരംഭിക്കുന്നത് രാമവർമ്മകുലശേഖരന്റെ കാലത്താണ്. ചോളന്മാരുടെ സൈന്യത്തെ ആക്രമിച്ചു കീഴ്പ്പെടുത്തിയത് കൊല്ലത്തു താമസിച്ചുകൊണ്ട് രാജ്യകാര്യങ്ങൾ നോക്കിയ രാമവർമ്മ കുലശേഖരനാണ്. ഏതോ ഊരാളരായ ബ്രാഹ്മണരോട് അപരാധം പ്രവൃത്തിച്ചതിനു പ്രായശ്ചിത്തമായി രാമേശ്വരം ക്ഷേത്രത്തിലേയ്ക്ക് ഭൂമി ദാനം ചെയ്തതായി ആ ക്ഷേത്ര ശാസനത്തിൽ കാണുന്നു. വേണാട് രാജവംശത്തിന്റെ സ്ഥാപകനായ രാമവർമ്മകുലശേഖരനിൽ നിന്നാണ് 'കുലശേഖരൻ അഥവാ കുലശേഖരപെരുമാൾ' എന്ന ബിരുദം വേണാട്ട് രാജാക്കന്മാർ സ്വീകരിക്കുന്നത്. രാമവർമ്മകുലശേഖരനെത്തുടർന്നു കോതവർമ്മ ഭരണാധികാരിയായി. വീരകേരളവർമ്മ എന്നുകൂടി പേരുള്ള കോതവർമ്മയുടെ കാലത്താണ് പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ പുനർനിർമ്മാണം നടന്നത്. ശുചീന്ദ്രം ക്ഷേത്രത്തിന് ഭൂമിദാനം ചെയ്തുകൊണ്ട് 'വീരകേരളചതുർ വേദിമംഗലം' എന്നു നാമകരണം ചെയ്തു. കോതവർമ്മയെ തുടർന്ന് അദ്ദേഹത്തിന്റെ മക്കളായ കേരളവർമ്മ, രവിവർമ്മ, ആദിത്യവർമ്മ, മാർത്താണ്ഡവർമ്മ എന്നിവർ ഒന്നിനുപുറകേ ഒന്നായി വേണാട് ഭരിച്ചു.

▶ പ്രഗൽഭരായ ഭരണാധികാരികൾ

1253 മുതൽ 1299 വരെയുള്ള വേണാടിന്റെ ചരിത്രം വ്യക്തമല്ല. ഈ കാലത്തിനു ശേഷം പാണ്ഡ്യർ വേണാടിനെ ആക്രമിച്ചതായും കൊല്ലം പിടിച്ചെടുത്തതായും ചില രേഖകളിലുണ്ട്. ഇക്കാലത്തു രാജ്യം ഭരിച്ച ജയസിംഹനിൽ നിന്നാണ് കൊല്ലത്തിനും സമീപപ്രദേശങ്ങൾക്കും ദേശിംഗനാട് (ജയസിംഹനാട്) എന്ന പേരുണ്ടായത്. ജയസിംഹനെത്തുടർന്ന് അദ്ദേഹത്തിന് റാണി ഉമാദേവിയിൽ പിറന്ന രവിവർമ്മകുലശേഖരൻ വേണാടിന്റെ അധികാരമേറ്റു. മക്കത്തായമനുസരിച്ച് തിരുവിതാംകൂറിന്റെ അവസാനത്തെ രാജാവായ രവിവർമ്മ കുലശേഖരൻ പാണ്ഡ്യരാജാവിന്റെ സാമന്തനായിരുന്നു. എന്നാൽ പിന്നീട് പാണ്ഡ്യന്മാരുടെ മേൽക്കോയ്മ ഉപേക്ഷിച്ച് ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളും ആക്രമിച്ചു കീഴ്പ്പെടുത്തി, സംഗ്രാമധീരൻ എന്ന ബിരുദം

Remove Watermark Now

സ്വീകരിച്ച് 1312 - ൽ ദക്ഷിണേന്ത്യയുടെ ചക്രവർത്തിയായി അഭിഷേകം നടത്തി. രവിവർമ്മ കുലശേഖരന്റെ ഭരണത്തിൽ വേണാട് സാമ്പത്തികമായി അഭിവൃദ്ധിപ്രാപിച്ചു. കൊല്ലം തുറമുഖവും നഗരവും പരിഷ്കരിച്ചതിന്റെ പ്രശസ്തിയും രവിവർമ്മ കുലശേഖരന്റേതാണ്. ക്ഷേത്രങ്ങൾക്കും ഹിന്ദുമതത്തിനും ഏറെ പ്രോത്സാഹനം നൽകിയ രവിവർമ്മ കലയുടെയും സംസ്കാരത്തിന്റെയും പരിപോഷകൻ കൂടിയായിരുന്നു. തിരുവനന്തപുരം ശാസനത്തിൽ രവിവർമ്മ കുലശേഖരനെ 'ചതുഃഷഷ്ടികലാവല്ലഭൻ', 'ദക്ഷിണഭോജൻ' എന്നിങ്ങനെ വിശേഷിപ്പിച്ചു കാണുന്നു. ചുരുക്കത്തിൽ യുദ്ധത്തിലും സമാധാനത്തിലും രവിവർമ്മ കുലശേഖരനു വേണാടിന്റെയെന്നല്ല കേരളരാജാക്കന്മാർക്കിടയിലാകെ സമുന്നതമായ സ്ഥാനമാണുണ്ടായിരുന്നത് എന്ന് കാണാം.

▶ സാമ്പത്തികമായ അഭിവൃദ്ധി

രവിവർമ്മ കുലശേഖരനു ശേഷം വീരഉദയമാർത്താണ്ഡവർമ്മ വേണാടിന്റെ അധികാരമേറ്റു. മരുമക്കത്തായസമ്പ്രദായമനുസരിച്ചു അധികാരമേറ്റ ആദ്യരാജാവും ഇദ്ദേഹം തന്നെ. തുടർന്ന് ഇരവിവർമ്മയുടെയും അനുജൻ ഇരവിആദിത്യവർമ്മയുടെയും ഭരണകാലമാണ്. ഇരവിആദിത്യവർമ്മ സർവാംഗനാഥൻ എന്നറിയപ്പെട്ടു. അദ്ദേഹം പണ്ഡിതനും സംഗീതജ്ഞനും കവിയുമായിരുന്നു. ഇദ്ദേഹത്തെ സംഗ്രാമധീരൻ, സർവാംഗനാഥൻ എന്നിങ്ങനെ 'ഉണ്ണുനീലി സന്ദേശ'ത്തിൽ വാഴ്ത്തുന്നുണ്ട്. ആദിത്യവർമ്മ സർവാംഗനാഥനു ശേഷം രാജാവായ ചേരഉദയമാർത്താണ്ഡവർമ്മയാണ് വേണാടിന്റെ ചരിത്രത്തിൽ നീണ്ടകാലം ഭരണം നടത്തിയത്. ഇദ്ദേഹത്തിന്റെ കാലത്തു വേണാടിന്റെ വ്യാപ്തി തിരുനെൽവേലിയുടെ ഉൾപ്രദേശം വരെ പരക്കുകയുണ്ടായി. ശുചീന്ദ്രം ക്ഷേത്രത്തിന്റെ സംരക്ഷകനായ ഇദ്ദേഹമാണ് അവിടുത്തെ സഭാമണ്ഡലം നിർമ്മിച്ചു നൽകിയത്. മണിപ്രവാള ലക്ഷണഗ്രന്ഥമായ 'ലീലാതിലക'ത്തിന്റെ രചന ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്. തുടർന്ന് വേണാട്ടു രാജാവായത് രവിവർമ്മയാണ്. അദ്ദേഹം മികച്ച ഭരണകർത്താവായിരുന്നു. പോർച്ചുഗീസുകാരും വേണാടും തമ്മിലുള്ള വ്യാപാരബന്ധം ആരംഭിക്കുന്നത് ഇക്കാലത്താണ്. അടുത്ത വേണാട് രാജാവ് ഭൂതലവീരശ്രീ ഉദയവീര മാർത്താണ്ഡവർമ്മയാണ്. ഇദ്ദേഹം പാണ്ഡ്യരിൽ നിന്നും തിരുനെൽവേലിയുടെ ഭൂരിഭാഗവും പിടിച്ചടക്കിയതിന്റെ സ്മാരകമായാണ് 'വെന്റു മൺ കൊണ്ട ഭൂതല വീരൻ' എന്ന ബിരുദം സ്വീകരിച്ചത്. വീര മാർത്താണ്ഡവർമ്മയുടെ കാലത്തു വേണാട് വടക്കു കന്നേറ്റി മുതൽ തെക്ക് കന്യാകുമാരിവരെയും പാണ്ഡ്യരാജ്യത്തിന്റെ തെക്കൻഭാഗം വരെയും വ്യാപിക്കുന്നതായി കാണാം. തിരുനെൽവേലി ജില്ലയുടെ വലിയൊരുഭാഗം ഇദ്ദേഹത്തിന്റെ അധീനതയിലായിരുന്നു. 'വീരപ്പുലി അണ' എന്ന പേരിൽ അവിടെ ഒരു അണക്കെട്ട് അദ്ദേഹം പണികഴിപ്പിച്ചു. എന്നാൽ ഇക്കാലത്ത് വേണാടും വിജയനഗരവും തമ്മിൽ വലിയ യുദ്ധമുണ്ടായി. താമ്രപർണ്ണിയുടെ തീരത്തു വെച്ചു നടന്ന യുദ്ധത്തിൽ തോറ്റ വേണാട്ടു രാജാവ് വിജയനഗരത്തിന്റെ മേൽക്കോയ്മ അംഗീകരിക്കാൻ നിർബന്ധിതനായി. എന്നാൽ ഉണ്ണികേരളവർമ്മയുടെ കാലത്ത് വേണാട് ഈ ആധിപത്യത്തിൽ നിന്നും മുക്തമാകുന്നതു കാണാം.

▶ വേണാടിന്റെ അതിർത്തി വികസിച്ചു

Remove Watermark Now

വേണാടിനെ സംബന്ധിച്ചു മറ്റൊരു സുപ്രധാന സംഭവം രവിവർമ്മയുടെ കാലത്തുള്ള (1611-1663) മധുരയിലെ തിരുമലനായിക്കിന്റെ നാഞ്ചിനാടാക്രമണമാണ്. കണിയാംകുളത്തു വെച്ചുനടന്ന യുദ്ധത്തിൽ ഇരവിക്കുട്ടിപ്പിള്ള ധീരതയോടെ പൊരുതി വീരചരമമടഞ്ഞു. 'മുഗൾ സർദാർ' എന്ന് വിളിപ്പേരുള്ള മുകിലൻ പടയുടെ നേതൃത്വത്തിൽ വേണാട് ആക്രമിക്കുമ്പോൾ ഉമയമ്മറാണിയാണ് (1677-1684) വേണാട്ടു ഭരണാധികാരി. ഈ യുദ്ധത്തിൽ റാണിയ്ക്ക് കോട്ടയം കേരളവർമ്മയുടെ സഹായം ലഭിക്കുകയും റാണി അദ്ദേഹത്തെ ദത്തെടുക്കുകയും ഇരണിയൽ രാജകുമാരൻ എന്ന പദവി നൽകുകയും ചെയ്തു. അദ്ദേഹം പുലപ്പേടി, മണ്ണാപ്പേടി എന്നീ പ്രാചീന അനാചാരങ്ങൾ നിരോധിച്ച ധീരനായ സാമൂഹിക പരിഷ്കർത്താവുകൂടിയാണ്. വേണാടിന്റെ ചരിത്രത്തിൽ കേരളവർമ്മയെ തുടർന്ന് 1684-ൽ രവിവർമ്മ വേണാടിന്റെ ഭരണമേറ്റെടുത്തു. തുടർന്ന് ആദിത്യവർമ്മ (1718-1721) രാജാവായി. ആദിത്യവർമ്മയുടെ കാലത്ത് യോഗക്കാരും പിള്ളമാരും രാജാവിനെതിരെ ഗുരുതരമായ നീക്കങ്ങൾ നടത്തി. തുടർന്ന് അധികാരത്തിൽ വന്ന രാമവർമ്മയുടെ കാലത്തും രാജ്യത്ത് അന്ത:ഛിദ്രങ്ങളും അരക്ഷിതാവസ്ഥയും ഉണ്ടായി. രാജ്യത്തിന്റെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുമായി വേണാട്ടു രാജാവ് ഒരു ഉടമ്പടിയിൽ (1723 ഏപ്രിൽ) ഒപ്പുവെച്ചു. അടുത്ത രാജ്യാവകാശിയായ മാർത്താണ്ഡവർമ്മയായിരുന്നു രാജാവിനുവേണ്ടി ഈ ഉടമ്പടിയിൽ ഒപ്പുവെച്ചത്. 1729-ൽ രാമവർമ്മ നാടുനീങ്ങിയപ്പോൾ വേണാടിന്റെ ഭാഗധേയം മാർത്താണ്ഡവർമ്മ ഏറ്റെടുത്തു. മാർത്താണ്ഡവർമ്മയാണ് വേണാട്ടിൽ രാജാധികാരം പുനഃസ്ഥാപിച്ച് ആഭ്യന്തരമായ അന്ത:ഛിദ്രങ്ങൾക്ക് അറുതിവരുത്തിയതും സുസ്ഥിരമായ ഭരണത്തിൽ രാജ്യം വിപുലീകരിച്ചതും.

- ▶ പ്രാചീന അനാചാരങ്ങൾ നിരോധിച്ചു

## 2.1.1.2 കോലത്തുനാട് (കോലസ്വരൂപം)

പതിനാലാം നൂറ്റാണ്ടിൽ കോലത്തുനാട് എന്നറിയപ്പെട്ട ഈ പ്രദേശം ഭരിച്ച രാജക്കന്മാർ 'കോലത്തിരികൾ' എന്ന പേരിലറിയപ്പെട്ടു. കോലത്തിരിമാരെ ചേരമാൻ പെരുമാളിനോടും പരശുരാമനോടും ബന്ധപ്പെടുത്തികൊണ്ടുള്ള കഥകൾ 'കേരളോല്പത്തി'യിലും 'കേരളമാഹാത്മ്യ'ത്തിലും കാണുന്നത് അബദ്ധമാണെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. രണ്ടാം ചേരസാമ്രാജ്യകാലത്ത് ഏഴിമലയ്ക്കടുത്ത് ആസ്ഥാനമുറപ്പിച്ചിരുന്ന മൂഷകരാജ്യമാണ് കോലത്തുനാട് എന്ന പേരിൽ അറിയപ്പെട്ടത്. മൂഷകരാജവംശത്തിന്റെ പിൻതലമുറക്കാരാണ് കോലത്തിരിമാർ. എ. ഡി. പതിമൂന്നാം ശതകത്തിനൊടുവിൽ കേരളം സന്ദർശിച്ച മാർക്കോപോളോയുടെ സഞ്ചാരവിവരണങ്ങളിൽ കാണുന്ന 'എലി രാജ്യം' കോലത്തുനാട് തന്നെയാണത്രെ. 'ഇവിടുത്തെ രാജാക്കന്മാർ അന്യരാജാക്കന്മാർക്ക് വിധേയരല്ല. വിശാലമായ നദീമുഖങ്ങളുണ്ടെങ്കിലും ശരിയായ തുറമുഖമൊന്നും ഈ രാജ്യത്തിനില്ല. കുരുമുളകും ഇഞ്ചിയും മറ്റു സുഗന്ധദ്രവ്യങ്ങളും ഇവിടെ സമൃദ്ധിയായി വളരുന്നു. രാജാവ് സമ്പന്നനാണെങ്കിലും സൈനികമായി ശക്തനല്ല. ഈ രാജ്യത്തേയ്ക്കുള്ള മാർഗങ്ങൾ ദുർഗമങ്ങളാകയാൽ ഈ രാജ്യത്തെ ആക്രമിയ്ക്കാൻ ആർക്കും ധൈര്യമില്ല. ആ നിലയ്ക്ക് അദ്ദേഹത്തിനു ആരെയും ഭയമില്ല' എന്നിങ്ങനെയാണ് മാർക്കോപോളോയുടെ വിവരണങ്ങൾ. വടക്ക് നേത്രാവതി നദി മു

Remove Watermark Now

തൽ തെക്ക് കോരപ്പുഴ വരെയും കിഴക്ക് കുടകുമല തൊട്ട് പടിഞ്ഞാറ് അറബിക്കടൽ വരെയും വ്യാപിച്ചു കിടന്നതാണ് കോലത്തുനാട്. കുമ്പള, നീലേശ്വരം, കോട്ടയം, കടത്തനാട് എന്നിവ കോലത്തുനാട്ടിൽ ഉൾപ്പെട്ട നാടുകളാണ്. രാജകുടുംബത്തിലെ ഏറ്റവും പ്രായമുള്ള പുരുഷന്മാരാണ് കോലത്തിരി എന്ന സ്ഥാനപ്പേരോടു കൂടി രാജ്യം ഭരിച്ചിരുന്നത്. തൊട്ടടുത്ത ഇളമുറക്കാർ തെക്കുംകൂർ, വടക്കുംകൂർ, നാലാംകൂർ, അഞ്ചാംകൂർ എന്നീ പേരുകളിൽ അറിയപ്പെട്ടുപോന്നു.

▶ ഏഴിമലയ്ക്കടുത്തെ മൂഷകരാജ്യം

കോലത്തിരി രാജാക്കന്മാരുടെയും കോലത്തുനാടിന്റെയും കാലാനുക്രമമായ ചരിത്രം ലഭ്യമായിട്ടില്ല. ചില സാഹിത്യകൃതികൾ മാത്രമാണ് ഇതിനു ഉപദാനമായിട്ടുള്ളത്. പതിനാലാം ശതകത്തിൽ കോലത്തുനാട് ഭരിച്ച പ്രസിദ്ധനായ രാജാവായിരുന്നു രാഘവൻ. 'ഭാഗവത'ത്തിനു 'കൃഷ്ണപദി' എന്ന വ്യാഖ്യാനമെഴുതിയ രാഘവാനന്ദനും 'അമോഘരാഘവം' ചമ്പുവിന്റെ കർത്താവായ ദിവാകരനും രാഘവന്റെ ആസ്ഥാനസദസ്യരായിരുന്നുവെന്നു കരുതാവുന്നതാണ്. 1423– മുതൽ 1446 വരെ രാജ്യം ഭരിച്ച കേരളവർമ്മ കലയുടെയും സാഹിത്യത്തിന്റെയും പ്രോത്സാഹകനായിരുന്നു. 1446 മുതൽ രാജ്യം ഭരിച്ച ഉദയവർമ്മൻ കോലത്തിരി 'കൃഷ്ണഗാഥാ'കാരന്റെ പുരസ്കർത്താവാണെന്നത് പ്രസിദ്ധമാണ്. ഇദ്ദേഹത്തിന്റെ ജീവിതത്തെ ആസ്പദമാക്കി 'ഉദയവർമ്മചരിതം' എഴുതിയ രവിവർമ്മ പതിനാറാം ശതകത്തിലെ കോലത്തിരി രാജാവായിരുന്നു.

▶ കോലത്തിരി രാജാക്കന്മാരുടെ ചരിത്രം

കോലത്തുനാട്ടിൽ ഒരു ഏകീകൃതഭരണസമ്പ്രദായമുണ്ടായിരുന്നില്ല. വിഭവശേഷിയുടെ കുറവും സ്വരൂപങ്ങൾ തമ്മിലുള്ള പരസ്പരസ്പർദ്ധയും ഇതിനു കാരണമായി. ചിറയ്ക്കലും അറയ്ക്കലും എന്തിന് കോലത്തുസ്വരൂപത്തിൽപ്പോലും കിടമത്സരമല്ലാതെ ഇണക്കത്തോടെയുള്ള രാജവാഴ്ച ഉണ്ടായിരുന്നില്ലെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. പോർച്ചുഗീസുകാർ കേരളത്തിൽ വരുമ്പോൾ കോലത്തിരി കോഴിക്കോട്ടു സാമൂതിരിയുടെ സ്വാധീനശക്തിയായിരുന്നു.

▶ ഏകീകൃതഭരണ സമ്പ്രദായമില്ല

## 2.1.1.3 കൊച്ചി (പെരുമ്പടപ്പ് സ്വരൂപം)

കുലശേഖരസാമ്രാജ്യത്തിന്റെ പതനത്തെത്തുടർന്ന് സ്വതന്ത്രപദവിയിൽ എത്തിയ രാജവംശമാണ് കൊച്ചിരാജവംശം അഥവാ പെരുമ്പടപ്പുസ്വരൂപം. പെരുമ്പടപ്പുകാർ മഹോദയപുരത്തെ കുലശേഖരന്മാരുടെ പിന്തുടർച്ചക്കാരായിരുന്നുവെന്നാണ് ഐതിഹ്യം. പതിമൂന്നാം ശതകത്തിന്റെ അവസാനം വരെ പെരുമ്പടപ്പുകാർ ആസ്ഥാനമുറപ്പിച്ചത് വന്നേരിയിലെ പെരുമ്പടപ്പ് ഗ്രാമത്തിലെ ചിത്രകൂടത്തിലായിരുന്നു. എന്നാൽ സാമൂതിരിയുടെ വള്ളുവനാട് ആക്രമണത്തോടെ വന്നേരി വിട്ട് മഹോദയപുരത്തെത്തുകയും 1405–ൽ കൊച്ചിയിലേക്ക് ആസ്ഥാനം മാറ്റുകയും ചെയ്തു. കുലശേഖരന്മാർക്കു ശേഷം മാമാങ്കമഹോത്സവത്തിന്റെ ആധ്യക്ഷം വഹിച്ചിരുന്നത് പെരുമ്പടപ്പ് രാജാക്കന്മാരാണ്.

▶ മാമാങ്കോത്സവത്തിന്റെ അദ്ധ്യക്ഷം

പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുൻപുള്ള കൊച്ചിയുടെ ചരിത്രം വ്യക്തമല്ല. ചില സാഹിത്യകൃതികളും ശാസനങ്ങളും മാ

Remove Watermark Now

ത്രമാണ് ചരിത്രത്തിന് ആധാരം. മഹോദയപുരത്തെ ക്രിസ്ത്യൻ വ്യാപ്യാരിയായ ഇരവികോർത്തനന് 'മണിഗ്രാമപ്പട്ടവും', 'ചേരമാൻ ലോകപ്പെരുഞ്ചെട്ടി' ബിരുദവും നൽകിയ വീരരാഘവചക്രവർത്തി ഒരു പെരുമ്പടപ്പ് രാജാവായിരുന്നു. വീരരാഘവപ്പട്ടയത്തിന്റെ കാലം എ.ഡി. 1225 ആണെന്ന് കണക്കാക്കപ്പെടുന്നു. എ. ഡി. 1341-ൽ പെരിയാറ്റിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് കൊടുങ്ങല്ലൂർ അഴി അടഞ്ഞുപോകുകയും കൊച്ചി അഴി തുറക്കപ്പെടുകയും ചെയ്തു. ഈ സംഭവത്തിനു ശേഷമായിരിക്കണം പെരുമ്പടപ്പുകാർ ആസ്ഥാനം കൊച്ചിയിലേയ്ക്ക് മാറ്റിയത്.

> ▶ ആസ്ഥാനം കൊച്ചിയിലേയ്ക്ക് മാറ്റി

പതിനാലാം ശതകത്തിലെ ശിവവിലാസം, ശുകസന്ദേശം, ഉണ്ണിയാടീചരിതം എന്നീ കൃതികളിലൂടെ പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആദ്യകാല ചരിത്രം വ്യക്തമാകുന്നു. പെരുമ്പടപ്പ് രാജാക്കന്മാർക്കുണ്ടായിരുന്ന അതുല്യമായ സ്ഥാനത്തിന് തെളിവാണ് ശിവവിലാസം എന്ന കൃതി. പെരുമ്പടപ്പുകാർ ഉയർന്ന ക്ഷത്രിയരും അമ്മവഴിയിൽ കുലശേഖന്മാരുടെ പിന്മുറക്കാരുമാണെന്നത് നാടുവാഴികൾക്കിടയിൽ പെരുമ്പടപ്പുകാർക്കുള്ള മാന്യത വർദ്ധിപ്പിച്ചു. പെരുംമ്പടപ്പു രാജാവിന് കോവിലധികാരികൾ എന്ന സ്ഥാനമുണ്ടായിരുന്നതുകൊണ്ട് രാഷ്ട്രീയ അതിർത്തികൾക്കപ്പുറത്ത് കേരളത്തിലെ ഒട്ടേറെ ക്ഷേത്രങ്ങൾക്കുമേൽ അധികാരമുണ്ടായിരുന്നു. ആരംഭത്തിൽ തന്നെ ചെറിയ രാജ്യമായിരുന്ന കൊച്ചിയ്ക്കുള്ള രാജപദവി നാമമാത്രമായിരുന്നു. അധികാരപദവിയാവട്ടെ കൊച്ചിയിലും സമീപപ്രദേശങ്ങളിലും തിരുവഞ്ചിക്കുളത്തും മാത്രം ഒതുങ്ങി നിന്നു.

> ▶ കോവിലധികാരികൾ എന്ന സ്ഥാനം

പതിനഞ്ചാംനൂറ്റാണ്ടിൽ കൊച്ചി രാജവംശത്തിലുണ്ടായ മൂത്തതും ഇളയതുമായ തായ്‌വഴികൾ തമ്മിലുള്ള തർക്കം സാമൂതിരിയ്ക്ക് ആധിപത്യമുറപ്പിയ്ക്കാൻ അവസരമുണ്ടാക്കി. ഭരണാധികാരം കൈക്കലാക്കുവാൻ മൂത്ത തായ്‌വഴി സാമൂതിരിയുടെ സഹായമഭ്യർഥിച്ചു. അങ്ങനെ കൊച്ചിയുടെ പരമാധികാരം സാമൂതിരിയ്ക്ക് അടിയറവെച്ചു. സാമൂതിരിയുടെ സഹായത്തോടെ മൂത്ത തായ്‌വഴി അധികാരം പിടിച്ചെടുത്തു. പതിനാറാംനൂറ്റാണ്ടോടെ പോർച്ചുഗീസുകാരും ഡച്ചുകാരുമാണ് കൊച്ചിയുടെ അഭിവൃദ്ധിയ്ക്കു തുടക്കം കുറിച്ചത്. സാമൂതിരിയുമായുള്ള യുദ്ധത്തിൽ കൊച്ചിക്കു പോർച്ചുഗീസ് സഹായം ലഭിച്ചതിന്റെ പ്രത്യുപകാരമായാണ് കൊച്ചിയിൽ 'മാനുവൽകോട്ട' നിർമ്മിക്കാൻ രാജാവ് പോർച്ചുഗീസുകാർക്കു അനുമതി നൽകിയത്. പോർച്ചുഗീസ് കാലഘട്ടത്തിലെ പ്രസിദ്ധനായ രാജാവു വീരകേരളവർമ്മയുടെ പിൻഗാമിയായ കേശവരാമവർമ്മയായിരുന്നു. മട്ടാഞ്ചേരിയിലെ ജൂതപ്പള്ളി ഇക്കാലത്ത് നിർമ്മിക്കപ്പെട്ടതാണ്.

> ▶ തായ്‌വഴികൾ തമ്മിലുള്ള തർക്കം

കൊച്ചിരാജ്യത്തെ പ്രധാനമന്ത്രിമാരായിരുന്നു 'പാലിയത്തച്ഛന്മാർ'. ഡച്ചുകാരുടെ ആധിപത്യം ശക്തമായകാലത്ത് പാലിയത്തച്ചനുണ്ടായിരുന്ന സ്വാധീനവും പ്രമാണ്യവും വളരെ വലുതായിരുന്നു. ഈ കാലഘട്ടത്തിൽ 1701 മുതൽ 1721 വരെ രാമവർമ്മയായിരുന്നു കൊച്ചിരാജാവ്. 1775 മുതൽ 1790 വരെ ഭരണം നടത്തിയ രാമവർമ്മയുടെ കാലത്താണ് മൈസൂരിലെ ഹൈദറിന്റെ ആക്രമണമുണ്ടാകുന്നത്. ഇതിനെത്തുടർന്നു അധികാരമേറ്റ രാമവർമ്മയാണ് ശക്തൻതമ്പുരാൻ എന്ന പേരിലറിയപ്പെട്ടത്. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയു

Remove Watermark Now

മായി ധാരണയിലേർപ്പെട്ട ശക്തൻതമ്പുരാൻ രാജ്യത്തെ പ്രഭുക്കൻമാരുടെ ആധിപത്യം തകർത്ത് രാജാധികാരത്തെ പ്രബലപ്പെടുത്തിയ രാജാവാണ്. ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മെക്കാളെയുടെ ബംഗ്ലാവ് ആക്രമണവുമായി ബന്ധപ്പെട്ട് പാലിയത്തച്ചനെ നാടുകടത്തിയതോടെ അവരുടെ മന്ത്രിപദവും അവസാനിച്ചു. 1949-ൽ രാമവർമ്മ പരീക്ഷിത്തുതമ്പുരാൻ തിരുവിതാംകൂറുമായുള്ള സംയോജനത്തെ അനുകൂലിച്ചതിന്റെ ഫലമായി തിരുകൊച്ചി സംസ്ഥാനം നിലവിൽ വന്നു.

▶ തിരുകൊച്ചി സംസ്ഥാനം

## 2.1.1.4 കോഴിക്കോട് (നെടിയിരുപ്പ് സ്വരൂപം)

മധ്യകേരളത്തിലും ഉത്തരകേരളത്തിലും മധ്യകാലത്തെ ഏറ്റവും പ്രധാനപ്പെട്ട ശക്തിയായിരുന്നു കോഴിക്കോട്. കോഴിക്കോട് ഭരിച്ച സാമൂതിരിമാർ ഭരണനൈപുണ്യത്തിലും സാംസ്കാരിക പാരമ്പര്യത്തിലും അനുഗ്രഹീതരായിരുന്നു. സാമൂതിരിയുടെയും കോഴിക്കോടിന്റെയും ഉദ്ഭവത്തെക്കുറിച്ചു 'കേരളോല്പത്തി'യിലെ വിവരണമിങ്ങനെയാണ്. കേരളം പകുത്തു സ്നേഹിതന്മാർക്കും ബന്ധുക്കൾക്കും നൽകിയിട്ട് മക്കയ്ക്ക് പോയെന്നു പറയുന്ന അവസാനത്തെ പെരുമാൾ, നെടിയിരുപ്പിലെ മാണിക്ക്യനെന്നും വീക്കിരനെന്നും പേരുള്ള ഏറാടി സഹോദരന്മാർക്ക് ഒരു ചെറിയ ദേശവും ഉടഞ്ഞ ശംഖും, ഒടിഞ്ഞ വാളും കൊടുത്തിട്ട് 'ചത്തും കൊന്നും കീഴടക്കിയും മലനാടടക്കി വാഴുക' എന്നുപദേശിച്ചത്രേ. ഇതിനു ചരിത്രപിന്തുണയില്ലെങ്കിലും സാമൂതിരിമാർ ഏറനാട് ഉടൈയവരുടെ പിന്മുറക്കാരണെന്നതിൽ തർക്കമില്ല.

▶ ധാരാളം ഐതിഹ്യങ്ങൾ

പതിമൂന്നാം ശതകം വരെ കോഴിക്കോട് ഒരു മികച്ച തുറമുഖമോ, സുശക്തമായ ഒരു രാജ്യത്തിന്റെ ആസ്ഥാനമോ ആയിരുന്നില്ല. കുലശേഖരസാമ്രാജ്യത്തിന്റെ പതനത്തിന് ശേഷം കോഴിക്കോടും സമീപപ്രദേശങ്ങളും പോളനാടിന്റെ ഭാഗമായിരുന്നു. ഏറനാട്ടെ നെടിയിരിപ്പിലെ ഏറാടികൾ കടലിലേയ്ക്ക് ഒരു പ്രവേശനമാർഗം കണ്ടുപിടിയ്ക്കാനും സമുദ്രവാണിജ്യത്തിൽ നേരിട്ടു പങ്കെടുക്കാനും ചില പദ്ധതികളിട്ടു. ഏറാടിയും പോർളാതിരിയും തമ്മിലുള്ള യുദ്ധത്തിലാണ് ഇത് കലാശിച്ചത്. യുദ്ധത്തിൽ ജയിച്ച ഏറാടികൾ അവരുടെ ആസ്ഥാനം നെടിയിരുപ്പിൽ നിന്ന് കോഴിക്കോട്ടേയ്ക്ക് മാറ്റി. വേളാപുരം എന്ന സ്ഥലത്ത് കോട്ടയും കൊട്ടാരവും നിർമ്മിച്ചു. പതിനാലാം ശതകം മുതൽ കേരളത്തിന്റെ രാഷ്ട്രീയകാര്യങ്ങളിൽ ഒരു അനിഷേധ്യശക്തിയായി കോഴിക്കോട് മാറി. കോഴിക്കോട് കേരളത്തിലെ മികച്ച തുറമുഖമായും മാറി. കുരുമുളക്, ഏലം, തുണിത്തരങ്ങൾ എന്നിവ ഇവിടെ നിന്നും കയറ്റുമതി ചെയ്തു പോന്നു. കോഴിക്കോടുതുറമുഖത്തെ സ്വതന്ത്രതുറമുഖമായി പ്രഖ്യാപിക്കുകയാൽ കോഴിക്കോടുമായി വിദേശബന്ധമില്ലാത്ത കപ്പലുകൾപോലും ഇവിടെയടുത്ത് വെള്ളവും ഭക്ഷണപദാർഥങ്ങളും സംഭരിക്കാറുണ്ടായിരുന്നു. ഇത് സാമൂതിരിയുടെ വിശാലമനസ്കതയും നീതിബോധവും ആളുകൾക്കിടയിൽ പരക്കുന്നതിനിടയാക്കുകയും ചെയ്തു.

▶ മികച്ച തുറമുഖം

കുന്നലക്കോനാതിരി, ശൈലാബ്ധീശ്വരൻ, പൂന്തുറകോൻ, ഏർളാതിരി, നെടിയിരിപ്പു മൂപ്പൻ എന്നിങ്ങനെ പല പേരുകളിലാണ് കോഴിക്കോടിന്റെ ഭരണാധികാരിയായിരുന്ന സാമൂതിരി അറിയപ്പെട്ടിരുന്നത്.

Remove Watermark Now

രാജാവ് സ്വേച്ഛാധികാരിയായിരുന്നു എങ്കിലും പരമ്പരാഗതമായ നിയമങ്ങളെയും മന്ത്രിമാരുടെ ഉപദേശങ്ങളെയും ആദരിക്കണമായിരുന്നു. ഭരണം സുഗമമാക്കുന്നതിനായി അദ്ദേഹത്തിന് സർവാധികാര്യക്കാരായ നാലു പ്രധാനമന്ത്രിമാരുമുണ്ടായിരുന്നു. പ്രധാനമന്ത്രിമാരിൽ മുമ്പൻ മങ്ങാട്ടച്ചനായിരുന്നു. ആയുധാചാര്യന്മാർ ധർമ്മോത്തുപണിക്കരായിരുന്നു. രാജ്യം പല നാടുകളായി വിഭജിച്ചിരുന്നു. നാടുവാഴികൾ തലമുറയായി ഭരണകാര്യങ്ങൾ നിർവഹിച്ചുവന്നു. യുദ്ധകാലത്തു ഇവർ പടയാളികളെ അയച്ചു കൊടുത്തിരുന്നു. ഭണ്ഡാരം വക നികുതിപ്പിരിവ് കാര്യക്കാരൻമാരും, കണക്കു സമർപ്പണം കൊട്ടാരം മേനോക്കികളും നടത്തിവന്നു.

- സാമൂതിരിടെ പല പേരുകൾ

സാമൂതിരിയ്ക്ക് സുസജ്ജമായ സൈന്യമുണ്ടായിരുന്നു. ഓരോ ദേശത്തുമുള്ള കളരിയിൽ യുവാക്കൾക്ക് ആയുധപരിശീലനം നൽകിവന്നു. പരിശീലനം കഴിഞ്ഞാൽ പതിവുള്ള അടിയറവുമായി നാടുവാഴിയെ ചെന്ന് കാണുമ്പോൾ നാടുവാഴിയാണ് അയാളെ ഔപചാരികമായി സൈന്യത്തിൽ അംഗമാക്കുക. സമ്മാനമായി ഒരു ഉടവാളും നൽകും. അന്നു മുതൽ അയാൾ രാജാവിനുവേണ്ടി പടവെട്ടാൻ സന്നദ്ധനായിരുന്നു. കുതിരവട്ടത്തു നായരുടെ നേതൃത്വത്തിലുള്ള കുതിരപ്പടയും, വെടിക്കുരുക്കൾ എന്ന സ്ഥാനപ്പേരുള്ള തിനയഞ്ചേരി ഇളയതിന്റെ നേതൃത്വത്തിലുള്ള പീരങ്കിപ്പടയും സാമൂതിരിക്കുണ്ടായിരുന്നു. കുഞ്ഞാലിമാരുടെ നേതൃത്വത്തിലുള്ള മാപ്പിളമാരായിരുന്നു കപ്പൽപ്പടയാളികൾ. നീതിനിർവഹണത്തിന്റെ പരമാധികാരി രാജാവുതന്നെയായിരുന്നു. ഇതിനു ഉദ്യോഗസ്ഥന്മാരും പ്രത്യേക സന്ദർഭങ്ങളിൽ ബ്രാഹ്മണരും അദ്ദേഹത്തെ സഹായിച്ചു പോന്നു. ക്രിമിനൽ കുറ്റങ്ങളെ സംബന്ധിച്ചുള്ള ശിക്ഷകൾ മിക്കവാറും പ്രാകൃതമായിരുന്നു. സന്മാർഗധ്വംസനം, മതാചാരനിഷേധം എന്നിവയുടെ വിചാരണ തീർപ്പിനായി ബ്രാഹ്മണസമിതികളുണ്ടായിരുന്നു. നമ്പൂതിരികളുടെ സദാചാരഭംഗത്തെ വിചാരണ (സ്മാർത്തവിചാരം) ചെയ്യുന്നതിവരായിരുന്നു. പ്രാകൃതമായ ശിക്ഷകളിൽ നിന്നെല്ലാം ബ്രാഹ്മണരെ ഒഴിവാക്കിയിരുന്നു. സാംസ്കാരിക രംഗത്തുള്ള കോഴിക്കോടിന്റെ പുരോഗതി എടുത്തുപറയേണ്ടതാണ്. കോഴിക്കോട് കവികളുടെയും പണ്ഡിതന്മാരുടെയും സങ്കേതമായിരുന്നു. ഉദ്ദണ്ഡശാസ്ത്രികൾ, പയ്യൂർ ഭട്ടതിരി, കാക്കശ്ശേരി ഭട്ടതിരി, പൂനം നമ്പൂതിരി തുടങ്ങിയ 'പതിനെട്ടരക്കവികൾ' സാമൂതിരിയുടെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്നു. തുലാമാസത്തിലെ രേവതി നക്ഷത്രത്തിൽ കോഴിക്കോട്ട് തളിക്ഷേത്രത്തിൽ രേവതി പട്ടത്താനം നടന്നിരുന്നത് സാമൂതിരിയുടെ അധ്യക്ഷതയിലായിരുന്നു. മാനവേദൻ എന്ന സാമൂതിരി രചിച്ച 'കൃഷ്ണഗീതി'യാണ് കൃഷ്ണനാട്ടത്തിന് ഉപയോഗിച്ചത്. കഥകളി രൂപാന്തരപ്പെടുത്തുന്നതിൽ കൃഷ്ണനാട്ടത്തിന്റെ പങ്ക് വളരെ വലുതാണ്.

- സുഘടിതമായ സംവിധാനം

## 2.1.1.5 അറയ്ക്കൽ രാജവംശം

കേരളത്തിലെ ഏക മുസ്ലീംരാജവംശമാണ് അറയ്ക്കൽ സ്വരൂപം. ചേരമാൻപെരുമാളിനൊപ്പം അദ്ദേഹത്തിന്റെ സഹോദരിയായ ശ്രീദേവിയും മതം മാറിയിരുന്നുവത്രെ. ശ്രീദേവിയുടെ മകൻ മഹാബലി മതംമാറി മമ്മാലിയായി. ഇദ്ദേഹമാണ് അറയ്ക്കൽ രാജവംശത്തിന്റെ സ്ഥാപകൻ. അറയ്ക്കൽ രാജാക്കന്മാരെ

Remove Watermark Now

'മമ്മാലിക്കിടാവ്' എന്ന് വിശേഷിപ്പിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. വില്യം ലോഗന്റെ മലബാർ മാന്വലിൽ പറയുന്നതിങ്ങനെയാണ്, 'കോലത്തിരിയുടെ മന്ത്രിയായിരുന്ന അരയൻകുളങ്ങര നായർ കോലത്തിരി രാജ്ഞിയെ വിവാഹം കഴിക്കുകയും മതം മാറുകയും ചെയ്തു. ഇവരാണ് അറയ്ക്കൽവംശ സ്ഥാപകർ. അരയൻകുളങ്ങര എന്ന പദമാണ് അറയ്ക്കൽ എന്നായത്. അതെന്തായാലും അറയ്ക്കൽ രാജാവ് മരിച്ചാൽ ശവക്കച്ച നൽകുക കോലത്തിരിയാണ്. അറയ്ക്കൽ രാജാവിന്റെ കിരീടധാരണവേളയിലെ ആനച്ചമയങ്ങളും കോലത്തിരിയിൽ നിന്നാണ് ലഭിക്കുന്നത്'.

- ഏക മുസ്ലീം രാജവംശം

അറയ്ക്കലിന്റെ ആദ്യ ആസ്ഥാനം 'ധർമ്മടം' എന്ന ധർമ്മപട്ടണത്തിലായിരുന്നു. പിന്നീടാണത് കണ്ണൂരിലേക്കു മാറ്റുന്നത്. അറയ്ക്കൽ രാജവംശത്തിൽ ഭരണാധികാരിയാകുന്ന വ്യക്തി ആണാണെങ്കിൽ 'അലിരാജ' എന്നും സ്ത്രീയാണെങ്കിൽ 'അറയ്ക്കൽ ബീവി' എന്നുമാണറിയപ്പെടുക. ഇവർ മരുമക്കത്തായികളായിരുന്നു. രാജവംശത്തിലെ മൂത്തയാളെ 'മേലാവു' എന്നും ഇളയാളെ 'ഇളയാവു' എന്നുമാണ് വിളിയ്ക്കുക. ചുറാൻ ആദ്യമായി അറബിമലയാളത്തിൽ പരിഭാഷപ്പെടുത്തിയത് അറയ്ക്കലെ ഒരു ഇളയാവാണ്. 1770 മുതൽ 1849 വരെ ഭരിച്ച ജൂനമ്മ ബീവി എന്ന രാജ്ഞിയാണ് ഏറ്റുവുമധികം കാലം അറയ്ക്കൽ വാണ ഭരണാധികാരി. ഹൈദരാലി, ടിപ്പുസുൽത്താൻ എന്നിവരുമായി നല്ല ബന്ധമാണ് അറയ്ക്കലിനുണ്ടായിരുന്നത്. ഹൈദരാലി ലക്ഷദ്വീപും, മാലിദ്വീപും അറയ്ക്കൽ രാജാവിനെയാണ് ഏൽപ്പിച്ചിരുന്നത്. 1780-ൽ അറയ്ക്കൽ ടിപ്പുവുമായി ഏർപ്പെട്ട കരാറനുസരിച്ച് ഇംഗ്ലീഷുകാർക്കെതിരെ ടിപ്പുവിനെ സഹായിക്കാൻ അവർ തയ്യാറായി. എന്നാൽ 1790-ൽ ബ്രിട്ടിഷുകാർ കണ്ണൂർകോട്ട പിടിച്ചടക്കി. 1911 ആകുമ്പോഴേയ്ക്കും അറയ്ക്കൽ രാജപദവി തന്നെ ഇല്ലാതായി.

- ആദ്യ ആസ്ഥാനം 'ധർമ്മടം'

## 2.1.2 നാടുവാഴിഭരണത്തിന്റെ സാംസ്കാരിക ഫലങ്ങൾ

### 2.1.2.1 ക്ഷേത്രകേന്ദ്രീകൃത സംസ്കാരം

കുലശേഖരസാമ്രാജ്യത്തിന്റെ പതനത്തോടെ കേരളം പ്രാദേശിക നാട്ടുരാജ്യങ്ങളായി (സ്വരൂപങ്ങൾ) നാടുവാഴികളുടെ അധീനതയിലായി. ഈ കാലഘട്ടത്തിലെ സാമൂഹിക ജീവിതത്തിന്റെ സിരാകേന്ദ്രം ക്ഷേത്രങ്ങളായിത്തീർന്നു. ഇക്കാലത്തു നിരവധി ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെട്ടു. അതിന്റെ ഭാഗമായി നാടുവാഴികളിൽ നിന്നും ജനങ്ങളിൽ നിന്നും ധാരാളം ഭൂസ്വത്ത് ദാനമായി ലഭിക്കുകയും ചെയ്തു. ഹിന്ദുമതവിശ്വാസികളായിരുന്നവരുടെ ജീവിതം തന്നെ ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റിയുള്ളതായിത്തീർന്നു. ദൈവാരാധന, വിദ്യാഭ്യാസം, ആയുധപരിശീലനം തുടങ്ങി സാമൂഹികജീവിതത്തിനാവശ്യമായ എല്ലാകാര്യങ്ങളുടെയും കേന്ദ്രം ക്ഷേത്രമായിരുന്നു. ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചു നഗരങ്ങളും (ക്ഷേത്ര നഗരങ്ങൾ) വളർന്നുവന്നു. മഹോദയപുരം, പാർത്ഥിവപുരം, കാന്തള്ളൂർ, കണ്ടിയൂർ, തിരുവല്ല, തൃക്കൊടിത്താനം, തൃക്കാക്കര, തിരുനെല്ലി തുടങ്ങിയ നഗരങ്ങൾ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചാണ് വികാസം നേടിയത്. ക്ഷേത്രങ്ങളിലെ പൂജാരിയും

Remove Watermark Now

▶ സാമൂഹിക ജീവി തത്തിന്റെ കേന്ദ്രം

ഭരണാധികാരിയും നമ്പൂതിരിമാരായിരുന്നു. ഇങ്ങനെ സമുന്നതമായ നമ്പൂതിരിമാരെ പെരുമക്കൾ (മഹാന്മാരായ ജനങ്ങൾ) എന്നു വിളിച്ചിരുന്നു. സവർണ്ണരെയെല്ലാം മക്കൾ എന്ന നിലയിൽ കണക്കാക്കി. അവർണ്ണരാകട്ടെ സാമൂഹ്യജീവിതത്തിനു പുറത്തുമായിരുന്നു.

## 2.1.2.2 അയിത്തം; സംബന്ധം

അയിത്താചാരം ഉത്ഭവിച്ചത് ക്ഷേത്രങ്ങളിൽ നിന്നായിരുന്നു. ബ്രാഹ്മണമേധാവിത്വകാലത്തിനു മുൻപ് ക്ഷേത്രങ്ങളിലും കാവുകളിലും എല്ലാവർക്കും പ്രവേശനമുണ്ടായിരുന്നു. ക്ഷേത്രങ്ങളിൽ നിന്നകറ്റി നിർത്തപ്പെട്ട ബൗദ്ധന്മാർ പിന്നീട് ഹിന്ദുമതത്തിൽ ചേർന്നെങ്കിലും അവരെ അവർണ്ണരായി അകറ്റിനിർത്തുകയുണ്ടായി. നമ്പൂതിരിമാർ ഭൂവുടമകളായപ്പോൾ അവരുടെ സ്വത്ത് അന്യാധീനമാകാതിരിക്കാൻ കണ്ടുപിടിച്ച ഉപായമാണ് വേളിയും സംബന്ധവും. കുടുംബത്തിലെ മൂത്തമകൻ മാത്രം വേളി കഴിയ്ക്കുകയും മറ്റുള്ള ഇളയ ആൺമക്കളെല്ലാം മറ്റുസമുദായങ്ങളിലെ സ്ത്രീകളെ സംബന്ധം ചെയ്യുക എന്നതായിരുന്നു ഇതിന്റെ രീതി. പീന്നിട് ഇത് നായർ സമുദായവും പിന്തുടരുന്നത് കാണാം. ഈ കാലഘട്ടത്തിൽ വന്ന മറ്റൊരാചാരമായിരുന്നു മരുമക്കത്തായം. ഇതു സംബന്ധസമ്പ്രദായത്തിന്റെ സ്വാഭാവികമായ ഫലമാണ്. ഇതോടെ പരേതന്റെ സ്വത്തിൽ മരുമക്കൾക്കു അവകാശം ലഭിക്കുകയും പുത്രന്മാർ ശേഷക്രിയകളിൽ നിന്നും സ്വത്തവകാശത്തിൽ നിന്നും പുറംതള്ളപ്പെടുകയും ചെയ്തു.

▶ അകറ്റി നിർത്തൽ

## 2.1.2.3 ദേവദാസി സമ്പ്രദായം

ക്ഷേത്രസംസ്കാരത്തോടൊപ്പം ഉടലെടുത്ത മറ്റൊരു സാമൂഹികാചാരമായിരുന്നു ദേവദാസി സമ്പ്രദായം. എ. ഡി. ഏഴാം നൂറ്റാണ്ട് മുതലേ ഈ സമ്പ്രദായം നിലവിലിരുന്നു. കുലശേഖര ആഴ്വാർ അദ്ദേഹത്തിന്റെ പുത്രിയെ ശ്രീരംഗം ക്ഷേത്രത്തിൽ ദേവദാസിയായി നല്കിയിരുന്നു എന്നത് ദേവദാസി സമ്പ്രദായത്തിന് അന്നു ലഭിച്ചിരുന്ന ബഹുമാന്യതയെ സൂചിപ്പിക്കുന്നു. ദേവന്റെ ഭാര്യയെന്നനിലയിൽ ഈശ്വര സ്തോത്രങ്ങൾ ആലപിക്കുകയും അവയെ ഉപജീവിച്ച് നൃത്തം ചെയ്യുകയുമായിരുന്നു ഇവരുടെ തൊഴിൽ. ദേവദാസികളായി സ്ത്രീകളെ ക്ഷേത്രങ്ങളിൽ ഏൽപ്പിക്കുന്നതിനോടൊപ്പം അവരുടെ ചെലവിനായി ഭൂമി ദാനം ചെയ്യുകയും പതിവുണ്ടായിരുന്നു. ശുചീന്ദ്രം ക്ഷേത്രത്തിലെ ദേവദാസികൾക്കു സമാദരണീയമായ സ്ഥാനമുണ്ടായിരുന്നുവെന്നു അവിടുത്തെ ശാസനങ്ങളിൽ നിന്ന് വ്യക്തമാകുന്നു. പതിമൂന്നാം ശതകത്തിൽ ദേവദാസിസ്ഥാനം പാരമ്പര്യ വഴിയ്ക്കായിതീരുകയും പൂർവകാലങ്ങളിലേതു പോലെ കുലീന സ്ത്രീകളെ ആകർഷിക്കുന്ന ഒരു സമ്പ്രദായമല്ലാതായിത്തീരുകയും ചെയ്തു. അതോടെ ദേവദാസി സമ്പ്രദായം ധാർമ്മികമായും സദാചാരപരമായും അധഃപതിക്കുകയും ചെയ്തു. അപചയം സംഭവിച്ച ദേവദാസി സമ്പ്രദായം കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭദശയോളം ദക്ഷിണ തിരുവിതാംകൂറിലെ ചില ക്ഷേത്രങ്ങളിൽ നിലവിലിരുന്നു. 1930–ൽ ഒരു വിളംബരം മുഖേന തിരുവിതാംകൂർ ഗവണ്മെന്റ് ദേവദാസി സമ്പ്രദായം നിരോധിക്കുകയുണ്ടായി.

▶ അധഃപതനം

Remove Watermark Now

## 2.1.2.4 വേദപഠനശാലകൾ

ഈ കാലഘട്ടത്തിൽ ക്ഷേത്രങ്ങൾ ആരാധനാലയം എന്നതിലുപരി സാംസ്കാരിക കേന്ദ്രവും അഭയസ്ഥാനവും വിദ്യാകേന്ദ്രവും കലാകേന്ദ്രവുമായിരുന്നു. ക്ഷേത്രങ്ങളുടെ സംരക്ഷണത്തിലും പ്രോത്സാഹനത്തിലുമാണ് കലയും സാഹിത്യവുമെല്ലാം വളർന്നത്. തിരുവനന്തപുരത്ത് വലിയശാല, മൂഴിക്കുളംശാല, പാർത്ഥിവപുരം ശാല, കാന്തള്ളൂർ ശാല എന്നീവിടങ്ങളിലെല്ലാം താമസിച്ചു പഠിക്കാനുള്ള സൗകര്യമൊരുക്കിയിരുന്നു. തർക്കം, വ്യാകരണം, മീമാംസ, ജ്യോതിഷം, വേദാന്തം എന്നിവയായിരുന്നു പഠനവിഷയങ്ങൾ. കൂത്ത്, കൂടിയാട്ടം തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി ക്ഷേത്രത്തോടു ചേർന്നു തന്നെ കൂത്തമ്പലങ്ങൾ പണികഴിച്ചിരുന്നു. ശിൽപ്പകല, ചിത്രകല, പാവകല, വാസ്തുവിദ്യ എന്നിവയും മതിൽകെട്ടിനകത്ത് പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. വേദപഠനശാലകൾക്കുപുറമേ സാമൂഹിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു പല സമ്പ്രദായങ്ങളും ഏർപ്പെടുത്തിയിരുന്നു. അതിലൊന്ന് ക്ഷേത്രങ്ങളിലെ പുരാണ കഥാപ്രവചനമാണ്. ഒരു ബ്രാഹ്മണപണ്ഡിതൻ മഹാഭാരത കഥാപ്രവചനം നടത്തുന്ന മഹാഭാരതപട്ടത്താനം അക്കൂട്ടത്തിൽ പ്രസിദ്ധമാണ്. ക്ഷേത്രങ്ങളോടനുബന്ധിച്ച് ഗ്രന്ഥപ്പുരകളുണ്ടായിരുന്നു. വേദപാരായണം, മത്സരപരീക്ഷകൾ ഇങ്ങനെ വിദ്യാഭ്യാസത്തെ ഔപചാരികവും അനൗപചാരികവുമായി പ്രോത്സാഹിപ്പിച്ചിരുന്നു.

> ▶ സാംസ്കാരിക കേന്ദ്രങ്ങൾ

### രേവതിപട്ടത്താനം

സാമൂതിരിമാരുടെ നേതൃത്വത്തിൽ കോഴിക്കോട് കേരളത്തിലെ ഏറ്റവും വലിയ വിദ്യാകേന്ദ്രമായിരുന്നു. തുലാമാസത്തിലെ രേവതിനക്ഷത്രത്തിൽ കോഴിക്കോട് തളിക്ഷേത്രത്തിൽ നടത്തിയിരുന്ന പണ്ഡിതന്മാരുടെ മത്സരങ്ങളുടെ വാർഷികസഭയായിരുന്നു രേവതിപട്ടത്താനം. മികവുറ്റ പണ്ഡിതന്മാർക്ക് സാമൂതിരി 'ഭട്ട' സ്ഥാനവും പണവും നൽകി ആദരിച്ചിരുന്നു. കേരളത്തിൽ നിന്നുള്ള എല്ലാ സഭാമഠങ്ങളിൽ നിന്നും പണ്ഡിതന്മാർ പട്ടത്താനത്തിൽ പങ്കുകൊണ്ടിരുന്നു. പയ്യൂർ പട്ടേരിയായിരുന്നു ഇതിൽ മുഖ്യൻ. മീമാംസ, വേദാന്തം, വ്യാകരണം എന്നീ വിഷയങ്ങളിലാണ് മത്സരം നടത്തിയിരുന്നത്. ഉദ്ദണ്ഡശാസ്ത്രികളെപ്പോലുള്ള ഒരു പ്രൗഢപണ്ഡിതൻ പോലും കാക്കശ്ശേരിഭട്ടതിരിയുമായി പരാജയപ്പെടേണ്ടിവന്നിട്ടുള്ളത് മത്സരത്തിന്റെ ദുഷ്കരത വെളിപ്പെടുത്തുന്നുണ്ട്. 'നാരായണീയ' കർത്താവായ മേല്പത്തൂർ നാരായണഭട്ടതിരി ആറു തവണ പരാജയപ്പെട്ടതിനു ശേഷമാണത്രെ ഭട്ടസ്ഥാനം കരസ്ഥമാക്കിയത്.

> ▶ വാർഷിക സഭ

### കടവല്ലൂർ അന്യോന്യം

നാടുവാഴിവാഴ്ചക്കാലത്തെ കേരളത്തിലെ മറ്റൊരു പ്രശസ്ത സാംസ്കാരിക കേന്ദ്രമായിരുന്നു കടവല്ലൂർ. കടവല്ലൂർ അന്യോന്യം എന്ന പേരിലറിയപ്പെട്ട മത്സരപരീക്ഷ വേദപാഠങ്ങളുടെ മാറ്റുരയ്ക്കലായിരുന്നു. തൃശൂരിലും തിരുനാവായിലുമുള്ള സഭാമഠങ്ങളിൽ പരിശീലനം നേടിയവരടക്കം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നമ്പൂതിരി വിദ്യാർഥികൾ ഈ മത്സരത്തിൽ വന്നെത്തിയിരുന്നു. മത്സരപരീക്ഷകളിൽ പ്രധാനപ്പെട്ടത് 'കടന്നിരിക്കൽ' എന്ന പരീക്ഷയായി

Remove Watermark Now

രുന്നു. ഇതിൽ ജയിക്കുന്ന ചുരുക്കം പേർക്ക് ബഹുമാന്യസ്ഥാനത്ത് കടന്നിരിക്കുന്നതിനുള്ള അവകാശം കിട്ടുന്നു. പരീക്ഷയിൽ രണ്ടാം സ്ഥാനക്കാർ 'മുമ്പിരിക്കലിനും' സാമാന്യ വിജയം നേടുന്ന വിദ്യാർ ഥികൾ 'രണ്ടാംവാരമിരിക്കലിനും' അർഹരായിത്തീരുന്നു.

▶ വേദപാഠങ്ങളുടെ മാറ്റുരയ്ക്കൽ

## കളരികൾ

പ്രാചീന കേരളത്തിലെ കായിക വിദ്യാകേന്ദ്രങ്ങളായിരുന്നു കളരികൾ. കേരളത്തിന്റെ തനതു സംഭാവനയായിട്ടാണ് കളരികളെ കണക്കാക്കുന്നത്. ഓരോ ഗ്രാമത്തിനും സ്വന്തമായി കളരികൾ ഉണ്ടാകും. കളരിയിലെ ആശാൻ കുറുപ്പ്, പണിക്കർ എന്നീ പേരുകളിൽ അറിയപ്പെട്ടു. ആയുധവിദ്യകൾക്കു പുറമെ മൽപ്പിടുത്തം, ഗുസ്തി എന്നിവയിലും കളരികൾ പരിശീലനം നൽകിയിരുന്നു. എഴുത്തുപള്ളിയിൽ പ്രാഥമിക വിദ്യാഭ്യാസം നേടിക്കഴിഞ്ഞാൽ പിന്നീട് ആയുധവിദ്യാപരിശീലനത്തിനു പോകുക പതിവായിരുന്നു. പരിശീലനം കഴിഞ്ഞാൽ നാടുവാഴിയുടെ മുൻപിൽ എത്തി കാഴ്ച്ചപ്പണം നൽകണം, അതോടെ നാടുവാഴി തന്റെ സൈന്യത്തിൽ അയാളെ ഔദ്യോഗികമായി ചേർക്കുകയും അതിന്റെ അടയാളമായി വാൾ സമ്മാനമായി നൽകുകയും ചെയ്യുന്നു.

▶ കായിക വിദ്യാകേന്ദ്രങ്ങൾ

## 2.1.3 മലയാളഭാഷയുടെ വളർച്ച

നാടുവാഴിത്തത്തിന്റെയും ബ്രാഹ്മണാധിപത്യത്തിന്റെയും കാലഘട്ടത്തിൽ സംഭവിച്ച അതിപ്രധാനമായ ഒരു പരിണാമമാണ് മലയാളഭാഷയുടെ രൂപപ്പെടൽ. സംഘകാലത്തുതന്നെ കേരളത്തിലെ ഭാഷ കൊടുന്തമിഴായിരുന്നെന്ന് 'തൊൽകാപ്പിയ'ത്തിൽ നിന്ന് മനസ്സിലാക്കാം. ഇത് സാഹിത്യഭാഷയായ ചെന്തമിഴിൽ നിന്ന് വ്യത്യസ്തവുമാണ്. ഇവിടുത്തെ സംസാരഭാഷയുടെ പ്രാഗ്‌രൂപം എന്തായിരുന്നു എന്ന് അത്ര വ്യക്തമല്ല എന്നിരുന്നാലും. 'കൊല്ലം ആദിശതകങ്ങളിലെ ശാസനകൾ തമിഴെന്നോ മലയാളമെന്നോ പറയാൻ കഴിയാത്ത അപഭ്രംശാവസ്ഥയിലെ ഭാഷയിലാണ് എഴുതിയിട്ടുള്ളതെന്ന്' ഇളംകുളം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് അന്നത്തെ കേരളഭാഷയെ ഒരു പ്രത്യേക ഭാഷയായി കണക്കാക്കുക വയ്യ, ഒരു ഭാഷാഭേദമായി മാത്രമെ കണക്കാക്കാനാവൂ. തമിഴിന്റെ വ്യാകരണ വഴക്കങ്ങളിൽനിന്നും വേർതിരിഞ്ഞു സ്വന്തമായ ഒരു സംസാരഭാഷയും സാഹിത്യഭാഷയും രൂപപ്പെടുന്ന കാലമായിരുന്നു കൊല്ലവർഷം ആദിശതകങ്ങൾ. എന്നാൽ ഒൻപതാം നൂറ്റാണ്ടിനു ശേഷം കേരളഭാഷയിൽ പാണ്ടിത്തമിഴിൽ നിന്നും വ്യത്യസ്തമായി അനുനാസികാതിപ്രസരം, താലവ്യാദേശം തുടങ്ങിയ നയങ്ങൾ പ്രവർത്തിച്ചു തുടങ്ങി. പത്താം നൂറ്റാണ്ടാകുന്നതോടെ മലനാട്ടുതമിഴ് ഒരു പ്രത്യേകഭാഷയായി രൂപപ്പെട്ടു തുടങ്ങുന്നു. എന്നാൽ എ.ആർ. ഇക്കാലത്തെ 'കരിന്തമിഴുകാലം' എന്ന് ഘട്ടവിഭജനം ചെയ്യുന്നു. ഇവിടെയുണ്ടായിരുന്ന മലനാട്ടു തമിഴ് മലയാളമായി രൂപപ്പെടാനിടയായത് നാടുവാഴിത്തവും ബ്രാഹ്മണാധിനിവേശവും തുടങ്ങിയ സാമൂഹികവും രാഷ്ട്രീയവുമായ പരിണാമങ്ങളാലാണ്.

▶ മലയാളഭാഷയുടെ പ്രാഗ്‌രൂപം

Remove Watermark Now

## 2.1.3.1 ഭാഷയുടെ വളർച്ച; പാട്ടും മണിപ്രവാളവും

പ്രാചീനമലയാളസാഹിത്യം പാട്ട്, മണിപ്രവാളം എന്നീ രണ്ടു ധാരകളിലൂടെയാണ് വളർന്നുവന്നത്. പാട്ട്സാഹിത്യം തമിഴ്മിശ്രസാഹിത്യവും മണിപ്രവാളം സംസ്കൃതമിശ്രരൂപവുമാണെന്ന് പറയാം. മണിപ്രവാളം ത്രൈവർണ്ണികരുടെ ഭാഷയിലാണ് രചിക്കപ്പെട്ടതെങ്കിൽ പാട്ട് സാധാരണ ജനങ്ങളുടെ ഭാഷയിലായിരുന്നു. പതിനാലാം നൂറ്റാണ്ടിൽ വിരചിതമായ 'ലീലാതിലക'ത്തിലാണ് പാട്ടിന്റെയും മണിപ്രവാളത്തിന്റെയും ലക്ഷണനിർവചനം നടത്തിയിരിക്കുന്നത്. ലീലാതിലകം യഥാർഥത്തിൽ മണിപ്രവാളഭാഷയുടെയും മണിപ്രവാളസാഹിത്യത്തിന്റെയും ലക്ഷണഗ്രന്ഥമാണ്.

- രണ്ടുധാരകൾ പാട്ടും മണിപ്രവാളവും

'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്ന് ലീലാതിലകാചാര്യൻ മണിപ്രവാളത്തിന് ലക്ഷണം കല്പിച്ചിരിക്കുന്നു. ഇതിലെ ഭാഷ എന്നതുകൊണ്ട് കേരളഭാഷ എന്നാണ് അർഥമാക്കുന്നത്. കേരളഭാഷ കേരളത്തിൽ പരക്കെ നിലനിന്ന ഭാഷയല്ല, മറിച്ച് ത്രൈവർണ്ണികരുടെ കേരളഭാഷ എന്നാണർഥം. സംസ്കൃതം എന്നതുകൊണ്ട് വിഭക്ത്യന്തസംസ്കൃതപദം എന്നാണ് വിവക്ഷ. കേരള ഭാഷാപദവും വിഭക്ത്യന്തസംസ്കൃതപദവും തമ്മിലുള്ള സഹൃദയഹൃദയാഹ്ലാദകരമായ യോഗമാണത്. മണിപ്രവാളത്തിന്റെ കാവ്യഭാഷയിൽ എഴുതുമ്പോൾ മാണിക്യവും പവിഴവും ചെന്നൂലിൽ കോർത്താൽ തിരിച്ചറിയാത്തതുപോലെയായിരിക്കണം എന്ന് ആചാര്യൻ നിർദേശിച്ചിട്ടുണ്ട്. ഉത്തമം, ഉത്തമകല്പം (2 തരം), മധ്യമം, മധ്യമകല്പം(4 തരം), അധമം എന്നീ വിഭാഗങ്ങളിലായി ഒൻപതുതരം മണിപ്രവാളങ്ങളെക്കുറിച്ച് ആചാര്യൻ പറയുന്നു. ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുള്ള മണിപ്രവാളം ഉത്തമവും, ഭാഷയ്ക്കും രസത്തിനും പ്രാധാന്യം കുറഞ്ഞ മണിപ്രവാളം അധമവുമാകുന്നു. താൻ നിർദ്ദേശിക്കുന്നതരം പദങ്ങൾകൊണ്ട് നിർമ്മിക്കുന്ന പ്രബന്ധം സംസ്കൃതപ്രബന്ധം എന്ന പ്രതീതി തോന്നരുത് എന്നും ഭാഷാപ്രബന്ധം എന്നുതന്നെ തോന്നിക്കണം എന്നും 'ലീലാതിലക'ത്തിൽ പറയുന്നു.

- 'ഭാഷാസംസ്കൃത യോഗോ മണിപ്രവാളം'

സമൂഹത്തിന്റെ ഉയർന്ന ശ്രേണിയിൽ വിരാജിക്കുന്നവരായിരുന്നു മണിപ്രവാളകൃതികളുടെ രചയിതാക്കൾ. അതുകൊണ്ട്തന്നെ സ്ത്രീശരീരവർണനകൾക്കും സംഭോഗശൃംഗാരത്തിനും അവർ പ്രാധാന്യം നൽകി. 'വൈശികതന്ത്രം' മുതൽ 'ചന്ദ്രോത്സവം' വരെയുള്ള മണിപ്രവാളകൃതികൾ ഇതിനു തെളിവാണ്. അയഞ്ഞ സദാചാരവും അധാർമികവും സംസ്കാരലോപവും നിറഞ്ഞ ഒരു കാലത്തിന്റെ അടയാളങ്ങളായി മണിപ്രവാളകവിതകൾ നിലകൊള്ളുന്നു.

- കാലത്തിന്റെ അടയാളങ്ങൾ

## പാട്ട്

മണിപ്രവാളലക്ഷണഗ്രന്ഥമായ 'ലീലാതിലക'ത്തിൽ മണിപ്രവാളത്തിന്റെ ലക്ഷണത്തിനു പുറമേ പാട്ടിനും നിർവചനം നൽകിയത് മണിപ്രവാളത്തിന്റെ കാവ്യസമ്പ്രദായങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു കാവ്യരീതിയുണ്ടെന്നു കൂടി സൂചിപ്പിക്കുവാനാണ്. "ദ്രമിഡസംഘാതാക്ഷര നിബന്ധമെതുകമോന വൃത്ത വിശേഷയുക്തം പാട്ട്" എന്ന് 'ലീലാതിലകം' പാട്ടിനെ നിർവചിക്കുന്നു. ദ്രമിഡസം

Remove Watermark Now

ഘാതാക്ഷരം എന്നതുകൊണ്ട് തമിഴിന്റെ അക്ഷരമാലയിൽ ഒതുങ്ങുന്ന അക്ഷരങ്ങൾ കൊണ്ട് രചിച്ചതായിരിക്കണമെന്നാണർഥം. എതുക, മോന തുടങ്ങിയവ ചില ശബ്ദാലങ്കാരങ്ങളാണ്. മലയാളത്തിലെ ദ്വിതീയാക്ഷരപ്രാസത്തിനു സമാനമാണ് ഏതുക. ഓരോ പാദത്തിലെയും പൂർവ ഉത്തരഭാഗങ്ങളിലെ ആദ്യാക്ഷരങ്ങൾ യോജിച്ചു വരുന്നതാണ് മോന. വൃത്തവിശേഷങ്ങൾ എന്നതുകൊണ്ട് ദ്രാവിഡ വൃത്തങ്ങളെ ഉദ്ദേശിക്കുന്നു. സംസ്കൃതപദങ്ങൾ ഉപയോഗിക്കേണ്ടി വന്നാൽ അവ തത്സമമായിട്ടല്ല തദ്ഭവമായിട്ടാണ് ഉപയോഗിക്കേണ്ടതത്രെ. മലയാളത്തിലെ പാട്ടുസാഹിത്യത്തിൽപ്പെടുന്ന മുഖ്യകൃതി ചീരാമന്റെ 'രാമചരിത'മാണ്. കണ്ണശ്ശകൃതികൾ, 'രാമകഥാപ്പാട്ട്', 'തിരുനിഴൽമാല', 'ഭാരതംപാട്ട്', 'പയ്യന്നൂർപ്പാട്ട്', 'കൃഷ്ണഗാഥ' എന്നീ കൃതികളും പാട്ടുപാരമ്പര്യത്തിൽപ്പെട്ട കൃതികളാണ്. ഇതിഹാസപുരാണാദികളാണ് പാട്ടുസാഹിത്യത്തിലെ പ്രതിപാദ്യം.

- ▶ പാട്ടിന്റെ ലക്ഷണവും സവിശേഷതകളും

## Summarised Overview

എ. ഡി. 1102-ൽ കുലശേഖരസാമ്രാജ്യത്തിന്റെ പതനത്തോടെ കേരളത്തിൽ കേന്ദ്രീകൃതമായ ഭരണസംവിധാനം തകരുകയും രാഷ്ട്രീയഐക്യം നഷ്ടപ്പെടുകയും ചെയ്തു. കേരളത്തിൽ പലയിടത്തും സ്വതന്ത്രമായ ചെറുരാജ്യങ്ങൾ ഉയർന്നുവന്നു. ഇവ സ്വരൂപങ്ങൾ എന്ന് വിളിക്കപ്പെട്ടു. തിരുവിതാംകോട് സ്വരൂപം, വേണാട് സ്വരൂപം, തൃപ്പാപ്പൂർ സ്വരൂപം, ചിറവാ സ്വരൂപം, ദേശിങ്ങനാട് സ്വരൂപം എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ അറിയപ്പെട്ടതാണ് വേണാട്ടു രാജവംശം. 1253 മുതൽ 1299 വരെയുള്ള വേണാടിന്റെ ചരിത്രം വ്യക്തമല്ല. ഈ കാലത്തിനു ശേഷം പാണ്ഡ്യർ വേണാടിനെ ആക്രമിച്ചതായും കൊല്ലം പിടിച്ചെടുത്തതായും ചില രേഖകളിലുണ്ട്. കുലശേഖര സാമ്രാജ്യത്തിന്റെ പതനത്തെ തുടർന്ന് സ്വതന്ത്രപദവിയിൽ എത്തിയ രാജവംശമാണ് കൊച്ചി രാജവംശം അഥവാ പെരുമ്പടപ്പു സ്വരൂപം. പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുൻപുള്ള കൊച്ചിയുടെ ചരിത്രം വ്യക്തമല്ല. ചില സാഹിത്യകൃതികളും ശാസനങ്ങളും മാത്രമാണ് ചരിത്രത്തിന് ആധാരം. കോഴിക്കോട് ഭരിച്ച സാമൂതിരിമാർ ഭരണ നൈപുണ്യത്തിലും സാംസ്കാരിക പാരമ്പര്യത്തിലും അനുഗ്രഹീതരായിരുന്നു. കോഴിക്കോട് പതിനാലാംശതകം മുതൽ കേരളത്തിലെ മികച്ച തുറമുഖമായും മാറി. കുരുമുളക്, ഏലം, തുണിത്തരങ്ങൾ എന്നിവ ഇവിടെ നിന്നും കയറ്റുമതി ചെയ്തു പോന്നു.

കേരളത്തിലെ ഏക മുസ്ലീം രാജവംശമാണ് അറയ്ക്കൽ സ്വരൂപം. അറയ്ക്കലിന്റെ ആദ്യ ആസ്ഥാനം 'ധർമ്മടം' എന്ന ധർമ്മപട്ടണത്തിലായിരുന്നു. പിന്നീടാണത് കണ്ണൂരിലേക്കു മാറ്റുന്നത്. അറയ്ക്കൽ രാജവംശത്തിൽ ഭരണാധികാരിയാകുന്ന വ്യക്തി ആണാണെങ്കിൽ 'അലിരാജ'എന്നും സ്ത്രീയാണെങ്കിൽ 'അറയ്ക്കൽ ബീവി' എന്നുമാണറിയപ്പെടുക. ഇവർ മരുമക്കത്തായികളായിരുന്നു.

കൊച്ചിരാജ്യത്തെ പ്രധാനമന്ത്രിമാരായിരുന്നു പാലിയത്തച്ഛന്മാർ. ഡച്ചുകാരുടെ ആധിപത്യം ശക്തമായകാലത്ത് പാലിയത്തച്ചനുണ്ടായിരുന്ന സ്വാധീനവും പ്രമാണ്യവും വളരെ വലുതായിരുന്നു. കേണൽ മെക്കാളെയുടെ ബംഗ്ലാവ് ആക്രമണവുമായി ബന്ധപ്പെട്ട് പാലിയത്തച്ചനെ നാടുകടത്തിയതോടെ അവരുടെ മന്ത്രിപദവും അവസാനിച്ചു. 1949-ൽ രാമവർമ്മ പരീക്ഷിത്തു തമ്പുരാൻ തിരുവിതാംകൂറുമായുള്ള സംയോജനത്തെ അനുകൂലിച്ചതിന്റെ ഫലമായി തിരുകൊച്ചി സംസ്ഥാനം നിലവിൽ വന്നു.

Remove Watermark Now

കുലശേഖരസാമ്രാജ്യത്തിന്റെ പതനത്തോടെ കേരളം പ്രാദേശിക നാട്ടുരാജ്യങ്ങളായി (സ്വരൂപങ്ങൾ) നാടുവാഴികളുടെ അധീനതയിലായി. ഈ കാലഘട്ടത്തിലെ സാമൂഹ്യജീവിതത്തിന്റെ സിരാകേന്ദ്രം ക്ഷേത്രങ്ങളായി തീർന്നു. ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചു നഗരങ്ങളും (ക്ഷേത്ര നഗരങ്ങൾ) വളർന്നു വന്നു. മഹോദയപുരം, പാർത്ഥിവപുരം, കാന്തള്ളൂർ, കണ്ടിയൂർ, തിരുവല്ല, തൃക്കൊടിത്താനം, തൃക്കാക്കര, തിരുനെല്ലി തുടങ്ങിയ നഗരങ്ങൾ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. അയിത്താചാരം ഉത്ഭവിച്ചത് ക്ഷേത്രങ്ങളിൽ നിന്നായിരുന്നു. ക്ഷേത്രസംസ്കാരത്തോടൊപ്പം ഉടലെടുത്ത മറ്റൊരു സാമൂഹികാചാരമായിരുന്നു ദേവദാസിസമ്പ്രദായം. ക്ഷേത്രങ്ങളുടെ സംരക്ഷണത്തിലും പ്രോത്സാഹനത്തിലുമാണ് കലയും സാഹിത്യവുമെല്ലാം വളർന്നത്. തിരുവനന്തപുരത്ത് വലിയശാല, മൂഴിക്കുളം ശാല, പാർത്ഥിവപുരം ശാല, കാന്തള്ളൂർ ശാല എന്നീവിടങ്ങളിലെല്ലാം താമസിച്ചുപഠിക്കാനുള്ള സൗകര്യമൊരുക്കിയിരുന്നു. തർക്കം, വ്യാകരണം, മീമാംസ, ജ്യോതിഷം, വേദാന്തം എന്നിവയായിരുന്നു പഠനവിഷയങ്ങൾ.

കോഴിക്കോട് തളി ക്ഷേത്രത്തിൽ നടത്തിയിരുന്ന പണ്ഡിതന്മാരുടെ മത്സരങ്ങളുടെ വാർഷികസഭയായിരുന്നു രേവതിപട്ടത്താനം. കടവല്ലൂർ അന്യോന്യം എന്ന പേരിലറിയപ്പെട്ട മത്സര പരീക്ഷ വേദപാഠങ്ങളുടെ മാറ്റുരയ്ക്കലായിരുന്നു. തൃശ്ശൂരിലും തിരുനാവായിലുമുള്ള സഭാമഠങ്ങളിൽ പരിശീലനം നേടിയവരടക്കം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നമ്പൂതിരി വിദ്യാർഥികൾ ഈ മത്സരത്തിന് വന്നെത്തിയിരുന്നു.

പ്രാചീന കേരളത്തിലെ കായിക വിദ്യാകേന്ദ്രങ്ങളായിരുന്നു കളരികൾ. കേരളത്തിന്റെ തനതു സംഭാവനയായിട്ടാണ് കളരികളെ കണക്കാക്കുന്നത്. ഓരോ ഗ്രാമത്തിനും സ്വന്തമായി കളരികൾ ഉണ്ടാകും. പ്രാചീന കേരളത്തിലെ കായിക വിദ്യാകേന്ദ്രങ്ങളായിരുന്നു കളരികൾ.

പ്രാചീനമലയാളസാഹിത്യം പാട്ട്, മണിപ്രവാളം എന്നീ രണ്ടു ധാരകളിലൂടെയാണ് വളർന്നുവന്നത്. പാട്ട്സാഹിത്യം തമിഴ്മിശ്രസാഹിത്യവും മണിപ്രവാളം സംസ്കൃത മിശ്രരൂപവുമാണെന്ന് പറയാം. മണിപ്രവാളം ത്രൈവർണികരുടെ ഭാഷയിലാണ് രചിക്കപ്പെട്ടതെങ്കിൽ പാട്ട് സാധാരണ ജനങ്ങളുടെ ഭാഷയിലായിരുന്നു. പതിനാലാം നൂറ്റാണ്ടിൽ വിരചിതമായ 'ലീലാതിലക'ത്തിലാണ് പാട്ടിന്റെയും മണിപ്രവാളത്തിന്റെയും ലക്ഷണനിർവചനം നടത്തിയിരിക്കുന്നത്.

iSkysoft

# Assignments

1. എ. ഡി. 1102-ൽ കുലശേഖരസാമ്രാജ്യത്തിന്റെ പതനത്തോടെ കേരളത്തിൽ കേന്ദ്രീകൃതമായ ഭരണസംവിധാനം തകരുകയും രാഷ്ട്രീയ ഐക്യം നഷ്ടപ്പെടുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഉയർന്നു വന്ന സ്വരൂപങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
2. വേണാട് രാജവംശത്തെക്കുറിച്ച് വിവരിക്കുക.
3. അറക്കൽ രാജവംശത്തെക്കുറിച്ച് വിവരിക്കുക.
4. പാട്ട്, മണിപ്രവാളം എന്നീ കാവ്യധാരകളുടെ സവിശേഷതകൾ വിശദീകരിക്കുക.
5. നാടുവാഴി ഭരണത്തിന്റെ സാംസ്കാരിക ഫലങ്ങൾ ഉപന്യസിക്കുക.
6. കേരളത്തിൽ നിലനിന്നിരുന്ന ദേവദാസി സമ്പ്രദായത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

7. കേരളത്തിലെ പ്രധാനപ്പെട്ട സ്വരൂപങ്ങളെക്കുറിച്ച് വിവരിക്കുക.
8. ലീലാതിലകം എന്ന ലക്ഷണഗ്രന്ഥത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

## Suggested reading


1. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
3. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കെ. ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
5. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
6. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
7. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
8. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം ഭാഗം 1, എസ്.പി.സി.എസ്, കോട്ടയം.
9. സ്കറിയ സക്കറിയ (എഡി), 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്., കോട്ടയം.
10. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിന്റെ പതനം, ഡി.സി. ബുക്സ്, കോട്ടയം.
11. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. ഇളംകുളം കുഞ്ഞൻപിള്ള, ഇളംകുളം കുഞ്ഞൻപിള്ളയുടെ തെരഞ്ഞെടുത്ത കൃതികൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ.കെ.എൻ. കുറുപ്പ്, പഴശ്ശിസമരങ്ങൾ, പൂർണ്ണാ പബ്ലിഷേഴ്സ്, കോഴിക്കോട്.
3. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കെ. ദാമോദരൻ, കേരളചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. നടുവട്ടം ഗോപാലകൃഷ്ണൻ, കേരളചരിത്രധാരകൾ, മാളൂബൻ, തിരുവനന്തപുരം.

Remove Watermark Now

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft

Remove Watermark Now

# Unit 2

# ജന്മിത്തം, ജാതിവ്യവസ്ഥ

## Learning Outcomes

- കേരളത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയെക്കുറിച്ച് അറിവ് നേടുന്നു
- ജന്മിസമ്പ്രദായത്തിന്റെ ചരിത്രം മനസ്സിലാക്കുന്നു
- കേരളീയ രംഗകലകളെ പരിചയപ്പെടുന്നു
- നവോത്ഥാന മുന്നേറ്റങ്ങളുടെ ചരിത്രത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു
- കേരളത്തിലെ പരമ്പരാഗത ജ്ഞാനരൂപങ്ങളെ പരിചയപ്പെടുന്നു

## Background

ബ്രാഹ്മണഗ്രാമങ്ങളുടെ വളർച്ചയ്ക്കുശേഷമാണ് ജന്മിസമ്പ്രദായം ഉത്ഭവിച്ചത് എന്നൊരു വാദമുണ്ട്. പുതിയക്ഷേത്രങ്ങൾ പണിയുമ്പോൾ അവിടുത്തെ ഊരാളന്മാരായി നിയോഗിച്ചിരുന്നത് പ്രാചീന ബ്രാഹ്മണഗ്രാമങ്ങളിലെ ബ്രാഹ്മണരെയാണ്. അവർക്ക് ഊരാണ്മാവകാശങ്ങളുടെ ഭാഗമായി ഭൂമിയും ലഭിച്ചിരുന്നു. ഇവർക്ക് മറ്റ് ക്ഷേത്രങ്ങളിലെ ഊരാണ്മ ഏറ്റെടുക്കാനും സ്വന്തമായ നിലയിൽ ഭൂമി കൈവശമാക്കാനും അവകാശമുണ്ടായിരുന്നു. ഇത്തരത്തിൽ ബ്രാഹ്മണ കുടുംബങ്ങളെ മറ്റൊരിടത്ത് കുടിയിരുത്തുന്നതുവഴി ബ്രഹ്മസ്വം ഭൂമികളുടെ വികാസത്തിനും ജന്മാവകാശത്തിന്റെ വളർച്ചയ്ക്കും കാരണമായി. അക്കാലത്തെ നാടുവാഴികൾ ബ്രാഹ്മണഗ്രാമങ്ങളുടെ ആധിപത്യം അംഗീകരിക്കുകയും പുതിയ ക്ഷേത്രങ്ങൾ നിർമ്മിച്ച് ഉടമാവകാശം കൈമാറുകയും ചെയ്തു. അങ്ങനെ ഭൂമിയുടെ സിംഹഭാഗവും ക്ഷേത്രങ്ങൾ, നാടുവാഴികൾ, ബ്രാഹ്മണർ എന്നിവരുടെ കയ്യിലായി. ഒൻപതും പത്തും നൂറ്റാണ്ടുകളിലെ കുലശേഖരചക്രവർത്തിമാർ പ്രബലരായിരുന്നതുകൊണ്ട് ഊരാളന്മാർ വ്യവസ്ഥകൾ മര്യാദയോടെ പാലിച്ചിരുന്നുവെങ്കിലും പിന്നീടുവന്ന നാടുവാഴികൾ ദുർബലരായിരുന്നതുകൊണ്ട് ഇവരുടെ കൊള്ളരുതായ്മകൾ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ക്ഷേത്രച്ചെലവുകൾക്കുള്ളത് സ്വന്തം ഉപഭോഗത്തിനായി ഇവർ ഉപയോഗിച്ചുതുടങ്ങി. കാരാളന്മാരെ ചൂഷണം ചെയ്യുകയും അതിനു വിധേയരാകാത്തവരെ ഒഴിപ്പിക്കുകയും ചെയ്യുന്ന നടപടിയെ നിയന്ത്രിക്കാനായിരിക്കണം 'മൂഴിക്കുളംകച്ചം' ഏർപ്പെടുത്തിയത്.

എല്ലാ ക്ഷേത്രങ്ങളുടെയും പ്രതിനിധികൾ കോവിലധികാരികളുടെ നേതൃത്വത്തിൽ എറണാകുളം പറവൂരിനടുത്തുള്ള മൂഴിക്കുളത്ത് യോഗംചേർന്ന് അംഗീകരിച്ച നിയമാവലിയാണ് മൂഴിക്കുളംകച്ചം. ക്ഷേത്രനടത്തിപ്പ് സംബന്ധമായി ചെയ്തിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കണം, കാരാളന്മാരെ ഒഴിപ്പിച്ച് കൂടുതൽ പാട്ടം ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കരുത് എന്നിവയാണ് ഇതിലെ പ്രധാനവ്യവസ്ഥകൾ. ക്ഷേത്രവസ്തുക്കളെ സംബന്ധിച്ച് ജന്മിയും കുടിയാനും പാലിക്കേണ്ട നിയമമുൾക്കൊള്ളുന്ന കടംകാട്, കോട്ടുവായിരവേലിക്കച്ചം, തവനൂർകച്ചം, ശങ്കരമംഗലത്തുകച്ചം എന്നിവയും പ്രാധാന്യമർഹിക്കുന്നവയാണ്.

ജന്മിസമ്പ്രദായത്തിൽ ജന്മി അളവറ്റ ഭൂസ്വത്തിന് ഉടമയാണ്. ജന്മി മുതൽ നാടുവാഴിവരെയുള്ള ഭരണാധികാരികൾക്കുവേണ്ടി അടിമപ്പണിക്കാർ കൃഷി ചെയ്തു. നാടുവാഴിക്ക് പലവിധ വരുമാനങ്ങൾ കിട്ടിയിരുന്നതായി മലബാർ മാന്വലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതിയ്ക്കും ഇറക്കുമതിയ്ക്കുമുള്ള തീരുവ, ഗതാഗതനികുതി, സ്വത്തിന്റെ അവകാശി മരിക്കുമ്പോൾ അന

Remove Watermark Now

ന്താരാവകാശി ചുമതല ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നൽകുന്ന 'പുരുഷാന്തരം' എന്ന നികുതി, അനന്തരവകാശികളില്ലെങ്കിൽ സ്വത്തുവകകൾ നാടുവാഴിയിൽ നിക്ഷിപ്തമാകുന്നത് (അറ്റാലടക്കം) എന്നിവ കൂടാതെ വിവാഹം, മരണം, പ്രസവം, ഗൃഹപ്രവേശം എന്നിവയ്ക്കെല്ലാം 'കാഴ്ചകച്ചം' ഉണ്ടായിരുന്നു.

ജന്മിത്തത്തെ നിയന്ത്രിക്കാനുള്ള സർക്കാരിന്റെ ആദ്യത്തെ ശ്രമം 1896-ലെ ജന്മി കുടിയാൻ റഗുലേഷനായിരുന്നു. എന്നാലിത് അസംഘടിതരായ ജന്മിമാരുടെ അവകാശങ്ങളെ അംഗീകരിക്കുകയായിരുന്നു. 1933-ലെ ജന്മികുടിയാൻ റഗുലേഷൻ 12-ാം ഭേദഗതിയനുസരിച്ച് ജന്മിക്കരം കൊടുക്കണമെന്ന വ്യവസ്ഥയോടെ കുടിയാന്മാർക്ക് അവരുടെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചുകിട്ടി. 1963-ലെ ഭൂപരിധിനിർണയത്തോടെ, മിച്ചഭൂമി സർക്കാർ ഏറ്റെടുത്ത് വീതിച്ചുകൊടുക്കുക എന്ന ആശയം നടപ്പിലാകുകയും ജന്മിസമ്പ്രദായം ചരിത്രത്തിലെ അടഞ്ഞ അധ്യായമായി മാറുകയും ചെയ്തു.

## Keywords

ജന്മി സമ്പ്രദായം-ജാതിവ്യവസ്ഥ-ജാതി-ഉപജാതി-ആചാരങ്ങൾ-രംഗകലകൾ-ചിത്രകല സംഗീതം-ക്ഷേത്രകലകൾ-വൈജ്ഞാനിക ലോകം

## Discussion

### 2.2.1 ജന്മിത്തം

മധ്യകാലകേരളത്തിലെ സവിശേഷമായ ഒരു സാമൂഹിക ഘടനയായിരുന്നു ജന്മിത്തം. ജന്മം എന്നാൽ ജനിക്കുമ്പോൾ ത്തന്നെയുള്ളത് എന്നർഥം. ജന്മാവകാശമുള്ള വസ്തുക്കൾ അനുഭവിക്കുന്നയാളാണ് ജന്മി. ഊരാണ്മാവകാശം പാരമ്പര്യവഴിക്കായിത്തീരുന്നതിനുമുമ്പ് ജീവിതകാലം അതായത് ജന്മംമുഴുവൻ ആ അവകാശം വച്ചുപുലർത്തുന്ന ഒരു ഘട്ടമുണ്ടായിരുന്നു. ആ ജന്മാവകാശത്തിൽനിന്നാണ് ജന്മിയുടെ ഉത്ഭവം. ബ്രാഹ്മണർക്ക് ഭൂമി ദാനം ചെയ്യാനാരംഭിച്ച ഏർപ്പാടിൽനിന്നാണ് ജന്മഭൂമികളുടെ തുടക്കം. ഭൂമിദാനം ചെയ്യപ്പെട്ടവനുപുറമേ അയാളുടെ സന്തതി പരമ്പരകൾക്കും ഭൂമിയുടെ അധികാരം ലഭിച്ചിരുന്നു. ഒരാൾ ഭൂമി സ്വകാര്യമായി വയ്ക്കുകയും, ഭൂമിയില്ലാത്തവർക്ക് ഒരു നിശ്ചിതകാലത്തേക്ക് ആ ഭൂമിയിൽ പണിയെടുക്കാൻ അവസരം നൽകുകയും, അതിനു പകരമായി അവർ ഉൽപാദിപ്പിക്കുന്ന വിളവിന്റെ നിശ്ചിത അംശം വാങ്ങിച്ചെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ജന്മിസമ്പ്രദായം. ആ അർഥത്തിൽ ജന്മാവകാശം ഭൂമിയിൽനിന്നുള്ള വിളവിന്റെ ഒരു പങ്കിന്മേലുള്ള അവകാശം കൂടിയായിത്തീരുന്നു എന്നുകാണാം.

- ജന്മാവകാശമുള്ള വസ്തുക്കൾ അനുഭവിക്കുന്നയാൾ ജന്മി

ജന്മിസമ്പ്രദായത്തിന്റെ കാരണമായി ഇളംകുളം സൂചിപ്പിക്കുന്നത് ഒരു നൂറ്റാണ്ടോളം ഇവിടെത്തുടർന്നതും, നൂറ്റാണ്ടുയുദ്ധമെന്ന പേരിലറിയപ്പെട്ടതുമായ ചേരചോളാക്രമണങ്ങളെയാണ്. കൊല്ലവർഷം ആദിശതകങ്ങളിലെ പ്രബലശക്തിയായ കുലശേഖരന്മാരും

Remove Watermark Now

ചോളരാജാക്കന്മാരും തമ്മിലുണ്ടായ ആക്രമണപ്രത്യാക്രമണങ്ങളിൽ അബ്രാഹ്മണരായ ജനങ്ങൾ യുദ്ധത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അവർക്ക് ക്ഷേത്രഭരണങ്ങളിൽ താല്പര്യവും കുറഞ്ഞു. ഇതോടെ ക്ഷേത്രങ്ങളുടെ ഊരാളന്മാരായ നമ്പൂതിരിമാർ ക്ഷേത്രസ്വത്തുക്കളും ക്ഷേത്രസംഭാവനകളും ആദായങ്ങളുമെല്ലാം കയ്യടക്കി. അതേസമയം ചെറുകിടപാട്ടക്കാരും കുടിയാന്മാരും തങ്ങളുടെ കൈവശമിരുന്ന സർവസ്വത്തുക്കളും ക്ഷേത്രങ്ങൾക്ക് കാഴ്ചവച്ചു. ദേവസ്വം – ബ്രഹ്മസ്വം സ്വത്തുക്കളെ ശത്രുക്കൾ ആക്രമിക്കുകയില്ലെന്ന പ്രതീക്ഷയിലാണിങ്ങനെ ചെയ്തത്. ഈ പരിതസ്ഥിതിയിൽ നമ്പൂതിരിമാർ സമ്പന്നരായ ജന്മികളായിത്തീരുകയാണുണ്ടായത്. എന്നാൽ ചേരചോളയുദ്ധത്തെ ജന്മിസമ്പ്രദയത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെടുത്താനാവില്ല എന്നൊരു വാദവുമുണ്ട്. കാരണം കേരളത്തിന്റെ പ്രധാനഭാഗങ്ങളെ ഈ യുദ്ധം നേരിട്ടു ബാധിച്ചിരുന്നില്ല.

> ▶ ജന്മിസമ്പ്രദായത്തിന്റെ കാരണം നൂറ്റാണ്ടുയുദ്ധം എന്ന വാദം

## 2.2.2 ജാതികളും ഉപജാതികളും

### 2.2.2.1 ജാതിവ്യവസ്ഥ ഇന്ത്യയിൽ

ഇന്ത്യയിൽ മാത്രം കാണുന്ന പ്രത്യേക പ്രതിഭാസമാണ് ജാതിവ്യവസ്ഥ. പരിഷ്കൃത ജീവിതത്തിന്റെ ആരംഭദശയിൽ ലോകത്തെല്ലായിടത്തും ജാതിയുടെ പ്രാകൃതഭാവം ഉദയം ചെയ്തിരുന്നെങ്കിലും, ഇന്ത്യയിലൊഴികെ മറ്റൊരിടത്തും ജാതിവ്യവസ്ഥ വേരുറയ്ക്കുകയുണ്ടായില്ല. ഇതിനു നാലുകാരണങ്ങൾ ചരിത്രകാരന്മാർ വിശദീകരിച്ചിട്ടുണ്ട്. അതിലൊന്ന് ഇന്ത്യയുടെ നിശ്ചലമായ ഗ്രാമസമുദായവ്യവസ്ഥയാണ്. രണ്ടാമതായി വൈദികമതം പ്രചരിപ്പിച്ച തത്വചിന്താപദ്ധതിയാണ്. സാമ്പത്തിക രാഷ്ട്രീയരംഗങ്ങളിൽ ബ്രാഹ്മണർക്ക് സിദ്ധിച്ച മേധാവിത്വമാണ് മൂന്നാമത്തെ കാരണം. ജാതിയിൽ അന്തർഭവിച്ചിട്ടുള്ള ട്രൈബൽസ്വഭാവമാണ് നാലാമത്തേത്. നാടുവാഴിജന്മിത്തസമ്പ്രദായങ്ങളുടെ ഉദയത്തോടെയാണ് കേരളത്തിൽ ജാതിവ്യവസ്ഥ രൂപമെടുത്തത്.

> ▶ ഇന്ത്യയിൽ മാത്രമുള്ള പ്രതിഭാസം

### 2.2.2.2 ജാതിവ്യവസ്ഥ കേരളത്തിൽ

ബുദ്ധമതത്തിന്റെ പ്രഭാവകാലം അവസാനിക്കുന്നതുവരെ കേരളത്തിൽ ജാതിയുണ്ടായിരുന്നില്ല. പറയൻ, പാണൻ, ചാന്റോൻ, എന്നിങ്ങനെയുള്ള പേരുകൾ തൊഴിലിന്റെ അടിസ്ഥാനത്തിൽ ജനസമൂഹങ്ങളെ സൂചിപ്പിക്കുക മാത്രമായിരുന്നു. ഇവർ തമ്മിൽ അയിത്തമോ വിവേചനമോ ഉണ്ടായിരുന്നില്ല. വിദ്വാനായ പാണനുള്ള സ്ഥാനം മാത്രമേ വിദ്വാനായ ബ്രാഹ്മണനും രാജസഭയിൽ ഉണ്ടായിരുന്നുള്ളു. ഏഴും എട്ടും നൂറ്റാണ്ടുകളിലെ ശൈവ-വൈഷ്ണവ ഭക്തിപ്രസ്ഥാനങ്ങളുടെ കാലത്തും ജാതിസമ്പ്രദായത്തിനു വേരുറയ്ക്കാൻ കഴിഞ്ഞില്ല. ബ്രാഹ്മണരായ ചില ശിവഭക്തന്മാർ സ്വയം ജാതിമേന്മ നടിച്ചിരുന്നെങ്കിലും ജാതിസമ്പ്രദായത്തെ പൊതുവേ സമൂഹം അംഗീകരിച്ചില്ല. എന്നാൽ ബ്രാഹ്മണർക്കുണ്ടായ ആധിപത്യം ഇവിടെ ജാതിവ്യവസ്ഥ വേരുറയ്ക്കാൻ സഹായകമായി. എട്ടാം നൂറ്റാണ്ട് കഴിയുന്നതോടെ സാമൂഹികമായും സാംസ്കാരികമായും രാഷ്ട്രീയമായും ബ്രാഹ്മണർ മേൽക്കൈനേടി. അതോടെ ജാതിവ്യവസ്ഥയും ആരംഭിച്ചു. ബ്രാഹ്മണരും അവരോടടുത്തവരും, ബ്രാഹ്മണമതത്തെ എതിർ

Remove Watermark Now

ക്കുന്നവരും എന്നിങ്ങനെ കേരളീയസമൂഹം രണ്ടായി വിഭജിക്കപ്പെട്ടു. ശൈവ-വൈഷ്ണവ മതാനുയായികൾ ബ്രാഹ്മണരെ അനുകൂലിച്ച വരും ബുദ്ധ-ജൈനമതാനുയായികൾ ഇവരെ പ്രതികൂലിച്ചവരുമാണ്. അങ്ങനെ ആദ്യത്തെ കൂട്ടർ ഹിന്ദുമതക്കാരും മറ്റുള്ളവർ ഹിന്ദുമതത്തിന് പുറത്തുള്ളവരുമായി. ക്രമേണ ഹിന്ദുമതം സ്വീകരിച്ചവരെ വർണ്ണങ്ങളായി വിഭജിച്ചു. ബ്രാഹ്മണർക്കുതാഴെ രാജാക്കന്മാരെല്ലാം ക്ഷത്രിയന്മാർ എന്നറിയപ്പെട്ടു. അന്ന് കച്ചവടം വിദേശികളും ക്രിസ്ത്യാനികളും ജൂതന്മാരുമടങ്ങുന്നവരുടെ കയ്യിലായിരുന്നതുകൊണ്ട് വൈശ്യർ എന്നൊരു വിഭാഗം ഇവിടെ ശക്തമായില്ല. പിന്നീട് ബ്രാഹ്മണമതം പിന്തുടർന്ന നായന്മാരടക്കമുള്ളവർ സവർണ്ണവിഭാഗമായി മാറുകയും ബ്രാഹ്മണമതത്തെ എതിർത്ത ബൗദ്ധന്മാരടക്കമുള്ളവർ വർണ്ണവ്യവസ്ഥയ്ക്കുപുറത്താകുകയും ചെയ്തു. ജാതിവ്യവസ്ഥയും ആയിത്താചാരങ്ങളും രൂപപ്പെടുത്തിയെടുത്തതിൽ പന്തീരാണ്ടു സഭകൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. പന്തീരാണ്ടു സഭകളുടെ സ്വാധീനവും തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങൾ നിലവിൽ വരുന്നതിനും തീണ്ടലും തൊടീലും രൂക്ഷമായി തീർന്നതിനും കാരണമായി. ശങ്കരസ്മൃതിയും ജാതിനിർണ്ണയവും രാജ്യത്തിലെ നിയമമാക്കി മാറ്റുവാൻ ബ്രാഹ്മണർക്ക് യാതൊരു പ്രയാസവുമുണ്ടായില്ല.

▶ ബ്രാഹ്മണ ആധിപത്യം

## നായന്മാർ

കേരളത്തിലെ ഏറ്റവും വലിയ സമുദായങ്ങളായ നായരും ഈഴവരും കേരളത്തിലെത്തന്നെ ജനവിഭാഗങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്നവരാണ്. നാകത്താന്മാരാണ് നായന്മാരായി തീർന്നതെന്ന് ചട്ടമ്പിസ്വാമികൾ രേഖപ്പെടുത്തുന്നു. ശൈവഭക്തിപ്രസ്ഥാനത്തിന്റെ അനുയായികളായിരുന്ന നാകത്താന്മാർ ശിവഭക്തന്മാരായിരുന്നു. പിന്നീട് അവർ ബ്രാഹ്മണമതാനുയായികളായിത്തീർന്നു. ഈ ജനവിഭാഗമാണ് നായന്മാർ. ബ്രാഹ്മണാധിപത്യം സ്വീകരിച്ചതുകൊണ്ടാണ് നായന്മാർ സവർണ്ണരായി കണക്കാക്കപ്പെട്ടത്. കേരളത്തിലെ വിവിധ സമുദായങ്ങളിൽപ്പെട്ടവർ നായർസമുദായത്തിൽ ലയിച്ചിട്ടുണ്ട്. ആയർ, ഇടയർ, മേളാളർ, എന്നിവരാണ് ഈ സമുദായങ്ങൾ. ഇതു കൂടാതെ 'ചക്കാൻ (എണ്ണയാട്ടുകാരൻ), വണിയൻ (കച്ചവടക്കാരൻ), എരുമൻ (ആട്ടിടയൻ), കണിശൻ, പണിക്കർ, വള്ളിച്ചൻ, ഊരാളി അവസാനമായി വെള്ളാളർ എന്നിവരെല്ലാം ചേർന്നു വിപുലപ്പെട്ടതാണ് ഇന്നത്തെ നായർ സമുദായം.' ഇവരും മരുമക്കത്തായികളായിരുന്നുവെന്നതാണ് ജാതിവ്യവസ്ഥയിൽ സവർണ്ണപദവി ലഭിക്കാനുള്ള മറ്റൊരു കാരണമാണ്.

▶ വിവിധ സമുദായങ്ങളുടെ ലയനം

## ഈഴവർ

ഈഴവർ സിലോണിൽനിന്നു വന്നവരാണെന്നാണ് ഐതിഹ്യം. 'ഈഴം' ശബ്ദത്തിന് സിലോൺ എന്നർഥമുള്ളതുകൊണ്ടും ഈഴത്തുനാട്ടിൽ നിന്നയക്കപ്പെട്ടവരുടെ സന്തതിപരമ്പരകളാണ് ഈഴവർ എന്ന വടക്കൻപാട്ടിലെ പരാമർശം കൊണ്ടുമാണ് ഈഴവരുടെ ഉൽപ്പത്തി ചരിത്രത്തെ സിലോണുമായി ബന്ധിപ്പിക്കുന്നത്. എന്നാൽ നായന്മാരെപ്പോലെ ഈഴവരും പ്രാചീനതമിഴകത്തെ ഗോത്രങ്ങളിൽ

Remove Watermark Now

നിന്ന് പരിണമിച്ചതാണെന്ന വാദത്തിനാണ് ചരിത്രത്തിന്റെ പിൻബലം. എ.ഡി. ആറാം നൂറ്റാണ്ടുവരെ കേരളജനസംഖ്യയിൽ നല്ലൊരു വിഭാഗം ബുദ്ധമതക്കാരായിരുന്നു. ബ്രാഹ്മണാധിപത്യത്തോട് അടുത്തുനിന്ന ബുദ്ധമതാനുയായികൾ പിൽക്കാലത്ത് ഹിന്ദുമതം സ്വീകരിച്ചപ്പോൾ അവരെ അവർണരായിട്ടാണ് കണക്കാക്കിയത്. ബ്രാഹ്മണമതത്തെ എതിർത്ത ഇക്കൂട്ടരാണ് ഈഴവർ എന്ന പേരിലറിയപ്പെട്ടത്. ഈഴവരടക്കമുള്ള അവർണ്ണസമുദായങ്ങളെ താഴ്ത്തിക്കെട്ടുവാനാണ് ബ്രാഹ്മണമതം ശ്രമിച്ചത്. സാമ്പത്തികമായി ഭൂമിയുടെ മേലുള്ള അവകാശം തട്ടിയെടുത്തും ആചാരപരമായി അയിത്തത്തിന്റെ പേരിൽ മാറ്റി നിർത്തിയും ബുദ്ധിപരമായി വിജ്ഞാനസമ്പാദനമാർഗങ്ങളെല്ലാം അടച്ചുകൊണ്ടുമാണ് ബ്രാഹ്മണാധിപത്യം ഈഴവരെ താഴ്ന്ന നിലയിലാക്കിയത്. ഈഴവസമുദായത്തിലും ധാരാളം ഗണങ്ങൾ ലയിച്ചു ചേർന്നിട്ടുണ്ട്. കൃഷിചെയ്തുജീവിക്കുന്ന ഉഴവർ, മദ്യഹാരകന്മാരായ ചാന്റോർ (ചാത്തൻ), യോദ്ധാക്കളായി ജീവിച്ച വില്ലോർ, എന്നിവർ സംഘകാലത്തും; പിന്നീട് ബൗദ്ധപ്രഭവകാലത്ത് അവർ ബുദ്ധമതക്കാരായും ബ്രാഹ്മണമേധാവിത്വകാലത്ത് ഈഴവരായ അയിത്തജാതിക്കാരായും പരിണമിക്കുകയും ചെയ്തു.

▶ ബ്രാഹ്മണ മതത്തെ എതിർത്തു

## അവർണ്ണർ

നായരും ഈഴവരുമല്ലാത്ത മറ്റ് പല ജാതികളുടേയും ഉത്ഭവം ഗണത്തിന്റെയും തൊഴിലിന്റെയും അടിസ്ഥാനത്തിലായിരുന്നു. പുലങ്ങളിൽ (പുലം-വയൽ) ജോലി ചെയ്തിരുന്നവർ പുലയരായിത്തീർന്നു. പൊറൈയെ(പൊറൈയൻ- കുന്നിന്മേടുകളിൽ താമസിക്കുന്നവൻ)നാണ് പറയനായിത്തീർന്നത്. വേട്ടുവൻ വേടന്മാരായിരുന്നു. വല വീശി മീൻ പിടിച്ചിരുന്നവർ വാലന്മാരായി. ആശാരിപ്പണി ചെയ്യുന്നവർ തച്ചന്മാരും ഇരുമ്പായുധങ്ങൾ നിർമ്മിക്കുന്നവർ കൊല്ലന്മാരും എന്ന് സംഘംകൃതികളിൽപോലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ബ്രാഹ്മണാധിപത്യത്തിന് കൂട്ടുനിൽക്കാത്ത ഇവരെല്ലാം അവർണ്ണരായി. ഓരോ വിഭാഗത്തിന്റെയും സാമ്പത്തികനിലയനുസരിച്ച് ഇവർ തമ്മിൽത്തന്നെ ഉച്ചനീചത്വങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

▶ ഗണവും തൊഴിലും അടിസ്ഥാനം

### 2.2.3 ജാതിപരമായ അസമത്വം

ജാതിവ്യവസ്ഥ ദൃഢപ്പെടുകയും ജാതിശ്രേണിയിൽ മേൽത്തട്ടുകാരായി വിഭജിക്കുകയും ചെയ്ത ബ്രാഹ്മണർ കീഴ്ത്തട്ടിലുള്ള ജനവിഭാഗങ്ങളെ എല്ലാവിധത്തിലും അടിച്ചമർത്തി. കുറ്റാന്വേഷണത്തിലും ശിക്ഷാവിധിയിലും വരെ ജാതിവിവേചനം കടന്നുവന്നു. ബ്രാഹ്മണർക്ക് തൂക്കുപരീക്ഷ, ക്ഷത്രിയർക്ക് അഗ്നിപരീക്ഷ, വൈശ്യർക്ക് ജലപരീക്ഷ, ശൂദ്രർക്ക് വിഷപരീക്ഷ എന്നതായിരുന്നു രീതി. ബ്രാഹ്മണർക്ക് തടവുശിക്ഷയോ വധശിക്ഷയോ ഉണ്ടായിരുന്നില്ല. അവർണ്ണർക്ക് എല്ലാവിധ സാമൂഹികനീതികളും പൊതുമര്യാദകളും വിലക്കപ്പെട്ടു. പൊതുവഴി നടക്കാനോ ക്ഷേത്രങ്ങളിൽ പ്രവേശിക്കാനോ അനുവാദമുണ്ടായിരുന്നില്ല. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അക്കാലത്ത് നിലനിന്നു. അവർണ്ണർ നമ്പൂതിരിയെ കാണാനിടയായാൽപ്പോലും അയിത്തം കല്പിച്ചിരുന്നു. ഭരണാധികാരികളുടെ മൗനാനുവാദത്തോടെ താണജാതിക്കാരെ വധിക്കു

Remove Watermark Now

കപോലും ചെയ്തിരുന്നു. പുലയർ, പറയർ, ചെറുമർ തുടങ്ങിയ സമുദായക്കാരെ കാർഷിക അടിമകളായി കരുതി വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ഏർപ്പാടും ആദ്യകാലങ്ങളിൽ നിലവിലിരുന്നു. പത്തൊൻപതാം നൂറ്റാണ്ടുവരെ ജാതിവിവേചനവും ജാതിപീഢനവും അതിശക്തമായി നിലനിന്നു. പാശ്ചാത്യമിഷണറിമാരുടെയും ശ്രീനാരായണഗുരു, അയ്യൻകാളി, ചട്ടമ്പിസ്വാമികൾ, തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കളുടെയും അശ്രാന്തപരിശ്രമമാണ് കേരളത്തെ ജാതിഭ്രാന്തിൽ നിന്ന് മോചിപ്പിച്ചത്. 1936-ലെ ക്ഷേത്രപ്രവേശനവിളംബരത്തോടെ (ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ) എല്ലാ അവർണ്ണർക്കും ക്ഷേത്രപ്രവേശനം സാധ്യമാക്കിയത് കേരളചരിത്രത്തിലെ ഒരു സുവർണ്ണ അധ്യായത്തിന് തുടക്കമായി.

- ▶ അയിത്തവും അനാചാരവും

## 2.2.4 രംഗകലകൾ

### 2.2.4.1 ക്ഷേത്രകലകൾ

നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും അനന്തരഫലമായി കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാംസ്കാരികമേഖലകളിൽ വമ്പിച്ച പരിവർത്തനമുണ്ടായി. ക്ഷേത്രങ്ങൾ ആരാധനാകേന്ദ്രങ്ങൾ മാത്രമല്ല കലകളുടെയും വിജ്ഞാനത്തിന്റെയും പ്രകടനത്തിന്റെയും കേന്ദ്രങ്ങളായി മാറി. സാംസ്കാരികകലാരംഗത്തുണ്ടായ പുരോഗതിയിൽ കേരളത്തിന്റെ സുവർണ്ണകാലഘട്ടമാണിത്. പ്രധാന ക്ഷേത്രങ്ങളുടെയെല്ലാം നിർമ്മാണകാലമിതാണ്. അതോടനുബന്ധിച്ച് ക്ഷേത്രകേന്ദ്രിതമായ കലാരൂപങ്ങളും രൂപം കൊണ്ടു.

- ▶ സാംസ്കാരിക പുരോഗതി

### കൂത്ത്

പുരാണകഥകളേയും കഥാപാത്രങ്ങളേയും രംഗത്തവതരിപ്പിക്കുന്ന ഏകാംഗപ്രധാനമായ രംഗകലയാണ് കൂത്ത്. കൂത്ത് നടത്തിയിരുന്നത് ക്ഷേത്രങ്ങളോടുചേർന്ന കൂത്തമ്പലങ്ങളിലായിരുന്നു. ചാക്യാന്മാർ കൂത്തുപറയുമ്പോൾ നമ്പ്യാരുടെ മിഴാവും നങ്ങ്യാരുടെ കുഴിത്താളവും അകമ്പടിയായുണ്ടാവും. പുരാണകഥകളെ സമകാല ജീവിതസംഭവങ്ങളുമായി ബന്ധിപ്പിച്ച് സരസമായി ഹാസ്യരസപ്രധാനമായി ചാക്യാർ അവതരിപ്പിക്കും. ഏത് വിശിഷ്ടവ്യക്തിയായാലും അവരെ പരിഹസിക്കുന്നതിനും വിമർശിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ചാക്യാർക്കുണ്ടായിരുന്നു. കൂത്തിനുതന്നെ പ്രബന്ധക്കൂത്ത്, പറക്കുംകൂത്ത്, നങ്ങ്യാർകൂത്ത് തുടങ്ങിയ പ്രകാരഭേദങ്ങളുമുണ്ട്. ചാക്യാരുടെ വേഷം കൂടിയാട്ടത്തിലെ വിദൂഷകന്റെ വേഷത്തിന് സമാനമാണ്. ശിരസ്സിൽ കൊന്ത, ചുവപ്പുതുണി, ചുട്ടിത്തുണി, കടുമാവാസികം, പീലിപ്പട്ടം, കേശഭാരം എന്നിവ അണിയുന്നു. കഴുത്തിൽ പൊഴുമ്പ്, കൈയ്യിൽ തോൾവള, കടകം, അരയിൽമാറ്റ്, മേൽപ്പുടവ, പൊയ്നഖം എന്നിവ അണിയും. ദേഹത്തും കാലിലും അരിമാവും പുരട്ടും. മുഖത്ത് കരകണ്ണെഴുതി പൊട്ടുതൊട്ട് മീശവച്ച് ഭംഗിവരുത്തി ചെവിപ്പൂവ് അണിയുകയും ചെയ്യും. കൂത്തമ്പലത്തിലെ രംഗപീഠത്തിൽ ഇരുന്നും നിന്നും നടന്നുമാണ് ചാക്യാർ കൂത്ത് പറയുന്നത്. കൂത്തും കൂടിയാട്ടവും ചാക്യാർസമുദായത്തിന്റെ കലകളാണ്.

- ▶ വിമർശിക്കാനുള്ള സ്വാതന്ത്ര്യം

iSkysoft

Remove Watermark Now

## കൂടിയാട്ടം

സംസ്കൃത നാടകങ്ങളുടെ കേരളീയാവതരണമാണ് കൂടിയാട്ടം. ഇതും കൂത്തമ്പലങ്ങളിൽ തന്നെയാണ് നടത്തിയിരുന്നത്. ഇതിൽ ഒന്നിലധികം അഭിനേതാക്കൾ രംഗത്ത് വരുന്നു. ചാക്യാർ പുരുഷവേഷവും നങ്ങ്യാർ സ്ത്രീവേഷവും കെട്ടുന്നു. ചെമ്പുകൊണ്ടോ, മണ്ണുകൊണ്ടോ ഉള്ള ചെറിയ കുടമാണ് മിഴാവ്. കൂടിയാട്ടത്തിന്റെ അകമ്പടിവാദ്യമായ മിഴാവ് കൊട്ടുന്നത് നമ്പ്യാരാണ്. പ്രധാന നടന്മാർ സംസ്കൃതശ്ലോകം ചൊല്ലി ആംഗികാഭിനയവും വാചികവ്യാഖ്യാനവുമായി അഭിനയം നിർവഹിക്കുന്നു. വിദൂഷകൻ മാത്രമേ ഭാഷാശ്ലോകങ്ങൾ ചൊല്ലി വ്യാഖ്യാനം പറയാറുള്ളൂ.

▶ സംസ്കൃത നാടകങ്ങളുടെ കേരളീയാവതരണം

കൂടിയാട്ടത്തിലെ നാട്യത്തിന് ആധാരം ഭരതമുനിയുടെ 'നാട്യശാസ്ത്ര'മാണ്. എങ്കിലും 'ഹസ്തലക്ഷണദീപിക'യിലെ 24 മുദ്രകളും ഉപയോഗിക്കുന്നു. പച്ച, പഴുക്ക എന്നീ രണ്ട് വിധത്തിലാണ് നായകവേഷം. വിദൂഷകന്റെ വേഷം കൂത്തിലെ ചാക്യാരുടേതുതന്നെയാണ്. പതിഞ്ഞാട്ടം, ഇളകിയാട്ടം, ഇരുന്നാട്ടം എന്നിങ്ങനെ മൂന്നുവിധത്തിലുള്ള അഭിനയപ്രകരണങ്ങൾ കൂടിയാട്ടത്തിനുണ്ട്. വിനോദം, വഞ്ചനം, അശനം, രാജസേവ എന്നിവയാണ് കൂടിയാട്ടത്തിലെ പുരുഷാർഥങ്ങൾ. എ. ഡി. 8-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കുലശേഖരവർമ്മയാണ് കൂടിയാട്ടത്തിന്റെ ഉപജ്ഞാതാവായി കരുതുന്നത്. അദ്ദേഹത്തിന്റെ സചിവനായ തോലൻ (അതുലൻ) കൂടിയാട്ടം രൂപപ്പെടുത്തുന്നതിൽ രാജാവിനെ സഹായിച്ചിരുന്നതായും കാണുന്നു. കുലശേഖരന്റെ സുഭദ്രാധനഞ്ജയമാണ് ഇന്നും കൂടിയാട്ടത്തിന് ഏറെ ഉപയോഗിക്കുന്ന കൃതി. കൂത്തും കൂടിയാട്ടവും ചാക്യാന്മാർ തങ്ങളുടെ കുത്തകാവകാശമായി കരുതിയിരുന്നു. അപാരമായ അറിവും പാണ്ഡിത്യവും ശിക്ഷണവുമുണ്ടെങ്കിലേ ഈ രംഗത്ത് ശോഭിക്കാൻ കഴിയുകയുള്ളൂ. ആസ്വാദനത്തിനായാലും ഈ പാണ്ഡിത്യം ആവശ്യമുണ്ടുതാനും. സർവോപരി കഥയുടെ ഏകാഗ്രതയിലോ ആസ്വാദകഹൃദ്യതയിലോ ശ്രദ്ധയൂന്നാതെ ചിട്ടകളിൽ മാത്രം കേന്ദ്രീകരിക്കുന്നത് കൂടിയാട്ടത്തിന്റെ പ്രചാരത്തെ ഏറെ ബാധിച്ചിട്ടുണ്ട്.

▶ മൂന്നുവിധത്തിൽ അഭിനയപ്രകരണങ്ങൾ

## കഥകളി

കഥകളിയുടെ ആവിർഭാവത്തിന് ചാക്യാർകലകളുടെ സ്വാധീനമുണ്ട്. ഇതുകൂടാതെ കേരളത്തിലെ ശ്രദ്ധേയമായ പല അനുഷ്ഠാനകലാരൂപങ്ങളുടെ സ്വാധീനവും കഥകളിയിൽ പ്രകടമാണ്. ഇത് കൂടാതെ പന്ത്രണ്ടാം ശതകത്തിൽ ബംഗാളിൽ ജീവിച്ചിരുന്ന ജയദേവകവിയുടെ ഗീതഗോവിന്ദത്തിന്റെ രംഗപ്രയോഗങ്ങളും കഥകളിയുടെ ആവിർഭാവത്തിന് കാരണമായതായി പറഞ്ഞുവരുന്നു. ചാക്യാർകലകളുടെ ഗഹനത കൊണ്ട് അത് സാമാന്യജനത്തിന് സുഗമമായി ആസ്വദിക്കാൻ കഴിയാതെ പോയി. ഇതിന്റെ പരിഹാരമായിട്ടാണ് കോഴിക്കോട് മാനവേദൻ സാമൂതിരി 'കൃഷ്ണനാട്ടം' എന്ന നൃത്തനാടകം രൂപകൽപ്പന ചെയ്തത്. ഇതിൽ നൃത്തം, ഗീതം, വാദ്യം എന്നീ മൂന്നംശങ്ങളെയും അദ്ദേഹം സമന്വയിപ്പിച്ചു. കൃഷ്ണനാട്ടം തെക്കൻപ്രദേശങ്ങളിൽ അവതരിപ്പിക്കാൻ ക്ഷണിച്ചെങ്കിലും സാമൂതിരി നിഷേധിക്കുകയായിരുന്നു. അങ്ങനെ അപമാനിതനായ കൊട്ടാരക്കര

Remove Watermark Now

തമ്പുരാൻ കൃഷ്ണനാട്ടത്തിന് ബദലായി ഉണ്ടാക്കിയ കലാരൂപമാണ് രാമനാട്ടം. ഇത് രാമായണ കഥയുടെ നൃത്തനൃത്യനാട്യയുക്തമായ അവതരണമായിരുന്നു. ഈ രാമനാട്ടമാണ് കഥകളിയായി രൂപാന്തരപ്പെട്ടത്. രാമനാട്ടത്തിന്റെ പരിമിതികൾ പരിഹരിച്ച് പരിഷ്കരിച്ചത് വെട്ടത്തുരാജാവാണ്. അതിനുശേഷം പരിഷ്കാരങ്ങൾ വരുത്തിയവരുടെ പേര് ചേർത്ത് കഥകളി ചിട്ടകളെ കപ്ലിങ്ങാടൻ ചിട്ട, കല്ലുവഴിച്ചിട്ട എന്നിങ്ങനെയും തെക്കൻ ചിട്ട, വടക്കൻചിട്ട എന്നിങ്ങനെയും വ്യവഹരിച്ചു കാണാറുണ്ട്.

▶ ചാക്യാർ കലകളുടെ സ്വാധീനം

ചതുർവിധ അഭിനയങ്ങൾക്കും കഥകളിയിൽ സ്ഥാനമുണ്ട്. വാചികം എന്ന അംശം മാത്രം പാട്ടുകാരാണ്, നടനല്ല നിർവഹിക്കുന്നത് എന്നേയുള്ളൂ. വാക്യാർഥാഭിനയ പ്രധാനമാണ് നാടകമെങ്കിൽ കഥകളി പദാർഥാഭിനയപ്രധാനമാണ്. ഓരോ പദത്തിന്റെയും അർഥം മുദ്രകളിലൂടെ കാട്ടി, അതനുസരിച്ചുള്ള രസങ്ങൾ മുഖത്തു വരുത്തി അഭിനയിക്കുന്ന സമ്പ്രദായമാണ് കഥകളിയിലുള്ളത്. പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെയാണ് കഥകളിയിലെ വേഷസമ്പ്രദായങ്ങൾ. ഇത് ഗുണപ്രകൃതങ്ങളുടെ അടിസ്ഥാനത്തിലാണ്. സാത്വികം, രാജസം, താമസം എന്നിവയ്ക്ക് യഥാക്രമം പച്ച, കത്തി, കരി എന്നീ വേഷങ്ങളാണ്. സ്ത്രീവേഷത്തിന് മിനുക്ക് എന്നു പറയും. ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം എന്നിവയാണ് കഥകളിയിലെ വാദ്യങ്ങൾ. കഥകളിയിലെ വാചികം, സംഗീതമാണെന്ന് പറഞ്ഞല്ലോ. ഒന്നാംപാട്ടുകാരനെ പൊന്നാനി എന്നും രണ്ടാം പാട്ടുകാരനെ ശിങ്കിടി എന്നും പറയുന്നു. കഥകളിയിൽ ഉപയോഗിക്കുന്ന സംഗീതം സോപാനസംഗീതത്തിന്റെ മട്ടിലുള്ളതാണ്. കേരളീയമായ സോപാനസംഗീതം തികച്ചും ഭാവപ്രധാനവുമാണ്. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. ആട്ടക്കഥകൾ ശ്ലോകം, പദം, ദണ്ഡകം എന്നീ മൂന്ന് തരത്തിലാണ് രചിക്കുക. ശ്ലോകം കവി വാക്യവും പദം നടവാക്യവുമാണ്. ദണ്ഡകങ്ങൾ പലപ്പോഴും ചില അവസ്ഥകളുടെ വർണ്ണനകളായിരിക്കും. കഥകളിയിലെ നടന്റെ ആട്ടം ചൊല്ലിയാട്ടം, ഇളകിയാട്ടം എന്നിങ്ങനെ രണ്ടു വിധമാണ്. പാട്ടുകാർ പാടുന്ന പദങ്ങൾക്കനുസരിച്ചുള്ള അഭിനയമാണ് ചൊല്ലിയാട്ടം. പാട്ടുകാർ പാടിക്കഴിഞ്ഞാൽ ആ ഭാഗങ്ങൾ നടന്റെ ഭാവനയ്ക്ക് അനുസരിച്ച് വീണ്ടും അഭിനയിക്കുന്നതാണ് ഇളകിയാട്ടം. ഇതിന് തന്റേടാട്ടം, മനോധർമ്മമാട്ടം എന്നീ പേരുകളുമുണ്ട്. നൃത്തത്തിന്റെ ചാരുതയും നൃത്യത്തിന്റെ ശാസ്ത്രീയതയും നാട്യത്തിന്റെ സാങ്കേതികതയും ഒത്തിണങ്ങിയ തികച്ചും കേരളീയമായ കലാരൂപമാണ് കഥകളി.

▶ കേരളീയ കലാരൂപം

## ഓട്ടൻതുള്ളൽ

മനോഹരമായ വേഷവിധാനത്തോടെ മദ്ദളം, കൈമണി എന്നിവ ഉപയോഗിക്കുന്ന പാട്ടുകാരോടൊത്ത് അഭിനയിക്കുന്ന ഏകാംഗ നൃത്താഭിനയമാണ് ഓട്ടൻതുള്ളൽ. സാധാരണ ജനങ്ങളെ ഏറെ ആകർഷിക്കുന്ന ഈ ദൃശ്യകലാരൂപം, അമ്പലപ്പുഴ ക്ഷേത്രത്തിലെ നാടകശാലയിൽ വച്ച് ചാക്യാരുടെ പരിഹാസത്തിന് വിധേയനായ കുഞ്ചൻ നമ്പ്യാർ ഒറ്റദിവസം കൊണ്ട് സംവിധാനം ചെയ്തവതരിപ്പിച്ചതാണ് എന്നാണ് ഐതിഹ്യം. ഈ ഐതിഹ്യം പൂർണ്ണമായും അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും നമ്പ്യാരുടെ നേതൃത്വത്തിൽ രൂപം

Remove Watermark Now

കൊണ്ട കലാരൂപമാണ് ഓട്ടൻതുള്ളൽ എന്ന് വിശ്വസിക്കപ്പെടുന്നു. കൂത്തമ്പലത്തിൽ കൂത്തും കൂടിയാട്ടവും കണ്ട് ആസ്വദിക്കാൻ അനുവാദമോ സൗകര്യമോ ഇല്ലാത്ത ബ്രഹ്മണേതര സമുദായക്കാർക്ക് വേണ്ടിയുള്ള ഒരു കലാരൂപം എന്ന നിലയിൽ വളരെ മുമ്പേതന്നെ നിലവിലിരുന്നതാണെന്ന് കേരളസാഹിത്യ ചരിത്രകാരനായ ഉള്ളൂർ പറയുന്നു. എന്നാൽ തുള്ളലിന്റെ വ്യവസ്ഥാപകൻ എന്ന നിലയിലായിരിക്കണം നമ്പ്യാരുടെ പേരിലുള്ള ഈ ഐതിഹ്യത്തിന് പ്രചാരം കിട്ടിയത്. കൂത്ത്, കൂടിയാട്ടം, കഥകളി, പടയണി, കോലംതുള്ളൽ തുടങ്ങി ശാസ്ത്രീയവും നാടോടിപ്രധാനവുമായ കലകളുടെ സ്വാധീനം തുള്ളലിൽ കാണാനാകുമെന്നത് പരക്കെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ മൂന്നുവിധത്തിലുള്ള തുള്ളലുകളുണ്ട്. ഇതിനെല്ലാം ഉടുത്തുകെട്ടിലും അവതരണത്തിലും തനതായ സമ്പ്രദായങ്ങളുമുണ്ട്. ചാക്യാർകലകളിലേതുപോലെ ഭാഗികമായ കഥാവതരണമല്ല, മറിച്ച് കഥ പൂർണ്ണമായി അഭിനയിക്കുന്ന കഥകളി സമ്പ്രദായത്തോടാണ് തുള്ളലിന് അടുപ്പം. ജീവിതവിമർശം, ഹാസ്യം തുടങ്ങിയവ സന്നിവേശിപ്പിക്കുന്നതിൽ തുള്ളൽ എന്ന കലാരൂപം ശ്രദ്ധ കേന്ദ്രീകരിച്ചു. വ്യവസ്ഥാപിതമായ ക്ഷേത്രകലകളേയും ജനസാമാന്യത്തിന്റെ നാടൻ കലകളേയും സമന്വയിപ്പിച്ച് ഒരു പുതിയ ദൃശ്യസംസ്കാരം കേരളത്തിനു നൽകി. പൂർവപാരമ്പര്യങ്ങളെ അവഗണിച്ചുകൊണ്ട് പുരാണകഥകൾക്കും പുരാണകഥാപാത്രങ്ങൾക്കും ജീവിതഗന്ധം നൽകി. ദേവന്മാരെയും ദേവലോകത്തെയും അദ്ദേഹം പുനഃസൃഷ്ടിച്ചുകൊണ്ട് നിശിതമായ വിമർശനപരിഹാസങ്ങൾക്ക് വിധേയമാക്കി. നമ്പ്യാർ പ്രബന്ധങ്ങൾ, സംസ്കൃതനാടകങ്ങൾ, ആട്ടക്കഥകൾ ഇവയ്ക്ക് സമാന്തരമായി ശുദ്ധമലയാളത്തിന്റെ ഒരു ദൃശ്യ-കാവ്യ ശാഖ വെട്ടിത്തുറന്നു. സാധാരണക്കാരുടെ ഭാഷയിൽ കാവ്യാവതരണം നടത്തിയ നമ്പ്യാർ സമ്പന്നദരിദ്രഭേദമന്യേ, പാമരപണ്ഡിതഭേദമന്യേ വിനോദവും ധർമ്മോദ്ബോധനവും ആസ്വദിക്കാനുള്ള അരങ്ങൊരുക്കുകയായിരുന്നു. കേരളീയ ഭാഷാരീതി, മൗലികമായ കാവ്യരീതി, കേരളീയമായ രാഗതാളങ്ങൾ, പുരാണകഥകളെയും ദേവകഥാപാത്രങ്ങളെയും ദിവ്യതയുടെ മറനീക്കി യഥാർഥ ജീവിതാവസ്ഥയുടെ പ്രതീകമായി അവതരിപ്പിക്കുന്ന കാവ്യദർശനം തുടങ്ങിയവ തുള്ളൽ പ്രസ്ഥാനത്തിന്റെ സവിശേഷതകളായിരുന്നു.

▶ തുള്ളൽ മൂന്ന് വിധത്തിൽ

## ചിത്രകല

കേരളീയ ചിത്രകലയ്ക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. കന്യാകുമാരി ജില്ലയിലെ തിരുനക്കരയിലെ ചുവർചിത്രങ്ങളാണ് കേരളീയ ചിത്രകലയുടെ ആദ്യത്തെ മാതൃക എന്ന് കരുതപ്പെടുന്നു. പതിനാറാം നൂറ്റാണ്ടിലേതെന്ന് കരുതപ്പെടുന്ന ഒരു ചുവർചിത്രം ഏറ്റുമാനൂർ ശിവക്ഷേത്രത്തിലുണ്ട്. തിന്മയെ പ്രതിനിധാനം ചെയ്യുന്ന രാക്ഷസനെ ചവിട്ടിമെതിച്ചുകൊണ്ട് നൃത്തം ചെയ്യുന്ന നടരാജന്റെ രൂപമാണ് ഈ ചിത്രം. ഇതിനെക്കുറിച്ച് ഡോ. ആനന്ദകുമരസ്വാമി 'ദ്രാവിഡ ചിത്രകലയ്ക്കുള്ള പ്രാചീനമായ ഒരേയൊരു ഉദാഹരണം' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. 14 മുതൽ 16 വരെയുള്ള നൂറ്റാണ്ടുകളിലേതെന്ന് കരുതുന്ന 20 ചിത്രങ്ങൾ വൈക്കം മഹാദേവക്ഷേത്രത്തിലുണ്ട്. 150 ചതുരശ്രയടി വിസ്തീർണ്ണമുള്ള 5 ചുവർചിത്രപാളികൾ തിരുവഞ്ചിക്കുളത്തെ ശി

Remove Watermark Now

വക്ഷേത്രത്തിലുണ്ട്. തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിലെ ചുവർചിത്രം, ശങ്കരനാരായണ ക്ഷേത്രചുവരിലുള്ള ചിത്രം, തൃപ്രയാർ, തൃപ്രങ്ങോട്ട് ക്ഷേത്രങ്ങളിലെ ചുവർചിത്രങ്ങൾ എന്നിവയെല്ലാം കേരളീയ ചിത്രകല ഏറ്റവും സജീവമായിരുന്ന 17, 18 നൂറ്റാണ്ടുകളിലുള്ളവയാണ്. ആലപ്പുഴയിലെ മാന്നാറിലുള്ള പനയന്നാർ കാവിലെ ചുവർചിത്രങ്ങൾ പതിനെട്ടാം നൂറ്റാണ്ടിൽ കേരളീയ ചിത്രകലയ്ക്കുണ്ടായ അപചയത്തെ സൂചിപ്പിക്കുന്നതായി ചരിത്രകാരന്മാർ കണക്കാക്കുന്നു. പത്മനാഭപുരം കൊട്ടാരത്തിലെ നാൽപ്പതിൽപ്പുരം ചുവർചിത്രങ്ങളും കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം ചുവർചിത്രവും പതിനെട്ടാം നൂറ്റാണ്ടിനു മുമ്പ് തന്നെയുള്ള കേരളീയ ചിത്രകലാവൈദഗ്ധ്യത്തിന്റെ നിദർശനങ്ങളാണ്. ഇതിൽ കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം ഏറ്റവും വലിയ ചുവർചിത്രമാണ്.

▶ നൂറ്റാണ്ടുകളുടെ പാരമ്പര്യം

കേരളത്തിന് സ്വന്തമായ മറ്റൊരു ആലേഖനപാരമ്പര്യവും ഉണ്ടായിരുന്നു. മതപരമെന്നോ അനുഷ്ഠാനപരമെന്നോ വിശേഷിപ്പിക്കാവുന്ന കളമെഴുത്ത് സമ്പ്രദായമാണിത്. പദ്മം, സ്വസ്തികം, ചക്രം തുടങ്ങിയ ജ്യാമിതീയ രൂപങ്ങൾ അനുഷ്ഠാനപരവും ആരാധനാപരവുമാണ്. ഇതോടൊപ്പം ദുർഗ, കാളി, ശാസ്താവ്, നാഗങ്ങൾ തുടങ്ങിയ ദേവതകളുടെ ആരാധനയ്ക്കായി ആ രൂപങ്ങൾ ശുദ്ധമാക്കിയ തറയിൽ വരയ്ക്കുന്നു. മഞ്ഞൾ, വാകയില തുടങ്ങിയ നാടൻ പദാർഥങ്ങളാണ് കളമെഴുത്തിന് ഉപയോഗിക്കുക. കളങ്ങൾക്കരികിലിരുന്ന് ദേവതാരാധനപരമായ സ്തുതികൾ പാടുന്നു. കാഴ്ചക്കാരിൽ ഭയവും ആരാധനയും വളർത്തുന്ന വിധത്തിൽ അസാമാന്യ വലിപ്പവും ഭാവപ്പൊലിമയുമുള്ളവയാണ് കളമെഴുത്തിൽ തെളിയുന്ന ദേവതകൾ.

▶ കളമെഴുത്ത്

iSkysoft

പതിനെട്ടാം നൂറ്റാണ്ടോടെ അപചയപ്പെടുന്ന കേരളീയ ചിത്രകലയ്ക്ക് പുതുജീവൻ ലഭിക്കുന്നത് 19-ാം നൂറ്റാണ്ടിൽ സ്വാതി തിരുനാൾ നൽകിയ പ്രോത്സാഹനങ്ങളുടെ ഫലമായാണ്. കൂടാതെ പാശ്ചാത്യ ചിത്രകലാപ്രസ്ഥാനങ്ങളുടെ സ്വാധീനതയും കേരളീയ ചിത്രകലയ്ക്ക് ഉണർവുണ്ടാക്കി. സ്വാതിതിരുനാൾ കൊട്ടാരത്തിലേക്ക് പ്രതിഭാധനരായ ചിത്രകലാകാരന്മാരെ വരുത്തി. സ്വാതിതിരുനാളിന്റെ സദസ്യനായിരുന്ന അളഗിരി നായിഡുവായിരുന്നു രാജാരവിവർമ്മയ്ക്ക് ചിത്രകലയിൽ പരിശീലനം നൽകിയത്.

## സംഗീതം

സംഗീതത്തിന്റെ വളർച്ചക്കും ഗണ്യമായ സംഭാവനകളാണ് മധ്യകാല കേരളം നൽകിയിട്ടുള്ളത്. വീണ, കുഴൽ, ചെണ്ട, പറ തുടങ്ങിയ വാദ്യോപകരണങ്ങളോടെ സംഗീതാലാപനം നടത്തി ദുർദേവതകളെ ഉച്ചാടനം ചെയ്തിരുന്നതായി പുറനാനൂറിൽ പാട്ടുകളുണ്ട്. ഇഷ്ടദേവതാപ്രീതിക്കായി നൃത്തം പോലെ തന്നെ സംഗീതവും പ്രാചീനകാലം മുതലേ ഉപയോഗിച്ചിരുന്നു. ദേവതാപ്രീതിപോലെ തന്നെ രാജപ്രീതിയ്ക്കായി രാജസ്തുതികൾ ആലപിച്ച് രാജാക്കന്മാരിൽനിന്ന് സമ്മാനങ്ങൾ നേടിയിരുന്ന പതിവ് സംഘകാലം മുതലേ നിലവിലുണ്ടായിരുന്നു. സംഗീതത്തിന് കൂടുതൽ പ്രചാരവും പ്രോത്സാഹനവും ലഭിച്ചത് കുലശേഖര ചക്രവർത്തിമാരുടെ കാലത്തായിരുന്നു. പിന്നീടുണ്ടായ ഭക്തിപ്രസ്ഥാനത്തിന്റെ ഉയർച്ചയും വളർച്ചയും സംഗീതകല

Remove Watermark Now

▶ സംഗീതത്തിന് സവിശേഷമായ സ്ഥാനം

യ്ക്ക് ഗണനീയ സംഭാവനകളാണ് നൽകിയത്. ക്ഷേത്രങ്ങളിൽ ഭജന പാടുന്ന പതിവ് ഇതിന്റെ ഭാഗമായുണ്ടായതാണ്. കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും വളർച്ച സംഗീതത്തിനുള്ള പ്രാധാന്യം വർധിപ്പിച്ചു.

വേണാട്ടുരാജാവായ രവിവർമ്മ കുലശേഖരൻ (1299-1314), സംഗീതകലാപ്രവീണനായ ചക്രവർത്തിയായിരുന്നു. അറുപത്തിനാലു കലകളിൽ നിപുണനാണെന്ന് തിരുവനന്തപുരം ശാസനത്തിൽ വാഴ്ത്തുന്നുണ്ട്. പതിനേഴാം ശതകത്തിൽ ഉമയമ്മറാണിയെ സഹായിക്കാൻ വന്ന കോട്ടയം കേരളവർമ്മ വാല്മീകിരാമായണ വിവർത്തനം കൊണ്ട് തന്നെ പ്രസിദ്ധനാണ്. ശ്രീപത്മനാഭനെ സ്തുതിച്ചുകൊണ്ട് ഇരുപത്തിനാല് രാഗങ്ങളിലായി എട്ടു ശ്ലോകങ്ങൾ അദ്ദേഹം രചിച്ചു. സംഗീതരംഗത്തെ മറ്റൊരു പ്രതിഭ ഇരയിമ്മൻ തമ്പിയാണ് (1782-1886). 'കീചകവധം', 'ഉത്തരാസ്വയംവരം', 'ദക്ഷയാഗം' എന്നീ മൂന്ന് ആട്ടക്കഥകൾക്ക് പുറമെ ധാരാളം വർണ്ണങ്ങളും പദങ്ങളും അദ്ദേഹം രചിച്ചു. തമ്പിയുടെ 'ഓമനത്തിങ്കൾക്കിടാവോ' എന്ന് ആരംഭിക്കുന്ന താരാട്ടുപാട്ട് ഭാവഗാംഭീര്യം കൊണ്ട് ഇന്നും നൂതനശോഭയോടെ നിലകൊള്ളുന്നു. എന്നാൽ കേരളീയ സംഗീതചരിത്രത്തിലെ അതുല്യപ്രതിഭ സ്വാതിതിരുനാളായിരുന്നു (1829-47). സംഗീതജ്ഞന്മാരിൽ ചക്രവർത്തിയും ചക്രവർത്തിമാരിൽ സംഗീതജ്ഞനുമായ സ്വാതി തിരുനാൾ മലയാളം, തമിഴ്, തെലുങ്ക്, കന്നട, സംസ്കൃതം, ഹിന്ദി ഭാഷകളിലായി അറുനൂറിൽപ്പരം കൃതികൾ രചിച്ചു. സ്വര, ജതി, വർണ്ണം, കീർത്തനം, പദം, തില്ലാന തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇതുമാത്രമല്ല ഭാരതത്തിലെങ്ങുമുള്ള ഗായകരെ അദ്ദേഹം സദസ്സിലേക്ക് ക്ഷണിച്ച് ആദരിച്ച് ഉപഹാരങ്ങൾ നൽകിയിരുന്നു. വടിവേലു, ശിവാനന്ദം, ചിന്നയ്യ, പൊന്നയ്യ, ഷട്കാലഗോവിന്ദമാരാർ, ലാഹോറിലെ ഇമാം ഫക്കീർ, ഹരിദാസ് ഗോസായി, ഗ്വാളിയാർ ലക്ഷ്മണദാസ് എന്നിവരെല്ലാം സ്വാതിതിരുനാളിനാൽ പുരസ്കൃതരായവരാണ്. സ്വാതിതിരുനാളിന് ശേഷം എടുത്തുപറയേണ്ട മറ്റൊരു പേര് ഇരയിമ്മൻ തമ്പിയുടെ മകളായ കുട്ടികുഞ്ഞു തങ്കച്ചി (1820-1904)യുടേതാണ്. തികഞ്ഞ സംഗീതവിദുഷിയായിരുന്ന തങ്കച്ചി ദീർഘകാവ്യങ്ങളും കീർത്തനങ്ങളും രചിച്ചിട്ടുണ്ട്.

▶ സ്വാതിതിരുനാൾ എന്ന അതുല്യ പ്രതിഭ

ശാസ്ത്രീയസംഗീതത്തിന്റെ മേഖലയിൽ മാത്രമല്ല നാടോടി സംഗീതത്തിന്റെ മേഖലയിലും കേരളം സമ്പന്നമാണ്. ജീവിതത്തിലെ എല്ലാ കർമ്മങ്ങളുമായും ബന്ധപ്പെട്ട നാടൻപാട്ടുകളുണ്ടായിരുന്നു. തെക്കൻപാട്ടുകൾ, പണിപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, അനുഷ്ഠാന പാട്ടുകൾ തുടങ്ങി വിപുലമായ നാടോടി സംഗീതമേഖലയാണ് കേരളത്തിലുള്ളത്. ഇവ കൂടാതെ സംഗീതസാഹിത്യസമ്പന്നമായ തുള്ളൽ, കഥകളി എന്നീ ദൃശ്യരൂപങ്ങളും സംഗീതത്തെ സമ്പന്നമാക്കിയിട്ടുണ്ട്. അതുപോലെ മലബാറിൽ പ്രചാരത്തിലുള്ള മാപ്പിളപ്പാട്ടുകൾ, തിരുവിതാംകൂറിൽ പ്രചാരത്തിലുള്ള വഞ്ചിപ്പാട്ടുകൾ തുടങ്ങിയവയെല്ലാം കേരളീയസംഗീത പാരമ്പര്യത്തിന് എന്നും മുതൽക്കൂട്ടാണ്.

▶ സമ്പന്നമായ നാടോടി സംഗീതം

## 2.2.5 മധ്യകാല വൈജ്ഞാനികലോകം

കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യത്തിന് ദീർഘകാലചരിത്രമുണ്ട്. ക്രിസ്തുവിന് മുമ്പ് ബൗദ്ധപ്രഭാവകാലം മുതൽ ആരംഭിക്കു

Remove Watermark Now

കയും ബ്രാഹ്മണാധിപത്യകാലത്തെ ക്ഷേത്രകേന്ദ്രിത സമൂഹത്തിൽ വളർന്നു വികസിക്കുകയും ചെയ്ത വൈജ്ഞാനികമേഖലകൾ അനവധിയാണ്. ജന്മിനാടുവാഴി സമ്പ്രദായത്തിലുണ്ടായിരുന്ന സാമൂഹികമായ ന്യൂനതകളുടെ മറുപുറമാണ് ഇക്കാലത്തുണ്ടായ വിജ്ഞാനമണ്ഡലങ്ങളിലെ വളർച്ച. ആശയ മണ്ഡലങ്ങളിലുണ്ടായ ഈ വമ്പിച്ച പ്രകാശം കേരളസംസ്കാരത്തിന്റെ മറ്റൊരു മുഖത്തെ അനാവരണം ചെയ്യുന്നു. സാഹിത്യം, സംഗീതം, നൃത്തം എന്നീ കലകളുടെ അഭിവൃദ്ധി മാത്രമല്ല ഗണിതം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, വാസ്തുവിദ്യ, തത്വചിന്ത എന്നീ മേഖലകളിലും മൗലികമായ സംഭാവനകൾ നൽകാൻ മധ്യകാല കേരളസംസ്കാരത്തിന് കഴിഞ്ഞു.

▶ മൗലികമായ സംഭാവനകൾ

## 2.2.5.1 ഗണിതം, ജ്യോതിശാസ്ത്രം (ജ്യോതിർഗണിതം)

ഗണിതവും ജ്യോതിശാസ്ത്രവും ഒന്നിനോടൊന്ന് ബന്ധപ്പെട്ടാണ് കേരളത്തിൽ വളർന്നുവന്നത്. ശങ്കരനാരായണന്റെ കാലം മുതലുള്ള പാരമ്പര്യം കേരളത്തിലെ ജ്യോതിർഗണിതത്തിനുണ്ട്. ഗണിതത്തിലെ 'കടപയാദി' അഥവാ 'പരൽപ്പേര്' സമ്പ്രദായം ജ്യോതിഷത്തിൽ വ്യാപകമായി ഉപയോഗിച്ചിരുന്നു. ജ്യോതിശാസ്ത്രജ്ഞനായ ആര്യഭടൻ കേരളീയനാണെന്നൊരു പക്ഷമുണ്ട്. ആര്യഭടീയത്തിന്റെ മികച്ച വ്യാഖ്യാതാക്കൾ കേരളീയരുമാണ്. ആര്യഭട്ടന്റെ 'പരഹിതഗണിതം' ഒരു മാമാങ്കകാലത്ത് പരിഷ്കരിക്കുകയും അത് പരഹിതം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. വരാഹമിഹിരന്റെ ബൃഹജ്ജാതകത്തിന് വ്യാഖ്യാനം എഴുതിയത് തിരൂരിലുള്ള ഗോവിന്ദഭട്ടനാണ്. 'വേണ്വാരോഹം' എന്ന ഗ്രന്ഥം രചിച്ച സംഗ്രാമമാധവൻ, ദൃഗ്ഗണിത ജ്യോതിശാസ്ത്രപണ്ഡിതനായ പരമേശ്വരൻ, 'ആര്യഭടീയഭാഷ്യം', 'സിദ്ധാന്ത ദർപ്പണം', 'ഗോളസാരം', 'ഗ്രഹണ നിർണ്ണയം' എന്നീ കൃതികളെഴുതിയ നീലകണ്ഠസോമയാജി എന്നിവർ ശ്രദ്ധേയരായ ജ്യോതിർ-ഗണിത പണ്ഡിതന്മാരായിരുന്നു.

▶ കേരളീയ മികച്ച വ്യാഖ്യാതാക്കൾ

യൂറോപ്പിൽ നവോത്ഥാനകാലത്തെത്തുടർന്ന് വളർച്ച പ്രാപിച്ച ജ്യോതിശാസ്ത്രവും ജ്യോതിർഗണിതവും ചുരുങ്ങിയത് ഒരു സഹസ്രാബ്ദത്തിനു മുമ്പുതന്നെ ഇന്ത്യയിൽ സിദ്ധമായ ജ്ഞാനമായി കഴിഞ്ഞിരുന്നു. 14,15 നൂറ്റാണ്ടുകളിലുണ്ടായ ഇന്ത്യൻ ജ്യോതിശാസ്ത്രഗ്രന്ഥങ്ങൾ ഇന്ന് ലോകപ്രസിദ്ധമായിട്ടുള്ളത് ഇതിന് തെളിവാണ്. 15, 16 നൂറ്റാണ്ടുകളിൽ ഇരിങ്ങാലക്കുടയിലും സമീപപ്രദേശങ്ങളിലും വളർന്നുവന്ന ഗണിതസംസ്കാരത്തിന്റെ കേന്ദ്രം സംസ്കൃതത്തിലുള്ള ഭാരതീയഗണിത പാരമ്പര്യമായിരുന്നു. ഇതിൽ ചില കൃതികൾ നാട്ടുഭാഷയിലേക്ക് പകർത്തപ്പെട്ടിട്ടുമുണ്ട്. കേരളീയമായ ഗണിത പദ്ധതിയുടെയും ജ്യോതിർഗണിതത്തിന്റെയും അറിവുകൾ മിഷണറിമാർ മുഖേന പാശ്ചാത്യദേശങ്ങളിൽ പോലും പ്രചാരം നേടിയിട്ടുണ്ട്.

▶ പാശ്ചാത്യ ദേശങ്ങളിലടക്കം പ്രചാരം

## 2.2.5.2 വാസ്തുവിദ്യ

വാസ്തുവിദ്യയുടെ മേഖലയിൽ പ്രാചീനകേരളം അതിബൃഹത്തായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. 'തന്ത്രസമുച്ചയം', 'വാസ്തുവിദ്യ', 'മനുഷ്യാലയചന്ദ്രിക', 'ശില്പരത്നം' എന്നിവ

Remove Watermark Now

പ്രഖ്യാതമായ വാസ്തുവിദ്യാഗ്രന്ഥങ്ങളത്രേ. കേരളീയമായ വാസ്തുവിദ്യാരീതിയെ ഗാർഹികം, മതപരം എന്നിങ്ങനെ രണ്ടായി തിരിച്ചുകാണുന്നു. വാസഗൃഹങ്ങളുടെയും കൊട്ടാരങ്ങളുടെയും നിർമ്മാണരീതിയാണ് ഗാർഹികം. ക്ഷേത്രങ്ങളുടെയും പള്ളികളുടെയും നിർമ്മാണം മതപരം എന്ന വിഭാഗത്തിൽവരുന്നു. താണവിഭാഗക്കാർ മൺകുടിലുകളിൽ താമസിച്ചിരുന്നു. ഉയർന്ന വരുമാനക്കാർ വരുമാനത്തോതനുസരിച്ച് നാലുകെട്ട്, എട്ടുകെട്ട്, പതിനാറുകെട്ട് എന്നിങ്ങനെ നിർമ്മാണങ്ങൾ നടത്തിയിരുന്നു. മരങ്ങൾ ഏറെ ഉപയോഗപ്പെടുത്തി കൊണ്ടുള്ളതായിരുന്നു കേരളീയമായ ഗൃഹനിർമ്മാണ രീതി.

> ▶ പ്രഖ്യാതമായ വാസ്തുവിദ്യാഗ്രന്ഥങ്ങൾ

കേരളീയമായ വാസ്തുവിദ്യാശൈലിയിലാണ് കേരളത്തിലെ കൊട്ടാരങ്ങളും നിർമ്മിച്ചിട്ടുള്ളത്. ഇപ്പോൾ കന്യാകുമാരി ജില്ലയിൽ സ്ഥിതി ചെയ്യുന്ന പത്മനാഭപുരം കൊട്ടാരം, മട്ടാഞ്ചേരിയിലെ ഡച്ചു കൊട്ടാരം, കായംകുളത്തിനടുത്തുള്ള കൃഷ്ണപുരം കൊട്ടാരം എന്നിവയാണ് കേരളത്തിലെ പ്രസിദ്ധമായ കൊട്ടാരങ്ങൾ. ഇതിൽ കേരളീയവാസ്തുവിദ്യയുടെ ഉത്തമമാതൃകയായിട്ടാണ് പത്മനാഭപുരം കൊട്ടാരത്തെ പരിഗണിക്കുന്നത്. ധർമ്മരാജാവാണ് (1758-98) പത്മനാഭപുരം കൊട്ടാരത്തിൽ താമസിച്ച അവസാനത്തെ തിരുവിതാംകൂർ രാജാവ്. കേരളത്തിന്റെ തനതായ വാസ്തുവിദ്യാശൈലിയിലാണ് കേരളീയക്ഷേത്രങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ചതുരം, ദീർഘചതുരം എന്നീ ആകൃതിയാണ് പൊതുവേ ക്ഷേത്രങ്ങൾക്കുള്ളതെങ്കിലും വൃത്താകാരത്തിലുള്ള ക്ഷേത്രങ്ങളും കാണപ്പെടുന്നുണ്ട്. ഇത്തരം വൃത്താകാരക്ഷേത്രങ്ങൾ കേരളത്തിൽ ബുദ്ധമതത്തിന് പ്രചാരമുണ്ടായിരുന്ന സ്ഥലങ്ങളിലാണ് കാണപ്പെടുന്നത് എന്നതും ശ്രദ്ധേയമാണ്.

> ▶ കേരളത്തിന്റെ തനതായ വാസ്തുവിദ്യാശൈലിയിലാണ് കേരളീയക്ഷേത്രങ്ങൾ

## 2.2.5.3 വൈദ്യശാസ്ത്രം

ബുദ്ധകാലത്തോളം കേരളത്തിലെ വൈദ്യപാരമ്പര്യത്തിന് പഴക്കമുണ്ട്. പല ബുദ്ധവിഹാരങ്ങളും ചികിത്സാകേന്ദ്രങ്ങൾ കൂടിയായിരുന്നു. എന്നാൽ ബ്രാഹ്മണാധിപത്യകാലത്ത് ഇവയെല്ലാം പിടിച്ചെടുത്തു ഹൈന്ദവക്ഷേത്രങ്ങളാക്കി മാറ്റിയതോടെ അതിന്റെ ആതുരശുശ്രൂഷാപാരമ്പര്യം നഷ്ടമായി. ബ്രാഹ്മണാധിപത്യ കാലത്ത് അവർ 18 സംഘങ്ങളായി പിരിഞ്ഞപ്പോൾ ഓരോ സംഘത്തിനും ഓരോ വൈദ്യകുടുംബം എന്ന നിലയിൽ ബുദ്ധഭിക്ഷുക്കളിലെ പ്രമുഖ വൈദ്യനെ സ്വീകരിച്ചിട്ടുണ്ടാവുമെന്ന് വിശ്വസിക്കപ്പെടുന്നു. അതിൽ എട്ട് കുടുംബക്കാർ മാത്രം അവശേഷിച്ചുവെന്നും അവർ അഷ്ടവൈദ്യന്മാർ എന്നറിയപ്പെട്ടുവെന്നുമാണ് അനുമാനം. അതെന്തായാലും ബൗദ്ധരിൽ നിന്നും ജൈനരിൽ നിന്നുമാണ് ബ്രാഹ്മണർ വൈദ്യശാസ്ത്രം വശമാക്കിയെന്നതിൽ തർക്കമില്ല. 'അഷ്ടാംഗഹൃദയ'ത്തിന്റെ കർത്താവായ വാഗ്ഭടൻ എട്ടാം നൂറ്റാണ്ടിലാണ് കേരളത്തിലെത്തിയതെന്ന് കരുതാം. അഷ്ടാംഗഹൃദയത്തിന് ഇന്ന് ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ളത് കേരളത്തിലാണ്. അഷ്ടാംഗഹൃദയം ആസ്പദമാക്കിയാണ് ഇന്ന് കേരളത്തിൽ ആയുർവേദ ചികിത്സ നടത്തുന്നത്.

> ▶ ബുദ്ധകാലത്തോളം പഴക്കം

iSkysoft

Remove Watermark Now

# Summarised Overview

നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും അനന്തരഫലമായി കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാംസ്കാരികമേഖലകളിൽ വമ്പിച്ച പരിവർത്തനമുണ്ടായി. ക്ഷേത്രങ്ങൾ ആരാധനാകേന്ദ്രങ്ങൾ മാത്രമല്ല കലകളുടെയും വിജ്ഞാനത്തിന്റെയും പ്രകടനത്തിന്റെയും കേന്ദ്രങ്ങളായി മാറി. അതോടനുബന്ധിച്ച് ക്ഷേത്രകേന്ദ്രിതമായ കലാരൂപങ്ങളും രൂപംകൊണ്ടു. കൂത്ത്, കൂടിയാട്ടം, കഥകളി, ഓട്ടംതുള്ളൽ തുടങ്ങിയവ ഇക്കാലത്ത് രൂപപ്പെട്ട ശാസ്ത്രീയമായ രംഗകലകളായിരുന്നു. സംഗീതത്തിനു സ്വാതിതിരുനാളിന്റെ കാലഘട്ടത്തിൽ സവിശേഷമായ സ്ഥാനം ലഭിച്ചിരുന്നു.

കേരളത്തിന്റെ വൈജ്ഞാനികപാരമ്പര്യത്തിന് ദീർഘകാലചരിത്രമുണ്ട്. ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, വാസ്തുവിദ്യ, തത്വചിന്താ മേഖലകളിലും മൗലികമായ സംഭാവനകൾ നൽകാൻ മധ്യകാല കേരള സംസ്കാരത്തിന് കഴിഞ്ഞു. ഗണിതവും ജ്യോതിശാസ്ത്രവും ഒന്നിനോടൊന്ന് ബന്ധപ്പെട്ടാണ് കേരളത്തിൽ വളർന്നുവന്നത്. 'ആര്യഭടീയ'ത്തിന്റെ മികച്ച വ്യാഖ്യാതാക്കൾ കേരളീയരായിരുന്നു. വാസ്തുവിദ്യയുടെ മേഖലയിൽ പ്രാചീനകേരളം അതിബൃഹത്തായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. 'തന്ത്രസമുച്ചയം', 'വാസ്തുവിദ്യ', 'മനുഷ്യാലയചന്ദ്രിക', 'ശില്പരത്നം' എന്നിവ പ്രഖ്യാതമായ വാസ്തുവിദ്യാഗ്രന്ഥങ്ങളാണ്. കേരളീയമായ വാസ്തുവിദ്യാരീതിയെ ഗാർഹികം, മതപരം എന്നിങ്ങനെ രണ്ടായി തിരിച്ചുകാണുന്നു. കേരളീയമായ വാസ്തുവിദ്യ ശൈലിയിലാണ് കേരളത്തിലെ ഒട്ടുമിക്ക ക്ഷേത്രങ്ങളും നിർമ്മിച്ചിരിക്കുന്നത്. വൃത്താകാരത്തിലുള്ള ക്ഷേത്രങ്ങൾ ബുദ്ധമത പ്രചാരത്തിന്റെ കാലഘട്ടത്തെ സൂചിപ്പിക്കുന്നു.

കേരളത്തിലെ വൈദ്യപാരമ്പര്യത്തിന് ബുദ്ധകാലത്തോളം പഴക്കമുണ്ട്. ബ്രാഹ്മണാധിപത്യകാലത്ത് അവർ 18 സംഘങ്ങളായി പിരിഞ്ഞപ്പോൾ ഓരോ സംഘത്തിനും ഓരോ വൈദ്യകുടുംബം എന്ന നിലയിൽ ബുദ്ധഭിക്ഷുക്കളിലെ പ്രമുഖവൈദ്യനെ സ്വീകരിച്ചിട്ടുണ്ടാവുമെന്ന് വിശ്വസിക്കപ്പെടുന്നു. അതിൽ എട്ട് കുടുംബക്കാർ മാത്രം അവശേഷിച്ചുവെന്നും അവർ അഷ്ടവൈദ്യന്മാർ എന്നറിയപ്പെട്ടുവെന്നുമാണ് അനുമാനം. അതെന്തായാലും ബൗദ്ധരിൽ നിന്നും ജൈനരിൽ നിന്നുമാണ് ബ്രാഹ്മണർ വൈദ്യശാസ്ത്രം വശമാക്കിയെന്നതിൽ തർക്കമില്ല.

# Assignments

1. കേരളത്തിലെ ജാതിവ്യവസ്ഥയുടെ ഉത്ഭവത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
2. കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രകലകളെക്കുറിച്ച് വിവരിക്കുക.
3. കേരളത്തിലെ പരമ്പരാഗത ജ്ഞാനരൂപങ്ങൾ എന്ന നിലയിൽ ഗണിതത്തെയും ജ്യോതിശാസ്ത്രത്തെയും പരിഗണിക്കാൻ കഴിയുമോ? വിശദീകരിക്കുക.
4. കേരളത്തിലെ വൈദ്യപാരമ്പര്യത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
5. കേരളത്തിലെ ക്ഷേത്രകലാരൂപങ്ങൾ-ഉപന്യാസം തയ്യാറാക്കുക.
6. ജാതിവ്യവസ്ഥയും കേരളസമൂഹവും-ഉപന്യാസം തയ്യാറാക്കുക.
7. കേരളത്തിലെ ചിത്രകലാപാരമ്പര്യത്തെക്കുറിച്ച് ഉപന്യസിക്കുക.
8. നായർ, ഈഴവർ എന്നീ സമുദായങ്ങളുടെ രൂപപ്പെടലിനെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ച്ചപ്പാടുകൾ വിശദീകരിക്കുക.
9. മധ്യകാലകേരളത്തിൽ ചിത്രകലയ്ക്കും സംഗീതത്തിനും ഉണ്ടായ പുരോഗതി വിവരിക്കുക.

Remove Watermark Now

10. ഫ്യൂഡൽകാലഘട്ടമെന്നു വിശേഷിപ്പിക്കുന്ന മധ്യകേരളത്തിന്റെ വൈജ്ഞാനികമണ്ഡലങ്ങളുടെ വളർച്ച പരിശോധിക്കുക.
11. കേരളത്തിൽ ജാതിവ്യവസ്ഥ രൂപപ്പെടാനിടയായ സാഹചര്യങ്ങളേവ. ജാതികൾ, ഉപജാതികൾ എന്നിവയെക്കുറിച്ചും ജാതിബന്ധപരിണാമങ്ങളെക്കുറിച്ചും ഉപന്യസിക്കുക.

## Suggested Reading


1. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
3. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി ബുക്സ്, കോട്ടയം.
5. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
6. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. M.G.S Narayanan, Perumarumals of Kerala, Mathrubhumi books, Calicut


iSkysoft

## References


1. കെ. ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
3. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം ഭാഗം 1, എസ്.പി.സി.എസ്, കോട്ടയം.
5. സ്കറിയ സക്കറിയ (എ. ഡി), 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്., കോട്ടയം.
6. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിന്റെ പതനം, ഡി.സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Remove Watermark Now
iSkysoft

Remove Watermark Now

# Unit 3

# ഭക്തിപ്രസ്ഥാനം

## Learning Outcomes

- ഭക്തിപ്രസ്ഥാനത്തിന്റെ കാലത്തെയും ചരിത്രത്തെയും വിമർശനാത്മകമായി സമീപിക്കുന്നു
- അറബിമലയാളത്തിന്റെ സവിശേഷതകൾ മനസ്സിലാക്കുന്നു
- വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, എന്നിവയുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു
- ശ്രീശങ്കരാചാര്യരുടെ സംഭാവനകളെ അടയാളപ്പെടുത്തുന്നു
- അറബിമലയാളവും മാപ്പിളപ്പാട്ടും സവിശേഷതകൾ മനസ്സിലാക്കുന്നു

## Background

മധ്യകാലഘട്ടത്തിനുമുൻപ് പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ മലയാളസാഹിത്യം, പാട്ട്, മണിപ്രവാളം എന്നീ രണ്ടു ഭാഷാസമ്പ്രദായങ്ങളിലും കാവ്യധാരകളിലുമായാണ് പ്രവഹിച്ചിരുന്നത്. ഇതിൽ ഒന്നാമത്തെ കൈവഴിയായ പാട്ടിൽ പുരാണ ഇതിഹാസങ്ങളിലെ ഇതിവൃത്തങ്ങൾ ദ്രമിഡസംഘാതാക്ഷരങ്ങളിൽ (തമിഴ് അക്ഷരമാല) ആഖ്യാനം ചെയ്തു. ചീരാമകവികളുടെ 'രാമചരിതം' മുതൽ കണ്ണശ്ശന്മാരുടെ കൃതികൾവരെയുള്ള വിപുലമായ ഒരു പാട്ടുസാഹിത്യ പ്രസ്ഥാനം മലയാളത്തിനുണ്ട്. 'രാമചരിത'ത്തിൽ നിന്ന് കണ്ണശ്ശരാമായണത്തിൽ എത്തുമ്പോൾ പാട്ടു ഭാഷയ്ക്കും പ്രസ്ഥാനത്തിനും സംഭവിച്ച പരിണാമം വ്യക്തമാകുന്നു. കേരളഭാഷയും സംസ്കൃതവും സവിശേഷനിലയിൽ യോജിപ്പിച്ചുകൊണ്ടുള്ള കാവ്യഭാഷാശൈലിയായിരുന്നു മണിപ്രവാളം. 'വൈശികതന്ത്രം' മുതൽ 'ചന്ദ്രോത്സവം' വരെയുള്ള കൃതികളിലൂടെയും സന്ദേശകാവ്യങ്ങളിലൂടെയും വിപുലമായ മണിപ്രവാള സാഹിത്യവും മലയാളത്തിലുണ്ട്.

പതിമൂന്നാം നൂറ്റാണ്ടോടുകൂടി തന്നെ മലയാളം ഒരു സ്വതന്ത്രഭാഷയായി വികാസം പ്രാപിച്ചു എന്ന് പണ്ഡിതന്മാർ നിരീക്ഷിക്കുന്നു. പതിനാലാം നൂറ്റാണ്ടിലെ 'ലീലാതിലകം' അതിനൊരു തെളിവായി അവർ ചൂണ്ടിക്കാണിക്കുന്നതും ശ്രദ്ധേയമാണ്. മാത്രമല്ല കണ്ണശ്ശകൃതികളും ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ശ്രീകൃഷ്ണചരിതത്തെ അധികരിച്ച് മലയാളത്തിലുണ്ടായ ആദ്യത്തെ മഹാകാവ്യമായ 'കൃഷ്ണഗാഥ'യിലെത്തുമ്പോൾ മലയാളത്തിന്റെ ലളിതസുന്ദരവും മൃദുലകോമളവുമായ മുഖം നാം ദർശിക്കുന്നു. എന്നാൽ മലയാളസാഹിത്യത്തിന് നവോത്ഥാനത്തിന്റെ മുഖം നൽകിയത് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനാണ്. ഈ നവോത്ഥാനത്തിന്റെ കാരണമാകട്ടെ ഇന്ത്യയിലെങ്ങും അലയടിച്ച ഭക്തിപ്രസ്ഥാനവും. ഹൃദയം നിറഞ്ഞ ഭക്തിയും, തെളിവുറ്റ ആത്മജ്ഞാനവും അചഞ്ചലമായ ധർമ്മബോധമുള്ള മഹാത്മാവായിരുന്നു എഴുത്തച്ഛൻ. എഴുത്തച്ഛന്റെ കീർത്തനങ്ങളുടെയും ഭാഷണങ്ങളുടെയും അന്തശക്തിയും ഭക്തരുടെ ഹൃദയങ്ങളിൽ നേരിട്ട് കടന്നു ചെല്ലുവാനുള്ള വൈഭവവും ഭക്തിപ്രസ്ഥാനത്തിന്റെ മുതൽക്കൂട്ടാണ്.

അറബിയും മലയാളവും ചേർന്ന ഒരു സങ്കര ഭാഷയാണ് അറബി മലയാളം എന്നറിയപ്പെടുന്നത്. കേരളഭാഷയെ അറബിലിപിയിൽ എഴുതുന്ന രീതിയാണിത്. കേരളം അറബികളുമായി ന

Remove Watermark Now

ടത്തിവന്ന വ്യാപാര വാണിജ്യബന്ധങ്ങളുടെ ഫലമായാണ് അറബി മലയാളം രൂപപ്പെട്ടത്.

## Keywords

ഭക്തിപ്രസ്ഥാനം-ശ്രീശങ്കരാചാര്യർ-സാംസ്കാരികവും ചരിത്രപരവുമായ കാരണങ്ങൾ-രാമചരിതം-കണ്ണശ്ശരാമായണം-എഴുത്തച്ഛൻ-പൂന്താനം-അറബി മലയാളം-നാടൻ പാട്ടുകൾ

## Discussion

### 2.4.1 മധ്യകാല ഭക്തിപ്രസ്ഥാനം

#### 2.4.1.1 ഭക്തിപ്രസ്ഥാനം ഇന്ത്യയിൽ

എ. ഡി. 15 മുതൽ 17 വരെയുള്ള നൂറ്റാണ്ടുകളിൽ ഇന്ത്യയാകെ വൈഷ്ണവഭക്തിയുടെ പ്രഭപരത്തിയ പ്രസ്ഥാനമാണ് ഭക്തിപ്രസ്ഥാനം. ഇന്ത്യയിലെ എല്ലാ ഭാഷകളിലും സാഹിത്യത്തിലും ഭക്തിപ്രസ്ഥാനത്തിന്റെ തരംഗങ്ങൾ അലയടിച്ചു. 1575-ലെ തുളസീദാസിന്റെ 'രാമചരിതമാനസം' ഭക്തിസാഹിത്യത്തിലെ അനശ്വരകൃതിയായി കണക്കാക്കപ്പെടുന്നു. ഉന്നതന്മാർക്ക് മാത്രമല്ല അധ:സ്ഥിതർക്കും സമുദായത്തിനാകെത്തന്നെയും പ്രതീക്ഷയുടെയും സമാധാനത്തിന്റെയും സന്ദേശം പകരുന്ന കൃതിയായി ഇതിനെ കണക്കാക്കപ്പെടുന്നു. തുളസീദാസിനെ കൂടാതെ കബീർദാസും സൂർദാസും ഹിന്ദിസാഹിത്യത്തിൽ ഭക്തിയുടെ തരംഗം ഉയർത്തിയവരാണ്. തുളസീദാസും സൂർദാസും സഗുണഭക്തിയുടെയും കബീർദാസ് നിർഗുണഭക്തിയുടെയും പ്രചാരകരായിരുന്നു. ബിംബാരാധനയേക്കാൾ ഈശ്വരഭക്തിക്ക് കൂടുതൽ പ്രാധാന്യം നൽകിയ കബീർദാസിനെ എല്ലാവരും ഒരുപോലെ ഗുരുവായി സ്വീകരിച്ചു. പന്ത്രണ്ടാം നൂറ്റാണ്ടിലെ ജയദേവരുടെ ഗീതഗോവിന്ദം വൈഷ്ണവഭക്തിയുടെ പ്രകാശം പരത്തിയെങ്കിലും അതിന്റെ ഭാഷ സംസ്കൃതമായതുകൊണ്ട് സാധാരണ ജനങ്ങൾക്കിടയിൽ പ്രചാരം നേടിയില്ല. ഉത്തരേന്ത്യയിലെ മറ്റൊരു ഭക്തിപ്രസ്ഥാന നായിക ഗുജറാത്തിലെ മീരാഭായിയായിരുന്നു അപഭ്രംശഭാഷയിലുള്ള മീരയുടെ ഗീതങ്ങൾക്ക് സാധാരണ ജനങ്ങൾക്കിടയിൽ വലിയ പ്രചാരം കിട്ടി. 'വൈഷ്ണവ ജനതോ' എന്ന് തുടങ്ങുന്ന ഭക്തിഗീതം എഴുതിയ നരസിംഹ് മേത്തയും ഗുജറാത്തി സാഹിത്യത്തിലെ ഭക്തിനക്ഷത്രമാണ്. മഹാരാഷ്ട്രയിൽ ജീവിച്ച തുക്കാറാമിന്റെ ഭക്തിഗീതങ്ങൾ മനുഷ്യപ്രകൃതിയുടെയും സാമൂഹിക ജീവിതത്തിന്റെയും ആഴത്തിലുള്ള തത്വദർശനങ്ങൾ അവതരിപ്പിച്ചു.

> ▶ ഭക്തിയുടെ പ്രഭ പരത്തിയ പ്രസ്ഥാനം

ദക്ഷിണേന്ത്യയിലെ വൈഷ്ണവഭക്തിയുടെ പ്രചാരകന്മാരായിരുന്നു രാമാനുജൻ, മാധ്യൻ, വല്ലഭൻ തുടങ്ങിയവർ. ഇവർ ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം എന്നീ സിദ്ധാന്തങ്ങളും ശൈവവൈഷ്ണവ ഭക്തിയോടൊപ്പം പ്രചരിപ്പിച്ചു.

Remove Watermark Now

## 2.4.2 ശ്രീശങ്കരാചാര്യർ (എ. ഡി. 788-820)

ഹിന്ദുമതപരിഷ്കർത്താക്കളിൽ അഗ്രഗണ്യനാണ് ശങ്കരാചാര്യർ. ലോകത്തിലെ തന്നെ മഹാപുരുഷന്മാരിൽ ശ്രീശങ്കരാചാര്യർക്ക് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. മതനവീകരണത്തിൽ സാംസ്കാരിക ആവിഷ്കാരം കണ്ടെത്തിയത് ശ്രീശങ്കരന്റെ അദ്വൈതചിന്താപദ്ധതിയിലൂടെയാണെന്നു പറയാം. ഭാരതീയ തത്വചിന്തയുടെ ഔന്നത്യം ശങ്കരാചാര്യരിലാണ് കണ്ടെത്തുന്നത് എന്ന സത്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഈ മഹാനായ ഋഷിയുടെ ജീവിതത്തെക്കുറിച്ചു നമുക്ക് കിട്ടിയിട്ടുള്ള വിവരങ്ങൾ ഏതാനും ഐതിഹ്യങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. എറണാകുളം ജില്ലയിലെ കാലടി ഗ്രാമത്തിൽ, കയ്പ്പള്ളി എന്നൊരു പഴയ നമ്പൂതിരിഗൃഹത്തിലാണ് ശിവഗുരുവിന്റെയും ആര്യാംബയുടെയും ഏകപുത്രനായി അദ്ദേഹം ജനിച്ചത്. അദ്ദേഹം തമിഴകത്തുനിന്നും ഉത്തരേന്ത്യയിലേക്ക് പ്രയാണം ആരംഭിച്ചപ്പോൾ മുപ്പത്തിരണ്ടു വയസ്സായിരുന്നു. ഉത്തരഭാരതത്തിലെ ദാർശനികരായ പലരെയും വാദപ്രതിവാദത്തിൽ പരാജയപ്പെടുത്തി. വിധവയായ അമ്മയോടൊപ്പം കഷ്ടപ്പാടുനിറഞ്ഞ ബാല്യം പിന്നിട്ടപ്പോൾ തന്നെ ശങ്കരന് സന്ന്യസിക്കുവാൻ ആഗ്രഹം തോന്നിയിരുന്നു. ഒരു ദിവസം പെരിയാറ്റിൽ കുളിക്കുമ്പോൾ ബാലനായ ശങ്കരനെ മുതല പിടിച്ചുവത്രെ. മരണം മുന്നിൽ കണ്ട ആ നിമിഷത്തിൽ, ശങ്കരൻ അമ്മയോട് സന്ന്യസിക്കുന്നതിന് അനുവാദം ചോദിച്ചു എന്നാണ് കഥ. വളരെ ദരിദ്രമായ മറ്റൊരില്ലത്ത് ഭിക്ഷയാചിച്ചു ചെന്ന ശങ്കരന് അവിടത്തെ വൃദ്ധയായ സ്ത്രീ ഒരു നെല്ലിക്ക കൊടുത്തു എന്നും സന്തുഷ്ടനായ ശങ്കരൻ അവരുടെ ദാരിദ്ര്യം മാറ്റാൻ വേണ്ടി ലക്ഷ്മിദേവിയെ സ്തുതിച്ചപ്പോൾ സ്വർണ്ണനെല്ലിക്കകൾ പൊഴിഞ്ഞു എന്നും ഐതിഹ്യമുണ്ട്. ആ സ്തുതിയാണ് കനകധാരാസ്തവം.

- ബാല്യംകഴിഞ്ഞപ്പോൾ സന്ന്യാസം

ശങ്കരന്റെ ആദ്യഗുരുനാഥൻ ഗോവിന്ദപാദർ ആണ്. ഗോവിന്ദപാദരെ കണ്ടപ്പോൾ കുശലപ്രശ്നത്തിനിടയിൽ ശങ്കരൻ നിർമ്മിച്ചതാണ് 'ദശശ്ലോകി' എന്നറിയപ്പെടുന്ന പത്തുശ്ലോകങ്ങൾ. ഗോവിന്ദപാദരാണ് ശങ്കരന് സന്ന്യാസം നൽകിയത്. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണമാണ് ശങ്കരൻ ബ്രഹ്മസൂത്രത്തിനും ഉപനിഷത്തുകൾക്കും വ്യാഖ്യാനം നൽകിയത്. അശരണയായ അമ്മ ആസന്നമരണയാണ് എന്ന് ദിവ്യദൃഷ്ടികൊണ്ട് അറിഞ്ഞ ശങ്കരൻ സ്വദേശത്തേക്കു മടങ്ങിവന്ന് അന്ത്യദിനങ്ങളിൽ അമ്മയെ ശുശ്രൂഷിച്ചു. സന്ന്യാസി അമ്മയുടെ അന്ത്യകർമ്മങ്ങൾ നിറവേറ്റുന്നതിൽ നീരസം തോന്നിയ യാഥാസ്തികരായ നമ്പൂതിരിമാർ ശങ്കരനെ സഹായിച്ചില്ല. അദ്വൈതമതം പുനഃസ്ഥാപിക്കുന്നതിനുള്ള നിയോഗവുമായി ആസേതുഹിമാചല പര്യടനം നടത്തുന്നതിനിടയിലാണ് ശങ്കരൻ പ്രസിദ്ധരായ പല ശിഷ്യരേയും സമ്പാദിച്ചത്. പദ്മപാദർ എന്ന പേരിൽ പ്രസിദ്ധനായ സനന്ദൻ ആണ് ശങ്കരന്റെ ആദിശിഷ്യൻ. ഈ ശിഷ്യനോട് ബന്ധപ്പെട്ട ഐതിഹ്യം മഹാകവി ഉള്ളൂർ 'ഭക്തിദീപിക' എന്ന തന്റെ ഖണ്ഡകാവ്യത്തിൽ മനോഹരമായി വർണ്ണിച്ചിട്ടുണ്ട്. പ്രയാഗയിൽ വച്ച് ശങ്കരാചാര്യർ കുമാരിലഭട്ടനെ കാണുകയും, ഭട്ടന്റെ നിർദ്ദേശമനുസരിച്ച് മീമാംസകനായിരുന്ന മണ്ഡനമിശ്രനെ വാദപ്രതിവാദത്തിൽ തോൽ

Remove Watermark Now

പ്പിച്ച് ശിഷ്യനാക്കുകയും ചെയ്തു. ആ തർക്കത്തിൽ മഹാവിദൂഷിയും സരസ്വതിയുടെ അവതാരമായി കൽപ്പിക്കപ്പെട്ടവളും മണ്ഡനമിശ്രന്റെ പത്നിയുമായ ഭാരതി മധ്യസ്ഥത വഹിച്ചു. ആ വിദൂഷിയെയും പരാജയപ്പെടുത്താനാണത്രെ അദ്ദേഹം കാശ്മീരിരാജാവിന്റെ ഉടലിൽ പരകായപ്രവേശവിദ്യ പ്രയോഗിച്ച് കടന്നുകൂടി ഒരു വർഷം കൊണ്ട് കാമകലയിൽ പ്രാവീണ്യം നേടിയതും അമരുകശതകം രചിച്ചതും. മണ്ഡനമിശ്രനെ സുരേശ്വരൻ എന്ന പേരിൽ അദ്ദേഹം ശിഷ്യനാക്കി. ഹസ്താമലകൻ, തോടകൻ എന്ന് രണ്ടു ശിഷ്യന്മാരെക്കൂടി അദ്ദേഹത്തിനു ലഭിച്ചു. ശങ്കരന്റെ ജൈത്രയാത്ര അവസാനിക്കുന്നത് ഹിമാലയത്തിൽ വച്ച് സർവജ്ഞപീഠം ആരോഹണം ചെയ്യുന്നതോടെയാണ്.

▶ ശങ്കരന്റെ ജൈത്രയാത്ര

ഇന്ത്യയിൽ ഒരിക്കൽ അതിപ്രചാരം സിദ്ധിച്ചിരുന്ന ബുദ്ധമത വിശ്വാസങ്ങളെ യുക്തിഭദ്രമായ വാദങ്ങളാൽ പരാജയപ്പെടുത്തി, ഹിന്ദുമത ചിന്താഗതിയും അദ്വൈതവും സ്ഥാപിച്ചു എന്നിടത്താണ് ശങ്കരന്റെ പ്രാധാന്യം കുടികൊള്ളുന്നത്. ഈ അദ്വൈതമതപരിരക്ഷയ്ക്കായി അദ്ദേഹം ഇന്ത്യയുടെ നാലുഭാഗത്തും നാലുമഠങ്ങൾ സ്ഥാപിക്കുകയും ചെയ്തു. കിഴക്ക് പുരിയിൽ ഗോവർദ്ധനമഠത്തിൽ പദ്മപാദരേയും തെക്ക് ശൃംഗേരിയിൽ സുരേശ്വരനേയും പടിഞ്ഞാറ് ദ്വാരകയിൽ ഹസ്താമലകനേയും വടക്ക് ജ്യോതിർമഠത്തിൽ തോടകനേയും ആചാര്യന്മാരായി നിയമിച്ചു. ഈ പരമ്പരയിൽ പെട്ടവരാണ് ഇന്ത്യയിലെ മഠാധിപന്മാരായ ശങ്കരാചാര്യർ. ഈ മഠങ്ങളുടെ സ്ഥാപനത്തിൽ ശങ്കരൻ ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഇപ്രകാരം മഠാധിപന്മാരെ നിശ്ചയിക്കുക വഴി ശങ്കരൻ ചെയ്തത് കാലത്തിന്റെ വെല്ലുവിളിയെ സമർത്ഥമായി നേരിടുവാൻ അദ്വൈതവാദത്തെ പ്രാപ്തമാക്കുകയാണ്.

▶ നാല് മഠങ്ങൾ

ശങ്കരന്റെ സംഭാവന മഠസ്ഥാപനങ്ങളിൽ മാത്രമല്ല ഒതുങ്ങിയത്. ബ്രഹ്മസൂത്രം, ഉപനിഷത്തുക്കൾ, ഭഗവത്ഗീത മുതലായവയെ അദ്വൈതസിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം വ്യാഖ്യാനിച്ചു. സാധാരണക്കാർക്ക് സഹായകമായ മട്ടിൽ ഒട്ടേറെ സ്തോത്രകൃതികളും രചിച്ചു. ജൈനർ, ബൗദ്ധർ, സാംഖ്യർ, വൈശേഷികർ തുടങ്ങി വിഭിന്നദർശനങ്ങൾ അനുസരിച്ചിരുന്ന മഹാപണ്ഡിതന്മാരെ വാദപ്രതിവാദത്തിൽ അദ്ദേഹം തോൽപ്പിച്ചു.

▶ സ്തോത്ര കൃതികൾ

കർമ്മസിദ്ധാന്തത്തിൽ അധിഷ്ഠിതമായിരുന്ന ജൈമിനിയുടെ പൂർവമീമാംസയെയും, കപിലന്റെ സാംഖ്യത്തെയും ഗൗതമന്റെ ന്യായത്തെയും, ചാർവാകന്റെ നാസ്തികത്വത്തെയും യുക്തിപൂർവമായ വാദമുഖങ്ങൾ നിരത്തി നേരിട്ട ശങ്കരൻ ഭാരതീയ തത്വചിന്തകരിലെ മഹാമനീഷിയായിരുന്നു. മാണ്ഡുക്യകാരികയുടെ ഭാഷ്യത്തിലാണ് ആത്മാവും ബ്രഹ്മാവും ഒന്നാണ് എന്ന അദ്വൈതചിന്തയുടെ അടിസ്ഥാനതത്വം ശങ്കരൻ സ്വീകരിച്ചത്. ശങ്കരനുമുമ്പ് ബുദ്ധൻ അദ്വൈതദർശനം അവതരിപ്പിച്ചിട്ടുണ്ട്. ചലനാത്മ പ്രപഞ്ചത്തിന്റെ മായാസ്വരൂപത്തെക്കുറിച്ചുള്ള ബുദ്ധദർശനം. എന്നാലിത് ശങ്കരൻ സ്വീകരിച്ചില്ല. മായാത്മക പ്രപഞ്ചത്തിന് ആധാരമായി ശാശ്വതമായ ഒരു സത്യം ഉണ്ടായിരിക്കണമെന്നും ഈ പരമസത്യമാണ് ബ്രഹ്മം എന്നുമായിരുന്നു ശങ്കരന്റെ വാദം. ബുദ്ധന്റെ ദർശനങ്ങളുടെ സത്ത അംഗീകരിച്ച് ബ്രഹ്മം പരമസത്യമാണ് എന്ന ഉപനിഷത്ത് ദർശനവുമായി അതിനെ

Remove Watermark Now

▶ ആത്മാവും ബ്രഹ്മാവും ഒന്ന്

ബന്ധിപ്പിക്കുകയാണ് ശങ്കരൻ ചെയ്തത്. അതുകൊണ്ട് തന്നെ ശങ്കരന്റെ വിരോധികൾ അദ്ദേഹത്തെ പ്രച്ഛന്നബുദ്ധൻ എന്ന് പരിഹസിക്കുകയുണ്ടായി.

പാമ്പിനെക്കണ്ട് കയറാണ് എന്ന് തെറ്റിദ്ധരിക്കുന്നതുപോലെ എന്നാണ് പ്രപഞ്ചത്തെക്കുറിച്ച് ശങ്കരന്റെ ചിത്രീകരണം. ഇല്ലായ്മ എന്ന അവസ്ഥയും മായയും ഒന്നല്ല. മനുഷ്യാത്മാവിനെ ഗ്രസിച്ചിരുന്ന അവിദ്യമാറി കഴിയുമ്പോൾ ജീവാത്മാവും പരമാത്മാവും ഒന്നുതന്നെ ആണ് എന്നു തെളിയും. സുഖലോലുപമായ ശ്രമണ ജീവിതത്തിന്റെ സ്ഥാനത്ത് സന്ന്യാസിമാരുടെ ലഘുജീവിതം സ്വീകരിക്കുക, ധർമ്മപ്രചരണാർഥം മതങ്ങൾ സ്ഥാപിക്കുക എന്നിവ ബുദ്ധമതത്തിൽ നിന്നും അദ്ദേഹം സ്വീകരിച്ചതായി പറയപ്പെടുന്നു. ദാർശനികൻ എന്ന നിലയിൽ ശങ്കരന്റെ മഹത്തായ സംഭാവന ബാദരായണന്റെ ബ്രഹ്മസൂത്രത്തിനും ദശോപനിഷത്തുക്കൾക്കും (കഠം, കേനം, പ്രശ്നം, മുണ്ഡകം, മാണ്ഡുക്യം, ഈശാവാസ്യം, ഐതരേയം, തൈത്തരീയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം) ഭഗവദ്ഗീതയ്ക്കും അദ്ദേഹം എഴുതിയ വ്യാഖ്യാനങ്ങളാണ്. ഇവയാണ് പ്രസ്ഥാനത്രയം എന്നറിയപ്പെടുന്നത്. ഈ പ്രൗഢവ്യാഖ്യാനങ്ങൾക്കു പുറമെ അദ്വൈതസിദ്ധാന്തത്തെ വ്യക്തമാക്കുന്ന കുറെ ലഘുകൃതികളും ഭക്തിസംവർദ്ധകങ്ങളായ സ്തോത്രങ്ങളും ആചാര്യൻ രചിച്ചിട്ടുണ്ട്.

▶ പ്രസ്ഥാനത്രയം

നിത്യജീവിതത്തിൽ ധർമശാസ്ത്രങ്ങൾക്കുള്ള പ്രാധാന്യം ശങ്കരൻ അംഗീകരിച്ചതായി പറയപ്പെടുന്നു. കേരളീയ ആചാരങ്ങളെ വിവരിക്കുന്ന ശങ്കരസ്മൃതിയാണ് ഇതിനു തെളിവായി ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ ഏതോ ഒരു ശങ്കരൻ രചിച്ച കൃതിയാണ് ഇത് എന്നല്ലാതെ ശങ്കരാചാര്യരുമായി ഇതിന് ബന്ധമില്ല എന്നാണ് ഉള്ളൂർ പറയുന്നത്. ഭാരതത്തിൽ കർമ്മമാർഗവും ഭക്തിമാർഗവും തമ്മിൽ വലിയ മത്സരം നടന്നിരുന്നപ്പോഴാണ് ശ്രീശങ്കരൻ തന്റെ ദർശനവുമായി ഭാരതപര്യടനം നടത്തിയത്. ക്ഷുദ്രദേവതാപ്രീതിയായി അധഃപതിച്ചു കൊണ്ടിരിക്കുന്ന കർമമാർഗത്തെ ക്ഷീണിതമാക്കി ആചാര്യൻ ജ്ഞാനഭക്തികളുടെ ഔന്നത്യം വിശദമാക്കി. തത്വജ്ഞാനി എന്ന നിലയിൽ ശങ്കരഭഗവദ്പാദർ അർഹിക്കുന്ന സമുന്നത സ്ഥാനത്തിന് തുല്യമാണ് കവി എന്ന നിലയിൽ ഉള്ള അദ്ദേഹത്തിന്റെ പദവിയും. ശിവാനന്ദലഹരിയിൽ ആചാര്യൻ ഉത്തമകവിതയെ നിർവചിക്കുന്നുണ്ട്. ഏതായാലും ഹിന്ദുമത നവോത്ഥാനത്തിന്റെ ചരിത്രത്തിൽ ശങ്കരന്റെ സ്ഥാനം മഹനീയമാണ്. ആസേതുഹിമാചലം അതിയായ പ്രഭാവത്തോടെ ഏതാനും നൂറ്റാണ്ടുകൾ പടർന്ന ബുദ്ധമതം ജീർണ്ണിക്കാൻ തുടങ്ങിയപ്പോഴാണ് ശങ്കരൻ ജനിച്ചത്. ഹിന്ദുമതത്തെ പുനരുദ്ധരിച്ച്, ബുദ്ധമതത്തെ പരാജയപ്പെടുത്തുക എന്ന കർമ്മമാണ് ശങ്കരനിലെ തത്വജ്ഞാനി നിറവേറ്റിയത്. കേരളത്തിലാകട്ടെ, ബ്രാഹ്മണമേധാവിത്വത്തിന്റെ പുനഃപ്രതിഷ്ഠയ്ക്കും ശങ്കരന്റെ ദൗത്യം സഹായകമായിത്തീർന്നു.

▶ തത്വജ്ഞാനി

## 2.4.3 ഭക്തിപ്രസ്ഥാനം

പതിനാറും പതിനേഴും നൂറ്റാണ്ടുകളിലെ കേരളത്തിന്റെ സാംസ്കാരിക ചരിത്രം ഭക്തിപ്രസ്ഥാനവുമായി ബന്ധപ്പെട്ടതാണ്. കൊടുങ്ങ

Remove Watermark Now

ല്ലൂർ കേന്ദ്രമാക്കി ഭരണം നടത്തിയിരുന്ന കുലശേഖരസാമ്രാജ്യത്തിന്റെ അവസാനത്തോടെ ഏകീകൃതമായ ഒരു ഭരണകൂടം ഇല്ലാതായി. നാട്ടുരാജാക്കന്മാരും ഇടപ്രഭുക്കന്മാരും തങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ പരമാധികാരം സ്ഥാപിച്ചു. സാമൂഹിക ജീവിതത്തിലുണ്ടായ ജീർണ്ണത ഇക്കാലഘട്ടത്തിന്റെ ഏറ്റവും വലിയ ശാപമായി. കൊല്ലവാർഷാരംഭത്തിൽ കേരളത്തിലുണ്ടായ ക്ഷേത്രങ്ങളുടെയും, ക്ഷേത്രസ്വത്തുക്കളുടെയും ഉടമളായ ബ്രാഹ്മണർ വമ്പിച്ച ഭൂസ്വത്തുടമകളായി. ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുള്ള സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിരുന്ന സംവിധാനങ്ങൾ പലതും കാലം കഴിഞ്ഞതോടെ അധഃപതിക്കാൻ തുടങ്ങി. ദേവദാസി സമ്പ്രദായം അതിനുദാഹരണമാണ്. നൃത്തസംഗീതാദികലാനിപുണരായ കന്യകമാരെ ഈ പദവിയിൽ പ്രധാനവേഷങ്ങളിൽ നിയോഗിച്ചിരുന്നു. ഇവർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ആദ്യകാലത്തുണ്ടായിരുന്നു. എന്നാൽ ഭോഗാലസരായ ക്ഷേത്രഭരണാധികാരികളുടെ നിരന്തര സമ്പർക്കം ദേവദാസിസമ്പ്രദായത്തെ അസാന്മാർഗികതയിലേക്ക് നയിച്ചു. എ.ഡി. 1200-1500 കാലഘട്ടത്തിൽ ഇവിടെയുണ്ടായ സാഹിത്യകൃതികൾ പരിശോധിച്ചാൽ ഉപരിവർഗത്തിന്റെ സാമൂഹികമായ ജീർണ്ണത ഏതാണ്ട് ബോധ്യമാകും. ലീലാതിലകകാരൻ പറയുന്ന ത്രൈവർണികരുടെ മണിപ്രവാളകൃതികളാണ് ഈ കാലഘട്ടം അടക്കി വാണിരുന്നത്. ഇതിനപവാദമായി എടുത്തുകാണിക്കാനുള്ള ശ്രദ്ധേയമായ സംഭാവന നിരണം കവികളുടെ കൃതികളാണ് (കണ്ണശ്ശരാമായണം, ഭാരതമാല, ഭാഷാഭഗവത്ഗീത). ഭരണവർഗത്തിന്റെ ഐക്യമില്ലായ്മയും കിടമത്സരങ്ങളും വിദേശശക്തികളുടെ ചൂഷണവും സാമൂഹിക അനാചാരങ്ങളും മതപരിവർത്തനങ്ങളും ജാതിവ്യവസ്ഥയും ഉപരിവർഗത്തിന്റെ കുത്തഴിഞ്ഞ ജീവിതവുമൊക്കെ ജനജീവിതം താറുമാറാക്കി. ദിശാബോധം നഷ്ടപ്പെട്ട സമൂഹത്തിന്റെ പോക്ക് അപകടകരമാണെന്നും വൈകാരികമായ ഒരു ഉദ്ഗ്രഥനം മാത്രമേ ഇതിനു പരിഹാരമുള്ളൂ എന്നും ദാർശനികരായ ചില മഹത് വ്യക്തിത്വങ്ങൾക്ക് തോന്നിയതിന്റെ ഫലമാണ് കേരളത്തിലെ ഭക്തി പ്രസ്ഥാനം.

▶ സാമൂഹിക ജീർണ്ണതക്കെതിരെ ഭക്തി പ്രസ്ഥാനം

കേരളത്തിൽ പതിനൊന്ന്, പന്ത്രണ്ട് നൂറ്റാണ്ടുകളോടെ രാജാധികാരം ദുർബലമാവുകയും ഒട്ടേറെ ചെറുരാജ്യങ്ങൾ അധികാരം കൈയ്യാളുകയും ചെയ്തപ്പോൾ സാംസ്കാരികജീവിതത്തിന്റെ അധികാരികളും സാമ്പത്തികജീവിതത്തിന്റെ നിയന്താതാക്കളും എന്ന നിലയിൽ ക്ഷേത്രങ്ങളോടു ദൃഢബദ്ധമായ ബന്ധം നമ്പൂതിരിമാർ ചോദ്യം ചെയ്യപ്പെടാത്ത ശക്തിയായി, ഭൂദേവന്മാരായി തുടർന്നു. ശാരീരികാധ്വാനം നന്നെ കുറഞ്ഞതും ഭൗതികമായ അല്ലലുകൾ ഒഴിഞ്ഞതുമായ ഒരു ജീവിതചര്യ കുറേക്കാലത്തേക്ക് എങ്കിലും തുടരുവാൻ അവർക്ക് സാധിച്ചു. നമ്മുടെ സാഹിത്യ ചരിത്രകാരന്മാർ മിക്കവരും വർണ്ണോജ്ജ്വലമായ മണിപ്രവാള കാലഘട്ടത്തിന്റെ ധാർമികവശത്തെക്കുറിച്ച് നല്ല വാക്കുകളല്ല പറഞ്ഞിട്ടുള്ളത്. ഒരുപക്ഷേ ഇന്ത്യയിലെ മറ്റു ചില സ്ഥലങ്ങളിൽ എന്നപോലെ ദേവദാസി സമ്പ്രദായം ഇവിടെ ഏറെ വ്യാപകമായി പടർന്നില്ലായിരിക്കാം. എന്നാൽ അച്ചീചരിതങ്ങളും സ്ത്രീവർണ്ണനാപരമായ സ്തുതികളും വ്യക്തമാക്കുന്ന ചരിത്രം സദാചാരത്തിന്റേതല്ല. 12 മുതൽ 15 വരെയുള്ള നൂറ്റാണ്ടുകളിൽ ധാർ

Remove Watermark Now

മ്മികത്തകർച്ചയുടെ ചിത്രമാണ് ആദ്യകാലമണിപ്രവാളം പ്രദർശിപ്പിക്കുന്നത് എന്നവാദം ഭാഗികമായി ശരിയാണ്. സ്ത്രീവർണ്ണനാപരമായ കാവ്യങ്ങൾക്ക് തൊട്ടടുത്ത സ്ഥാനം ദേവസ്തുതികൾക്കു തന്നെ. എഴുതി സൂക്ഷിക്കാത്തതു കൊണ്ട് പ്രാദേശികമായ രചനകൾ മുതൽ മഹത്തായ കൃതികൾവരെ ഇവയിൽ ഉൾപ്പെടുന്നു. ഒറ്റശ്ലോകങ്ങൾ, അഷ്ടകങ്ങൾ, ദശകങ്ങൾ, ശതകങ്ങൾ, നിർഗുണോപാസന, സഗുണോപാസന, അനുഷ്ഠാനങ്ങളുടെ സങ്കീർത്തനം, ധാർമ്മികോദ്ബോധനം, സദാചാരപ്രബോധനം തുടങ്ങി ഭക്തിയുമായി ബന്ധപ്പെട്ട എല്ലാ മണ്ഡലങ്ങളേയും ഈ കൃതികൾ സ്പർശിക്കുന്നുണ്ട്. ദേവദാസി സമ്പ്രദായം ജീർണ്ണിച്ച്, അതിനോട് ബന്ധപ്പെട്ട വേശ്യാപദാനകൃതികൾ സാഹിത്യത്തിന്റെ സിംഹഭാഗവും കീഴടക്കിയപ്പോൾ ആധ്യാത്മികതയുടെ സൗരഭത്തെ ശബളാഭമായ നർമ്മത്തിൽ പൊതിഞ്ഞ ഒരു കൃതി പ്രത്യക്ഷപ്പെട്ടു. അതാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. ഭക്തി പ്രസ്ഥാനത്തിന്റെ തുടക്കമെന്ന് കരുതാവുന്ന കൃതി രാമചരിതമാണ്.

▶ നിരവധി കൃതികൾ

### 2.4.3.1 രാമചരിതം

പതിമൂന്നാം നൂറ്റാണ്ടിൽ വിരചിതമായ രാമചരിതം ആണ് പുരാണകഥാഖ്യാനവിഭാഗത്തിൽ നമുക്കുകിട്ടിയ ആദ്യത്തെകൃതി. 13-ാം നൂറ്റാണ്ടിൽ തമിഴ് കവി കമ്പർ കേരളത്തിൽ വന്ന് അദ്ദേഹത്തിന്റെ രാമായണം പല സദസ്സുകളിലും ചൊല്ലി കേൾപ്പിച്ചതായി ഐതിഹ്യമുണ്ട്. ഒരുപക്ഷേ ഈ സന്ദർശനവും പാരായണവും ആവാം രാമചരിതകാരന് പ്രോത്സാഹനം ആയിത്തീർന്നത്. രാമായണത്തിലെ യുദ്ധകാണ്ഡം ആണ് ദീർഘമായ ഈ കൃതിയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നത്. ഒരു സിംഹാവലോകനത്തിലൂടെ രാമകഥ കവി പറയുന്നുണ്ടെങ്കിലും കരുണം കരകവിയുന്ന അയോധ്യാകാണ്ഡവും ആപാദമധുരമായ സുന്ദരകാണ്ഡവും അവഗണിക്കുവാൻ ചീരാമകവിയെ പ്രേരിപ്പിച്ചതെന്ത് എന്നതൊരു പ്രധാന ചോദ്യമാണ്. കേരളത്തിലെ അന്നത്തെ സാമൂഹികാവസ്ഥയിൽ ഈ ചോദ്യത്തിന്റെ ഉത്തരം കുടികൊള്ളുന്നു എന്നൊരു പക്ഷം ഉണ്ട്. കേന്ദ്രീകൃതമായ രാജവാഴ്ച പ്രക്ഷീണിതമായി കൊച്ചുകൊച്ചു നാട്ടുരാജാക്കന്മാരും ഇടപ്രഭുക്കന്മാരും അധികാരം കൈയാളാൻ തുടങ്ങി. അവ്യവസ്ഥിതമായ ഈ സാഹചര്യത്തിൽ ആക്രമണങ്ങൾ അനിവാര്യങ്ങളായിത്തീർന്നു. ചത്തും കൊന്നും ജീവിക്കേണ്ട സാഹചര്യത്തിൽ പടയാളികൾക്ക് ആവേശം നൽകുവാൻ പുരാണകഥ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരിക്കണം എന്നാണ് ഒരുപക്ഷം. ഭൗതിക ജീവിതത്തിന്റെ നശ്വരതയേയും പാരത്രിക ജീവിതത്തിന്റെ മഹത്വത്തെയും കുറിച്ച് പടയാളികളെ ഉദ്ബുദ്ധരാക്കുക എന്നതാണല്ലോ യുദ്ധതന്ത്രം. എതുക, മോന എന്നീ പ്രാസങ്ങളും വൃത്തവൈവിധ്യവും കവി അനുസരിച്ചിരിക്കുന്നു. ഭാഷാപരമായി ഏറെ പ്രാധാന്യമുള്ള കൃതിയാണ് രാമചരിതം എന്ന് കൂടി ആനുഷംഗികമായി ഇവിടെ പറഞ്ഞുവയ്ക്കാം. രചനയിൽ തനി ദ്രാവിഡ രീതിയാണ് ഗ്രന്ഥകാരൻ കൈക്കൊണ്ടിരിക്കുന്നത്. എങ്കിലും പ്രമേയം ആര്യസംസ്കാരത്തിൽ നിന്നും ഉൾക്കൊണ്ടതാണ് എന്ന സത്യം ശ്രദ്ധിക്കാതെ വയ്യ. തിന്മയ്ക്കു മേൽ നന്മ ആധിപത്യം പുലർത്തുന്നതിന്റെ പ്രകീർത്തനമാണ് രാമചരിതം. രാമായണകഥ പറഞ്ഞുപോ

Remove Watermark Now

▶ ചീരാമ കവിയുടെ രാമചരിതം

കുമ്പോൾ സംഭവങ്ങളുടെ വിവരണത്തിലാണ്, ആധ്യാത്മിക പ്രബോധനത്തിലല്ല കവി ശ്രദ്ധിച്ചത്. അതുകൊണ്ട് തന്നെ രാമകഥ പറഞ്ഞ എഴുത്തച്ഛനോളം ഉന്നതമായ പദവി രാമചരിതകാരന് നമ്മുടെ സാംസ്കാരികചരിത്രം നൽകിയിട്ടുമില്ല.

### 2.4.3.2 കണ്ണശ്ശന്മാർ

ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയിൽ, പതിനാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഉണ്ടായ നിരണം കൃതികൾ പ്രത്യേക പരാമർശം അർഹിക്കുന്നവയാണ്. മാധവപ്പണിക്കർ ഭഗവത്ഗീതയും, ശങ്കരപ്പണിക്കർ ഭാരതമാലയും, രാമപ്പണിക്കർ രാമായണവും ഭാരതവും ഭാഗവതവും വിവർത്തനം ചെയ്തു. പതിനാലാം നൂറ്റാണ്ടിന്റെ അവസാനമോ പതിനഞ്ചാം നൂറ്റാണ്ടിന്റെ ആദ്യമോ ആയി മധ്യതിരുവിതാംകൂറിലാണ് ഈ കൃതികൾക്ക് ജന്മം നല്കിയത്. രാമായണഭാരതകഥകൾ പറഞ്ഞതോടൊപ്പം, ഭഗവത്ഗീതയും ഭാഗവതവും ശിവരാത്രി മഹാത്മ്യവും കണ്ണശ്ശകവികൾ ആവിഷ്കരിച്ചു. ഇവ ഭാഷയിലാണ് എന്ന കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. ഭക്തിവർധിപ്പിക്കുക എന്നതാണ് ഭാഗവതവും ശിവരാത്രി മാഹാത്മ്യവും നിറവേറ്റുന്നത്. ഗീതയാകട്ടെ ധർമ്മവിചിന്തനം നടത്തുകയും. ധർമ്മോദ്ബോധനവും ഭക്തിയും മനസ്സിന് സമാധാനം നല്കുന്നതോടൊപ്പം സാമൂഹികജീവിതത്തെ സദാചാരത്തിന്റെ അടിത്തറയിൽ ഉറപ്പിക്കുവാൻ പരോക്ഷമായി സഹായിക്കുക കൂടി ചെയ്തു. സ്നേഹം, ത്യാഗം തുടങ്ങിയ വിശിഷ്ഠ ഗുണങ്ങളെ മനസിൽ ഉറപ്പിക്കുവാനും ദ്രോഹം, ഹിംസ തുടങ്ങിയ അധാർമ്മിക വികാരങ്ങളെ ചെറുക്കുവാനും ഇത്തരം പുരാണേതിഹാസങ്ങളുടെ പഠനം സഹായകമായിട്ടുണ്ട്.

▶ നിരണം കവികൾ

iSkysoft

### 2.4.3.3 കൃഷ്ണഗാഥ

ചെറുശ്ശേരി നമ്പൂതിരിയുടെ 'കൃഷ്ണഗാഥ'യാണ് കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിൽ പ്രധാനപ്പെട്ട മറ്റൊരു കാവ്യം. മഹാഭാരതം ദശമസ്കന്ധത്തെ അടിസ്ഥാനമാക്കി കൃഷ്ണോൽപ്പത്തി മുതൽ സ്വർഗാരോഹണം വരെ ഉള്ള ഭഗവത്ക്കഥ വർണ്ണിക്കുകയാണ് ചെറുശ്ശേരി ചെയ്യുന്നത്. നമ്പൂതിരിസമുദായത്തിന്റെ നർമ്മബോധം മാത്രമല്ല, ശൃംഗാരവും പരിഹാസവും ഈ കൃതിയിൽ കണ്ടെത്താം. രാസക്രീഡയും ഗോപികാദുഃഖവും മണിപ്രവാളത്തിന്റെ അന്തരീക്ഷത്തിൽ നിന്നും ഏറെ ഭിന്നമായ ഒരു അന്തരീക്ഷത്തിലേക്കല്ല നയിച്ചത്. സംസ്കൃത സാഹിത്യത്തിലെ അത്യുൽക്കൃഷ്ട കൃതികളിൽനിന്നും ഊറിക്കൂടിയ സംസ്കാരം കൃഷ്ണഗാഥയെ അതിശ്രേഷ്ഠമായ രചനയാക്കി മാറ്റിത്തീർത്തിരിക്കുന്നു. ദ്രാവിഡവൃത്തത്തിൽ എഴുതപ്പെട്ട ആദ്യമഹാകാവ്യം എന്ന പദവിയും കൃഷ്ണഗാഥക്ക് അവകാശപ്പെട്ടതാണ്. ഉത്തരകേരളത്തിലെ ഒരു കൊച്ചു നാട്ടുരാജ്യം-കോലത്തിരി-ചരിത്രത്തിൽ അനശ്വരമായി മാറിയത് കൃഷ്ണഗാഥയുടെ ഈറ്റില്ലമായിത്തീർന്നതുകൊണ്ടാണ്. ഇന്ത്യയുടെ ചില പ്രദേശങ്ങളിൽ ശൈവ-വൈഷ്ണവ സംഘട്ടനം ഉണ്ടായെങ്കിലും കേരളത്തിൽ അത് പ്രകടമായിരുന്നില്ല. അതുകൊണ്ട് വൈഷ്ണവഭക്തിസാഹിത്യത്തിലെ ഉജ്ജ്വലമായ കൃതി എന്ന നിലയ്ക്കല്ല, മികച്ച കവിത എന്ന നിലയ്ക്കാണ് നമ്മുടെ സാഹിത്യ ലോകത്ത് കൃഷ്ണഗാഥയെ അടയാളപ്പെടുത്തുന്നത് സന്ന്യാസിയുടെ തത്വചിന്തയല്ല, മറിച്ച് സാ

Remove Watermark Now

ധാരണ ലൗകികനായ ഒരുവന്റെ ഭക്തിയാണ് കൃഷ്ണഗാഥയ്ക്കു പിന്നിൽ കാണുന്നത്. കൃഷ്ണഗാഥയ്ക്കുശേഷം സാഹിത്യപരമായി അത്രയ്ക്ക് മൂല്യമുള്ള കൃതികൾ നമുക്ക് കിട്ടിയിട്ടില്ല എന്നതു സത്യമാണ്. എന്നാൽ സുഖാലസ്യത്തിൽ മയങ്ങി ദുഷിച്ച ജീവിതത്തിന് സമാന്തരമായി വിരക്തിയുടെയും ഭക്തിയുടെയും ഒരു മാർഗം ഇവിടെ ഉദിച്ചു. വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത, അതിസമ്പന്നവും വൈവിധ്യപൂർണ്ണവും ആയ കീർത്തനസാഹിത്യത്തിന്റെ നിലയ്ക്കാത്ത പ്രവാഹം അന്ന് തുടങ്ങിയതാണ്. രാമായണ-ഭാരതാദി കൃതികളുടെ വിവർത്തനങ്ങളും നമുക്ക് ലഭിച്ചു. ഭാഗികവിവർത്തനങ്ങൾ, കഥയുടെ സ്വതന്ത്രപുനരാവിഷ്കാരം തുടങ്ങി പല രീതിയിൽ പുരാണേതിഹാസങ്ങൾ നമ്മുടെ സാംസ്കാരിക ജീവിതത്തെ സ്വാധീനിച്ചു. അവയിൽ ചിലതെങ്കിലും ക്ലാസിക്കുകളാണ്. മറ്റു ചിലതാകട്ടെ ശുദ്ധനാടൻപാട്ടിന്റെ തലത്തോളം ഇറങ്ങിവരികയും ചെയ്തു.

- ഭക്തകാവ്യമാണ് കൃഷ്ണഗാഥ

## 2.4.3.4 തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

ഭാഷാകവികളിൽ പല പ്രകാരത്തിലും പ്രഥമഗണനീയനാണ് എഴുത്തച്ഛൻ. സമകാലിക ജനസാമാന്യത്തെയും പിൻതലമുറകളെയും ഇത്രമാത്രം ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്ത മറ്റൊരു കവി കേരളത്തിലില്ല. 16-ാം ശതകത്തിന്റെ ഉത്തരാർധമാണ് എഴുത്തച്ഛന്റെ ജീവിതകാലമെന്ന് വിശ്വസിക്കുന്നു. അധ്യാത്മരാമായണം കിളിപ്പാട്ടും മഹാഭാരതം കിളിപ്പാട്ടുമായിരുന്നു എഴുത്തച്ഛന്റേതായി അറിയപ്പെടുന്ന കൃതികൾ. കവിതയുടെ മാധ്യമം ഭാഷയായിരുന്ന കാലം. ഏതു കവിയ്ക്കും അഭിലഷണീയമായ ആദ്യത്തെ അനുഗ്രഹം ഭാഷാസ്വാധീനം തന്നെയാണ്. എഴുത്തച്ഛന്റെ ഭാഷാപ്രയോഗവൈവിധ്യം അദ്ദേഹത്തിന്റെ കൃതികളിൽ ഉടനീളം കാണാം. മലയാളത്തിന്റെ മനോഹാരിതയും സംസ്കൃതത്തിന്റെ ശക്തിയും ഒപ്പം ആവാഹിച്ച് ഒരു പുതിയ കാവ്യരീതി വികസിപ്പിച്ചു. രൂഢമൂലമായ ജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ള ഭക്തിപ്രവാഹമാണ് എഴുത്തച്ഛന്റെ കൃതികളിലെ ജീവചൈതന്യം. അവയിൽ പ്രതിഫലിക്കുന്ന അധ്യാത്മിക സംസ്കാരം ജ്ഞാനത്തിൽ അധിഷ്ഠിതമാണെങ്കിലും ഭക്തിയാണ് കൂടുതൽ പ്രകടമാക്കുന്നത്. "മുക്തിയെ സിദ്ധിക്കണമെങ്കിലോ ഭഗവത്പാത ഭക്തികൊണ്ടൊഴിഞ്ഞ് മറ്റൊന്നിനാവതില്ല'' എന്ന അധ്യാത്മരാമായണത്തിലെ വരികൾ തന്നെ ഉദാഹരണം. ഉടനീളം പ്രസരിക്കുന്ന ഭക്തിധാരയും ദേവതാവന്ദനത്തോടുകൂടിയുള്ള കൃതികളുടെ ആരംഭവും ഇതിന് ഉദാഹരണമാണ്. സമ്പൂർണ്ണമായി ഭഗവാന് അത്മാർപ്പണം ചെയ്ത മഹാഭക്തനായിരുന്നു അദ്ദേഹം. ഭാരതീയ ഭക്തിമാർഗത്തിന്റെ സരളതയും ഉദാരതയും ഊന്നി സ്ഥാപിക്കുവാനാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. ഭക്തിയായിരുന്നു അദ്ദേഹത്തിന്റെ ഹൃദയത്തിലെ അഗ്രിമമായ വികാരം. അതിന് യോജ്യമായ ഇതിവൃത്തങ്ങൾ അധ്യാത്മരാമായണത്തിലും മഹാഭാരതത്തിലും അദ്ദേഹം കണ്ടെത്തി.

- ജനസാമാന്യത്തെ ആകർഷിച്ചു

ആത്മസമർപ്പണമാണ് ഭക്തിയുടെ അടിസ്ഥാനതത്വമായി അംഗീകരിച്ചിട്ടുള്ളത്. ജ്ഞാനം, കർമ്മം തുടങ്ങിയ യോഗമാർഗങ്ങളും എഴുത്തച്ഛന് സ്വീകാര്യമായിരുന്നെങ്കിലും ഭക്തിമാർഗത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകിയിരുന്നത്. സാംസ്കാരിക തകർച്ചയിലേയ്ക്കു

Remove Watermark Now

വീണു പോയ മലയാളത്തിന് അക്കാലത്ത് അവശ്യം വേണ്ട സാംസ്കാരിക നവോത്ഥാനത്തിന് ശ്രമിച്ച വിശിഷ്ടകവിയാണ് എഴുത്തച്ഛൻ. ഇടപ്രഭുക്കന്മാരുടെ കിടമത്സരവും സുഖലോലുപതയും, എല്ലാ രംഗങ്ങളിലും വിദേശികളുടെ കൈകടത്തലും മതപരിവർത്തനവും, വാണിജ്യത്തിലും രാഷ്ട്രീയത്തിലും അവർക്കുണ്ടായ വിജയവും, ഹിന്ദുമതത്തെ ഒന്നാകെ ഗ്രസിച്ചിരുന്ന ഉച്ചനീചത്വവും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സന്മാർഗബോധവും ഇങ്ങനെ കലുഷിതമായ സാഹചര്യത്തിലാണ് എഴുത്തച്ഛന്റെ രംഗപ്രവേശം. ആത്മജ്ഞാനിയായിരുന്ന എഴുത്തച്ഛന് ബ്രാഹ്മണനെന്ന വിശ്വാസമോ ശിവവിഷ്ണു വ്യത്യാസമോ ഒന്നും അനുഭവവിഷയമായിരുന്നില്ല. സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മം ഒഴിച്ചുള്ളതെല്ലാം അസത്യവും കല്പിതവുമാണെന്ന് അദ്ദേഹം വിശ്വസിച്ചു. വേദസാഹിത്യത്തിൽ നിന്നും ജന്മമെടുത്ത ദിവ്യചൈതന്യമാണ് അദ്വൈതദർശനം. ആത്മജ്ഞാനികളായ ഭക്തന്മാരെ അത് കൈപിടിച്ചുയർത്തും. എഴുത്തച്ഛന്റെ കൃതികളിലെ ദർശനവും അദ്വൈതസിദ്ധാന്തം തന്നെയാണ്. വേദസാഹിത്യവും പുരാണേതിഹാസങ്ങളും എല്ലാം ഉദയം ചെയ്തത് ഭൗതികപരിഷ്കാരങ്ങളിൽ മനംമയങ്ങി വീണുപോയ ജനതയ്ക്കുവേണ്ടിയാണ്. ഭക്തനും, ജ്ഞാനിയും കവിയുമായിരുന്ന എഴുത്തച്ഛന്റെ കൃതികളും 16-ാം നൂറ്റാണ്ട് മുതൽ ഇതേ ധർമ്മം തന്നെയാണ് സമൂഹത്തിൽ അനുഷ്ഠിച്ചുപോരുന്നത്.

> ▶ ഭക്തനും ജാഞാനിയും കവിയും

### 2.4.3.5 പൂന്താനം

ഭൗതികമായി എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചാലും ആത്മജ്ഞാനം ലഭിച്ചിട്ടില്ലെങ്കിൽ ആ നാടിന്റെ വികസനം സമഗ്രമാകുകയില്ല എന്നൊരു വിശ്വാസം ശക്തമായിരുന്നു. ഭക്തിപാരമ്യതയിൽ പരമാത്മതത്വം ദർശിച്ച പൂന്താനം തന്റെ കൃതികളിലൂടെ അക്കാര്യം വ്യക്തമാക്കി. ഭൗതികഭോഗികളെ ആധ്യാത്മിക ദർശനത്തിലേയ്ക്ക് വളരെ ലളിതമായ കാവ്യഭാഷകൊണ്ട് അടുപ്പിച്ചു എന്നതാണ് ഭക്തിപ്രസ്ഥാനത്തിൽ പൂന്താനം കൃതികൾക്കുള്ള പ്രസക്തി. ധർമ്മാർഥ കാമമോക്ഷങ്ങളായുള്ള പുരുഷാർഥങ്ങളെ അദ്ദേഹം വിശദമായി വ്യാഖ്യാനിച്ചു. കൃഷ്ണഭക്തി തുളുമ്പുന്ന ഗീതങ്ങളും ഭക്തിയിൽ അധിഷ്ഠിതമായ തത്വചിന്ത പ്രദർശിപ്പിക്കുന്ന കാവ്യങ്ങളും കൊണ്ട് കേരളീയരെ ആഴത്തിൽ സ്വാധീനിച്ച പൂന്താനം സ്വകൃതികളിലൂടെ മാത്രമല്ല, ഐതിഹ്യങ്ങളിലൂടെയും ജീവിക്കുന്ന കവിയാണ്. അദ്ദേഹത്തിന്റെ പേര് എന്താണെന്നുപോലും വ്യക്തമല്ല. ബ്രഹ്മദത്തൻ എന്നാണ് പേരെന്ന് ചിലർ പറയുന്നുണ്ടെങ്കിലും അതിന് ആധാരമായ തെളിവൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ദിവസം മുഴുവൻ മണ്ണും, പെണ്ണും, പൊന്നും ആശിച്ച് നീറുകയും പൊരിയുകയും ഒരു നിമിഷം പോലും ഈശ്വരനെ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യന്റെ അന്തഃരംഗവൈകൃതത്തെ പൂന്താനം 'ജ്ഞാനപ്പാന'യിൽ ഖേദപൂർവം വിവരിക്കുന്നു. വിപുലമായ സംസ്കൃതപാണ്ഡിത്യത്തിൽ കൂടിയും വേദാന്തജ്ഞാനത്തിൽ കൂടിയും മാത്രം പ്രാപ്യമായിരുന്ന ഈശ്വരബോധോദയം ഭക്തിയുടെ ലളിതമാർഗ്ഗത്തിൽകൂടി ലഭ്യമാകുന്നുവെന്ന് പൂന്താനം തെളിയിച്ചു. 'ജ്ഞാനപ്പാന', 'സന്താനഗോപാലം,' 'ശ്രീകൃഷ്ണകർണ്ണാമൃതം' എന്നീകാവ്യങ്ങളെ കൂടാതെ ഒട്ടേറെ കീർത്തനങ്ങളും പൂന്താനം രചിച്ചിട്ടുണ്ട്. ഭോഗലോലുപമായ, ജീർ

Remove Watermark Now

ണിച്ച ഒരു സംസ്കാരത്തിൽ നിന്ന് അന്നത്തെ സമൂഹത്തെ സമുദ്ധരിക്കുന്നതിന് പൂന്താനം ശ്രമിച്ചു. സമുദായോദ്ധാരണത്തിന് അദ്ദേഹം ഉപദേശിച്ചത് ഭക്തിമാർഗം ആയിരുന്നു. ചരിത്രപരമായി പുരോഗമന സ്വഭാവമുള്ള ഒരു പ്രസ്ഥാനമാണ് ഭക്തിപ്രസ്ഥാനം. ആ പ്രസ്ഥാനത്തിന് വിലപ്പെട്ട സംഭാവന നൽകിയ കവി ശ്രേഷ്ഠനാണ് പൂന്താനമെന്ന കാര്യത്തിൽ സംശയമില്ല.

- ▶ ഭക്തിയിലൂടെ തത്വചിന്ത

## 2.4.3.6 രാമപുരത്ത് വാര്യർ

കേരളീയരുടെ അഭിമാനമായ വഞ്ചിപ്പാട്ടിന് സ്വന്തമായ സാഹിത്യസ്ഥാനം നൽകിയത് രാമപുരത്ത് വാര്യരാണ്. 1703നും 1763നും മധ്യേ അദ്ദേഹം ജീവിച്ചിരുന്നതായി വിശ്വസിക്കുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് വൈക്കത്ത് ക്ഷേത്രദർശനത്തിന് എത്തുകയും ദരിദ്രനായ വാര്യർ രാജാവിനെ മുഖം കാണിക്കുകയും ഒപ്പം ചില ശ്ലോകങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തു. രാജാവിനോടൊന്നിച്ച് തിരുവനന്തപുരത്തേയ്ക്കുള്ള യാത്രാ മധ്യേ എഴുതിയ കൃതിയാണ് കുചേലവൃത്തം.

കുചേലന്റെയും ശ്രീകൃഷ്ണന്റെയും ജീവിത സൗഹൃദമാണ് കൃതിയിലെ പ്രതിപാദ്യം. ദരിദ്രനായ കുചേലന്റെ ഭാര്യയുടെ നിർദ്ദേശപ്രകാരം സഹപാഠിയായ ശ്രീകൃഷ്ണനെ കാണാൻ പോകുന്നതും അവിടെ നടക്കുന്ന വികാരോഷ്മളമായ സ്വീകരണവുമാണ് കുചേലവൃത്തത്തിൽ പ്രതിപാദിക്കുന്നത്.

മലയാള കാവ്യസംസ്കരത്തിന്റെ വികാസത്തിൽ കുചേലവൃത്തം നൽകിയ സംഭാവന അതുല്യമാണ്. പുരാണത്തിലെ കുചേലൻ എന്ന കഥാപാത്രത്തെ സമകാലികനാക്കി എന്നതാണ് ഏറ്റവും പ്രധാനം. പുരാണകഥയെ സമകാലികമാക്കി അവതരിപ്പിച്ചു എന്നതിനൊപ്പം ഭാരതീയ ജീവിതമൂല്യത്തെ വരും തലമുറകളിലേയ്ക്ക് എത്തിക്കുകയും ചെയ്തു.

ഭാഗവതത്തിലെ കുചേലൻ ലൗകിക വിരക്തനാണ്. പക്ഷേ രാമപുരത്ത് വാര്യരുടെ കുചേലൻ ഭൗതിക ജീവിത തൽപരനാണ്. വൈകാരികമായ ഭാവോജ്വലത ഈ കൃതിയുടെ പ്രത്യേകതയാണ്. പുരാണകഥാഖ്യാനം എന്ന നിലയിലും ദാരിദ്ര്യം ഇതിവൃത്തമാക്കിയ കൃതി എന്ന നിലയിലും മലയാള കവിതയിൽ സമുന്നത സ്ഥാനമുണ്ട്. ഒരോയൊരു കാവ്യം കൊണ്ട് മലയാള സാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിയ രാമപുരത്ത് വാര്യർ വഞ്ചിപ്പാട്ടിനെ ഒരു സാഹിത്യ പ്രസ്ഥാനമാക്കി ഉയർത്തി.

- ▶ പുരാണകഥയെ സമകാലികമാക്കി അവതരിപ്പിച്ചു

## 2.4.3.7 മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട്

ജ്ഞാനത്തിലൂടെ പരമാത്മതത്വം ഗ്രഹിച്ച ഭക്തനായിരുന്നു ഇദ്ദേഹം. ആയുരാരോഗ്യസൗഖ്യങ്ങളോടുകൂടി 106 വയസ്സുവരെ ജീവിച്ചിരുന്നു. സംസ്കൃതപണ്ഡിതനും പ്രൗഢകവിയുമായിരുന്നു. മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലുള്ള മേൽപ്പത്തൂർ മനയ്ക്കലാണ് ജനനം. അദ്ദേഹത്തിന്റെ 'നാരായണീയം' ഭക്തിപ്രസ്ഥാനത്തിൽ സവിശേഷമായ സ്ഥാനം അലങ്കരിക്കുന്നു. ദേവസ്തോത്രങ്ങൾ, ആഖ്യാനപ്രബന്ധങ്ങൾ, വ്യാകരണാദിശാസ്ത്രഗ്രന്ഥങ്ങൾ, മുക്തകങ്ങൾ

തുടങ്ങി പല പ്രസ്ഥാനങ്ങളിലായി അദ്ദേഹത്തിന്റെ കൃതികൾ ചിതറിക്കിടക്കുന്നു. സമൂഹത്തെ ഭക്തിമാർഗത്തിലേക്കും ഭഗവത്കഥാപാരായണത്തിലേക്കും നയിക്കുന്നതിൽ മേൽപ്പത്തൂരിന്റെ 'നാരായണീയം' വഹിച്ച പങ്ക് ശ്രദ്ധേയമാണ്. സാമൂഹിക സാമ്പത്തിക ഘടനയെയും അതിന് ആധാരമായ അടിസ്ഥാന ഘടകങ്ങളെയും ചോദ്യം ചെയ്യാത്തതിനാൽ ഭക്തിപ്രസ്ഥാനം കേരളത്തിൽ മൗലികമായൊരു പരിവർത്തവും സംഭവിച്ചില്ല എന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. എന്നാൽ സമൂഹത്തെ ഒന്നായി ബാധിച്ചിരുന്ന അജ്ഞതയാണ് എല്ലാ സ്വാർഥപ്രേരണകൾക്കും മൂലകാരണം എന്നറിഞ്ഞവരാണ് എഴുത്തച്ഛനെയും മേൽപ്പത്തൂരിനെയും പോലെയുള്ള ജ്ഞാനികൾ. അജ്ഞതയുടെ ഇരുൾമൂടിയ സമൂഹബോധത്തെ വളരെ വേഗം പ്രകാശവത്താക്കുക എന്നത് അസാധ്യമാണ്. അതിനാൽ വ്യക്തികൾ എന്ന ഏകകങ്ങളിലൂടെ സ്വാഭാവികവും ക്രമാനുഗതവുമായ ഒരു പരിവർത്തനമാണ് 16-ാം നൂറ്റാണ്ടിലെ ഭക്തിപ്രസ്ഥാനം ലക്ഷ്യം വച്ചതെന്ന് പറയാം. കേരളീയ സമൂഹത്തിൽ നിസ്സാരങ്ങളല്ലാത്ത പലപരിവർത്തനങ്ങളും വരുത്തിവയ്ക്കാൻ ഭക്തിപ്രസ്ഥാനത്തിനു കഴിഞ്ഞു. ഇടുങ്ങിയ ജാതിവ്യവസ്ഥയാൽ നാല് അതിരുകൾക്കുള്ളിൽ കുടുങ്ങി ചേതന മരവിച്ചുപോയ കേരളീയസമൂഹത്തെ അത് പിടിച്ചുലച്ചു. കേരളത്തിലെ സാംസ്കാരിക ഉത്ക്കർഷത്തെ ചരിത്രഘടകങ്ങളിലൂടെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരാൾക്ക് 16-ാം നൂറ്റാണ്ടിലുണ്ടായ ആധ്യാത്മിക കൃതികളെ ഒഴിവാക്കാൻ കഴിയുകയില്ല. ഭാരതത്തിൽ വേദകാലം മുതൽക്കുതന്നെ ഭൗതികവും ആധ്യാത്മികവുമായ വികാസം ഒരോ വിഭാഗങ്ങളിലും പ്രകടിപ്പിച്ചുവന്നിട്ടുണ്ട്. അവയുടെ കൂടിച്ചേരലുകളാണ് നമ്മുടെ സംസ്കാരത്തെ സമഗ്രവും ഉദാത്തവുമാക്കി തീർത്തത്. ജനങ്ങളെ പുതിയ ലോകത്തിലേയ്ക്ക് ഉയർത്തുവാനും അവരിൽ കർമ്മചൈതന്യം വളർത്തുവാനും ഭക്തിപ്രസ്ഥാനത്തിനു കഴിഞ്ഞു.

▶ ഭക്തിയിലൂടെ പരിവർത്തനം

## 2.4.3.8 ഭക്തി നാടൻപാട്ടിൽ

ഭക്തിസാഹിത്യത്തിന് അവകാശപ്പെട്ടതായി ഭദ്രകാളിത്തോറ്റങ്ങളിൽ നിന്നും ആരംഭിക്കുന്ന നാടൻപാട്ടുകളുടെ ഒരു വലിയ ഈടുവയ്പ്പും ഉണ്ട്. ഈ നാടൻപാട്ടുകളുടെ വിശദാംശങ്ങളിൽ വൈവിധ്യമുള്ള ഒരു കാളീസങ്കൽപ്പം, ദ്രാവിഡസംസ്കാരവുമായി ഒരു നാഭീനാളബന്ധം പുലർത്തിപ്പോരുന്നുണ്ട്. വളരെ അപൂർവമായിട്ടാണെങ്കിലും ശുദ്ധവേദാന്തത്തിലേക്ക് നീങ്ങുന്ന ചില നാടൻപാട്ടുകളും നമുക്കുണ്ട്. "ആനന്ദകോട്ടയ്ക്ക് ഒൻപത് വാതില് ചിന്നം കതകുള്ള വാതിലുമൂന്ന്'' എന്ന ഗാനം നവദ്വാരങ്ങളുള്ള മനുഷ്യശരീരത്തിന്റെ നശ്വരതയെ ആണ് പ്രതിപാദിക്കുന്നത്. ബ്രഹ്മത്തെ മുലകന്ദമായും ത്രീമൂർത്തികളെ അതിൽ നിന്നും ഉത്ഭവിക്കുന്ന വള്ളികളായും ചിത്രീകരിച്ചിട്ടുള്ള നാടൻപാട്ടുകളും നമുക്കുണ്ട്. രാമായണഭാരതാദി കൃതികളുടെ ഭാഗങ്ങൾ വഞ്ചിപ്പാട്ടുകളായും കൈകൊട്ടിക്കളിപ്പാട്ടുകളായും നമുക്ക് ലഭിച്ചിട്ടുണ്ട്. ഗഹനമായ വേദാന്തചിന്തകളിലേക്ക് ഒരിക്കലും ഇറങ്ങാതെ, അഥവാ ഇറങ്ങുകയാണെങ്കിൽ തന്നെ അങ്ങനെയൊരു തോന്നൽ ഉളവാക്കാതെ സംഗീതവും ഭക്തിയും കൊണ്ട് ചിന്താപരമായ ദാർഢ്യത്തെ മറച്ചുവച്ച് ജനപ്രീതി നേടിയ ഒരു വലിയ വാമൊ

▶ വാമൊഴിവഴക്കത്തിലൂടെ പ്രചരിച്ച ഗാനങ്ങൾ

Remove Watermark Now

ഴിസാഹിത്യവും ഭക്തിപ്രസ്ഥാനത്തിന് ഉള്ളതായി അവകാശപ്പെടാം.

## നാടൻപാട്ടുകൾ

പ്രാചീനമായ ജനകീയകവിതയാണ് നാടൻപാട്ടുകൾ. ഏതു ഭാഷയിലെയും സാഹിത്യചരിത്രത്തിന്റെ ആദിപാഠങ്ങൾ നാടൻപാട്ടുകളായിരിക്കും. നാടൻജീവിതത്തിന്റെ ചൂടുംചൂരും കലർന്നിട്ടുള്ള നാടൻപാട്ടുകൾ സാമൂഹ്യജീവിതത്തിന്റെ വികാസപരിണാമങ്ങളെ അടയാളപ്പെടുത്തുന്ന അലിഖിതരേഖകളാണ്. ഈ പ്രാചീനജനകീയഗാനങ്ങൾ ഏതുകാലത്ത് രൂപപെട്ടുവെന്നോ അവയുടെ ഗാതാവ് (കർത്താവ്) ആരാണെന്നോ വ്യക്തമല്ല. അത്തരമൊരന്വേഷണം പ്രസക്തവുമല്ല. കാരണം എത്രയോ തലമുറകളിലൂടെ പരിണമിച്ചുണ്ടായതാണ് ഇന്നത്തെ നാടൻപാട്ടുകൾ. ഭാഷയുടെയും ഭാവനയുടെയും കൂടിച്ചേരലുകളില്ലാത്ത ഒരു നാടൻപാട്ടും ഉണ്ടാവാനിടയില്ല. മലയാളത്തിലെ നാടൻപാട്ടുകളുടെ വർഗീകരണം സങ്കീർണ്ണമായ വിഷയമാണ്. കാരണം ജനനം മുതൽ മരണം വരെയുള്ള ജീവിതഘട്ടത്തിലെ എല്ലാകർമ്മങ്ങളോടും അനുഷ്ഠാനങ്ങളോടും ബന്ധപ്പെട്ട് നമുക്ക് പാട്ടുകളുണ്ടായിരുന്നു. മഹാകവി ഉള്ളൂർ നാടൻപാട്ടുകളെ ദേവതാപൂജ, വീരപുരുഷാരാധന, വിനോദം, ശാസ്ത്രം, കുലവൃത്തി, സദാചാരം എന്നിങ്ങനെ വിഭജിച്ചിരുന്നു. രാമവർമ്മ അപ്പൻ തമ്പുരാൻ പാട്ടുകളെ പുരാണം, സ്തോത്രം, സദാചാരം, ശാസ്ത്രം, വീരചരിതം, ദേശചരിതം, തൊഴിൽ, വിനോദം, ബൗദ്ധികം, രാഷ്ട്രീയം എന്നിങ്ങനെ വിഭജിച്ചിരുന്നു. ഏതു മാനദണ്ഡം സ്വീകരിച്ചാലും നാടോടിഗാനപ്രപഞ്ചത്തെ അത് പൂർണ്ണമായി ഉൾക്കൊള്ളുകയില്ല. സമുദായം, അനുഷ്ഠാനം, വിനോദം എന്നിവയുമായി ബന്ധപ്പെട്ടിട്ടുള്ള പാട്ടുകൾ 'പാട്ടിന്റെയും' 'മണിപ്രവാള'ത്തിന്റെയും വഴിവിട്ട് ശുദ്ധമലയാളശാഖയുടെ അസ്തിത്വം തെളിയിക്കുന്നവയാണ്. ഭൂമിശാസ്ത്രപരമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ നാടൻപാട്ടുകളെ തെക്കൻ പാട്ടുകൾ, വടക്കൻപാട്ടുകൾ എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്.

▶ പ്രാചീനമായ ജനകീയ കവിത

## 2.4.4 അറബിമലയാളവും മാപ്പിളപ്പാട്ടും

കേരളഭാഷയെ അറബിയിൽ എഴുതുന്ന രീതിയാണ് അറബി മലയാളം. മുസ്ലീം സംസ്കാരവുമായി ബന്ധപ്പെട്ട പദങ്ങൾ പ്രയോഗിക്കേണ്ടിവരുന്ന സന്ദർഭത്തിൽ, അതേ ഉച്ചാരണമുള്ള അറബി പദങ്ങൾ ലഭ്യമല്ലാത്തതിനാൽ സാദൃശ്യമുള്ള അറബിയക്ഷരങ്ങൾക്ക് ചെറിയ പരിഷ്കാരം വരുത്തി പുതിയ അക്ഷരങ്ങളുണ്ടാക്കി എഴുതുന്ന രീതിയാണിത്. അങ്ങനെ ഓരോ അക്ഷരങ്ങൾക്കും പകരം മറ്റൊരു അക്ഷരം നിർമ്മിച്ചുകൊണ്ട് മലയാളത്തിലെ പദങ്ങൾ എഴുതാൻ കഴിയുന്ന ലിപിയായി അറബിമലയാളം മാറി. കേരളത്തിലെ മുസ്ലീങ്ങൾ ഒരു സമൂഹമായി രൂപപ്പെടുകയും മതപഠനവും അറിവുകളും സാധാരണ മുസ്ലീങ്ങളിലേക്കു എത്തേണ്ട സാഹചര്യമുണ്ടായതിനാലായിരിക്കണം അറബി മലയാളം രൂപപ്പെട്ടത് എന്നു പൊതുവെ പറയാം. മഹാകവി ഉള്ളൂർ അറബിമലയാളത്തിന് 600 കൊല്ലത്തെ പഴക്കമുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ക്രിസ്തു വർഷം ഒൻപതാം നൂറ്റാണ്ടു മുതൽ മുസ്ലീങ്ങൾ ഇവിടെയുണ്ടായിരുന്നുവെന്നും അത്രയും പഴക്കം അറബിമലയാളത്തിന് കല്പിക്കാവുന്നതാണെന്നും വേറൊരു അഭിപ്രായഗതിയുമുണ്ട്.

▶ അറബി മലയാളം ഭാഷയും ലിപിയും

Remove Watermark Now

അറബിമലയാളം മലയാളത്തിന്റെ ഭാഷാഭേദങ്ങളിൽ ഒന്നിന്റെ ലിഖിതരൂപമാണ്. എന്നാൽ അറബിമലയാളം എന്നത് മലബാർ മുസ്ലീങ്ങളുടെ എഴുത്തുഭാഷ മാത്രമാണെന്ന് എം. എൻ. കാരശ്ശേരി അഭിപ്രായപ്പെടുന്നു. മുസ്ലീങ്ങൾ കടന്നുചെന്ന നാടുകളിൽ തദ്ദേശീയഭാഷയെ അറബിലിപിയിൽ എഴുതുന്ന പതിവുണ്ടായിരുന്നു. അറബിത്തമിഴ്, അറബിക്കന്നഡ, അറബിപഞ്ചാബി തുടങ്ങിയവ ഉദാഹരണം. ഈ പ്രക്രിയ തന്നെയാണത്രെ മലയാളത്തിൽ സംഭവിച്ചതും.

▶ ഭാഷാഭേദങ്ങളിൽ ഒന്ന്

മലബാർ മുസ്ലീങ്ങളുടെ തനതുഭാഷയായ അറബിമലയാളത്തിൽ അതിന്റേതായ ഒരു സാഹിത്യശാഖയുണ്ട്. ആ സാഹിത്യത്തിലെ പദ്യവിഭാഗമാണ് മാപ്പിളപ്പാട്ടുകൾ. പേര് സൂചിപ്പിക്കുന്നത് പോലെ മാപ്പിളമാരുടെ ഇടയിലാണ് ഇവയ്ക്കു പ്രചാരം. മുസ്ലീം ജീവിതത്തെയും സംസ്കാരത്തെയും ആചാരസവിശേഷതകളെയും പ്രതിഫലിപ്പിക്കുന്നവയാണ് മാപ്പിളപ്പാട്ടുകൾ. കേരളത്തിലെ നാടൻപാട്ടുകളുടെയും അറബിഗാനശൈലിയുടെയും സങ്കലനം മാപ്പിളപ്പാട്ടുകളിൽ കാണാം. മാപ്പിളപ്പാട്ടുകളിൽ വിവിധ വിഭാഗങ്ങളുണ്ട്. പുണ്യപുരുഷന്മാരെ പ്രകീർത്തിക്കുന്ന മാലപ്പാട്ടുകൾ, യുദ്ധവിവരണം നടത്തുന്ന ഉറുദികൾ, ചില വിരുത്തങ്ങൾ, കഥാപ്രധാനങ്ങളായ കെസ്സുകൾ, കല്യാണപ്പാട്ടുകൾ, കത്തുപാട്ടുകൾ എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

▶ മലബാർ മുസ്ലീംങ്ങളുടെ തനതു ഭാഷ

ശൃംഗാരരസമാണ് മാപ്പിളപ്പാട്ടിൽ പൊതുവെ കാണുന്നത്. താളപ്രധാനവും പ്രാസനിബന്ധവുമാണിവ. നാടൻശീലുകളും പദപ്രയോഗങ്ങളുമാണ് മാപ്പിളപ്പാട്ടിന്റെ മറ്റൊരു സവിശേഷത. മാപ്പിളപ്പാട്ടിലെ വൃത്തങ്ങളെ 'ഇശലുകൾ' എന്നു പറയും. ഒരു കാവ്യത്തിൽത്തന്നെ വ്യത്യസ്ത ഇശലുകൾ കാണാനാവും. കോഴിക്കോട്ടുകാരനായ ഖാസിമുഹമ്മദ് എഴുതിയ 'മുഹ്യുദ്ദീൻ മാല'യാണ് മാപ്പിളപ്പാട്ടുകളിലെ ആദ്യകാലകൃതികളിൽ പ്രധാനം. അറേബ്യയിലെ പുണ്യപുരുഷനായ മുഹമ്മദ്ദീൻ അബ്ദുൾഖാദർ ഖിലാനിയെക്കുറിച്ചുള്ള വർണ്ണനകളാണ് ഈ കൃതിയുടെ ഉള്ളടക്കം. മുഹ്യുദ്ദീൻ മാലയടക്കം ഏതാണ്ട് അഞ്ഞൂറോളം കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്.

▶ മുഹ്യുദ്ദീൻ മാല

## Summarised Overview

വേദം കേൾക്കാൻ ഇടയാവുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കാൻ അനുശാസിച്ചിരുന്ന ഒരു കാലം ഭാരതത്തിലുണ്ടായിരുന്നു. ചാതുർവർണ്യവ്യവസ്ഥ അടിച്ചേൽപ്പിച്ച അനീതികൾ വർഷങ്ങളോളം ജനസമൂഹത്തിനേൽപ്പിച്ച ആഘാതത്തിൽ നിന്ന് ജനതയ്ക്ക് പെട്ടെന്നൊരു മോചനം സാധ്യമായിരുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ ആണ് സാമൂഹിക നവോത്ഥാനം ലക്ഷ്യമാക്കി മതങ്ങൾ ഭക്തി പ്രചാരകരായിത്തീർന്നത്. പതിമൂന്ന് മുതൽ പതിനെട്ട് വരെയുള്ള കാലയളവിൽ ഇന്ത്യയിലാകമാനം അലയടിച്ച ഭക്തി പ്രസ്ഥാനത്തിന് സാമൂഹിക നവോത്ഥാനം എന്ന ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. എ. ഡി. 15 മുതൽ 17 വരെയുള്ള നൂറ്റാണ്ടുകളിൽ ഇന്ത്യയാകെ വൈഷ്ണവഭക്തിയുടെ പ്രഭ പരത്തിയ പ്രസ്ഥാനമാണ് ഭക്തിപ്രസ്ഥാനം. ഇന്ത്യയിലെ ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് ബ്രാഹ്മണാധിപത്യം ശക്തമായി പ്രകടമായത് കേരളത്തിലായിരുന്നു. ഇവർ ചാതുർവർണ്യ വ്യവസ്ഥയ്ക്കുള്ളിൽ നായന്മാരടക്കം താഴേയ്ക്കു വരുന്ന ജാതി വിഭാഗങ്ങളെ അവർണ്ണരായി കണക്കാക്കുകയും, അറിവിൽനിന്ന് അവരെ അകറ്റിനിർത്തുകയും ചെയ്തു. ഹിന്ദുമതത്തിന്റെ ജീർണ്ണതകൾക്കെതിരെ

Remove Watermark Now

നടന്ന ഒരു നവീകരണ ശ്രമം കൂടിയായിരുന്നു കേരളത്തിലെ ഭക്തിപ്രസ്ഥാനം. എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയ കവികൾ നടത്തിയ ശ്രമങ്ങൾ ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടവയാണ്. കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ വക്താവും പ്രയോക്താവുമായി എഴുത്തച്ഛൻ മാറി. എഴുത്തച്ഛനുശേഷം ഭക്തിയുടെ പ്രഭപരത്തിയ മലയാള കവി പൂന്താനം നമ്പൂതിരിയായിരുന്നു.

ശങ്കരാചാര്യർ അദ്വൈതചിന്തയിലൂടെ മതനവീകരണം സാധ്യമാക്കി. ഇന്ത്യയിൽ അതിപ്രചാരമുണ്ടായിരുന്ന ബുദ്ധമത വിശ്വാസങ്ങളെ യുക്തിഭദ്രമായ വാദങ്ങളാൽ പരാജയപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചു. ഭക്തിപ്രസ്ഥാനം സാംസ്കാരിക നിർമ്മിതിയിൽ ഇടപെട്ട കാലം കൂടിയാണത്. ധാർമ്മികതകർച്ചയുടെ കാലത്തുനിന്ന് സമൂഹത്തെ തിരിച്ചു കൊണ്ടുവരുന്നതിൽ കേരളത്തിലെ ഭക്തിപ്രസ്ഥാനം നല്ല പങ്കുവഹിച്ചിട്ടുണ്ട്. മൂന്നാം നൂറ്റാണ്ട് മുതൽ ഭാരതത്തിൽ വേരുപിടിച്ച ഭക്തി സാഹിത്യം കേരളത്തിലെ കവികളെയും സ്വാധീനിച്ചിരുന്നു. രാമചരിതത്തിൽ തുടങ്ങിയ ഭക്തി സംവർദ്ധക കാവ്യരചനകൾ എഴുത്തച്ഛനിലേക്കെത്തുമ്പോൾ പൂർണ്ണമാവുന്നു. സാമൂഹികാവസ്ഥയുടെ  പ്രതിഫലനമെന്നോണം സാംസ്കാരിക രംഗവും ജീർണ്ണിക്കാൻ തുടങ്ങിയ കാലത്താണ് ഭക്തിപ്രസ്ഥാനം ഉടലെടുത്തത്. രാമചരിതം, കണ്ണശ്ശരാമായണം തുടങ്ങി രാമായണത്തെ ആസ്പദമാക്കി എഴുതപ്പെട്ട പാട്ടുകൃതികളും, ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും ഭക്തിമാർഗത്തെ ജനങ്ങളിലേക്കെത്തിച്ച് ഒരു സാമൂഹ്യ നവോത്ഥാനത്തിന് മുതിർന്നെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. ഏകീകൃത സാമൂഹ്യഘടനയോ, ചിന്താരീതികളോ, ഭാഷയോ ഇല്ലാതിരുന്ന ആ കാലത്താണ് എഴുത്തച്ഛന്റെ ആഗമനം. സാധാരണക്കാരന്റെ ഭാവമായിട്ട് അദ്ദേഹം ഭക്തിയെ കാണുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിച്ച് നിരാസക്തിയിലൂടെ മുക്തി പദം കണ്ടെത്താനുള്ള ഭക്തിമാർഗം തന്റെ കൃതികളിൽ ഇഴ ചേർത്തു. ജനതയെ സംസ്കാര ചിത്തരാക്കി മാറ്റുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനുള്ള തത്വചിന്താപരമായ ജീവിതാവബോധം ഈ കൃതികളിൽ ഉണ്ടായിരുന്നു.

കണ്ണശ്ശന്മാരിലൂടെ ചെറുശ്ശേരിയിലൂടെ വികസിച്ചു വന്ന ഭക്തി എഴുത്തച്ഛനിലേക്കെത്തുമ്പോൾ സമൂലവും സമഗ്രവും  സമ്പൂർണ്ണവുമായ ദർശന പദ്ധതിയായി മാറുന്നു. ഭക്തി എഴുത്തച്ഛന് ലക്ഷ്യവും മാർഗവുമാകുന്നു. അതിന്റെ തുടർച്ചയാണ്  പൂന്താനത്തിലും, രാമപുരത്ത് വാര്യരിലും മേല്പത്തൂരിലും ദർശിക്കാനാവുക.

കേരളഭാഷയെ അറബി ലിപിയിൽ എഴുതുന്ന രീതിയാണ് അറബി മലയാളം.  മുസ്ലീം സംസ്കാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മലയാള അക്ഷരങ്ങൾക്ക് പകരം അതേ ഉച്ചാരണമുള്ള അറബി പദങ്ങൾ ലഭ്യമല്ലാത്തതിനാൽ, സാദൃശ്യമുള്ള അറബിയക്ഷരങ്ങൾക്ക് ചെറിയ പരിഷ്കാരം വരുത്തി പുതിയ അക്ഷരങ്ങൾ ഉണ്ടാക്കി പ്രയോഗിക്കുന്ന ഭാഷാരീതിയാണിത്.

പ്രാചീനമായ ജനകീയ കവിതയാണ് നാടൻപാട്ടുകൾ. ഏതു ഭാഷയിലെയും സാഹിത്യചരിത്രത്തിന്റെ ആദിപാഠങ്ങൾ നാടൻപാട്ടുകളായിരിക്കും. വടക്കൻകേരളത്തിൽ പ്രചാരത്തിലുള്ള ജനകീയ നാടൻകഥാഗാനങ്ങളെയാണ് വടക്കൻപാട്ടുകൾ എന്നുവിളിക്കുന്നത്. തെക്കൻ തിരുവിതാംകൂറിലും തെക്ക് കന്യാകുമാരി വരെയുള്ള പ്രദേശങ്ങളിലും നിലവിലിരുന്ന നാടോടിപ്പാട്ടുകളെയാണ് സാഹിത്യചരിത്രകാരന്മാർ തെക്കൻപാട്ടുകൾ എന്നു പറയുന്നത്.

Remove Watermark Now

# Assignments

1. കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ ചരിത്രം വിശദമാക്കുക.
2. 'ഭക്തിപ്രസ്ഥാനവും എഴുത്തച്ഛനും'– ഉപന്യാസം തയ്യാറാക്കുക.
3. അറബി മലയാളത്തിന്റെ സവിശേഷതകൾ വിവരിക്കുക.
4. തെക്കൻപാട്ടുകൾ, വടക്കൻപാട്ടുകൾ എന്നിവയുടെ സവിശേഷകൾ സംഗ്രഹിക്കുക.
5. അറബി മലയാളത്തിന്റെ സവിശേഷതകളും സാംസ്കാരിക ചരിത്രവും-ഉപന്യാസം തയ്യാറാക്കുക.
6. പൂന്താനവും സ്ത്രോത്രസാഹിത്യവും ഉപന്യാസിക്കുക.
7. ഭക്തിപ്രസ്ഥാനത്തിന്റെ ഫലമായുണ്ടായ സാംസ്കാരികമാറ്റത്തെ കുറിച്ച് ചർച്ച ചെയ്യുക.
8. കേരളത്തിലെ നാടൻപാട്ടുകളുടെ സവിശേഷതയെന്ത്? അവയെ വർഗീകരിച്ച് വിവരിക്കുക.

# Suggested Reading


1. കെ.കെ.എൻ. കുറുപ്പ്, പഴശ്ശിസമരങ്ങൾ, പൂർണ്ണാ പബ്ലിഷേഴ്സ്, കോഴിക്കോട്.
2. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ. ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
4. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
5. കെ. ദാമോദരൻ, കേരളചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. നടുവട്ടം ഗോപാലകൃഷ്ണൻ, കേരളചരിത്രധാരകൾ, മാളൂബൻ, തിരുവന്തപുരം.


# References


1. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം: കേരളസംസ്ഥാന രൂപീകരണം വരെ, ഡി.സി. ബുക്സ്, കോട്ടയം.
3. എസ്.കെ. വസന്തൻ, കേരളസംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

4. ഇളംകുളം കുഞ്ഞൻപിള്ള, ഇളംകുളം കുഞ്ഞൻപിള്ളയുടെ തെരഞ്ഞെടുത്ത കൃതികൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
6. പുതുശ്ശേരി രാമചന്ദ്രൻ, കേരളചരിത്രത്തിലെ അടിസ്ഥാനരേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
7. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം ഭാഗം 1, എസ്.പി.സി.എസ്, കോട്ടയം.
8. സ്കറിയ സക്കറിയ (എഡി), 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്, കോട്ടയം.
9. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിന്റെ പതനം, ഡി.സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Remove Watermark Now

SGOU

iSkysoft

Remove Watermark Now

# Unit 4 പോർച്ചുഗീസുകാരുടെ വരവ്

## Learning Outcomes

- പോർച്ചുഗീസുകാരുടെ വരവിനു ശേഷമുള്ള കേരളചരിത്രത്തെക്കുറിച്ച് ധാരണ നേടുന്നു
- കോളനീകരണത്തിന്റെ ചരിത്രം മനസ്സിലാക്കുന്നു
- മതപരിവർത്തനത്തിന്റെ ചരിത്രവും രാഷ്ട്രീയവും അറിയുന്നു
- തദ്ദേശീയമായ ചെറുത്തുനിൽപ്പുകളുടെ ചരിത്രത്തെ വിലയിരുത്തുന്നു
- പോർച്ചുഗീസുകാരുടെ അധിനിവേശവും വികാസവും പ്രത്യാഘാതങ്ങളും വിലയിരുത്തുന്നു

## Background

ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തേക്ക് ആദ്യമെത്തിയ വിദേശവാണിജ്യശക്തികൾ പോർച്ചുഗീസുകാരായിരുന്നു. ഇത്തരം കച്ചവടാധിനിവേശത്തിന് വ്യക്തമായ ചരിത്രപശ്ചാത്തലമുണ്ടായിരുന്നു. യൂറോപ്പിൽ നവോത്ഥാനത്തിനുശേഷം അവിടുത്തെ ഫ്യൂഡൽ സാമൂഹിക ക്രമങ്ങൾക്ക് തകർച്ച നേരിട്ടു. കാർഷികമേഖലയിൽ വലിയ സാങ്കേതികവളർച്ചയുണ്ടാവുകയും നഗരവൽക്കരണവും യന്ത്രവൽക്കരണവും ത്വരിതഗതിയിൽ നടപ്പാവുകയും ചെയ്തു. അതോടെ തദ്ദേശ കമ്പോളങ്ങളുടെ പരിമിതി ബോധ്യപ്പെടുകയും മത്സരാധിഷ്ഠിതമായ കച്ചവടവിപണികൾ അനിവാര്യമായിത്തീരുകയും ചെയ്തു. അതുകൊണ്ടുതന്നെ തങ്ങളുടെ കമ്പോളങ്ങളുടെ വ്യാപ്തി രാജ്യാതിർത്തി കടന്നുപോകേണ്ടതിന്റെ ആവശ്യകതയും, കച്ചവടാദി കാര്യങ്ങൾക്കായി അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ട സാഹചര്യവുമുണ്ടായി. ഇത് യൂറോപ്യൻജനതയെ അന്യദേശാധിനിവേശത്തിന് പ്രേരിപ്പിച്ചു. ഇതിന്റെ ഭാഗമായിട്ടാണ് അവർ സാഹസികമായ സമുദ്രയാത്രകൾ ചെയ്ത് അന്യദേശങ്ങളിലെത്തുകയും അവിടെ സ്ഥിരതാമസമുറപ്പിക്കുകയും ചെയ്തത്. അവർ കടന്നുചെന്ന പ്രദേശങ്ങളിലെല്ലാം തദ്ദേശീയജനതയെ ആട്ടിപ്പുറത്താക്കുകയോ, ഇല്ലാതാക്കുകയോ ചെയ്തുകൊണ്ടാണ് യൂറോപ്യൻ അധിനിവേശം സാധ്യമായത്. അവശ്യവിഭവങ്ങളും അധിവാസസ്ഥാനങ്ങളും തേടിയുള്ള യൂറോപ്യന്മാരുടെ ഈ സാഹസികയാത്രയാണ് പുതിയ ഭൂപ്രദേശങ്ങളുടെ കണ്ടുപിടുത്തമായി ചരിത്രം രേഖപ്പെടുത്തുന്നത്. പാശ്ചാത്യരാജ്യത്തുനിന്ന് ഇന്ത്യയിലേക്ക് കടൽ കടന്നുവരാനുള്ള ഒരു പാത കണ്ടെത്തിയത് ഈ അന്വേഷണത്തിന്റെ ഭാഗമാണ്.

പോർച്ചുഗീസുകാർക്കു മുൻപുതന്നെ നിരവധി വിദേശികൾ കേരളത്തിലേക്കുവന്നിട്ടുണ്ട്. എ. ഡി. 45-ൽ ഹിപ്പാലസ് എന്ന ഗ്രീക്കു നാവികൻ കാലവർഷക്കാറ്റിന്റെ ഗതി കണ്ടുപിടിച്ചതോടെയാണ് ഇത് സാധ്യമായത്. കാറ്റിന്റെ കാലത്തിനും ഗതിക്കുമനുസരിച്ച് തങ്ങളുടെ പത്തേമാരികൾ (വാണിജ്യകപ്പലുകൾ) നിയന്ത്രിക്കാൻ ഇതോടെ കഴിഞ്ഞു. ഹിപ്പാലസ് കണ്ടുപിടിച്ച മൺസൂൺ കാറ്റ് മാത്രമല്ല പശ്ചിമഘട്ടങ്ങളിൽ പെയ്തിറങ്ങുന്ന മൺസൂൺ മഴയും കേരളത്തെ സുഗന്ധവ്യഞ്ജനങ്ങളുടെ കലവറയാക്കി മാറ്റി. പാശ്ചാത്യരുടെ മുഖ്യ ആകർഷണവും ഈ സുഗന്ധവ്യഞ്ജനങ്ങളായിരുന്നു. മാംസം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഭക്ഷ്യവസ്തുക്കളിൽ സുഗന്ധം കലർത്തുന്നതിനും മരുന്നുകളുടെ നിർമ്മാണത്തിനും അവർക്ക് സുഗന്ധവ്യഞ്

Remove Watermark Now

ജനങ്ങൾ അനിവാര്യമായിരുന്നു. അതിൽത്തന്നെ കുരുമുളകായിരുന്നു ഏറെ പ്രിയം. യൂറോപ്യൻ രാജ്യങ്ങളിൽ പ്രത്യേകിച്ച് ജർമനിയിലും മറ്റും അവരുടെ നിത്യജീവിതത്തിൽ മാത്രമല്ല മതജീവിതത്തിലും വാണിജ്യകേന്ദ്രങ്ങളിലും കേരളീയസുഗന്ധവ്യഞ്ജനങ്ങൾ മുഖ്യവസ്തുക്കളായിരുന്നുവെന്ന് കേരളചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഉഷ്ണമേഖലാപ്രദേശങ്ങൾ പൊതുവേ പാശ്ചാത്യരെ ആകർഷിച്ചിരുന്നില്ല. എങ്കിലും അത്തരം പ്രദേശങ്ങളിലെ വിഭവസമൃദ്ധി, കാലാവസ്ഥയോട് മല്ലടിച്ച് സാഹസികമായിത്തന്നെ പിടിച്ചുനിൽക്കാൻ അവരെ പ്രേരിപ്പിച്ചു. പോർച്ചുഗീസുകാർ മുതൽ ഇംഗ്ലീഷുകാർ വരെയുള്ളവരുടെ അധിനിവേശത്തിനും ആധിപത്യത്തിനും പിന്നിൽ ഈ വിഭവമോഹമുണ്ടെന്നതാണ് സത്യം.

## Keywords

പോർച്ചുഗീസുകാരുടെ ആഗമന ചരിത്രം-ഗാമയുടെ രണ്ടാം വരവ്-കച്ചവടവും അധികാര സ്ഥാപനവും-മതം-കോളനീകരണം-ഉദയംപേരൂർ സുനഹദോസ്-കൂനൻ കുരിശ് സത്യം

## Discussion

### 2.4.1 പോർച്ചുഗീസുകാർ

▶ പോർച്ചുഗീസുകാരുടെ ആഗമനം

1498-ൽ വാസ്കോ ഡ ഗാമയുടെ നേതൃത്വത്തിൽ പോർച്ചുഗീസ് വ്യാപാരികളുടെ ഒരു സംഘം കോഴിക്കോടിന് അൽപ്പം വടക്കുമാറി കാപ്പാട് കാലുകുത്തി. അനന്തരസംഭവങ്ങളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ ഭാരതചരിത്രത്തിലെ തന്നെ ശ്രദ്ധേയമായ ഒരധ്യായത്തിന്റെ തുടക്കമാണിതെന്നു കാണാം. ഇന്ത്യയിലേക്ക് ഒരു വാണിജ്യമാർഗം കണ്ടുപിടിക്കുക, പൗരസ്ത്യദേശങ്ങളുമായുള്ള വ്യാപാരബന്ധം വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പോർച്ചുഗൽ രാജാവായ മാനുവൽ, വാസ്കോഡഗാമയെ ഇങ്ങോട്ടയച്ചത്. പോർച്ചുഗീസുകാരുടെ ചരക്കുകൾ സൂക്ഷിക്കുന്നതിന് പണ്ടകശാലകളും ചരക്കുകളുടെ ക്രയവിക്രയത്തിനു തരകന്മാരുടെ സഹായവും സാമൂതിരി ഏർപ്പെടുത്തിക്കൊടുത്തു. ഇന്ത്യയിലേക്ക് ഒരു വഴികണ്ടുപിടിക്കുക, കുരുമുളകു വ്യാപാരത്തിന്റെ കുത്തക കൈയ്യടക്കുക എന്നീ ഉദ്ദേശ്യങ്ങളായിരുന്നു പോർച്ചുഗീസുകാർക്ക് ആദ്യമുണ്ടായിരുന്നത്. എന്നാൽ ഇവിടെയെത്തിക്കഴിഞ്ഞപ്പോൾ രാഷ്ട്രീയാധിപത്യത്തിനുള്ള മോഹം അവരിൽ നാമ്പെടുത്തു. കേരളത്തിൽ നിലവിലിരുന്ന രാഷ്ട്രീയസ്ഥിതിഗതികളാണ് അതിനു വഴിയൊരുക്കിയത്.

#### 2.4.1.1 കേരളത്തിലെ രാഷ്ട്രീയ സാഹചര്യം

കുലശേഖരസാമ്രാജ്യത്തിന്റെ അസ്തമനത്തോടെ കേരളത്തിൽ ഏകീകൃതമായ ഒരു ഭരണകൂടമില്ലാതായി. നാട്ടുരാജാക്കന്മാരും പ്രഭുക്കന്മാരും തങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങളുടെമേൽ പരമാധികാരം പ്രഖ്യാപിച്ചു. അധികാരാതിർത്തി വർധിപ്പിക്കാനാ

Remove Watermark Now

യി നിരന്തരമേറ്റുമുട്ടി. ഈ നാട്ടുരാജ്യങ്ങളിൽ എല്ലാംകൊണ്ടും മികച്ചുനിന്നത് കോഴിക്കോടാണ്. തൊട്ടടുത്ത സ്ഥാനം കൊച്ചിക്കും കോലത്തുനാടിനുമായിരുന്നു. മറ്റു നാടുകൾ ഈ മൂന്ന് നാട്ടുരാജ്യങ്ങളോട് ഏതെങ്കിലും തരത്തിൽ കൂറുപുലർത്തുക മാത്രമാണ് ചെയ്തിരുന്നത്. കോഴിക്കോട് സാമൂതിരിയുടെ ഔന്നത്യത്തിൽ അസഹിഷ്ണുതയുള്ളവരായിരുന്നു കൊച്ചിയും കോലത്തുനാടും. ആധിപത്യത്തിനുവേണ്ടി നാട്ടുരാജ്യങ്ങൾ തമ്മിൽ നിലനിന്ന കിടമത്സരങ്ങളും യുദ്ധങ്ങളും കേരളത്തിൽ രാഷ്ട്രീയാധിപത്യത്തിനുള്ള ആശയും പ്രതീക്ഷയും അവരിലുണർത്തി. പോർച്ചുഗീസുകാർ കൊച്ചിരാജാവുമായി ചേർന്നുകൊണ്ട് കൊച്ചിയിലെ സാമൂതിരിപ്പടയെ ആക്രമിച്ച് ഓടിച്ചു. കൊച്ചിരാജാവിനു രാജ്യം തിരിച്ചു നൽകി. തിരിച്ച് പോർച്ചുഗീസുകാർക്ക് എന്തും നൽകുവാൻ രാജാവ് തയ്യാറായി. അങ്ങനെ പോർച്ചുഗീസുകാർ കൊച്ചിയിൽ 'ഫോർട്ട് മാന്വൽ' കോട്ട കെട്ടി. ഇന്ത്യയിൽ യൂറോപ്യന്മാർ ആദ്യം കെട്ടിയ കോട്ടയായിരുന്നു അത്.

> ▶ സാമൂതിരിയും കൊച്ചിരാജാവും തമ്മിലുള്ള യുദ്ധം

പോർച്ചുഗീസുകാരുടെ ആഗമനകാലത്ത് കേരളത്തിന്റെ വിദേശവ്യാപാരം അറബികളുടെ നിയന്ത്രണത്തിലായിരുന്നു. പറങ്കികൾക്കു പ്രിയങ്കരമായ പ്രകൃതിവിഭവങ്ങൾ, പ്രത്യേകിച്ച് കുരുമുളക് അവർക്കു ലഭ്യമാകാതിരിക്കാൻ അറബി വ്യാപാരികൾ ശ്രമിച്ചു. അതേസമയം, കൊച്ചിയിൽനിന്ന് ആദ്യമായി ശേഖരിച്ച വ്യാപാരസാധനങ്ങൾ നേടിക്കൊടുത്ത വൻലാഭം കേരളത്തിന്റെ വിദേശവ്യാപാരക്കുത്തക ഏതുവിധേനയും നേടിയെടുക്കാനുള്ള അമിതാവേശം അവരിലുളവാക്കി. കൊച്ചിയെ കൂട്ടുപിടിച്ച് പല നാട്ടുരാജ്യങ്ങളുമായി കരാറുണ്ടാക്കി. വ്യാപാരാധിപത്യത്തിനു വേണ്ടി ഏതാണ്ടൊരുനൂറ്റാണ്ടുകാലത്തെ നിരന്തരസമരം അറബിവ്യാപാരികളെ തളർത്തി. അതോടെ പോർച്ചുഗീസുകാരുടെ ആഗമനോദ്ദേശ്യം ഏതാണ്ട് സഫലമായി.

> ▶ അറബികളിൽ നിന്ന് പോർച്ചുഗീസുകാരിലേയ്ക്ക്

## 2.4.2 ഗാമയുടെ ഒന്നാംവരവ്

ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തേക്ക് എത്തിയ പോർച്ചുഗീസുകാർക്ക് അതിനുള്ള എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് അവരുടെ ഭരണകൂടം തന്നെയായിരുന്നു. 1495-ൽ ഇമ്മാനുവൽ ഒന്നാമനെന്ന പോർച്ചുഗീസ് രാജാവ് ഇന്ത്യയെ ലക്ഷ്യമാക്കിയുള്ള സമുദ്രയാത്രക്കായി ഒരു സംഘത്തെ നിയോഗിച്ചു. ബർത്തലോമിയസ് ഡയസ് എന്ന നാവികനായിരുന്നു സംഘത്തലവൻ. ഡയസിന്റെ പദ്ധതിക്കനുസരിച്ച് ഒരു വർഷത്തിലേറെ സമയമെടുത്തു കപ്പലുകളുടെ പണി പൂർത്തിയാക്കി. നീണ്ട കാലത്തെ ആഫ്രിക്കൻ തീരക്കടലുകളിലൂടെയുള്ള യാത്രാനുഭവവും ഡയസിനുണ്ടായിരുന്നു. ഇന്ത്യൻ കടലിൽ അറബികൾക്കുള്ള മേൽക്കോയ്മയും കച്ചവടാധിപത്യവും അവസാനിപ്പിക്കുക, ധാരാളം ക്രിസ്ത്യാനികളുള്ള ഇന്ത്യയിൽ അവരുമായി നല്ല ബന്ധം സ്ഥാപിക്കുക എന്നീ രണ്ട് ലക്ഷ്യങ്ങളാണ് ഇമ്മാനുവൽ രാജാവിനുണ്ടായിരുന്നത്. ഡയസിന്റെ പദ്ധതിപ്രകാരമുള്ള ഒരുക്കങ്ങൾ പൂർത്തിയായപ്പോൾ ഇന്ത്യൻ തീരയാത്രക്കായി നിയോഗിച്ചതാവട്ടെ രാജകൊട്ടാരത്തിൽ ഔദ്യോഗികപദവിയിലായിരുന്ന ഗാമ എന്ന ചെറുപ്പക്കാരനെയായിരുന്നു. കഠിനഹൃദയനും തടവു

Remove Watermark Now

കാരെ പീഡിപ്പിക്കുന്ന മനോഗതിക്കാരനും ക്രൂരനുമായിരുന്നു ഗാമ എന്നാണ് ചരിത്രം. സർവസന്നാഹങ്ങളോടെയുള്ള കപ്പൽയാത്രയ്ക്ക് പുരോഹിതന്മാർ ആശംസാനുഗ്രഹങ്ങൾ നല്കി. 1497 ജൂലൈ 8ന് കപ്പൽ ജീവനക്കാരെല്ലാം ആചാരപ്രകാരം കുർബാന കൈക്കൊണ്ട് ലിസ്ബണിലെ ബെലീവിൽ നിന്ന് ഇന്ത്യയിലേക്ക് യാത്ര പുറപ്പെട്ടു. സാൻ റാഫേൽ, സാൻ ഗബ്രിയേൽ എന്നീ രണ്ട് കപ്പലുകളിലായി ഏകദേശം 170 പേരുണ്ടായിരുന്നു. കാറ്റും പേമാരിയുംകൊണ്ട് ദുരിതംനിറഞ്ഞ ആ യാത്രക്കിടെ പലരും മരണമടഞ്ഞു. കെനിയയിലെ മൊംബസ തുറമുഖം കടന്ന് മെലിൻസയിലെത്തിയ പോർച്ചുഗീസ് ക്യാപ്റ്റനെ മെലിൻസയിലെ രാജാവ് സമ്മാനങ്ങൾ നല്കി ആദരിച്ചു. മാത്രമല്ല രാജാവ് ഒരു ഗുജറാത്തി നാവികനെയും സഹായിയായി അയച്ചു. അയാളാണ് ഇന്ത്യൻ തീരം കാണിച്ചുകൊടുക്കുന്നതും. അങ്ങനെ 1498 മെയ് മാസത്തിൽ ഗാമയുടെ കപ്പൽ കോഴിക്കോട് കാപ്പാട് തുറമുഖത്ത് നങ്കൂരമിട്ടു.

> ▶ 1498 ൽ ഗാമയുടെ കപ്പൽ കോഴിക്കോട് കാപ്പാട് തുറമുഖത്ത്

ഗാമയ്ക്ക് രാജോചിതമായ സ്വീകരണമാണ് കോഴിക്കോട് സാമൂതിരി നല്കിയതെന്നും അങ്ങനെയല്ലെന്നും രണ്ട് പക്ഷങ്ങളുണ്ട്. രാജാവ് അവരെ സ്വീകരിച്ചെങ്കിലും ഗാമയുടെ വരവിനെ തികഞ്ഞ ആശങ്കയോടെയും കരുതലോടെയുമാണ് സാമൂതിരി കണ്ടത്. ഗാമ കൊണ്ടുവന്ന കച്ചവടസാധനങ്ങൾ പലതും രാജ്യത്തിന് ആവശ്യമില്ലാത്തതുകൊണ്ട് തിരിച്ചുകൊണ്ടുപോകാൻ സാമൂതിരി നിർദ്ദേശിച്ചു. വിറ്റഴിക്കാൻ കഴിയാതിരുന്ന സാധനങ്ങൾ കോഴിക്കോട്ട് ഉപേക്ഷിച്ചു പോകാൻ അനുവദിക്കണമെന്ന് ഗാമ ആവശ്യപ്പെട്ടെങ്കിലും അതിന് തുറമുഖ ചട്ടപ്രകാരം ചുങ്കം കൊടുക്കണമെന്നായിരുന്നു സാമൂതിരിയുടെ നിലപാട്. ഗാമയാകട്ടെ ഇതിന് വഴങ്ങാൻ തയ്യാറായതുമില്ല. ഗാമയും സംഘവും തിരികെപോകുന്നതിനുമുൻപ് തടവുപുള്ളികളെപ്പോലെ കോഴിക്കോട് പാർക്കേണ്ടിവന്നു എന്നാണ് പോർച്ചുഗീസ് രേഖകളിലുള്ളത്. ഗാമ തിരിച്ചുപോകുന്നവഴി സാമൂതിരിയുമായി ശത്രുതയിലായിരുന്ന കോലത്തിരി രാജാവിനെ കണ്ടു. കോലത്തിരി എല്ലാ കച്ചവടസഹായവും ചെയ്യാമെന്ന് ഗാമയ്ക്ക് വാഗ്ദാനം നല്കി. തിരികെ പോർച്ചുഗലിൽ എത്തിയ ഗാമയേയും സംഘത്തേയും ഇമ്മാനുവൽ രാജാവ് ആദരവോടെ എതിരേറ്റു. ഗാമയുടെ കപ്പൽയാത്രക്ക് ചെലവായ തുകയുടെ അറുപതിരട്ടിയോളം ചരക്കുകളായിരുന്നു ഗാമയുടെ കപ്പലിലുണ്ടായിരുന്നതത്രേ.

> ▶ പോർച്ചുഗീസുകാരുടെ വഞ്ചനയും ക്രൂരതയും ബോധ്യപ്പെട്ടു

പോർച്ചുഗീസുകാരുടെ രണ്ടാംവരവ് പെഡ്രോ അൽവാരിസ് കബ്രാളിന്റെ നേതൃത്വത്തിലായിരുന്നു. കബ്രാൾ സാമൂതിരിയെ കണ്ടെങ്കിലും അദ്ദേഹം ചർച്ചയ്ക്ക് തയ്യാറായില്ല. ഒരു ഒത്തുതീർപ്പെന്ന നിലയിൽ കോഴിക്കോട് ഒരു പണ്ടകശാല തുടങ്ങുവാനുള്ള അവകാശം സാമൂതിരി അവർക്ക് നൽകി. കബ്രാളും സംഘവും കടൽ വാണിജ്യമടക്കമുള്ള കൂടുതൽ അവകാശങ്ങൾക്കു വേണ്ടി സാമൂതിരിയോട് വിലപേശിക്കൊണ്ടേയിരുന്നു. മാത്രമല്ല അറബികൾക്ക് ആധിപത്യമുള്ള സമുദ്രവാണിജ്യത്തിൽ അവർ മര്യാദ ലംഘിച്ചുകൊണ്ടുള്ള ഇടപെടലുകൾ നടത്തിക്കൊണ്ടിരുന്നു. അറബികളിൽനിന്ന് സാധനങ്ങൾ വിലകൊടുത്തു വാങ്ങാനല്ല മറിച്ച് അതിക്രമിച്ചു സ്വന്തമാക്കാനായിരുന്നു അവർ ശ്രമിച്ചത്.

Remove Watermark Now

ഇത്തരം അതിക്രമങ്ങളിൽ ഭീതിപൂണ്ട കുഞ്ഞാലിയും കൂട്ടരും പോർച്ചുഗീസുകാർക്കെതിരെ പോരാടുകയും അവരുടെ പാണ്ടികശാല തീ വെച്ച് നശിപ്പിക്കുകയും ചെയ്തു. ഇതിനുപകരമായി കബ്രാളും കൂട്ടരും തുറമുഖത്ത് കിടന്ന കപ്പലുകൾ പിടിച്ചടക്കി. ഇതോടെ സാമൂതിരിക്കും ജനങ്ങൾക്കും പോർച്ചുഗീസുകാരുടെ വഞ്ചനയും ക്രൂരതയും ബോധ്യപ്പെട്ടു. ഇങ്ങനെ കോഴിക്കോട്ട് ഒറ്റപ്പെട്ടുപോയ കബ്രാളും സംഘവും കൊച്ചിരാജാവിനെ സമീപിച്ചു. ഇതോടൊപ്പം കണ്ണൂരിൽ നിന്നും കൊല്ലത്തുനിന്നും പോർച്ചുഗീസുകാരെ സ്വാഗതം ചെയ്തുകൊണ്ടുള്ള ക്ഷണമുണ്ടായി. കബ്രാളിന്റെ വരവുകൊണ്ട് പോർച്ചുഗീസുകാർക്കുണ്ടായ പ്രധാന നേട്ടം അവരുടെ വെടിക്കോപ്പുകൾ ആകർഷകമായി തീർന്നുവെന്നതാണ്.

▶ കബ്രാളും സംഘവും

### 2.4.2.1 സാമൂതിരിയുമായുള്ള ഏറ്റുമുട്ടൽ

സാമൂതിരിയും ഗാമയും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ച തന്നെ അവർക്ക് ആശാവഹമല്ലായിരുന്നു. ഒരു തണുപ്പൻ പ്രതികരണമാണ് സാമൂതിരിയിൽനിന്നുണ്ടായത്. സ്വാഭാവികമായും പോർച്ചുഗീസുകാർ കൊച്ചിയോടടുത്തു. സാമൂതിരിക്കെതിരെ ഒരു രാഷ്ട്രീയപ്രതിരോധം സൃഷ്ടിക്കാൻ കാത്തിരുന്ന കൊച്ചി ഇത് വീണുകിട്ടിയ ഒരവസരമായി കരുതി. ഗാമയെയും കൂട്ടരെയും സഹർഷം സ്വാഗതം ചെയ്തു. സാമൂതിരിയെ ഒരു പാഠം പഠിപ്പിക്കുകയെന്ന ദുഷ്ടലാക്കോടെയുള്ള ഈ പ്രവൃത്തി വിവേകശൂന്യമായിരുന്നെന്ന് പിൽക്കാലസംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വിളിച്ചുകയറ്റിയ വിദേശശക്തിയെകൊണ്ട് പൊറുതിമുട്ടി അവരെ തുരത്താൻ മറ്റൊരു വിദേശശക്തിയുടെ -ഡച്ചുകാരുടെ- സഹായം കൊച്ചിക്കു തേടേണ്ടി വന്നത് ചരിത്രത്തിന്റെ നിയോഗമാകാം.

▶ കൊച്ചിരാജാവുമായി സഖ്യം

പോർച്ചുഗീസുകാരുടെ ഉന്നം മനസ്സിലാക്കിയ സാമൂതിരിയാകട്ടെ, കേരളത്തിന്റെ സ്വാതന്ത്ര്യസംരക്ഷകൻ എന്ന നിലയിൽ അവർക്കെതിരെ ശക്തമായ നിലപാടു സ്വീകരിച്ചു. ഇക്കാര്യത്തിൽ സാമൂതിരിയുടെ വലംകൈയായി വർത്തിച്ചത് നാവികസൈന്യാധിപരായ കുഞ്ഞാലിമരക്കാർമാരാണ്. അവരുടെ നേതൃത്വത്തിലുള്ള സാമൂതിരിയുടെ നാവികസൈന്യം പോർച്ചുഗീസ് ശക്തിക്ക് അറബിക്കടലിൽ കനത്ത വെല്ലുവിളിയായി. വൈദേശികാധിപത്യത്തിനെതിരെ പ്രതിരോധം സൃഷ്ടിച്ച നാവികസൈന്യത്തിന്റെ അമരക്കാരായ കുഞ്ഞാലിമാരുടെ ദേശസ്നേഹവും സാഹസികതയും കേരളചരിത്രത്തിൻറെ ആ കാലഘട്ടത്തെ പ്രകാശമാനമാക്കുന്നു. സ്വാർഥതാൽപ്പര്യങ്ങളെ മുൻനിർത്തി വിദേശികളെ കൂട്ടുപിടിച്ച് കൊച്ചി, സാമൂതിരിയോടേറ്റുമുട്ടി. മറ്റു നാട്ടുരാജ്യങ്ങളും ഈ അധികാരവടംവലിയിൽ ഇരുഭാഗത്തും അണിനിരന്നു. പലപ്പോഴുണ്ടായ യുദ്ധങ്ങളിൽ ജയാപജയങ്ങൾ മാറിമാറി വന്നു. ആധുനിക യുദ്ധോപകരണങ്ങൾ-തോക്കും പീരങ്കിയും- കൈവശമുള്ള പോർച്ചുഗീസുകാരോട് നിരന്തരമായി ഏറ്റുമുട്ടേണ്ടി വന്ന സാമൂതിരിക്കു കാലാന്തരത്തിൽ ശക്തിക്ഷയം സംഭവിച്ചു. എങ്കിലും പോർച്ചുഗീസുകാർ ആഗ്രഹിച്ചതുപോലെ രാഷ്ട്രീയസ്വാധീനം നിലനിർത്താനായില്ല. വ്യാപാരരംഗത്തെ മേൽക്കോയ്മയും അവർക്ക് നഷ്ടപ്പെട്ടു. പ്രബലരായ എതിരാളികളായി ഡച്ചുകാർ കേരളത്തിന്റെ പുറംകടലിലെത്തിയതായിരുന്നു അതിനു കാരണം. പ്രധാന തുറ

Remove Watermark Now

മുഖങ്ങളായ കൊച്ചിയും കണ്ണൂരും പോർച്ചുഗീസുകാരിൽ നിന്നും ഡച്ചുകാർ പിടിച്ചെടുത്തു. 1663-ൽ പോർച്ചുഗീസുകാർ കേരളത്തിൽ നിന്ന് നിഷ്കാസിതരായി. ഏതാണ്ട് ഒന്നരനൂറ്റാണ്ടു കാലത്തെ കേരളവുമായുള്ള പോർച്ചുഗീസ് ബന്ധം അതോടെ അവസാനിച്ചു. അവർ ഗോവയിലേക്ക് പിൻവാങ്ങി.

▶ പോർച്ചുഗീസാധിപത്യം തകർന്നു

## 2.4.3 ഗാമയുടെ രണ്ടാംവരവ്

കബ്രാളിനു നേരിട്ട അപമാനത്തിന് മറുപടി നല്കുക എന്ന ഉദ്ദേശ്യം ഗാമയുടെ രണ്ടാംവരവിനുണ്ടായിരുന്നു. വെടിക്കോപ്പുകളും പീരങ്കിവിദഗ്ധരുമടക്കം വലിയ ഒരു കപ്പൽപ്പടയാണ് 1502-ലെ ഗാമയുടെ രണ്ടാംവരവിനെ അനുഗമിച്ചത്. യാത്രയിലുടനീളം അക്രമങ്ങൾ നടത്തിയ ഈ സംഘം അറബികളുടെ കച്ചവടക്കപ്പലുകളും പിടിച്ചെടുത്തു. ഇന്ത്യൻ വാണിജ്യത്തെ തകർക്കുന്ന ഈ നടപടിയിൽ പ്രതിഷേധിച്ച് സാമൂതിരി ഗാമയ്ക്ക് നാല് സന്ദേശങ്ങൾ കൊടുത്തയച്ചു. 'പോർച്ചുഗീസുകാർ കോഴിക്കോട്ടെത്തുന്നതിൽ ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ അത് തനിക്കുതന്നെയാണ്' എന്നായിരുന്നു ഒരു സന്ദേശത്തിന്റെ ഉള്ളടക്കം. എങ്കിലും സാമൂതിരി ഉഭയകക്ഷിചർച്ചയ്ക്കു തയ്യാറായി. പ്രതികാര നടപടി മാത്രമല്ല, ഇരുപതിനായിരം ക്രുസാഡോ നഷ്ടപരിഹാരം, കോഴിക്കോട്ട് നിന്ന് മുസ്ലീം കച്ചവടക്കാരെ മുഴുവൻ പുറത്താക്കൽ തുടങ്ങിയ ഉപാധികൾ സാമൂതിരിയും അംഗീകരിച്ചില്ല. പോർച്ചുഗീസുകാർ കോഴിക്കോട് നഗരവും തുറമുഖവും ആക്രമിച്ചു. സാമൂതിരി ആക്രമണത്തെ പ്രതിരോധിച്ചെങ്കിലും നാശനഷ്ടങ്ങൾ തടയാനായില്ല. സന്ധിസംഭാഷണത്തിനായി പറഞ്ഞയച്ച ബ്രാഹ്മണന്റെ അവയവങ്ങൾ അരിഞ്ഞെടുത്ത് സാമൂതിരിക്കയച്ചു കൊടുക്കുന്ന നിലയുണ്ടായി. കപ്പൽത്തടവുകാരായി പിടിച്ച സ്ത്രീകളെയും കുട്ടികളെയും അവർ അംഗഭംഗം വരുത്തി. ഈ ഇരകളെല്ലാം സൈനികരോ ആയുധബലമുള്ളവരോ അല്ലാത്ത മാപ്പിളകച്ചവടക്കാരുമായിരുന്നു. ഈ ക്രൂരതയ്ക്കെതിരെ തന്റെ രാജ്യം മുഴുവൻ ചെലവിട്ടായാലും പൊരുതുകതന്നെ ചെയ്യും എന്ന് സാമൂതിരി പ്രതിജ്ഞ ചെയ്തു. തന്റെ പ്രജകളെ ആശ്വസിപ്പിച്ചുകൊണ്ട് സാമൂതിരി മാപ്പിള മരയ്ക്കാന്മാരുമായി സഖ്യം സ്ഥാപിച്ചു. പോർച്ചുഗീസുകാർക്കെതിരെ പകവീട്ടാൻ കരുതിയിരുന്ന മരയ്ക്കാർക്ക് ഇതൊരവസരമായി ത്തീരുകയും ചെയ്തു.

▶ അപമാനത്തിന് മറുപടി നല്കണം

## 2.4.4 പോർച്ചുഗീസ്-സാമൂതിരി ബന്ധ പരിണാമങ്ങൾ

വാസ്കോഡഗാമയ്ക്ക് സാമൂതിരി ആദരപൂർവം ആതിഥ്യം നൽകിയെന്നും അങ്ങനെയല്ലെന്നും രണ്ടു പക്ഷമുണ്ട്. രാജാവിന്റെ അനുവാദം വാങ്ങാതെ കരയ്ക്കിറങ്ങുന്നത് ശരിയല്ലെന്നതുകൊണ്ട് ഗാമയുടെ കപ്പൽ രണ്ടുദിവസം പുറംകടലിൽ കിടന്നതിനുശേഷം 1498 മെയ് 20 നാണ് ഗാമയ്ക്ക് സാമൂതിരിയെ കാണാൻ അനുമതി ലഭിച്ചത്. ഇരുവരും ചർച്ച തുടങ്ങുന്നതിനുമുൻപ് ഗാമയുടെ കപ്പലിൽ നിന്നു വെടിശബ്ദം മുഴങ്ങി. കേരളക്കരയിൽ ആദ്യമായി ഉയർന്നുകേട്ട ഈ പീരങ്കിവെടിശബ്ദം അധിനിവേശഭീഷണിയുടെ ആദ്യശബ്ദമായി ചരിത്രകാരന്മാർ വിലയിരുത്തുന്നു. അന്ന് കപ്പലിൽ വ്യാപാരം ന

Remove Watermark Now

ടത്തിയിരുന്ന മാപ്പിളമാർ ഈ പരദേശീവ്യാപാരസംഘത്തെ തികഞ്ഞ സംശയത്തോടെയാണ് നിരീക്ഷിച്ചത്. ഇവർ കച്ചവടക്കാരല്ല രാജ്യം പിടിച്ചടക്കാൻ വന്നവരാണെന്ന് മുസ്ലീം കച്ചവടക്കാർ സാമൂതിരിയെ അറിയിച്ചു. തദ്ദേശീയരായ ഈ മുസ്ലീം കച്ചവടക്കാരിൽ നിന്ന് രക്ഷിക്കുന്നതിനാണ് സാമൂതിരി ഗാമയുടെ സംഘത്തിന് യഥാർഥത്തിൽ കാവലേർപ്പെടുത്തിയത്. എന്നാൽ പോർച്ചുഗീസ് സംഘത്തെ തടവിലാക്കിയതായിട്ടാണ് അവർ ഇതിനെ വ്യാഖ്യാനിച്ചത്. ഈ പകയും വിദ്വേഷവുമായിട്ടാണ് ഗാമയുടെ നേതൃത്വത്തിലുള്ള ആദ്യസംഘം പോർച്ചുഗലിലേക്ക് മടങ്ങിയത്.

▶ വാസ്കോഡഗാമയും സാമൂതിരിയും

തുടർന്നു വന്ന പെഡ്രോ അൽവാരിസ്, കബ്രാളിന്റെ നേതൃത്വത്തിൽ കോഴിക്കോട്ടെത്തിയത് 1500 ഓളം പടയാളികളും 33 കപ്പലുകളുമടങ്ങുന്ന സൈനികസംഘമാണ്. ഇവർ സാമൂതിരിയുമായി വിലപേശലിനു മുതിർന്നെങ്കിലും അദ്ദേഹം വഴങ്ങിയില്ല. കരയിലും കടലിലും അവർ നടത്തിയ ആക്രമണങ്ങളെ സാമൂതിരി ചെറുത്തുനിന്നു. അങ്ങനെയാണ് കബ്രാളും സംഘവും കോഴിക്കോട്ടുനിന്ന് 1500-ാം ആണ്ടിലെ ഒരു ക്രിസ്മസ് ദിനത്തിൽ കൊച്ചിയിലെത്തിയത്. കൊച്ചിരാജാവും കോഴിക്കോട് സാമൂതിരിയും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ മുതലെടുക്കുകയായിരുന്നു ഇവരുടെ ലക്ഷ്യം. അതോടൊപ്പം കോലത്തിരിയുടെ ക്ഷണം സ്വീകരിച്ച് ഇവർ കണ്ണൂരിലേക്കും പോയി. എന്നാൽ മാർഗമധ്യേ സാമൂതിരിയുടെ ആക്രമണത്തിൽ നിന്ന് കബ്രാളും സംഘവും കഷ്ടിച്ച് രക്ഷപ്പെടുകയായിരുന്നു.

▶ സാമൂതിരിയുടെ ചെറുത്തുനിൽപ്പ്

കബ്രാളിനേറ്റ അപമാനത്തിന് പ്രതികാരം ചെയ്യുക എന്ന ലക്ഷ്യം ഗാമയുടെ രണ്ടാംവരവിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ കടുത്ത ആക്രമണമാണ് തീരത്തടുക്കുന്നതിനു മുൻപു തന്നെ അവർ അഴിച്ചുവിട്ടത്. ഏതാണ്ട് എണ്ണൂറോളം മാപ്പിള കച്ചവടക്കാരെയും അനുയായികളെയുമാണ് ക്രൂരമായി മർദ്ദിച്ച് കരയ്ക്കെത്തിച്ചത്. ഈ അതിക്രമങ്ങൾക്കു ശേഷമാണ് ഗാമ കൊച്ചിരാജ്യത്തെത്തി രാജാവുമായി സഖ്യം സ്ഥാപിച്ചത്. ഇതിനനുബന്ധമായി, ചരക്കുകൾ തങ്ങൾ നിശ്ചയിക്കുന്ന വിലയിൽ ജനങ്ങൾ പോർച്ചുഗീസുകാർക്ക് മാത്രം വിൽക്കുക, പണ്ടകശാലകൾ നിർമ്മിക്കുക, ഇഷ്ടമുള്ള സ്ഥലത്ത് സൈന്യത്തെ താമസിപ്പിക്കുക തുടങ്ങിയ അവകാശങ്ങൾ പോർച്ചുഗീസുകാർക്ക് നൽകാൻ രാജാവ് നിർബന്ധിതനായിത്തീരുകയും ചെയ്തു.

▶ കൊച്ചി രാജാവുമായി സഖ്യം

കോഴിക്കോട് സാമൂതിരിയുടെ സാമന്തനായ കൊച്ചിരാജാവ് പോർച്ചുഗീസുകാരുമായി ഉണ്ടാക്കിയ സഖ്യത്തിന്റെ അപകടം സാമൂതിരിയ്ക്ക് മനസ്സിലായി. എന്നാൽ കൊച്ചിരാജാവാകട്ടെ പോർച്ചുഗീസുകാരുടെ പിന്തുണയിൽ ഭരണാധികാരിയാകുമെന്ന് കരുതി സാമൂതിരിയുടെ ആധിപത്യം അംഗീകരിക്കാൻ തയ്യാറായതുമില്ല. സാമൂതിരിയാകട്ടെ, ഇടപ്പള്ളി രാജാവിന്റെയും തൃശ്ശൂരിലെ പൗരമുഖ്യനായ പട്ടിങ്ങേട്ടേടം നമ്പൂതിരിയുടേയും സഹായത്തോടെ കൊച്ചിയെ ആക്രമിച്ചു. പോർച്ചുഗീസുകാർ ലോറൻസോ മൊറീനോയുടെ നേതൃത്വത്തിൽ കൊച്ചിയെ സഹായിച്ചുകൊണ്ട് സാമൂതിരിയെ പ്രതിരോധിച്ചുവെങ്കിലും സാമൂതിരി യുദ്ധവിജയം നേടി. മാത്രമല്ല സാ

Remove Watermark Now

മൂതിരി തന്റെ കാവൽ സൈന്യത്തെ കൊച്ചിയിൽ നിർത്തിയിട്ടാണ് തിരികെ പോയതും. ഇതോടെ സാമൂതിരി പീരങ്കിയടക്കമുള്ള നവീ നയുദ്ധസാമഗ്രികൾ ഉപയോഗിക്കാൻ തന്റെ സൈന്യത്തെ പരിശീലി പ്പിക്കണമന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ പിന്നീട് പോർ ച്ചുഗലിൽ നിന്ന് അൽബുക്കറിന്റെ നേതൃത്വത്തിൽ വന്ന കാവൽപ്പട സാമൂതിരിയുടെ കാവൽസൈന്യത്തെ പരാജയപ്പെടുത്തി അധികാ രം കൊച്ചിരാജാവിന് തിരികെ നൽകി. അതിന്റെ ആഹ്ലാദത്തിലാണ് 1503-ൽ ഫോർട്ട് മാനുവൽ കോട്ട (യൂറോപ്യന്മാർ ഇന്ത്യയിൽ നിർമ്മിച്ച ആദ്യത്തെ കോട്ട) നിർമ്മിക്കാൻ കൊച്ചിരാജാവ് അനുമതി നല്കിയ ത്. കൊച്ചീരാജാവിന്റെ ഈ നടപടിയെക്കുറിച്ച് സർദാർ കെ.എം. പണിക്കർ പ്രസ്താവിച്ചത്, 'സ്വന്തം നെഞ്ചിലേക്കുള്ള പിസ്റ്റളാണ് ലോഡ് ചെയ്യുന്നത് എന്നറിയാതെയായിരുന്നു കൊച്ചിരാജാവിന്റെ പ്രോത്സാഹനം' എന്നത് പിന്നീട് ചരിത്രം തെളിയിച്ചു.

▶ തെറ്റായ നടപടി

കൊച്ചിരാജാവിന്റെ മേൽ പോർച്ചുഗീസുകാർ കൂടുതൽ സമ്മർദ്ദ ങ്ങളുപയോഗിച്ച് വ്യാപാര ഉടമ്പടികൾ ഉണ്ടാക്കുകയും സൈനിക സാന്നിധ്യം വർധിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതേസമയം, കൊച്ചിയിലേക്ക് അരി കയറ്റുമതി ചെയ്യുന്ന മുസ്ലീം കച്ചവടക്കാരെ സാമൂതിരി അതിൽ നിന്ന് പിന്തിരിപ്പിച്ചു. ഈ കച്ചവടക്കാരെ പോർ ച്ചുഗീസുകാർ അരി ലഭിക്കുന്നതുവരെ തടവിലാക്കുകയും ചെയ്തു. സാമൂതിരി വമ്പിച്ച യുദ്ധസന്നാഹങ്ങളുമായി കൊച്ചിയിലേക്ക് തിരി ച്ചു. സാമൂതിരിയുടെ സംഘം ഇടപ്പള്ളിപ്പുഴ മുറിച്ചുകടക്കുന്നതിനിട യിൽ, തന്ത്രശാലിയായ പോർച്ചുഗീസ് ക്യാപ്റ്റൻ ദ്വാർത്തേ പച്ചക്കോ വിന്റെ നേതൃത്വത്തിൽ നടത്തിയ ആക്രമണത്തോടെ സാമൂതിരിക്കും സംഘത്തിനും കോഴിക്കോട്ടേക്ക് പിൻവാങ്ങേണ്ടിവന്നു

▶ വമ്പിച്ച യുദ്ധ സന്നാഹങ്ങൾ

കൊച്ചിയിലും കൊടുങ്ങല്ലൂരിലും ആധിപത്യം നേടിയ പോർച്ചുഗീ സുകാർ കടലിന്റെയും കടൽ വാണിജ്യത്തിന്റെയും സമ്പൂർണ്ണ ആധി പത്യം കയ്യടക്കാൻ ആഗ്രഹിച്ചു. ഇതിനായി പോർച്ചുഗൽ രാജാവ് ഇമാനുവൽ ഇത്തവണ അയച്ചത് വൈസ്രോയി പദവി നൽകിക്കൊ ണ്ട് ഫ്രാൻസിസ് ഡി അൽമേഡയെ ആണ്. കണ്ണൂരിലെ സെയിന്റ് ആ ഞ്ജലോ കോട്ട അൽമേഡ നിർമ്മിച്ചതാണ്. മണൽചാക്കുകളും മൺ കട്ടകളും കൊണ്ട് നിർമ്മിച്ച ഈ കോട്ട നവീകരിച്ചതാണ് പിന്നീട് കണ്ണൂർ കോട്ട എന്ന പേരിലറിയപ്പെട്ടത്. കൊച്ചിയുടെ ആധിപത്യം സമ്പൂർണ്ണാർഥത്തിൽ സ്വന്തമാക്കിയ അൽമേഡയ്ക്ക്, സാമൂതിരിയെ യും ഈജിപ്ഷ്യൻ സുൽത്താനെയും തമ്മിലകറ്റുക, അറബികളു ടെ വാണിജ്യാധിപത്യം തകർക്കുക, സാമൂതിരിയുടെ നാവികശക്തി തളർത്തുക എന്നീ വ്യക്തമായ ലക്ഷ്യങ്ങളുണ്ടായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ഈജിപ്റ്റിലേക്ക് പോകാൻ തയ്യാറായിനിന്ന ചരക്കു കപ്പലുകളേയും അകമ്പടിക്കപ്പലുകളേയും വൈസ്രോയിയുടെ മകൻ ലോറൻസോയുടെ നേതൃത്വത്തിൽ ആക്രമിച്ച് നശിപ്പിച്ചത്. സാമൂതി രിയാകട്ടെ ശക്തമായി തിരിച്ചടിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമാ യി കണ്ണൂർ രാജാവു (കോലത്തിരി)മായി സഖ്യമുണ്ടാക്കി. തങ്ങളുടെ കച്ചവടക്കാരായ മരയ്ക്കാർമാർ മുഖേന ഈജിപ്ഷ്യൻ സുൽത്താനു മായി സൗഹൃദം സ്ഥാപിച്ച സാമൂതിരി സുൽത്താനോടു സൈനിക സഹായം തേടുകയുംചെയ്തു. സുൽത്താൻ അയച്ച കപ്പൽപ്പടയുടെ

Remove Watermark Now

▶ കടലിലെ ആധിപത്യം നഷ്ടം

സഹായത്തോടെ പോർച്ചുഗീസുകാരെ തുരത്തുകവഴി അവർക്ക് കടലിന്മേലുള്ള കച്ചവടാധിപത്യം താൽക്കാലികമായെങ്കിലും നഷ്ടമാവുകയും ചെയ്തു.

കാൽനൂറ്റാണ്ടു കാലത്തെ പരിശ്രമത്തിനുശേഷവും കടലിൽ ആധിപത്യം സ്ഥാപിക്കാൻ കഴിയാതിരുന്ന പോർച്ചുഗീസുകാർ ഗാമയെ വൈസ്രോയിയായി നിയോഗിച്ചുകൊണ്ട് വീണ്ടും ഇന്ത്യയിലേക്കയച്ചു. സാമൂതിരിയുമായി യുദ്ധത്തിലേർപ്പെടാൻ വേഗതയേറിയ കപ്പൽ നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചെങ്കിലും 1524 ഡിസംബർ 24-ന് ഗാമ കൊച്ചിയിൽ വെച്ച് അന്തരിച്ചു. ഇതേസമയം കൊച്ചിയിലെ കച്ചവടപ്രമുഖരായിരുന്ന മരയ്ക്കാർ കുടുംബം കോഴിക്കോട്ടേയ്ക്ക് താമസം മാറ്റിയിരുന്നു. എന്നാൽ കുഞ്ഞാലിമാരുടെ ആസ്ഥാനമായിരുന്ന പന്തലായനി കൊല്ലം പോർച്ചുഗീസുകാർ ആക്രമിച്ചു. പൊന്നാനിയിലെ ആക്രമണത്തോതുടർന്ന് മരയ്ക്കാന്മാർ തങ്ങളുടെ ആസ്ഥാനം കോട്ടക്കലേക്കു മാറ്റുകയും പോർച്ചുഗീസുകാരെ നേരിടാൻ ഗറില്ലായുദ്ധം (ഒളിപ്പോര്) ഒരു യുദ്ധതന്ത്രമായി സ്വീകരിക്കുകയും ചെയ്തു.

▶ മരയ്ക്കാന്മാരുടെ പോരാട്ടങ്ങൾ

പോർച്ചുഗീസുകാരും ഈ മരയ്ക്കാന്മാരും തമ്മിലുള്ള ബന്ധങ്ങൾക്ക് സ്ഥിരസ്വഭാവം ഉണ്ടായിരുന്നില്ല. തീരക്കടൽ കച്ചവടത്തിൽ കൊണ്ടും കൊടുത്തുമുള്ള ഒരു സൗഹൃദമാണ് പോർച്ചുഗീസുകാർക്ക് ഉണ്ടായിരുന്നത്. എന്നാൽ കസ്റ്റാഡോ വിഷയത്തിലാണ് മരയ്ക്കാന്മാർ പോർച്ചുഗീസുകാരുമായി ഇടഞ്ഞത്. പോർച്ചുഗീസ് നാവികരായി വന്നവർ ഇവിടെയുള്ള സ്ത്രീകളെ വിവാഹം ചെയ്ത് രൂപപ്പെട്ട ഇന്തോ - പോർച്ചുഗീസ് മിശ്രവംശജരാണ് കസ്റ്റാഡോകൾ. ഇവർ ഇന്ത്യൻ സമുദ്രപ്രദേശങ്ങളിലെ വാണിജ്യത്തിൽ മേൽക്കൈ നേടിയത് മരയ്ക്കാന്മാരെ പ്രകോപിപ്പിച്ചു. ഇതോടെ കുഞ്ഞാലിമരയ്ക്കാരും അനുയായികളും കടൽകൊള്ളയിലേക്ക് തിരിയുകയുണ്ടായി. ഇതിനു സമാന്തരമായി പോർച്ചുഗീസുകാരാവട്ടെ കടൽവാണിജ്യത്തിന്റെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി കൊച്ചി, കണ്ണൂർ, കൊല്ലം, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ കോട്ട കെട്ടി കൂടുതൽ ശക്തി പ്രാപിക്കുകയുണ്ടായി.

▶ സ്ഥിര സ്വഭാവമില്ലാത്ത ബന്ധങ്ങൾ

തീരക്കടലിലെ കച്ചവടക്കുത്തകക്കാരായിരുന്ന മാപ്പിളയോദ്ധാക്കളും കുഞ്ഞാലി മരയ്ക്കാരുടെ നേതൃത്വത്തിലുള്ള മീൻപിടുത്തക്കാരായ മാപ്പിളമാരും ചേർന്നുള്ളതായിരുന്നു സാമൂതിരിയുടെ നാവികപ്പട. കുഞ്ഞാലി എന്നത് ഒരു സ്ഥാനപ്പേരായിരുന്നു. ഇതിനു കാരണക്കാരനായ സാഹസികനായ ഒരു കുഞ്ഞാലിയുണ്ടായിരുന്നു. ആ സ്ഥാനപ്പേരുള്ള ഒരു വംശപരമ്പരയും. പോർച്ചുഗീസുകാർ പൊന്നാനി ആക്രമിച്ചതോടെയാണ് അവർ കോട്ടയ്ക്കൽ കുഞ്ഞാലി മരയ്ക്കാന്മാരാകുന്നത്. പോർച്ചുഗീസുകാർക്ക് 16-ാം നൂറ്റാണ്ടിന്റെ അവസാനം വരെ മലയാളക്കരയിൽ കാലുറപ്പിക്കാൻ കഴിയാതിരുന്നതിന്റെ പിന്നിൽ സാമൂതിരിയുടെ നാവികപ്പടയാണെന്ന കാര്യത്തിൽ തർക്കമില്ല.

▶ സാമൂതിരിയുടെ നാവികപ്പട

പോർച്ചുഗീസുകാർ ചാലിയത്ത് കോട്ടകെട്ടാൻ ശ്രമിച്ചപ്പോൾ സാമൂതിരിയ്ക്ക് നിർണ്ണായകമായ സഹായം നൽകിയത് കുഞ്ഞാലിമാ

Remove Watermark Now

രായിരുന്നു. ചാലിയം തിരിച്ചുപിടിച്ചതോടെ കുഞ്ഞാലിമൂന്നാമന് സാമൂതിരി തന്റെ 'നാട്ടുമുഖ്യൻ' എന്ന പദവി നല്കി. മാത്രമല്ല സാമൂതിരിയുടെ അനുവാദത്തോടെ ഇരിങ്ങൽ കോട്ടപ്പുഴയുടെ അഴിമുഖത്ത് ഒരു കോട്ട കെട്ടുകയും ചെയ്തു. പിന്നീട് ഒത്തുതീർപ്പിന്റെ ഭാഗമായി പോർച്ചുഗീസ് അംബാസിഡർമാരെ ഉപയോഗിച്ച് കോട്ട കെട്ടാനുള്ള അനുമതി തേടിയെങ്കിലും സാമൂതിരി അനുവദിച്ചില്ല. എന്നാൽ സമ്മർദ്ദത്തെ തുടർന്ന് പൊന്നാനിയിൽ കോട്ട കെട്ടാൻ സാമൂതിരി പോർച്ചുഗീസുകാർക്ക് അനുമതി നല്കി. ഇത് മരയ്ക്കാന്മാരെ ചൊടിപ്പിക്കുകയുണ്ടായി. 1586-ൽ ഉണ്ടായ യുദ്ധത്തിൽ കുഞ്ഞാലി പോർച്ചുഗീസുകാരെ തോല്പിച്ചു. പോർച്ചുഗീസുകാർക്ക് വലിയ നാശനഷ്ടങ്ങളുണ്ടായ പശ്ചാത്തലത്തിൽ അവർ വീണ്ടും സമാധാന ഉടമ്പടിയ്ക്ക് മുതിർന്നു.

▶ നാട്ടുമുഖ്യൻ എന്ന പദവി

കുഞ്ഞാലി മൂന്നാമനായ പട്ടുമരയ്ക്കാർക്കു ശേഷം വന്ന കുഞ്ഞാലി നാലാമൻ അദ്ദേഹത്തിൻറെ മകനായ മുഹമ്മദ് മരയ്ക്കാരായിരുന്നു. തന്റെ മുൻഗാമികളിൽനിന്നും വ്യത്യസ്തനായിരുന്നു ഇദ്ദേഹം. പുതിയ കുഞ്ഞാലിയുടെ അഹന്ത അവസാനിപ്പിക്കുന്നതിനായി സാമൂതിരി പോർച്ചുഗീസുകാരുമായി താൽക്കാലികസഖ്യത്തിന് തയ്യാറായി. ഇതിന്റെ ഭാഗമായി 1598-ൽ പോർച്ചുഗീസുകാരുടെയും സാമൂതിരിയുടെയും സംയുക്തസൈന്യം മരയ്ക്കാരുടെ കോട്ട ആക്രമിച്ചുവെങ്കിലും കുഞ്ഞാലി ഈ സഖ്യത്തെ പരാജയപ്പെടുത്തുകയാണുണ്ടായത്. പിന്നീട് അധികാരമേറ്റ സാമൂതിരി കുഞ്ഞാലിമാരുടെ ശക്തിയും അഹന്തയും തകർക്കുന്നതിന്റെ ഭാഗമായി 1599-ൽ പോർച്ചുഗീസുകാരുമായി പുതിയൊരു സഖ്യത്തിൽ ഒപ്പുവച്ചു. ഇതനുസരിച്ച് 1600 മാർച്ച് 7ന് പോർച്ചുഗീസ് സാമൂതിരിയുടെ സംയുക്തസൈന്യം മരയ്ക്കാർകോട്ട വളഞ്ഞു. പരാജയം മണത്ത കുഞ്ഞാലി കരമാർഗമുള്ള സാമൂതിരിയുടെയും കടൽമാർഗമുള്ള പോർച്ചുഗീസുകാരുടെയും ആക്രമണത്തിൽ സാമൂതിരിക്കുമുന്നിൽ കീഴടങ്ങാൻ തയ്യാറായി. സാമൂതിരിയാവട്ടെ കൗശലപൂർവം മരയ്ക്കാരെ വിളിച്ചുവരുത്തി പോർച്ചുഗീസുകാർക്ക് കൈമാറി. കുഞ്ഞാലിയേയും അനുയായികളേയും ഗോവയിലേക്കുകൊണ്ടുപോയി തടവിലാക്കി. വിചാരണക്കുശേഷം വധിക്കുകയും ചെയ്തു. അതുകൊണ്ടും പകതീരാതെ മൃതദേഹം വികൃതമാക്കി അങ്ങാടിയിൽ പ്രദർശിപ്പിച്ചുവെന്നതാണ് ചരിത്രം. അതോടെ കുഞ്ഞാലിമരയ്ക്കാർ എന്ന വലിയ പാരമ്പര്യത്തിന്റെ പ്രതാപം അസ്തമിച്ചു. പോർച്ചുഗീസ് ചരിത്രകാരന്മാരെ സംബന്ധിച്ച് കുഞ്ഞാലിമാർ കടൽകൊള്ളക്കാർ (പൈറേറ്റുകൾ)ആണ്. സാമൂതിരിമാരെ സംബന്ധിച്ച് അവരുടെ നാവികസേനയുടെ അഡ്മിറൽമാരും. ഒരു നൂറ്റാണ്ടുകാലം പോർച്ചുഗീസുകാർക്കെതിരെ പോരാടിയ ദേശീയശക്തി തന്നെയായിരുന്നു യഥാർഥത്തിൽ കുഞ്ഞാലികൾ.

▶ സാമൂതിരിയും പോർച്ചുഗീസുകാരുമായി താല്ക്കാലികസഖ്യം

കുഞ്ഞാലിമാരും സാമൂതിരിമാരും തമ്മിലുള്ള ബന്ധം രാഷ്ട്രീയവും സാമ്പത്തികവുമായിരുന്നു. സാമൂതിരി സാമ്പത്തിക ലാഭം ലക്ഷ്യമാക്കി പോർച്ചുഗീസുകാരുമായി അടുത്തപ്പോൾ കുഞ്ഞാലി സാമൂതിരിമാരിൽനിന്നകന്നു. കുഞ്ഞാലി സാമൂതിരിയുടെ അധികാരാവകാശങ്ങൾക്കു മുകളിൽ ഇടപെടലുകൾ നടത്തിയപ്പോൾ

Remove Watermark Now

▶ കുഞ്ഞാലിമാരുടെ നാവിക പെരുമ

സാമൂതിരിയ്ക്ക് അവരെ ഒറ്റുകൊടുക്കേണ്ടതായും വന്നു. എങ്കിലും പോർച്ചുഗീസ് വാണിജ്യാധിപത്യത്തിനെതിരെ അവസാനംവരെ സാമൂതിരിയ്ക്ക് പ്രതിരോധം തീർക്കാനായത് കുഞ്ഞാലിമാരുടെ നാവികപ്പെരുമ കൊണ്ടാണെന്നത് നിഷേധിക്കാനാവുകയില്ല.

## 2.4.5 പോർച്ചുഗീസ് ബന്ധത്തിന്റെ പരിണിതഫലങ്ങൾ

ഏതാണ്ട് ഒന്നര നൂറ്റാണ്ട് കാലം ഇന്ത്യൻ വാണിജ്യത്തിന്റെ കുത്തക കയ്യാളിയ വിദേശശക്തിയായിരുന്നു പോർച്ചുഗീസുകാർ. സാമൂതിരിയുമായുള്ള ദീർഘകാല യുദ്ധങ്ങൾക്കൊണ്ടും മാറിമറിഞ്ഞു വന്ന നയതന്ത്ര ബന്ധങ്ങൾ കൊണ്ടും കണ്ണൂരിനും കൊടുങ്ങല്ലൂരിനുമിടയിൽ വാണിജ്യപരമായ ആധിപത്യം സ്ഥാപിക്കാൻ ഇവർക്ക് കഴിഞ്ഞില്ല. എന്നാൽ കൊച്ചിയിലും കൊല്ലത്തും അവർ രാഷ്ട്രീയ ആധിപത്യം സ്ഥാപിക്കുകയും കൊച്ചിയിലെ കോട്ടകളുടെ അധികാരം നിലനിർത്തുകയും ചെയ്തു. എന്നുമാത്രമല്ല അവിടങ്ങളിലുള്ള പ്രാദേശിക ഭരണാധികാരികൾക്കുമേൽ ആധിപത്യം സ്ഥാപിച്ച് കോട്ടകൾ പണിയുകയും ചെയ്തു.

▶ മതപരിവർത്തന ലക്ഷ്യങ്ങൾ

പോർച്ചുഗീസുകാരുമായുള്ള വ്യാപാരബന്ധം കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ പ്രതിഫലിച്ചതായി കാണാം. ഇവിടെയുണ്ടായിരുന്ന രാഷ്ട്രീയ അസ്ഥിരതയും അരാജകത്വവും കൂടുതൽ രൂക്ഷമായി എന്നുള്ളതാണ് ആദ്യത്തെ പ്രത്യേകത. മറ്റൊന്ന് കേരളത്തിലെ നാട്ടുരാജ്യങ്ങളുടെ മേൽ പ്രാമാണികത ആവശ്യപ്പെട്ടുകൊണ്ട്, കേരളത്തിന്റെ സ്വാതന്ത്ര്യസംരക്ഷകനെന്ന നിലയിൽ രംഗപ്രവേശം ചെയ്ത സാമൂതിരിക്കുണ്ടായ ശക്തിക്ഷയമാണ്. കേരളീയോൽപ്പന്നങ്ങളുടെ വ്യാപാരക്കുത്തക പോർച്ചുഗീസുകാരുടെ കൈപ്പിടിയിലായത് കേരളത്തിന്റെ സാമ്പത്തികമാന്ദ്യത്തിന് കാരണമായി.

▶ സാമൂതിരിമാരുടെ ശക്തിക്ഷയിച്ചു

പോർച്ചുഗീസുകാർ കേരളത്തിലെ കാർഷികോൽപ്പന്നങ്ങൾ പുറംനാടുകളിൽ പ്രചരിപ്പിക്കുകയും യൂറോപ്യൻകമ്പോളങ്ങളിൽ അവയ്ക്ക് പുതിയ വിപണി കണ്ടെത്തുകയും ചെയ്തു. തങ്ങൾക്ക് താൽപ്പര്യമുള്ള കുരുമുളക്, ഇഞ്ചി, ഏലം, നാളികേരം എന്നിവ കൂടുതൽ ആദായകരമാംവിധം ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിൽ അവർ മാർഗദർശികളായിരുന്നു. കപ്പൽ നിർമ്മാണത്തിന് കയറുപയോഗിക്കാമെന്നു കണ്ടതോടെ കയർ നിർമ്മാണവും അതിന്റെ കയറ്റുമതിയും ആരംഭിച്ചു. പല പുതിയ കാർഷിക വിഭവങ്ങളും പോർച്ചുഗീസുകാർ കേരളത്തിൽ കൊണ്ടുവന്നു പ്രചരിപ്പിച്ചു. കശുവണ്ടി (Cashewnut) കേരളത്തിൽ കൊണ്ടുവന്നതിവരാണ്. 'പറങ്കിയണ്ടി' എന്ന പേരു തന്നെ അക്കാര്യം സൂചിപ്പിക്കുന്നു. അതുവരെ ലാറ്റിനമേരിക്കയിൽ മാത്രമുണ്ടായിരുന്ന മുളക് (Chilli) പോർച്ചുഗീസുകാരാണ് ഇവിടെ എത്തിച്ചത്. പുകയില, പപ്പായ, പേര മുതലായവയും കേരളത്തിൽ കൊണ്ടുവന്ന് പ്രചരിപ്പിച്ചത് പോർച്ചുഗീസുകാരാണ്.

▶ കച്ചവടബന്ധം ശക്തിപ്രാപിച്ചു

പഴയ തുറമുഖങ്ങളായ കൊല്ലവും കൊടുങ്ങല്ലൂരും നിശ്ചലമായപ്പോൾ കൊച്ചിയും കോഴിക്കോടും പ്രാധാന്യം നേടി. അതുവരെ ഒരു

Remove Watermark Now

മത്സ്യബന്ധനകേന്ദ്രമെന്ന പദവി മാത്രമുണ്ടായിരുന്ന കൊച്ചി ഒരു തുറമുഖനഗരമെന്ന നിലയിലേക്കു വളർന്നു. പോർച്ചുഗീസ് കൊച്ചി യൂറോപ്പിലെ മികച്ച തുറമുഖ നഗരങ്ങളോടു കിടപിടിക്കുന്നതായിരുന്നത്രെ. പാശ്ചാത്യയുദ്ധമുറകളും ആധുനിക യുദ്ധസാമഗ്രികളും ആദ്യമായി കേരളത്തിൽ കൊണ്ടുവന്നതും പോർച്ചുഗീസുകാരാണ്. പാശ്ചാത്യവാസ്തുശില്പശൈലി ഈ കാലഘട്ടത്തിലാണ് ഇവിടെ പ്രചരിച്ചത്. പള്ളികളുടെയും സെമിനാരികളുടെയും നിർമ്മാണത്തിൽ അതു പ്രതിഫലിച്ച് കാണാം. ആലയനിർമ്മാണത്തിലും പോർച്ചുഗീസ് സ്വാധീനം കാണുന്നുണ്ട്. പ്രധാന കെട്ടിടത്തിൽനിന്നു വേർപ്പെട്ടുള്ള കുശിനികൾ (അടുക്കള), പുതിയ രീതിയിലുള്ള പോർട്ടിക്കോയും വരാന്തയും, ഗവാക്ഷങ്ങളുടെ സ്ഥാനത്തു വിജാഗിരി പിടിപ്പിച്ച വാതിലുകളും ജനലുകളും എന്നിവയെല്ലാം പോർച്ചുഗീസ് മാതൃകയാണ്. അവരിവിടെ ധാരാളം കോട്ടകളും പാണ്ടികശാലകളും നിർമ്മിച്ചു. അവയുടെ നിർമ്മാണത്തിനു മേൽനോട്ടം വഹിച്ചിരുന്ന നാട്ടുകാരെ അവർ മേസ്തിരിമാർ എന്നുവിളിച്ചു. ആ വാക്ക് ഇന്നു കേരളത്തിൽ സർവസാധാരണമാണ്. കൂടാതെ ഇസ്തിരി, റാന്തൽ, റേന്ത, പാതിരി, വികാരി, കൊന്ത, വെന്തിങ്ങ, ചിന്തേര് തുടങ്ങി അനേകം പദങ്ങൾ പോർച്ചുഗീസ് ബന്ധത്തെ അനുസ്മരിപ്പിക്കുന്നവയായി ഭാഷയിലുണ്ട്.

▶ സ്വാധീനം പ്രകടം

കേരളത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയിലും പോർച്ചുഗീസ്ബന്ധം ചില അനുകൂലഫലങ്ങളുളവാക്കി. ക്രിസ്ത്യൻ പുരോഹിതന്മാർക്കു പരിശീലനം നൽകാനായി കൊച്ചി, കൊടുങ്ങല്ലൂർ, അങ്കമാലി എന്നിവിടങ്ങളിൽ സെമിനാരികൾ സ്ഥാപിച്ചു. കേരളത്തിൽ കുറേപ്പേർക്ക് ലത്തീൻഭാഷ പഠിക്കുന്നതിനുള്ള അവസരം അതുകൊണ്ടുണ്ടായി. പാശ്ചാത്യഭാഷയുടെയും സാഹിത്യത്തിന്റെയും കവാടമാണ് അതിലൂടെ തുറന്നു കിട്ടിയത്. രാഷ്ട്രീയകാര്യങ്ങൾക്കും വാണിജ്യാവശ്യങ്ങൾക്കുമായി പോർച്ചുഗീസുകാർ നാട്ടുഭാഷയും പഠിച്ചുതുടങ്ങി. കൊച്ചി, കൊടുങ്ങല്ലൂർ ഭാഗങ്ങളിൽ ഇന്നും അവശേഷിച്ചിട്ടുള്ള 'ചവിട്ടുനാടകം' എന്ന ദൃശ്യകലാരൂപവും പോർച്ചുഗീസ് ബന്ധത്തിന്റെ സദ്ഫലങ്ങളുടെ കൂട്ടത്തിലുൾപ്പെടുന്നു.

▶ വിവിധ മേഖലകളിൽ സ്വാധീനം

ക്രിസ്തുമത പ്രചാരണം പോർച്ചുഗീസുകാരുടെ ഒരു പ്രധാന ദൗത്യമായിരുന്നു. നിർബന്ധിത മതപരിവർത്തനമായിരുന്നു പോർച്ചുഗീസുകാരുടെ നയം. "The Portuguese came to India with a cross in one hand and a sword in the other" (ഒരു കൈയ്യിൽ കുരിശും മറുകൈയ്യിൽ വാളുമായാണ് പോർച്ചുഗീസുകാർ എത്തിയത്) എന്നിങ്ങനെ സർദാർ കെ. എം. പണിക്കർ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അതിനവർ സ്വീകരിച്ച മാർഗം പലപ്പോഴും ക്രൂരവും പൈശാചികവുമായിരുന്നു. എന്നാൽ പറങ്കികളുടെ മനുഷ്യത്വമില്ലായ്മയെ കൂടുതലനുഭവിക്കേണ്ടി വന്നത് അവിശ്വാസികളേക്കാൾ നാട്ടുകാരായ സെന്റ് തോമസ് ക്രിസ്ത്യാനികൾക്കായിരുന്നു. പോർച്ചുഗീസുകാർ അവരെ ശരിയായ ക്രിസ്ത്യാനികളായി അംഗീകരിച്ചില്ല. ഇന്ത്യയിലെ ക്രിസ്ത്യാനികളെ തിരുസഭയുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരാനായി പോപ്പ് ക്ലമെന്റ് എട്ടാമൻ, അലക്സിസ് ഡി മെനസിസിനെ ഗോവയിലെ ആർച്ചുബിഷപ്പായി നിയോഗിച്ചു. അവിശ്വാസികളെ വിശ്വാസികളാക്കുന്നതിനേക്കാൾ മാർഗഭ്രംശം

Remove Watermark Now

വന്ന ക്രിസ്ത്യാനികളെ നേർവഴിക്ക് കൊണ്ടുവരുന്നതിനാണ് അവർ മുൻഗണന കൊടുത്തത്. അതിനുവേണ്ടിയുള്ളതായിരുന്നു 1599ലെ ഉദയംപേരൂർ സുന്നഹദോസ്. സാമൂതിരിയുടെ ചെറുത്തുനിൽപ്പും ഡച്ചുകാരുടെ രംഗപ്രവേശവും മാത്രമല്ല, മാറിമാറി വന്ന ഗവർണ്ണർമാരുടെ നയവൈകല്യവും പോർച്ചുഗീസുകാരുടെ പരാജ യകാരണങ്ങളായി.

▶ പോർച്ചുഗീസുകാരുടെ തകർച്ച

മതപരിവർത്തനമായിരുന്നു മുഖ്യലക്ഷ്യമെങ്കിലും അത് കേരള ത്തിന്റെ വിദ്യാഭ്യാസമണ്ഡലത്തിൽ വലിയ പുരോഗതി ഉണ്ടാക്കി. കൊച്ചി, കൊടുങ്ങല്ലൂർ, വൈപ്പിൻകോട്ട എന്നിവിടങ്ങളിൽ മതപുരോ ഹിതന്മാർക്ക് പരിശീലനം കൊടുക്കുന്ന സെമിനാരികൾ പോർച്ചു ഗീസുകാർ സ്ഥാപിച്ചിരുന്നു. ഇത് പോർച്ചുഗീസ് ലത്തീൻ ഭാഷകൾ നാട്ടുകാർക്ക് പരിചിതമാകുന്നതിനിടയായി. പോർച്ചുഗീസുകാർക്കും തദ്ദേശീയരായ ക്രിസ്ത്യാനികൾക്കുമായി ഒരു ജെസ്യൂട്ട് കോളേജ് ഉണ്ടായിരുന്നതായും പറയപ്പെടുന്നു. കേരളത്തിൽ അച്ചടിശാലകൾ സ്ഥാപിച്ചതും പോർച്ചുഗീസുകാരായിരുന്നു. കൊച്ചിയിലും വൈപ്പിൻ കോട്ടയിലും തുടർന്ന് കൊടുങ്ങല്ലൂരിലും അമ്പഴക്കാട്ടും അവർ അച്ച ടിശാലകൾ സ്ഥാപിച്ചു. ക്രിസ്തീയ മതതത്വം, ക്രിസ്തീയ വണക്കം തുടങ്ങിയവയാണ് ആദ്യമായി അച്ചടിക്കപ്പെട്ട കൃതികൾ. പതിനാറാം നൂറ്റാണ്ടിൽ തന്നെ സെൻറ്ഫ്രാൻസിസ് സേവിയർ വേദപാഠപുസ്ത കം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതായും ചരിത്രം രേഖപ്പെ ടുത്തുന്നു

▶ അച്ചടിയുടെ ആരംഭം

## 2.4.6 ഉദയംപേരൂർ സുന്നഹദോസ് (1599)

കേരളത്തിലെ ക്രൈസ്തവസഭയോടും അതിന്റെ അനുയായിക ളോടും പോർച്ചുഗീസുകാർക്ക് വലിയ പ്രതിപത്തിയുണ്ടായിരുന്നില്ല. കേരളത്തിലെ ക്രൈസ്തവസഭയിൽ ബാബിലോണിലെ പാത്രിയാർ ക്കീസിനായിരുന്നു ആധിപത്യം. മാത്രമല്ല കേരളത്തിലെ സെന്റ് തോ മസ് ക്രിസ്ത്യാനികൾ സുറിയാനി ഭാഷയിലെ പ്രാർഥന മാത്രമാണ് സ്വീകരിച്ചിരുന്നത്. ഇതിനുപകരം റോമിലെ പോപ്പിന്റെ ആധിപത്യം സ്ഥാപിക്കുകയും ലത്തീൻ പ്രാർഥനാക്രമവും റോമൻ കത്തോലി ക്കാമതത്തിന്റെ നിഷ്ഠകളും പ്രചരിപ്പിക്കാനാണ് പോർച്ചുഗീസുകാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായിട്ടാണ് അവർ സന്ന്യാസആശ്രമങ്ങളും പള്ളികളും സെമിനാരികളും സ്ഥാപിച്ചത്. നേരത്തെ സുറിയാനി സഭ യിലായിരുന്നവർക്കും ഹിന്ദുക്കളിൽ നിന്ന് മതം മാറി വന്നവർക്കും വേണ്ടി സ്ഥാപിതമായതാണ് 1557 ലെ കൊച്ചി രൂപത.

▶ വ്യത്യസ്ത രീതികൾ

കേരളത്തിലെ ക്രൈസ്തവസമുദായത്തെ റോമൻ സഭയുടെ ആധി പത്യത്തിൽ കൊണ്ടുവരാനുള്ള ലക്ഷ്യമാണ് ഉദയംപേരൂർ സുന്നഹ ദോസിനുണ്ടായിരുന്നത്. 1599-ൽ സമ്മേളിച്ച ഉദയംപേരൂർ സുന്നഹ ദോസ് കേരളത്തിലെ ക്രൈസ്തവ സഭയുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. ക്ലമന്റ് എട്ടാമൻ പോപ്പ് ഗോവയിലെ ആർച്ച് ബിഷപ്പായി നിയമിച്ച അലക്സിസ് ഡി മെനസി സായിരുന്നു സുന്നഹദോസിന്റെ അധ്യക്ഷൻ. റോമിന്റെ ആധിപത്യം മലങ്കരസഭയെക്കൊണ്ട് അംഗീകരിക്കാൻ പള്ളികൾ തോറും കയറി യിറങ്ങിയ അദ്ദേഹം ഉദയംപേരൂർ മാർത്താമറിയം പള്ളിയിൽ ഏഴു ദിവസങ്ങളിലായി ഒൻപത് യോഗങ്ങൾ നടത്തി. സുന്നഹദോസിൽ

Remove Watermark Now

കത്തനാർമാരും ഡീക്കന്മാരുമടക്കം 813 പ്രതിനിധികൾ പങ്കെടുത്തു. സുറിയാനി ഗ്രന്ഥങ്ങളിലെ ചില ഭാഗങ്ങൾ എടുത്തു മാറ്റുകയും ദൈവവിരുദ്ധം എന്ന് തോന്നിയ ഗ്രന്ഥങ്ങൾ കത്തിക്കുകയും ചെയ്തു. സുന്നഹദോസിൽ രൂപപ്പെട്ട 'കാനോന'കളിലൂടെ സുറിയാനികുർബാന ലത്തീൻ കുർബാനക്കനുസരിച്ച് തയ്യാറാക്കപ്പെട്ടു. അങ്ങനെ ബാബിലോണിലെ ബന്ധം അവസാനിപ്പിച്ച് റോമാ ആസ്ഥാനമായുള്ള പോപ്പിന്റെ ആധിപത്യം ഉദയംപേരൂർ സുന്നഹദോസിലൂടെ സ്ഥാപിക്കപ്പെട്ടു. അതോടെ ലത്തീൻ മാർഗക്കാർ കൊച്ചിയിലും സുറിയാനിക്കാർ അങ്കമാലി രൂപതയിലും ചേർക്കപ്പെട്ടു. സുന്നഹദോസിനുശേഷം ആർച്ച് ബിഷപ്പായ മെനസിസ് കൊല്ലം വരെയുള്ള പ്രധാന പള്ളികൾ സന്ദർശിച്ച് ഗോവയിലേക്ക് തിരിച്ചുപോയി.

▶ റോമിന്റെ ആധിപത്യം ലക്ഷ്യം

## 2.4.7 കൂനൻ കുരിശ് സത്യം (1653)

ഉദയംപേരൂർ സുന്നഹദോസിന്റെ വിജയം ദീർഘകാലം നീണ്ടുനിന്നില്ല. കേരളത്തിലെ സെന്റ് തോമസ് ക്രിസ്ത്യാനികളും (സുറിയാനി ക്രിസ്ത്യാനികൾ) പോർച്ചുഗീസുകാരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. പോപ്പ് നല്കിയ അധികാരം ഉപയോഗിച്ച് പോർച്ചുഗൽ രാജാവ് അങ്കമാലി രൂപതയിലേക്ക് ഒരു ലത്തീൻ പാതിരിയെ നിയോഗിച്ചു. എന്നാൽ പാത്രിയാർക്കീസ് അയക്കുന്ന മെത്രാനെയല്ലാതെ മറ്റാരെയും അംഗീകരിക്കില്ലെന്ന നിലപാടാണ് സുറിയാനികൾക്കുണ്ടായിരുന്നത്. ഉദയംപേരൂർ സുന്നഹദോസിന്റെ സമ്മർദ്ദത്താൽ പോപ്പിന്റെ ആധിപത്യം ആദ്യമൊക്കെ അംഗീകരിച്ചുവെങ്കിലും പിന്നീട് എതിർപ്പ് ശക്തമാവുകയായിരുന്നു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ അഭ്യർഥനയനുസരിച്ച് ബാബിലോണിലെ യാക്കോബായ പാത്രിയാർക്ക് 'അഹറ്റല്ല' എന്നു പേരുള്ള ഒരു സുറിയാനി ബിഷപ്പിനെ കേരളത്തിലേക്ക് അയച്ചു. എന്നാൽ ഇതറിഞ്ഞ പോർച്ചുഗീസുകാർ 'അഹറ്റല്ല'യെ മൈലാപ്പൂരിൽ തടഞ്ഞുവച്ചു. ഇത് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ ക്ഷുഭിതരാക്കി. ഇതോടൊപ്പം അഹറ്റല്ലയെ പോർച്ചുഗീസുകാർ കടലിൽ കെട്ടിതാഴ്ത്തി എന്ന വാർത്തയും പരന്നു. ഇതറിഞ്ഞ സുറിയാനി ക്രിസ്ത്യാനികൾ കൊച്ചിയിലെ പോർച്ചുഗീസ് കേന്ദ്രങ്ങൾ അടിച്ചു തകർത്തു. കൂടാതെ ആയിരക്കണക്കിന് സുറിയാനി ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിൽ സമ്മേളിച്ചു. മട്ടാഞ്ചേരിയിലെ കുരിശിൽ ഒരു നീണ്ട വടംകെട്ടി അതിൽ പിടിച്ചുകൊണ്ട് 'ഇനി ഒരിക്കലും ലത്തീൻ ആർച്ച് ബിഷപ്പുമാരെയും ജസ്യൂട്ട് പുരോഹിതന്മാരെയും അനുസരിക്കുകയില്ലെന്ന് ' ശപഥം ചെയ്തു. ഈ സംഭവമാണ് കൂനൻ കുരിശു കലാപം, കൂനൻ കുരിശ് സത്യം എന്നീ പേരുകളിൽ ചരിത്രം രേഖപ്പെടുത്തുന്നത്.

▶ മട്ടാഞ്ചേരി കേന്ദ്രം

കേരള ക്രൈസ്തവസഭയുടെ ഒരു പരിവർത്തനബിന്ദുവായിട്ടാണ് ഈ സംഭവത്തെ ചരിത്രകാരന്മാർ വിലയിരുത്തുന്നത്. റോമാ സുറിയാനികൾ, യാക്കോബായ സുറിയാനികൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ ക്രിസ്ത്യാനികൾക്കിടയിലുണ്ടായി. ഇവർ പഴയ കൂറ്റുകാർ, പുത്തൻ കൂറ്റുകാർ എന്നിങ്ങനെ സഭാചരിത്രത്തിൽ അറിയപ്പെട്ടു.

▶ പരിവർത്തനബിന്ദു

Remove Watermark Now

## Summarised Overview

1495-ൽ ഇമ്മാനുവൽ ഒന്നാമനെന്ന പോർച്ചുഗീസ് രാജാവ് ഇന്ത്യയെ ലക്ഷ്യമാക്കിയുള്ള സമുദ്രയാത്രക്കായി ഒരു സംഘത്തെ നിയോഗിച്ചു. 1498 മെയ് മാസത്തിൽ ഗാമയുടെ കപ്പൽ കോഴിക്കോട് കാപ്പാട് തുറമുഖത്ത് നങ്കൂരമിട്ടു. കച്ചവടത്തിന് ചട്ടപ്രകാരം ചുങ്കം കൊടുക്കണമെന്നായിരുന്നു സാമൂതിരിയുടെ നിലപാട്. ഗാമയാകട്ടെ ഇതിന് വഴങ്ങാൻ തയ്യാറായതുമില്ല. ഗാമ തിരിച്ചുപോകുന്നവഴി സാമൂതിരിയുമായി ശത്രുതയിലായിരുന്ന കോലത്തിരി രാജാവിനെ കണ്ടു. കോലത്തിരി എല്ലാ കച്ചവടസഹായവും ചെയ്യാമെന്ന് ഗാമയ്ക്ക് വാഗ്ദാനം നല്കി.

കബ്രാളിനു നേരിട്ട അപമാനത്തിന് മറുപടി നല്കുക എന്ന ഉദ്ദേശ്യം ഗാമയുടെ രണ്ടാം വരവിനുണ്ടായിരുന്നു. കേരളത്തിൽ കച്ചവട ഇടങ്ങൾ പിടിച്ചെടുക്കാനുള്ള പോർച്ചുഗീസുകാരുടെ ശ്രമങ്ങൾ വിജയിക്കാൻ തുടങ്ങി. അവർ നാട്ടുരാജാക്കന്മാരുമായി സഖ്യമുണ്ടാക്കുകയും സാമൂതിരിക്കെതിരെ തിരിയാൻ ശത്രുക്കളെ അണിനിരത്തുകയും ചെയ്തു. ഒന്നര നൂറ്റാണ്ട് കാലം ഇന്ത്യൻവാണിജ്യത്തിന്റെ കുത്തക കയ്യാളിയ വിദേശശക്തിയായിരുന്നു പോർച്ചുഗീസുകാർ. സാമൂതിരിയുമായുള്ള ദീർഘകാല യുദ്ധങ്ങൾ കൊണ്ടും മാറിമറിഞ്ഞു വന്ന നയതന്ത്ര ബന്ധങ്ങൾ കൊണ്ടും കണ്ണൂരിനും കൊടുങ്ങല്ലൂരിനുമിടയിൽ ഏതാണ്ട് വാണിജ്യപരമായ ആധിപത്യം സ്ഥാപിക്കാൻ ഇവർക്ക് കഴിഞ്ഞില്ല. എന്നാൽ കൊച്ചിയിലും കൊല്ലത്തും അവർ രാഷ്ട്രീയാധിപത്യം സ്ഥാപിക്കുകയും ചെയ്തു. അവർ പ്രാദേശിക ഭരണാധികാരികൾക്കുമേൽ ആധിപത്യം സ്ഥാപിച്ച് കോട്ടകൾ പണിയുകയും, ഇത്തരം കോട്ടകൾ പോർച്ചുഗീസുകാർക്കും ലാറ്റിൻ വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികൾക്കും മാത്രം താമസിക്കാനുള്ള ഇടങ്ങളായി പ്രഖ്യാപിക്കുകയുമായിരുന്നു. സൈനികരെ വിവാഹം ചെയ്യുന്ന നാട്ടുകാരായ സ്ത്രീകൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്താൽ മാത്രമേ കോട്ടയിൽ കഴിയാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ. പോർച്ചുഗീസുകാരുടെ മതകോളനീകരണത്തിന്റെ ഭാഗമായി തന്നെയാണ് ജർമ്മൻകാരുടെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടത്. പോർച്ചുഗീസ് കപ്പലിലെ നാവികരും, കപ്പൽ പണിക്കാരും, പീരങ്കി പണിക്കാരും എന്ന നിലയ്ക്ക് കേരളത്തിൽ എത്തിയവരാണ് ജർമ്മൻകാർ. അവർ മതപരിവർത്തനത്തിന് വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

കേരളത്തിലെ ക്രൈസ്തവസമുദായത്തെ റോമൻസഭയുടെ ആധിപത്യത്തിൽ കൊണ്ടുവരാനുള്ള ലക്ഷ്യമാണ് ഉദയംപേരൂർ സുന്നഹദോസിനുണ്ടായിരുന്നത്. ഉദയംപേരൂർ സുന്നഹദോസിന്റെ വിജയം ദീർഘകാലം നീണ്ടുനിന്നില്ല. കേരളത്തിലെ സെന്റ്തോമസ് ക്രിസ്ത്യാനികളും (സുറിയാനി ക്രിസ്ത്യാനികൾ) പോർച്ചുഗീസുകാരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. ആയിരക്കണക്കിന് സുറിയാനി ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിൽ സമ്മേളിച്ചു. മട്ടാഞ്ചേരിയിലെ കുരിശിൽ ഒരു നീണ്ട വടംകെട്ടി അതിൽ പിടിച്ചുകൊണ്ട് 'ഇനി ഒരിക്കലും ലത്തീൻ ആർച്ച് ബിഷപ്പുമാരെയും ജസ്യൂട്ട് പുരോഹിതന്മാരെയും അനുസരിക്കുകയില്ലെന്ന്' ശപഥം ചെയ്തു.

Remove Watermark Now

# Assignments

1. കേരളത്തിലേക്കുള്ള  വാസ്കോഡഗാമയുടെ വരവിനെ കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
2. കോഴിക്കോട് സാമൂതിരിമാരുടെ ചരിത്രത്തിൽ കുഞ്ഞാലിമരയ്ക്കാർക്കുള്ള ഇടത്തെകുറിച്ച് ഉപന്യാസം തയ്യാറാക്കുക.
3. പോർച്ചുഗീസുകാർ നടത്തിയ മതപരിവർത്തന ശ്രമങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
4. ഉദയംപേരൂർ സുന്നഹദോസും കൂനൻ കുരിശു സത്യവും - എന്നിവയുടെ ചരിത്ര പ്രാധാന്യം വിശദീകരിക്കുക.
5. പോർച്ചുഗീസുകാരും കേരള ചരിത്രവും - ഉപന്യാസം തയ്യാറാക്കുക.
6. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽപോർച്ചുഗീസാധിപത്യത്തിനെതിരെ സാമൂതിരിയും കുഞ്ഞാലിമരയ്ക്കാറും ചേർന്നു നടത്തിയ പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വിവരിക്കുക?
7. പോർച്ചുഗീസുകാരുടെ ശക്തിക്ഷയിക്കാനുണ്ടായ പ്രധാന കാരണങ്ങളെന്തെല്ലാമെന്ന് വിശദമാക്കുക.
8. സാമൂതിരിയും പോർട്ടുഗീസുകാരും തമ്മിലുള്ള ബന്ധപരിണാമങ്ങൾ വിവരിക്കുക.

iSkysoft

# Suggested Reading


1. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം ഭാഗം 1, എസ്.പി.സി.എസ്, കോട്ടയം.
4. സ്കറിയ സക്കറിയ (എഡി), 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്, കോട്ടയം
5. പി. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിന്റെ പതനം, ഡി.സി. ബുക്സ്, കോട്ടയം.
6. വേലായുധൻ പണിക്കശ്ശേരി, പോർട്ടുഗീസ് ഡച്ച് ആധിപത്യം കേരളത്തിൽ, കറന്റ് ബുക്സ്, കോട്ടയം.

Remove Watermark Now

## References

1. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
3. എസ്.കെ. വസന്തൻ, കേരളസംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. കെ. ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
5. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft

Remove Watermark Now

iSkysoft

Remove Watermark Now

# അധിനിവേശം, ആധുനികീകരണം, നവോത്ഥാനം

# BLOCK-03

## Block Content

**യൂണിറ്റ് - 1 വൈദേശികാധിപത്യം**

ഡച്ചുകാർ-ഫ്രഞ്ചുകാർ-ബ്രിട്ടീഷ് ആധിപത്യം-കുറിച്യകലാപം-പഴശ്ശിയുടെസമരം- കേരളചരിത്രവും സംസ്കാരവും-ഡച്ചാധിപത്യം-സ്വാധീനവും തകർച്ചയും-ടിപ്പുവിന്റെ പടയോട്ടം-ബ്രിട്ടീഷ് ആധിപത്യം-പ്രത്യാഘാതങ്ങൾ-ബ്രിട്ടീഷുകാർക്കെതിരെ നടന്ന യുദ്ധങ്ങൾ-സമരങ്ങൾ

**യൂണിറ്റ് - 2 മിഷണറി പ്രവർത്തനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും**

മിഷണറി പ്രവർത്തനങ്ങൾ-അച്ചടിയുടെയും പൊതുവിദ്യാഭ്യാസത്തിന്റെയും വ്യാപനം-പുതിയ സാഹിത്യരൂപങ്ങളും സാമൂഹ്യജീവിതവും-തോട്ടംകൃഷിയും കാർഷിക മുതലാളിത്തവും-മധ്യവർഗത്തിന്റെ രംഗപ്രവേശം-കൊളോണിയൽ ആധുനികത-നവോത്ഥാനം: വ്യത്യസ്തവീക്ഷണങ്ങൾ-ചാന്നാർ ലഹള-സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ-മലയാളി, ഈഴവ മെമ്മോറിയലുകൾ-എസ്. എൻ. ഡി. പി., എൻ. എസ്. എസ്., സാധുജന പരിപാലന സംഘം, പ്രത്യക്ഷരക്ഷാദൈവസഭ.

**യൂണിറ്റ് - 3 നവോത്ഥാനനായകർ**

സമുദായം എന്ന സങ്കല്പം-നവോത്ഥാന നേതാക്കൾ-വൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമി, ശ്രീനാരായണഗുരു, അയ്യൻകാളി, പൊയ്കയിൽ അപ്പച്ചൻ, മക്തി തങ്ങൾ, പാമ്പാടി ജോൺ ജോസഫ്, കുറുമ്പൻ ദൈവത്താൻ തുടങ്ങിയവർ-ഗുരുദർശനത്തിലെ നൈതികവിപ്ലവം-നവോത്ഥാനത്തിന്റെ പരിമിതികൾ.

**യൂണിറ്റ് - 4 നവോത്ഥാനാനന്തര പ്രസ്ഥാനങ്ങൾ**

ദളിത്, സ്ത്രീവാദ വിമർശനങ്ങൾ-നവോത്ഥാനവും മലയാള ദേശീയതയും-മരുമക്കത്തായ പരിഷ്കരണം-ആധുനിക ഗാർഹികതയുടെ രൂപീകരണം-വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങൾ-യുക്തിവാദം-നവോത്ഥാനവും സാഹിത്യവും-സംഘടനകൾ-ജീവൽ സാഹിത്യവും പുരോഗമനസാഹിത്യപ്രസ്ഥാനവും-കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങൾ.

# Unit 1

# വൈദേശികാധിപത്യം

## Learning Outcomes

- ഡച്ചുകാരുടെ കടന്നുവരവും സ്വാധീനവും, വളർച്ചയും തകർച്ചയും മനസ്സിലാക്കുന്നു
- ബ്രിട്ടീഷ് ആധിപത്യത്തിന്റെ ഗുണദോഷ ഫലങ്ങളും തകർച്ചയും ചർച്ച ചെയ്യുന്നു
- ബ്രിട്ടീഷാധിപത്യത്തിനെതിരെയുണ്ടായ പഴശ്ശി കലാപത്തെക്കുറിച്ചും കുറിച്യകലാപത്തെക്കുറിച്ചും മനസ്സിലാക്കുന്നു
- ടിപ്പുവിന്റെ പടയോട്ടത്തെക്കുറിച്ചും അന്നത്തെ കേരളചരിത്രത്തെക്കുറിച്ചും അറിവ് നേടുന്നു

## Background

കേരളത്തിൽ നടന്ന വൈദേശിക ആധിപത്യശ്രമങ്ങളുടെ ചരിത്ര പശ്ചാത്തലം സൂക്ഷ്മമായി വിലയിരുത്തുകയാണ് ഈ ഭാഗത്ത്. വൈദേശികാധിപത്യത്തിന്റെ ഗുണദോഷഫലങ്ങളും അതിനെതിരെ നടന്ന സമരങ്ങളും പ്രക്ഷോഭങ്ങളും ആഴത്തിൽ അപഗ്രഥിക്കുന്നു. പ്രാചീന കാലത്തെ കേരളത്തിലെ സാമൂഹ്യ സാംസ്കാരിക രംഗത്തെ ചരിത്രം മനസ്സിലാക്കാൻ ഈ പഠനം ഉപകരിക്കും. അറബി സഞ്ചാരികൾ, ചൈനീസ് സഞ്ചാരികൾ, യൂറോപ്യൻ സഞ്ചാരികൾ എന്നിവരുടെ കുറിപ്പുകളിൽ നിന്നും വിവരണങ്ങളിൽ നിന്നും പ്രാചീനകേരളവുമായി അവർ കച്ചവടബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നു എന്നു മനസ്സിലാക്കാം. കേരളത്തിൽ ആദ്യമായി വന്നിറങ്ങിയ യൂറോപ്യന്മാർ എന്ന നിലയിൽ പോർച്ചുഗീസുകാർ മുതൽ അവസാനമെത്തിയ ബ്രിട്ടീഷുകാർ വരെയുള്ളവരുടെ ചരിത്രമാണിവിടെ വിലയിരുത്തുന്നത്. കച്ചവടതാല്പര്യാർഥമായിരുന്നു പോർച്ചുഗീസുകാർ ആദ്യമായി കോഴിക്കോട് കാപ്പാട് എന്ന സ്ഥലത്തെത്തിച്ചേർന്നത്. ഇതോടെ പോർച്ചുഗീസും കേരളവുമായുള്ള കച്ചവടബന്ധം ശക്തിപ്രാപിച്ചു. കേരളത്തിലെ തുറമുഖങ്ങളെല്ലാം ശ്രദ്ധേയമായിത്തീർന്നു. കാർഷിക, വാണിജ്യ, വാസ്തുവിദ്യാരംഗങ്ങളിലെല്ലാം പോർച്ചുഗീസ് സ്വാധീനം കാണപ്പെട്ടു. നിർബന്ധിത മതപരിവർത്തനം, ഡച്ചാധിപത്യം എന്നിവ പോർച്ചുഗീസുകാരുടെ തകർച്ചയ്ക്ക് കാരണമായി.

കോഴിക്കോട് സാമൂതിരി കുഞ്ഞാലിമരയ്ക്കാറുമായി ചേർന്ന് പോർച്ചുഗീസുകാരുമായി ഏറ്റുമുട്ടി. പോർച്ചുഗീസുകാർ കൊച്ചി രാജാവുമായി കൂട്ടുചേർന്ന് വാണിജ്യബന്ധം ഉറപ്പിച്ചു. ഡച്ചാധിപത്യം പോർച്ചുഗീസുകാരെ തകർത്തു. സാമൂതിരിമാരുടെ ശക്തി ക്ഷയിച്ചു. ഡച്ചുകാർ കോഴിക്കോട്ടെത്തി സാമൂതിരിയുമായി ചേർന്ന് വ്യാപാര ഉടമ്പടിയിലേർപ്പെട്ടു. പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും ഏറ്റുമുട്ടലിൽ, പോർച്ചുഗീസുകാർ പരാജയപ്പെടുകയും വാണിജ്യക്കുത്തക ഡച്ചുകാർ ഏറ്റെടുക്കുകയും ചെയ്തു. പിന്നീട് വ്യാപാരമേഖല മുഴുവൻ ഡച്ചധീനതയിലായി. മാർത്താണ്ഡവർമ്മയുമായുണ്ടായ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെട്ടു. തുടർന്ന് ഇംഗ്ലീഷുകാരുടെ കടന്നുവരവുണ്ടായി. ബ്രിട്ടീഷുകാർ വാണിജ്യകാര്യങ്ങൾക്കായി കൊച്ചിയിലും കോഴിക്കോട്ടും താവളമുറപ്പിച്ചു, സാമൂതിരിയുമായി കരാറിലേർപ്പെട്ടു. ആറ്റിങ്ങൽ

റാണിയുടെ അനുവാദത്തോടെ അഞ്ചുതെങ്ങിൽ ഒരു കോട്ട നിർമ്മിച്ചു. തലശ്ശേരിയിൽ കോട്ട പണിയാൻ കോലത്തുരാജാവിന്റെ അനുവാദം ലഭിച്ചു. ടിപ്പുസുൽത്താനുമായി ശ്രീരംഗപട്ടണം ഉടമ്പടി ഒപ്പുവയ്ക്കുന്നതിലൂടെ മലബാർഭരണം ബ്രിട്ടീഷുകാർ ഏറ്റെടുത്തു.

വൈദേശികാധിപത്യങ്ങൾക്കെതിരെ നിരവധി കലാപങ്ങളുണ്ടായി. ആറ്റിങ്ങൽ കലാപമാണ് ബ്രിട്ടീഷുകാർക്കെതിരെ ഉണ്ടായ ആദ്യപ്രക്ഷോഭമായി കണക്കാക്കുന്നത്. പിന്നീട് കമ്പനിയുടെ തെറ്റായ നികുതി നയങ്ങൾക്കെതിരെ പഴശ്ശിരാജ പ്രക്ഷോഭങ്ങൾ ആരംഭിച്ചു. ജാതിയോ മതമോ നോക്കാതെ എല്ലാ ജനങ്ങളും ബ്രിട്ടീഷ് ഭരണത്തിനെതിരെ ഒറ്റക്കെട്ടായി പങ്കെടുത്തു. ദേശീയ വിമോചനത്തിനു വേണ്ടിയുള്ള ജനകീയയുദ്ധമായിരുന്നു പഴശ്ശി വിപ്ലവം. ഇതിനെ തുടർന്ന് 1812-ൽ കുറിച്യകലാപം നടന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരെ നടന്ന, അതിശക്തമായ രാഷ്ട്രീയ ചലനങ്ങളുണ്ടാക്കിയ ഒരു ദേശീയ പ്രക്ഷോഭമായിരുന്നു മലബാർകലാപം (1921). 1920-ലെ നാഗ്പൂരിൽ നടന്ന കോൺഗ്രസ് സമ്മേളനത്തെ തുടർന്ന് നിസ്സഹരണപ്രസ്ഥാനം ശക്തമായി. ഈ കാലയളവിൽ തന്നെയാണ് ഖിലാഫത്ത് പ്രസ്ഥാനവും ശക്തിപ്പെട്ടത്. സ്വാഭാവികമായും കിരാതമായ മർദ്ദനമുറകൾ ഉപയോഗിച്ച് ബ്രിട്ടീഷ് ഭരണകൂടം പ്രകടനക്കാരെ അടിച്ചമർത്തി. ഇതിനോടനുബന്ധിച്ചാണ് കുപ്രസിദ്ധമായ വാഗൺ ട്രാജഡി (1921) നടന്നത്.

1766 മുതൽ 1792 വരെയുള്ള കേരളചരിത്രത്തെ നിരീക്ഷിക്കുകയാണെങ്കിൽ നാട്ടുരാജാക്കന്മാർക്കും വൈദേശികശക്തികൾക്കും പുറമേ ഇവിടെ ടിപ്പു സുൽത്താന്റെ അധിനിവേശവും നടന്നിരുന്നതായി കാണാം. 1766-ൽ കോഴിക്കോട്ടു സാമൂതിരിയുടെ അധിനിവേശത്തിൽ നിന്ന് രക്ഷപ്പെടാൻ പാലക്കാട്ടു രാജാവ് ഹൈദർ അലിയോട് സഹായം അഭ്യർഥിച്ചതോടെയാണ് ടിപ്പുവിന്റെ അധിനിവേശശ്രമങ്ങൾക്ക് ആക്കം കൂടുന്നത്. മലബാറിലേക്ക് കടന്നു കയറിയ ഹൈദർ ചിറക്കൽ, കോട്ടയം, കടത്തനാട്, കോഴിക്കോട് തുടങ്ങിയ പ്രദേശങ്ങൾ കീഴടക്കുകയും അധികാരം സ്ഥാപിച്ച നാടുകളിൽ നിന്ന് നികുതി പിരിക്കുകയും ചെയ്തു. വള്ളുവനാട്, പാലക്കാട്, കൊച്ചി എന്നിവിടങ്ങളിലെ രാജാക്കന്മാർ ഹൈദറിന്റെ മേൽക്കോയ്മ അംഗീകരിച്ച് 1766 മുതൽ 1790 വരെ എല്ലാ വർഷവും കപ്പം നൽകിയിരുന്നതായി ചരിത്രപുസ്തകങ്ങളിൽ പറയുന്നത് ഉദാഹരണമാണ്. മൈസൂർ ഭരണകാലത്ത് ഫറൂക്കായിരുന്നു മലബാറിൽ അവരുടെ പ്രാദേശികതലസ്ഥാനം. ഇന്നത്തെ കേരളത്തിലെ തിരുവിതാംകൂർ പ്രദേശങ്ങൾ മാത്രമാണ് മൈസൂർ ഭരണത്തിൽ അകപ്പെടാതെ പോയത്.

## Keywords

കേരളചരിത്രവും സംസ്കാരവും-ഡച്ചാധിപത്യം-സ്വാധീനവും തകർച്ചയും-ടിപ്പുവിന്റെ പടയോട്ടം-ബ്രിട്ടീഷ് ആധിപത്യം-പ്രത്യാഘാതങ്ങൾ-ബ്രിട്ടീഷുകാർക്കെതിരെ നടന്ന യുദ്ധങ്ങൾ-സമരങ്ങൾ-പഴശ്ശികലാപം-കുറിച്യർകലാപം

Remove Watermark Now

# Discussion

## 4.1.1 ഡച്ചുകാർ

1592-ൽ പ്രമുഖ ഡച്ചുവ്യാപാരികൾ ആംസ്റ്റർഡാമിൽ യോഗം ചേർന്ന് ഇന്ത്യയുമായി വ്യാപാരബന്ധം സ്ഥാപിക്കുവാനുള്ള പദ്ധതി തയ്യാറാക്കി. 1604-ൽ ഒരു ഡച്ചു വ്യാപാരസംഘം കോഴിക്കോട്ടെത്തി. താമസിയാതെ സാമൂതിരിയുമായി ഒരു ഉടമ്പടിയിലേർപ്പെട്ടു. പോർച്ചുഗീസുകാരുടെ വാണിജ്യക്കുത്തക അവസാനിപ്പിച്ച് അവരെ ഇവിടെ നിന്നും തുരത്തുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള ആദ്യത്തെ കാൽവയ്പ്പായിരുന്നു ഈ ഉടമ്പടി. അതനുസരിച്ച് കോഴിക്കോട് വ്യാപാരം നടത്തുന്നതിനും ഒരു കോട്ട കെട്ടുന്നതിനും അനുമതി നേടി.

> ▶ സാമൂതിരിയുമായി ഉടമ്പടി

ലന്തക്കാർ, ഉലന്തകങ്ങൾ എന്നീ പേരുകളിലാണ് കേരളത്തിൽ ഡച്ചുകാർ അറിയപ്പെട്ടത്. ലന്തക്കാർ ആദ്യമായി കേരളത്തിന്റെ പടിഞ്ഞാറൻ തീരത്ത് എത്തുന്നത് 1604-ൽ ആണ്. മലബാറിൽ എത്തുന്നതിനുമുൻപ് ശ്രീലങ്കയിലും ജാവയിലും കിഴക്കൻ ദ്വീപുകളിലും ഡച്ചുകാരുടെ സാന്നിധ്യമുണ്ടായിരുന്നു. പോർച്ചുഗീസുകാർക്കെതിരെ സൈനിക നടപടികൾക്കായിട്ടാണ് സാമൂതിരിയും ലന്തക്കാരുമായി ആദ്യമായി ഒരു കരാറിൽ ഏർപ്പെടുന്നത്. ഒരു ഇന്ത്യൻ ഭരണാധികാരിയുമായി ഡച്ചുകാർ ഒപ്പുവയ്ക്കുന്ന ആദ്യത്തെ കരാറും ഇതാണ്. ഇതോടെ ഡച്ചുകാർക്ക് കേരളക്കരയിലേക്കുള്ള തുറമുഖ സന്ദർശനം സുഗമമായി. സാമൂതിരിയാവട്ടെ ഡച്ചുകാർക്ക് പൊന്നാനിയിലും കോഴിക്കോട്ടും കച്ചവടത്തിനുള്ള അനുവാദവും കൊടുത്തു. പ്രതിവർഷം മൂവായിരം കണ്ടി കുരുമുളക് ഡച്ചുകാർക്ക് എത്തിച്ചുകൊടുക്കാമെന്ന് സാമൂതിരി വാഗ്ദാനം ചെയ്തു. ഇങ്ങനെ പതിനേഴാം നൂറ്റാണ്ടിൽ പോർച്ചുഗീസ് വാണിജ്യതാൽപര്യങ്ങൾക്ക് വലിയ ഭീഷണിയായി കേരളക്കരയിൽ ഡച്ചുശക്തി വളർന്നുവന്നു.

> ▶ ലന്തക്കാർ, ഉലന്തകങ്ങൾ എന്നീ പേരുകൾ

ഇതര യൂറോപ്യൻ ശക്തികളെപ്പോലെ കേരളത്തിലെ നാടുവാഴി സ്വരൂപങ്ങൾക്കിടയിലുണ്ടായിരുന്ന അന്തഃച്ഛിദ്രങ്ങളിൽ ഇടപെടുകയും അത് തങ്ങളുടെ വാണിജ്യ താൽപര്യങ്ങൾക്കനുസൃതമായി മാറ്റുകയും ചെയ്യുന്ന സ്വഭാവം ഡച്ചുകാർക്കുമുണ്ടായിരുന്നു. അങ്ങനെയാണ് മലബാറിൽ നിന്ന് ഉത്തരകേരളത്തിലേക്കും മധ്യകേരളത്തിലേക്കും ഡച്ചുകാരുടെ ശ്രദ്ധ പതിയുന്നത്. 1642-ൽ ചെമ്പകശ്ശേരി രാജാവുമായി ഇവർ വ്യാപാര ഉടമ്പടിയുണ്ടാക്കി. 1643-ൽ കായംകുളം രാജാവുമായും വ്യാപാര കരാറിലേർപ്പെട്ടു. പുറക്കാട്ട് ഒരു ഫാക്ടറിയും കായംകുളത്ത് ഒരു പാണ്ടികശാലയും നിർമ്മിക്കാനുള്ള അനുവാദം ഇവർ ഈ നാട്ടുരാജാക്കന്മാരിൽനിന്ന് നേടുകയും ചെയ്തു. 1658-ൽ പോർച്ചുഗീസ് അധീനതയിലായിരുന്ന കൊല്ലംകോട്ട പിടിച്ചെടുത്തു. കൊല്ലം റാണിയുമായി ഉടമ്പടിയിലേർപ്പെട്ടു. ഇതനുസരിച്ച് കൊല്ലത്തെ സുഗന്ധവ്യഞ്ജനങ്ങളുടെ കച്ചവടം ഡച്ചുകാർക്ക് ലഭിച്ചു. പോർച്ചുഗീസുകാരാവട്ടെ കൊല്ലംകോട്ട തിരികെ പിടിച്ചെങ്കി

Remove Watermark Now

ലും അഡ്മിറൽ വാൻ ഗൂൺസിന്റെ നേതൃത്വത്തിലുള്ള പ്രത്യാക്രമണത്തിലൂടെ കൊല്ലംകോട്ട വീണ്ടും അവർ അധീനതയിലാക്കുകയായിരുന്നു. കൊച്ചി രാജവംശത്തിലുണ്ടായ ആഭ്യന്തരകലഹത്തിലും ഡച്ചുകാർ ഇടപെട്ടു. കൊച്ചിയിലെ ഇളയ താവഴിയിലെ രാജാവ് പോർച്ചുഗീസുകാരുടെ സഹായത്തോടെ മൂത്ത താവഴിയിൽ നിന്ന് അധികാരം പിടിച്ചെടുത്തു. ഡച്ചുകാരാവട്ടെ മൂത്തതാവഴിയിലെ രാജാവിന് അനുകൂലമായി നിലകൊണ്ടു. സൈന്യം കൊച്ചിരാജാവിന്റെ മട്ടാഞ്ചേരി കൊട്ടാരം ആക്രമിച്ചു. മൂത്തതാവഴിയെ സഹായിക്കുന്ന സൈന്യത്തെ സാമൂതിരിയുടെ സൈന്യവും പിന്തുണച്ചു. വലിയ ആൾനാശമുണ്ടായ യുദ്ധത്തിൽ റാണി ഗംഗാധരലക്ഷ്മിയെ ഹെന്റിക്ക് വാന്റീസ് എന്ന ഡച്ചുഭടൻ തടവിലാക്കി. അതോടെ മൂത്ത താവഴിയുടെ അധികാരം അംഗീകരിച്ചുകൊള്ളാം എന്ന് റാണി പ്രതിജ്ഞ ചെയ്തു. ഈ വിജയം കൊച്ചിയിൽ പോർച്ചുഗീസുകാർക്കേറ്റ കനത്ത പ്രഹരവും ഡച്ചുകാർക്ക് വൻവിജയവുമായിരുന്നു. ഡച്ചുകാരുടെ സാമൂതിരിയുമായുള്ള സൗഹൃദം എല്ലാകാലത്തും സ്ഥിരമായിരുന്നു എന്നു പറഞ്ഞുകൂടാ. കൊച്ചിയുടെ അധികാരം അല്ലെങ്കിൽ വൈപ്പിൻകര അധീനതയിലാക്കുക എന്നതായിരുന്നു സാമൂതിരിയുടെ ആഗ്രഹം. അതിനുവേണ്ടിയാണ് ഈ ആക്രമണത്തിൽ സാമൂതിരി ഡച്ചുകാരെ സഹായിച്ചത്. അതുനടക്കാതെ വന്നപ്പോൾ സാമൂതിരി ഡച്ചുകാരുമായി അകലുകയും ചെയ്തു.

▶ ഡച്ചുകാരും വാണിജ്യ തന്ത്രങ്ങളും

ഡച്ചുകാരുടെ ആദ്യകാല പ്രവർത്തനം കൊച്ചിയിലും കോഴിക്കോടുമായിരുന്നെങ്കിലും പിന്നീടത് തിരുവിതാംകൂറിലേക്ക് വ്യാപിപ്പിച്ചു. ഈ സമയത്ത് തിരുവിതാംകൂറിന്റെ ആധുനീകരണത്തിന് തുടക്കം കുറിച്ച അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയായിരുന്നു ഭരണം നിർവഹിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുന്നിൽ ലന്തക്കാർക്ക് അടിയറവ് പറയേണ്ടിവന്ന യുദ്ധമാണ് ചരിത്രപ്രസിദ്ധമായ 1741 ലെ കുളച്ചൽ യുദ്ധം. ഡച്ചുകാരെ ദയനീയമായി തോൽപ്പിച്ച മാർത്താണ്ഡവർമ്മ ഡച്ചുകാർക്ക് അധീശത്വമുണ്ടായിരുന്ന നാട്ടുരാജ്യങ്ങളെ മുഴുവൻ തിരുവിതാംകൂറിനോട് ചേർത്തു. കൊല്ലം, മാർത്ത, കായംകുളം, പുറക്കാട് എന്നിവിടങ്ങളിലെ സ്ഥാപനങ്ങളും തിരുവിതാംകൂറിനോട് ചേർത്തു. മാർത്താണ്ഡവർമ്മയുമായി ഒരു കരാറുണ്ടാക്കി. തിരുവിതാംകൂറിലുള്ള ഇംഗ്ലീഷ് വ്യാപാരശാലകൾക്ക് ശല്യം ഉണ്ടാക്കുകയില്ലെന്നും ഏതെങ്കിലും യൂറോപ്യൻശക്തി തിരുവിതാംകൂറിനെ ആക്രമിക്കുകയാണെങ്കിൽ രാജാവിനെ സഹായിച്ചുകൊള്ളാമെന്നുമായിരുന്നു കരാറിന്റെ ഉള്ളടക്കം. 1795-ഓടെ ഡച്ചുകാർ ഇംഗ്ലീഷ് സൈന്യത്തിന് കീഴടങ്ങുകയും കേരളത്തിൽ തങ്ങൾക്കുണ്ടായിരുന്ന പ്രദേശങ്ങളെല്ലാം ഇംഗ്ലീഷുകാർക്ക് കൈമാറുകയും ചെയ്തു.

▶ ഇംഗ്ലീഷ് സൈന്യത്തിന് കീഴടങ്ങി

കേരളത്തിൽ ഡച്ചുശക്തികളുടെ പതനത്തിനുള്ള കാരണങ്ങൾ പലതായിരുന്നു. പ്രബലനായ മാർത്താണ്ഡവർമ്മയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ നേടിയ സൈനികശക്തിയാണ് അതിലൊന്ന്. രണ്ടാമതായി ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയ യൂറോപ്യൻ ശക്തികളുടെ വളർച്ചയാണ്. കൂടാതെ പോർച്ചുഗീസുകാരുടെ കാലത്തേക്കാൾ കേരളീയ രാജാക്കന്മാർ നേടിയ സൈനികശക്തിയും ഡച്ചുകാരുടെ പതനത്തിന് കാരണമായി.

▶ പതനത്തിന് പല കാരണങ്ങൾ

Remove Watermark Now

പോർച്ചുഗീസുകാരിൽ നിന്ന് വ്യത്യസ്തമായി മികച്ചതും ശുദ്ധവുമായ ഭരണമായിരുന്നു ഡച്ചുകാരുടേത്. ഇന്ത്യയുമായി വാണിജ്യ ബന്ധത്തിൽ ഏർപ്പെട്ടിരുന്നവരുൾപ്പെടെയുള്ള പതിനേഴ് ഡയറക്ടർമാരുടെ സമിതിയായിരുന്നു ഡച്ച് കമ്പനിയുടെ ഭരണം നടത്തിയിരുന്നത്. ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കുന്നത് അടക്കമുള്ള ഭരണകാര്യങ്ങളിൽ അവർ തികഞ്ഞ ജാഗ്രത പുലർത്തി. പട്ടാളക്കാരും അല്ലാത്തവരുമായവരുടെ ക്ഷേമകാര്യങ്ങളിലും അവർ താൽപര്യം കാണിച്ചു. ജനങ്ങളോടും പൊതുവേ സഹിഷ്ണുതയും വിശാലതയും കാണിക്കുന്നതായിരുന്നു ഡച്ചുനയം. പോർച്ചുഗീസുകാരെപ്പോലെ അന്ധമായ മതനയങ്ങളും ഉണ്ടായിരുന്നില്ല. വൈദേശിക പുരോഹിതന്മാരോട് ഉദാരസമീപനം പുലർത്തിയ ഇവർ കേരള ക്രൈസ്തവർക്കും മതിയായ സംരക്ഷണം നൽകി. ഹൈന്ദവ ജനതയുടെ മതവികാരത്തെയും അവർ മാനിച്ചു. യുദ്ധങ്ങളിൽപോലും ഹൈന്ദവക്ഷേത്രങ്ങളെയും മതസ്ഥാപനങ്ങളെയും അവർ ഒഴിച്ചു നിർത്തിയിരുന്നു.

▶ മികച്ച ഭരണം

കേരളത്തിലെ കാർഷിക സമ്പദ്ഘടന മെച്ചപ്പെടാൻ ഉതകുന്ന പുതിയതരം ഉത്പന്നങ്ങളും പുതിയ കൃഷിരീതികളും ഡച്ചുകാർ ഇവിടെ നടപ്പാക്കി. ഡച്ചുമാതൃകയിലുള്ള തെങ്ങ് കൃഷി ഇവിടെ വ്യാപിപ്പിച്ചു. ഉപ്പു നിർമ്മാണം, ചായംമുക്കൽ തുടങ്ങിയ വ്യവസായങ്ങൾ ഇവിടെ നടപ്പാക്കി. എന്നാൽ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഡച്ചുകാരുടെ സംഭാവന തുലോം കുറവായിരുന്നു. 'ഹോർത്തൂസ് മലബാറിക്കസ്' എന്ന അമൂല്യഗ്രന്ഥത്തിന്റെ നിർമ്മാണമാണ് എടുത്തുപറയാവുന്ന ഒരു സാംസ്കാരിക സംഭാവന. അഡ്മിറൽ ഹെൻട്രിക് വാൻറീഡിന്റെ നേതൃത്വത്തിലായിരുന്നു ഈ ഗ്രന്ഥത്തിന്റെ രചന നടന്നത്. ഇന്ത്യൻ സസ്യങ്ങളുടെ അമൂല്യമായ ഔഷധഗുണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ ഗ്രന്ഥരചനയിൽ മാത്യൂസ് എന്ന കാർമ്മലൈറ്റ് സന്യാസി, രംഗഭട്ട്, അപ്പുഭട്ട്, വിനായക ഭട്ട് എന്നീ ഗൗഡസാരസ്വതരുടെയും ഇട്ടി അച്യുതൻ എന്ന ഈഴവ വൈദ്യന്റെയും പേരുകൾ സ്മരണീയമാണ്.

▶ ഹോർത്തൂസ് മലബാറിക്കസ്

### 4.1.1.1 അനുകൂലസാഹചര്യം

കേരളത്തിലെ രാഷ്ട്രീയസാഹചര്യം ഡച്ചുകാരുടെ അഭിലാഷപൂർത്തിക്കനുകൂലമായിരുന്നു. അക്കാലത്ത് തിരുവിതാംകൂർ, കൊച്ചി, കോഴിക്കോട്, കോലത്തുനാട് എന്നീ നാലു ഭരണകൂടങ്ങളായിരുന്നു ഇവിടെ പ്രബലമായുണ്ടായിരുന്നത്. കൂടാതെ, ഇവയോടു വിധേയത്വമുള്ള ഏതാനും ചെറുകിട നാട്ടുരാജ്യങ്ങളും. കൊച്ചി രാജവംശത്തിൽ ഒരു പിന്തുടർച്ചാവകാശതർക്കമുണ്ടായപ്പോൾ പോർച്ചുഗീസുകാർ ഒരു ഭാഗം പിടിച്ചു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട കിരീടാവകാശി പാലിയത്തച്ചന്റെ ഉപദേശപ്രകാരം ഡച്ചുകാരുടെ സഹായംതേടി. പോർച്ചുഗീസുകാരെ ഇവിടെനിന്നും തുരത്താൻ പറ്റിയ അവസരമായി ഡച്ചുകാർ ഇതിനെ കണ്ടു. സാമൂതിരിയും തെക്കുംകൂറും വടക്കുംകൂറും ഇവരോടൊപ്പം ചേർന്നു. അതോടെ ബലാബലം ഏതാണ്ടു തുല്യമായി. ഒരുവശത്തു കൊച്ചിയും പോർച്ചുഗീസുകാരും മറുവശത്തു സാമൂതിരിയും ഡച്ചുകാരും, 1660-

Remove Watermark Now

ൽ രണ്ടു വിഭാഗങ്ങളും തമ്മിൽ ഏറ്റുമുട്ടി. പോർച്ചുഗീസുകാരുടെ പരാജയവും കൊച്ചിയുടെ പതനവുമായിരുന്നു ഫലം. പോർച്ചുഗീസുകാർ വന്ന കാലത്ത് അവർക്കിവിടെ നേരിടേണ്ടിവന്ന പ്രശ്നങ്ങളൊന്നും ഡച്ചുകാർക്കുണ്ടായില്ല. അറബിവ്യാപാരികളുടെ ശക്തി കഴിഞ്ഞ നൂറ്റാണ്ടിൽത്തന്നെ അസ്തമിച്ചിരുന്നതുകൊണ്ട് ആഭ്യന്തര വ്യാപാരത്തിലും അവരോട് മത്സരിക്കാൻ ആരുമുണ്ടായില്ല. പോർച്ചുഗീസുകാർ പരാജിതരായതോടെ അവരുമായി നാടുവാഴികളേർപ്പെട്ടിരുന്ന എല്ലാ ഉടമ്പടികളും ഡച്ചുകാർക്കവകാശപ്പെട്ടതായി.

- പോർച്ചുഗീസുകാരുടെ പതനം

കൊച്ചിയും കോഴിക്കോടും വടക്കുംകൂറും തെക്കുംകൂറും പാട്ടിലായതോടെ ആ പ്രദേശങ്ങളിലെ കുരുമുളകു വ്യാപാരത്തിനുള്ള അവകാശം ഡച്ചുകാർക്കു മാത്രമായി. കോലത്തിരിയുമായി ഒരുടമ്പടിയുണ്ടാക്കി പോർച്ചുഗീസുകാരെ അവിടെനിന്നും പുറന്തള്ളി. കുറഞ്ഞ നാളുകൾക്കുള്ളിൽ തെക്കൻ നാടുകളായ പുറക്കാടും കായംകുളവുമായും വ്യാപാരകരാറുകളുണ്ടാക്കി. ഇത്രയുമായപ്പോഴേക്കും സിലോണിലെ ഡച്ചുസേനയുടെ സഹായത്തോടെ ഒരു സൈനികമുന്നേറ്റം നടത്തി കൊല്ലം, കൊച്ചി, കൊടുങ്ങല്ലൂർ, കണ്ണൂർ എന്നിവിടങ്ങളിലെ പോർച്ചുഗീസ് കോട്ടകളും സൈനികതാവളങ്ങളും പിടിച്ചെടുത്തു. അതോടെ കേരളത്തിൽ ഡച്ചുകാരുടെ അടിത്തറയുറച്ചു.

- വാണിജ്യക്കുത്തക

## 4.1.1.2 പ്രതാപം അസ്തമിക്കുന്നു

1678 മുതൽ 1728 വരെയാണ് കേരളത്തിൽ ഡച്ചുകാരുടെ പ്രതാപകാലം. ശക്തിയും സ്വാധീനവുമുപയോഗിച്ച് നാട്ടുരാജ്യങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും കേരളത്തിന്റെ വ്യാപാരമേഖല ഏതാണ്ടു പൂർണ്ണമായി കയ്യാളുന്നതിനും അവർക്ക് കഴിഞ്ഞു. പക്ഷേ ഈ സൗഭാഗ്യം അധികകാലം നിലനിന്നില്ല. ആറ്റിങ്ങൽ റാണി അഞ്ചുതെങ്ങിൽ ഒരു ഫാക്ടറിയും കോട്ടയും പണിയുന്നതിന് ഇംഗ്ലീഷുകാർക്ക് അനുമതി നൽകിയത് കാറ്റ് മാറി വീശിത്തുടങ്ങിയതിന്റെ സൂചനയായിരുന്നു. ഡച്ചുകാരെ കൈവിട്ട് തങ്ങളുടെ സഹായം സ്വീകരിക്കാൻ കോഴിക്കോട് സാമൂതിരിയുടെ മേലും ഇംഗ്ലീഷുകാർ സമ്മർദ്ദം ചെലുത്തി. ഈ ഘട്ടത്തിലും രാഷ്ട്രീയാധികാരത്തേക്കാൾ കച്ചവടത്തിലായിരുന്നു ഡച്ചുകാരുടെ കണ്ണ്. അതുകൊണ്ട് ചെലവുചുരുക്കലിന്റെ ഭാഗമായി കൊച്ചിയിലും കണ്ണൂരിലുമുള്ള സൈനികതാവളങ്ങൾ ചെറുതാക്കി. പുറക്കാട്ടും കായംകുളത്തുമുണ്ടായിരുന്ന ഡച്ചുസൈന്യത്തെ പിൻവലിച്ചു. നാവികസേനാവ്യൂഹവും പരിമിതപ്പെടുത്തി. അതോടെ ഡച്ചുകാരുടെ പ്രതാപം അസ്തമിച്ചു എന്ന തോന്നൽ നാട്ടുരാജ്യങ്ങൾക്കുണ്ടായി.

- ഇംഗ്ലീഷുകാരുടെ കടന്നുവരവ്

## 4.1.1.3 സാമൂതിരിയുമായി ഇടയുന്നു

ഡച്ചുകാരും സാമൂതിരിയും സംയുക്തമായി കൊച്ചിയെ പരാജയപ്പെടുത്തിക്കഴിഞ്ഞപ്പോൾ മുതൽ കൊച്ചിയുടെ മേലുള്ള രാഷ്ട്രീയാധിപത്യം തനിക്കായിരിക്കണമെന്ന നിലപാട് സാമൂതിരി കൈക്കൊണ്ടു. അതോടെ ഡച്ചുകാരും സാമൂതിരിയും തമ്മിൽ അകന്നു. സാമൂതിരി കൊച്ചിയുടെ നേരെ ആക്രമണത്തിനൊരുങ്ങി.

Remove Watermark Now

കൊച്ചി തങ്ങളുടെ അധീനതയിലുള്ള രാജ്യമാണെന്നും അതിനെ ആക്രമിക്കുന്നതു കമ്പനിയോടുള്ള ശത്രുതയായി കണക്കാക്കുമെന്നും ഡച്ചുകാർ മുന്നറിയിപ്പ് നൽകിയെങ്കിലും സാമൂതിരി അതൊന്നും വകവെച്ചില്ല. യുദ്ധത്തിൽ ഡച്ചുകാർ പരാജിതരായി. ചേറ്റുവായും കൊടുങ്ങല്ലൂരും അവർക്ക് നഷ്ടപ്പെട്ടു. വ്യാപാരത്തിനും രാഷ്ട്രീയസ്വാധീനത്തിനും മങ്ങലേറ്റു. പ്രതാപം വീണ്ടെടുത്തില്ലെങ്കിൽ ചെറിയ നാടുവാഴികൾ പോലും തങ്ങളെ തൃണവൽഗണിക്കുമെന്ന് ബോധ്യമായപ്പോൾ ഡച്ചുകാർ ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നുമായി വിപുലമായ ഒരു സൈന്യം സംഘടിപ്പിച്ച് ചേറ്റുവാ ലക്ഷ്യമാക്കി നീങ്ങി. ധർമോത്തു പണിക്കരുടെ നേതൃത്വത്തിലുള്ള സാമൂതിരിസൈന്യവുമായി ഏറ്റുമുട്ടി. ഡച്ചു പീരങ്കികളുടെ മുമ്പിൽ കോഴിക്കോട് സൈന്യത്തിനു കീഴടങ്ങേണ്ടി വന്നു. എങ്കിലും വിദേശീയരായ ശത്രുഭടന്മാർക്ക് കോഴിക്കോട്ട് കാലുകുത്താൻ കഴിഞ്ഞില്ല. 1717-ൽ സാമൂതിരിയുമായി ഒരു സമാധാന ഉടമ്പടിയുണ്ടാക്കിയതോടെ തങ്ങളുടെ സ്ഥാനം സുരക്ഷിതമായെന്ന് ഡച്ചുകാർ കരുതി. പക്ഷേ, ഇതിനകം തലശ്ശേരി, കോഴിക്കോട്, അഞ്ചുതെങ്ങ് എന്നീ സ്ഥലങ്ങളിൽ സ്ഥാനമുറപ്പിച്ച ഇംഗ്ലീഷുകാർ അവരുടെ പിടിമുറുക്കുകയായിരുന്നു. കോലത്തിരിയുമായുള്ള ഒരുടമ്പടി പ്രകാരം ഉത്തരകേരളത്തിലെ വ്യാപാരാവകാശവും അവർ കയ്യടക്കി. ഈ അവസരത്തിൽ കുളച്ചൽ മുതൽ കന്യാകുമാരി വരെയുള്ള തെക്കൻ തിരുവിതാംകൂർ പിടിച്ചടക്കാനുള്ള ഒരു ശ്രമവും ഡച്ചുകാർ നടത്തി. അതും ഫലിച്ചില്ല. പ്രതാപത്തിലേക്കു വളരെ വേഗം കുതിച്ചുയർന്ന മാർത്താണ്ഡവർമ്മയുടെ സൈന്യവുമായി കുളച്ചലിൽവെച്ച് ഡച്ചുകാർ ഏറ്റുമുട്ടി ദയനീയമായി പരാജയപ്പെട്ടു. സൈന്യാധിപനായ ഡിലനോയിയെ മാർത്താണ്ഡവർമ്മ തടവുകാരനായി പിടിച്ചു. കുളച്ചൽ യുദ്ധത്തിലുണ്ടായ പരാജയം ഡച്ചുശക്തിക്ക് കേരളതീരത്തുണ്ടായ ഏറ്റവും കനത്ത ആഘാതമായി. അതിൽനിന്നുയിർത്തെഴുന്നേൽക്കാൻ അവർക്ക് കഴിഞ്ഞതേയില്ല. കൊച്ചിയിൽ മാത്രം അൽപ്പകാലത്തേക്കു കൂടി അവരുടെ കൊടി കാണാമായിരുന്നു. ബ്രിട്ടീഷാധിപത്യത്തോടെ അതും അപ്രത്യക്ഷമായി.

- കുളച്ചൽ യുദ്ധത്തിൽ പരാജയം

## 4.1.2 ഫ്രഞ്ചുകാർ

1666-ൽ മുഗൾ ചക്രവർത്തിയുടെ അനുമതിയോടെ സൂറത്തിൽ ഒരു പാണ്ടികശാല സ്ഥാപിച്ചുകൊണ്ടാണ് ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ പ്രവർത്തനമാരംഭിക്കുന്നത്. അനുമതിപത്രവുമായി ഇവർ തെക്കേ ഇന്ത്യയുടെ കിഴക്കൻ കടൽത്തീരത്തെത്തുന്നു. അങ്ങനെ അവർ പുതുച്ചേരിയിൽ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിച്ചു. കേരളത്തിൽ ഫ്രഞ്ചുകാരുടെ കേന്ദ്രമായി തീർന്നത് മയ്യഴി അഥവാ മാഹിയായിരുന്നു. 1721-ൽ ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ കേന്ദ്രം മാഹിയിൽ സ്ഥാപിതമായി. ഇവിടുത്തെ തന്ത്രപ്രധാനമായ സ്ഥാനങ്ങളിൽ ഫ്രഞ്ചുകാർ കോട്ടകൾ കെട്ടി. ഫ്രഞ്ചുകാരുടെ അധികാര വ്യാപനത്തിന് എപ്പോഴും ഭീഷണിയുയർത്തിയത് ഇംഗ്ലീഷുകാരായിരുന്നു. ഇവരുമായുള്ള കരാറിൽ പലപ്പോഴും തങ്ങളുടെ കോട്ടകൾ പൊളിച്ചു മാറ്റേണ്ടതായും വന്നിട്ടുണ്ട്. എങ്കിലും ഇൻഡോ ഫ്രഞ്ച് ബന്ധം സാംസ്കാരിക സങ്കരത്തിന്റെ കേന്ദ്രമായി വളർന്നുവന്നു.

- ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാകമ്പനി

Remove Watermark Now

മറ്റു വിദേശശക്തികളെപോലെ തന്നെ കേരളത്തിൽ നാട്ടുരാജ്യങ്ങളുടെ തമ്മിലടി മുതലെടുത്ത ഇംഗ്ലീഷ്ശക്തികളോട് പിടിച്ചുനിൽക്കാൻ ഫ്രഞ്ചുകാർക്ക് കഴിഞ്ഞില്ല. 1761-ൽ ഇംഗ്ലീഷുകാർ മാഹി ആക്രമിച്ച് കീഴടക്കി. അത് ചിറക്കൽ തമ്പുരാനെ ഏൽപ്പിച്ചു. മാഹി നഷ്ടപ്പെടുമെന്ന് കണ്ട ഫ്രഞ്ചുകാർ മൈസൂർ സുൽത്താനായ ഹൈദരാലിഖാന്റെ സഹായം തേടി. ഇംഗ്ലീഷുകാരെ ദുർബലപ്പെടുത്താൻ തക്കം പാർത്തിരുന്ന ഹൈദരാലി ഫ്രഞ്ചുകാരെ സഹായിച്ചു. പള്ളൂരും പന്തക്കലും നാലുതറയും സുൽത്താൻ ഫ്രഞ്ചുകാർക്ക് ദാനമായി നൽകി. ഫ്രഞ്ച് കോളനിക്ക് പുറത്ത് മയ്യഴിവാഴുന്നവരുടെയും ഇരുവൈനാട് നമ്പ്യാന്മാരുടെയും ഭൂമികളാണുണ്ടായിരുന്നത്. ഇവർക്ക് വേണ്ടി സൈനികവൃത്തി ചെയ്തിരുന്നത് നായന്മാരായിരുന്നു. ഈ പടനായന്മാർക്ക് കരമൊഴിവായി ഭൂമി അനുഭവിക്കാനുള്ള അവകാശമുണ്ടായിരുന്നു. ഇതിലെ ജാതിവിവേചനം മുതലെടുത്തുകൊണ്ട് തീയരെയും മാപ്പിളമാരെയും ഫ്രഞ്ചുകാർ അവരുടെ പട്ടാളത്തിലും പോലീസിലും ചേർത്തു. അവരിൽ ചിലരെ ലെഫ്റ്റനന്റ് പദവിയിൽ വരെ നിയമിച്ചു.

▶ തമ്മിലടി മുതലെടുത്തു

ഫ്രഞ്ച് കോളനിയുടെ വാഴ്ചക്കാലത്ത് വൻതോതിൽ വസൂരിബാധയുണ്ടായതായി ചരിത്രം പറയുന്നു. ഫ്രഞ്ച് കമ്പനിക്കാരോടൊപ്പം ക്രൈസ്തവ പുരോഹിതന്മാരും രോഗപ്രതിരോധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഇവർ മയ്യഴിയിൽ ഒരു ആശുപത്രി സ്ഥാപിച്ചു. ഫ്രഞ്ച് മിഷണറിമാരുടെ സേവനപ്രവർത്തനങ്ങൾക്ക് ജനങ്ങളിൽ നിന്ന് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. ഇതോടെ ജനങ്ങൾ കൂട്ടത്തോടെ മതപരിവർത്തനത്തിന് തയ്യാറായി. ഇത് ഫ്രഞ്ച് കോളനി പ്രദേശത്തിന്റെ സമുദായഘടനയിൽ തന്നെ മാറ്റം വരുത്തി

▶ വലിയ സ്വീകാര്യത

ഫ്രഞ്ച് അധീനമായ മാഹിയിലെ പ്രധാന വരുമാനമാർഗം കൃഷിയായിരുന്നു. നെൽകൃഷിക്കും പറമ്പുകൃഷിക്കും അനുയോജ്യമായിരുന്നു മാഹിയിലെ ഭൂമി. ഏലം, ചന്ദനം, കരിമ്പ് കൈത്തറിത്തുണികൾ, മുള തുടങ്ങി മാഹിക്ക് പുറത്തുള്ള വസ്തുക്കളും ഇവിടെ നിന്ന് കയറ്റുമതി ചെയ്തിരുന്നതായി ഫ്രഞ്ച് രേഖകളിൽ കാണുന്നു. ഇവിടുത്തെ നാടുവാഴി സ്വരൂപങ്ങൾ തമ്മിലുള്ള ഇടച്ചിലുകളിൽ ഇടപെട്ട് ഭരണം പിടിക്കുന്ന തന്ത്രമാണ് ഫ്രഞ്ചുകാരും സ്വീകരിച്ചത്. ദേശവാഴികൾ തമ്മിലുള്ള തർക്കങ്ങളിലും ഇവർ ഏഷണി കൂട്ടുകയും പക്ഷംപിടിച്ചു മുതലാക്കുകയും ചെയ്യുന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്.

▶ പ്രധാന വരുമാന മാർഗം കൃഷി

1756-ൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ യൂറോപ്പിലാരംഭിച്ച യുദ്ധത്തിന്റെ അനുരണനങ്ങൾ കേരളത്തിലുമുണ്ടായി. 1761-ൽ ജനുവരി 16 നുണ്ടായ പോണ്ടിച്ചേരിയുടെ പതനത്തെത്തുടർന്ന് മയ്യഴിയിലെ സേനാനായകൻ എം. ലോയറ്റ് ഇംഗ്ലീഷുകാർക്ക് മുന്നിൽ കീഴടങ്ങി. പത്തുദിവസം അവിടെ ഇംഗ്ലീഷ് പതാക പാറിയെങ്കിലും പാരീസിലെ സന്ധിയനുസരിച്ച് മയ്യഴി ഫ്രഞ്ചുകാർക്ക് വിട്ടുകൊടുക്കുകയായിരുന്നു. അങ്ങനെ 1765-ൽ മയ്യഴിയിൽ വീണ്ടും ഫ്രഞ്ചുകാർ അധികാരത്തിൽ തിരിച്ചെത്തി.

▶ മയ്യഴിയിൽ ഫ്രഞ്ചാധിപത്യം

Remove Watermark Now

### 4.1.3 ടിപ്പുവിൻെറ പടയോട്ടവും അതിന്റെ സാംസ്കാരികഫലങ്ങളും

മൈസൂരിലെ ഹൈദരാലിഖാന്റെയും ടിപ്പുസുൽത്താന്റെയും കേരളാക്രമണങ്ങൾക്കു പ്രധാന കാരണം ഇവിടുത്തെ രാജാക്കന്മാരുടെ സഹകരണമില്ലായ്മയും അനൈക്യവുമായിരുന്നു. സാമൂതിരിമാരുടെ രാജ്യവികസനനയങ്ങളും കണ്ണൂരും കോലത്തുനാടും തമ്മിലുള്ള മത്സരവും മൈസൂരിന്റെ ആക്രമണത്തിന് വഴിതെളിക്കുകയായിരുന്നു. സ്വന്തം രാജ്യവിപുലീകരണം സ്വപ്നംകണ്ടു കഴിഞ്ഞ ഹൈദരാലിക്ക് കേരളീയസാഹചര്യങ്ങൾ ഒരു സുവർണ്ണാവസരമുണ്ടാക്കി. അങ്ങനെ ഹൈദരാലി 1756-57 കാലത്ത് ആദ്യമായി കേരളത്തിലെത്തിയത് പാലക്കാട് പിടിച്ചടക്കാനാണ്. സാമൂതിരി പാലക്കാടിനെ ആക്രമിച്ചപ്പോൾ സഹായത്തിനെത്തിയ മൈസൂർപ്പട, സാമൂതിരി ആക്രമിച്ച പാലക്കാടിന്റെ ഭാഗങ്ങൾ അവർക്കു തിരികെ നൽകുകയും, സാമൂതിരിയിൽ നിന്നും പന്ത്രണ്ടുലക്ഷം രൂപ യുദ്ധച്ചെലവ് വാങ്ങിയുമാണ് തിരികെപ്പോയത്. 1766-ൽ വീണ്ടും മൈസൂർപ്പട കേരളത്തിലെത്തി ചിറയ്ക്കൽ കൊട്ടാരം പിടിച്ചെടുത്തു. തുടർന്ന് കോട്ടയം പിടിച്ചെടുത്തു കോഴിക്കോട്ടേക്ക് കടന്നു. തന്റെ സമ്പത്തു മുഴുവൻ പാരിതോഷികം നൽകാമെന്ന് സാമൂതിരി പറഞ്ഞെങ്കിലും ഫലമുണ്ടായില്ല. സാമൂതിരി, കുടുംബാംഗങ്ങളെ പൊന്നാനിക്കയച്ച ശേഷം കൊട്ടാരത്തിന് തീ കൊളുത്തി ആത്മാഹൂതി ചെയ്തു. അങ്ങനെയാണ് ഹൈദർ കോഴിക്കോടിന്റെ പരമാധികാരിയായത്. ഹൈദർക്കെതിരെ കേരളത്തിൽ നിരന്തരം പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെട്ടുകൊണ്ടേയിരുന്നു. 1782-ൽ മലബാറിലെ എല്ലാഭാഗങ്ങളിൽ നിന്നും മൈസൂർ സൈന്യത്തെ തുരത്തുകയുണ്ടായി. അധികാരം പുനഃസ്ഥാപിക്കാൻ ഹൈദർക്കു മോഹമുണ്ടായിരുന്നുവെങ്കിലും 1782-ൽ ഹൈദർ അന്തരിച്ചു. അതോടെ ടിപ്പു അധികാരമേറ്റെടുത്തു. 1783 ഓടെ മലബാർ വീണ്ടും ടിപ്പുവിന്റെ ആധിപത്യത്തിലേക്കു തിരിച്ചു വന്നു. തുടർന്ന് ഒരു വലിയ സൈന്യവുമായി താമരശ്ശേരി ചുരം വഴി അദ്ദേഹം കോഴിക്കോട്ടേക്ക് നീങ്ങി. മലബാറിൽ ജനഹിതത്തിന് വിരുദ്ധമായ നയങ്ങൾ നടപ്പാക്കുകവഴി വലിയ പ്രതിഷേധം ടിപ്പു നേരിട്ടിരുന്നു. മലബാറിലെ രാജാക്കന്മാരും ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സഹായത്തോടെ ടിപ്പുവിനെ പ്രതിരോധിച്ചു നിന്നു.

> ▶ കേരളീയസാഹചര്യങ്ങൾ സുവർണ്ണാവസരമായി

തിരുവിതാംകൂറായിരുന്നു ടിപ്പുവിന്റെ അടുത്ത ലക്ഷ്യം. മലബാറിൽ നിന്നു പോന്ന സാമൂതിരിക്കും മറ്റു രാജാക്കന്മാർക്കും അഭയം നൽകിയ ധർമ്മരാജാവിന്റെ നയങ്ങളോട് അദ്ദേഹത്തിന് കലശലായ എതിർപ്പുണ്ടായിരുന്നു. അനുനയങ്ങൾക്കൊണ്ട് തിരുവിതാംകൂറിനെ വശപ്പെടുത്താൻ ശ്രമിച്ചെങ്കിലും രാജാവ് വഴങ്ങിയില്ല. ഇതേസമയം തിരിവിതാംകൂർരാജാവ് ഡച്ചുകാരിൽനിന്നും കൊടുങ്ങല്ലൂർ കോട്ടയും, പള്ളിപ്പുറം കോട്ടയും വിലയ്ക്കു വാങ്ങി നെടുങ്കോട്ട കെട്ടി ബലപ്പെടുത്തി. ഈ കോട്ട ഭേദിച്ചുകടക്കുക അത്ര എളുപ്പമായിരുന്നില്ല എന്നാൽ 1790-ൽ കോട്ട ഭേദിച്ചു മൈസൂർ സൈന്യം തിരുവിതാംകൂർ സൈന്യത്തെ പിന്നോട്ടോടിച്ചു. കൊടുങ്ങല്ലൂരും കുരിയപ്പള്ളിക്കോട്ടയും, ആയക്കോട്ടയും ടിപ്പുവിന് കീഴടങ്ങി. അങ്ങനെ മൈസൂർ സൈന്യം ആലുവയിൽ താമസിച്ചു. മഴക്കാലമായതി

Remove Watermark Now

നാൽ സൈനിക നടപടികൾ അസാധ്യമായി. ഇതേസമയം ബ്രിട്ടീഷ് സൈന്യം മൈസൂറിനോട് യുദ്ധം പ്രഖ്യാപിച്ചതറിഞ്ഞ ടിപ്പുവിന്റെ സൈന്യം ശ്രീരംഗപട്ടണത്തേക്കു പിൻവാങ്ങി. ഇതോടെ കേരളത്തിലെങ്ങും ടിപ്പുവിന്റെ ആധിപത്യം തകർന്നു. കൊച്ചി രാജാവും സാമൂതിരിയുമെല്ലാം ബ്രിട്ടീഷ് അനുകൂലികളായി മാറി. ഇതിന്റെ ഭാഗമായി മലബാർ മുഴുവൻ ഇംഗ്ലീഷുകാരുടെ കീഴിലായി. ചുരുക്കത്തിൽ മൈസൂർ സുൽത്താന്മാർ കേരളത്തിൽ ആധിപത്യമുറപ്പിക്കാൻ നടത്തിയ ശ്രമം ബ്രിട്ടീഷ് ആധിപത്യത്തിന്റെ സംസ്ഥാപനത്തിലാണ് കലാശിച്ചത്.

▶ ബ്രിട്ടീഷ് ആധിപത്യത്തിന്റെ സംസ്ഥാപനം

## 4.1.4 മലബാർ സുൽത്താന്മാരുടെ ഭരണ പരിഷ്കാരങ്ങൾ

ഭക്തിപ്രസ്ഥാനത്തിനു ശേഷം കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ഗണ്യമായ പരിവർത്തനം സംഭവിച്ചത് മൈസൂർ സുൽത്താന്മാരുടെ കാലത്തായിരുന്നു. ഭരണരംഗത്തും കാർഷിക രംഗത്തുമാണ് അവരുടെ പ്രധാന പരിഷ്കരണശ്രമങ്ങൾ നടന്നത്. മൈസൂർ സുൽത്താന്മാരുടെ അധിനിവേശസമയത്ത് മലബാറിൽ ഭൂനികുതികൾ ഉണ്ടായിരുന്നതിന് തെളിവുകളില്ല. തിരുവിതാംകൂറിലും ചുരുക്കം ഭൂമികൾക്കു മാത്രമേ ഭൂനികുതി ഉണ്ടായിരുന്നുള്ളൂ. ബ്രാഹ്മണരുടെയും ദേശവാഴികളുടെയും നാടുവാഴികളുടെയും ഭൂമിക്കു നികുതിയുണ്ടായിരുന്നില്ല. ബ്രാഹ്മണരുടെ കൈയ്യിലുള്ള ഭൂമി വാങ്ങുന്നതായാൽ മൊത്തം വിളവിന്റെ മുപ്പതുശതമാനം നികുതിയായി കൊടുക്കണമെന്നുണ്ടായിരുന്നു. ചുരുക്കത്തിൽ അധികാരസ്ഥാനത്തും ആഢ്യവർഗത്തിൽ പിറന്നവരുമായിട്ടുള്ളവർ ഭൂനികുതിയിൽ നിന്നൊഴിവാക്കപ്പെട്ടിരുന്നു. എന്നാൽ മൈസൂർ സുൽത്താന്മാർ ഈ സ്ഥിതിക്ക് മാറ്റം വരുത്തി. ജാതിവിവേചനമില്ലാതെ എല്ലാ ഭൂമികളും അളന്നു തിട്ടപ്പെടുത്തി നികുതി ഏർപ്പെടുത്തി. ഈ ഭരണാധികാരികൾ കുടിയാന്മാരുമായി നേരിട്ടു ബന്ധപ്പെട്ടുകൊണ്ടു നികുതി നിശ്ചയം നടത്തി. ടിപ്പുവിനെ ഭയന്ന് ധാരാളം ജന്മിമാർ മലബാറിൽ നിന്നു തിരുവിതാംകൂറിലേക്കു പലായനം ചെയ്തു. ആ ജന്മിമാരുടെ ഭൂമിയിൽ കുടിയാൻന്മാർക്ക് സ്ഥിരാവകാശം ലഭിച്ചു. സർക്കാരിലേക്കുള്ള നികുതി വിളവിന്റെ 30 ശതമാനം എന്നത് വർധിച്ച മൂല്യമായിരുന്നെങ്കിലും, പാട്ടത്തിൽ നിന്നും ജന്മിമാരുടെ ഒഴിപ്പിക്കൽ ഭീഷണിയിൽ നിന്നും രക്ഷപ്പെട്ട കർഷകരെ സംബന്ധിച്ചിടത്തോളം അതൊരാശ്വാസമായിരുന്നു. ഇത് സാമൂഹ്യരംഗത്തു വമ്പിച്ച മാറ്റങ്ങൾക്ക് കാരണമായി. ഒന്നാമതായി സാമൂഹിക സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ നിലവിലുണ്ടായിരുന്ന ബ്രാഹ്മണാധിപത്യം ചോദ്യം ചെയ്യപ്പെട്ടു. ബ്രാഹ്മണന്റെ ഭൂമിക്കും നികുതി ഏർപ്പെടുത്തുക വഴി സാമൂഹികമായ മാറ്റത്തിന് തുടക്കം കുറിച്ചു

▶ ഭൂനികുതിയിൽ മാറ്റം വരുത്തി

ഭരണരംഗത്തു ടിപ്പു വരുത്തിയ മാറ്റങ്ങൾ ഒരു വ്യവസ്ഥാപിതഭരണക്രമത്തിന് വഴിതെളിച്ചു. മലബാർ സംസ്ഥാനത്തെ സബ് ഡിസ്ട്രിക്റ്റുകളായും (തുക്രികൾ) താലൂക്കുകളായും (തഹശീൽ) സബ് താലൂക്കുകളാ(ഫിർക്കുകൾ)യും തിരിച്ച് ഭരണാധികാരികളെ നിയമിച്ചു. റോഡുനിർമ്മാണമായിരുന്നു മറ്റൊരു വിപ്ലവകരമായ പരിഷ്കാരം. വീതി കൂടിയ പീരങ്കിനിരത്തുകൾ ടിപ്പുവിന്റെ സംഭാവനയാണ്.

Remove Watermark Now

സുൽത്താൻബത്തേരിയിൽ നിന്ന് വൈത്തിരി ചുരമിറങ്ങി കോഴിക്കോട്ടെത്തുന്ന തീരദേശനിരത്ത് 'ടിപ്പുസുൽത്താൻ റോഡ്' എന്നു തന്നെ അറിയപ്പെട്ടു. വലിയ റോഡുകൾ മാത്രമല്ല ആഭ്യന്തര ഗതാഗതത്തിനും വ്യാപാരത്തിനുമുതകുന്ന റോഡുകളും അവർ നിർമ്മിക്കുകയുണ്ടായി. സാമൂഹികാചാരങ്ങളുടെ പരിഷ്കരണത്തിനും ടിപ്പു തുടക്കമിട്ടു. ബഹുഭർതൃത്വം, സ്ത്രീകൾ മാറുമറയ്ക്കാത്ത ആചാരം എന്നിവയ്ക്കെതിരെ ടിപ്പു ശക്തമായി പ്രതികരിച്ചു. 1788-ൽ കോഴിക്കോട്ടു നടത്തിയ വിളംബരത്തിൽ 'ബഹുഭർതൃത്വം' ഉപേക്ഷിച്ച് വ്യഭിചാരവൃത്തിയിൽ നിന്നു പിന്മാറി മനുഷ്യസമുദായത്തിലെ മറ്റു ജനതകളെപ്പോലെ ജീവിക്കുവാൻ ടിപ്പു വിളംബരം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ബ്രാഹ്മണ്യത്തിന്റെ ആധിപത്യത്തിൽ, ദാസ്യത്തിന്റെ ലഹരിയിൽ കഴിഞ്ഞ കേരള ജനത ഇതിന്റെ ഉള്ളടക്കം അറിയാതെ അന്ധമായി ടിപ്പുവിനെ എതിർക്കുകയായിരുന്നു.

- സാമൂഹ്യ രംഗത്തും മാറ്റങ്ങൾ

സാധാരണ ആക്രമണകാരികളിൽ നിന്നുണ്ടാകാത്ത ഉദാരമായ മതസഹിഷ്ണുതാനയമാണ് ടിപ്പുവിനുണ്ടായിരുന്നത്. ശ്രീരംഗപട്ടണം മുതൽ ഗുരുവായൂർ വരെയുള്ള ക്ഷേത്രങ്ങൾ ടിപ്പുവിന്റെ ഈ ഔദാര്യം അനുഭവിച്ചിരുന്നതായി രേഖകളുണ്ട്. എന്നാൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ധാരാളം ഹൈന്ദവക്ഷേത്രങ്ങളും, ക്രിസ്ത്യൻ പള്ളികളും നശിപ്പിക്കപ്പെട്ടതായി മലബാർ മാന്വലിലും വടക്കുംകൂറിന്റെ കൃതികളിലും രേഖപ്പെടുത്തിയിട്ടുണ്ട്. ദേവാലയങ്ങൾ തകർത്തതായി ആരോപിക്കപ്പെടുന്നുണ്ടെങ്കിലും രേഖകകളിൽ ഇപ്രകാരവും കാണുന്നു. കാഞ്ചീപുരത്തു ഒരു ക്ഷേത്രഗോപുരത്തിനു ഹൈദർ തറക്കല്ലിട്ടു. തകർക്കപ്പെട്ട ക്രിസ്ത്യൻപള്ളികൾ പുനർനിർമ്മിച്ചുനൽകാമെന്നു ടിപ്പു വാഗ്ദാനം ചെയ്തിരുന്നു. ഗുരുവായൂർ ക്ഷേത്രത്തിന്റെ നിത്യപൂജയ്ക്കും നിവേദ്യത്തിനും വേണ്ടി ടിപ്പുവിന്റെ നിർദ്ദേശപ്രകാരം ഒരു സഹായധനം അനുവദിച്ചിരുന്നു. ക്ഷേത്രഭൂമികളെ നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. മതവികാരങ്ങളെ വ്രണപ്പെടുത്താൻ ടിപ്പു ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. സാമ്പത്തിക വിഷമത മൂലം വിവാഹം നടത്താൻ കഴിയാത്തവർക്ക് അവരുടെ മതാചാരപ്രകാരം വിവാഹം നടത്തുന്നതിനുള്ള ചെലവ് താൻ വഹിക്കുന്നതാണ് എന്ന് വിളംബരം ചെയ്തു. ടിപ്പുവിന്റെ ഭരണപരിഷ്കാരശ്രമങ്ങൾ താൽക്കാലികമായി മലബാറിൽ പരാജയപ്പെട്ടെങ്കിലും പിൽക്കാല പരിഷ്ക്കരണപ്രസ്ഥാനങ്ങൾ അതേ പാത പിന്തുടർന്നുവെന്നത് ചരിത്രത്തിൽ എടുത്തു പറയേണ്ട വസ്തുതയാണ്.

- ടിപ്പു വരുത്തിയ മാറ്റങ്ങൾ

## 4.1.5 ബ്രിട്ടീഷ് ആധിപത്യം

പോർച്ചുഗീസുകാരെപ്പോലെ ഇംഗ്ലീഷുകാരും വാണിജ്യ കാര്യങ്ങൾക്ക് വേണ്ടിയാണ് കേരളത്തിൽ വന്നത്. 1615-ൽ ക്യാപ്റ്റൻ കീലിംഗ് മൂന്ന് കപ്പലുകളുമായി കോഴിക്കോട് എത്തിച്ചേർന്നു. കീലിംഗ് സാമൂതിരിയുമായി ഒരു ഉടമ്പടിയുണ്ടാക്കി. കൊടുങ്ങല്ലൂരിൽ നിന്നും കൊച്ചിയിൽനിന്നും പോർച്ചുഗീസുകാരെ ബഹിഷ്കരിക്കാൻ സാമൂതിരിയെ സഹായിക്കണം എന്നതായിരുന്നു ഈ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരുന്നത്. സാമൂതിരി തന്റെ രാജ്യത്ത് വാണിജ്യം നടത്താനുള്ള സ്വാതന്ത്ര്യം ബ്രിട്ടീഷുകാർക്ക് നൽകി. എന്നാൽ ഉടമ്പടിയിൽ പറഞ്ഞിരുന്നതു പോലെ അവർ

Remove Watermark Now

സാമൂതിരിയെ സഹായിച്ചില്ല. 1634-1635 കാലത്ത് ഇംഗ്ലീഷുകാർ പോർച്ചുഗീസുകാരുമായി ഒരു കരാർ ഉണ്ടാക്കുകയും അതിൻപ്രകാരം കേരളത്തിലെ പോർച്ചുഗീസ് തുറമുഖങ്ങളിൽ അവർക്ക് പ്രവേശനം ലഭിക്കുകയും ചെയ്തു. അങ്ങനെ ബ്രിട്ടീഷ് കച്ചവടക്കാർ 1636-ൽ കൊച്ചിയിൽ നിന്ന് ഇംഗ്ലണ്ടിലേക്ക് ആദ്യമായി കുരുമുളക് കയറ്റുമതി ചെയ്തു. 1644-ൽ വിഴിഞ്ഞത്ത് ഒരു പണ്ടകശാല സ്ഥാപിക്കുന്നതിന് വേണാട്ട് രാജാവ് അനുവാദം കൊടുത്തു. 1664-ൽ കോഴിക്കോട് ഒരു ഫാക്ടറി തുറക്കാൻ സാമൂതിരി ഇംഗ്ലീഷുകാർക്ക് അനുവാദം നൽകിയെങ്കിലും എല്ലാ വിദേശവ്യാപാരികളുടെയും ഉദ്ദേശ്യങ്ങളിൽ സംശയാലുവായ അദ്ദേഹം തന്റെ കൂടുതൽ സ്ഥലങ്ങൾ അവർക്ക് അനുവദിച്ചില്ല.

▶ സാമൂതിരിയുമായി കരാർ

കോഴിക്കോട് പല ബുദ്ധിമുട്ടുകളും നേരിട്ട ഇംഗ്ലീഷുകാർ കേരളത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് തങ്ങളുടെ ശ്രദ്ധ തിരിച്ചു. 1684-ൽ ആണ് അഞ്ചുതെങ്ങ് എന്ന സ്ഥലത്ത് ഒരു ചെറിയ മണൽപ്രദേശം ആറ്റിങ്ങൽ റാണിയിൽ നിന്ന് വ്യവസായശാല നിർമ്മിക്കുന്നതിനായി അവർക്ക് ലഭിച്ചത്. 1690 - ൽ ആറ്റിങ്ങൽ റാണിയിൽ നിന്ന് ഒരു കോട്ട കെട്ടാനുള്ള അനുവാദവും അവർക്ക് ലഭിച്ചു. 1695 - ലാണ് ഈ കോട്ടയുടെ പണി പൂർത്തിയായത്. അഞ്ചുതെങ്ങ് കിട്ടിയത് ഇംഗ്ലീഷുകാർക്ക് വൻനേട്ടമായി തീർന്നു .

▶ അഞ്ചുതെങ്ങിൽ ഒരു കോട്ട

വടക്കോട്ടുള്ള ജലഗതാഗതത്തിന് ആ സ്ഥലം സൗകര്യപ്രദമായിരുന്നു. അതുകൊണ്ടുതന്നെ വാണിജ്യം അഭിവൃദ്ധിപ്പെടാൻ അതു സഹായകമായി. സൈനിക സാമഗ്രികൾ സംഭരിക്കുന്ന ഒരു കേന്ദ്രവും അവരവിടെ തുറന്നു. എന്നാൽ ഈ നീക്കത്തിൽ പ്രതിഷേധിച്ച് നാട്ടുകാർ 1697-ൽ അഞ്ചുതെങ്ങ് കോട്ട ആക്രമിച്ചെങ്കിലും പരാജയപ്പെട്ടു. 1721-ൽ ആറ്റിങ്ങൽ റാണിക്ക് നൽകാൻ സമ്മാനങ്ങളുമായി പോവുകയായിരുന്ന നൂറ്റിനാൽപതോളം വരുന്ന ഇംഗ്ലീഷുകാരെ നാട്ടുകാർ ആക്രമിച്ച് വധിച്ചു. ശേഷം കോട്ട വളഞ്ഞെങ്കിലും പരാജയപ്പെട്ടു. കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യപ്രക്ഷോഭം എന്ന നിലയിൽ ആറ്റിങ്ങൽ കലാപത്തിന് ഏറെ പ്രാധാന്യമുണ്ട്. ഈ കലാപത്തെ നേരിടുന്നതിൽ കമ്പനിക്ക് വന്ന നഷ്ടങ്ങൾ നികത്തുവാൻ റാണി സമ്മതിച്ചു. മാത്രമല്ല, തന്റെ അധീനപ്രദേശങ്ങളിൽ എവിടെയും പണ്ടകശാലകൾ നിർമ്മിക്കാൻ റാണി ഈസ്റ്റിന്ത്യാകമ്പനിക്ക് അനുമതി നൽകി. കൂടാതെ കുരുമുളക് വ്യാപാരത്തിന്റെ കുത്തകയും ഇംഗ്ലീഷുകാർക്ക് ലഭിച്ചു. 1723-ൽ തിരുവിതാംകൂർ രാജാവുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരം കുളച്ചലിൽ ഒരു കോട്ട പണിയിച്ചുക്കൊടുക്കാമെന്ന് സമ്മതിച്ചു. 1705-ൽ കോലത്തുരാജാവിന്റെ പ്രതിനിധി തലശ്ശേരിയിലുള്ള ഇംഗ്ലീഷുകാരുടെ പണ്ടകശാല ആക്രമിച്ചു. ഈ ആക്രമണത്തിൽ ഇംഗ്ലീഷുകാർക്ക് വൻനഷ്ടങ്ങൾ ഉണ്ടായി. ഇതിന് പരിഹാരമായി തലശ്ശേരിയിൽ ഒരു കോട്ട പണിയാൻ കോലത്തിരി അനുവദിച്ചു. ഇതോടെ മലബാറിലും ഇംഗ്ലീഷുകാർ ഒരു സൈനിക ശക്തിയായി തീർന്നു

▶ ആറ്റിങ്ങൽ കലാപം

## 4.1.6 ബ്രിട്ടീഷുഭരണം തുടക്കം

1792 മാർച്ച് 18 ന് മൈസൂർ ഭരണാധികാരിയായിരുന്ന ടിപ്പുസുൽ

Remove Watermark Now

ത്താനുമായി ഒപ്പുവെയ്ക്കപ്പെട്ട ശ്രീരംഗപട്ടണം ഉടമ്പടിയെ തുടർന്നാണ് മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചത്. മലബാറിലെ നിലവിലുള്ള സ്ഥിതിഗതികളെക്കുറിച്ച് പഠിക്കാനും ഭാവിഭരണത്തിനുള്ള സംവിധാനം രൂപീകരിക്കാനുമായി ബംഗാൾ, ബോംബെ സർക്കാരുകളുടെ നേതൃത്വത്തിൽ ഒരു ജോയിന്റ് കമ്മീഷൻ നിയമിക്കപ്പെട്ടു. തൊട്ടടുത്ത വർഷങ്ങളിൽത്തന്നെ കമ്പനിക്ക് ഒരു നിശ്ചിത റവന്യൂ വരുമാനം ഉറപ്പ് വരുത്തുന്ന രീതിയിൽ മലബാറിലെ എല്ലാ പ്രാദേശിക ഭരണാധികാരികളുമായി ഒത്തുതീർപ്പുകൾ ഉണ്ടാക്കണമെന്ന് ഗവർണർജനറൽ കമ്മീഷണർമാരോട് പ്രത്യേകം ആവശ്യപ്പെട്ടിരുന്നു. കമ്പനി ഏറ്റെടുക്കുന്നതിന് മുമ്പുള്ള മലബാറിലെ ഭരണസംവിധാനത്തെക്കുറിച്ച് കമ്മീഷണർമാർ പഠനം നടത്തി. നികുതി പിരിവിന്റെ കാര്യത്തിൽ പ്രാദേശികപ്രമുഖരുമായി കരാറുകൾ ഉണ്ടാക്കി. കമ്പനിക്ക് വർഷംതോറും ഒരു നിശ്ചിതതുകയുടെ വരുമാനം ഉണ്ടാക്കുകയായിരുന്നു ഈ കരാറുകളുടെ അടിസ്ഥാനപരമായ ലക്ഷ്യം.

> ▶ ശ്രീരംഗപട്ടണം ഉടമ്പടി

മൈസൂർ ആധിപത്യകാലത്ത് മലബാറിൽനിന്നും കൊച്ചിയിലേക്കും തിരുവിതാംകൂറിലേക്കും ഓടിപ്പോയ നാടുവാഴികളും ജന്മിമാരും 1792-ൽ മലബാറിൽ തിരിച്ചെത്തി. ഇംഗ്ലീഷുകാർ അവർക്ക് പഴയ സ്ഥലങ്ങളും പദവികളും തിരിച്ചു നൽകി. ജോയിന്റ് കമ്മീഷണർമാർ റവന്യൂ പിരിവിന്റെ ചുമതല ഈ നാടുവാഴികളെയും ജന്മികളെയും ഏൽപ്പിച്ചു. മൈസൂർ ഭരണാധികാരികളെ സഹായിച്ചുവെന്ന് ആരോപിച്ച് അവരുടെ കീഴിലുള്ള മുസ്ലീങ്ങളായ കർഷകരെ നാടുവാഴികളും, ജന്മികളും, ബ്രിട്ടീഷുകാരുടെ അനുവാദത്തോടെ നിരന്തരം പീഡിപ്പിച്ചിരുന്നു. ഈ പീഡനങ്ങളും ചൂഷണങ്ങളും മലബാറിൽ സാധുജനങ്ങളുടെ കലാപങ്ങൾക്കും വഴിയൊരുക്കി. ബ്രിട്ടീഷ് സൈന്യം കലാപത്തെ രൂക്ഷമായി അടിച്ചമർത്തി.

> ▶ പീഡനങ്ങളും ചൂഷണങ്ങളും

## 4.1.6.1 പ്രതിഷേധങ്ങൾ

കേരളത്തിൽ വ്യത്യസ്ത മേഖലകളിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കപ്പെട്ടത് കഠിനമായ എതിർപ്പുകളെ നേരിട്ടുകൊണ്ടായിരുന്നു. 18-ാം ശതകത്തിന്റെ അവസാനവർഷങ്ങളിലും 19-ാം ശതകത്തിന്റെ ആദ്യദശകങ്ങളിലും ബ്രിട്ടീഷ് അധികാരത്തിന് തടയിടാൻ സംഘടിതശ്രമങ്ങൾ നടന്നു. ആധുനിക കേരളത്തിലെ മലബാറും തിരുവിതാംകൂറും കൊച്ചിയും ആ ആദ്യകാല സ്വാതന്ത്ര്യസമരങ്ങളിൽ പങ്കെടുത്തു. ബ്രിട്ടീഷ് ആധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട് രംഗത്ത് വന്നത് സാമൂതിരിയുടെ ചില കുടുംബാംഗങ്ങൾ തന്നെയാണ്. ടിപ്പു സുൽത്താൻ കേരളത്തിൽനിന്നു പിൻവാങ്ങിയതിനെ തുടർന്ന് തിരിച്ചെത്തിയ സാമൂതിരി രാജാവ് 1792 ഏപ്രിലിൽ അരിയിട്ടു വാഴ്ച നടത്തി. തുടർന്ന് ബ്രിട്ടീഷ് പ്രതിനിധികളുമായി ചർച്ച നടത്തുകയും ഒത്തുതീർപ്പനുസരിച്ച് സാമൂതിരിക്ക് പല പ്രദേശങ്ങളും വിട്ടുകൊടുക്കേണ്ടിയും വന്നു. സാമൂതിരി കുടുംബത്തിലെ പടിഞ്ഞാറെ കോവിലകം ശാഖ ഇതിനെതിരായിരുന്നു. അവർ കലാപം ആരംഭിച്ചു. ഇംഗ്ലീഷുകാർ ആ കുടുംബത്തിലെ പലരേയും തടവിലാക്കി. കിഴക്കേ കോവിലകത്തെ രാജാവിന്റെ ജാമ്യത്തിൽ അവരെ വിട്ടയയ്ക്കുകയും ചെയ്തു. പടിഞ്ഞാറെ കോവിലകത്തെ പലരും കലാപത്തിന് മുതിർന്നു.

Remove Watermark Now

▶ ശക്തമായ എതിർപ്പുകൾ

അവർ തിരുവിതാംകൂറിലേക്ക് രക്ഷപ്പെടുകയും ചെയ്തു. പിന്നീട് മടങ്ങിവന്ന പലരും കമ്പനിയുമായി തീർപ്പ് ഉണ്ടാക്കുകയും വർഷം തോറും പതിനായിരം രൂപ അടുത്തൂൺ പറ്റി സമാധാനപരമായി കഴിയാൻ തീരുമാനിക്കുകയും ചെയ്തു.

▶ ഉണ്ണി മൂസയുടെ കലാപം

നികുതിപിരിവുമായി ബന്ധപ്പെട്ടുകൊണ്ട് മലബാറിലെ മാപ്പിളമാർ ഉണ്ണിമൂസ എന്ന പ്രമാണിയുടെ നേതൃത്വത്തിൽ കലാപം ഉയർത്തി. ബ്രിട്ടീഷുകാരുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ നാടുവാഴികൾ വർധിപ്പിച്ച നികുതി കർശനമായി പിരിക്കാൻ എല്ലാവിധ സഹായങ്ങളും നൽകി. നികുതി പിരിവിനെതിരെ ഉണ്ണിമൂസയും സംഘവും കലാപമുയർത്തി. കറുമ്പനാട്ട് രാജാവ് ബ്രിട്ടീഷുകാരോട് കൂടുതൽ വിധേയത്വം പുലർത്തിയിരുന്നതുകൊണ്ട് നികുതി പിരിവിന്റെ ചുമതലകൾ അദ്ദേഹത്തിന് നൽകപ്പെട്ടു. കേരളവർമ്മ പഴശ്ശിരാജയോട് ബ്രിട്ടീഷ് ഭരണാധികാരികൾ കാണിച്ച ഈ അവഗണനയാണ് പഴശ്ശി കലാപങ്ങൾക്ക് പ്രധാന കാരണമായി മാറിയത്.

## 4.1.6.2 പഴശ്ശി കലാപം

കണ്ണൂരിലെ കോട്ടയം രാജകുടുംബത്തിലെ കേരളവർമ്മ പഴശ്ശിരാജാവ് മലബാറിലെ ബ്രിട്ടീഷുകാർക്കെതിരായി രൂക്ഷമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. 1793നും 1797നും ഇടയ്ക്ക് അദ്ദേഹം സംഘടിപ്പിച്ച പ്രക്ഷോഭത്തിന്റെ പ്രധാനകാരണം ബ്രിട്ടീഷുകാരുടെ തെറ്റായ നികുതിനയമാണ്. കമ്പനിയും കുറുമ്പ്രനാട്ടുരാജാവും പഴശ്ശിരാജയുമായി ഉണ്ടാക്കിയ ഏർപ്പാടുകൾ തകിടം മറിഞ്ഞു. കോട്ടയം പ്രദേശം കുറുമ്പ്രനാട് രാജാവിന് പാട്ടത്തിന് കൊടുത്തതിൽ അവിടത്തെ ജനങ്ങൾക്ക് ശക്തമായ എതിർപ്പ് ഉണ്ടായി. കോട്ടയത്തെ എല്ലാ നികുതിപിരിവുകളും പഴശ്ശിരാജ നിർത്തിവെച്ചു. കലാപകാരികളാണ് എന്ന് കമ്പനി മുദ്ര കുത്തിയ ഇരവിനാട്ടിലെ നാരങ്ങോളി നമ്പ്യാർക്ക് പഴശ്ശി അഭയം നൽകിയത് കമ്പനിയെ പ്രകോപിപ്പിച്ചു. കമ്പനിയുടെ എല്ലാവിധ സഹായങ്ങളും കിട്ടിയിട്ടുപോലും കോട്ടയത്തെ നികുതി പിരിച്ചെടുക്കാൻ കുറുമ്പ്രനാട്ടു രാജാവിന് കഴിഞ്ഞില്ല. എല്ലാ നീക്കങ്ങളും പഴശ്ശി പരാജയപ്പെടുത്തി. പഴശ്ശിയെ ബന്ധനസ്ഥനാക്കി കോട്ടയത്ത് അധികാരം ഉറപ്പിക്കാൻ കമ്പനി തുനിഞ്ഞു. 1796 ഏപ്രിൽ 1 ന് ജെയിംസ് ഗോർഡന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സൈന്യം പഴശ്ശിക്കോട്ട വളഞ്ഞെങ്കിലും സമർഥമായി രക്ഷപെട്ടു. പഴശ്ശി വയനാടൻ മലകളിൽ താമസിച്ച് ഒളിപ്പോരിൽ ഏർപ്പെട്ടു. 1796 ജൂണിൽ കുറ്റ്യാടിയിലൂടെയുള്ള എല്ലാ ഗതാഗതവും അദ്ദേഹം നിർത്തിച്ചു. പഴശ്ശി കോട്ടയം വിട്ടിട്ടും നികുതി പിരിച്ചെടുക്കാൻ കമ്പനിക്ക് കഴിഞ്ഞില്ല. ഇതിനു കാരണം കോട്ടയത്തെ നാട്ടുപ്രമാണിമാരും പഴശ്ശിയുടെ അനുയായികളുമായിരുന്ന കണ്ണോത്ത് ശേഖരൻ, കൈതേരി അമ്പു തുടങ്ങിയവർ ഉയർത്തിയ തടസ്സങ്ങളായിരുന്നു.

▶ പഴശ്ശിരാജയുടെ പ്രക്ഷോഭങ്ങൾ

വയനാട്ടിൽ വെച്ച് പഴശ്ശിയെ പരാജയപ്പെടുത്താനായിരുന്നു ബ്രിട്ടീഷുകാരുടെ ലക്ഷ്യം. 1797 ജനുവരിയിൽ കമ്പനി സൈന്യം വയനാട്ടിലേക്ക് നീങ്ങി. പഴശ്ശി വയനാട് സ്വന്തം നാടായി പ്രഖ്യാപിച്ചുകൊണ്ട് വയനാട് പിടിച്ചടക്കാനുള്ള കമ്പനിയുടെ നീക്കത്തെ എതിർത്തു. നായന്മാർ, കുറിച്യർ, മാപ്പിളമാർ എന്നിവരുടെ

വലിയ സംഘങ്ങളെ ശേഖരിച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ പഴശ്ശി ശക്തമായ നടപടികൾ സ്വീകരിച്ചു. കണ്ണവത്ത് ശങ്കരൻ നമ്പ്യാർ, കൈതേരി അമ്പു, തലയ്ക്കൽ ചന്തു എന്നീ നായകർക്കും വിദഗ്ധമായ പരിശീലനം പഴശ്ശിയിൽ നിന്ന് ലഭിച്ചു. വയനാടൻ മലയാളികൾ ഒളിപ്പോരിന്റെ പരിശീലനവും സൈന്യങ്ങൾക്ക് നൽകി. 1797വരെ തുടരെത്തുടരെ നടന്ന സംഘട്ടനങ്ങൾ ബ്രിട്ടീഷുകാരെ വശം കെടുത്തി, ഇതിനിടയിൽ പഴശ്ശി മൈസൂർ രാജാവിന്റെയും കുറിച്യപടയുടെയും സഹായത്തോടെ പെരിയ ചുരത്തിൽ വച്ച് 1100 പേരുള്ള ബ്രിട്ടീഷ് സൈന്യത്തെ തകർത്തു. ബോംബെ ഗവർണ്ണർ ജോനാഥൻ ഡങ്കൻ നേരിട്ടു വന്ന് സന്ധി ചർച്ചകൾ നടത്തി. സന്ധി താല്ക്കാലികമായിരുന്നു. 1799–ൽ വീണ്ടും സംഘട്ടനമുണ്ടായി. പഴശ്ശിയുടെ സൈനികവെല്ലുവിളിയെ നേരിടാൻ ആർതർ വെല്ലസ്ലിയുടെ നേതൃത്വത്തിൽ (1800) ശ്രമങ്ങൾ നടത്തി. വെല്ലസ്ലി തെരെഞ്ഞെടുക്കപ്പെട്ട മലമ്പ്രദേശങ്ങളിൽ പട്ടാളക്കാരുടെ കാവൽത്താവളങ്ങൾ ആരംഭിക്കുകയും ചെയ്തു.

▶ ബോംബെ ഗവർണ്ണറുമായി സന്ധി ചർച്ചകൾ

വയനാട്ടിലെ പഴശ്ശിപ്പടയെ പരാജയപ്പെടുത്തുക എളുപ്പമല്ല എന്നു മനസ്സിലാക്കിയ വെല്ലസ്ലി വയനാട്ടിലേക്കുള്ള അരി വിതരണം തടയുകയും, സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു. 1801–ൽ കേണൽ സ്റ്റീവൻസന്റെയും, മേജർ ജെൻസിന്റെയും നേതൃത്വത്തിൽ കമ്പനി സൈന്യം പഴശ്ശിസൈന്യവുമായി യുദ്ധത്തിൽ ഏർപ്പെട്ടെങ്കിലും ഒളിയുദ്ധങ്ങൾ അതെല്ലാം പരാജയപ്പെടുത്തി. പ്രയാസകരമായ ഘട്ടത്തിൽ പഴശ്ശി വാനാന്തർഭാഗത്തേക്ക് പിന്മാറുകയും ചെയ്തു. പഴശ്ശിയുടെ പ്രധാന പടനായകനായിരുന്ന കണ്ണവത്ത് ശങ്കരൻ നമ്പ്യാരെ 1801 നവംബറിൽ പിടികൂടി കണ്ണവത്ത് വെച്ച് പരസ്യമായി തല വെട്ടി പൊതുജനങ്ങളെ പേടിപ്പിച്ച് നിർത്തുകയായിരുന്നു ബ്രിട്ടീഷുകാരുടെ ലക്ഷ്യം. പഴശ്ശിയുടെ സൈന്യം പൂർവാധികം ശക്തമായി ബ്രിട്ടീഷുകാരോട് ഏറ്റുമുട്ടി. എടച്ചേന കുങ്കന്റെ നേതൃത്വത്തിലുള്ള നായർപ്പടയും തലയ്ക്കൽ ചന്തു നേതൃത്വം നൽകുന്ന കുറിച്യപ്പടയും ഒരുമിച്ച് ചേർന്ന് 1803–ൽ ബ്രിട്ടീഷുകാരുമായി യുദ്ധം ചെയ്യുകയും പനമരം കോട്ട പിടിക്കുകയും ചെയ്തു. 1803–ൽ വയനാട്ടിൽ പട്ടാളനിയമം പ്രഖ്യാപിക്കപ്പെട്ടു. കലാപകാരികൾ കോഴിക്കോട് ജയിൽ ആക്രമിച്ച് കാവൽക്കാരെ വധിക്കുകയും തോക്കുകൾ പിടിച്ചെടുക്കുകയും ചെയ്തു.

▶ വയനാടൻ കാടുകൾക്കുള്ളിൽ ഒളിപ്പോർ യുദ്ധം

1803–ൽ മലബാറിലെ കളക്ടറായി തോമസ് വാർഡനും, സബ്കലക്ടറായി ഹാർജെ ബാബറും ചുമതലയേറ്റതോടെ പഴശ്ശിയെ പരാജയപ്പെടുത്താനുള്ള പുതിയ യുദ്ധങ്ങൾ ആവിഷ്കരിക്കപ്പെട്ടു. കലാപകാരികളെ നേരിടാനായി ബാബർ നായർപടയാളികളെ വേൽക്കാരായി നിയമിച്ചു. ഇവർ പഴശ്ശിക്ക് ആയുധം എത്തിച്ച് കൊണ്ടിരുന്ന മാപ്പിളമാരെ പിടികൂടി എല്ലാ മാർഗങ്ങളും അടച്ച് പഴശ്ശിയെ വയനാട്ടിൽ ഒറ്റപ്പെടുത്തി. തുടർന്ന് ബാബറും സൈന്യവും വയനാട്ടിൽ എത്തി. പല സ്ഥലങ്ങളിലും വെച്ച് പഴശ്ശി സൈന്യവുമായി യുദ്ധത്തിൽ ഏർപ്പെട്ടു. 1805–നവംബറിൽ ബാബറും സൈന്യവും പുൽപ്പള്ളിക്കടുത്ത് മാവിലാംതോടിൽ കഴിയുകയായിരുന്ന പ

Remove Watermark Now

ഴശ്ശിരാജയെയും സംഘത്തിനെയും ആക്രമിച്ച് കീഴ്പ്പെടുത്തി. ഈ യുദ്ധത്തിൽ പഴശ്ശിരാജ വധിക്കപ്പെട്ടു. പഴശ്ശിയുടെ ശവശരീരം ബാബർ മാനന്തവാടിയിലേക്ക് കൊണ്ടുവരികയും പരമ്പരാഗത ബഹുമതികളോടെ സംസ്കരിക്കുകയും ചെയ്തു. ദേശീയ വിമോചനത്തിനുവേണ്ടിയുള്ള ഒരു ജനകീയ യുദ്ധമായിരുന്നു യഥാർഥത്തിൽ പഴശ്ശിവിപ്ലവം. ജാതിയോ മതമോ നോക്കാതെ എല്ലാ വർഗങ്ങളിലുംപെട്ട ജനങ്ങൾ അതിൽ പങ്കെടുത്തു. അതുതന്നെയാണ് ഈ സമരങ്ങളുടെ നേട്ടവും.

- എല്ലാ ജനങ്ങളും ഒറ്റക്കെട്ട്

### 4.1.6.3 കുറിച്യ കലാപം

മലബാറിലെ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നടന്ന കലാപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കുറിച്യകലാപം (1812) വയനാട്ടിലെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവരാണ് കുറിച്യരും കുറുമ്പരും. തങ്ങളിൽനിന്ന് നികുതിയായി സാധനങ്ങൾക്കു പകരം പണം ഈടാക്കുന്ന ബ്രിട്ടീഷ് നയത്തിൽ പ്രതിഷേധിച്ച് അവർ ലഹളയുണ്ടാക്കി. സുൽത്താൻ ബത്തേരിയിലും, മാനന്തവാടിയിലും ഉണ്ടായിരുന്ന ബ്രിട്ടീഷ് സേനാവിഭാഗങ്ങളെ വളഞ്ഞു. രാമൻ നമ്പിയുടെ നേതൃത്വത്തിലാണ് കുറിച്യർ കലാപത്തിനുള്ള ഒരുക്കങ്ങൾ നടത്തിയത്. പരമ്പരാഗത ആയുധങ്ങളായ അമ്പുംവില്ലുമാണ് അവർ ബ്രിട്ടീഷുകാർക്കെതിരെ ഉപയോഗിച്ചത്. ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി മലബാറിൽ പൊട്ടിപ്പുറപ്പെട്ട ആദ്യകാല കലാപങ്ങളിൽ ഒടുവിലത്തേതാണ് കുറിച്യകലാപം. സമാധാനം സ്ഥാപിക്കപ്പെട്ടതോടെ അധികൃതർ തങ്ങളുടെ ശ്രദ്ധ ആഭ്യന്തരമായ പുനർനിർമ്മാണത്തിലേക്ക് തിരിച്ചുവിട്ടു.

- മലബാറിലെ കലാപങ്ങളിൽ പ്രധാനപ്പെട്ടത്

iSkysoft

## Summarised Overview

ലന്തക്കാർ, ഉലന്തകങ്ങൾ എന്നീ പേരുകളിലാണ് കേരളത്തിൽ ഡച്ചുകാർ അറിയപ്പെട്ടത്. ലന്തക്കാർ ആദ്യമായി കേരളത്തിന്റെ പടിഞ്ഞാറ് തീരത്ത് എത്തുന്നത് 1604-ൽ ആണ്. ഇതര യൂറോപ്യൻ ശക്തികളെപ്പോലെ കേരളത്തിലെ നാടുവാഴി സ്വരൂപങ്ങൾക്കിടയിലുണ്ടായിരുന്ന അന്തച്ഛിദ്രങ്ങളിൽ ഇടപെടുകയും അത് തങ്ങളുടെ വാണിജ്യ താൽപര്യങ്ങൾക്കനുസൃതമായി മാറ്റുകയും ചെയ്യുന്ന സ്വഭാവം ഡച്ചുകാർക്കുമുണ്ടായിരുന്നു. അങ്ങനെയാണ് മലബാറിൽ നിന്ന് ഉത്തരകേരളത്തിലേക്കും മധ്യകേരളത്തിലേക്കും ഡച്ചുകാരുടെ ശ്രദ്ധ പതിയുന്നത്. കേരളത്തിലെ കാർഷിക സമ്പദ്ഘടന മെച്ചപ്പെടാൻ ഉതകുന്ന പുതിയതരം ഉത്പന്നങ്ങളും പുതിയ കൃഷിരീതികളും ഡച്ചുകാർ ഇവിടെ നടപ്പാക്കി. ഡച്ചുമാതൃകയിലുള്ള തെങ്ങ് കൃഷി ഇവിടെ വ്യാപിപ്പിച്ചു. ഉപ്പു നിർമ്മാണം, ചായംമുക്കൽ തുടങ്ങിയ വ്യവസായങ്ങൾ ഇവിടെ നടപ്പാക്കി. എന്നാൽ വിദ്യാഭ്യാസസാംസ്കാരിക രംഗങ്ങളിൽ ഡച്ചുകാരുടെ സംഭാവന തുലോം കുറവായിരുന്നു. 'ഹോർത്തൂസ് മലബാറിക്കസ്' എന്ന അമൂല്യഗ്രന്ഥത്തിന്റെ നിർമ്മാണമാണ് എടുത്തുപറയാവുന്ന ഒരു സാംസ്കാരിക സംഭാവന.

1666-ൽ മുഗൾ ചക്രവർത്തിയുടെ അനുമതിയോടെ സൂറത്തിൽ ഒരു പണ്ടകശാല സ്ഥാപിച്ചുകൊണ്ടാണ് ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ പ്രവർത്തനമാരംഭിക്കുന്നത്. 1721-ൽ ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ കേന്ദ്രം മാഹിയിൽ സ്ഥാപിതമായി. 1761-ൽ ഇം

Remove Watermark Now

ഗ്ലീഷുകാർ മാഹി ആക്രമിച്ചു കീഴടക്കി. അത് ചിറക്കൽ തമ്പുരാനെ ഏൽപ്പിച്ചു. മാഹി നഷ്ടപ്പെടുമെന്ന് കണ്ട ഫ്രഞ്ചുകാർ മൈസൂർ സുൽത്താനായ ഹൈദരാലിഖാന്റെ സഹായം തേടി. ഇംഗ്ലീഷുകാരെ ദുർബലപ്പെടുത്താൻ തക്കം പാർത്തിരുന്ന ഹൈദരാലി ഫ്രഞ്ചുകാരെ സഹായിച്ചു. ഫ്രഞ്ചധീന മാഹിയിലെ പ്രധാന വരുമാനമാർഗം കൃഷിയായിരുന്നു. നെൽകൃഷിക്കും പറമ്പുകൃഷിക്കും അനുയോജ്യമായിരുന്നു മാഹിയിലെ ഭൂമി.

വൈദേശികാധിപത്യത്തിൽ ആദ്യം പോർച്ചുഗീസുകാരും പിന്നീട് ഡച്ചുകാരും തുടർന്ന് ഇംഗ്ലീഷുകാരും കേരളത്തിലെത്തി അവരുടെ ആധിപത്യം ഉറപ്പിച്ചു. കച്ചവട താല്പര്യാർഥമായിരുന്നു പോർച്ചുഗീസുകാർ കേരളവുമായുള്ള ബന്ധം ശക്തിപ്പെടുത്തിയത്. കാർഷിക, വാണിജ്യ, വാസ്തുവിദ്യാരംഗങ്ങളിലെല്ലാം പോർച്ചുഗീസ് സ്വാധീനം കാണപ്പെട്ടു, പോർച്ചുഗീസുകാർ കൊച്ചിരാജാവുമായി കൂട്ടുചേർന്ന് വാണിജ്യബന്ധം ഉറപ്പിച്ചു. ഡച്ചാധിപത്യം പോർച്ചുഗീസുകാരെ തകർത്തു. ഡച്ചുകാർ കോഴിക്കോട്ടെത്തി സാമൂതിരിയുമായി ചേർന്ന് വ്യാപാര ഉടമ്പടിയിലേർപ്പെട്ടു. നിർബന്ധിത മതപരിവർത്തനം, ഡച്ചാധിപത്യം എന്നിവ പോർച്ചുഗീസുകാരുടെ തകർച്ചയ്ക്ക് കാരണമായി. ഉദയംപേരൂർ സുന്നഹദോസ്, കൂനൻ കുരിശു കലാപം എന്നിവ നടന്നു. പോർച്ചുഗീസുകാരും ഡച്ചുകാരും തമ്മിൽ ഏറ്റുമുട്ടി. വാണിജ്യക്കുത്തക ഡച്ചുകാർ ഏറ്റെടുത്തു. പോർച്ചുഗീസ് കോട്ടകളും സൈനികത്താവളങ്ങളും പിടിച്ചെടുത്തു. വ്യാപാരമേഖല മുഴുവൻ ഡച്ചധീനതയിലായി.

മാർത്താണ്ഡവർമ്മയുമായുണ്ടായ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെട്ടു. ഇംഗ്ലീഷുകാരുടെ കടന്നുവരവുണ്ടായി. ബ്രിട്ടീഷുകാർ വാണിജ്യകാര്യങ്ങൾക്കായി കൊച്ചിയിലും കോഴിക്കോട്ടും താവളമുറപ്പിച്ചു. ടിപ്പുസുൽത്താനുമായി ശ്രീരംഗപട്ടണം ഉടമ്പടി ഒപ്പുവയ്ക്കുന്നതിലൂടെ മലബാർ ഭരണം ബ്രിട്ടീഷുകാർ ഏറ്റെടുത്തു. ബ്രിട്ടീഷുകാർക്കെതിരെയുള്ള ആദ്യപ്രക്ഷോഭമായ ആറ്റിങ്ങൽ കലാപം ഉണ്ടായി. ബ്രിട്ടീഷുകാരുടെ തെറ്റായ നികുതിനയം പ്രക്ഷോഭണത്തിന്റെ മുഖ്യകാരണമായി. കമ്പനിയുടെ തെറ്റായ നികുതി നയങ്ങൾക്കെതിരെ പഴശ്ശിരാജ പ്രക്ഷോഭങ്ങൾ ആരംഭിച്ചു. വയനാടൻ കാടുകൾക്കുള്ളിൽ എടച്ചേന കുങ്കന്റെ നായർപ്പടയും തലയ്ക്കൽ ചന്തുവിന്റെ കുറിച്യപ്പടയും ഒളിപ്പോർ യുദ്ധമുറകളുമായി പഴശ്ശിരാജയോടൊപ്പം ബ്രിട്ടീഷുകാർക്കെതിരെ നിരന്തരം പോരാടി. ദേശീയ വിമോചനത്തിനു വേണ്ടിയുള്ള ജനകീയയുദ്ധമായിരുന്നു പഴശ്ശിവിപ്ലവം, ജാതിയോ മതമോ നോക്കാതെ എല്ലാ ജനങ്ങളും ബ്രിട്ടീഷ് ഭരണത്തിനെതിരെ ഒറ്റക്കെട്ടായി പങ്കെടുത്തു എന്നതാണീ സമരങ്ങളുടെ നേട്ടം.

മൈസൂരുവിലെ ഹൈദരാലിഖാന്റെയും ടിപ്പുസുൽത്താന്റെയും കേരളാക്രമണങ്ങൾക്കു പ്രധാന കാരണം ഇവിടുത്തെ രാജാക്കന്മാരുടെ സഹകരണമില്ലായ്മയും അനൈക്യവുമായിരുന്നു. സാമൂതിരിമാരുടെ രാജ്യവികസനനയങ്ങളും കണ്ണൂരും കോലത്തുനാടും തമ്മിലുള്ള മത്സരവും മൈസൂരിന്റെ ആക്രമണത്തിന് വഴി തെളിക്കുകയായിരുന്നു. സ്വന്തം രാജ്യവിപുലീകരണം സ്വപ്നംകണ്ടുകഴിഞ്ഞ ഹൈദരാലിക്ക് കേരളീയസാഹചര്യങ്ങൾ ഒരു സുവർണ്ണാവസരമുണ്ടാക്കി. അങ്ങനെ ഹൈദരാലി 1756-57 കാലത്ത് ആദ്യമായി കേരളത്തിലെത്തിയത് പാലക്കാട് പിടിച്ചടക്കാനാണ്. മൈസൂർ സുൽത്താന്മാർ കേരളത്തിൽ ആധിപത്യം ഉറപ്പിക്കാൻ നടത്തിയ ശ്രമം ബ്രിട്ടീഷ് ആധിപത്യത്തിന്റെ സംസ്ഥാപനത്തിലാണ് കലാശിച്ചത്.

iSkysoft

Remove Watermark Now

# Assignments

1. കേരള സമൂഹത്തിൽ ഡച്ചു ശക്തിയുടെ സ്വാധീനങ്ങളെന്തെല്ലാമെന്ന്വിവരിക്കുക.
2. ഡച്ചുകാരുടെയും പോർച്ചുഗീസുകാരുടെയും മതനയം താരതമ്യപ്പെടുത്തുക.
3. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ കേരളത്തിൽ നടന്ന പ്രക്ഷോഭങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക.
4. ദേശീയവിമോചനത്തിനു വേണ്ടിയുള്ള ജനകീയ യുദ്ധമായിരുന്നു പഴശ്ശി വിപ്ലവം – അതിന്റെ പ്രത്യേകതകൾ വിലയിരുത്തുക.
5. കേരളത്തിലെത്തിയ ഡച്ചുകാരുടെ വ്യാപാരബന്ധങ്ങളുടെ ചരിത്രത്തെയും രാഷ്ട്രീയത്തെയും വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.
6. ഫ്രഞ്ച് അധീനതയിലുള്ള പ്രദേശം എന്ന നിലയിൽ മാഹിയുടെ ചരിത്രത്തെയും അവിടെ നിലനിന്നിരുന്ന ഫ്രഞ്ച് ആധിപത്യത്തെയും കുറിച്ച് വിശദീകരിക്കുക.
7. കോഴിക്കോട് സാമൂതിരിയുടെ പോരാട്ട ചരിത്രം – ഉപന്യാസം തയ്യാറാക്കുക.
8. ഡച്ചുകാരും കേരളചരിത്രവും – ഉപന്യാസം തയ്യാറാക്കുക.
9. വൈദേശിക ആധിപത്യവും മതകോളനീകരണവും – ഉപന്യാസം തയ്യാറാക്കുക.
10. കേരളത്തിലെ ഫ്രഞ്ചധിനിവേശവും പരിണാമവും ചർച്ചചെയ്യുക.

iSkysoft

# Suggested Readings


1. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
4. എ.കെ. പൊതുവാൾ, കേരളത്തിലെ കർഷക സമരങ്ങൾ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
5. ഇ.എം.എസ്., കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ലിഷേഴ്സ്
6. എം.വി. ഗോവിന്ദൻ മാസ്റ്റർ, കർഷക തൊഴിലാളി പ്രസ്ഥാനം: ചരിത്രവും വർത്തമാനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
7. വി.എസ്. അച്യുതാനന്ദൻ, കേരളത്തിലെ കർഷകത്തൊഴിലാളി പ്രസ്ഥാനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
8. ഡോ. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Remove Watermark Now

# References


1. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം ഭാഗം 1, എസ്.പി.സി.എസ്, കോട്ടയം.
2. സ്കറിയ സക്കറിയ (എഡി), 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി. സി.എസ്., കോട്ടയം.
3. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
4. കെ. ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
5. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിന്റെ പതനം, ഡി.സി ബുക്സ്, കോട്ടയം.
6. ഡോ. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠനഗവേഷണ കേന്ദ്രം, തൃശൂർ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Remove Watermark Now

Remove Watermark Now

# Unit 2

# മിഷണറി പ്രവർത്തനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും

## Learning Outcomes

- പാശ്ചാത്യ മിഷണറിമാരുടെ സംഭാവനകളെക്കുറിച്ച് അറിവ് ലഭിക്കുന്നു
- അച്ചടി പ്രചാരവും പത്രമാസികകളുടെ ആവിർഭാവവും വിലയിരുത്തുന്നു
- കോളോണിയൽ ആധുനികതയുടെ ഭാഗമായി വിദ്യാഭ്യാസരംഗത്തുണ്ടായ ഉണർവ് മനസ്സിലാക്കുന്നു
- കേരളനവോത്ഥാനത്തെക്കുറിച്ചും നവോത്ഥാനനായകരെക്കുറിച്ചുമുള്ള സാമാന്യ അവബോധം ലഭിക്കുന്നു
- എസ്.എൻ.ഡി.പി., എൻ.എസ്.എസ്., യോഗക്ഷേമസഭ, സാധുജന പരിപാലന സംഘം, പ്രത്യക്ഷരക്ഷാ ദൈവസഭ, ചേരമർ മഹാസഭ തുടങ്ങിയ സാമുദായിക പരിഷ്കരണ സംഘടനകളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു

## Background

ബ്രിട്ടീഷുകാരുടെ കാലത്താണ് കേരളത്തിൽ പാശ്ചാത്യവിദ്യാഭ്യാസത്തിന് പ്രചാരം സിദ്ധിക്കുന്നത്. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾ ഇതിനെ വേഗത്തിലാക്കി. പാശ്ചാത്യവിദ്യാഭ്യാസം കേരളത്തിന്റെ സാമൂഹ്യപരിവർത്തനത്തെ ഏറെ സ്വാധീനിച്ചു. ബ്രിട്ടീഷ് ഭരണാധികാരികൾ ജാതിയുടെ അടിസ്ഥാനത്തിലല്ലാതെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ നാട്ടുകാർക്ക് ജോലികൾ നൽകിയപ്പോൾ ക്രിസ്ത്യാനികളും നായന്മാരുമടക്കമുള്ള സവർണ്ണഹിന്ദുക്കളും സർക്കാർ ജോലികൾ ലഭിക്കാൻ വേണ്ടി പാശ്ചാത്യവിദ്യാഭ്യാസം നേടാൻ തയ്യാറായി രംഗത്ത് വന്നു. മിഷണറിമാർ ജാതിമതചിന്തകൾക്കതീതമായി പാശ്ചാത്യവിദ്യാഭ്യാസം ജനങ്ങളിൽ എത്തിക്കാൻ വേണ്ടി സ്തുത്യർഹമായ സേവനമാണ് ചെയ്തത്. ലത്തീൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി എന്നിവയിലെ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ 19-ാം നൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ തിരുവിതാംകൂറിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തി വന്നിരുന്നു. വൈജ്ഞാനികരംഗത്തും ഭാഷാസാഹിത്യരംഗത്തും വേഗത്തിൽ ചലനമുണ്ടാക്കിയ ഒരു സംഭവമാണ് അച്ചടിവിദ്യയുടെ ആവിർഭാവം. പത്രമാസികകളുടെ പ്രസാധനം, ഗദ്യഭാഷയുടെ വികാസം തുടങ്ങിയവ ഇതിന്റെ പരിണിതഫലമാണ്.

കേരളത്തിൽ മിഷണറിപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധവെച്ചത് 1805-ൽ പ്രവർത്തനമാരംഭിച്ച ലത്തീൻ മിഷനിലെ റവ. മീഡ് ആയിരുന്നു. 1813-ൽ ചർച്ച് മിഷൻ കോട്ടയത്ത് ഒരു കോളേജും ഒരു സെമിനാരിയും സ്ഥാപിച്ചു. സാൽവേഷൻ ആർമി എന്ന മിഷണറി സംഘവും, റിംഗിൾറ്റാബ് എന്ന സ്പാനിഷ് മിഷണറിയും നാഗർകോവിലിലും പരിസരങ്ങളിലും പ്രവർത്തനം ആരംഭിക്കുകയും ഒട്ടേറെ ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. 1821-ൽ

Remove Watermark Now

ചർച്ച് മിഷനിൽപെട്ട സ്ത്രീകൾ കോട്ടയത്ത് ഒരു ഗേൾസ് സ്കൂൾ ആരംഭിച്ചു. ഈ മിഷനിൽപെട്ട ബെയ്‌ലി, ബേക്കർ തുടങ്ങിയ മിഷണറിമാർ പാശ്ചാത്യവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. കൊച്ചിയിലും മലബാറിലും പാശ്ചത്യമിഷണറിമാരുടെ പ്രവർത്തനം നടന്നു. റവ. ഡാസൺ എന്ന ഇംഗ്ലീഷ് മിഷണറി ഗവൺമെന്റ് സഹായത്തോടെ മട്ടാഞ്ചേരിയിൽ ഒരു സ്കൂൾ തുടങ്ങി (1818). മലബാറിൽ ബാസൽ ഇവാഞ്ചലിക്കൽമിഷൻ എന്ന സംഘടനയുടെ നേതൃത്വത്തിലാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയത്. കണ്ണൂരിലെ തലശ്ശേരിയിലും, കോഴിക്കോട് കല്ലായിയിലും ഇവരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് സ്കൂളുകൾ ആരംഭിച്ചു.

മതപ്രചാരണം ലക്ഷ്യമാക്കിയ മിഷണറിമാർ ഇതിനുകണ്ടെത്തിയ വഴിയാണ് വിദ്യാഭ്യാസപ്രവർത്തനം. ഗവൺമെന്റും ഇതിനെ പ്രോത്സാഹിപ്പിച്ചു. ജാതിമതഭേദമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകാൻ മിഷണറിമാർ തയ്യാറായതോടെ താഴ്ന്ന ജാതിക്കാരും സർക്കാർ ജോലിയിൽ പ്രവേശിക്കാൻ തുടങ്ങി. പൊതുവിദ്യാഭ്യാസം വളർത്തുന്നതിനായി സർക്കാരും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം, തൃശൂർ എന്നിവിടങ്ങളിൽ ഗവൺമെന്റ് വിദ്യാലയങ്ങൾ തുടങ്ങി. തിരുവനന്തപുരം മഹാരാജാസ് കോളേജും (1860) എറണാകുളം മഹാരാജാസ് കോളേജും നിലവിൽ വന്നു. ഉന്നതവിദ്യാഭ്യാസത്തിന് ഇത് വഴിയൊരുക്കി. തലശ്ശേരിയിൽ ബാസൽ മിഷൻ 1862-ൽ ബ്രണ്ണൻ സ്കൂൾ സ്ഥാപിച്ചു. പിന്നീട് ഇത് കോളേജാക്കി ഉയർത്തി. ഇതിനു പുറമേ നിയമം, ആയുർവേദം, സംസ്കൃതം തുടങ്ങിയവയിൽ പ്രത്യേക പരിശീലനം നൽകുന്ന കോളേജുകളും ഉണ്ടാക്കിയതോടെ 20-ാം നൂറ്റാണ്ടോടു കൂടി കേരളത്തിൽ ധാരാളം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നുവരികയും വിദ്യാഭ്യാസം സാർവത്രികമാവുകയും ചെയ്തു.

മതപരിവർത്തനത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് മിഷണറിമാർ പ്രാധാന്യം നൽകിയതെങ്കിലും ഭാഷാ-സാഹിത്യ രംഗത്ത് അവർ നൽകിയ സംഭാവനകൾ വിപുലവും അവിസ്മരണീയവുമാണ്. അച്ചടിയുടെ വ്യാപനവും പാഠപുസ്തകങ്ങളുടെ നിർമ്മാണവും ഉൾപ്പെടെ സാംസ്കാരിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടായ കാലമായിരുന്നു അത്. അവരുടെ ശ്രമഫലമായി ആധുനിക രീതിയിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഇവിടെ ആരംഭിച്ചു.

കൊളോണിയൽ ആധുനികതയിൽ വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ സാംസ്കാരിക രംഗത്തും നവോത്ഥാനമുണ്ടായി. മതപരിഷ്കാരം, അയിത്തനിവാരണം, ജാതിനശീകരണം എന്നീ പരിഷ്കരണ സംഭവങ്ങൾ അരങ്ങേറി. ചാന്നാർ ലഹള (മേൽമുണ്ട് സമരം) കല്ലുമാല സമരം തുടങ്ങിയവ. സാമൂഹ്യസമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾ ഉദയം ചെയ്തു. മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, എസ്.എൻ.ഡി.പി., എൻ.എസ്.എസ്, സാധുജന പരിപാലന സംഘം, പ്രത്യക്ഷ രക്ഷാസഭ എന്നീ സംഘടനകളുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ ജാതീയ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും മാറ്റി മറിക്കാനും മാനവികതയ്ക്ക് ഊന്നൽ നൽകുന്ന സാമൂഹ്യാവസ്ഥ രൂപപ്പെടാനും കാരണമായി.

## Key Words

അച്ചടിയുടെ ചരിത്രം-പാശ്ചാത്യവിദ്യാഭ്യാസം-പത്രമാസികകൾ-ഗദ്യഭാഷ-മിഷണറി പ്രവർത്തനം-ജ്ഞാനനിക്ഷേപം-കാർഷിക മുതലാളിത്തം-വനവിഭവങ്ങൾ-സുഗന്ധദ്രവ്യങ്ങൾ-മധ്യവർഗ പുരോഗതി-മതപരിവർത്തനം-പോർച്ചുഗീസ് ഡച്ചു സംഭാവനകൾ-കൊളോണിയൽ

Remove Watermark Now

ണ
ആധുനികത-സാമൂഹ്യ നവോത്ഥാനം-മതപരമായ പരിഷ്കരണം-ചാന്നാർ ലഹള-മലയാളി മെമ്മോറിയൽ-ഈഴവ മെമ്മോറിയൽ-സമുദായ സംഘടനകൾ-എസ്.എൻ.ഡി.പി.-എൻ.എസ്.എസ്.-സാധുജന പരിപാലന സംഘം-പ്രത്യക്ഷ രക്ഷാസഭ

# Discussion

## 4.2.1 അച്ചടി-കേരളത്തിൽ

▶ അച്ചടിയുടെ ആവിർഭാവം

വൈജ്ഞാനികരംഗത്തും ഭാഷാസാഹിത്യരംഗത്തും വേഗത്തിൽ ചലനമുണ്ടാക്കിയ ഒരു സംഭവമാണ് അച്ചടിവിദ്യയുടെ ആവിർഭാവം. പത്രമാസികകളുടെ പ്രസാധനം, ഗദ്യഭാഷയുടെ വികാസം തുടങ്ങിയവ ഇതിന്റെ പരിണിതഫലമാണ്. സാംസ്കാരികരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ അതുകൊണ്ടുണ്ടായി. പോർച്ചുഗീസുകാരുടെ വരവോടെയാണ് അച്ചടിയും തുടങ്ങുന്നത്. വൈദികവിഷയങ്ങൾ നാട്ടുഭാഷയിൽ പഠിപ്പിക്കുവാൻ വേണ്ടിയാണ് ജെസ്യൂട്ട് പുരോഹിതൻമാർ ഭാഷാലിപികളിൽ മുദ്രണം നടപ്പാക്കുന്നതിനു വേണ്ടി ശ്രമിച്ചത്. ജോനാസ് ഗോൺസാൽവസ് എന്ന സ്പാനിഷ് മിഷണറിയാണ് ആദ്യമായി കേരളത്തിൽ മലയാളി ലിപികളിൽ അച്ചടി നടത്തിയത് എന്നാണ് വിശ്വസിക്കുന്നത്. പോർച്ചുഗീസുകാർ കൊച്ചിയിലും വൈപ്പിൻ കോട്ടയിലും അച്ചടിശാലകൾ സ്ഥാപിച്ചു. ഡച്ചുകാരുടെ കാലത്ത് പ്രസിദ്ധീകരിച്ച കേരളത്തിലെ സസ്യങ്ങളെകുറിച്ചുള്ള 'ഹോർത്തൂസ് മലബാറിക്കസ്' എന്ന പുസ്തകത്തിൽ സസ്യനാമങ്ങൾ ലത്തീൻ, അറബിക്, സംസ്കൃതം എന്നീ ഭാഷകൾക്ക് പുറമെ മലയാള അക്ഷരത്തിലും കൊടുത്തിരുന്നു. ഈ പുസ്തകത്തിലെ ചില ഭാഗങ്ങൾ മലയാള ലിപിയിലാണ് അച്ചടിച്ചിരുന്നത്.

മലയാളഭാഷയിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുവും തയ്യാറാക്കുന്നതിന് താത്പര്യം കാണിച്ചത് ജെസ്യൂട്ട് മിഷണറിമാരായിരുന്നു. മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം തയാറാക്കിയത് 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വാരാപ്പുഴ മെത്രാപോലീത്ത ആയിരുന്ന ഡോ. ആഞ്ചലോസ് ഫ്രാൻസിസാണ്. അർണോസ് പാതിരിയാണ് 18-ാം നൂറ്റാണ്ടിൽ ആദ്യത്തെ നിഘണ്ടു തയ്യാറാക്കിയത്. മലയാളഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ പുസ്തകം ഫാദർ ക്ലെമെന്റ് രചിച്ച 'സംക്ഷേപവേദാർത്ഥം' ആണ്. ക്രിസ്തുമതതത്വങ്ങൾ പൂർണമായും വിവരിക്കുന്ന ഈ പുസ്തകം റോമിലാണ് (1772) മുദ്രണം ചെയ്തതെന്ന് വിശ്വസിക്കുന്നു. വിദേശ മിഷണറിമാരെ പിന്തുടർന്ന് കൊണ്ട് നാട്ടുകാരായ പാതിരിമാരും മലയാളഭാഷയിൽ കൃതികൾ രചിക്കുകയുണ്ടായി. കരിയാറ്റിൽ ഔസേപ്പ് മെത്രാന്റെ 'വേദതർക്കം', മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായ പാറേമ്മാക്കൽ തോമാകത്തനാരുടെ 'വർത്തമാനപ്പുസ്തകം' എന്നിവ ഇതിന് ഉദാഹരണമാണ്. 19-ാം നൂറ്റാണ്ടിൽ ബെഞ്ചമിൻ ബെയിലിയും ഹെർമൻ

Remove Watermark Now

ഗുണ്ടർട്ടും മലയാളം കൃതികളുടെ അച്ചടിയിൽ സജീവമായി ഇടപെട്ടവരാണ്. 1846-ൽ ബെയിലി ഒരു ഇംഗ്ലീഷ് മലയാളം നിഘണ്ടു പ്രസിദ്ധപ്പെടുത്തി. ജർമൻകാരനും, ബാസൽ മിഷൻ പ്രവർത്തകനുമായ ഹെർമൻ ഗുണ്ടർട്ട് മലയാളം ഇംഗ്ലീഷ് നിഘണ്ടു (1872) പ്രസിദ്ധപ്പെടുത്തി. വ്യാകരണം, ചരിത്രം, വേദശാസ്ത്രം എന്നീ വിഷയങ്ങളിലും അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. തലശ്ശേരിയിൽ നിന്നാണ് ഇവ ഗുണ്ടർട്ട് പ്രസിദ്ധീകരിച്ചിരുന്നത്.

▶ ജെസ്യൂട്ട് മിഷണറിമാർ

## 4.2.2 പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ആരംഭം

കേരളത്തിൽ പാശ്ചാത്യവിദ്യാഭ്യാസം ആരംഭിക്കുന്നത് ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളോടു കൂടിയാണ്. ഇക്കാര്യത്തിൽ മുൻകൈ എടുത്തത് പ്രൊട്ടസ്റ്റന്റ് മിഷണറിമാരാണ്. റിങ്കിൽറ്റാബ് എന്ന സ്പാനിഷ് മിഷണറി 1806 മുതൽ 1816 വരെ തിരുവനന്തപുരം നാഗർകോവിൽ ഭാഗങ്ങളിൽ ഒട്ടേറെ സ്കൂളുകൾ സ്ഥാപിക്കുകയും ജാതിമതഭേദമില്ലാതെ പാവപ്പെട്ട കുട്ടികളെ സൗജന്യമായി പഠിപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഏറ്റവും മഹനീയമായ സേവനം ഡോക്ടർ മീഡിന്റേതാണ്. തന്റെ സമയം മുഴുവൻ വിദ്യാപ്രചരണത്തിന് വേണ്ടി അദ്ദേഹം ചെലവിട്ടു. സാധാരണ വിദ്യാലയങ്ങൾക്ക് പുറമേ തൊഴിൽ പരിശീലനത്തിനുള്ള വിദ്യാലയങ്ങളും സ്ഥാപിച്ച അദ്ദേഹം സ്ത്രീവിദ്യാഭ്യാസത്തിനും പ്രോത്സാഹനം നൽകി. 1821-ൽ സിറിയൻ പാതിരിമാർ കോട്ടയത്ത് ഒരു ഗ്രാമർ സ്കൂൾ തുടങ്ങി. അവരുടെ ഭാര്യമാർ ഒരു പെൺപള്ളിക്കൂടവും തുടങ്ങി. സി.എം.എസ് മിഷണറിമാരിൽ ബെയിലി, ബക്കർ തുടങ്ങിയവർ പ്രസിദ്ധരാണ്. കൊച്ചി ഭാഗത്ത് റവറന്റ് ഡാസൺ എന്ന ഇംഗ്ലീഷ് മിഷണറി ഗവൺമെന്റിന്റെ സഹായത്തോടെ മട്ടാഞ്ചേരിയിൽ വിദ്യാലയം തുടങ്ങി. മലബാറിൽ കോഴിക്കോട് കല്ലായിയിൽ 1848 ലും തലശ്ശേരിയിൽ 1856 ലും ബാസൽ ഇവാൻജലിക്കൽ മിഷൻ വിദ്യാലയങ്ങൾ സ്ഥാപിച്ചു.

▶ മിഷണറിമാർ ആരംഭിച്ച വിദ്യാലയങ്ങൾ

ക്രിസ്ത്യൻ മിഷണറിമാർ തുടങ്ങിവെച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആ രംഗത്ത് കടന്നുചെല്ലാൻ സർക്കാരിനെ പ്രേരിപ്പിച്ചു. 1817-ൽ റാണി ഗൗരി പാർവ്വതിഭായി, ദിവാനായിരുന്ന കേണൽ മൺറോയുടെ സഹായത്തോടു കൂടി സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനു ശ്രമിച്ചു. നാടിന്റെ എല്ലാ ഭാഗങ്ങളിലും മലയാളം പ്രൈമറി സ്കൂളുകൾ സ്ഥാപിതമായി. '5 വയസിനും 10 വയസിനും മധ്യേ പ്രായമുള്ള കുട്ടികളെ രക്ഷാകർത്താക്കൾ സ്കൂളിൽ അയക്കേണ്ടതാണ്' എന്ന നിയമവും വന്നു. യോഗ്യതയുള്ള അധ്യാപകരെ നിയമിച്ച് സർക്കാരിൽനിന്നു ശമ്പളം നൽകി. വിദ്യാഭ്യാസം പ്രചരിപ്പിക്കേണ്ട ചുമതല സർക്കാരിന്റേതാണെന്ന തത്വം നിലവിൽ വന്നു. 1834-ൽ സ്വാതിതിരുനാളിന്റെ കാലത്ത് തിരുവനന്തപുരത്ത് ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിതമായി. 1866-ൽ ആ സ്കൂൾ കോളേജിന്റെ പദവിയിലേക്കുയർന്നു. 1845-ൽ എറണാകുളത്ത് ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. മിസ്റ്റർ ബ്രണ്ണൻ ദാനം ചെയ്ത 12000 രൂപ മുടക്കി 1862-ൽ തലശ്ശേരിയിലെ ബാസൽ മിഷൻ ബ്രണ്ണൻ സ്കൂൾ സ്ഥാപിക്കുകയും തുടർന്ന് അത് ഇന്നത്തെ ബ്രണ്ണൻ

Remove Watermark Now

▶ നാടാകെ സ്കൂളുകളും കോളേജുകളും

കോളേജ് ആയി മാറുകയും ചെയ്തു. നാടൊട്ടുക്ക് കോളേജുകളും സ്കൂളുകളും ഉയർന്നു വന്നു. പൊതുവിദ്യാഭ്യാസത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു ഇത്തരം സ്ഥാപനങ്ങൾ.

## 4.2.3 സാംസ്കാരിക പ്രവർത്തനങ്ങൾ

അച്ചടിയുടെ പ്രചാരം പത്രമാസികകളുടെ ആവിർഭാവത്തിനു തുടക്കമിട്ടു. ഇവ രണ്ടും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിൽ നിർണ്ണായക പങ്കാണ് വഹിച്ചത്. മലയാളസാഹിത്യത്തിന്റെ പല രീതിയിലുമുള്ള വികാസത്തിനും ഇത് സഹായകമായിട്ടുണ്ട്. ഗദ്യഭാഷയിലാണ് ആ വികാസം കൂടുതൽ പ്രകടമായത്. പാശ്ചാത്യസമ്പ്രദായത്തിലുള്ള ആ പദ്ധതിയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച ഒന്നാമത്തെ കേരളീയൻ റവ. ജോർജ്ജ് മാത്തൻ ആണെന്ന് മഹാകവി ഉള്ളൂർ ചൂണ്ടിക്കാണിക്കുന്നു. ഇംഗ്ലീഷ് ഭാഷാസാഹിത്യത്തിൽ പരിജ്ഞാനം നേടിയ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഭാഷാഗദ്യശാഖയെ പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. പാഠപുസ്തക കമ്മിറ്റിയുടെ അധ്യക്ഷൻ എന്ന നിലയിലുള്ള പ്രവർത്തനമാണ് അതിന് വഴിയൊരുക്കിയത്. പത്രമാസികകളിലൂടെ സി. പി. അച്യുതമേനോൻ, എ.ആർ. രാജരാജവർമ്മ, മൂർക്കോത്ത് കുമാരൻ, സി.എസ്. സുബ്രഹ്മണ്യൻപോറ്റി തുടങ്ങിയവർ ഗദ്യഭാഷയെ പരിപോഷിപ്പിച്ചവരാണ്. ഉപന്യാസം, നിരൂപണം, ചെറുകഥ, നോവൽ, ജീവചരിത്രം, ആത്മകഥ, സഞ്ചാരസാഹിത്യം, നാടകം എന്നീ വിവിധ സരണികളിൽ ഗദ്യസാഹിത്യം വളർന്നു വികസിച്ചു. പത്രമാസികകളിലൂടെ അമൂല്യമായ പല കഥകളും നോവലുകളും വെളിച്ചം കണ്ടു. 'ജ്ഞാനനിക്ഷേപം' എന്ന പത്രമാസികയിലൂടെയാണ് 'പുല്ലേലിക്കുഞ്ചു' എന്ന നോവൽ പ്രസിദ്ധീകരിച്ചത്.

▶ ക്രമികമായ വളർച്ച

iskysoft

## 4.2.4 നെൽകൃഷിയും കാർഷികമുതലാളിത്തവും

യൂറോപ്യൻ ശക്തികളുടെ ആവിർഭാവം കേരളത്തിന്റെ സാമ്പത്തിക രംഗത്ത് പുതിയ ഉണർവുണ്ടാക്കി. അതിന്റെ ഫലമായി ഒരു പുതിയ സാമ്പത്തിക സംവിധാനം രൂപം കൊണ്ടു. കശുവണ്ടി, പുകയില, കൈതച്ചക്ക തുടങ്ങിയ കാർഷിക വിളകൾ കേരളത്തിൽ കൊണ്ടുവന്നതും കുരുമുക്, ഇഞ്ചി, കറുവപ്പട്ട തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾക്ക് യൂറോപ്പിൽ പ്രചാരമുണ്ടാക്കിയതും പോർച്ചുഗീസുകാരാണ്. പോർച്ചുഗീസുകാരെ തുടർന്നെത്തിയ ഡച്ചുകാരും വിദേശവാണിജ്യത്തിനു പ്രാധാന്യം കൊടുത്തു. പുതിയ കാർഷികവിളകൾ കൊണ്ടുവന്നു. ബ്രിട്ടീഷ് ആധിപത്യവും കേരളത്തിന്റെ സാമ്പത്തിക പുരോഗതിയെ ശക്തിപ്പെടുത്തി. വനവിഭവങ്ങൾ മെച്ചപ്പെടുത്തുന്നതിൽ അവർ പ്രത്യേക ശ്രദ്ധ പുലർത്തി. സുഗന്ധദ്രവ്യങ്ങൾ കൃഷി ചെയ്യുന്നതിലും അവർക്ക് താല്പര്യം ഉണ്ടായിരുന്നു. 1799-ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി അഞ്ചരക്കണ്ടിയിൽ ഒരു സുഗന്ധദ്രവ്യതോട്ടം തന്നെ സ്ഥാപിച്ചു. കാപ്പി, കറുവപ്പട്ട, ജാതി, കുരുമുളക് തുടങ്ങിയവ അവിടെ വൻതോതിൽ കൃഷിയിറക്കി. അഞ്ചരക്കണ്ടിയിലെ തോട്ടത്തിൽ ഇന്ന് കറുവപ്പട്ട മാത്രമാണ് കൃഷി ചെയ്യുന്നത്. ഇവിടെ നിന്നാണ് കാപ്പികൃഷി വയനാട്ടിലേക്ക് പ്രചരിച്ചത്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോൾ

മലബാറിൽ അനേകം തേയിലത്തോട്ടങ്ങൾ ഉണ്ടായി. ഇടുക്കി ജില്ലയിലെ മലമ്പ്രദേശങ്ങളിൽ തേയിലകൃഷി പ്രചരിച്ചു. 1877-ലാണ് കണ്ണൻദേവൻ തോട്ടം സ്ഥാപിക്കപ്പെട്ടത്. പൂഞ്ഞാർതമ്പുരാന്റെ പക്കൽ നിന്നു ജെ. ഡി. മൺറോ കുറച്ചു സ്ഥലംവാങ്ങി തേയിലകൃഷി ആരംഭിച്ചു. വനവിഭവങ്ങളിൽ തേക്കിന്റെ മേന്മ മനസ്സിലാക്കിയ ബ്രിട്ടീഷുകാർ തേക്കിൻതോട്ടങ്ങൾ നട്ടുവളർത്താൻ മുൻകൈ എടുത്തു. 1810-ൽ സ്ഥാപിച്ച നിലമ്പൂർ തോട്ടം അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. തുടർന്ന് നാടിന്റെ പല ഭാഗങ്ങളിലും തേക്കിൻ തോട്ടങ്ങൾ നിലവിൽ വന്നു.

▶ പുതിയ വിളകൾ

## 4.2.5 മധ്യവർഗത്തിന്റെ രംഗപ്രവേശം

ഇന്ത്യയ്ക്ക് പുരാതനകാലം മുതൽ ഗ്രീക്കുകാർ, റോമാക്കാർ, അറബികൾ, ഈജിപ്തുകാർ തുടങ്ങിയവരുമായി വാണിജ്യബന്ധമുണ്ടായിരുന്നു. പോർച്ചുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയവർ ഇവിടെയെത്തി അവരുടെ കോളനികൾ സ്ഥാപിച്ച് വാണിജ്യവും മതപ്രചാരണവും നടപ്പിലാക്കി. കേരളത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ ഇടങ്ങളിൽ അവർ ഇടപെട്ടു. കേരളത്തിന്റെ പൊതുമണ്ഡലങ്ങളിലും വിദ്യാഭ്യാസത്തിലും പൊതുവ്യവഹാരത്തിലും കൊളോണിയലിസത്തിന്റെ സ്വാധീനം കാണാം. കോടതികളും ഭരണനിർവഹണ സംവിധാനങ്ങളും വരെ അതിൽനിന്ന് മുക്തമല്ല. കൊളോണിയൽ കാലത്തെ മുന്നേറ്റങ്ങൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വികസനത്തിനും പൊതു മണ്ഡലങ്ങളുടെ രൂപീകരണത്തിനും കാരണമായി.

▶ കൊളോണിയലിസത്തിന്റെ സ്വാധീനം

നൂറ്റാണ്ടുകൾ നീണ്ട പാശ്ചാത്യ അധീശത്വം കേരളസംസ്കാരത്തിന് ഒരുപാട് മാറ്റങ്ങളുണ്ടാക്കി. തനതായ പലതും നമ്മുടെ സംസ്കാരത്തിൽ നിന്നു നഷ്ടമായെങ്കിലും പുതിയതു പലതും വന്നുചേർന്നു. ആദ്യം എത്തിയ പോർച്ചുഗീസ് ബന്ധം കേരളത്തിന്റെ രാഷ്ട്രീയ സാമൂഹികരംഗങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. സാമൂതിരിയുടെ ശക്തി പോർച്ചുഗീസുകാർക്ക് മുന്നിൽ പരാജയപ്പെട്ടപ്പോൾ കേരളീയോത്പന്നങ്ങളുടെ വ്യാപാരകുത്തക പോർച്ചുഗീസുകാർ കൈവശപ്പെടുത്തുകയും കേരളം സാമ്പത്തികമാന്ദ്യത്തിലേക്ക് പോവുകയും ചെയ്തു. പലതരം കാർഷികോത്പന്നങ്ങൾ, പാശ്ചാത്യ വാസ്തുശില്പശൈലി, 'ചവിട്ടുനാടകം' എന്ന ദൃശ്യകലാരൂപം എന്നിവയെല്ലാം കേരളത്തിന് പോർച്ചുഗീസുകാരുടെ സംഭാവനയാണ്. ഡച്ചുകാർ നമ്മുടെ സാംസ്കാരിക ഉന്നമനത്തിന് വളരെ വലിയ സംഭാവനയാണ് നൽകിയത്. അതിന്റെ ഏറ്റവും വലിയ തെളിവാണ് 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ഗ്രന്ഥം. കൊച്ചി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പോസ്റ്റൽ സംവിധാനം കൊണ്ടു വന്നത് ഡച്ചുകാരാണ്. കാർഷികരംഗത്തും വ്യാപാര വ്യാവസായ രംഗത്തും, ചരിത്ര സാംസ്കാരിക രംഗത്തും ഡച്ചുകാർ ശോഭിച്ചു. കൊച്ചിയിൽ ബോൾഗാട്ടി പാലസും മട്ടാഞ്ചേരി കൊട്ടാരവും പുതുക്കിപ്പണിത് ഡച്ച്കൊട്ടാരമാക്കിയത് ഡച്ചുകാരുടെ വാസ്തുവിദ്യക്കു ദാഹരണമാണ്.

▶ വൈദേശിക സ്വാധീനം

ഫ്രഞ്ചുകാർ മാഹി ആസ്ഥാനമാക്കി ഭരണം നടത്തി. സാംസ്കാരികമായി ഏറെ സ്വാധീനം ഫ്രഞ്ചുകാർ ചെലുത്തി. വിദ്യാഭ്യാസം, കൃഷി, വാണിജ്യം, മതം തുടങ്ങിയ മേഖലകളിൽ ഫ്രഞ്ചുകാർ നടത്തിയ പ്രവർത്തനങ്ങളും പ്രധാനപ്പെട്ടവയാണ്. ഭാഷ, വേഷം, ഭക്ഷണം, സംസ്കാരം എന്നീ മേഖലകളിലെല്ലാം ബ്രിട്ടീഷ് ആധിപത്യം നമ്മെ സ്വാധീനിച്ചിട്ടുണ്ട്.

▶ തുടരുന്ന സ്വാധീനം

## 4.2.6 കൊളോണിയൽ ആധുനികത

കേരളത്തിൽ കൊളോണിയൽ കാലത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, മതപ്രചാരണത്തിന്റെ ഭാഗമായിരുന്നെങ്കിലും വിദ്യാഭ്യാസത്തെ അവർ സാർവത്രികമാക്കി എന്നതാണ്. കേരളത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയിലധിഷ്ഠിതമായിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് വെളിച്ചത്തിലേക്ക് മനുഷ്യനെ കൊണ്ടുവന്നത് കൊളോണിയൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ്. തനിക്ക് സന്യാസം തന്നത് കൊളോണിയൽ ഭരണമാണെന്ന് ശ്രീനാരായണഗുരു അഭിപ്രായപ്പെട്ടിട്ടുണ്ട്. നമ്മുടെ ആഘോഷങ്ങളിൽ, ഭക്ഷണങ്ങളിൽ, വസ്ത്രങ്ങളിൽ എല്ലാം ഇന്നും കൊളോണിയൽ കാലത്തെ സ്വാധീനം കാണാം. പുതിയ കാലത്തെ ആഗോളവൽക്കരണത്തിന്റെ ഭാഗമായി കാണപ്പെടുന്ന ജീവിതരീതികളും ആഹാരരീതികളും വസ്ത്രധാരണവും ആഘോഷങ്ങളും യാത്രകളും ഉപഭോഗസംസ്കാരവും എല്ലാം പഴയ കോളോണിയൽ സംസ്കാരത്തിന്റെ തുടർച്ചകളാണ്. മലയാളിയുടെ ജീവിതത്തിൽ കൊളോണിയൽ സ്വാധീനത ഇന്നും നിലനിൽക്കുന്നു.

▶ വിദ്യാഭ്യാസം സാർവത്രികമായി

## 4.2.7 നവോത്ഥാനം വ്യത്യസ്ത വീക്ഷണങ്ങൾ

'റിനൈസൻസ്' എന്ന ഇംഗ്ലീഷ് പദത്തിന് സമാനമായാണ് മലയാളത്തിൽ നവോത്ഥാനം എന്ന് പ്രയോഗിച്ചു വരുന്നത്. പുനരുജ്ജീവനം, പുനരുഥാനം എന്നീ അർഥങ്ങളിലാണ് ഇംഗ്ലീഷിൽ 'റിനൈസൻസ്' എന്ന പദം പ്രയോഗത്തിലിരുന്നത്. പുരാതനമൂല്യങ്ങളോടുള്ള പുതിയ അഭിനിവേശം എന്ന നിലയിലാണ് ആദ്യകാലത്ത് റിനൈസൻസ് എന്ന പ്രയോഗം ഉപയോഗിച്ചു പോന്നത്. ആദ്യകാലത്തെ പ്രയോഗത്തിന്റെ അർഥതലത്തിനു പിന്നീട് മാറ്റമുണ്ടായി. നിലവിലുള്ള മൂല്യങ്ങളെ പരിഷ്കരിക്കലെന്നോ, നവീകരിക്കലെന്നോ ഉള്ള അർഥത്തിലേക്ക് 'നവോത്ഥാനം' മാറി. 'റിനൈസൻസ്' എന്ന ഇറ്റാലിയൻ പദത്തിന് 'പുനർജന്മം' എന്നാണർഥം. ഇറ്റാലിയൻ ചരിത്രകാരനായ ജോർജിയോ വാസരി (Giorgio Vasari) 1550-ൽ പ്രസിദ്ധീകരിച്ച 'Lives of the Most Excellent Painters, Sculptures and Architects' എന്ന പുസ്തകത്തിലാണ് ആദ്യമായി 'റിനൈസൻസ്' എന്ന പദം കടന്നുവരുന്നത്. 'നവോത്ഥാനം മാനവരാശി കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ വിപ്ലവമായിരുന്നു' എന്ന് ഏംഗൽസ് നിരീക്ഷിക്കുന്നുണ്ട്. നവോത്ഥാനമെന്നാൽ വ്യക്തിയുടെ മഹത്വവും സ്വാതന്ത്ര്യവും സ്ഥാപിക്കുന്നതാണെന്നും, മറിച്ച് പ്രകൃതിയെയും സമൂഹത്തെയും സംബന്ധിക്കുന്ന ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ വിലയിരുത്തലുകൾക്ക് തുടക്കം കുറിക്കുന്ന ഒന്നാണെന്നുമുള്ള ധാരണകൾ നൂറ്റാണ്ടുകളായി നിലവിലുണ്ട്. രണ്ടിനും പ്രസക്തിയുണ്ട്.

▶ ഏറ്റവും മഹത്തായ വിപ്ലവം

Remove Watermark Now

ഇറ്റലിക്കാരനായ ദാന്തെ രചിച്ച 'ഡിവൈൻ കോമഡി' എന്ന മഹാകാവ്യമാണ് ലോകനവോത്ഥാനത്തിന് തുടക്കം കുറിച്ചതെന്ന് പൊതുവെ അംഗീകരിക്കപ്പെടുന്നു. ലാറ്റിൻ ഭാഷയിൽ എഴുതപ്പെടുന്ന കൃതികൾ മാത്രം ക്ലാസിക് ആയി പരിഗണിക്കപ്പെട്ടിരുന്ന കാലത്താണ് ദാന്തെ ജനങ്ങളുടെ വ്യവഹാരഭാഷയായ ഇറ്റാലിയൻ ഭാഷയിൽ 'ഡിവൈൻ കോമഡി' രചിച്ചത്. നവോത്ഥാനത്തെ മാനവികതയുടെ കാലമായി രേഖപ്പെടുത്താറുള്ളത് പെട്രാർക്കിന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇരുണ്ട യുഗത്തിനുശേഷം മാനവികമൂല്യങ്ങൾ ശക്തമായ കാലയളവാണ് നവോത്ഥാനത്തിന്റേതെന്ന് അദ്ദേഹം പറയുന്നു. ചരിത്രമെന്നത് സാമൂഹ്യവും കലാപരവും, സാഹിത്യപരവുമായ മുന്നേറ്റങ്ങളുടേതാണെന്നും അത് മതപരമായ സംഭവങ്ങളുടെ പരിണതഫലമല്ലെന്നും പെട്രാർക്ക് പറയുന്നു. മതത്തിനും ദൈവത്തിനും വിധേയരായി പ്രവർത്തിക്കുന്ന മനുഷ്യരിൽ നിന്ന് വ്യത്യസ്തമായി സ്വതന്ത്രചിന്തയും ക്രിയാത്മകഭാവനയുമുള്ള മനുഷ്യരെ സൃഷ്ടിച്ച മാനവികതാവാദത്തിന്റെ ഘട്ടമായി നവോത്ഥാനത്തെ കാണാറുണ്ട്. മതത്തിന്റെ മൗലികമായ മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് അതിനെ നവീകരിക്കുക എന്നതും നവോത്ഥാനത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നുണ്ട്. മാനവികത, സാഹോദര്യം, ജനാധിപത്യം, മതനിരപേക്ഷത, യുക്തിചിന്ത, ശാസ്ത്രബോധം, സാമൂഹ്യനീതി, സമത്വം എന്നിവയാണ് നവോത്ഥാനമൂല്യങ്ങളായി അടയാളപ്പെടുത്തുന്നത്.

▶ നവോത്ഥാനമൂല്യങ്ങൾ

## 4.2.8 സാമൂഹികവും മതപരവുമായ പരിഷ്കരണങ്ങൾ

19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ കേരളത്തിൽ സാമൂഹികവും മതപരവുമായ പരിഷ്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവന്നു. അയിത്തനിവാരണം, ജാതിനശീകരണം, മരുമക്കത്തായപരിഷ്കരണം, താലികെട്ടു കല്യാണം, തിരണ്ടുകുളി തുടങ്ങിയ പാഴ്ചെലവു വരുത്തിവയ്ക്കുന്ന ആചാരങ്ങളുടെ നിഷ്കാസനമായിരുന്നു അത്തരം പരിഷ്കരണസംരംഭങ്ങളുടെ ലക്ഷ്യങ്ങൾ. രാമകൃഷ്ണമിഷൻ, ആര്യസമാജം, തിയോസഫിക്കൽ സൊസൈറ്റി തുടങ്ങിയ അഖിലേന്ത്യാസംഘടനകൾക്ക് കേരളത്തിലും ശാഖകൾ ഉണ്ടായെങ്കിലും അവ സമൂഹതലത്തിലെ ചില പ്രത്യേക വിഭാഗങ്ങളിൽ ഒതുങ്ങി നിന്നതുകൊണ്ട് അവയുടെ സ്വാധീനത പരിമിതമായിരുന്നു. മതപരിഷ്കരണ സംരംഭങ്ങൾ ഏറിയ കൂറും കേരളത്തിൽ തന്നെ ഉടലെടുത്തവയാണ്. ചില വ്യക്തികളോ ചില പ്രാദേശിക സംഘടനകളോ ആണ് അവയ്ക്ക് നേതൃത്വം കൊടുത്തത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് തുടങ്ങിയ അഖിലേന്ത്യാരാഷ്ട്രീയകക്ഷികളും അവയുടെ പ്രാദേശികഘടകങ്ങളിലൂടെ ആ പ്രസ്ഥാനങ്ങളുടെ വിജയത്തിന് സഹായിച്ചിട്ടുണ്ട്. അത്തരം സംഘടനകളുടെ പ്രാദേശിക നേതൃത്വം ആദർശശാലികളായ സമുന്നത വ്യക്തികളിൽ നിക്ഷിപ്തമായിരുന്നു എന്ന വസ്തുതയും ശ്രദ്ധേയമാണ്.

▶ ആചാരങ്ങളുടെ നിഷ്കാസനം

## 4.2.9 ചാന്നാർ ലഹള

സവർണ്ണഹിന്ദുസ്ത്രീകളെ പോലെ വസ്ത്രധാരണം ചെയ്യാനുള്ള അവകാശം ചാന്നാർസ്ത്രീകൾക്കും ലഭിക്കാൻ വേണ്ടി തെക്കൻ തി



iSkysoft

Remove Watermark Now

രുവിതാംകൂറിലെ ചാന്നാർ സമുദായക്കാർ നടത്തിയ സമരം ശ്രദ്ധേയമാണ്. 'മേൽമുണ്ട്സമരം' (ശീലകലാപം) എന്നുമിതിനെ വിശേഷിപ്പിക്കുന്നു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട നാടാർസ്ത്രീകൾക്ക് കുപ്പായം ധരിക്കാനുള്ള അനുവാദം നൽകിക്കൊണ്ടുള്ള ഒരുത്തരവ് കേണൽ മൺറോ നൽകിയിരുന്നു. ഇതേതുടർന്ന് ഹിന്ദുനാടാർസ്ത്രീകൾ ഹിന്ദുസമുദായത്തിലെ സവർണ്ണസ്ത്രീകളെപ്പോലെ വസ്ത്രം ധരിച്ച് പൊതുരംഗത്ത് പ്രത്യക്ഷപ്പെടുകയും ഉയർന്ന ജാതിക്കാർ ഇവരെ ആക്രമിക്കുകയും ചെയ്തു. ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും തെക്കൻ തിരുവിതാംകൂറിൽ നിയമസമാധാന പ്രശ്നമുണ്ടാക്കിയപ്പോൾ ഗവൺമെന്റിന് പട്ടാളത്തേയും, പോലീസിനേയും അയക്കേണ്ടി വന്നു. 1859 ജൂലൈ 26ന് ചാന്നാർ സ്ത്രീകൾക്ക് മാറു മറയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഗവൺമെന്റ് ഒരു രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. എന്നാൽ വേഷവിധാനത്തിൽ സവർണ്ണസ്ത്രീകളെ അനുകരിക്കരുതെന്നും വിളംബരത്തിൽ വിലക്കിയിരുന്നു. പിന്നീട് ബ്രിട്ടീഷ് സർക്കാർ ഈ വിലക്ക് പിൻവലിച്ചു.

> ▶ വസ്ത്രം ധരിക്കാനുള്ള അവകാശം

## 4.2.10 സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ

കേരളത്തിലെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിച്ചത് വിവിധ സാമുദായിക സംഘടനകളാണ്. സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തോടനുബന്ധിച്ച് നടന്ന സമരങ്ങളിൽ പ്രധാനമാണ് അയിത്തോച്ചാടന പ്രക്ഷോഭണം. സമുദായങ്ങളെ പരിഷ്കരിക്കാൻ നവോത്ഥാനനായകർ ശ്രമിച്ചു. അയ്യാവൈകുണ്ഠസ്വാമികൾ, ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമികൾ എന്നിവരാണ് എടുത്തു പറയേണ്ട ആശയ പ്രചാരകർ. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ഗുരുവചനം കേരളത്തിലെ ജനങ്ങളിൽ വലിയ സ്വാധീനം ചെലുത്തി. പൗരോഹിത്യത്തിനും അന്ധവിശ്വാസങ്ങൾക്കും ധൂർത്തിനും അയിത്തത്തിനും ചൂഷണത്തിനുമെതിരെയുള്ള ഈ നവോത്ഥാന നായകരുടെ പരിശ്രമങ്ങൾ കേരളത്തിലെ സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കമിട്ടു.

> ▶ സംഘടനകളുടെ ഇടപെടലുകൾ

### 4.2.10.1 മലയാളി മെമ്മോറിയൽ (1891)

തിരുവിതാംകൂർ സർക്കാർ സർവീസിലെ ഉയർന്ന ഉദ്യോഗങ്ങൾ വിദ്യാഭ്യാസയോഗ്യതയുള്ള നാട്ടുകാർക്ക് നൽകണമെന്ന ആവശ്യമുന്നയിച്ച് 1891 ജനുവരി ഒന്നാം തീയതി മഹാരാജാവിന് സമർപ്പിച്ച ഭീമഹർജിയാണ് മലയാളി മെമ്മോറിയൽ. മാർത്താണ്ഡവർമ്മയുടെ കാലത്തിനുശേഷം തിരുവിതാംകൂറിൽ ദിവാന്മാരായി നിയമിക്കപ്പെട്ടിരുന്നത് പരദേശികളായ ബ്രാഹ്മണരാണ്. അഞ്ഞൂറുരൂപയ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ ഒന്നുപോലും നാട്ടുകാർക്ക് നൽകിയിരുന്നില്ല. അതിന് താഴെ തലത്തിലും നാട്ടുകാരെ അവഗണിച്ചുക്കൊണ്ട് പരദേശികളെ നിയമിച്ചുവന്നു. ഉദ്യോഗനിയമനങ്ങളിൽ നാട്ടുകാർക്കെതിരെ കാണിക്കുന്ന ഈ വിവേചനം അവസാനിപ്പിക്കണമെന്നായിരുന്നു മലയാളി മെമ്മോറിയലിന്റെ മുഖ്യവിഷയം. കെ.പി. ശങ്കരമേനോൻ, സി. വി. രാമൻപിള്ള, ജി.പി. പിള്ള, സി. കൃഷ്ണപിള്ള എന്നിവരാണ് ഇതിനായി പ്രവർത്തിച്ചത്. 1891 ജനുവരി 1 ന് 10037 പേർ ഒപ്പിട്ട

Remove Watermark Now

ഭീമഹർജി കെ.പി. ശങ്കരമേനോൻ രാജാവിന് സമർപ്പിച്ചു ഈ നിവേദനത്തെ പിന്താങ്ങികൊണ്ട് മദ്രാസിലേയും കൽക്കട്ടയിലേയും ഇംഗ്ലീഷ് പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതിയതോടെ മലയാളി മെമ്മോറിയൽ ഒരു പ്രധാന രാഷ്ട്രീയസംഭവമായി മാറി. പെട്ടെന്ന് അനുകൂലമായ ഉത്തരവ് ഉണ്ടായില്ലെങ്കിലും സർക്കാരിന്റെ മനോഭാവത്തിൽ വ്യത്യാസം വന്നു. അന്നത്തെ ദിവാൻ രാമറാവു സ്ഥാനമൊഴിഞ്ഞപ്പോൾ നാട്ടുകാരനായ ശങ്കരസുബ്ബയ്യരെ ദിവാനായി നിയമിച്ചു. പി. നാണുപിള്ള തുടങ്ങിയ നാട്ടുകാരായ ചില ഉദ്യോഗസ്ഥർക്കു സ്ഥാനക്കയറ്റവും കിട്ടി. നായർ പ്രമാണികളാണ് മലയാളി മെമ്മോറിയലിനു വേണ്ടി മുൻനിരയിൽ നിന്നു പ്രവർത്തിച്ചതെങ്കിലും ഈഴവരുടെ അവശതകൾ കൂടി നിവേദനത്തിലുൾപ്പെടുത്തിയിരുന്നതുകൊണ്ട് അവരുടെയും ക്രിസ്ത്യാനികളുടെയും പിന്തുണ ലഭിച്ചു. സർക്കാരിനെതിരെ ഉയർന്നുവന്ന ആദ്യത്തെ ജനമുന്നേറ്റം എന്ന നിലയിൽ മലയാളി മെമ്മോറിയലിന് കേരളചരിത്രത്തിൽ സുപ്രധാന സ്ഥാനമുണ്ട്.

> ▶ ഉദ്യോഗങ്ങൾ വിദ്യാഭ്യാസ യോഗ്യതയുള്ള നാട്ടുകാർക്ക്

## 4.2.10.2 ഈഴവ മെമ്മോറിയൽ (1896)

സർക്കാർ സർവീസിലെ ഉദ്യോഗങ്ങളിൽ നാട്ടുകാരായ തങ്ങൾക്കും അർഹമായ നിയമനം വേണം എന്ന ആവശ്യമുന്നയിച്ചുക്കൊണ്ട് 1896- സെപ്തംബറിൽ 13176 ഈഴവർ ഒപ്പിട്ട ഒരു ഭീമഹർജി മഹാരാജാവിന് സമർപ്പിച്ചു. ഇതാണ് ഈഴവ മെമ്മോറിയൽ. ജാതിയുടെ പേരിൽ തിരുവിതാംകൂർ സർവീസിൽ ഉദ്യോഗം നഷ്ടപ്പെട്ട ഡോ. പല്പു ഇതിന്റെ നേതൃത്വം ഏറ്റെടുത്തു. അഞ്ചുരൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങൾ ഈഴവർക്ക് നൽകിയിരുന്നില്ല. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട സ്വജാതീയർക്കുള്ള പരിഗണനയെങ്കിലും തങ്ങൾക്കു ലഭിക്കണം എന്നായിരുന്നു നിവേദനത്തിന്റെ ആവശ്യം. ഈ ആവശ്യത്തിനു ക്രിസ്ത്യാനികളും മുസ്ലീങ്ങളും ശക്തമായ പിന്തുണ നൽകി. അവർണ്ണജാതിക്കാർ സാമൂഹികനീതിക്കുവേണ്ടി തുടങ്ങാനിരുന്ന പ്രക്ഷോഭത്തിന്റെ മുന്നോടിയായി ഈഴവമെമ്മോറിയലിനെ കണക്കാക്കാം

> ▶ അർഹമായ ഉദ്യോഗനിയമനം എന്ന ആവശ്യം

## 4.2.10.3 എസ്.എൻ.ഡി.പി. (1903)

1903 മെയ് മാസം 15-ാം തിയ്യതിയാണ് എസ്.എൻ.ഡി.പി. രൂപംകൊണ്ടത്. യോഗത്തിന്റെ ഒന്നാമത്തെ വാർഷികസമ്മേളനം ശ്രീനാരായണഗുരുവിന്റെ സാന്നിധ്യത്തിൽ 1904-ൽ അരുവിപ്പുറത്തുവെച്ചു കൂടുകയുണ്ടായി. ഡോ. പല്പു, കുമാരനാശാൻ തുടങ്ങിയ മഹാരഥന്മാരാണ് എസ്.എൻ.ഡി.പി. യോഗത്തിന് നേതൃത്വം നൽകിയത്. ശ്രീനാരായണഗുരുവിന്റെ സന്ദേശം പ്രചരിപ്പിക്കുക, ഈഴവരുടെയും മറ്റു പിന്നാക്ക സമുദായങ്ങളുടെയും സാമൂഹികവും സാംസ്കാരികവുമായ ഉയർച്ച സാധ്യമാക്കുക എന്നിവയാണ് യോഗത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ. അവർ സമുദായത്തിനുള്ളിൽ മതപരമായ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തി. അയിത്തനിവാരണം, ജാതി നശീകരണം, മരുമക്കത്തായ പരിഷ്കരണം, താലികെട്ടു കല്യാണം, തിരണ്ടുകുളി തുടങ്ങിയ പാഴ്ചെലവു വരുത്തി വയ്ക്കുന്ന ആചാരങ്ങളുടെ നിഷ്കാസം എന്നിവ നടപ്പിലാക്കി. യോഗകാര്യങ്ങൾ പ്രതിപാദിക്കുന്നതിനായി ‘വിവേകോദയം’ എന്ന മുഖപത്രവും ആരംഭിച്ചു.

> ▶ സാമൂഹികവും സാംസ്കാരികവുമായ ഉയർച്ച

Remove Watermark Now

### 4.2.10.5 സാധുജന പരിപാലനസംഘം (1907) അയ്യൻകാളി (1863-1941)

1907 ലാണ് അയ്യൻകാളി എസ്. എൻ. ഡി. പി. യോഗത്തിന്റെ മാതൃകയിൽ സാധുജനപരിപാലനസംഘം ആരംഭിച്ചത്. സാധുജന പരിപാലനസംഘത്തിന്റെ പ്രവർത്തനപരിപാടിയിലെ മുഖ്യയിനം വിദ്യാലയപ്രവേശനസ്വാതന്ത്ര്യമായിരുന്നു. 'അധഃസ്ഥിതർക്കും വിദ്യാഭ്യാസം പ്രാപ്തമാക്കുക' എന്നതായിരുന്നു അയ്യൻകാളിയുടെ മുഖ്യമുദ്രാവാക്യം. സാധുജനപരിപാലന സംഘത്തിന്റെ മുഖപത്രമാണ് 'സാധുജനപരിപാലിനി'. 1938-ൽ സാധുജനസംഘത്തിന്റെ പേര് 'പുലയമഹാസഭ' എന്നാക്കി മാറ്റി. ക്ഷേത്രപ്രവേശന വിളംബരത്തിനനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനും ഉദ്യോഗസ്ഥനിയമനത്തിനും നിയമസഭാപ്രാതിനിധ്യത്തിനും അയ്യൻകാളിയും സാധുജനപരിപാലനസംഘവും നൽകിയ സംഭാവന നിസ്തുലമാണ്. 1905-ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ രൂപീകൃതമായ സംഘടനയുടെ പ്രവർത്തനകേന്ദ്രം വെങ്ങാനൂർ ആയിരുന്നു. പുരുഷന്മാരിൽ നിന്നു പ്രതിമാസം അരചക്രവും സ്ത്രീകളിൽനിന്നു കാൽച്ചക്രവും മാസവരിയായി ഈടാക്കിയിരുന്നു. ആ തുകകൊണ്ട് സ്വന്തം സ്ഥലം വാങ്ങി ഇവർ സമാന്തര കോടതികൾ കോടതികളുടെ എല്ലാ ചിട്ടകളും പാലിച്ചുകൊണ്ടു നടത്തി.സമുദായാംഗങ്ങൾക്കിടയിലെ തർക്കങ്ങൾ പരിഹരിച്ചു. സമാന്തരപള്ളിക്കൂടങ്ങൾ നടത്തി.

> ▶ അയ്യൻകാളി-സാധുജനപരിപാലനസംഘം ആരംഭിച്ചു

പത്തുകൊല്ലത്തെ പ്രവർത്തനം കൊണ്ട് പതിനേഴായിരം കുട്ടികളെ സ്കൂളിൽ ചേർത്തു. പുലയസ്ത്രീകൾ കല്ലും മാലയും അറുക്കാനുള്ള പ്രക്ഷോഭണത്തിന് നേതൃത്വം നൽകി. തിരുവനന്തപുരത്തെ വി. ജെ. ടി ഹാളിൽ വെച്ച് നടത്തിയിരുന്ന വാർഷിക സമ്മേളനങ്ങളിൽ ദിവാൻജി തുടങ്ങിയ പ്രമുഖരെ ക്ഷണിച്ചിരുന്നു. തിരുവിതാംകൂറിന്റെ പലഭാഗത്തും ശാഖകൾ സ്ഥാപിച്ചു പ്രവർത്തനം വ്യാപിപ്പിച്ചു. ശാഖാസെക്രട്ടറി കണക്കൻ എന്നറിയപ്പെട്ടിരുന്നു. ഇയാൾക്ക് പുറമെ ഓരോ ശാഖയിലും ഖജാൻജി, മാനേജർ, കരനാഥൻ എന്നിവർ ഭാരവാഹികൾ ആയിട്ടുണ്ടായിരുന്നു. ശാഖകളിൽ ഞായറാഴ്ച തോറും പൊതുയോഗവും ഭജനയും നടത്തിയിരുന്നു. ഓരോ ശാഖയ്ക്കും സന്നദ്ധസേന ഉണ്ടായിരുന്നു. മാനേജർമാർ ആയിരുന്നു സന്നദ്ധസേനയുടെ ക്യാപ്റ്റന്മാർ. പ്രധാന പിരിവിനങ്ങളിൽ ഒന്നു പിടിയരി ആയിരുന്നു. 1922-ൽ ചങ്ങനാശ്ശേരിയിൽ രണ്ട് ഏക്കർ സ്ഥലം പതിപ്പിച്ചെടുക്കാൻ സംഘത്തിനായി. സംഘത്തിന്റെ പ്രവർത്തകരിൽ ഒരാളായിരുന്ന പാമ്പാടി ജോൺ - പുലയരിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവരിൽ ഒരാൾ, ഇദ്ദേഹം പ്രജാസഭാംഗം-ചീഫ് അക്കൗണ്ടന്റ് ഓഫീസറായിരുന്ന ജ്ഞാന ജോഷ്വയുടെ സഹായത്തോടെ, ഇരവിപേരൂരിൽ പൊടിപ്പാറ എന്ന സ്ഥലത്തുവച്ചു ക്രിസ്തുമതം സ്വീകരിച്ച പുലയരുടെ സഭ രൂപീകരിച്ചു.

> ▶ 'അധഃസ്ഥിതർക്കും വിദ്യാഭ്യാസം പ്രാപ്തമാക്കുക'

### 4.2.10.4 എൻ.എസ്.എസ്. (1914)

മന്നത്തു പത്മനാഭനും അദ്ദേഹത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഉത്സാഹശാലികളായ ഒരു സംഘം യുവാക്കന്മാരും ചേർന്ന് 1914 ഒക്ടോബർ 31-ാം തീയതി സ്ഥാപിച്ചതാണ് നായർ സർവീസ്

Remove Watermark Now

സൊസൈറ്റി. ഗോപാലകൃഷ്ണ ഗോഖലെയുടെ 'സെർവെന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി' യുടെ മാതൃകയിലാണ് എൻ.എസ്. എസ്. സംഘടിപ്പിക്കപ്പെട്ടത്. കേരളീയ സമൂഹത്തെ, പ്രത്യേകിച്ച് നായർ സമുദായത്തെ പ്രത്യേകമായി സേവിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാനലക്ഷ്യം. തിരണ്ടുകുളി, താലികെട്ട് കല്യാണം, സംബന്ധവിവാഹം, മരുമക്കത്തായം മുതലായ ജീർണമായ ആചാരങ്ങൾ അവസാനിപ്പിക്കുക, കുടുംബസമ്പ്രദായത്തിന്റെ ദോഷങ്ങളിൽനിന്നു സമുദായത്തെ മോചിപ്പിക്കുക തുടങ്ങി അനേകം സാമൂഹികപരിഷ്കാരങ്ങൾക്ക് സൊസൈറ്റി ഫലപ്രദമായ നേതൃത്വം നൽകി. അയിത്തോച്ചാടനം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ എൻ. എസ്. എസ് സജീവമായ പ്രവർത്തനം നടത്തി.

▶ മന്നത്തു പത്മനാഭന്റെ നേതൃത്വം

### 4.2.10.6 പ്രത്യക്ഷ രക്ഷാദൈവസഭ

പൊയ്കയിൽ കുമാരഗുരുദേവൻ ആണ് പ്രത്യക്ഷരക്ഷാ ദൈവസഭയുടെ പിതാവ്. അടിമത്തത്തിനെതിരെയുള്ള പോരാട്ടത്തിൽ മുൻപന്തിയിൽ നിന്നിരുന്ന പൊയ്കയിൽ യോഹന്നാൻ പി. ആർ. ഡി. എസ്. (PRDS) സ്ഥാപിച്ചത് 1909 ലാണ്. ഈ മതപ്രസ്ഥാനത്തിലെ അനുയായികളും വിശ്വാസികളും കുമാരഗുരുദേവനെ ദൈവമായി വിശ്വസിക്കുന്നു. പി. ആർ. ഡി. എസിന്റെ ആസ്ഥാനം ഇരവിപേരൂർ ആണ്. പി. ആർ. ഡി. എസിന്റെ പ്രാർഥനകളും, ആരാധനകളും നടത്തുന്ന ആലയങ്ങളെ മന്ദിരങ്ങൾ എന്നാണ് വിളിക്കുന്നത്. പ്രത്യക്ഷരക്ഷാദൈവസഭയുടെ മാസികയാണ് 'ആദിയാർദീപം'. കൊല്ലവർഷം 1083 വൃശ്ചികം 22ന് കുമാരഗുരു കോട്ടയത്തിനടുത്തുള്ള വാകത്താനത്തെ ദളിത് അധിവാസമേഖലയായ മുക്കാലിക്കുന്നിൽ വലിയ യോഗങ്ങൾ ആരംഭിച്ചു. ഇതിന്റെ ഓർമയ്ക്കായി പി. ആർ. ഡി. എസ് വാകത്താനം ശാഖ കൊല്ലംതോറും യോഗങ്ങൾ നടത്തിവരാറുണ്ട്. കേരളത്തിലുണ്ടായ നവോത്ഥാന പ്രവർത്തനങ്ങളെ അതേപടി പിന്തുടരുന്ന സാമൂഹികവ്യതിയാനങ്ങളെ അധഃസ്ഥിതരുടെ പക്ഷത്തുനിന്നു കാണാനും വിലയിരുത്താനും ശ്രമിച്ചു എന്നതാണ് കുമാരഗുരുവിന്റെ നേട്ടം. കേരളത്തിലെ പൊതുനിരത്തുകളിൽ സഞ്ചാരസ്വാതന്ത്ര്യം പോലും കീഴാളർക്ക് നിഷേധിക്കപ്പെട്ട കാലത്ത് 1914-ൽ ലോകസമാധാനയാത്ര നടത്താൻ പ്രത്യക്ഷരക്ഷാദൈവസഭയ്ക്ക് കഴിഞ്ഞത് അവർ വിശ്വമാനവികതയിൽ അടിയുറച്ചു നിന്നതു കൊണ്ടാണ്.

▶ അടിമത്തത്തിനെതിരായ പോരാട്ടങ്ങൾ

iskysoft

Remove Watermark Now

## Summarised Overview

പാശ്ചാത്യരുടെ കടന്നുവരവ് കേരളീയ സമൂഹത്തിൽ പല സാമൂഹ്യമായ മാറ്റങ്ങൾക്കും കാരണമായി. അച്ചടിയുടെ ആവിർഭാവം മലയാളഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ മഹത്തരമാണ്. ഇത് വിദ്യാഭ്യാസ പ്രചരണത്തിന് വഴി തെളിച്ചു. സാമൂഹികവും വിദ്യാഭ്യാസപരവുമായ മണ്ഡലങ്ങളിൽ ഒട്ടേറെ ഉണർവുണ്ടായി. പത്രമാസികകളുടെ ആവിർഭാവത്തിന് തുടക്കമിട്ടു. മലയാളസാഹിത്യത്തിന്റെ വളർച്ചയ്ക്കും ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്കും പത്രമാസികകൾ വലിയ പങ്ക് വഹിച്ചു. യൂറോപ്യൻ ശക്തികളുടെ ആവിർഭാവം കേരളത്തിന്റെ സാമ്പത്തികരംഗത്ത് പുതിയ ഉണർവുണ്ടാക്കി. പോർച്ചുഗീസുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും സാംസ്കാരികവും രാഷ്ട്രീയവും സാമൂഹികവുമായ മേഖലകളിൽ കേരളത്തിൽ ഏറെ സ്വാധീനം ചെലുത്തി. സാമ്പത്തികപുരോഗതിയെ ശക്തിപ്പെടുത്തി. ഇംഗ്ലീഷുകാരുടെ സാംസ്കാരിക സ്വാധീനം നമ്മുടെ സംസ്കാരത്തെ ഇന്നും നയിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ പൊതുമണ്ഡലങ്ങളിലും വിദ്യാഭ്യാസത്തിലും പൊതുവ്യവഹാരത്തിലും കൊളോണിയലിസത്തിന്റെ സ്വാധീനം കാണാം. കൊളോണിയൽ കാലഘട്ടത്തിൽ വിദ്യാഭ്യാസം സാർവത്രികമായി. കൊളോണിയലിസത്തിന്റെ പുതിയ തുടർച്ചയാണ് ആഗോളീകരണം.

നവോത്ഥാനം മാനവരാശി കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ വിപ്ലവമായിരുന്നു. മാനവികത, സാഹോദര്യം, ജനാധിപത്യം, മതനിരപേക്ഷത, യുക്തിചിന്ത, ശാസ്ത്രബോധം, സാമൂഹ്യനീതി, സമത്വം എന്നിവയാണ് നവോത്ഥാനമൂല്യങ്ങൾ. സമൂഹത്തിൽ നിലനിന്നിരുന്ന ജാതി സമ്പ്രദായം, അനാചാരങ്ങൾ എന്നിവ മാറി മാനവികതയ്ക്ക് ഊന്നൽ നൽകുന്ന സാമൂഹ്യാവസ്ഥ രൂപപ്പെടാൻ തുടങ്ങി. നവോത്ഥാനസംഘടനകളുടെയും നവോത്ഥാനനായകരുടെയും പരിശ്രമഫലമായി ഒട്ടേറെ മാറ്റങ്ങൾ സാമൂഹ്യപരമായി ഉണ്ടായി. സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളോടനുബന്ധിച്ച് നടന്ന പ്രക്ഷോഭണങ്ങളിൽ പ്രധാനമാണ് അയിത്തോച്ചാടനം. അയിത്തനിവാരണം, ജാതിനശീകരണം, മരുമക്കത്തായ പരിഷ്കരണം, താലികെട്ടു കല്യാണം. തിരണ്ടുകുളി തുടങ്ങിയ പാഴ്ചെലവു വരുത്തി വയ്ക്കുന്ന ആചാരങ്ങളുടെ നിഷ്കാസനം എന്നിവയായിരുന്നു. പൗരോഹിത്യത്തിനും അന്ധവിശ്വാസങ്ങൾക്കും ധൂർത്തിനും അയിത്തത്തിനും ചൂഷണത്തിനുമെതിരെയുള്ള ഈ നവോത്ഥാന നായകരുടെ പരിശ്രമങ്ങൾ കേരളത്തിലെ സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കമിട്ടു.

സവർണ്ണസ്ത്രീകളുടേതുപോലെ വസ്ത്രം ധരിക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്കും ലഭിക്കാൻ വേണ്ടി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സമുദായക്കാർ നടത്തിയ സമരമാണ് ചാന്നാർ ലഹള. 'മേൽമുണ്ട്' സമരം (ശീലകലാപം) എന്നും ഇത് അറിയപ്പെടുന്നു. സമരത്തിനു ശേഷം 1859 ജൂലൈ 26 ന് ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഗവൺമെന്റ് ഒരു രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. തിരുവിതാംകൂറിൽ നടന്ന മറ്റൊരു പ്രതിഷേധ കൂട്ടായ്മയായിരുന്നു മലയാളി മെമ്മോറിയൽ. തിരുവിതാംകൂർ സർക്കാർ സർവീസിലെ ഉയർന്ന ഉദ്യോഗങ്ങൾ വിദ്യാഭ്യാസയോഗ്യതയുള്ള നാട്ടുകാർക്ക് നൽകണമെന്ന ആവശ്യമുന്നയിച്ച് 1891 ജനുവരി 1 ന് മഹാരാജാവിന് ഒരു ഭീമഹർജി സമർപ്പിച്ചു. ഇതേത്തുടർന്ന് ഉദ്യോഗങ്ങളിൽ അർഹമായ നിയമനം വേണം എന്ന ആവശ്യമുന്നയിച്ചുക്കൊണ്ട് 1896 സെപ്തംബറിൽ 13176 ഈഴവർ ഒപ്പിട്ട ഒരു ഭീമഹർജിയും മഹാരാജാവിന് സമർപ്പിച്ചു. അതാണ് ഈഴവ മെമ്മോറിയൽ.

സാമൂഹ്യനവോത്ഥാനം ലക്ഷ്യമാക്കി നിരവധി സമുദായ സംഘടനകൾ രൂപംകൊണ്ടു. ശ്രീ

Remove Watermark Now

നാരായണഗുരുവിന്റെ സന്ദേശം പ്രചരിപ്പിക്കുക, പിന്നാക്ക സമുദായങ്ങളുടെയും സാമൂഹിക വും സാംസ്കാരികവുമായ ഉയർച്ച സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് എസ്.എൻ. ഡി.പി. രൂപം കൊണ്ടത്. 'വിവേകോദയ'മായിരുന്നു മുഖപത്രം. അവർ സമുദായത്തിനുള്ളിൽ മതപരമായ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തി. അയിത്തനിവാരണം, ജാതിനശീകരണം, മരുമക്കത്തായ പരിഷ്കരണം, താലികെട്ടു കല്യാണം. തിരണ്ടുകുളി തുടങ്ങിയ ആചാരങ്ങളു ടെ നിഷ്കാസനം എന്നിവ നടപ്പിലാക്കി. മന്നത്തു പത്മനാഭൻ നേതൃത്വം നല്കി 1914-ൽ എൻ. എസ്. എസ്. സ്ഥാപിതമായി. നായർ സമുദായത്തെ സേവിക്കുക - തിരണ്ടുകുളി, താലികെട്ട് കല്യാണം, സംബന്ധവിവാഹം, മരുമക്കത്തായം മുതലായ ജീർണിച്ച ആചാരങ്ങൾ അവസാനി പ്പിക്കുക, കുടുംബവ്യവസ്ഥയുടെ ദോഷങ്ങളിൽനിന്നു സമുദായത്തെ മോചിപ്പിക്കുക എന്നിവ യായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം.

1907-ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ 'സാധുജനപരിപാലനയോഗം' സ്ഥാപിച്ചു. പിന്നീ ട് 1938-ൽ 'പുലയമഹാസഭ' എന്ന പേര് സ്വീകരിച്ചു. സാധുജന പരിപാലനസംഘത്തിന്റെ പ്രവർത്തനപരിപാടിയിലെ മുഖ്യയിനം വിദ്യാലയപ്രവേശന സ്വാതന്ത്ര്യമായിരുന്നു. 'അധഃസ്ഥി തർക്കും വിദ്യാഭ്യാസം പ്രാപ്തമാക്കുക' എന്നതായിരുന്നു അയ്യൻകാളിയുടെ മുഖ്യമുദ്രാവാ ക്യം. പത്തുകൊല്ലത്തെ പ്രവർത്തനം കൊണ്ട് പതിനേഴായിരം കുട്ടികളെ സ്കൂളിൽ ചേർത്തു. പുലയസ്ത്രീകൾ കല്ലുമാലയും അറുക്കാനുള്ള പ്രക്ഷോഭണത്തിന് നേതൃത്വം നൽകി. സാധു ജനപരിപാലന സംഘത്തിന്റെ മുഖപത്രമാണ് 'സാധുജനപരിപാലിനി'. അടിമത്തത്തിനെതിരെ യുള്ള പോരാട്ടത്തിൽ മുൻപന്തിയിൽ നിന്നിരുന്ന പൊയ്കയിൽ യോഹന്നാൻ പി.ആർ.ഡി.എസ്. (PRDS) സ്ഥാപിച്ചത് 1909ലാണ്. കേരളത്തിലുണ്ടായ നവോത്ഥാന പ്രവർത്തനങ്ങളെ അതേപടി പിന്തുടരുന്ന സാമൂഹികവ്യതിയാനങ്ങളെ അധഃസ്ഥിതരുടെ പക്ഷത്തുനിന്നു കാണാനും വില യിരുത്താനും ശ്രമിച്ചു എന്നതാണ് കുമാരഗുരുവിന്റെ നേട്ടം. 'ആദിയാർ ദീപം' ആണ് ഇതിന്റെ മുഖപത്രം. ഇന്നത്തെ കേരളരൂപീകരണത്തിൽ പാശ്ചാത്യർ മുതൽ നവോത്ഥാന സമരങ്ങളും സംഘടനകളും നവോത്ഥാന നായകരും വഹിച്ച പങ്ക് നിസ്തുലമാണ്.

# Assignments

1. കേരളത്തിലെ ക്രിസ്ത്യൻ മിഷനറിമാരുടെ സംഭാവനകൾ വിവരിക്കുക.
2. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പ്രചാരം സാധ്യമായതെങ്ങനെയെന്ന് കണ്ടെത്തുക.
3. കൊളോണിയൽ ആധുനികത ഉപന്യാസം തയാറാക്കുക.
4. മലയാളി, ഈഴവ മെമ്മോറിയലുകളെ കുറിച്ച് ഉപന്യസിക്കുക.
5. മിഷണറി പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ വിശദീകരിക്കുക.
6. കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ അയ്യൻകാളി വഹിച്ച പങ്ക് വിവരിക്കുക.
7. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക
8. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ അച്ചടിയുടെ പ്രചാരം സൃഷ്ടിച്ച മാറ്റങ്ങൾ എന്തെല്ലാം?
9. കേരളത്തിലെ നവോത്ഥാനനായകന്മാർ ജാതിവ്യവസ്ഥയ്ക്കെതിരേ നടത്തിയ പോരാട്ട ചരിത്രത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

Remove Watermark Now

## Suggested Readings


1. ഡോ. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എ.കെ. പൊതുവാൾ, കേരളത്തിലെ കർഷക സമരങ്ങൾ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
6. ഇ.എം.എസ്., കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
7. ഡോ. പി.എസ്. ശ്രീകല, നവോത്ഥാനത്തിന്റെ ഭാവുകത്വപരിസരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
8. രാജേഷ് കെ. എരുമേലി(എഡി), കേരളം നടന്ന വഴികൾ മൈത്രി ബുക്സ്, തിരുവനന്തപുരം.


## References


1. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
3. സ്കറിയ സക്കറിയ (എഡി), 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്. കോട്ടയം.
4. ഡോ. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠനഗവേഷണ കേന്ദ്രം, തൃശ്ശൂർ.

Remove Watermark Now

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft

# Unit 3

# നവോത്ഥാനനായകർ

## Learning Outcomes

- നവോത്ഥാനത്തെക്കുറിച്ചും നവോത്ഥാനനായകരെക്കുറിച്ചുമുള്ള അറിവ് നേടുന്നു
- കേരള നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ശ്രീനാരായണ ഗുരുവിന്റെ ആഹ്വാനങ്ങളും പ്രവർത്തനങ്ങളും മനസ്സിലാക്കുന്നു
- അധഃസ്ഥിതസമുദായങ്ങൾ അനുഭവിച്ചിരുന്ന അനീതിക്കെതിരെ ശക്തമായി പ്രതികരിച്ച അയ്യൻകാളിയുടെ പോരാട്ടങ്ങൾ വിലയിരുത്തുന്നു
- പ്രത്യക്ഷരക്ഷാ ദൈവസഭയുടെ സ്ഥാപകനായ പൊയ്കയിൽ അപ്പച്ചന്റെ നവോത്ഥാന ചിന്തകളെ ക്രോഡീകരിക്കുന്നു
- പൊയ്കയിൽ അപ്പച്ചൻ, മക്തി തങ്ങൾ, പാമ്പാടി ജോൺ ജോസഫ്, കുറുമ്പൻ ദൈവത്താൻ എന്നിവരുടെ സമുദായ പരിഷ്കരണ പ്രവർത്തനങ്ങൾ ഗ്രഹിക്കുന്നു

## Background

കേരളീയ നവോത്ഥാനം പലവിധത്തിലുള്ള പുനരാലോചനകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. നവോത്ഥാനത്തിന്റെ പ്രതിസന്ധികൾ എന്തായിരുന്നെന്നും വെല്ലുവിളികൾ എത്രത്തോളമുണ്ടായിരുന്നെന്നും നവോത്ഥാനം ആരുടെയൊക്കെ ജീവിതത്തിലാണ് മാറ്റമുണ്ടാക്കാതിരുന്നതെന്നും അതിന്റെ പരിമിതികൾ എന്തെല്ലാമായിരുന്നെന്നുമുള്ള അന്വേഷണങ്ങൾ ഇന്നും തുടരുന്നു.

ജാതിവ്യവസ്ഥതിയുടെ അന്ധതയിൽ ജീവിച്ച ഒരു സമൂഹമായിരുന്നു കേരളം. കേരളത്തെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മോചിപ്പിക്കാനാണ് നവോത്ഥാനവും, നവോത്ഥാനനായകരും ശ്രമിച്ചത്. 1988-ൽ ശ്രീനാരായണഗുരു നടത്തിയ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠയാണ് കേരളീയ നവോത്ഥാനത്തിന് ആധികാരികമായ തുടക്കം കുറിച്ചത്. സമുദായങ്ങളെ പരിഷ്കരിക്കാൻ നവോത്ഥാനനായകർ ശ്രമിച്ചു. എസ്.എൻ.ഡി.പി, എൻ. എസ്. എസ്, യോഗക്ഷേമസഭ, സാധുജനപരിപാലനസംഘം തുടങ്ങിയ സംഘടിതരൂപം പ്രാപിച്ച പ്രവർത്തനങ്ങൾ നാവോത്ഥാനത്തെ സഹായിച്ചു. പാശ്ചാത്യബന്ധങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം എന്നിവ നവോത്ഥാനത്തിന് വളർച്ച നല്കി. ജാതി - ജന്മി - മത മേധാവിത്വത്തോടും അതിന്റെ ആശയലോകത്തോടും തിരുത്തലുകൾ പ്രഖ്യാപിച്ച നവോത്ഥാന പ്രസ്ഥാനമാണ് കേരളത്തെ പുതിയ ജനാധിപത്യമതനിരപേക്ഷ സമൂഹമായി വളർത്തിയത്. സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്ന തൊഴിലാളികളുടെ ഉയിർത്തെഴുന്നേൽപ്പും സാംസ്കാരിക മുന്നേറ്റങ്ങളും സമരങ്ങളും നവോത്ഥാന പ്രക്രിയയെ സ്വാധീനിച്ചു.



Remove Watermark Now
iSkysoft

ശ്രീനാരായണഗുരു അയിത്തത്തിനും അന്ധവിശ്വാസങ്ങൾക്കും സാമൂഹിക അനാചാരങ്ങൾക്കുമെതിരെ ശബ്ദമുയർത്തി എസ്.എൻ.ഡി.പി. സ്ഥാപിച്ചു. അനാചാരങ്ങളെ ഇല്ലാതാക്കുക, വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുക എന്നിവയായിരുന്നു ഗുരുവിന്റെ ലക്ഷ്യം. അദ്വൈതദർശനത്തിലധിഷ്ഠിതമാണ് ഗുരുവിന്റെ ചിന്താപദ്ധതി. തിരുവിതാംകൂറിലെ ഏറ്റവും ശക്തനായ നവോത്ഥാന നായകനായിരുന്നു അയ്യൻകാളി. അയിത്തത്തിനും അനാചാരത്തിനുമെതിരെ ആശയങ്ങൾക്കപ്പുറം ഏറ്റുമുട്ടലിന്റെ പാതകൂടി അദ്ദേഹം സ്വീകരിച്ചു. അധഃസ്ഥിതസമുദായങ്ങൾ അനുഭവിച്ചിരുന്ന അനീതികൾക്കെതിരെ ശക്തമായി പ്രതികരിച്ചു. സാധുജനപരിപാലനസംഘം സ്ഥാപിച്ചു. പരിഷ്കൃതവേഷങ്ങൾ ധരിക്കാനും വിദ്യാഭ്യാസം നേടാനുമായി അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ കേരളചരിത്രത്തിലെ മറക്കാനാവാത്ത സംഭവങ്ങളാണ്. 1914-ൽ ശ്രീമൂലം പ്രജാസഭയിൽ അയ്യൻകാളി അംഗമായി. പൊയ്കയിൽ കുമാരഗുരു അഥവാ പൊയ്കയിൽ അപ്പച്ചൻ മറ്റൊരു നവോത്ഥാന നായകനായിരുന്നു. അദ്ദേഹം അധ:സ്ഥിതരുടെ പക്ഷത്തു നിന്നുകൊണ്ട് അവരുടെ ജീവിതാവസ്ഥകളെ വിലയിരുത്താൻ ശ്രമിച്ചു. പ്രത്യക്ഷരക്ഷാ ദൈവസഭയുടെ സ്ഥാപകൻ അദ്ദേഹമായിരുന്നു. ഈയൊരവസരത്തിൽ മുസ്ലീം സമുദായത്തെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികമായും പുനരുദ്ധരിക്കാർ മുന്നോട്ടുവന്ന നവോത്ഥാനനായകനാണ് മക്തിതങ്ങൾ. മുസ്ലീംസമുദായത്തിലെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലായ്മ ചെയ്യാനും സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായി മുസ്ലീംസമുദായത്തെ ഉയർത്താനും മക്തിതങ്ങൾ പ്രവർത്തിച്ചു. 'തുർക്കി സമാചാരം' എന്ന പത്രം പ്രസിദ്ധം ചെയ്തു. ചേരമർ മഹാസഭയുടെ സ്ഥാപകനാണ് പാമ്പാടി ജോൺ ജോസഫ്. 'ഗോത്രപരമായി സംഘടിക്കൂ മതപരമായി അല്ല' എന്നതാണ് ചേരമർ മഹാസഭയുടെ മുദ്രാവാക്യം. 'സാധുജനദൂതൻ' എന്ന മാസികയും ആരംഭിച്ചു. 1931-ൽ ശ്രീമൂലം പ്രജാസഭയിൽ അംഗമായി. കുറുമ്പൻ ദൈവത്താൻ ദളിതരുടെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ചു. ഹിന്ദു പുലയസമാജത്തിന്റെ സ്ഥാപകനായിരുന്നു

ഇന്നത്തെ കേരളസമൂഹത്തെ രൂപപ്പെടുത്തുന്നതിൽ ഈ നവോത്ഥാന നായകരും സാമൂഹ്യപരിഷ്കർത്താക്കളും നവോത്ഥാനപ്രസ്ഥാനങ്ങളും സമുദായ സംഘടനകളും വളരെയേറെ പ്രയത്നിച്ചിട്ടുണ്ട്. അവരുടെ നിസ്തുല സേവനങ്ങളുടെ ആകെത്തുകയാണ് ഇന്നത്തെ കേരളം.

## Key themes

സമുദായ സങ്കല്പങ്ങൾ-പരിഷ്കരണ പ്രസ്ഥാനങ്ങൾ-വൈകുണ്ഠസ്വാമികൾ-ചട്ടമ്പി സ്വാമികൾ-ശ്രീനാരായണ ഗുരു-അയ്യൻകാളി-പൊയ്കയിൽ കുമാരഗുരു-മക്തിതങ്ങൾ-പാമ്പാടി ജോൺ ജോസഫ്-കുറുമ്പൻ ദൈവത്താൻ-ഗുരുദർശനം-നൈതികവിപ്ലവം.

Remove Watermark Now

# Discussion

## 3.3.1 സമുദായം എന്ന സങ്കൽപം

പതിനെട്ട്-പത്തൊമ്പത് നൂറ്റാണ്ടുകളിലെ കേരളീയ സമുദായത്തിന്റെ മുഖ്യസവിശേഷത അതിരൂക്ഷമായ ജാതിവ്യവസ്ഥിതി ആയിരുന്നു. തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും അധികാരം കേന്ദ്രീകരിക്കപ്പെട്ടു. മലബാർ ബ്രിട്ടീഷുകാരുടെ അധീനതയിൽ ആയിരുന്നെങ്കിലും ഉയർന്നജാതിക്കാരുടെ വിശേഷാവകാശങ്ങൾക്കു കുറവൊന്നും സംഭവിച്ചിരുന്നില്ല. ഉയർന്നവർഗക്കാർ മാപ്പിളമാരെയും, ഈഴവർ തുടങ്ങിയ കുടിയാൻ വർഗത്തെയും ക്രൂരമായി മർദിച്ചുപോന്നു. ബ്രിട്ടീഷ് ഭരണാധികാരികളുടെ കീഴിൽ പ്രഭുക്കന്മാരും ജന്മികളും കൂടുതൽ ശക്തി പ്രാപിച്ചു.

▶ അതിരൂക്ഷമായ ജാതിവ്യവസ്ഥ

അന്നത്തെ നിയമം എല്ലാവർക്കും ഒരുപോലെ ആയിരുന്നില്ല. ഉയർന്ന ജാതിക്കാർ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. വധശിക്ഷ ബ്രാഹ്മണർക്ക് ബാധകമായിരുന്നില്ല. എന്നാൽ താണജാതിക്കാരെ സംബന്ധിച്ച് ശിക്ഷകൾ അങ്ങേയറ്റം കഠിനമായിരുന്നു. മോഷണം, ഗോവധം എന്നിവയ്ക്കുപോലും വധശിക്ഷയാണവർക്ക് ലഭിച്ചിരുന്നത്. ആനയെക്കൊണ്ട് കൊല്ലിക്കുക, പീരങ്കി വായിൽക്കെട്ടി നിറയൊഴിക്കുക, ചിത്രവധം ചെയ്യുക എന്നിവയും സാധാരണമായിരുന്നു. ഭരണാധികാരികളുടെ സമ്മതത്തോടെ ഹരിജനങ്ങളും മറ്റും ക്രൂരമായ മർദ്ദനത്തിനിരയായി. പത്തൊമ്പതാം ശതകത്തിന്റെ ആരംഭത്തിൽപ്പോലും അടിമസമ്പ്രദായം കേരളത്തിൽ പ്രാകൃതമായ രീതിയിൽ നിലനിന്നിരുന്നു. കന്നുകാലികളെപ്പോലെ അടിമകളെ ക്രയവിക്രയം ചെയ്തിരുന്നു. സാമൂഹിക ജീവിതത്തിന്റെ സൗകര്യങ്ങൾ ഒന്നും അവർ അറിഞ്ഞിരുന്നില്ല. ഈഴവർ ഉൾപ്പെടെയുള്ള താണജാതിയിലെ സ്ത്രീകൾ റൗക്ക ധരിക്കാൻ പാടില്ലെന്നായിരുന്നു നിയമം. എന്തെങ്കിലും കാരണം പറഞ്ഞു സമുദായങ്ങളുടെ മേൽ നികുതി ചുമത്തുക പതിവായിരുന്നു. പൊതുനിരത്തുകൾ ഉപയോഗിക്കാനോ, അരയ്ക്കുമേൽ വസ്ത്രം ധരിക്കാനോ, അവർക്ക് അവകാശമുണ്ടായിരുന്നില്ല. മഴയത്തുപോലും കുടചൂടാനുള്ള അവകാശം അന്നുണ്ടായിരുന്നില്ല. മരുമക്കത്തായം, ശൈശവവിവാഹം എന്നിവയും അന്ന് നിലനിന്നിരുന്നു.

▶ എല്ലാവർക്കും ഒരേപോലെ അല്ലാത്ത നിയമം

## 3.3.2 മതപരവും സാമൂഹികവുമായ പരിഷ്കരണ പ്രസ്ഥാനങ്ങൾ

20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കേരളത്തിൽ ശക്തമായ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ആരംഭിച്ചു. ആര്യസമാജം, ബ്രഹ്മവിദ്യാസംഘം മുതലായ സംഘടനകളുടെ നേതൃത്വത്തിൽ ശക്തിയാർജിച്ച ഹിന്ദുമത പരിഷ്കരണ പ്രസ്ഥാനങ്ങൾ ജാതി സമ്പ്രദായത്തിന്റെ ദോഷങ്ങളെക്കുറിച്ച് കേരളീയ ഹിന്ദുക്കളെ ബോധവാന്മാരാക്കി. 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ കേരളത്തിൽ സാമൂഹികവും മതപരവുമായ പരിഷ്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു വന്നു. അയിത്തനിവാരണം, ജാതി നശീകരണം, മരുമക്കത്തായ പരിഷ്കരണം, താലികെട്ട് കല്യാണം, തിരണ്ടുകുളി തുടങ്ങിയ പാഴ്

Remove Watermark Now

> ▶ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പുറന്തള്ളുക

ചെലവു വരുത്തിവെയ്ക്കുന്ന ആചാരങ്ങളെ പുറന്തള്ളുകയായിരുന്നു ഈ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ. മതപരിഷ്കരണ പ്രസ്ഥാനങ്ങൾ ഏറെയും കേരളത്തിൽ തന്നെ ഉടലെടുത്തവയാണ്.

### 3.3.2.1 വൈകുണ്ഠസ്വാമികൾ

മഹാവിഷ്ണുവിന്റെ അവതാരമാണ് താനെന്ന് സ്വയം വിശ്വസിച്ചിരുന്ന നവോത്ഥാന നായകനാണ് വൈകുണ്ഠ സ്വാമികൾ (1809-1851). കന്യാകുമാരി ജില്ലയിൽ സ്വാമിത്തോപ്പിൽ ജനിച്ച അദ്ദേഹത്തിന്റെ ആദ്യപേര് മുത്തുക്കുട്ടി എന്നായിരുന്നു. മൃഗബലി, വിഗ്രഹാരാധന എന്നിവയെ എതിർക്കുകയും എല്ലാ മനുഷ്യരും ഒന്നാണ് എന്ന സമഭാവന പുലർത്തുകയും ചെയ്ത നവോത്ഥാനനായകനാണിദ്ദേഹം. സമത്വസമാജം എന്ന കേരളത്തിലെ ആദ്യത്തെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിനു രൂപം കൊടുത്തത് ഇദ്ദേഹമാണ്. 1834-ൽ സ്വാമിത്തോപ്പ് ശുചീന്ദ്രത്താണ് സമത്വസമാജം ആരംഭിച്ചത്. ജാതീയമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന കാലത്ത് മനുഷ്യരെല്ലാം സമന്മാരാണെന്ന ബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമത്വസമാജം ഉയർന്നുവന്നത്. മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ തിരുവിതാംകൂർ മഹാരാജാവായിരുന്ന സ്വാതിതിരുനാളിന് പരാതി നൽകുകയും വേല ചെയ്താൽ കൂലി കിട്ടണം എന്ന മുദ്രാവാക്യം ഉയർത്തുകയും ചെയ്തു. മേൽജാതിക്കാർ മാത്രം ധരിച്ചിരുന്ന തലപ്പാവ് ധരിക്കാൻ അദ്ദേഹം തന്റെ അനുയായികളോട് നിർദ്ദേശിച്ചു. എല്ലാ മനുഷ്യരിലും ദൈവം വിളങ്ങുന്നു എന്ന് ഉദ്ഘോഷിച്ചിരുന്ന അദ്ദേഹം ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തി. സ്വാമിത്തോപ്പിലെ തന്റെ വാസസ്ഥലത്ത് കണ്ണാടി പതിപ്പിച്ച് അതിൽ തലപ്പാവ് ധരിച്ചുകൊണ്ടു നോക്കുന്ന ബിംബത്തെ ആരാധിക്കാൻ അദ്ദേഹം അനുയായികളോട് പറഞ്ഞു. എല്ലാ ജാതിക്കാരെയും ഒരുമിച്ചിരുത്തി സമപന്തിഭോജനം നടത്തിയ അദ്ദേഹം ജന്മിമാർക്ക് അന്യായപ്പാട്ടം കൊടുക്കരുതെന്ന് കർഷകരോട് നിർദ്ദേശിച്ചു. ശുചീന്ദ്രംക്ഷേത്രത്തിലെ രഥത്തിന്റെ കയർ പരസ്യമായി വലിച്ച് ആചാരലംഘനം നടത്തിയ അദ്ദേഹം ചാന്നാർ ലഹളയ്ക്ക് പ്രചോദനം നൽകിയവരിൽ പ്രധാനിയാണ്. തിരുവിതാംകൂർ ഭരണത്തെ നീചഭരണം എന്നും രാജാവിനെ കറുത്ത പിശാച് എന്നും അദ്ദേഹം വിളിച്ചു. ബ്രിട്ടീഷ് ആധിപത്യത്തെ വെള്ള നീചന്റെ ഭരണം എന്നും വെളുത്ത പിശാച് എന്നും വിളിച്ചിട്ടുണ്ട്. സ്വാതിതിരുനാളിന്റെ കാലത്ത് ഇദ്ദേഹത്തെ ജയിലിൽ അടച്ചിരുന്നു. ശിങ്കാരത്തോപ്പ് എന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തെ തടവിൽ പാർപ്പിച്ചത്. തൈക്കാട് അയ്യാവിന്റെ ആവശ്യപ്രകാരമാണ് അദ്ദേഹത്തെ തടവിൽനിന്ന് രാജാവ് മോചിപ്പിച്ചതെന്ന് പറയപ്പെടുന്നു. വിശുദ്ധിയോടുകൂടി ചിട്ടയായ ജീവിതം നയിക്കാൻ അദ്ദേഹം ആരംഭിച്ച കൂട്ടായ്മയാണ് തുവയൽപന്തി കൂട്ടായ്മ. തുവയൽപന്തി കൂട്ടായ്മയിൽ എല്ലാ ജാതിക്കാർക്കും സന്യാസം സ്വീകരിക്കാൻ അവസരമുണ്ടായിരുന്നു. നിശാപാഠശാലകൾ നിർമിച്ച് വയോജന വിദ്യാഭ്യാസം എന്ന ആശയം ആദ്യമായി നടപ്പിലാക്കിയത് ഇദ്ദേഹമാണ്. "ജാതി ഒന്ന്, മതം ഒന്ന്, ദൈവം ഒന്ന്, കുലം ഒന്ന്, നീതി ഒന്ന്" എന്നത് ഇദ്ദേഹത്തിന്റെ വചനമാണ്.

iSkysoft

Remove Watermark Now

അയ്യാവൈകുണ്ഠസ്വാമികൾ സ്ഥാപിച്ച ക്ഷേത്രങ്ങൾ നിഴൽതാങ്കൾ എന്നപേരിലാണ് അറിയപ്പെടുന്നത്. മുന്തിരിക്കിണർ/സ്വാമിക്കിണർ എന്നൊക്കെ അറിയപ്പെടുന്ന കിണർ നിർമ്മിച്ചത് അദ്ദേഹമാണ്. 'അരുൾനൂൽ', 'അകിലത്തിരട്ട്' എന്നിവയാണ് വൈകുണ്ഠസ്വാമിയുടെ പ്രധാനകൃതികൾ.

- ▶ അനീതിയ്ക്കും അവഗണനയ്ക്കുമെതിരെ

## 3.3.2.2 ചട്ടമ്പി സ്വാമികൾ (1853 - 1924)

തിരുവനന്തപുരത്ത് കണ്ണൻമൂലയിലുള്ള കൊല്ലൂർ ഗ്രാമത്തിൽ വാസുദേവശർമ്മയുടെയും തിരുനങ്കയുടെയും മകനായി ജനിച്ച അദ്ദേഹത്തിന്റെ ശരിയായ പേര് അയ്യപ്പൻ എന്നായിരുന്നെങ്കിലും കുഞ്ഞൻ എന്ന വിളിപ്പേരിലാണ് പിന്നീട് അറിയപ്പെട്ടത്. ദാരിദ്ര്യംമൂലം വിദ്യാഭ്യാസം തടസ്സപ്പെട്ടെങ്കിലും സംസ്കൃതം മറഞ്ഞുനിന്നു കേട്ടുപഠിച്ചു. പേട്ടയിൽ രാമൻപിള്ള ആശാന്റെ പാഠശാലയിൽ ചേർന്ന് പഠിക്കുമ്പോൾ സ്വഭാവശുദ്ധിയിലും പഠനത്തിലുമുള്ള മികവുകൊണ്ട് ചട്ടമ്പി (മോണിറ്റർ) എന്നറിയപ്പെട്ടു. തൈക്കാട് അയ്യാവിൽനിന്ന് ഹഠയോഗവും സ്വാമിനാഥദേശികരിൽനിന്ന് തമിഴും തത്വശാസ്ത്രവും വശമാക്കി. സുബ്ബജടാപാഠികൾ എന്ന പരദേശപണ്ഡിതൻ 'ജ്ഞാനപ്രജാരക സഭ'യിൽ നടത്തിയ വേദഭാഷണം കേൾക്കാനിടയായ കുഞ്ഞൻ ചട്ടമ്പി അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. അദ്ദേഹത്തിൽ നിന്ന് സംസ്കൃതത്തിലെ ഉപരിപാഠങ്ങളും വേദോപനിഷത്തുക്കൾ, ശാസ്ത്രങ്ങൾ, യോഗവിദ്യ എന്നുതുടങ്ങി എല്ലാ വിജ്ഞാനവും നാലുവർഷംകൊണ്ടു പഠിച്ചു. അമ്മയുടെ മരണത്തിനുശേഷം നാട്ടിൽനിന്ന് ലൗകിക ബന്ധങ്ങൾ ഉപേക്ഷിച്ചു ദേശാടനത്തിനിറങ്ങി. ദക്ഷിണഭാരതം മുഴുവൻ സഞ്ചരിച്ച് ബഹുമുഖമായ പാണ്ഡിത്യം നേടിയിട്ടും അറിയേണ്ടത് അറിഞ്ഞില്ല എന്ന തോന്നൽ അദ്ദേഹത്തെ അസ്വസ്ഥനാക്കി. അക്കാലത്ത് നാഗർകോവിലിൽ വെച്ച് അജ്ഞാതനായ യോഗിയെ കണ്ടുമുട്ടി. അദ്ദേഹത്തിൽ നിന്ന് ആത്മവിദ്യോപദേശം സ്വീകരിക്കുകയും അങ്ങനെ കുഞ്ഞൻ ചട്ടമ്പി ചട്ടമ്പിസ്വാമികൾ ആയി മാറുകയും ചെയ്തു.

- ▶ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നീക്കം ചെയ്യണം

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ചാതുർവർണ്ണ്യവ്യവസ്ഥയുടെ ദൂഷ്യഫലങ്ങൾ നിറഞ്ഞുനിന്ന ഒരു കാലഘട്ടമായിരുന്നു അത്. മനുഷ്യനെ മനുഷ്യരിൽനിന്ന് അകറ്റിനിർത്തുകയും ദൃഷ്ടി പതിഞ്ഞാൽ പോലും ദോഷമെന്നു കരുതി മാറ്റി നിർത്തുകയും ചെയ്തുവന്ന കാലം. ജാതിശ്രേണിയുടെ തലപ്പത്ത് നിന്നിരുന്ന ബ്രാഹ്മണ സമുദായത്തിനു നേരെയുള്ള ആദ്യ ശബ്ദം ചട്ടമ്പിസ്വാമിയുടേതായിരുന്നു. അബ്രാഹ്മണർക്ക് വേദം പഠിക്കാൻ അനുവാദമില്ലെന്ന നിലപാടിനെ സ്വാമികൾ ചോദ്യം ചെയ്യുകയും അതിന്റെ പൊള്ളത്തരത്തെ തുറന്നുകാട്ടുകയും ചെയ്തു. ഹിന്ദുമതത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തുറന്നു കാട്ടുകയും അതിലെ മാലിന്യങ്ങളെ തുടച്ചുമാറ്റാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുകയും ചെയ്തു. ഇതിലൂടെ കേരളത്തിൽ സാമൂഹ്യപരിഷ്കരണത്തിനുള്ള പശ്ചാത്തലം ഒരുക്കിയതും ചട്ടമ്പിസ്വാമികളാണ്. ചട്ടമ്പി സ്വാമിയുടെ വേദാന്ത ചർച്ചകളും മറ്റും സാമൂഹികസമത്വത്തിനും മനുഷ്യസാഹോദര്യത്തിനുമാണ് മുൻതൂക്കം നൽകിയത്. മതങ്ങളുടെ അടിസ്ഥാനതത്വങ്ങൾ എടുത്തുകാട്ടി

Remove Watermark Now

▶ സാമൂഹിക സമത്വത്തിനും മനുഷ്യസാഹോദര്യത്തിനും മുൻതൂക്കം

അവയുടെ ഏകസ്വഭാവത്തെ സമർഥിക്കുകയാണ് ചട്ടമ്പിസ്വാമികൾ ചെയ്തത്. ചട്ടമ്പി സ്വാമികൾ തികഞ്ഞ കലാകാരൻ കൂടിയായിരുന്നു. 'ആദിഭാഷ', 'പ്രാചീനമലയാളം', 'അദ്വൈതചിന്താപദ്ധതി', 'ക്രിസ്തുമതഛേദനം', 'വേദാന്തസാഗരം', 'വേദാധികാരനിരൂപണം' എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. 1924 മെയ് 5നു അദ്ദേഹം പന്മനയിൽ വെച്ച് സമാധിയായി.

### 3.3.2.3 ശ്രീനാരായണഗുരു (1856-1928)

ശ്രീനാരായണഗുരു പിന്നാക്ക സമുദായ ഉന്നമനത്തിന് ചെലുത്തിയ സ്വാധീനശക്തി കേരളത്തിന്റെ സാമൂഹികപരിഷ്കരണത്തിന് വളരെയധികം നിർണ്ണായകമായി. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന മുദ്രാവാക്യത്തിലൂടെ മനുഷ്യസാഹോദര്യത്തിന്റെ സന്ദേശമാണ് അദ്ദേഹം ഉയർത്തിക്കാട്ടിയത്. "വിദ്യ കൊണ്ട് പ്രബുദ്ധരാകുവിൻ" എന്ന ആഹ്വാനത്തിലൂടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി. ഗുരു ഭാരതത്തിലുടനീളം സഞ്ചരിക്കുകയും തൈക്കാട് അയ്യാവിനെക്കണ്ട് ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. ആരാധനാസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട അധഃസ്ഥിതർക്ക് അത് നേടിക്കൊടുക്കണമെന്ന തീരുമാനവുമായി അരുവിപ്പുറത്തെ ഗുഹയിൽ അദ്ദേഹം ധ്യാനനിരതനായി. 1888- ൽ ഒരു ശിവരാത്രി ദിവസം ഗുരു ആറ്റിൽ മുങ്ങി ഒരു പാറക്കല്ലെടുത്ത് ശിവലിംഗമായി പ്രതിഷ്ഠിച്ചു. കേരളത്തിന്റെ സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക മേഖലകളിൽ ഒരു പുതുയുഗപ്പിറവിയായിരുന്നു ഈ സംഭവം. ബ്രാഹ്മണമേധാവിത്വം നിലനിന്നിരുന്ന കാലത്താണ് ഗുരു അരുവിപ്പുറം പ്രതിഷ്ഠനടത്തിയത്. അധഃസ്ഥിതനു പ്രതിഷ്ഠ നടത്താനുള്ള അവകാശത്തെ ചോദ്യം ചെയ്ത ബ്രാഹ്മണപൗരോഹിത്യത്തോടുള്ള മറുപടി അധഃസ്ഥിതരുടെ അവകാശങ്ങളെ ബോധ്യപ്പെടുത്തുന്നതായിരുന്നു. തുടർന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലും ഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ച് ഈ അവകാശങ്ങളെ സ്ഥാപിച്ചെടുത്തു. ജാതീയമായ അനാചാരങ്ങൾ ഏറ്റവും പ്രകടമായിരുന്ന കാലത്താണ് ഗുരു എത്രമാത്രം വിപ്ലവകരമായ മുന്നേറ്റമാണ് നടത്തിയിരുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. അയിത്തത്തിനെതിരെയായിരുന്നു ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠ.

▶ അവകാശങ്ങളെക്കുറിച്ചു ബോധ്യപ്പെടുത്തി

സാമൂഹിക സാമുദായിക പരിഷ്കരണം ലക്ഷ്യമാക്കി 1903-ൽ എസ്.എൻ.ഡി.പി. (ശ്രീനാരായണധർമ്മപരിപാലനയോഗം) അദ്ദേഹം സ്ഥാപിച്ചു. അനാചാരങ്ങളെ ഇല്ലാതാക്കുക, വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുക എന്നിവയായിരുന്നു എസ്.എൻ.ഡി.പി.യുടെ ലക്ഷ്യം. ശിവഗിരിയിലും തലശ്ശേരിയിലും കോഴിക്കോട്ടും ഉൾപ്പെടെ പല ക്ഷേത്രങ്ങളും ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടു. എന്നാൽ ഒരുഘട്ടം കഴിഞ്ഞപ്പോൾ ഗുരു, "ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്. ഇനി ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ ശ്രമിക്കണം, അവർക്കറിവുണ്ടാകട്ടെ, അതുതന്നെയാണ് അവരെ നന്നാക്കാനുള്ള മരുന്ന്" എന്നിങ്ങനെ അഭിപ്രായപ്പെട്ടു. ഈ സന്ദേശം ഉൾക്കൊണ്ടാണ് പിന്നീട് എസ്.എൻ. ട്രസ്റ്റ് രൂപീകരിക്കുകയും അതിനു കീഴിൽ സ്കൂളുകളും കോളേജുകളും ആരംഭിക്കുകയും ചെയ്തത്. കേരളത്തിലെ വിദ്യാഭ്യാസപുരോഗതിയിൽ ഈ സ്ഥാപന

▶ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

Remove Watermark Now

ങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്.

അദ്വൈതദർശനമാണ് നാരായണഗുരുവിലെ ആത്മീയവാദിയെ സ്വാധീനിച്ചത്. ആത്മാവിന്റെ ഏകത്വം മാത്രമല്ല, മനുഷ്യസമത്വത്തിന്റെ ഏകത്വത്തെക്കുറിച്ചും അദ്ദേഹം ചിന്തിച്ചു. മൃഗബലി തുടങ്ങിയ അനാചാരങ്ങളേയും താലികെട്ട് കല്യാണം, തിരണ്ടുകുളി തുടങ്ങിയ സാമൂഹികാചാരങ്ങളെയും അദ്ദേഹം വിമർശിച്ചു. ഈഴവരുടെ വിവാഹസമ്പ്രദായത്തിലും മാറ്റങ്ങൾ വരുത്തി. വരനും വധുവും അഭിമുഖമായിരുന്നു പരസ്പരം മാലയിടുന്ന വിവാഹസമ്പ്രദായം ഈഴവരുടെ ഇടയിൽ നടപ്പിലാക്കിയത് അദ്ദേഹമാണ്. ഈഴവരുടെ കുലത്തൊഴിലായ ചെത്ത് നിർത്തണമെന്നും പകരം വ്യവസായസംരംഭങ്ങളിലോ ബുദ്ധിപരമായ പ്രവർത്തനങ്ങളിലോ ഏർപ്പെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. 1925-ൽ കേരളത്തിൽ ആദ്യത്തെ സർവമതസമ്മേളനം ആലുവയിൽ വിളിച്ചുകൂട്ടിയത് ഗുരുവായിരുന്നു. 'വിദ്യകൊണ്ട് സ്വതന്ത്രരാവുക', 'സംഘടിച്ചു ശക്തരാവുക', 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'മദ്യം വിഷമാണ് അതുണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത്', 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്നിങ്ങനെയുള്ള ഗുരുവചനങ്ങൾ നിരവധി സാമൂഹ്യ പരിവർത്തനങ്ങൾക്ക് പ്രേരണ നൽകി. സംസ്കൃതം, മലയാളം, തമിഴ് എന്നീ മൂന്നു ഭാഷകളിലായി അമ്പതിലധികം ഗദ്യപദ്യകൃതികൾ ഗുരു രചിച്ചു. സ്തോത്രങ്ങൾ, വെളിപാടുകൾ, ആധ്യാത്മിക തത്വാവിഷ്കാരങ്ങൾ എന്നിങ്ങനെ അവയെ തിരിക്കാം. അവയിൽ പഞ്ചകങ്ങളും അഷ്ടകങ്ങളും ദശകങ്ങളും ശതകങ്ങളുമുണ്ട്.

> ▶ അദ്വൈതദർശനത്തിലധിഷ്ഠിതമായ ചിന്താപദ്ധതി

## 3.3.2.4 അയ്യൻകാളി (1863-1941)

ആധുനികകാലത്തെ പ്രധാനപ്പെട്ട സാമൂഹിക പരിഷ്കർത്താവാണ് അയ്യൻകാളി. ആശയങ്ങൾ കൊണ്ടു മാത്രമല്ല, ഏറ്റുമുട്ടലുകളുടെ ഒരു നീണ്ട ചരിത്രം സൃഷ്ടിച്ചാണ് അയ്യൻകാളി നവോത്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. രക്തരൂഷിതമായിരുന്നു പലപ്പോഴും ആ ഏറ്റുമുട്ടൽ. പട്ടിണിക്കാരായ ജനങ്ങളെ പോരാളികളാക്കിമാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു. വഴി നടക്കാനുള്ള അവകാശത്തിനുവേണ്ടി 1893-ൽ നടത്തിയ വില്ലുവണ്ടി സമരം അയ്യൻകാളിയുടെ നേതൃത്വത്തിലായിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇനി അധഃസ്ഥിതരായ ജനങ്ങളുടെ ഉന്നമനം സാധിക്കൂ എന്നു മനസിലാക്കിയ അയ്യൻകാളി, വിദ്യാഭ്യാസം നേടാനുള്ള അവകാശം നേടിയെടുത്തെങ്കിലും അദ്ദേഹം സ്ഥാപിച്ച സ്കൂളുകൾ സവർണ്ണർ തീവെച്ച് നശിപ്പിച്ചു. കഴക്കൂട്ടം, ചെന്നിത്തല, കണിയാപുരം, ബാലരാമപുരം തുടങ്ങിയ ദളിത് വിദ്യാലയങ്ങളിൽ ചെന്ന് വിദ്യാർഥികളെ അവർ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്തു. പുലയ പെൺകുട്ടികൾക്കുള്ള പള്ളിക്കൂടം സവർണ്ണർ ആക്രമിക്കുകയും തീവെച്ച് നശിപ്പിക്കുകയും ചെയ്തു. ഈ കറുത്തദിനങ്ങൾ 90-ാം മാണ്ട് വിപ്ലവമെന്നാണ് അറിയപ്പെടുന്നത്. ഈ ധിക്കാരങ്ങൾക്കെതിരെ പോരാടിയാണ് അയ്യൻകാളിചരിത്രത്തിലിടം നേടിയത്.

> ▶ അനീതിക്കെതിരെ ശക്തമായി ആഞ്ഞടിച്ചു

1907-ൽ സാധുജനപരിപാലനസംഘം സ്ഥാപിച്ച അയ്യൻകാളി

Remove Watermark Now

തന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി. അധഃസ്ഥിതസമുദായങ്ങൾ അനുഭവിച്ചിരുന്ന അനീതിക്കെതിരെ അദ്ദേഹം പ്രവർത്തിച്ചു. ദളിതർക്ക് സ്വാതന്ത്ര്യത്തോടെ വഴി നടക്കാനും, കല്ലുമാല പോലുള്ള പ്രാകൃതാഭരണങ്ങൾ ഉപേക്ഷിക്കാനും (കല്ലുമാല സമരം) പരിഷ്കൃത വേഷങ്ങൾ ധരിക്കാനും വിദ്യാഭ്യാസം നേടാനുമായി അയ്യൻകാളി നടത്തിയ പോരാട്ടങ്ങൾ കേരളചരിത്രത്തിലെ മറക്കാനാവാത്ത സംഭവങ്ങളാണ്. കാർഷികജോലി ബഹിഷ്കരണങ്ങൾ നടപ്പിലാക്കിയ അയ്യൻകാളി ദളിത് വിദ്യാർത്ഥികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നത് വരെ ഒരു വർഷത്തിൽ കൂടുതൽ കാലം സവർണ്ണരുടെ പാടത്ത് പണിയെടുക്കാതെ സമരം ചെയ്തു. സവർണ്ണർ ഒത്തുതീർപ്പിനു തയ്യാറാവുകയും സമരം വിജയിക്കുകയും ചെയ്തു. ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം അംഗമായിരുന്നു. ക്ഷേത്രപ്രവേശനവിളംബരത്തിനനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിലും, ഉദ്യോഗസ്ഥ നിയമനത്തിനും നിയമസഭാ പ്രാതിനിധ്യത്തിനും ആനുപാതികവ്യവസ്ഥ അനുവദിപ്പിക്കുന്നതിലും അയ്യൻകാളിയുടെ പ്രവർത്തനങ്ങൾ വിജയിച്ചു. ആരുടെ മുന്നിലും തലകുനിക്കാത്ത നേതാവായിരുന്നു അയ്യൻകാളി. അധഃസ്ഥിതവർഗത്തിന്റെ ഉയർച്ച സാധ്യമായത് അദ്ദേഹത്തിന്റെ വിപ്ലവകരമായ പ്രവർത്തനങ്ങൾ മൂലമാണ്.

- ▶ വിദ്യാഭ്യാസം നേടാൻ നടത്തിയ പോരാട്ടങ്ങൾ

### 3.3.2.5 പൊയ്കയിൽ അപ്പച്ചൻ (1879–1939)

ഇരവിപേരൂരിൽ ജനിച്ച കുമാരൻ എന്ന ബാലൻ ക്രിസ്തുമതം സ്വീകരിച്ച് യോഹന്നാൻ ആയി. മാർത്തോമ സഭാംഗമായിരുന്ന അദ്ദേഹം മികച്ച പ്രാസംഗികനും സഭാസംഘാടകനുമായിരുന്നു. ദ്രാവിഡ ദളിതൻ എന്ന ആശയം ആവിഷ്കരിച്ച് അദ്ദേഹം ദളിതർക്കുവേണ്ടി ഒരു പള്ളി പണിയുന്നതിനു ശ്രമിച്ചു. പിന്നീട് സർക്കാർ അനുമതിയോടെ ദളിതർക്കു വേണ്ടി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചു. 1909 ലാണ് പ്രത്യക്ഷരക്ഷാദൈവസഭ (പി.ആർ.ഡി.എസ്.) അദ്ദേഹം സ്ഥാപിക്കുന്നത്. പി.ആർ.ഡി.എസ്. നുവേണ്ടി ഗുരുക്കന്മാരേയും ഉപദേഷ്ടാക്കളേയും അദ്ദേഹം നിയമിച്ചു. കേരളത്തിലുടലെടുത്ത നവോത്ഥാന പ്രവർത്തനങ്ങളെ അതേപടി പിന്തുടരാതെ സാമൂഹിക വ്യതിയാനങ്ങളെ അധഃസ്ഥിതരുടെ പക്ഷത്തുനിന്നു കാണാനും വിലയിരുത്താനുമാണ് അദ്ദേഹം ശ്രമിച്ചത്. സുഖസമൃദ്ധമായ ഒരു ഇടമുണ്ടെന്ന പ്രസ്താവനകളിലൂടെയല്ല അദ്ദേഹം മുന്നോട്ടുപോയത്. പകരം തലമുറകളായി അടിമകളാക്കപ്പെട്ട അധഃസ്ഥിത ജനതയുടെ യാഥാർഥ്യങ്ങളെയും ജീവിതാവസ്ഥകളെയുമാണ് അഭിസംബോധന ചെയ്തത്. ശ്രീമൂലം അസംബ്ലിയിലും പ്രജാസഭയിലും അദ്ദേഹം അംഗമായിരുന്നു.

- ▶ അധ:സ്ഥിതരുടെ പക്ഷത്തു നിന്നു

### 3.3.2.6 മക്തിതങ്ങൾ (1847–1912)

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ വെളിയംകോട് ദേശത്താണ് മക്തിതങ്ങൾ ജനിച്ചത്. സയ്യിദ് സനാവുള്ള മക്തി തങ്ങൾ എന്നാണ് പൂർണ്ണനാമം. മലയാളം, തമിഴ്, ഉർദു, അറബി, പേർഷ്യൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടിയ അദ്ദേഹം ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിൽ എക്സൈസ് ഇൻസ്പെക്ടറായി ജോലി ചെയ്തു. മലപ്പുറത്തെ മഞ്ചേരി, പൊന്നാനി പ്ര

Remove Watermark Now

ദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു അദ്ദേഹത്തിന്റെ സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങൾ. അക്കാലത്തെ മുസ്ലീം നേതാക്കൾ ബ്രിട്ടീഷുകാരുടെ നികുതി പിരിവിൽ പ്രതിഷേധിച്ച് സർക്കാരിനോടു ശത്രുതാമനോഭാവം വച്ചുപുലർത്തിയിരുന്നു. അതുകൊണ്ടുതന്നെ ഇംഗ്ലീഷ് പിശാചിന്റെ ഭാഷയാണെന്ന് വിശ്വസിക്കുകയും അത് ഒഴിവാക്കുകയും ചെയ്തു. മലയാളവും പഠിക്കാൻ തയ്യാറായില്ല. അറബി മലയാളം മാത്രമായിരുന്നു അവർ പഠിച്ച ഭാഷ. അതുകൊണ്ടു തന്നെ മുസ്ലിം മതസ്ഥർക്ക് മറ്റുള്ളവരെ പോലെ തൊഴിലവസരങ്ങൾ ലഭിച്ചില്ല. ഇത് അവരെ സാമൂഹികവും സാമ്പത്തികവുമായി പിന്നോട്ടു നയിച്ചു.

▶ നവീകരണം ലക്ഷ്യം

ഈയൊരവസരത്തിൽ മുസ്ലീം സമുദായത്തെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികമായും പുനരുദ്ധരിക്കാൻ മുന്നോട്ടുവന്ന നവോത്ഥാനനായകനാണ് മക്തി തങ്ങൾ. മലയാള ഭാഷ പഠിക്കാനും ഇംഗ്ലീഷ് ഭാഷയോടുള്ള എതിർപ്പ് ഇല്ലാതാക്കാനും ഈ രണ്ടു ഭാഷകൾ പഠിക്കുകവഴി പുതിയ അവ സരങ്ങൾ ലഭിക്കുമെന്ന് ബോധ്യപ്പെടുത്താനും അദ്ദേഹത്തിന് കഴിഞ്ഞു. ഇസ്ലാമിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സമുദായത്തെ രക്ഷപ്പെടുത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആ ശ്രമമാണ് പിന്നീട് മലപ്പുറം ജില്ലയിലെ മുസ്ലീം ജനവിഭാഗത്തിന് ഉണർവും പുരോഗതിയും ഉണ്ടാവാൻ കാരണമായിട്ടുണ്ട്. ബഹുഭാഷാപണ്ഡിതൻ, മുസ്ലീം നവോത്ഥാന നായകൻ, അറബിമലയാളം ലിപി പരിഷ്കർത്താവ് തുടങ്ങിയ നില കളിൽ ശ്രദ്ധേയനായ മക്തിതങ്ങൾ പ്രസാധകൻ എന്ന നിലയിലും വ്യക്തിമുദ്ര പതിപ്പിച്ചു. 'നബിനയനം' പ്രധാനകൃതിയാണ്. 'തുർക്കിസമാചാരം' എന്ന പത്രവും, 'പരോപകാരി' എന്ന മാസികയും അദ്ദേഹം പ്രസിദ്ധം ചെയ്തവയാണ്.

▶ മുസ്ലീംങ്ങൾ മലയാളം, ഇംഗ്ലീഷ് ഭാഷകൾ പഠിക്കണം

## 3.3.2.7 പാമ്പാടി ജോൺ ജോസഫ് (1887–1940)

കോട്ടയത്തെ പാമ്പാടിയിലാണ് അദ്ദേഹം ജനിച്ചത്. തിരുവിതാം കൂറിൽ ചേരമർ മഹാസഭ (1921) സ്ഥാപിച്ചത് ഇദ്ദേഹമാണ്. ചേരമർ മഹാസഭയുടെ സ്ഥാപക ജനറൽ സെക്രട്ടറിയാണ് ഇദ്ദേഹം. 'ഗോ ത്രപരമായി സംഘടിക്കൂ മതപരമായി അല്ല' എന്നതാണ് ചേരമർ മഹാസഭയുടെ മുദ്രാവാക്യം. 'സാധുജനദൂതൻ' എന്ന മാസിക ആരം ഭിച്ചത് പാമ്പാടി ജോൺ ജോസഫാണ്. 1931 ലാണ് അദ്ദേഹം ശ്രീ മൂലം പ്രജാസഭയിൽ അംഗമാകുന്നത്. 'സവർണക്രിസ്ത്യാനികളും അവർണ ക്രിസ്ത്യാനികളും' എന്ന കൃതി എഴുതിയത് ഇദ്ദേഹമാണ്.

▶ ചേരമർ മഹാസഭയുടെ സ്ഥാപകൻ

## 3.3.2.8 കുറുമ്പൻ ദൈവത്താൻ (1880–1927)

ചെങ്ങന്നൂരിലെ ഇടയാറന്മുളയിലാണ് കുറുമ്പൻ ദൈവത്താൻ ജനിച്ചത്. നടുവത്തമ്മൻ എന്നതാണ് ബാല്യകാല നാമം. 'പുലയഗീത ങ്ങളുടെ പ്രവാചകൻ' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. 1917-ൽ കുറുമ്പൻ ദൈവത്താൻ ഹിന്ദു പുലയസമാജം സ്ഥാപിച്ചു. 1917-ൽ അദ്ദേഹം ശ്രീമൂലം പ്രജാസഭയിൽ അംഗമായി. 1924-ൽ ചെങ്ങന്നൂർ മഹാക്ഷേത്രത്തിൽ കുറുമ്പൻ ദൈവത്താന്റെ നേതൃത്വത്തിൽ ദളിതർ ആരാധന നടത്തി. 1927 ഏപ്രിലിൽ ആണ് അദ്ദേഹം അന്തരിച്ചത്.

▶ ദളിതരുടെ ഉന്നമനം ലക്ഷ്യം

Remove Watermark Now

## 3.3.3 ഗുരുദർശനത്തിലെ നൈതികവിപ്ലവം

> ▶ അദ്വൈത ദർശനത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ

കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ ശ്രീനാരായണഗുരു ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. നാരായണഗുരുവിലെ ആത്മീയവാദിയെ ഏറെ സ്വാധീനിച്ചത് അദ്വൈതദർശനമാണ്. അദ്വൈത ദർശനത്തിൽ ആത്മാവിന്റെ ഏകത്വത്തെക്കുറിച്ച് മാത്രമല്ല മനുഷ്യ സമൂഹത്തിന്റെ ഏകത്വത്തെക്കുറിച്ചും അദ്ദേഹം ചിന്തിച്ചു. ആലുവയിൽ സ്ഥാപിച്ച അദ്വൈതാശ്രമത്തിൽ മനുഷ്യർക്ക് ഒരു ജാതിയും ഒരു മതവും ഒരു ദൈവവും അല്ലാതെ ഓരോരുത്തർക്കും വെവ്വേറെ ജാതിയും മതവും ഇല്ല എന്നദ്ദേഹം കുറിച്ചിട്ടു. കണ്ണാടി പ്രതിഷ്ഠ നടത്തിയതിലൂടെ ഈശ്വരാരാധനയുടെ പരമമായ ലക്ഷ്യം ആത്മദർശനമായിരിക്കണം എന്ന സന്ദേശമാണ് ഗുരു നൽകിയത്. ഈ ഒരു ലക്ഷ്യം മുന്നിൽ കണ്ടാണ് 1928-ൽ വർക്കല ശിവഗിരിയിൽ ശ്രീനാരായണധർമ സംഘം അദ്ദേഹം രൂപീകരിച്ചത്. 1925-ൽ കേരളത്തിൽ ആദ്യത്തെ സർവമതസമ്മേളനം ആലുവയിൽ വിളിച്ചു കൂട്ടിയത് ഗുരുവായിരുന്നു. സാമൂഹ്യപുരോഗതി ലക്ഷ്യമാക്കി നിരവധി കാര്യങ്ങൾ അദ്ദേഹം പറഞ്ഞുവച്ചു.

> ▶ സമൂഹത്തെ മാറ്റിത്തീർത്ത ഗുരുവചനം

'വിദ്യകൊണ്ട് സ്വാതന്ത്ര്യരാവുക', 'സംഘടിച്ചു ശക്തരാവുക', 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' തുടങ്ങിയ ഗുരുവചനങ്ങൾ സാമൂഹ്യപരിവർത്തനത്തിന് പ്രേരണയായി. സമൂഹമനസാക്ഷിയുടെ നേർക്കു തൊടുത്തുവിട്ട ഈ വചനങ്ങൾ നൂറ്റാണ്ടുകളായി ആലസ്യത്തിലാണ്ടുകിടന്നിരുന്ന അധഃസ്ഥിത ജനസമൂഹത്തെ ഉണർത്തി. രവീന്ദ്രനാഥ ടാഗോർ, മഹാത്മാഗാന്ധി തുടങ്ങിയ മഹാന്മാരുടെ ആദരവിന് ഗുരു പാത്രമായതും അദ്ദേഹത്തിന്റെ നവോത്ഥാനപ്രവർത്തനങ്ങൾ കൊണ്ടു തന്നെയാണ്. 'പുണ്യാത്മാവായ നാരായണഗുരുസ്വാമിയെ സന്ദർശിക്കാനിടയായത് എന്റെ ജീവിതത്തിലെ പരമഭാഗ്യമായി ഞാൻ വിചാരിക്കുന്നു' എന്നാണ് ഗാന്ധിജി പറഞ്ഞത് (നാരായണഗുരുസ്വാമി, എം.കെ. സാനു പു. 438, 443). ഭാരതീയ നവോത്ഥാനത്തിന്റെ ശംഖനാദം മുഴക്കിയ സ്വാമിവിവേകാനന്ദൻ ഭ്രാന്താലയമെന്നു വിളിച്ച കേരളത്തിൽ മാനവികതയുടെ മഹാസിദ്ധാന്തമാവിഷ്കരിക്കുകയും അതു നടപ്പാക്കാനുള്ള സംഘടിതശ്രമങ്ങൾക്കു ധാർമ്മിക നേതൃത്വം നൽകുകയും ചെയ്തു എന്നതാണ് ശ്രീനാരായണഗുരുവിന്റെ മഹത്തായ സംഭാവന.

നാരായണഗുരുവിന്റെ നവോത്ഥാന പ്രവർത്തനങ്ങൾ അന്ധകാരത്തിലാണ്ടു പോയ ജാതിജീവിതത്തെ ഉടച്ചുപണിയുകയും സ്വന്തം സമുദായങ്ങൾക്കകത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. അന്ധവിശ്വാസത്തിൽനിന്നും, ജാതിവ്യവസ്ഥയിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാൻ ആഹ്വാനം ചെയ്യുകയും ഏകദേശം അത് വിജയിപ്പിക്കുകയും ചെയ്തു. നവോത്ഥാനം ഒരിക്കലും കേന്ദ്രീകൃതമായ ഒരു പ്രവർത്തനമല്ല മുന്നോട്ട് വച്ചത്. പല സംഘടനകളുടെയും അതിന്റെ നായകരിലൂടെയുമാണ് അത് യാഥാർഥ്യമായത്. നവോത്ഥാനത്തിന്റെ ഒരു പ്രധാന പരിമിതി അത് ജാതിയിൽ അധിഷ്ഠിതമായിരുന്നു എന്നതാണ്. നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിച്ച പല സംഘടനകളും ഇന്ന് നവോത്ഥാന കാലത്ത് മുന്നോട്ടുവെച്ച മനുഷ്യൻ എന്ന കേന്ദ്രാശയത്തിൽ

Remove Watermark Now

നിന്ന് മാറിപ്പോയതായി കാണാം. സ്ത്രീജീവിതത്തിന്റെ എല്ലാ മേഖലകളെയും അത് ലക്ഷ്യംവെച്ചു എന്നു പറയാനാവില്ല. പല സമുദായ സംഘടനകളും ഇന്ന് പണത്തിന്റെയും അധികാരത്തിന്റെയും വസ്തുവകകളുടെയും നിയന്ത്രണം ഏറ്റെടുത്ത ശക്തികളായി മാറി. പണം, രാഷ്ട്രീയം, അധികാരം എന്ന നിലയിൽ മാത്രം സംഘടനകൾ ഒതുങ്ങി പോകുന്നത് നവോത്ഥാനനായകർ മുന്നോട്ടുവെച്ച ആശയങ്ങൾക്ക് നേർവിപരീതമാണെന്ന് കാണാം.

▶ മനുഷ്യന്റെ മോചനം

## Summarised Overview

ബ്രിട്ടീഷ് ആധിപത്യത്തിന്റെ കീഴിലും ജാതിവ്യവസ്ഥ രൂക്ഷമായിരുന്നു. ഉയർന്ന ജാതിക്കാർ വളരെ ക്രൂരമായിട്ടാണ് താണജാതിക്കാരോട് പെരുമാറിയിരുന്നത്. മരുമക്കത്തായം, ശൈശവവിവാഹം എന്നിവ സാധാരണമായിരുന്നു. അന്നത്തെ നവോത്ഥാന നായകർ ഇതിനെതിരെ ശബ്ദമുയർത്തി. അയ്യാവൈകുണ്ഠസ്വാമികൾ എല്ലാ മനുഷ്യരും ഒന്നാണെന്ന സമഭാവന വെച്ചുപുലർത്തിയ നവോത്ഥാന നായകനായിരുന്നു. രാജഭരണത്തിനെതിരെയും അവർണ്ണർ നേരിടുന്ന അവഗണനകൾക്കെതിരെയും അദ്ദേഹം ശബ്ദമുയർത്തി. ചാന്നാർ ലഹളയ്ക്കു പ്രചോദനം നൽകി. സമത്വസമാജം, തുവയൽപന്തികൂട്ടായ്മ എന്നിവയ്ക്ക് നേതൃത്വം നൽകി. അക്കാലത്ത് ആര്യസമാജം, ബ്രഹ്മവിദ്യാസംഘം തുടങ്ങിയ സംഘടനകൾ ശക്തമായി. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പുറന്തള്ളുകയായിരുന്നു പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ. ചട്ടമ്പിസ്വാമികൾ ഹിന്ദുമതത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തുറന്നു കാട്ടി അതിലെ മാലിന്യങ്ങളെ നീക്കം ചെയ്യാൻ ആഹ്വാനം നൽകി. സാമൂഹിക സമത്വത്തിനും മനുഷ്യ സാഹോദര്യത്തിനും മുൻതൂക്കം നൽകി. മതങ്ങളുടെ ഏകസ്വഭാവത്തെ സമർഥിക്കുകയുമാണ് ചട്ടമ്പിസ്വാമികൾ ചെയ്തത്. ശ്രീനാരായണഗുരു അയിത്തത്തിനും അന്ധവിശ്വാസങ്ങൾക്കും സാമൂഹിക അനാചാരങ്ങൾക്കെതിരെയും ശബ്ദമുയർത്തി, എസ്.എൻ.ഡി.പി സ്ഥാപിച്ചു, അനാചാരങ്ങളെ ഇല്ലാതാക്കുക, വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുക എന്നിവയായിരുന്നു ഗുരുവിന്റെ ലക്ഷ്യം. അദ്വൈതദർശനത്തിലധിഷ്ഠിതമാണ് ഗുരുവിന്റെ ചിന്താപദ്ധതി. അദ്ദേഹം കേരളത്തിൽ ആദ്യത്തെ സർവമതസമ്മേളനം ആലുവയിൽ വിളിച്ചുകൂട്ടി.

തിരുവിതാംകൂറിലെ ഏറ്റവും ശക്തനായ നവോത്ഥാന നായകനായിരുന്നു അയ്യൻകാളി. അയിത്തത്തിനും അനാചാരത്തിനുമെതിരെ ആശയങ്ങൾക്കപ്പുറം ഏറ്റുമുട്ടലിന്റെ പാതകൂടി അദ്ദേഹം സ്വീകരിച്ചു. അധഃസ്ഥിതസമുദായങ്ങൾ അനുഭവിച്ചിരുന്ന അനീതിക്കെതിരെ ശക്തമായി ആഞ്ഞടിച്ചു. സാധുജനപരിപാലനസംഘം സ്ഥാപിച്ചു. വിദ്യാഭ്യാസം നേടാനായി അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ കേരളചരിത്രത്തിലെ മറക്കാനാവാത്ത സംഭവങ്ങളാണ്. 1914-ൽ പൊയ്കയിൽ കുമാരഗുരു അധ:സ്ഥിതരുടെ പക്ഷത്തു നിന്നു കൊണ്ട് അവരുടെ ജീവിതാവസ്ഥകളെ വിലയിരുത്താൻ ശ്രമിച്ചു. മുസ്ലീം സമുദായത്തെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികമായും പുനരുദ്ധരിക്കാൻ മുന്നോട്ടുവന്ന നവോത്ഥാനനായകനാണ് മക്തി തങ്ങൾ. ഇസ്ലാം സമുദായത്തിലെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലായ്മ ചെയ്യാനും സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായി മുസ്ലീംസമുദായത്തെ ഉയർത്താനും മക്തിതങ്ങൾ പ്രവർത്തിച്ചു. ചേരമർ മഹാസഭയുടെ സ്ഥാപകനാണ് പാമ്പാടി ജോൺ ജോസഫ്. 'ഗോത്രപരമായി സംഘടിക്കൂ മതപരമായി അല്ല' എന്നതാണ് ചേരമർ മഹാസഭയുടെ

iSkysoft

Remove Watermark Now

മുദ്രാവാക്യം. കുറുമ്പൻ ദൈവത്താൻ ദളിതരുടെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ചു. ഹിന്ദു പുലയസമാജത്തിന്റെ സ്ഥാപകൻ.

1888-ൽ ശ്രീനാരായണ ഗുരു നടത്തിയ അരുവിപ്പുറം പ്രതിഷ്ഠയോടെയാണ് കേരളീയ നവോത്ഥാനത്തിനു തുടക്കം കുറിച്ചത്. ജാതിവ്യവസ്ഥയുടെ അന്ധതയിൽ ആണ്ടു കിടന്ന കേരളസമൂഹത്തെ അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കാനാണ് നവോത്ഥാനനായകർ ശ്രമിച്ചത്. ആശയങ്ങൾ കൊണ്ടുള്ള സമരത്തിൽ ഒരു പരിധിവരെ വിജയം കണ്ടു. പല സംഘടനകളും നവോത്ഥാന നേതാക്കളും ആ വിജയത്തിൽ പങ്കാളികളായി. നവോത്ഥാനാനന്തരം അവരുയർത്തിപ്പിടിച്ച ആശയങ്ങൾ ഇന്ന് വഴിമാറിപ്പോയത് കാണാം. പൗരോഹിത്യവും ആചാരങ്ങളും പാരമ്പര്യവും വലിയ പ്രാമാണ്യത്തോടെ മടങ്ങിവരുന്നു. ജാതിചിന്തകൾ മുൻതൂക്കം നേടുന്നു. സമ്പത്ത്, അധികാരം എന്നീ ലക്ഷ്യങ്ങളിലേക്കു മാത്രമായി നവോത്ഥാന സംഘടനകൾ രൂപാന്തരപ്പെട്ടുപ്പോകുന്നു. ഇങ്ങനെയുള്ള അവസരത്തിൽ നവോത്ഥാനാന്തര കേരളീയസമൂഹം പുതിയൊരു നവോത്ഥാനം സ്വപ്നം കാണുന്നു.

## Assignments

1. അയ്യാവൈകുണ്ഠസ്വാമിയും ചട്ടമ്പിസ്വാമിയും നടത്തിയ നവോത്ഥാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക?
2. സാമുദായിക നവോത്ഥാന പ്രസ്ഥാനങ്ങളും അവയുടെ പ്രവർത്തനങ്ങളും വിലയിരുത്തുക.
3. അയ്യൻകാളി, പൊയ്കയിൽ കുമാരഗുരു എന്നിവരുടെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ വിവരിക്കുക.
4. നവോത്ഥാനനായകർ എന്ന നിലയിൽ മക്തിതങ്ങൾ, പാമ്പാടി ജോൺ ജോസഫ്, കുറുമ്പൻ ദൈവത്താൻ എന്നിവരുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് ചർച്ചചെയ്യുക.
5. കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ ശ്രീനാരായണഗുരു ചെലുത്തിയ സ്വാധീനം വിലയിരുത്തുക.
6. നവോത്ഥാനാനന്തര കേരളത്തിന്റെ ഗതിമാറ്റങ്ങൾ ചർച്ച ചെയ്യുക.
7. നവോത്ഥാനത്തിന്റെ പരിമിതികൾ എന്തൊക്കെ എന്ന് പരിശോധിക്കുക.

## Suggested Readings


1. ഡോ. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠനഗവേഷണ കേന്ദ്രം, തൃശ്ശൂർ.
2. രാജേഷ് കെ. എരുമേലി (എഡി), കേരളം നടന്ന വഴികൾ, മൈത്രി ബുക്സ്, തിരുവനന്തപുരം.
3. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

Remove Watermark Now

4. ബിനീഷ് പുതുപ്പണം (എഡി), കേരള നവോത്ഥാനത്തിന്റെ പരിമിതികൾ, വിദ്യാർത്ഥി പബ്ലിക്കേഷൻ, കോഴിക്കോട്.
5. ഡോ. കെ.എൻ ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## References

1. എസ്. അച്യുതവാര്യർ, കേരളസംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എ. ശ്രീധരമേനോൻ, കേരളരാഷ്ട്രീയചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
3. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
4. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
5. ഡോ. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. സ്കറിയ സക്കറിയ (എഡി.), 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്, കോട്ടയം.

iSkysoft

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Remove Watermark Now

# Unit 4

# നവോത്ഥാനാനന്തര പ്രസ്ഥാനങ്ങൾ

Remove Watermark Now

## Learning Outcomes

- കേരളസംസ്കാരചരിത്രത്തെക്കുറിച്ചുള്ള ധാരണ ഉണ്ടാകുന്നു
- നവോത്ഥാനവും ആധുനികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നു
- കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളെകുറിച്ചും നവോത്ഥാനന്തരം കേരളത്തിലുണ്ടായ സാമൂഹികാവസ്ഥകളെക്കുറിച്ചുമുള്ള സാമാന്യാവബോധം ലഭിക്കുന്നു
- ജീവൽ സാഹിത്യം, പുരോഗമന സാഹിത്യം എന്നിവ നവോത്ഥാനത്തിൽ വഹിച്ച പങ്ക് അപഗ്രഥിക്കുന്നു

## Background

കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക ചലനങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന പ്രക്രിയയാണ് നവോത്ഥാനം. ജാതി-ജന്മി-നാടുവാഴിത്ത മേധാവിത്വത്തിന്റെ സങ്കീർണ്ണവും വിവേചനപരവുമായിരുന്ന സാമൂഹ്യക്രമത്തിൽ മാനവികമായ പരിവർത്തനമാണ് നവോത്ഥാനം സൃഷ്ടിച്ചത്. നവോത്ഥാനത്തിന്റെ സ്വാധീനം സാമൂഹികരംഗത്തും സാഹിത്യരംഗത്തും നമുക്ക് കാണാം. നവോത്ഥാനകാലഘട്ടം സ്വതന്ത്രചിന്ത, യുക്തിചിന്ത എന്നീ സങ്കല്പനങ്ങളുടെ വളർച്ചയ്ക്ക് കൂടി സഹായകമായി. പാശ്ചാത്യ ആശയങ്ങളും, മൂല്യബോധവും, ജാതി സമുദായങ്ങളെ ആന്തരികമായി നവീകരിച്ചു. നവോത്ഥാനമൂല്യങ്ങൾ ജാതി പരിഷ്കരണത്തിന്റെയും അയിത്തോച്ചാടനത്തിന്റെയും ചാലകശക്തികളായി. അയ്യൻകാളി, സഹോദരൻ അയ്യപ്പൻ, കുമാരഗുരുദേവൻ തുടങ്ങിയവർ ജാതിനശീകരണത്തിലൂന്നിയ ജനാധിപത്യസമൂഹത്തിന്റെ സൃഷ്ടിക്കായി പ്രവർത്തിച്ചവരായിരുന്നു. കേവലം മനുഷ്യനെന്ന നീതിപോലും ലഭിക്കാതെ പാർശ്വവൽകരിക്കപ്പെട്ട സമൂഹങ്ങളുടെ പഠനം, നവോത്ഥാനത്തിന്റെ തുടർച്ചയാണെന്നും കാണാം. മേൽജാതിയുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക -രാഷ്ട്രീയ ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയമാകുന്ന ദളിത് ജനതയുടെ ജീവിതാവസ്ഥയെയാണ് അത് സ്വഭാവവത്കരിക്കുന്നത്. കേരളത്തിലെ ആദ്യ ദളിത് സംഘടനയാണ് 'സാധുജനപരിപാലന സംഘം'. ദളിത് വാദം അടിയാളവീക്ഷണത്തിലൂടെ എഴുതപ്പെട്ട സാഹിത്യത്തെയും ചരിത്രത്തെയും തുറന്നുകാട്ടുകയും ചെയ്യുന്നു. പുരുഷാധിപത്യത്തിലടിയുറച്ച സാമൂഹികനീതികളെ ചോദ്യം ചെയ്തുകൊണ്ടാണ് സ്ത്രീവാദം ഉയർന്നുവന്നത്. മാനവികത, യുക്തിചിന്ത, സമത്വം തുടങ്ങിയവ നവോത്ഥാനത്തിന്റെ മൂല്യങ്ങളാണ്. ജാതിചിന്തയ്ക്കതീതമായി

Remove Watermark Now

മലയാളി, മലയാളം തുടങ്ങിയ അവബോധങ്ങളുണ്ടായി. ഒരു ദേശമെന്ന നിലയ്ക്ക് ജനങ്ങൾ ചിന്തിക്കാൻ തുടങ്ങിയതും നവോത്ഥാനത്തിന്റെ പരിണിതഫലമാണ്.

അയിത്തോച്ചാടന പ്രസ്ഥാനത്തിലെ ആദ്യത്തെ ഐതിഹാസിക സമരമാണ് വൈക്കം സത്യാഗ്രഹം. വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളിൽ അവർണ്ണ ഹിന്ദുക്കൾക്കുകൂടി സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്നായിരുന്നു ആവശ്യം. അയിത്തത്തിനെതിരെ നടന്ന വലിയ സമരം. അയിത്തോച്ചാടനത്തിനനുകൂലമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുന്നതിനു ഈ സത്യാഗ്രഹം സഹായകമായി. മരുമക്കത്തായ പരിഷ്കരണം മൂലം അമ്മാവൻമാരുടെ സ്വത്തിലുണ്ടായ അവകാശം ഇല്ലാതായി. ബഹുഭാര്യാത്വം നിയമവിരുദ്ധമായി. മരുമക്കത്തായം, കൂട്ടുകുടുംബം, ബഹുഭർതൃത്വം എന്നിവയുടെ തകർച്ച കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലെ ശ്രദ്ധേയമായ ഒന്നാണ്. ആധുനിക ഗാർഹികതയുടെ രൂപീകരണം സാധ്യമായി. കേരളത്തിലെ പരിവർത്തന- നവോത്ഥാന ഘട്ടങ്ങളെ രൂപപ്പെടുത്തുന്നതിൽ സ്ത്രീകളുടെ പങ്ക് വളരെ വലുതാണ്. കല്ലുമാല ബഹിഷ്കരണം, അയിത്തോച്ചാടനസമരങ്ങൾ, കാർഷിക സമരങ്ങൾ, തൊഴിലാളി സമരങ്ങൾ എന്നിവയിൽ സ്ത്രീകളുടെ പങ്കാളിത്തം കാണാം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ ഒരു സാമൂഹിക വ്യവസ്ഥയ്ക്കുള്ളിലാണ് പുത്തനുണർവിന്റെ സന്ദേശങ്ങളുമായി നവോത്ഥാനപ്രസ്ഥാനം വളരുന്നത്. യുക്തിവാദവും അങ്ങനെ വളർന്നു വന്നു. ശാസ്ത്രബോധത്തിന്റെ അടിസ്ഥാനത്തിൽ അറിവുകൾ യുക്തികൊണ്ട് നിർമ്മിക്കപ്പെടേണ്ടതാണെന്ന ധാരണയും, യാഥാസ്ഥിതികത്വവും അന്ധവിശ്വാസഭരിതവുമായ വിശ്വാസങ്ങൾ മാറ്റി മാനവികമൂല്യം സ്ഥാപിക്കപ്പെടുകയും ചെയ്യുക എന്ന ബോധവുമാണ് യുക്തിവാദത്തിന്റെ അടിസ്ഥാനം.

നവോത്ഥാനം മലയാള സാഹിത്യത്തെ ഏറെ സ്വാധീനിക്കുകയും പരിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കവിതയിലും കഥയിലും നോവലിലും നവോത്ഥാനാശയങ്ങൾ കടന്നുവന്നു. സാമൂഹ്യ, സമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾ, ശ്രീനാരായണ പ്രസ്ഥാനം, യൂറോപ്യൻ രാജ്യങ്ങളിലെ സാഹിത്യമാതൃകകൾ എന്നിവ എഴുത്തുകാരനെ നേരിട്ട് സ്വാധീനിച്ചു. സാധാരണക്കാരന്റെ ദയനീയജീവിതത്തെ അയിത്തശങ്കകളില്ലാതെ, ആദർശവത്കരണത്തിന്റെ സ്വഭാവമില്ലാതെ, വർഗബോധത്തോടെ നവോത്ഥാന കാഥികർ അവതിരിപ്പിച്ചു. വർഗപരവും മതപരവുമായ അസമത്വങ്ങൾക്കെതിരെയുള്ള മുന്നേറ്റമായിരുന്നു നവോത്ഥാനം. പാർശ്വവത്കരിക്കപ്പെടുന്നവർ കേന്ദ്രസ്ഥാനത്തു വന്നു. സ്ത്രീജീവിതത്തിന്റെ സങ്കീർണ്ണമായ അവസ്ഥകളും സാഹിത്യത്തിൽ കടന്നുവന്നു. 1937- ലാണ് തൃശൂരിൽ ജീവൽസാഹിത്യ സംഘടന രൂപീകൃതമായത്. സി. ബാലകൃഷ്ണകുറുപ്പാണ് ജീവൽസാഹിത്യം എന്നു നിർദ്ദേശിച്ചത്. 1944-ൽ ഷൊർണൂരിൽ വെച്ച് നടന്ന സമ്മേളനത്തിൽ ജീവൽസാഹിത്യം എന്ന പേര് മാറ്റി പുരോഗമനസാഹിത്യം എന്നപേര് സ്വീകരിച്ചു. 1953- ൽ പുരോഗമനസാഹിത്യത്തിന്റെ പുതിയ മാനിഫെസ്റ്റോ എഴുതിയുണ്ടാക്കി.

കേരളസംസ്ഥാന രൂപീകരണത്തിനു ശേഷവും കേരളത്തെ ഇന്നു കാണുന്ന തരത്തിൽ നിർമിച്ചെടുക്കുന്നതിൽ സ്ത്രീകൾക്ക് സവിശേഷമായ പങ്കുണ്ട്. എ.വി. കുട്ടിമാളു അമ്മ, അക്കാമ്മ ചെറിയാൻ, ആനിമസ്ക്രീൻ, ദേവകി ഗോപിദാസ് എന്നിവരുടെ പോരാട്ടങ്ങൾ സ്മരണീയമാണ്. നവോത്ഥാന പ്രവർത്തനങ്ങളിൽ സ്ത്രീകൾ ഒരു വലിയ പങ്കു വഹിച്ചിട്ടുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും ഭാഗമായാണ് ഈ മുന്നേറ്റങ്ങളുണ്ടാകുന്നത്.

Remove Watermark Now

## Key Words

ദളിത് സ്ത്രീവാദ വിമർശനം-നവോത്ഥാനവും കേരളദേശീയതയും-വൈക്കം സത്യാഗ്രഹം-ഗുരുവായൂർ സത്യാഗ്രഹം-മരുമക്കത്തായ പരിഷ്കരണം-നവോത്ഥാനവും സ്ത്രീജീവിതവും-യുക്തിവാദം-സാഹിത്യ നവോത്ഥാനം-ജീവൽസാഹിത്യം-പുരോഗമന സാഹിത്യം-സ്ത്രീമുന്നേറ്റങ്ങൾ

## Discussion

### 3.4.1 ദളിത് സ്ത്രീവാദ വിമർശനങ്ങൾ

▶ ദലിത് ജീവിതാവസ്ഥ

'ദളിത്' പദം ഏതെങ്കിലും ഒരു പ്രത്യേക ജാതിയെ മാത്രം കുറിക്കുന്ന പദമല്ല. അത് ജാതിക്കു അതീതമായ, സാമൂഹികസമത്വത്തിലധിഷ്ഠിതമായ ഒരു ലോകത്തെ വിഭാവനം ചെയ്യുകയും ജാതീയമായ അനുഭവങ്ങൾ ഉള്ള ജനങ്ങളോട് ഐക്യപ്പെടുകയും ചെയ്യുന്നു. ദളിത് എന്നത് ഒരു ജീവിതാവസ്ഥയാണ്. മേൽജാതിയുടെ സാമൂഹിക-സാമ്പത്തിക, സാംസ്കാരിക-രാഷ്ട്രീയ ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയമാകുന്ന ദളിത് ജനതയുടെ ജീവിതാവസ്ഥയെയാണ് അത് സ്വഭാവവത്കരിക്കുന്നത്. 1907-ൽ അയ്യൻകാളി സ്ഥാപിച്ച സാധുജനപരിപാലന സംഘമാണ് കേരളത്തിലെ ആദ്യത്തെ ദളിത് സംഘടന എന്നു പറയാം. പൊയ്കയിൽ അപ്പച്ചന്റെ പ്രത്യക്ഷ രക്ഷാദൈവസഭയും മറ്റൊരു ദളിത് സംഘടനയാണ്. ദളിത് വാദം അടിയാളവീക്ഷണത്തിലൂടെ അടിച്ചമർത്തപ്പെട്ടവന്റെ ജീവിതത്തെ തുറന്നുകാട്ടുന്നു.

▶ സ്ത്രീവാദം

ആധുനികതയ്ക്കു ശേഷമുണ്ടായതും വൈജ്ഞാനിക മണ്ഡലത്തേയും സാംസ്കാരിക ബോധത്തേയും നിർണ്ണായകമായി സ്വാധീനിച്ചതുമായ ചിന്താധാരയാണ് സ്ത്രീവാദ സൗന്ദര്യശാസ്ത്രം. 1960-കൾ മുതൽ സാഹിത്യവിമർശനരംഗത്ത് ഒരു സമീപനമായി സ്ത്രീവാദം വേരുറപ്പിക്കുന്നു. പുരുഷാധിപത്യത്തിലടിയുറച്ച സാമൂഹികനീതികളെ ചോദ്യം ചെയ്തുകൊണ്ടാണ് സ്ത്രീവാദം ഉയർന്നുവന്നത്. ഒന്നാംഘട്ട സ്ത്രീവാദമെന്നു വിശേഷിപ്പിക്കപ്പെടുന്ന 1830-1930 കാലഘട്ടം പൂർണ്ണമായും സ്ത്രീയുടെ സാമ്പത്തിക സാമൂഹിക പദവികൾക്കും, വിദ്യാഭ്യാസം, പൗരത്വം തുടങ്ങിയ അവകാശങ്ങൾക്കും വേണ്ടിയുള്ളതായിരുന്നു. 1960-കളുടെ അന്ത്യത്തോടെയാണ് രണ്ടാം ഘട്ടം ആരംഭിക്കുന്നത്. സാമ്രാജ്യത്വശക്തികളോടും മുതലാളിത്തത്തോടും ലോകവ്യാപകമായി രൂപംകൊണ്ട എതിർപ്പ്, മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ വംശീയതയും വർണ്ണവെറിയും തുടങ്ങിയവയുടെ ചരിത്രപശ്ചാത്തലമാണ് രണ്ടാംഘട്ട ഫെമിനിസത്തിന്റെ പ്രേരണ, സ്വത്വം, കർത്തൃത്വം, ലൈംഗികത, ലൈംഗികാതിക്രമങ്ങൾ, ലിംഗനീതി, ഇടം, ലിംഗപദവി എന്നിവയെയാണ് രണ്ടാം ഘട്ട ഫെമിനിസം അഭിമുഖീകരിച്ചത്. മുതലാളിത്തത്തിന്റെ, ആഗോളീകരണത്തിന്റെ, വർണ്ണവിദ്വേഷത്തിന്റെ രാഷ്ട്രീയത്തെ ചോദ്യം ചെയ്തും നിരാകരിച്ചും സ്ത്രീവാദം ഇന്നും ശക്തമായി ഇവിടെ നിലകൊള്ളുന്നു

Remove Watermark Now

## 3.4.2 നവോത്ഥാനവും മലയാള ദേശീയതയും

യൂറോപ്യൻ നവോത്ഥാനത്തിനുശേഷം രണ്ട് നൂറ്റാണ്ട് തികയുമ്പോഴാണ് ഇന്ത്യയിൽ നവോത്ഥാന ചലനങ്ങളാരംഭിച്ചത്. രാഷ്ട്രീയമായി അത് ദേശീയ ഭരണകൂടത്തിനും, സാമ്പത്തികമായി വ്യവസായവത്കരണത്തിനും വഴിതെളിച്ചു. കച്ചവടത്തിനെത്തി ഒടുവിൽ ഇവിടം അടക്കി ഭരിക്കാൻ തുടങ്ങിയ ബ്രിട്ടീഷുകാർക്കെതിരായ ദേശീയ സമരത്തിന്റെ ഭാഗം കൂടിയായിരുന്നു ഈ നവോത്ഥാനം. ഇന്ത്യയിൽ വെച്ച് ഏറ്റവും ശക്തമായ നവോത്ഥാനശ്രമങ്ങൾ കേരളത്തിൽ നിന്നാണ് ഉറവപൊട്ടിയതെന്ന് സംസ്കാര ചരിത്രകാരന്മാർ വിലയിരുത്തിയിട്ടുണ്ട്. കേരളീയ നവോത്ഥാനത്തിന്റെ ഒരു പരിമിതി അത് ജാതിയിലധിഷ്ഠിതമായിരുന്നു എന്നതാണ്. എന്നാൽ അത്തരം പരിമിതികളെ മറികടക്കാൻ പോന്നതായിരുന്നു അവയുണ്ടാക്കിയ ചലനങ്ങൾ. ജാതിയിലധിഷ്ഠിതമായ ആചാരങ്ങൾ പരിഷ്കരിക്കാനും മനുഷ്യന് വില കൽപ്പിക്കാനുമാണ് നവോത്ഥനനായകർ മുന്നോട്ടുവന്നത്. മാനവികത, യുക്തിചിന്ത, സമത്വം തുടങ്ങിയവ നവോത്ഥാനത്തിന്റെ മൂല്യങ്ങളാണ്.

▶ നവോത്ഥാനത്തിന്റെ മൂല്യങ്ങൾ

മാതൃദേശത്തോടും മാതൃഭാഷയോടും മുമ്പില്ലാത്ത സ്നേഹവും, കേരളീയത, മലയാളിത്തം തുടങ്ങിയ അവബോധങ്ങളും ഉണ്ടായത് നവോത്ഥാനകാലത്താണ്. നവോത്ഥാനഫലമായുണ്ടായ പുതിയ ലോകബോധത്തിന്റെ ഉൽപ്പന്നങ്ങളാണ് ദേശീയത, ദേശബോധം തുടങ്ങിയവ. ഒരു ദേശമെന്ന നിലയ്ക്ക് ജനങ്ങൾ ഐക്യപ്പെടാൻ തുടങ്ങുന്നതിന്റെ പ്രതിഫലനം എല്ലായിടത്തും ദൃശ്യമായി. ഏതെങ്കിലും ഒരു ജാതിക്കാരനെന്ന നിലയ്ക്കുമാത്രം നിലനിൽപ്പുണ്ടായിരുന്ന, മനുഷ്യൻ പല ജാതിമതസ്ഥർ താമസിക്കുന്ന ഒരു ദേശത്തിലെ അംഗമാണെന്നു ചിന്തിക്കുന്ന പുതിയ പൗരബോധം അതിനു മുൻപുണ്ടായിരുന്നില്ല. ഞാൻ പുലയനാണ്, ഈഴവനാണ് എന്നൊക്കെ ചിന്തിച്ചിരുന്നവർ ഞാൻ കേരളീയനാണ്, മലയാളിയാണ് എന്നു ചിന്തിച്ചു തുടങ്ങിയപ്പോൾ വലിയ മാറ്റമാണുണ്ടായത്. ഇങ്ങനെ ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളെയും പുതുക്കിപ്പണിയാൻ നവോത്ഥാനത്തിനു ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

▶ ജീവിതത്തെ പുതുക്കിയ നവോത്ഥാനം

### 3.4.2.1 വൈക്കം സത്യാഗ്രഹം

1924–25–ൽ നടന്ന വൈക്കം സത്യാഗ്രഹം ആയിരുന്നു അയിത്തോച്ചാടന പ്രസ്ഥാനത്തിലെ ആദ്യത്തെ ഐതിഹാസിക സമരം. വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളിൽ അവർണഹിന്ദുക്കൾക്കു കൂടി സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്നായിരുന്നു സമരക്കാർ ഉന്നയിച്ച ആവശ്യം. ടി. കെ. മാധവൻ, കെ. പി. കേശവമേനോൻ, മന്നത്തു പത്മനാഭൻ, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, സി. വി. കുഞ്ഞിരാമൻ, കെ. കേളപ്പൻ തുടങ്ങി സമുന്നതരായ പല നേതാക്കന്മാരും വൈക്കം സത്യാഗ്രഹത്തിനു നേതൃത്വം നൽകി. സവർണ്ണ ഹിന്ദുക്കൾ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ വൈക്കം സത്യാഗ്രഹത്തിനു പിന്തുണയേകി നടത്തിയ സവർണ ജാഥ ഒരു വലിയ സംഭവമായിരുന്നു. സത്യാഗ്രഹം 20 മാസം നീണ്ടുനിന്നു. സത്യാഗ്രഹികൾ അറസ്റ്റിനും മർദനത്തിനും ഇരയായി. മഹാത്മാഗാന്ധിയുടെ ഇടപെടൽ

Remove Watermark Now

മൂലം 1925-ൽ സമരം വിജയകരമായി അവസാനിച്ചു. വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകൾ ജാതിവ്യത്യാസമില്ലാതെ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നു കൊടുക്കപ്പെട്ടു. വൈക്കം സത്യാഗ്രഹത്തിന്റെ വിജയത്തെത്തുടർന്ന് അമ്പലപ്പുഴ, തിരുവാർപ്പ്, ശുചീന്ദ്രം മുതലായ കേന്ദ്രങ്ങളിലെ ക്ഷേത്രനിരത്തുകളിലും അവർണർക്കു സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചു കിട്ടാൻ സമരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. 1928-ൽ തിരുവിതാംകൂറിലെ എല്ലാ ക്ഷേത്രനിരത്തുകളും ജാതിപരിഗണന ഇല്ലാതെ എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുത്തു.

- ഐതിഹാസിക അയിത്തോച്ചാടന സമരം

### 3.4.2.2 ഗുരുവായൂർ സത്യാഗ്രഹം

അയിത്തത്തിനെതിരായി നടന്ന വലിയ സമരമായിരുന്നു ഗുരുവായൂർ സത്യാഗ്രഹം. ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളപ്രദേശ് കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ 1931 നവംബർ 1-ാം തിയതി സത്യാഗ്രഹം ആരംഭിച്ചു. സത്യാഗ്രഹത്തിന്റെ നേതാവ് കെ. കേളപ്പനും ക്യാപ്റ്റൻ എ.കെ. ഗോപാലനും ആയിരുന്നു. സത്യാഗ്രഹം ഭാരതശ്രദ്ധ ആകർഷിച്ചു. ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നും രാഷ്ട്രീയ പ്രവർത്തകർ സത്യാഗ്രഹികളെ സഹായിക്കാൻ ഗുരുവായൂരെത്തി. ക്ഷേത്രത്തിന്റെ ട്രസ്റ്റിയായിരുന്ന സാമൂതിരി ക്ഷേത്രപ്രവേശനത്തിനെതിരായി വിട്ടുവീഴ്ചയില്ലാത്ത നിലപാടാണു സ്വീകരിച്ചത്. സത്യാഗ്രഹത്തിന്റെ എതിരാളികൾ ഡിസംബർ 26-ാം തീയ്യതി എ.കെ. ഗോപാലന്റെ മേൽ നടത്തിയ കൈയ്യേറ്റം ജനങ്ങളെ പ്രകോപിപ്പിക്കുകയും അവർ ബലം പ്രയോഗിച്ച് ക്ഷേത്രത്തിൽ കടക്കാൻ ഒരുമ്പെടുകയും ചെയ്തു. ക്ഷേത്രം ഒരു മാസത്തോളം പൂജകളെല്ലാം നിർത്തി അടച്ചിട്ടു. സത്യാഗ്രഹം 10 മാസം പിന്നിട്ടപ്പോൾ കെ. കേളപ്പൻ 1932 സെപ്തംബർ 22 നു ക്ഷേത്രത്തിന്റെ മുമ്പിൽ അനിശ്ചിതകാലത്തേക്ക് നിരാഹാരം തുടങ്ങി. 1932 ഒക്ടോബർ 2 നു ഗാന്ധിജിയുടെ ഉപദേശപ്രകാരം അദ്ദേഹം ഉപവാസം അവസാനിപ്പിച്ചു. ക്ഷേത്രപ്രവേശനത്തെക്കുറിച്ച് പൊതുജനങ്ങളുടെ അഭിപ്രായമറിയാൻ പൊന്നാനി താലൂക്കിലെ ഹിന്ദുക്കൾക്കിടയിൽ കോൺഗ്രസ് ഒരു ജനഹിത പരിശോധന നടത്തുകയും അതിൽ ഏഴുപതുശതമാനം പേർ ഹരിജനങ്ങൾക്കു ക്ഷേത്രപ്രവേശനം നടത്തുന്നതിനെ അനുകൂലിക്കുകയും ചെയ്തു. ഇങ്ങനെ അടിയന്തിരമായ ലക്ഷ്യം നേടുന്നതിൽ ഗുരുവായൂർ സത്യാഗ്രഹം പരാജയപ്പെട്ടെങ്കിലും അയിത്തോച്ചാടനത്തിനനുകൂലമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുന്നതിനു സഹായകമായി.

- അയിത്തോച്ചാടനത്തിനനുകൂലമായ അവബോധമുണ്ടാക്കി

### 3.4.2.3 മരുമക്കത്തായ പരിഷ്കരണം

സാമൂഹ്യ-സാമ്പത്തിക പ്രാധാന്യമുള്ള പ്രധാന പ്രക്ഷോഭണമായിരുന്നു ദായക്രമത്തിന്റെയും വിവാഹത്തിന്റെയും നിയമങ്ങൾ പരിഷ്കരിക്കുന്നതിനു വേണ്ടി നടന്ന പ്രക്ഷോഭണങ്ങൾ. നായന്മാർ, ഈഴവർ, നാഞ്ചിനാട്ടുവെള്ളാളർ, മലബാറിലെ മാപ്പിളമാർ എന്നിവർ മരുമക്കത്തായമാണ് പിന്തുടർന്നിരുന്നത്. മരുമക്കത്തായ തറവാട്ടിലെ കാരണവരുടെ അമിതാധികാരം കൊണ്ടുതന്നെ പുതിയ തലമുറ മരുമക്കത്തായം തുടരുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചു. അത് കൂട്ടുകുടുംബത്തിന്റെ ഭദ്രതയെ തകർത്തു. കൂട്ടുകുടുംബ സമ്പ്രദായം നിർത്തലാക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രസ്ഥാനം തിരുവിതാംകൂർ

Remove Watermark Now

നായർ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചു. അതിന്റെ ഫലമായിട്ടാണ് 1912-ൽ നായർ ആക്ട് പ്രാബല്യത്തിൽ വന്നത്. ഇതിലെ വ്യവസ്ഥകൾ വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്നു കണ്ടു 1925-ൽ പാസാക്കിയ രണ്ടാം നായർ ആക്ട് തറവാട്ടുസ്വത്ത് ആളോഹരി ഭാഗം വെയ്ക്കാൻ വ്യവസ്ഥ ചെയ്തു. മരുമക്കൾക്ക് അമ്മാവൻമാരുടെ സ്വത്തിലുണ്ടായ അവകാശം ഇല്ലാതായി. ബഹുഭാര്യാതം നിയമവിരുദ്ധമായി. നായർ ആക്ടിനെ തുടർന്ന് ഇതേ നിയമങ്ങൾ ഉൾക്കൊള്ളുന്ന ഈഴവ ആക്ടും നാഞ്ചിനാട്ടുവെള്ളാള ആക്ടും നിലവിൽ വന്നു.

> ▶ വ്യവസ്ഥയോടുള്ള എതിർപ്പ്

മലബാറിന്റെ കാര്യത്തിൽ 1933-ലെ മദിരാശി മരുമക്കത്തായ ആക്ട് തറവാട്ടു സ്വത്ത് ഭാഗം വെയ്ക്കാൻ അനുവദിക്കുകയും മക്കത്തായത്തിനു നിയമസാധുത്വം നൽകുകയും ചെയ്തു. 1933- ലെ മദിരാശി നമ്പൂതിരി ആക്ട് മലബാറിലെ നമ്പൂതിരിമാരുടെ ദായക്രമത്തിൽ മാറ്റംവരുത്തി. അതനുസരിച്ച് ഇല്ലത്തെ സ്ത്രീകളും പുരുഷന്മാരുടെ മുൾപ്പെടെ എല്ലാ അംഗങ്ങൾക്കും കുടുംബസ്വത്തിൽ തുല്യാവകാശം ലഭിച്ചു. ഈ നിയമമനുസരിച്ച്, ഇല്ലത്തെ മൂത്തപുത്രൻ അല്ലാതെ ഉള്ളവർക്കും സ്വജാതിയിൽ നിന്ന് വിവാഹം കഴിക്കാമെന്നും അതിലുണ്ടാകുന്ന കുട്ടികൾക്ക് ഇല്ലം വക സ്വത്തിൽ അവകാശമുണ്ടെന്നും വന്നു. 1976-ൽ കേരളനിയമസഭ പാസാക്കിയ കൂട്ടുകുടുംബ നിരോധന നിയമം അനുസരിച്ച് മക്കത്തായം നിലവിൽ വന്നു.

> ▶ കൂട്ടുകുടുംബ നിരോധന നിയമം

മരുമക്കത്തായം, കൂട്ടുകുടുംബം, ജന്മിസമ്പ്രദായം, ജാതികളും ഉപജാതികളും എന്നിവ ഒരു കാലത്ത് കേരളസമൂഹത്തിൽ നിലനിന്നതായിരുന്നു. എന്നാൽ കേരളത്തിൽ ആകമാനമുണ്ടായ സാമൂഹിക നവോത്ഥാനം, രാഷ്ട്രീയ-സാമൂഹിക സമത്വവാദത്തിന്റെ പ്രചാരം, വ്യവസായവത്കരണത്തിന്റെ വളർച്ച, നാട്ടിൻപുറങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള ജനപ്രവാഹം, സാക്ഷരതാശതമാനത്തിന്റെയും വിദ്യാഭ്യാസനിലവാരത്തിന്റെയും ഉയർച്ച ഇവയെല്ലാം ചേർന്ന് കേരളത്തിൽ പുതുയുഗത്തിന് ആരംഭം കുറിച്ചു. തൊഴിൽ തേടി വിദേശത്തുപോയി നാട്ടിലെത്തുന്ന യുവത പുരോഗമനപരമായ പല ആശയങ്ങളും നാട്ടിൽ പ്രചരിപ്പിച്ചു. സമൂഹത്തിൽ നിലനിന്നിരുന്ന പല ആചാരങ്ങളും ജനങ്ങളുടെ ഇടയിൽനിന്ന് അപ്രത്യക്ഷമായി. സമൂഹഭോജനം, ഉപജാതികളിലെ അംഗങ്ങൾ തമ്മിലുള്ള വിവാഹം എന്നിവ സാധാരണമായി. മരുമക്കത്തായം, കൂട്ടുകുടുംബം എന്നിവയ്ക്ക് തകർച്ച ഉണ്ടാവാൻ തുടങ്ങി. എസ്. എൻ. ഡി. പി., എൻ. എസ്. എസ്. മുതലായ സാമൂഹിക സംഘടനകളും ശ്രീനാരായണ ഗുരുവിനെപ്പോലുള്ള സാമൂഹിക പരിഷ്കർത്താക്കളും സമൂഹപുരോഗതിക്കുവേണ്ടി ആഹ്വാനം ചെയ്തു. പൊതുജനാഭിപ്രായത്തിനു മുമ്പിൽ നിയമംമൂലം സർക്കാർ മരുമക്കത്തായം മാറ്റി മക്കത്തായം സ്ഥാപിച്ചു. ഏകഭാര്യത്വത്തേയും ഏകഭർതൃത്വത്തേയും അംഗീകരിച്ചു. കൂട്ടുകുടുംബവ്യവസ്ഥിതിയുടെ പൊളിച്ചെഴുത്തുകൾ നടന്നു. ഇവയുടെ തകർച്ച ഒരു പുതിയ കാഴ്ചപ്പാട് രൂപപ്പെടുത്താൻ കേരളീയരെ സഹായിച്ചു. അംഗസംഖ്യ ഏറെയുള്ള മരുമക്കത്തായ കുടുംബങ്ങളുടെ പാർപ്പിടങ്ങളുടെ സ്ഥാനത്ത് അണുകുടുംബങ്ങൾ നിലവിൽ വന്നു. ജാതി, ഭൂപ്രഭുത്വം എന്നിവയിൽ അധിഷ്ഠിതമായിരുന്ന പഴ

> ▶ സാമൂഹിക സംഘടനകളും സാമൂഹിക പരിഷ്കർത്താക്കളും

Remove Watermark Now

യ സമുദായാംഗങ്ങൾക്കു പകരം സാമ്പത്തികവും പ്രവൃത്തിപരവും അടിസ്ഥാനമാക്കിയുള്ള പുതിയ വർഗങ്ങളും ഉയർന്നുവന്നു.

### 3.4.3 നവോത്ഥാനവും സ്ത്രീജീവിതവും

▶ സ്ത്രീകൾ സൃഷ്ടിച്ച മാറ്റം

കേരളത്തിലെ ഓരോ പരിവർത്തനഘട്ടത്തെയും രൂപപ്പെടുത്തിയെടുക്കുന്നതിൽ സ്ത്രീകൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. മാറുമറയ്ക്കൽ സമരത്തിൽ ആരംഭിക്കുന്ന കേരളീയനവോത്ഥാനം സൃഷ്ടിച്ചത് സ്ത്രീകളാണ്. വർഷങ്ങൾ നീണ്ടുനിന്ന മാറുമറയ്ക്കൽ സമരത്തിൽ നിരവധി സ്ത്രീകൾക്ക് ജീവൻ വെടിയേണ്ടി വന്നിട്ടുണ്ട്. സ്വന്തം മുലകൾ മുറിച്ചുകൊണ്ട് രക്തസാക്ഷിയായ നങ്ങേലിയും ഊഴിയം വേലയ്ക്കെതിരെ സമരംചെയ്ത ശകുന്തളാദേവിയും നവോത്ഥാനത്തിലെ തിളങ്ങുന്ന സ്ത്രീകളാണ്. നവോത്ഥാനപ്രസ്ഥാനത്തിലെ മുൻനിരയിൽ തന്നെ സ്ത്രീകളുമുണ്ടായിരുന്നു. ദേശീയപ്രസ്ഥാനം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തുടങ്ങി സ്ത്രീകളുടെ പങ്കാളിത്തം ധാരാളമായി ചരിത്രത്തിൽ കാണാം. കല്ലുമാല ബഹിഷ്കരണം, അയിത്തോച്ചാടനസമരങ്ങൾ, കാർഷിക സമരങ്ങൾ, തൊഴിലാളി സമരങ്ങൾ എന്നിവയിലും സ്ത്രീകളുടെ പങ്കാളിത്തം കാണാം.

▶ സ്ത്രീകളുടെ പങ്കാളിത്തം

എന്നാൽ നവോത്ഥാനം ജന്മം നൽകിയ മാതൃകാ സ്ത്രീസങ്കൽപം കുലീനയായ ഗൃഹനായികയുടേതായിരുന്നു. ആദർശവത്കരിക്കപ്പെട്ട ഗൃഹനായികാസങ്കൽപത്തിനുവന്ന മേൽക്കൈ നിമിത്തം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം സ്ത്രീകളുടെ മേൽ ഇരട്ടിഭാരമായി. അത് സ്ത്രീകളുടെ ഗാർഹികപദവി കൂടുതൽ ഉറപ്പിച്ചെടുക്കുകയാണ് ചെയ്തത്. പലപ്പോഴും സമൂഹാധികാരത്തിന്റെ മേഖലകളിൽനിന്ന് സ്ത്രീകൾ പുറന്തള്ളപ്പെടുന്ന കാഴ്ചയാണ് നവോത്ഥാനം സൃഷ്ടിച്ചതെന്ന് പഠിതാക്കൾ ചൂണ്ടിക്കാണിക്കുന്നു.

### 3.4.4 യുക്തിവാദം

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ ഒരു സാമൂഹിക വ്യവസ്ഥയ്ക്കുള്ളിലാണ് പുത്തനുണർവിന്റെ സന്ദേശങ്ങളുമായി നവോത്ഥാനപ്രസ്ഥാനം വളരുന്നത്. ആ പുത്തനുണർവ് യുക്ത്യാധിഷ്ഠിതമായ ചിന്താധാരകളിലേക്ക് മനുഷ്യനെ നയിച്ചു. അറിവുകൾ യുക്തികൊണ്ട് നിർണയിക്കപ്പെടേണ്ടതും വിലയിരുത്തപ്പെടേണ്ടതുമാണെന്ന ബോധ്യമാണത്. യാഥാസ്ഥിതികത്വവും അന്ധവിശ്വാസഭരിതവുമായ വിശ്വാസങ്ങൾ ഇല്ലാതാവുകയും അതിന്റെ സ്ഥാനത്ത് മാനവികമൂല്യം സ്ഥാപിക്കപ്പെടുകയും ചെയ്യുക എന്ന ബോധമാണ് യുക്തിവാദത്തിന്റെ അടിസ്ഥാനം, യുക്തിചിന്തയുമായി കൂടുതൽ ബന്ധപ്പെട്ടു നിൽക്കുന്നത് ശാസ്ത്രബോധമാണ്. ശാസ്ത്രം വളരുമ്പോൾ ഉറച്ചുപോയ ആചാരങ്ങളിലും, വിശ്വാസങ്ങളിലും ഉറച്ചു നിൽക്കുന്നത് സാമൂഹ്യപുരോഗതിക്കും പരിവർത്തനത്തിനും തടസ്സമാണ്. സാംസ്കാരിക പരിവർത്തനത്തിനാണ് നവോത്ഥാനം ശ്രമിച്ചത്. യുക്തിവാദി പ്രസ്ഥാനത്തിന്റെ ആദ്യരൂപം സഹോദരൻ അയ്യപ്പന്റെ സഹോദരസംഘം ആണെന്നു പറയാം. സി. കേശവൻ, മിതവാദി കൃഷ്ണൻ തുടങ്ങിയവരും യുക്തിവാദി സംഘത്തിന്റെ ഭാഗമായിരുന്നു. സംഘടനാപരമായി ബന്ധമില്ലെങ്കിലും അയ്യൻകാളി, പണ്ഡിറ്റ് കറുപ്പൻ, പി. കൃഷ്ണപ്പിള്ള എന്നിവരും യുക്തിവാദികളായിരുന്നു.

Remove Watermark Now

യുക്തിവാദി സംഘത്തിന്റെ മുഖമാസികയാണ് 'യുക്തിരേഖ'. കേരള ചരിത്രത്തിലെ ഒരേയൊരു മതേതരകലണ്ടർ യുക്തിവാദി സംഘത്തിന്റേതാണ്. നേത്രദാനം, ശരീരദാനം, മിശ്രവിവാഹം എന്നിവയും യുക്തിവാദിസംഘത്തിന്റെ പ്രവർത്തനങ്ങളിൽപെടുന്നു. നവോത്ഥാനം മുന്നോട്ടുവെയ്ക്കുന്ന സാംസ്കാരിക മുന്നേറ്റം, സ്ത്രീസ്വാതന്ത്ര്യം എന്നിവയ്ക്ക് യുക്തിവാദി സംഘടന നേതൃത്വം നൽകുന്നു.

▶ മാനവികമൂല്യവും ശാസ്ത്രബോധവും

### 3.4.5 നവോത്ഥാനവും സാഹിത്യവും

ക്ലാസിക് കാവ്യപാരമ്പര്യത്തിൽ നിന്ന് മലയാളസാഹിത്യം ജനകീയമായിമാറുന്നത് ആധിപത്യം വഹിക്കുന്ന ആശയങ്ങളും അടിച്ചമർത്തപ്പെടുന്ന ആശയങ്ങളും തമ്മിലുള്ള സംഘട്ടനത്തിലൂടെയാണ്. അതിൽ സ്വാധീനം ചെലുത്തിയത് നവോത്ഥാനമാണ്. നവോത്ഥാനം മലയാള സാഹിത്യത്തെ ഏറെ സ്വാധീനിക്കുകയും പരിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കവിതയിലും കഥയിലും നോവലിലും നവോത്ഥാനാശയങ്ങൾ കടന്നുവന്നു. നവോത്ഥാനകാലത്ത് സാഹിത്യത്തിൽ ഫ്യൂഡൽ മൂല്യബോധങ്ങളുടെ സ്ഥാനത്ത് മനുഷ്യകേന്ദ്രീകൃത മൂല്യങ്ങൾ ആണ് കാണാൻ സാധിക്കുന്നത്. ശ്രീനാരായണ ഗുരുവിന്റെ ആശയങ്ങൾ കവിതയിലും കഥയിലും ഏറെ സ്വാധീനം ചെലുത്തി. സ്ത്രീയുടെ പക്ഷത്ത് നിന്ന് ചിന്തിക്കുന്ന സാഹിത്യത്തെ, ജീവിതത്തെ നോക്കിക്കാണാൻ നവോത്ഥാനകാലത്തെ സാഹിത്യം ശ്രമിച്ചിട്ടുണ്ട്. കർമ്മസ്ഥാനത്ത് മാത്രം നിന്നിരുന്ന സ്ത്രീയെ കർതൃസ്ഥാനത്ത് സ്ഥാപിക്കാൻ തന്റെ അതിപ്രസിദ്ധമായ 'ബദറുൽ മുനീർ -ഹുസ്നുൽ ജമാൽ' എന്ന കാവ്യത്തിലൂടെ മഹാകവി മോയിൻകുട്ടി വൈദ്യർ ശ്രമിച്ചിട്ടുണ്ട്. സാമൂഹ്യ സാംസ്കാരിക രംഗത്ത് കുമാരനാശാന്റെ കവിത വഹിച്ച പങ്ക് ചെറുതല്ല. 'ദുരവസ്ഥ', 'ചണ്ഡാലഭിക്ഷുകി' എന്നിവ ഉദാഹരണങ്ങളാണ്. ജാതീയമായ ഉച്ചനീചത്വങ്ങൾ വളരെ ശക്തമായിരുന്നകാലത്ത് 'ദുരവസ്ഥ' പോലുള്ള കവിതകൾ എഴുതി മാറ്റത്തിന്റെ കാഹളം മുഴക്കാൻ ആശാനു കഴിഞ്ഞു. ശ്രീബുദ്ധനെകൊണ്ട് ജാതിചിന്തയുടെ അപഹാസ്യത വിശദീകരിക്കുകയാണ് 'ചണ്ഡാലഭിക്ഷുകി'യിൽ ആശാൻ ചെയ്തത്. ജാതിചിന്തയ്ക്കെതിരെയായി ഉള്ളൂരിന്റെ കവിതകളും വായനക്കാരിലേക്കെത്തി. വള്ളത്തോൾക്കവിത ശ്രദ്ധ നേടിയത് അതിൽ പ്രകടമായിരുന്ന ദേശീയ പ്രബുദ്ധതകൊണ്ടാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന സാമൂഹിക പരിഷ്കരണശ്രമങ്ങൾ വള്ളത്തോളിനെ സ്വാധീനിച്ചിരുന്നു. 'ശുദ്ധരിൽ ശുദ്ധൻ', 'മാപ്പ്' എന്നീ കവിതകൾ ഇതിനുദാഹരണമാണ്.

▶ മലയാള സാഹിത്യത്തെ ഏറെ സ്വാധീനിച്ചു

1930 കൾക്കു ശേഷം കഥകളിലും നോവലുകളിലും ഉണ്ടായ വലിയ മാറ്റത്തിനു കാരണം അതിവേഗം മാറുന്ന രാഷ്ട്രീയ ദാർശനികാവസ്ഥകളായിരുന്നു. സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങൾ, വി.ടി. യുടെയും എം. ആർ. ബി. യുടെയും മറ്റും പരിഷ്കരണപ്രസ്ഥാനങ്ങൾ, ശ്രീനാരായണ പ്രസ്ഥാനം തുടങ്ങിയവയും എഴുത്തുകാരെ നേരിട്ട് സ്വാധീനിച്ചു. കേസരി ബാലകൃഷ്ണപ്പിള്ളയുടെ ശ്രമങ്ങൾ യൂറോപ്യൻ രാജ്യങ്ങളിലെ സാഹിത്യമാതൃകകൾ മലയാളികളിൽ എത്തിച്ചു. കേസരിയുടെ 'രൂപമഞ്ജരി'യും എം.പി. പോളിന്റെ 'ചെറുകഥാപ്രസ്ഥാന'വും പ്രസിദ്ധീകരിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ്

Remove Watermark Now

> ▶ സാമൂഹ്യ, സമുദായ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ സ്വാധീനം

തകഴി, കേശവദേവ്, പൊൻകുന്നം വർക്കി, ബഷീർ, ലളിതാംബിക അന്തർജ്ജനം തുടങ്ങിയ നവോത്ഥാനസാഹിത്യപ്രതിഭകളുടെ രംഗപ്രവേശം. പരിണാമഗോപനത്തോടെ ഇതിവൃത്തം കെട്ടിച്ചമച്ചു കഥ പറഞ്ഞു രസിപ്പിക്കുന്ന രീതിമാറി ജീവിതസ്പർശിയായ സോദ്ദേശ്യ രചനകൾ പ്രത്യക്ഷപ്പെട്ടു (എം. അച്യുതൻ).

നവോത്ഥാനകഥാകൃത്തുക്കൾ സാഹിത്യത്തിലേക്ക് വൈവിധ്യമാർന്ന ജനജീവിതത്തെ അയിത്തശങ്കകളില്ലാതെ കടത്തിക്കൊണ്ടുവന്നു. തോട്ടിയുടെ മകനേയും റിക്ഷാക്കാരനെയും പോക്കറ്റടിക്കാരനേയും നായകസ്ഥാനത്ത് പ്രതിഷ്ഠിച്ചു. തെണ്ടിയുടെയും വേശ്യയുടെയും കഥകൾ വിമർശന ബോധത്തോടെ മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടു. വേശ്യയുടെയും കർഷകന്റെയും ദയനീയജീവിതത്തെ ആദർശവത്കരണത്തിന്റെ സ്വാഭാവമില്ലാതെ വർഗബോധത്തോടെ അവർ അവതിരിപ്പിച്ചു. വളർത്തു മൃഗങ്ങളോടും തൊഴിലാളികളോടും വച്ചു പുലർത്തുന്ന കപടമായ സ്നേഹത്തെ തുറന്നുകാട്ടി. കുന്നിലെ ദൈവവിഗ്രഹം പോലും കഴുത്തറ്റം വെള്ളത്തിൽ മുങ്ങിപ്പോയ ഒരു വെള്ളപ്പൊക്കത്തിൽ യജമാനൻ മറന്നുപേക്ഷിച്ചുപോയ ഒരു നായയുടെ അനുഭവങ്ങളിലൂടെ തിരസ്കൃതമായ വിധേയജീവിതങ്ങളെ തകഴി ആവിഷ്കരിച്ചു(വെള്ളപ്പൊക്കത്തിൽ). ലോകമഹായുദ്ധത്തിന്റെ കെടുതിയും അടിയന്തരാവസ്ഥയുടെ ക്രൂരതകളും പള്ളിമതത്തിന്റെ പരിഹാസ്യതയും സ്ത്രീയുടെയും കർഷകന്റെയും പ്രശ്നങ്ങളുമാണ് പൊൻകുന്നം വർക്കി തന്റെ കഥകളിൽ ക്ഷോഭത്തോടെ അവതരിപ്പിച്ചത്.

> ▶ വർഗബോധത്തോടെയുള്ള അവതരണം

iSkysoft

മധ്യവർഗത്തിന്റെ കുലീനമായ കള്ളത്തരങ്ങളെ പരിഹാസത്തോടെ കാരൂർ തുറന്നുകാട്ടുന്നു. പൊതിച്ചോറു കട്ടുതിന്നേണ്ടി വരുന്ന അധ്യാപകരുടെ യാതനയും (പൊതിച്ചോറ്) അന്ധവിശ്വാസങ്ങളും അസമത്വങ്ങളും കാരണം കട്ടുകൊയ്ത് പട്ടിണി തീർക്കേണ്ടിവരുന്ന കൃഷിക്കാരുടെ ദയനീയാവസ്ഥയും (അന്നത്തെ കൂലി) കാരൂർ ആവിഷ്കരിച്ചു.

> ▶ ദുരിതങ്ങൾ തുറന്നുകാട്ടി

അതുവരെ അപരിചിതമായിരുന്ന അനുഭവങ്ങളുടെ ഒരു വൻകരയെ മലയാള സാഹിത്യത്തിലേക്ക് ആവിഷ്കരിക്കുകയായിരുന്നു ബഷീറും. വിശപ്പും വ്യഭിചാരവും സ്വാതന്ത്ര്യസമരവും അദ്ദേഹത്തിന്റെ രചനകളിൽ വിഷയമായി. ജീവിതത്തിന്റെ വെന്തുനീറുന്ന തമാശകഥകളായിരുന്നു അതെല്ലാം. 'ഓർക്കുമ്പോൾ കരയാൻ തോന്നുന്നു. ചിരിക്കാനും' എന്ന 'ബാല്യകാലസഖി' യിലെ മജീദിന്റെ ആത്മഗതം ബഷീറിന്റെ ഓരോ രചനകളും നമ്മെ ഓർമ്മിപ്പിക്കും. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും മുറുകെ പിടിക്കുന്ന സമുദായത്തെ ബഷീർ വിമർശിക്കുന്നു. വെളിച്ചത്തിനെന്തു വെളിച്ചം എന്ന പ്രയോഗത്തിൽ അറിവിന്റെ, പുരോഗമനാശയങ്ങളുടെ തെളിച്ചം തന്നെയാണ് കടന്നുവരുന്നത്. ദേവിന്റെ കഥകളിലും നവോത്ഥാനാശയങ്ങളാണ് കടന്നുവരുന്നത്. സ്ത്രീയുടെ പ്രശ്നങ്ങളെ വേണ്ടത്ര സമഗ്രബോധത്തോടെ സമീപിച്ച എഴുത്തുകാരിലൊരാളാണ് സരസ്വതിയമ്മ. അധികാരത്തിന്റെ ദൈവസങ്കല്പത്തോടുള്ള വിനീതവിധേയത്വമാണ് ലിംഗപരമായ അസമത്വത്തിനും കാരണമെന്ന് ഇവർ മനസ്സിലാക്കി. നമ്പൂതിരി സ്ത്രീസമുദായത്തിന്റെ നിലവിളികളെ തന്റെ കഥകളിലൂടെയും നോവലിലൂടെയും ആവിഷ്കരിച്ച എഴുത്തുകാരി

Remove Watermark Now

യാണ് ലളിതാംബിക അന്തർജ്ജനം. 'അഗ്നിസാക്ഷി'യിലൂടെയും 'പ്രതികാരദേവത'യിലൂടെയും നമ്പൂതിരിസമുദായത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന ജീവിതത്തെ തുറന്നു കാട്ടുകയാണ് അന്തർജ്ജനം. നവോത്ഥാനാശയങ്ങൾ മലയാള സാഹിത്യത്തിലും സ്വാധീനം ചെലുത്തി. കവിതയിലും കഥയിലും നോവലിലും നവോത്ഥാനാശയങ്ങളുടെ കടന്നുവരവ് കാണാം. വിശപ്പ്, പട്ടിണി എന്നിവ കേന്ദ്രപ്രമേയങ്ങളായി. പാർശ്വവത്കരിക്കപ്പെടുന്നവർ കേന്ദ്രപ്രമേയങ്ങളായി. സ്ത്രീജീവിതത്തിന്റെ സങ്കീർണ്ണമായ അവസ്ഥകൾ സാഹിത്യത്തിൽ കടന്നു വരുന്നതും ഈ കാലഘട്ടത്തിലാണ്.

▶ അസമത്വങ്ങൾക്കെതിരായ സാഹിത്യമുന്നേറ്റം

## 3.4.6 ജീവൽസാഹിത്യവും പുരോഗമന സാഹിത്യ പ്രസ്ഥാനവും

1944-ൽ ആരംഭിക്കുകയും മലയാളസാഹിത്യരംഗത്തെ ഒന്നരപ്പതിറ്റാണ്ടോളം വലിയനിലയിൽ സ്വാധീനിക്കുകയും ചെയ്ത ഒന്നാണ് പുരോഗമനസാഹിത്യപ്രസ്ഥാനം. 1935-ൽ റൊമെൻ റോളണ്ട്, മാക്സിം ഗോർക്കി തുടങ്ങിയവരുടെ ശ്രമത്തിൽ ഫ്രാൻസിൽ ഉടലെടുത്ത പുരോഗമനപ്രസ്ഥാനത്തിനു പിറ്റേവർഷം തന്നെ ഇന്ത്യയിൽ മുൽക്ക് രാജ് ആനന്ദ്, സജ്ജാദ് സാഹിർ തുടങ്ങിയവർ ശാഖ തുടങ്ങി. സാമൂഹിക പിന്നാക്കാവസ്ഥയിൽനിന്നും ദാരിദ്ര്യത്തിൽ നിന്നുമുള്ള മോചനം എന്നതിനൊപ്പം തൊഴിലാളി വർഗപക്ഷപാതവും പുരോഗമനസാഹിത്യം ലക്ഷ്യമാക്കി. കേരളത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ഇതേ ആവശ്യങ്ങൾ ഉന്നയിക്കുന്ന കാലമായിരുന്നു അത്. 1937-ൽ തൃശൂരിൽ ഇത്തരം ചിന്താഗതിക്കാരുടെ ഒരു കൂട്ടായ്മയുണ്ടായി. അതിൽവെച്ച് ജീവൽ സാഹിത്യ സംഘടന രൂപീകൃതമായി. സി. ബാലകൃഷ്ണകുറുപ്പാണ് ജീവൽ സാഹിത്യം എന്ന് പേര് നിർദ്ദേശിച്ചത്. 1937-ഏപ്രിൽ 4 രാത്രിയാണ് ജീവൽ സാഹിത്യസംഘടന രൂപീകരിക്കാനുള്ള യോഗം ബോംബ ക്രോണിക്കിൾ സഹപത്രാധിപർ പി. നാരായണസ്വാമിയുടെ അധ്യക്ഷതയിൽ ചേർന്നത്. മൂന്നു പ്രബന്ധങ്ങളാണ് അതിൽ ചർച്ച ചെയ്തത്. ഇന്നത്തെ മലയാള സാഹിത്യം ജീവൽ സാഹിത്യമാണോ (എൻ.പി. ദാമോദരൻ), കേരളത്തിനുപറ്റിയ ജീവൽ സാഹിത്യം (കെ. ദാമോദരൻ), ജീവൽസാഹിത്യത്തിന്റെ ഭാവി (ഇ.എം.എസ്.) എന്നിവയായിരുന്നു പ്രബന്ധങ്ങൾ. എ. മാധവൻ സെക്രട്ടറിയായി രണ്ടാം സമ്മേളനം 1938-ൽ തൃശൂരിൽ വെച്ച് നടന്നു. 1939-ൽ മൂന്നാം സമ്മേളനം പയ്യന്നൂരിൽ വെച്ച് നടന്നു. അധ്യക്ഷനായി കെ. ദാമോദരൻ തെരഞ്ഞെടുക്കപ്പെട്ടു. പുരോഗമനസാഹിത്യം പാരമ്പര്യങ്ങളെ അകാരണമായി അവഹേളിക്കുന്നു എന്നും, പീറകൃതികളെ ഉത്കൃഷ്ടസാഹിത്യ രചനകളായി ഉയർത്തിക്കാട്ടുന്നതിലൂടെ യുവതലമുറയെ വികലമാക്കുന്നു എന്നും വാദമുയർന്നു. ജീവൽ സാഹിത്യത്തിന്റെ എതിർചേരിയിൽ സഞ്ജയനും മാരാരും നിലയുറപ്പിച്ചു.

▶ 1937-ൽ രൂപീകൃതമായി

പി. ശങ്കരൻ നമ്പ്യാർ, എം. പി. പോൾ എന്നിവർ ജീവൽ സാഹിത്യത്തിന്റെ സഹയാത്രികരായി. കേസരി ബാലകൃഷ്ണപ്പിള്ള ജീവൽസാഹിത്യപ്രസ്ഥാനത്തിൽ നേരിട്ടു പ്രത്യക്ഷപ്പെട്ടില്ലെങ്കിലും യൂറോപ്യൻ സാഹിത്യത്തിലെ നവീനകൃതികളെയും പ്രസ്ഥാനങ്ങളെയും പരിചയപ്പെടുത്തുക വഴി ജീവൽസാഹിത്യകാരന്മാർക്ക് വലിയ സഹായം

Remove Watermark Now

നൽകി. ബാലകൃഷ്ണപ്പിള്ളയുടെ 'കേസരി', 'തൊഴിലാളി' എന്നീ ആനുകാലികങ്ങൾ പുരോഗമനസാഹിത്യത്തെ പ്രകീർത്തിച്ച് നിരവധി ലേഖനങ്ങൾ എഴുതി. തകഴി, ദേവ്, വർക്കി, വി.ടി, ചങ്ങമ്പുഴ, എം. ആർ. ബി., ലളിതാംബിക അന്തർജനം, കെടാമംഗലം പപ്പുക്കുട്ടി തുടങ്ങി കുറേപ്പേർ ഈ പ്രസ്ഥാനത്തിന്റെ വക്താക്കളായി. സൗന്ദര്യത്തിന്റെ പേരിൽ യാഥാസ്ഥിതികത്വത്തെ ആദരിക്കരുത് എന്നായിരുന്നു ഇ. എം. എസിന്റെ നിലപാട്. 1944-ൽ ഷൊർണൂർ വെച്ച് നടന്ന സമ്മേളനം പുരോഗമനസാഹിത്യം എന്നപേര് സ്വീകരിച്ചു. എം.പി. പോൾ സമ്മേളനാധ്യക്ഷൻ ആയിരുന്നു. രാഷ്ട്രീയ മാറ്റങ്ങൾ ആ സമ്മേളനത്തിൽ വളരെ പ്രകടമായിരുന്നു. എം.പി. പോൾ അധ്യക്ഷനായും സി. അച്യുതകുറുപ്പ്, കേശവദേവ് എന്നിവർ സെക്രട്ടറിമാരായും പുരോഗമന സാഹിത്യ പ്രസ്ഥാനം പ്രവർത്തനം തുടങ്ങി. സാഹിത്യകാരൻമാർ ഇല്ലാത്തവന്റെ ചേരിയിൽ നിൽക്കണം എന്ന മാനിഫെസ്റ്റോ അംഗീകരിച്ചു. 1945-ൽ കോട്ടയം സമ്മേളനത്തിൽ ഹരീന്ദ്രനാഥചതോപാധ്യായ അധ്യക്ഷനായി 'പുരോഗമന സാഹിത്യം പുരോഗമിക്കാൻ' എന്ന ലഘുലേഖ പുറത്തുവന്നു. സാമ്രാജ്യത്വവിരുദ്ധ നിലപാട് ഈ ലഘുലേഖ വ്യക്തമാക്കി. 1947-ലെ തൃശൂർ സമ്മേളനം മുൽക് രാജ് ആനന്ദാണ് ഉദ്ഘാടനം ചെയ്തത്. എം.പി. പോൾ ആയിരുന്നു അധ്യക്ഷൻ. എഴുത്തുകാരൻ മനുഷ്യത്വത്തിനു വേണ്ടിയാണു നിലകൊള്ളുന്നതെന്നും അത് കക്ഷിരാഷ്ട്രീയവുമായി എപ്പോഴും പൊരുത്തപ്പെട്ടുപോകണമെന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത് പുരോഗമനസാഹിത്യത്തിൽ പിളർപ്പുണ്ടാക്കി. കമ്മ്യൂണിസ്റ്റുകാർ നേതൃത്വം പിടിച്ചെടുത്തു. 1948-ൽ ഇവർ പുതിയ പ്രകടനപത്രിക അംഗീകരിച്ചു. 1949-ൽ ചേർന്ന യോഗത്തിൽ പൊറ്റക്കാട്, വയലാർ, ഒ. എൻ. വി. എന്നിവർ പങ്കെടുത്തു. ഇക്കാലത്താണ് ആശയം ഭദ്രമായി ആവിഷ്കരിക്കുന്നതിനു രൂപഭദ്രത വേണമെന്ന് മുണ്ടശ്ശേരി പറഞ്ഞതും അത് തെറ്റിദ്ധരിക്കപ്പെട്ടതും. 1953-ൽ പുരോഗമനസാഹിത്യത്തിന്റെ പുതിയ മാനിഫെസ്റ്റോ എഴുതിയുണ്ടാക്കി. 1955-ൽ ഇടപ്പള്ളിയിൽ വെച്ചു പുരോഗമനസാഹിത്യസമ്മേളനം നടന്നെങ്കിലും പ്രവർത്തനം ഉണ്ടായില്ല.

▶ പുരോഗമനസാഹിത്യം എന്ന് പേര് മാറ്റം

## Summarised Overview

കേരളത്തിന്റെ സാമൂഹ്യ- രാഷ്ട്രീയ-സാംസ്കാരിക ചലനങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന പ്രക്രിയയാണ് നവോത്ഥാനം. ജാതി-ജന്മി-നാടുവാഴി മേധാവിത്വത്തിന്റെ സങ്കീർണ്ണവും വിവേചനപരവുമായ സാമൂഹ്യ ക്രമത്തിൽ മാനവികമായ പരിവർത്തനമാണ് നവോത്ഥാനം സൃഷ്ടിച്ചത്. നവോത്ഥാനാശയങ്ങൾ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കി. സ്ത്രീജീവിതാവസ്ഥകളെ ഒരു പരിധിവരെയെങ്കിലും പൊതുസമൂഹത്തിനു മുന്നിൽ കൊണ്ടുവരാൻ നവോത്ഥാന പ്രവർത്തനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. നവോത്ഥാനം സാഹിത്യത്തെ കൂടുതൽ ജീവിതഗന്ധിയാക്കി. 'മഹിളാളി മഹാസ്പദ'മായിരുന്ന, ഉയർന്ന വർഗത്തിന്റെ മാത്രമായിരുന്ന സാഹിത്യത്തിലേക്ക് സാധാരണക്കാരനെ പ്രതിഷ്ഠിച്ചു. സ്ത്രീമുന്നേറ്റ ചരിത്രത്തിലും നവോത്ഥാന പ്രവർത്തനങ്ങൾ വലിയ പങ്കുവഹിച്ചു. സാഹിത്യ സംഘടനകളുടെ ആവിർഭാവത്തിനു വഴിയൊരുക്കി. പുരോഗമനാശയങ്ങൾ സമൂഹത്തിൽ കടന്നുവരാൻ വഴിയൊരുക്കിയതും നവോത്ഥാനം തന്നെയാണ്.

എസ്.എൻ.ഡി.പി., എൻ.എസ്.എസ്. മുതലായ സാമൂഹിക സംഘടനകളും ശ്രീനാരായണ ഗുരുവിനെപ്പോലുള്ള സാമൂഹികപരിഷ്കർത്താക്കളും സാമൂഹ്യപുരോഗതിക്കുവേണ്ടി ആഹ്വാനം ചെയ്തു. മേൽജാതിയുടെ സാമൂഹിക-സാമ്പത്തിക, സാംസ്കാരിക - രാഷ്ട്രീയ ചൂഷണത്തിനും, അടിച്ചമർത്തലിനും വിധേയമാകുന്ന ജനതയാണ് ദളിത്. കേരളത്തിലെ ആദ്യ ദളിത് സംഘടനയാണ് സാധുജനപരിപാലന സംഘം. ദളിത് വാദം അടിയാളവീക്ഷണത്തിലൂടെ എഴുതപ്പെട്ട സാഹിത്യത്തെയും ചരിത്രത്തെയും തുറന്നുകാട്ടുന്നു. പുരുഷാധിപത്യത്തിലടിയുറച്ച സാമൂഹികനീതികളെ ചോദ്യം ചെയ്തുകൊണ്ടാണ് സ്ത്രീവാദം ഉയർന്നുവന്നത്. ഇന്ത്യയിൽ ശക്തമായ നവോത്ഥാനപ്രസ്ഥാനം ഉടലെടുത്തത് കേരളത്തിൽ നിന്നാണ്. മാനവികത, യുക്തിചിന്ത, സമത്വം തുടങ്ങിയവ നവോത്ഥാനത്തിന്റെ മൂല്യങ്ങളാണ്. ജാതിചിന്തയ്ക്കതീതമായി മലയാളി, മലയാളം തുടങ്ങിയ അവബോധങ്ങളുണ്ടായതും ഒരു ദേശമെന്ന നിലയ്ക്ക് ജനങ്ങൾ ചിന്തിക്കാൻ തുടങ്ങിയതും നവോത്ഥാനത്തിന്റെ പരിണിതഫലമാണ്.

അയിത്തോച്ചാടന പ്രസ്ഥാനത്തിലെ ആദ്യത്തെ ഐതിഹാസിക സമരമാണ് വൈക്കം സത്യാഗ്രഹം. വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളിൽ അവർണ്ണഹിന്ദുക്കൾക്കുകൂടി സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്നായിരുന്നു ആവശ്യം. അയിത്തത്തിനെതിരെ നടന്ന വലിയ സമരം. അയിത്തോച്ചാടനത്തിനനുകൂലമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുന്നതിനു ഈ സത്യാഗ്രഹം സഹായകമായി. മരുമക്കത്തായ പരിഷ്കരണം മൂലം അമ്മാവൻമാരുടെ സ്വത്തിലുണ്ടായ അവകാശം ഇല്ലാതായി. ബഹുഭാര്യാത്വം നിയമവിരുദ്ധമായി. മരുമക്കത്തായം, കൂട്ടുകുടുംബം, ബഹുഭർതൃത്വം എന്നിവയുടെ തകർച്ച കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലെ ശ്രദ്ധേയമായ ഒന്നാണ്. ആധുനിക ഗാർഹികതയുടെ രൂപീകരണം സാധ്യമായി. സാമൂഹ്യ, സമുദായ പരിഷ്കരണപ്രസ്ഥാനങ്ങൾ, ശ്രീനാരായണ പ്രസ്ഥാനം, യൂറോപ്യൻ രാജ്യങ്ങളിലെ സാഹിത്യമാതൃകകൾ എന്നിവ എഴുത്തുകാരനെ നേരിട്ട് സ്വാധീനിച്ചു. സാധാരണക്കാരന്റെ ദയനീയജീവിതത്തെ അയിത്തശങ്കകളില്ലാതെ, ആദർശവത്കരണത്തിന്റെ സ്വാഭാവമില്ലാതെ, വർഗബോധത്തോടെ നവോത്ഥാന കാഥികർ അവതിരിപ്പിച്ചു. വർഗപരവും മതപരവുമായ അസമത്വങ്ങൾക്കെതിരെയുള്ള മുന്നേറ്റമായിരുന്നു നവോത്ഥാനം. പാർശ്വവത്കരിക്കപ്പെടുന്നവർ കേന്ദ്രസ്ഥാനത്തു വന്നു. സ്ത്രീജീവിതത്തിന്റെ സങ്കീർണ്ണമായ അവസ്ഥകളും സാഹിത്യത്തിൽ കടന്നുവന്നു. തൃശൂരിൽ ജീവൽ സാഹിത്യ സംഘടന രൂപീകൃതമായി. ഷൊർണൂർ വെച്ച് നടന്ന സമ്മേളനത്തിൽ ജീവൽ സാഹിത്യം പുരോഗമനസാഹിത്യം എന്നപേര് സ്വീകരിച്ചു.

# Assignments

1. വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
2. കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളെക്കുറിച്ച് വിവരിക്കുക.
3. ജീവൽസാഹിത്യം, പുരോഗമനസാഹിത്യപ്രസ്ഥാനം എന്നിവയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
4. മരുമക്കത്തായ പരിഷ്കരണത്തിന്റെ പരിണിത ഫലമെന്തെല്ലാമെന്ന് ചർച്ച ചെയ്യുക.
5. നവോത്ഥാന സാഹിത്യകാരന്മാർ അവരുടെ പ്രവർത്തനങ്ങൾ വിശദമാക്കുക.
6. നവോത്ഥാനമൂല്യങ്ങൾ സാഹിത്യത്തിൽ എങ്ങനെ പ്രകടമാകുന്നു. വ്യക്തമാക്കുക?
7. നവോത്ഥാനം യുക്ത്യധിഷ്ഠിതമായ ചിന്താധാരകളിലേക്കാണ് മനുഷ്യനെ നയിച്ചത്. പരിശോധിക്കുക.
8. ദളിത് സ്ത്രീവാദ വിമർശനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

Remove Watermark Now

## Suggested Readings


1. ഡോ. പി.എസ്. ശ്രീകല, നവോത്ഥാനത്തിന്റെ ഭാവുകത്വപരിസരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. സി.എസ്. ചന്ദ്രിക, കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ സ്ത്രീ മുന്നേറ്റങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
3. ഡോ. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠനഗവേഷണ കേന്ദ്രം, തൃശ്ശൂർ.
4. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ബിനീഷ് പുതുപ്പണം (എഡി), കേരള നവോത്ഥാനത്തിന്റെ പരിമിതികൾ വിദ്യാർത്ഥി പബ്ലിക്കേഷൻ, കോഴിക്കോട്
6. ഡോ. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Reference


1. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. പ്രൊഫ. എസ്. അച്യുതവാര്യർ, കേരളസംസ്ക്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. രാജേഷ് കെ. എരുമേലി (എഡി), കേരളം നടന്ന വഴികൾ, മൈത്രി ബുക്സ്, തിരുവനന്തപുരം.
4. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്ക്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. കെ. ദാമോദരൻ, കേരളചരിത്രം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
6. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരളചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
7. കെ.എം. ജോർജ്ജ് (എഡി), ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.

Remove Watermark Now

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft

Remove Watermark Now

# ദേശീയപ്രസ്ഥാനം, കേരള മാതൃക, ആഗോളീകരണം

## BLOCK-04

iSkysoft

### Block Content

**യൂണിറ്റ് - 1 ദേശീയപ്രസ്ഥാനം, ഖിലാഫത്ത്പ്രസ്ഥാനം, നിവർത്തനപ്രക്ഷോഭം**

ദേശീയതയുടെയും ദേശീയപ്രസ്ഥാനത്തിന്റെയും രൂപപ്പെടൽ - നിസ്സഹകരണപ്രസ്ഥാനം - ഖിലാഫത്ത് - മലബാർകലാപം - നിയമലംഘനപ്രസ്ഥാനം - തിരുവിതാംകൂർ - സ്റ്റേറ്റ് കോൺഗ്രസ്സും ഉത്തരവാദിത്തപ്രക്ഷോഭവും - നിവർത്തനപ്രക്ഷോഭം.

**യൂണിറ്റ് - 2 ഐക്യകേരളപ്രസ്ഥാനം കേരള സംസ്ഥാനരൂപീകരണം**

യൂത്ത് ലീഗ് - സോഷ്യലിസ്റ്റ് കോൺഗ്രസ്സ് - കർഷകപ്രസ്ഥാനങ്ങൾ - കമ്മ്യൂണിസ്റ്റ് പാർട്ടി - പുന്നപ്ര വയലാർ, കയ്യൂർ, കരിവള്ളൂർ - കൊച്ചിയിലെ രാഷ്ട്രീയ പ്രക്ഷോഭങ്ങൾ - ഐക്യ കേരള പ്രസ്ഥാനം - കേരളസംസ്ഥാന രൂപീകരണം.

**യൂണിറ്റ് - 3 കേരള മന്ത്രിസഭ, ഭൂപരിഷ്കരണ നിയമം, ഗൾഫ് കുടിയേറ്റം**

ഒന്നാം കേരള മന്ത്രിസഭ - കാർഷിക പരിഷ്കരണ ബില്ല് - അതിന്റെ പരിമിതികൾ - വിമോചനസമരം - മിച്ചഭൂമി പ്രക്ഷോഭം - കേരളത്തിലെ മന്ത്രിസഭകൾ, മുഖ്യമന്ത്രിമാർ - അടിയന്തരാവസ്ഥ - ഗൾഫ് കുടിയേറ്റം - കേരള മോഡൽ : ഉള്ളടക്കവും പരാധീനതകളും - മതവൽക്കരണവും കേരളവും - നവയാഥാസ്തികത്വവും ജാതീയതയും.

**യൂണിറ്റ് - 4 കേരളം-ഇരുപത്തൊന്നാം നൂറ്റാണ്ട്**

മാധ്യമങ്ങളും കേരളസമൂഹവും - പത്രം, റേഡിയോ, ടെലിവിഷൻ - ആഗോളീകരണവും അതിന്റെ സാമൂഹ്യ-സാംസ്കാരിക ഫലങ്ങൾ - ഉപഭോക്തൃസമൂഹം - നവമാധ്യമങ്ങൾ - കുടുംബം, ലൈംഗികത, സംസ്കാരം - കേരളം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ.

Unit 1

# ദേശീയപ്രസ്ഥാനം, ഖിലാഫത്ത്പ്രസ്ഥാനം, നിവർത്തനപ്രക്ഷോഭം

## Learning Outcomes

- കേരളത്തിൽ ദേശീയതയുടെയും ദേശീയപ്രസ്ഥാനത്തിന്റെയും രൂപപ്പെടൽ എപ്രകാരമായിരുന്നു എന്ന് അറിയുന്നു
- നിസ്സഹകരണപ്രസ്ഥാനം, ഖിലാഫത്ത് പ്രസ്ഥാനം ഇവയെക്കുറിച്ച് ധാരണ നേടുന്നു
- മലബാർ കലാപത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു
- 1930-38 കാലത്ത് തിരുവിതാംകൂറിൽ നടന്ന രാഷ്ട്രീയ പ്രക്ഷോഭങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു
- നിവർത്തനപ്രക്ഷോഭം കൊണ്ട് നേടിയെടുക്കാനായ നേട്ടങ്ങളെക്കുറിച്ചും ജനങ്ങളുടെ സംഘടിത ശക്തിയെക്കുറിച്ചും അറിവു നേടുന്നു

## Background

ബ്രിട്ടീഷ് അധിനിവേശം ഇന്ത്യയെ എല്ലാനിലയിലും കീഴ്പ്പെടുത്തുകയും എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതം ദുസ്സഹമാക്കി തീർക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി രൂപപ്പെട്ട അസംതൃപ്തികൾ പലനിലകളിൽ പ്രകടിപ്പിക്കപ്പെട്ടു കൊണ്ടിരുന്നു. 1885-ൽ കോൺഗ്രസ്സ് രൂപപ്പെടുന്നതോടെ സമരങ്ങൾക്ക് ലക്ഷ്യബോധം കൈവരുകയും സമരം തീഷ്ണമാവുകയും ചെയ്തു. കേരളത്തിലും സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ അധികം വൈകാതെ എത്തിച്ചേർന്നു. ദേശീയതലത്തിൽ കോൺഗ്രസ്സ് ശക്തിയാർജിക്കുകയും ബ്രിട്ടീഷുഭരണത്തിനെതിരെയുള്ള നീക്കങ്ങൾ കരുത്താർജിക്കുകയും ചെയ്തതോടെ കേരളത്തിലും സ്വാതന്ത്ര്യസമരത്തിന്റെ മറ്റൊരുഘട്ടം ആരംഭിച്ചു. ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള പ്രതിഷേധങ്ങൾക്കു ഈ ഘട്ടത്തിൽ ജനകീയസ്വഭാവം കൈവന്നത് ശ്രദ്ധേയമാണ്. കേരളത്തിൽ ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്നത് മലബാർ പ്രവിശ്യയായിരുന്നതിനാൽ അവിടെ കോൺഗ്രസിന്റെയും തൊഴിലാളിപ്രസ്ഥാനങ്ങളുടെയും ആഭിമുഖ്യത്തിൽ പലവിധ പ്രക്ഷോഭങ്ങളും നടന്നു. നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും കർഷക തൊഴിലാളി പ്രസ്ഥാനങ്ങളുടെയും സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളുടെയും വളർച്ച പെട്ടന്നായിരുന്നു. ജനാധിപത്യത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള സമരങ്ങൾ തീഷ്ണമായി തീർന്നു.

ബ്രിട്ടീഷുകാർക്കെതിരെ അക്കാലയളവിൽ പന്ത്രണ്ടോളം കലാപങ്ങൾ ഉണ്ടായി. നിസ്സഹകരണ പ്രസ്ഥാനം, ഖിലാഫത്ത്പ്രസ്ഥാനം, ദക്ഷിണേന്ത്യൻ നാട്ടുരാജ്യ പ്രജാസമ്മേളനം, ഉത്തരവാദിത്വപ്രക്ഷോഭം, നിവർത്തനപ്രക്ഷോഭം തുടങ്ങിയവ ആ കാലഘട്ടത്തിൽ നടന്ന പരിഷ്കരണ നടപടികളാണ്. രാജാവിന്റെ ഭരണ പരിഷ്കാരങ്ങളെ എതിർക്കുകയും, സർക്കാർ സർവീസിൽ ജാതിസംവരണം വേണം എന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തുകൊണ്ട് ഈഴവ-ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങളാണ് നിവർത്തന പ്രക്ഷോഭം നടത്തിയത്.

Remove Watermark Now

ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണപരിഷ്കാരങ്ങൾക്കെതിരെ നടന്ന സമരമായിരുന്നു പുന്നപ്രവയലാർ സമരം. ഈ സംഭവം പിൽക്കാലത്ത് തൊഴിലാളികളുടെ സംഘടിതശക്തിയെ വളർത്തി. പിന്നീട് ഐക്യകേരളപ്പിറവിയ്ക്കു വേണ്ടി നിരവധിയാളുകൾ പ്രയത്നിക്കുകയും കെ. കേളപ്പന്റെ നേതൃത്വത്തിൽ ഐക്യകേരളസമ്മേളനം നടക്കുകയും ചെയ്തു. തിരുവിതാംകൂർ കൊച്ചി സംയോജനം നടപ്പിലാക്കി. രണ്ടു നാട്ടുരാജ്യങ്ങളെയും ഇന്ത്യൻ യൂണിയനിൽ ചേർക്കുകയും ഉത്തരവാദഭരണം സ്ഥാപിക്കുകയും ചെയ്തു. പുതിയ സംസ്ഥാനത്തിന്റെ ആസ്ഥാനം തിരുവനന്തപുരവും ഹൈക്കോടതി ആസ്ഥാനം എറണാകുളവുമായി അംഗീകരിക്കപ്പെട്ടു.

## Keywords

സാമ്രാജ്യത്വം-സാമ്രാജ്യത്വവിരുദ്ധപ്രക്ഷോഭങ്ങൾ-കൊളോണിയൽ അധിനിവേശം-ദേശീയ സമരം, കേരളനവോത്ഥാനം-അഹിംസ-ഐക്യകേരളം-നിസ്സഹരണപ്രസ്ഥാനം-ഖിലാഫത്ത് പ്രസ്ഥാനം-കർഷകസംഘം-കമ്മ്യൂണിസം-സോഷ്യലിസം-ഭരണഘടന-തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ്-നിവർത്തനപ്രക്ഷോഭം.

## Discussion

### 4.1.1 ദേശീയതയുടെയും ദേശീയ പ്രസ്ഥാനത്തിന്റെയും രൂപപ്പെടൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്ക് ഇന്ത്യയിൽ ദേശീയബോധം വികാസം പ്രാപിച്ചതായി കാണാം. കേരളത്തിലെ ദേശീയപ്രസ്ഥാനത്തെയും സ്വാതന്ത്ര്യസമരത്തെയും സംബന്ധിച്ച് ഏകമുഖമായ ഒരു അന്വേഷണമോ ഉത്തരമോ സാധ്യമല്ല. ബഹുമുഖമായ ആശയങ്ങളും സമരങ്ങളുമാണ് ഈ ധാരയെ നയിച്ചത്. കേരളത്തിലെ മൂന്ന് പ്രവിശ്യകളിലും സമരത്തിന്റെ സ്വഭാവവും രീതികളും വ്യത്യസ്തമായിരുന്നു എന്നതിനാലാണ് ഈ നിഗമനം. ബ്രിട്ടീഷ് ഭരണത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുണ്ടായിരുന്ന മലബാർ പ്രവിശ്യയിലെപോലെ തീവ്രമോ സംഘടിതമോ ആയിരുന്നില്ല ആദ്യ ഘട്ടത്തിൽ നാട്ടുരാജ്യങ്ങളായ കൊച്ചിയിലെയും തിരുവിതാംകൂറിലെയും സമരങ്ങൾ. ഇവിടെ സാമൂഹ്യ നവീകരണപ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചപ്പോൾ മലബാർ പ്രവിശ്യയിൽ ദേശീയതാപ്രസ്ഥാനം അതിന്റെ രാഷ്ട്രീയ സമരമുഖങ്ങൾ പ്രകടിപ്പിച്ചു തുടങ്ങി.

▶ സ്വഭാവവും രീതികളും വ്യത്യസ്തം

ബ്രിട്ടീഷ്ഭരണത്തിലുള്ള പ്രവിശ്യകളിലാണ് പ്രധാനമായും സാമ്രാജ്യത്വ വിരുദ്ധപ്രക്ഷോഭങ്ങൾ ശക്തിപ്രാപിച്ചത്. ആധുനിക വിദ്യാഭ്യാസം നേടിയ പുതിയ തലമുറയായിരുന്നു അതിന് ആശയപരമായ നേതൃത്വം നൽകിയത്. സാമൂഹ്യപരിഷ്കരണം, ഭരണപങ്കാളിത്തം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാരംഭിച്ച പ്രക്ഷോഭങ്ങൾ

Remove Watermark Now

ഏകീകൃതമായ ഒരു സ്വഭാവം കൈവരിക്കുന്നത് 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകരിക്കുന്നതോടെയാണ്. ഒരു മധ്യവർഗത്തിന്റെ നിയന്ത്രണമുണ്ടായിരുന്ന കോൺഗ്രസ്സ് ആദ്യഘട്ടത്തിൽ സാമ്രാജ്യത്വത്തോട് നേരിട്ട് ഏറ്റുമുട്ടുന്നില്ലെങ്കിലും പിന്നീടുള്ള പ്രഖ്യാപിത ലക്ഷ്യമായി സാമ്രാജ്യത്വത്തിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുക എന്നതിലേയ്ക്ക് മാറുന്നു. അതോടു കൂടി ഇന്ത്യൻ ദേശീയ സമരത്തിന്റെ മുന്നണിപ്പോരാളിയായി കോൺഗ്രസ്സ് മാറി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിപ്ലവകാരികൾ കോൺഗ്രസ്സിന്റെ സമര രീതികളിൽ മാറ്റം വരുത്തണം എന്ന് വാദിച്ചു. എന്നാൽ ഗാന്ധിജിയുടെ അഭിപ്രായം അഹിംസയുടെ പാതയിൽ സമരം നടത്തണം എന്നതായിരുന്നു.

▶ ഇന്ത്യയെ മോചിപ്പിക്കുക

ഇത്തരം സംഘർഷങ്ങളുടെ അലയൊലികൾ കേരളത്തിലും പ്രകടമായി. ജി.പി പിള്ള, സർ സി. ശങ്കരൻ നായർ, മൈരു നമ്പ്യാർ തുടങ്ങി ചുരുക്കം ചിലർ ആദ്യകാല കോൺഗ്രസ്സുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. 1887-ൽ അമരാവതിയിൽ നടന്ന കോൺഗ്രസ്സ് സമ്മേളത്തിൽ അധ്യക്ഷത വഹിച്ചത് ശങ്കരൻ നായരാണ്. ഇവരെല്ലാം സ്വന്തം നിലയിൽ കോൺഗ്രസ്സിനെ പ്രതിനിധീകരിച്ചവരോ, കേരളത്തിനു പുറത്ത് ജീവിതം നയിച്ചവരോ ആയിരുന്നു. 1904-ൽ കോൺഗ്രസ്സിന്റെ ഒരു സമ്മേളനം നടക്കുകയുണ്ടായി. 1908-ൽ മലബാറിൽ കോൺഗ്രസ്സിന്റെ ജില്ലാസമിതി രൂപീകരിക്കപ്പെട്ടു. ഇതിനുശേഷം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ദേശീയ സമരം മലബാറിൽ ശക്തിപ്രാപിക്കാൻ ആരംഭിച്ചു.

▶ 1908-ൽ ജില്ലാസമിതി

എന്നാൽ തിരുവിതാംകൂറിൽ ഭരണത്തിലെ പങ്കാളിത്തവുമായി ബന്ധപ്പെട്ടും ദിവാൻമാരുടെ അഴിമതിയ്ക്കും ദുർഭരണത്തിനുമെതിരെയുമാണ് ജനമുന്നേറ്റങ്ങൾ നടന്നത്. ഉയർന്ന ഉദ്യോഗത്തിലേയ്ക്ക് തമിഴ് ബ്രാഹ്മണരായ ആളുകളെ മാത്രം നിയമിക്കുന്നതിനെതിരെ എതിർപ്പ് രൂപപ്പെട്ട് വരുകയും, ജനങ്ങൾ ഒപ്പിട്ട് ഒരു നിവേദനം രാജാവിന് സമർപ്പിക്കുകയുമുണ്ടായി. പതിനായിരത്തിലധികമാളുകൾ ഒപ്പുവെച്ച ഈ നിവേദനത്തിന്റെ ഭാഗമായാണ് തിരുവിതാംകൂർ നിയമനിർമ്മാണസഭ സ്ഥാപിതമായത്. '10,037 ആളുകൾ തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്' എന്നതായിരുന്നു ഈ നിവേദനത്തിന്റെ കാതൽ. ജി.പി. പിള്ളയും കെ.പി. ശങ്കരമേനോനുമായിരുന്നു ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർ. തുടർന്ന് 1896-ൽ ഈഴവമെമ്മോറിയലും സമർപ്പിക്കപ്പെടുകയുണ്ടായി. തങ്ങൾക്കും പൗരാവകാശങ്ങളും സർക്കാർ ജോലികളും ലഭ്യമാക്കണം എന്നതായിരുന്നു ഈ നിവേദനത്തിന്റെ താല്പര്യം. ഇതിനെ തുടർന്ന് ഒരു പുതിയ ഉണർവ് പ്രകടമായി. അത് ഭരണകൂടവിമർശനം എന്ന നിലയിൽ ശക്തിപ്രാപിച്ചു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അതിന്റെ നേതൃത്വം ഏറ്റെടുക്കുകയും സ്വദേശാഭിമാനി എന്ന തന്റെ പത്രത്തിലൂടെ അഴിമതിയ്ക്കും സ്വജനപക്ഷപാതത്തിനും എതിരെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. ദിവാൻ പി. രാജഗോപാലാചാരിയെ ശക്തമായി വിമർശിച്ചതിന്റെ പേരിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ 1910-ൽ തിരുവിതാംകൂറിൽ നിന്നും നാടുകടത്തി. ജനങ്ങളിൽ പുതിയ അവകാശബോധം സൃഷ്ടിക്കുന്നതിനും മാറ്റത്തിന്

Remove Watermark Now

▶ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

വേണ്ടി പോരാടാനും പലനിലകളിൽ പ്രചോദനം ചെയ്ത ആളായിരുന്നു കെ. രാമകൃഷ്ണപിള്ള. 1912-ൽ കാൾ മാർക്സിന്റെ ജീവചരിത്രം ആദ്യമായി മലയാളത്തിൽ പ്രസിദ്ധീകരിച്ചത് സ്വദേശാഭിമാനിയാണ്. അങ്ങനെ സോഷ്യലിസ്റ്റ് ആശയങ്ങൾ തിരുവിതാംകൂറിൽ വേരുറപ്പിക്കാൻ തുടങ്ങിയതിന്റെ ആദ്യകണ്ണിയായി അദ്ദേഹത്തെ കാണാം.

ഹോംറൂൾ (ആഭ്യന്തരഭരണം) എന്ന ആശയം പ്രചരിക്കുകയും ജനപിന്തുണ ലഭിക്കുകയും ചെയ്തതോടെ കേരളത്തിൽ പ്രത്യേകിച്ച് മലബാറിലെ രാഷ്ട്രീയപ്രവർത്തനം പുതിയ ഒരു ഘട്ടത്തിലേക്ക് കടന്നു. ഹോംറൂൾ ലീഗുകൾ മലബാറിലെ വിവിധ സ്ഥലങ്ങളിൽ രൂപീകരിക്കപ്പെടുകയും കെ.പി. കേശവമേനോനെപ്പോലെയുള്ള യുവ കോൺഗ്രസ്സ് പ്രവർത്തകർ രംഗത്ത് വരുകയും ചെയ്തു. 1916 ലും 1917 ലും നടന്ന മലബാർ ജില്ലാ രാഷ്ട്രീയസമ്മേളനത്തിൽ ഹോംറൂൾ ലീഗ് നേതാവ് ആനിബസന്റിനെ പോലുള്ള ദേശീയ നേതാക്കൾ വന്ന് പ്രസംഗിച്ചു. ഇന്ത്യയിൽ സ്വയംഭരണ സർക്കാർ എന്ന ആവശ്യം ഉന്നയിച്ച് സമരം ചെയ്ത രാഷ്ട്രീയത്തടവുകാരെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയങ്ങൾ ഈ സമ്മേളനങ്ങളിൽ പാസ്സാക്കുകയും, സർക്കാരിനെ അറിയിക്കുകയും ചെയ്തു. ഭരണപരിഷ്കരണം സംബന്ധിച്ച ചർച്ചകൾക്കായി ഡൽഹിയിലെത്തിയ സെക്രട്ടറി ഓഫ് സ്റ്റേറ്റ് മൊണ്ടേഗിനെ കണ്ടു നിവേദനം നടത്തിയ ഹോംറൂൾ സംഘത്തിൽ കേരളത്തിൽ നിന്നുള്ള പ്രതിനിധികളുമുണ്ടായിരുന്നു. എ.കെ. പിള്ളയെപോലെ ഉത്സാഹശാലികളായ യുവാക്കളുടെ ശ്രമഫലമായി തിരുവിതാംകൂറിലും കൊച്ചിയിലും കോൺഗ്രസ്സിന്റെ കമ്മിറ്റികൾ പ്രവർത്തനം ആരംഭിക്കുകയും ഇന്ത്യയുടെ സ്വയംഭരണമെന്ന ആശയം പ്രചരിപ്പിക്കുകയും ജനങ്ങളെ സമരസജ്ജരാക്കുകയും ചെയ്തു.

▶ ഹോം റൂൾ ലീഗുകൾ

ദേശീയപ്രസ്ഥാനത്തെ സംബന്ധിച്ച് നിർണ്ണായകമായ മാറ്റങ്ങൾ കടന്നുവരുന്നത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലേയ്ക്ക് ഗാന്ധിജി വരുന്നതോടെയാണ്. ഇത് കേരളത്തിലെ ദേശീയ സമരങ്ങൾക്ക് പുതിയ ദിശാബോധം നൽകി. മധ്യവർഗത്തിന്റെ ഇടയിൽ നിന്നും സാധാരണക്കാരന്റെ കൂടി പങ്കാളിത്തം കൈവരുന്നത് ഈ ഘട്ടത്തിലാണ്. ബഹുജനപങ്കാളിത്തമുള്ള ഒന്നായി ദേശീയപ്രസ്ഥാനം മാറി. 1920-ലെ മഞ്ചേരി സമ്മേളനത്തോടെ മിതവാദികളും തീവ്രവാദികളും തമ്മിലുള്ള അകൽച്ച കൂടുതൽ വ്യക്തമായി. 1921-ലെ ഒറ്റപ്പാലം സമ്മേളനം കേരളത്തിലെ കോൺഗ്രസ്സ് പ്രസ്ഥാനത്തെ ഒറ്റപ്രസ്ഥാനമാക്കി കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി എന്ന നിലയിലാണ് നടന്നത്. മലബാർ, കൊച്ചി, തിരുവിതാംകൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിനെത്തിച്ചേർന്നു. ഐക്യകേരളം എന്ന ആശയത്തെ മുൻനിർത്തി പ്രവർത്തനങ്ങൾ നടത്താൻ ഈ സമ്മേളനത്തിലാണ് തീരുമാനിച്ചത്. നിസ്സഹരണപ്രസ്ഥാനവും ശക്തമായ കാലമായിരുന്നു അത്. ഗാന്ധിയൻ ആശയങ്ങൾക്ക് കേരളത്തിൽ പതിയെ സ്വീകാര്യത ലഭിച്ചു തുടങ്ങി. 1912-ലെ ഗാന്ധിജിയുടെ കേരള സന്ദർശനം മലബാറിലെ കോൺഗ്രസ്സ് പ്രവർത്തനത്തെ ശക്തിപ്പെടുത്തി. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ശക്തിപ്പെടലും ഈ കാലത്ത് നടന്നു.

▶ പുതിയ ദിശാബോധം

Remove Watermark Now

സാമ്രാജ്യത്വവിരുദ്ധസമരം തീവ്രമാകുന്നത് ഉപ്പുസത്യാഗ്രഹത്തോടുകൂടിയാണ്. സിവിൽ നിയമലംഘന പ്രസ്ഥാനവും ഈ കാലത്ത് ശക്തിയാർജിക്കുന്നുണ്ട്. കേരളത്തിന്റെ എല്ലാ ഭാഗത്തു നിന്നും ഇവയ്ക്ക് പിന്തുണ ലഭിച്ചു. പയ്യന്നൂരിലും കോഴിക്കോട്ടും ഉപ്പുനിയമം ലംഘിക്കപ്പെട്ടു. കോൺഗ്രസ്സ് പ്രവർത്തകർ പലരും ജയിലിലായി. കോൺഗ്രസ്സ് പ്രവർത്തനം ഈ കാലത്ത് നിരോധിക്കപ്പെട്ടു. പക്ഷെ സമരം തുടർന്നുകൊണ്ടിരുന്നു. വിദേശവസ്തുക്കളും സ്ഥാപനങ്ങളും ബഹിഷ്കരിക്കപ്പെട്ടു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് തിരുവിതാംകൂറിൽ യൂത്ത് ലീഗ് രൂപവൽകരിക്കപ്പെടുന്നത്. വിപ്ലവാവേശം ഉള്ളിലുണ്ടായിരുന്ന യുവാക്കളാണ് ഇതിന് നേതൃത്വം നൽകിയത്. 1920 കളുടെ അവസാനത്തിലും 1930 കളിലും കേരളത്തിന്റെ ദേശീയപ്രസ്ഥാനത്തിൽ കണ്ട സവിശേഷത കർഷകരുടെയും തൊഴിലാളികളുടെയും പങ്കാളിത്തത്തിലുണ്ടായ വർധനവായിരുന്നു. ജന്മി-കുടിയാൻ പ്രശ്നങ്ങളും ഭൂമിയുടെ അവകാശങ്ങളും ഈ ഘട്ടത്തിൽ ചർച്ചയാവുന്നുണ്ട്. അതിന്റെ ഭാഗമായി 1935-ൽ മലബാറിൽ ആദ്യത്തെ കർഷകസംഘം കൊളച്ചേരിയിൽ രൂപീകരിക്കപ്പെട്ടു. വിഷ്ണുഭാരതീയൻ പ്രസിഡന്റും കെ.എം. കേരളീയൻ സെക്രട്ടറിയുമായിരുന്നു. ജന്മികളുടെ അതിക്രമങ്ങൾ തടയുക എന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. ഇതിനെ പിന്തുടർന്ന് ധാരാളം കർഷക സംഘങ്ങൾ 1930 കളുടെ അവസാനമാവുമ്പോഴേക്കും മലബാറിൽ പ്രവർത്തനം ആരംഭിച്ചു. കർഷകരുടെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ രൂപപ്പെട്ടു വന്ന പ്രസ്ഥാനങ്ങളാണ് കേരളത്തിൽ ശക്തമായ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വളർച്ചയ്ക്ക് കാരണമായത്. ആശയപരമായി കമ്മ്യൂണിസം, സോഷ്യലിസം തുടങ്ങിയ ആശയങ്ങളിൽ ആകൃഷ്ടരായ യുവകോൺഗ്രസ്സുകാർ ഭഗത്സിംങ്, എം.എൻ. റോയി എന്നിവരുടെ പ്രവർത്തനങ്ങളിലും ആശയങ്ങളിലും ആവേശഭരിതരായി. കോൺഗ്രസ്സുമായി പൊരുത്തപ്പെടാൻ കഴിയാതിരുന്ന ഇവർ കോൺഗ്രസ്സിനകത്ത് സോഷ്യലിസ്റ്റുകളായി നിലകൊണ്ടു. എന്നാൽ 1934-ൽ ഇ.എം.എസിന്റെയും പി. കൃഷ്ണപിള്ളയുടെയും നേതൃത്വത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. മലബാറിലെ പല ഭാഗങ്ങളിലും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്ക് പിന്തുണ ലഭിച്ചു. ഇതിന്റെ ഭാഗമായി 1934-ൽ കെ.പി.സി.സി യിൽ അംഗീകരിക്കപ്പെട്ട പ്രമേയം ഗാന്ധിയൻ സമരമുറകൾ പൂർണ്ണസ്വാതന്ത്ര്യത്തിന് അപ്രാപ്യമാണ് എന്നാണ്. ഈ പ്രമേയം അംഗീകരിക്കപ്പെട്ടതോടെ കോൺഗ്രസ്സിനകത്തെ സോഷ്യലിസ്റ്റ് വിഭാഗത്തിന്റെ ശക്തി വർധിച്ചു. രാഷ്ട്രീയ സമരങ്ങൾക്ക് മറ്റൊരു ദിശാബോധം കൈവരുകയും ചെയ്തു. അത് ജന്മിത്വത്തിൽ നിന്നും അസമത്വത്തിൽ നിന്നുമുള്ള മോചനം കൂടി മുന്നോട്ട് വെച്ചു.

- സോഷ്യലിസ്റ്റ് വിഭാഗത്തിന് ശക്തി

ദേശീയപ്രസ്ഥാനം ശക്തിപ്രാപിക്കുന്നത് ബഹുജനങ്ങളുടെ പിന്തുണ ആർജിക്കുന്നതോടെയാണ്. വൈദേശിക ഭരണത്തിൽ നിന്നും മോചനം ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭം, ജന്മിത്തവിരുദ്ധ പ്രക്ഷോഭം, അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങൾ തുടങ്ങി സമഗ്രമായ മാറ്റത്തിനു വേണ്ടി ജനതയാകെ സമരരംഗത്തേയ്ക്ക് വന്ന ഒരു സംയോജിത പ്രക്ഷോഭമുന്നണിയായിരുന്നു ദേശീയപ്രസ്ഥാനം. ഇത് ഏതെങ്കിലും ഒരു

Remove Watermark Now

പ്രത്യേക വിഭാഗത്തിന്റെ നേതൃത്വത്തിൽ അല്ല നടന്നത്. കർഷകരുടെയും, തൊഴിലാളികളുടെയും, അടിച്ചമർത്തപ്പെട്ടവരുടെയും, അഭ്യസ്തവിദ്യരും ഉല്പതിഷ്ണുക്കളുമായ യുവാക്കളുടെയും ഒരു സംയുക്ത പ്രക്ഷോഭ മുന്നണിയായിരുന്നു കേരളത്തിലെ ദേശീയ സമരധാര.

▶ സംയുക്ത പ്രക്ഷോഭണ മുന്നണി

## 4.1.2 നിസ്സഹകരണപ്രസ്ഥാനം

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ 1920 മുതൽ 1922 വരെ നീണ്ടു നിന്ന സമരമാർഗമായിരുന്നു നിസ്സഹകരണ സമരം. അഹിംസയുടെ മാർഗത്തിൽ ബ്രിട്ടീഷ് നിയമങ്ങൾക്കെതിരെ സമരം ചെയ്യുകയായിരുന്നു ഇതിന്റെ പ്രധാനലക്ഷ്യം. ബ്രിട്ടീഷ് ഉല്പന്നങ്ങൾ ബഹിഷ്കരിക്കുക, മദ്യവില്പനശാലകളും മറ്റും ഉപരോധിക്കുക തുടങ്ങിയവയായിരുന്നു പ്രധാനസമരമുറകൾ. മഹാത്മാഗാന്ധിയുടെ ആശയങ്ങൾ ഏറ്റെടുത്ത് ഇന്ത്യയിലെ മിക്കയിടത്തും റാലിയും സമ്മേളനങ്ങളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. കൊളോണിയൽ അധികാരത്തിന്റെ സാമ്പത്തിക ഘടനയെത്തന്നെ വെല്ലുവിളിക്കുകയായിരുന്നു നിസ്സഹകരണപ്രസ്ഥാനം കൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്. അതുകൊണ്ട് സമരങ്ങളെ നിസ്സാരമായി അവഗണിച്ചിരുന്ന ബ്രിട്ടീഷ് നേതൃത്വത്തിന് നിസ്സഹകരണപ്രസ്ഥാനത്തെ കണ്ടില്ല എന്നു നടിക്കാനായില്ല.

▶ ബ്രിട്ടീഷ് നിയമങ്ങൾക്കെതിരായ സമരം

1920 ആഗസ്ത് 18ന് നിസ്സഹകരണപ്രസ്ഥാനം പ്രചരിപ്പിക്കുവാൻ വേണ്ടിയുള്ള ഇന്ത്യാപര്യടനത്തിനിടയിൽ ഗാന്ധിജിയും ഷൗക്കത്തലിയും കോഴിക്കോട് സന്ദർശിച്ചു. വെള്ളയിൽ കടപ്പുറത്ത് ജനക്കൂട്ടത്തോട് അവർ പ്രസംഗിക്കുകയുണ്ടായി. കൊളോണിയൽ ഭരണകൂടത്തിന്റെ തെറ്റുകൾക്കു നാം പ്രതിവിധി കണ്ടെത്തേണ്ടതുണ്ട്. ജനങ്ങൾക്ക് താൻ നിർദേശിച്ചുകൊടുക്കുന്ന പ്രതിവിധി നിസ്സഹകരണമാണ് എന്ന് ഗാന്ധിജി പ്രഖ്യാപിച്ചു. സർക്കാർ തരുന്ന ആദരസൂചകമായ എല്ലാ പദവികളും രാജിവയ്ക്കുകയും, വക്കീലന്മാർ അഭിഭാഷകവൃത്തി നിർത്തിവയ്ക്കുകയും ഗവൺമെന്റിന്റെ സഹായമോ നിയന്ത്രണമോ ഉള്ള വിദ്യാലയങ്ങൾ ബഹിഷ്കരിക്കുകയും സ്വദേശിപ്രസ്ഥാനം സ്വീകരിക്കുകയും ചെയ്യുന്നതടക്കമുള്ള നിസ്സഹകരണത്തിന്റെ ആദ്യഘട്ടം ആത്മാർഥമായി ആരംഭിക്കണമെന്ന് ഗാന്ധിജി നിർദേശിച്ചു.

▶ പ്രതിവിധി നിസ്സഹകരണം

തുടർന്ന് 1920 ഒക്ടോബർ 20ന് മദ്രാസ്സിലെ നിസ്സഹകരണപ്രസ്ഥാനത്തിന്റെ നേതാക്കളായ സി. രാജഗോപാലാചാരി, മുർത്തസാഹിബ്, ടി.എസ്. രാജൻ എന്നിവർ കോഴിക്കോട്ട് വരികയും കടപ്പുറത്ത് നടന്ന ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയും ചെയ്തു. 1919ലെ ഇന്ത്യാ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുന്നതിനെക്കുറിച്ചായിരുന്നു അവർ പ്രസംഗിച്ചത്. നിസ്സഹകരണപ്രസ്ഥാനത്തിന്റെ ആവശ്യമായിരുന്നു അത്. പക്ഷേ, നിസ്സഹകരണപ്രസ്ഥാനത്തിന്റെ നേതാക്കൾ നിഷ്കർഷിച്ചതു പോലെ അഹിംസാമാർഗങ്ങൾ അതേപടി സ്വീകരിക്കുക, കടുത്ത നടപടികൾ ഒഴിവാക്കുക എന്നീ ആശയങ്ങളൊന്നും ഉൾപ്രദേശങ്ങളിൽ ഫലപ്രദമായി നടപ്പിൽ വരുത്താനായില്ല. 1920 ഡിസംബർ മാസത്തിൽ നാഗ്പൂരിൽ ചേർന്ന അഖിലേന്ത്യാ കോൺ

Remove Watermark Now

ഗ്രസ്സിന്റെ വാർഷികയോഗത്തിൽ സംബന്ധിച്ച പ്രതിനിധികളുടെ പതിവില്ലാത്ത ബാഹുല്യം ദേശീയപ്രസ്ഥാനത്തിന് പുതിയ ഉണർവ് പകർന്നു. അതേത്തുടർന്ന് നിസ്സഹകരണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലുണ്ടായ ആധിക്യം കേരളത്തിൽ ദേശീയപ്രസ്ഥാനത്തെ കൂടുതൽ ജനകീയവും ശക്തവുമാക്കി. എന്നാൽ 1922 ലെ ചൗരിചൗരാ സംഭവത്തെത്തുടർന്ന് നിരാശനായ ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം പിൻവലിക്കാൻ തീരുമാനിക്കുകയായിരുന്നു. തന്റെ അപക്വമായ ആവേശം മൂലമാണ് ഗവണ്മെന്റിനെതിരെ കലാപം നടത്താൻ ജനങ്ങളെ പ്രേരിപ്പിച്ചതെന്ന് ഗാന്ധിജി വിചാരിച്ചു. അഞ്ചു ദിവസത്തെ നിരാഹാരത്തെത്തുടർന്ന് ഏതാണ്ട് വിജയത്തിന്റെ അരികിലായിരുന്ന നിസ്സഹകരണസമരം പിൻവലിച്ചതായി അദ്ദേഹം പ്രഖ്യാപിച്ചു.

- ദേശീയപ്രസ്ഥാനത്തിന് പുതിയ ഉണർവ്

## 4.1.3 ഖിലാഫത്ത്പ്രസ്ഥാനം

ഖിലാഫത്ത്പ്രസ്ഥാനം (1919-1920) ഇന്ത്യയിൽ മുസ്ലീം സമൂഹത്തിനിടയിൽ പ്രവർത്തിച്ചിരുന്ന ഒരു പ്രസ്ഥാനമായിരുന്നു. 1919 സെപ്റ്റംബർ 21ന് ആദ്യത്തെ അഖിലേന്ത്യ ഖിലാഫത്ത് കോൺഫറൻസ് ലഖ്നൗവിൽ നടന്നു. മുഹമ്മദ് ആലി, ഷൗക്കത്ത് ആലി (ആലി സഹോദരന്മാർ), മൗലാനാ അബ്ദുൾകലാം ആസാദ് എന്നിവരായിരുന്നു അതിന്റെ പ്രധാന നേതാക്കന്മാർ. ഖിലാഫത്ത്പ്രസ്ഥാനം മുന്നോട്ടുവെച്ച പ്രാധാന ആവശ്യങ്ങൾ ഒട്ടോമൻ സാമ്രാജ്യത്തിലെ മുസ്ലീങ്ങളുടെ പുണ്യ സ്ഥലങ്ങളുടെ നിയന്ത്രണം തുർക്കി സുൽത്താന് അഥവാ ഖലീഫയ്ക്ക് വിട്ടുകൊടുക്കണം. അറേബ്യ, സിറിയ, ഇറാക്ക്, പലസ്തീൻ എന്നിവ മുസ്ലീങ്ങളുടെ പരമാധികാരത്തിനു കീഴിൽ നിലനിർത്തണം, ഇസ്ലാമിക വിശ്വാസം സംരക്ഷിക്കുവാൻ ആവശ്യമായത്ര പ്രദേശങ്ങൾ ഖലീഫയ്ക്ക് വിട്ടുകൊടുക്കണം എന്നിവയായിരുന്നു. 1919 ഒക്ടോബർ 17 അഖിലേന്ത്യ ഖിലാഫത്ത് ദിനമായി ആചരിക്കുവാൻ അഖിലേന്ത്യ ഖിലാഫത്ത് കോൺഫറൻസ് തീരുമാനമെടുത്തു.

- ഖിലാഫത്ത് കോൺഫറൻസ്

കോൺഗ്രസ്സിന്റെ ആദ്യത്തെ അഖിലകേരളസമ്മേളനം നടന്നത് 1921 ഏപ്രിൽ 22 മുതൽ 26 വരെ ഒറ്റപ്പാലത്ത് വെച്ചാണ്. ടി. പ്രകാശം അധ്യക്ഷത വഹിച്ച ആ സമ്മേളനത്തിൽ ഒരു കുടിയാൻ സമ്മേളനം, വിദ്യാർഥി സമ്മേളനം, ഖിലാഫത്ത് സമ്മേളനം എന്നിവയും നടത്തിയിരുന്നു. എന്നാൽ ഖിലാഫത്ത്പ്രസ്ഥാനത്തിന്റെ കേരളത്തിലെ വളർച്ചയ്ക്ക് നിർണ്ണായകമായത് ഒറ്റപ്പാലം സമ്മേളനത്തിനു ശേഷം മലബാർ ജില്ലാ ഖിലാഫത്ത് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പാണ്. മുഹമ്മദ് അബ്ദുറഹിമാൻ കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. നിസ്സഹകരണപ്രസ്ഥാനത്തിൽ ചേരുന്നതിനായി കോളേജ് വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിച്ച് ഇറങ്ങി വന്നയാളാണ് അബ്ദുറഹിമാൻ. എം.വി. മുഹമ്മദ് മൗലവി പ്രസിഡന്റും ടി. ഹസ്സൻകോയമുല്ല ഖജാൻജിയുമായി കമ്മിറ്റി നിലവിൽ വന്നു. പുതിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രസ്ഥാനത്തിനുണ്ടായ വളർച്ച അസാമാന്യ വേഗതയിലായിരുന്നു. കേന്ദ്ര ഖിലാഫത്ത് കമ്മിറ്റിയുടെ സമ്മതത്തോടെ കേരളത്തിൽ ജില്ലാ താലൂക്ക് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രവർത്തകരെ നിയോഗിക്കുകയും ചെയ്തു. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ഖിലാഫത്ത്പ്രസ്ഥാനത്തിന്റെ പ്രവർത്തനം നടന്നു. 1921 മെയ് മാസത്തിൽ കോൺഗ്രസ്സ് - ഖിലാഫത്ത് പ്രചരണ

Remove Watermark Now

ത്തിനായി കേരള ഖിലാഫത്ത് കമ്മിറ്റിയുടെ പുതിയ പ്രസിഡന്റായ മുഹമ്മദ് മുസ്ല്യാർ, എം. പി. നാരായണമേനോനും ഏറനാട്-വള്ളുവനാട് താലുക്കുകളിൽ സഞ്ചരിച്ച് കമ്മിറ്റികളുടെ പ്രവർത്തനത്തിന് വേണ്ട സഹായങ്ങൾ നല്കി. കാര്യക്ഷമമായ ഒരു സംഘമായി ഖിലാഫത്ത് മാറികഴിഞ്ഞിരുന്നു. ഖിലാഫത്ത്പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഉൾനാടുകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ തുടങ്ങിയതോടെ നിസ്സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയിലും പ്രകടമായ മാറ്റങ്ങളുണ്ടായി. അധികാരികളിൽ നിന്നുണ്ടായ അടിച്ചമർത്തലുകൾ ഖിലാഫത്ത്പ്രവർത്തകരിൽ അമർഷങ്ങളുണ്ടാക്കി. ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെ പിന്തുണച്ചു. ഓൾ ഇന്ത്യ ഖിലാഫത്ത് കമ്മിറ്റിയുടെ പ്രസിഡന്റായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. ഹിന്ദു-മുസ്ലീം ഐക്യം അരക്കിട്ടുറപ്പിക്കാനുള്ള ഒരു സുവർണ്ണാവസരമായാണ് അദ്ദേഹം ഖിലാഫത്ത്പ്രസ്ഥാനത്തെ കണ്ടത്. നിസ്സഹരണപ്രസ്ഥാനത്തെ ഖിലാഫത്തുമായി ബന്ധിപ്പിച്ചാൽ ഇന്ത്യയിലെ രണ്ടു മതസമുദായങ്ങളായ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒത്തൊരുമിച്ച് നിന്ന് കൊളോണിയൽ ഭരണം അവസാനിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു.

> ▶ ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെ പിന്തുണച്ചു

## 4.1.4 മലബാർകലാപം

മലബാർലഹള, ഖിലാഫത്ത്സമരം, മാപ്പിളലഹള എന്നെല്ലാം വിളിക്കപ്പെട്ട മലബാർകലാപം ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ കാർഷിക കലാപമായും വർഗീയ കലാപമായും മാറി മാറി വ്യാഖ്യാനിക്കപ്പെട്ടുപോന്ന ഒന്നാണ്. 1921 ആഗസ്ററ് മാസം മുതൽ 1922 ഫെബ്രുവരി വരെ മലബാറിലെ ഏറനാട്, വള്ളുവനാട്, പൊന്നാനി, കോഴിക്കോട് താലൂക്കുകൾ കേന്ദ്രീകരിച്ചു മലബാർ മേഖലയിലെ മാപ്പിളമാർ ബ്രിട്ടീഷുകാർക്കെതിരായി നടത്തിയ കലാപമാണിത്.

> ▶ വിവിധ വ്യഖ്യാനങ്ങൾ

മലബാർ പ്രവിശ്യയിലെ ഏറനാട് താലൂക്ക് കേന്ദ്രീകരിച്ചു നടന്ന പ്രക്ഷോഭം പിന്നീട് ജില്ലയുടെ പല ഭാഗങ്ങളിലേക്കും വ്യാപിക്കുകയായിരുന്നു. ബ്രിട്ടീഷുകാർക്കു നേരെ ആരംഭിച്ച ലഹള അവസാനഘട്ടത്തിൽ മാപ്പിളമാർ തങ്ങളുടെ ലഹളയെ അടിച്ചമർത്താൻ ബ്രിട്ടീഷ് സൈന്യത്തെ സഹായിക്കുന്നു എന്ന് ആരോപിച്ച് ജന്മികൾക്കും പ്രമാണികൾക്കും നേരെ കലാപം അഴിച്ചുവിട്ടു. ഈ ലഹളയുടെ ഭാഗമായി നിരവധിപേർ വധിക്കപ്പെടുകയോ, പലായനം ചെയ്യപ്പെടുകയോ ഉണ്ടായെന്നും ഒരു ലക്ഷത്തിലധികം പേരെ ഇത് ബാധിച്ചുവെന്നും ബ്രിട്ടീഷ്രേഖകൾ പറയുന്നുണ്ട്.

> ▶ ബ്രിട്ടീഷുകാർക്കു നേരെ ആരംഭിച്ച ലഹള

പത്തൊൻപതാം നൂറ്റാണ്ടിലെ കർഷകകലാപങ്ങളിൽ ഭൂരിഭാഗവും മലബാറിലെ തെക്കൻ താലൂക്കുകളായ ഏറനാട്ടിലും വള്ളുവനാട്ടിലുമാണ് നടന്നത്. കുടിയാൻമാരുടെ ജീവിതസാഹചര്യങ്ങൾ ഒട്ടും മെച്ചപ്പെട്ടതായിരുന്നില്ല. മാത്രമല്ല അടിക്കടി നേരിടേണ്ടി വന്ന കുടിയൊഴിപ്പിക്കൽ, അന്യായമായ നികുതി പിരിവ്, ഉയർന്ന പാട്ടം തുടങ്ങിയവ ഇവരുടെ ബുദ്ധിമുട്ടുകൾ വർധിപ്പിച്ചു. അസംതൃപ്തരായ മാപ്പിള കുടിയാൻമാർ ഭൂവുടമകൾക്കും ബ്രിട്ടീഷുകാർക്കുമെതിരെ കലാപങ്ങൾ ആരംഭിച്ചു.

> ▶ ജന്മിയുടെ അന്യായത്തിനെതിരെ

Remove Watermark Now

## 4.1.4.1 കലാപം

1921 ഏപ്രിൽ മാസത്തിൽ ഒറ്റപ്പാലത്തു ചേർന്ന കോൺഗ്രസ്സ് സംസ്ഥാനസമ്മേളനത്തോടെ മലബാർ പ്രവിശ്യയിൽ ഖിലാഫത്ത് പ്രസ്ഥാനം ശക്തിപ്പെട്ടു. അതിനിടയിൽ നിലമ്പൂർ രാജാവിന്റെ തോക്കു മോഷ്ടിച്ചു എന്ന കുറ്റം ചുമത്തി പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി വടക്കേവീട്ടിൽ മുഹമ്മദിനെ അറസ്റ്റ് ചെയ്യാൻ നടത്തിയ ശ്രമം ജനങ്ങളെ ക്ഷോഭിപ്പിച്ചു. വാരിയൻകുന്നത്തു കുഞ്ഞഹമ്മദ് ഹാജി, കുമാരൻ പുത്തൂർ സീതിക്കോയതങ്ങൾ, ആലി മുസലിയാർ മുതലായ നേതാക്കളുടെ കീഴിൽ മാപ്പിളമാർ ആയുധങ്ങളുമേന്തി ഗവൺമെന്റിനെതിരെ കലാപാഹ്വാനം നടത്തി. കലാപകാരികളെ തിരയാൻ തിരൂരങ്ങാടി പള്ളിയിൽ പോലീസ് പ്രവേശിച്ചത് മാപ്പിളമാരെ കൂടുതൽ ക്ഷുഭിതരാക്കുകയും, അവർ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുവാനും ഗവണ്മെൻറ് സ്ഥാപനങ്ങൾ നശിപ്പിക്കാനും ആരംഭിച്ചു. കലാപം ഏറനാട്, വള്ളുവനാട് താലൂക്കുകളിലും അയൽപ്രദേശങ്ങളിലും അതിവേഗം പരന്നു. തിരൂരങ്ങാടി, പൂക്കോട്ടൂർ, മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് വ്യാപിച്ചു.

▶ പ്രകോപനത്താൽ ആരംഭം

പൂക്കോട്ടൂരിൽ 1921 ആഗസ്റ്റ് 26ന് പട്ടാളവും ലഹളക്കാരും തമ്മിൽ നടന്ന ഏറ്റുമുട്ടലിൽ ലഹളക്കാരിൽ മുന്നൂറോളം പേർ മൃതിയടഞ്ഞു. ബ്രിട്ടീഷ് ഭരണത്തിനെതിരായ ഒരു തുറന്ന യുദ്ധം തന്നെയായിരുന്നു മലബാർകലാപം എന്നതിന്റെ പ്രത്യക്ഷമായ തെളിവാണു പൂക്കോട്ടൂർ സംഭവം. ഒക്ടോബർ മധ്യമായപ്പോഴേക്കും ലഹളയുടെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ വന്നു. അതുവരെയും ഗവണ്മെൻറിനെതിരായി മാത്രം ആളിക്കത്തിയിരുന്ന സമരത്തിൽ മതവിരോധവും കടന്നുകൂടി. ഗൂർഖപട്ടാളത്തിന്റെയും, മികച്ച ആയുധങ്ങളുടെയും സഹായത്തോടെ ബ്രിട്ടീഷ് സാമ്രാജ്യവാദികൾ കലാപത്തെ അടിച്ചമർത്തി. ധാരാളം മാപ്പിളമാരെ വേട്ടയാടിക്കൊന്നു. അനേകായിരം ആളുകളെ നാടുകടത്തി. കണ്ണിൽ ചോരയില്ലാത്ത അനേകം കൊടുംക്രിയകൾ പട്ടാളം ചെയ്തു. ഇതിന്റെ പ്രത്യക്ഷോദാഹരണമാണ് കുപ്രസിദ്ധമായ വാഗൺ ട്രാജഡി, 1921 നവംബർ 10ന് അടച്ചുപൂട്ടിയ ഒരു റെയിൽവേ ഗുഡ്സ് വാഗണിൽ 90-ൽപരം ലഹളക്കാരെ തിരൂരിൽനിന്നു കോയമ്പത്തൂർക്കയച്ചു. പോത്തന്നൂരിൽ എത്തിയപ്പോഴേക്കും ശ്വാസം മുട്ടി, ദാഹജലം കിട്ടാതെ അന്യോന്യം കടിച്ചുകീറി ഒട്ടുമുക്കാൽ പേരും മരിച്ചു. അങ്ങനെ മനുഷ്യത്വഹീനമായ നിലയിൽ മലബാറിലെ രാഷ്ട്രീയകലാപം അടിച്ചമർത്തപ്പെട്ടു.

▶ വാഗൺ കൂട്ടക്കൊല

1921 ലെ മലബാർ കലാപം ഒരു രാഷ്ട്രീയ കലാപമായിരുന്നുവെങ്കിലും, ലക്ഷക്കണക്കിനു മാപ്പിളമാരെ ഈ സമരത്തിൽ ആവേശഭരിതരാക്കിയ വികാരം ജന്മിമർദ്ദനത്തിനെതിരായ അവരുടെ നീറിപ്പുകയുന്ന അമർഷവും ആ ജന്മിമർദ്ദനത്തിൽ താങ്ങും തണലുമായി പ്രവർത്തിച്ച ബ്രിട്ടീഷ് ഭരണത്തോടുള്ള ഒടുങ്ങാത്ത വെറുപ്പമായിരുന്നു. കാർഷിക വിമോചനത്തിന്റെ ഉള്ളടക്കത്തോടുകൂടിയ ഒരു രാഷ്ട്രീയ സ്വാതന്ത്ര്യസമരമായിരുന്നു, മതകലാപമായിരുന്നില്ല അതെന്നുപറയാം.ആദ്യഘട്ടത്തിൽ അത് ലക്ഷ്യം വെച്ചത്. ഹിന്ദുക്കളായ ജന്മിമാരേയും ട്രഷറികൾ, കച്ചേരികൾ, പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ ബ്രിട്ടീഷ് അധികാരത്തിന്റെ പ്രതീകങ്ങളുമായിരുന്നു. പിന്നീട്

Remove Watermark Now

▶ രാഷ്ട്രീയ സ്വാതന്ത്ര്യ സമരം

ഇതിൽ മതം കലരുകയും നിരപരാധികളായ ഹിന്ദുക്കൾപോലും വേട്ടയാടപ്പെടുകയും കൊലചെയ്യപ്പെടുകയും ഉണ്ടായി. പരസ്പരം സപർദ്ധയും പ്രതികാരവും ഇരുകൂട്ടരിലും ഉണ്ടാവുകയും ആക്രമണാസക്തമാവുകയും ചെയ്തു. (ഡോ.കെ.എൻ. പണിക്കർ, മലബാർ കലാപം, ചരിത്ര രാഷ്ട്രീയം, പ്രത്യയശാസ്ത്രം)

## 4.1.5 നിയമലംഘനപ്രസ്ഥാനം

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ പ്രക്ഷോഭമായിരുന്നു നിയമലംഘനസമരം. തോറോയുടെയും ടോൾസ്റ്റോയിയുടെയും ആശയങ്ങളാണ് 'സത്യഗ്രഹ'മെന്ന പേരിൽ നിയമലംഘനത്തെ പുനരാവിഷ്കരിക്കാൻ ഗാന്ധിജിക്ക് പ്രചോദനമായത്. രാഷ്ട്രീയവും സാമൂഹികവുമായ ബഹിർമുഖത്വത്തെ നിരാകരിച്ച ഗാന്ധിജി, നിയമലംഘനത്തെ വ്യക്തിയുടെ ആന്തരികമായ സത്യാന്വേഷണധർമ്മമായി പുനർവ്യാഖ്യാനിച്ചു. 1922-ൽ നിസ്സഹകരണപ്രസ്ഥാനം പിൻവലിക്കപ്പെട്ടതിനെത്തുടർന്നു രാജ്യത്തെ ഗ്രസിച്ച രാഷ്ട്രീയ നിർവികാരതയ്ക്കു വിരാമമിട്ടത് സൈമൺ കമ്മിഷന്റെ രൂപീകരണമായിരുന്നു. ഇന്ത്യയുടെ ഭരണഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അന്വേഷിക്കാൻ 10 കൊല്ലത്തിനുള്ളിൽ ഒരു പാർലമെന്ററി കമ്മിഷനെ നിയമിക്കണമെന്ന് 1919 ലെ ഗവൺമെന്റ് ഒഫ് ഇന്ത്യ ആക്റ്റിലെ 84-ാം വകുപ്പ് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ബ്രിട്ടനിലെ രാഷ്ട്രീയ സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പത്തുവർഷമെന്ന കാലാവധി തികയുംമുൻപുതന്നെ ഒരു പാർലമെന്ററി കമ്മിഷനെ നിയമിക്കാൻ കൺസർവേറ്റീവ് ഗവൺമെന്റ് തയ്യാറായി. കമ്മിഷൻ അതിന്റെ ചെയർമാനായ സർ ജോൺ സൈമണിന്റെ പേരിലാണ് പ്രസിദ്ധമായത്.

▶ പാർലമെന്ററി കമ്മിഷൻ

ഇന്ത്യയുടെ ഭരണഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയമിക്കപ്പെട്ട സൈമൺ കമ്മിഷനിലെ അംഗങ്ങളായിരുന്ന ഏഴുപേരും ബ്രിട്ടീഷുകാരായിരുന്നു. ബ്രിട്ടീഷ് പാർലമെന്ററി കമ്മിഷനുകളിൽ പാർലമെന്റ് അംഗങ്ങളെ മാത്രം ഉൾക്കൊള്ളിക്കുന്ന കീഴ്വഴക്കം. ഇന്ത്യാക്കാർക്ക് പ്രാതിനിധ്യം നിഷേധിക്കുന്നതിനുള്ള ഔദ്യോഗിക ന്യായീകരണമായി ഉയർത്തപ്പെട്ടെങ്കിലും പാർലമെന്റംഗവും ഇന്ത്യാക്കാരനുമായ സിൻഹയെ തഴഞ്ഞത് ബ്രിട്ടന്റെ ന്യായീകരണത്തിന്റെ പൊള്ളത്തരത്തെയാണ് അനാവൃതമാക്കിയത്. സൈമൺ കമ്മീഷനിൽ അംഗമാകാൻ ഒരു ഇന്ത്യാക്കാരനും യോഗ്യനല്ല എന്ന ബ്രിട്ടീഷ് നിലപാട് ഇന്ത്യയിലെ രാഷ്ട്രീയസ്ഥിതിയെ പ്രക്ഷുബ്ധമാക്കി. 1927 ഡിസംബറിൽ മദ്രാസിൽ കൂടിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനം സൈമൺ കമ്മിഷനെ എല്ലാരൂപത്തിലും ബഹിഷ്കരിക്കുവാൻ തീരുമാനിച്ചു. സാമ്രാജ്യത്വവിരുദ്ധ തരംഗത്തിന്റെ ആവേശത്തിൽ, പൂർണ്ണസ്വാതന്ത്ര്യം കോൺഗ്രസ്സിന്റെ ലക്ഷ്യമായി പ്രഖ്യാപിക്കുന്ന അടിയന്തരപ്രമേയം ഈ സമ്മേളനത്തിൽ പാസ്സാക്കുന്നതിൽ ജവാഹർലാൽ നെഹ്റു വിജയിച്ചു.

▶ സൈമൺ കമ്മിഷൻ ബഹിഷ്കരണം

ഇന്ത്യയിലെ വിവിധവിഭാഗങ്ങൾക്കു സ്വീകാര്യമായ ഒരു ഭരണഘടന ആവിഷ്കരിക്കാൻ ദേശീയനേതാക്കൾക്കു കഴിയില്ല എന്ന ബിർക്കിൻഹെഡിന്റെ വെല്ലുവിളിക്ക് മറുപടിയെന്നോണം ഇന്ത്യയ്ക്ക്

Remove Watermark Now

ഇന്ത്യാക്കാർതന്നെ എഴുതിയുണ്ടാക്കുന്ന ഒരു ഭരണഘടന വേണമെന്ന ഉദ്ദേശ്യത്തോടെ ഒരു സർവകക്ഷി സമ്മേളനം വിളിച്ചുകൂട്ടാൻ മദ്രാസ് സമ്മേളനം കോൺഗ്രസ് വർക്കിങ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഡോ. അൻസാരിയുടെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി സമ്മേളനം എല്ലാപാർട്ടികൾക്കും പൊതുവിൽ സ്വീകാര്യമായ ഭരണസംവിധാനത്തിന്റെ രൂപരേഖ തയ്യാറാക്കാൻ എല്ലാ പാർട്ടികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് മോത്തിലാൽ നെഹ്റു അധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചു. അങ്ങനെ ഇന്ത്യയ്ക്ക് ഭരണഘടന തയ്യാറാക്കാനായി രണ്ട് കമ്മിഷനുകൾ, സൈമൺ കമ്മിഷനും നെഹ്റുക്കമ്മിറ്റിയും ഒരേകാലത്ത് ഇന്ത്യയിൽ പ്രവർത്തിച്ചു. നെഹ്റുക്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അതിന്റെ അധ്യക്ഷനായ മോത്തിലാൽ നെഹ്റുവിന്റെ പേരിലാണ് അറിയപ്പെട്ടത്. 1929 ഡിസംബർ 31-നു മുമ്പ് ബ്രിട്ടീഷ് പാർലമെന്റ് നെഹ്റുറിപ്പോർട്ട് അംഗീകരിക്കാത്ത പക്ഷം, കോൺഗ്രസ്സ് 'പൂർണ്ണസ്വാതന്ത്ര്യം' ദേശീയലക്ഷ്യമായി അംഗീകരിക്കുമെന്നും അതിനുവേണ്ടി നിയമലംഘന പ്രക്ഷോഭം ആരംഭിക്കുമെന്നും തീരുമാനമായി.

▶ സൈമൺ കമ്മിഷനും നെഹ്റുക്കമ്മിറ്റിയും

## 4.1.6 തിരുവിതാംകൂർ-സ്റ്റേറ്റ് കോൺഗ്രസ്സും ഉത്തരവാദിത്ത പ്രക്ഷോഭവും

1937 നവംബർ 27ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തിരുവിതാംകൂർ ഘടകം സംഘടിപ്പിച്ച ഒരു സമ്മേളനത്തിൽ തിരുവിതാംകൂറിൽ ഉത്തരവാദഭരണം വേണമെന്ന ആവശ്യം മുന്നോട്ടുവെച്ചു. 1938 ൽ സംയുക്ത രാഷ്ട്രീയ സമിതിയിലുൾപ്പെടെയുള്ളവർ പങ്കെടുത്ത് ഒരു യോഗം തിരുവനന്തപുരത്ത് കൂടുകയുണ്ടായി. സി.വി. കുഞ്ഞുരാമനായിരുന്നു യോഗത്തിനു നേതൃത്വം വഹിച്ചത്. പട്ടം താണുപിള്ള, എ. നാരായണപിള്ള, പി.എസ്. നടരാജപിള്ള, ആനിമസ്ക്രീൻ, ടി. എം. വർഗ്ഗീസ് തുടങ്ങിയ നേതാക്കൾ ഈ യോഗത്തിൽ പങ്കെടുത്തു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് രൂപീകരിക്കുവാനും, സമാധാനപരമായി ഉത്തരവാദഭരണം ആവശ്യപ്പെടാനും ഈ യോഗത്തിൽ തീരുമാനമായി.

▶ ഉത്തരവാദഭരണം വേണമെന്ന ആവശ്യം

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ജനപിന്തുണയിൽ ദിവാൻ സി.പി. രാമസ്വാമി അയ്യർ കോപാകുലനായിരുന്നു. അതിനെ ഏതു വിധേനയെങ്കിലും തകർക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ഇതിനായി പല പദ്ധതികളും ദിവാൻ ആസൂത്രണം ചെയ്തു. ജാതിമതസ്പർദ്ധകൾ ഉണ്ടാക്കാനായിരുന്നു ആദ്യം ശ്രമിച്ചത്, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിനെ, തിരുവിതാംകൂർ ക്രിസ്ത്യൻ കോൺഗ്രസ്സ് എന്നു പറഞ്ഞ് കളിയാക്കി പ്രചാരണം നടത്തി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന് അനുകൂലമായി ലേഖനങ്ങൾ എഴുതിയിരുന്ന പ്രമുഖ പത്രങ്ങളായ മലയാളമനോരമ, കൗമുദി തുടങ്ങിയ പത്രങ്ങളുടെ പ്രവർത്തനാനുമതി സി. പി. റദ്ദാക്കി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിനെയും, അതിന്റെ യുവജനസംഘടനയായ തിരുവിതാംകൂർ യൂത്ത് ലീഗിനെയും നിരോധിക്കപ്പെട്ട സംഘടനകളാക്കി പ്രഖ്യാപിക്കാൻ സി. പി. നിയമ ഭേദഗതി ചെയ്തു. ദിവാന്റെ അക്രമഭരണത്തിനെതിരെ സ്റ്റേറ്റ് കോൺഗ്രസ്സ് രാജാവിന് ഒരു പരാതി സമർപ്പിച്ചു. സി.പി. രാമസ്വാമി അയ്യരെ തൽസ്ഥാനത്ത് നിന്നും നീക്കം ചെ

Remove Watermark Now

യ്ത് ഉത്തരവാദഭരണം നടപ്പിലാക്കണമെന്നും ഈ പരാതിയിലൂടെ കോൺഗ്രസ്സ് രാജാവിനോട് ആവശ്യപ്പെട്ടു. നേതാവായി അക്കാമ്മ ചെറിയാനെ തിരഞ്ഞെടുക്കുകയും ചെയ്തു. കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കിയ സർക്കാർ തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ്സിന്റെയും, യൂത്ത് ലീഗിന്റെയും നിയന്ത്രണങ്ങൾ എടുത്തു കളയുകയും നേതാക്കളെ തടവിൽ നിന്നും മോചിപ്പിക്കുകയും ചെയ്തു. എന്നാൽ ഇതുകൊണ്ടൊന്നും തങ്ങൾ തൃപ്തരല്ലെന്ന്, തടവിൽ നിന്നും മോചിതരായവർക്ക് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തുകൊണ്ട് പട്ടം താണുപിള്ള പ്രഖ്യാപിച്ചു.

- ദിവാനോടുള്ള അതൃപ്തി

പ്രക്ഷോഭം കൂടുതൽ ശക്തമാക്കാനായിരുന്നു സ്റ്റേറ്റ് കോൺഗ്രസ്സ് തീരുമാനം. തുടർന്ന് തിരുവനന്തപുരത്തു നടത്തിയ ഒരു സമ്മേളനം പോലീസ് ഇടപെട്ട് പിരിച്ചുവിടുകയും നേതാക്കളുൾപ്പെടെയുള്ളവരെ തടവിലാക്കുകയും ചെയ്തു. ഇവരെ വിട്ടയക്കണമെന്ന് ഗാന്ധിജി ദിവാനോട് ആവശ്യപ്പെട്ടെങ്കിലും, തനിക്കെതിരെ നടത്തിയിട്ടുള്ള ആരോപണങ്ങൾ പിൻവലിക്കണമെന്നാണ് ദിവാൻ മറുപടി നൽകിയത്. ഗാന്ധിജിയുടെ നിർദ്ദേശത്തെത്തുടർന്ന് ദിവാനെതിരെയുള്ള പരാതി പിൻവലിക്കണമെന്ന് കോൺഗ്രസ്സിലെ ഒരു കൂട്ടം നേതാക്കൾ ആവശ്യപ്പെട്ടപ്പോൾ, കുറേപ്പേർ അതിനെ എതിർത്തു. അതോടെ കോൺഗ്രസ്സിൽ ഒരു പിളർപ്പിനുള്ള സാധ്യത ഉടലെടുത്തു. അവസാനം ദിവാനെതിരെയുള്ള മെമ്മോറാണ്ടം പിൻവലിക്കാൻ കോൺഗ്രസ്സ് തീരുമാനമെടുത്തു, ഇത് പ്രവർത്തകരുടെ മനോവീര്യം കെടുത്താൻ കാരണമായി. ഈ തീരുമാനം ദിവാന് അനുഗ്രഹമായിത്തീർന്നു. തന്റെ കൂടെ നിന്ന കോൺഗ്രസ്സിലെ നേതാക്കൾക്ക് ദിവാൻ സർക്കാർ ജോലി നൽകാമെന്ന് വാഗ്ദാനം ചെയ്തു. പ്രക്ഷോഭത്തിന്റെ പാരമ്യതയിൽ കോൺഗ്രസ്സ് എടുത്ത ഈ തീരുമാനം മറ്റു ഘടകകക്ഷികളെക്കൂടി നിരാശരാക്കി. എസ്.എൻ.ഡി.പി. യോഗം സ്റ്റേറ്റ് കോൺഗ്രസ്സിനുള്ള പിന്തുണ പിൻവലിക്കുകയാണെന്ന് പ്രഖ്യാപിച്ചു. തൊട്ടുപിന്നാലെ സ്റ്റേറ്റ് കോൺഗ്രസ്സ് നിയമലംഘന പ്രസ്ഥാനം പുനരാരംഭിക്കുകയാണെന്ന് ഗാന്ധിജിയുടെ ആശീർവാദത്തോടെ അറിയിച്ചു. 1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. 1942-ൽ ക്വിറ്റ് ഇന്ത്യാസമരം ആരംഭിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സിന്റേതുൾപ്പെടെയുള്ള നേതാക്കൾ ജയിലിലായി. ഇതോടെ ഉത്തരവാദ പ്രക്ഷോഭം ഒരു ജഡാവസ്ഥയിലെത്തിച്ചേർന്നു.

- കോൺഗ്രസ്സിന്റെ നിരാശാജനകമായ തീരുമാനം

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടെ 1946-ൽ ദിവാൻ സി.പി. രാമസ്വാമി അയ്യർ കുപ്രസിദ്ധമായ അമേരിക്കൻ മോഡൽ ഭരണപരിഷ്കാരങ്ങൾ നടപ്പിൽവരുത്തി. പ്രായപൂർത്തി വോട്ടവകാശവും, മുഖ്യഭരണാധികാരിയുടെ അധികാരവുമായിരുന്നു പ്രധാന നിർദ്ദേശങ്ങൾ. മുഖ്യഭരണാധികാരിയെ നീക്കംചെയ്യാൻ നിയമസഭക്ക് അധികാരം ഉണ്ടാവില്ല. മാത്രവുമല്ല ഇദ്ദേഹത്തിന് രാജാവിനോടു മാത്രമേ ഉത്തരവാദിത്തം ഉണ്ടായിരിക്കുകയുമുള്ളു. നിയമസഭയിലെ അംഗങ്ങളുടെ എണ്ണം 150 ആയി ഉയർത്തി. എല്ലാവരും തന്നെ തിരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും. എന്നാൽ ഈ ഭരണപരിഷ്കാരങ്ങളെ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടി, തൊഴിലാളി സംഘടനകൾ എന്നിവർ 'അമേരിക്കൻ മോഡൽ അറബി

Remove Watermark Now

▶ പുന്നപ്ര - വയലാർ

ക്കടലിൽ' എന്ന മുദ്രാവാക്യത്തോടെ തള്ളിക്കളഞ്ഞു. ഉത്തരവാദപ്രക്ഷോഭം കൂടുതൽ ശക്തമായി തുടരാൻ തൊഴിലാളി സംഘടനകളുൾപ്പടെയുള്ളവർ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പുന്നപ്ര-വയലാറിൽ നടന്ന വെടിവെപ്പിൽ ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടു.

▶ തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ

തിരുവിതാംകൂർ ഒരു സ്വതന്ത്രരാജ്യമായി നിലനിൽക്കുമെന്ന് ദിവാൻ പ്രഖ്യാപിച്ചു. തന്റെ അധികാരം നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള അവസാന അടവായിരുന്നു ഇത്. എന്നാൽ തിരുവിതാംകൂർ സ്വതന്ത്ര ഇന്ത്യയുടെ ഭാഗമായിരിക്കുമെന്ന് രാജാവ് ഒരു റേഡിയോ പ്രക്ഷേപണത്തിലൂടെ ജനങ്ങളെ അറിയിച്ചു. ദിവാന്റെ തീരുമാനത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തിരസ്കരിച്ചു. ഉത്തരവാദപ്രക്ഷോഭം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഏറ്റെടുക്കുകയാണെന്ന് പ്രഖ്യാപിച്ചു. വീണ്ടും സമരങ്ങൾ അരങ്ങേറി. 1947 ജൂലൈ 25ന് സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ ഒരു കച്ചേരിയിൽ പങ്കുകൊണ്ടിരിക്കെ സി.പി. രാമസ്വാമി അയ്യരെ കെ.സി.എസ്. മണി എന്നയാൾ വധിക്കാൻ ശ്രമിച്ചു. ഭയചകിതനായ ദിവാൻ സി.പി. രാമസ്വാമി അയ്യർ തന്റെ സ്ഥാനം രാജിവെച്ച് തിരുവിതാംകൂർ വിട്ടു. ഇന്ത്യൻ യൂണിയനിൽ ചേരുവാൻ സമ്മതമാണെന്നു കാണിച്ചുകൊണ്ട് രാജാവ് നേതൃത്വത്തിനു കത്തെഴുതി. അങ്ങനെ തിരുവിതാംകൂറിനെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

## 4.1.7 നിവർത്തന പ്രക്ഷോഭം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവിതാംകൂറിൽ ജനാധിപത്യാവകാശങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ ആരംഭിച്ചു. തിരുവിതാംകൂറിൽ 1930-38 കാലത്ത് നടന്ന രാഷ്ട്രീയ പ്രക്ഷോഭമാണ് നിവർത്തന (ബഹിഷ്കരണ) പ്രക്ഷോഭം എന്ന പേരിൽ അറിയപ്പെടുന്നത്. ഇതിന് പ്രേരണയായത് 1932 ലെ ഭരണഘടന പരിഷ്കാരമാണ്. സവർണ്ണ സമുദായക്കാർക്ക് ആവശ്യത്തിലേറെയും ന്യൂനപക്ഷ പിന്നാക്ക ജനവിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഇല്ലാതാക്കുന്നതുമായ വിവേചനപരമായ വ്യവസ്ഥകൾ പുതിയ പരിഷ്കാരത്തിൽ ഉൾപ്പെട്ടിരുന്നു. ഇതുപ്രകാരം രണ്ടു തരം പൗരൻമാരെ സൃഷ്ടിക്കുകയാണുണ്ടായത്. 73 അംഗങ്ങൾ ഉള്ള നിയമസഭയിൽ ഈഴവ-ക്രിസ്ത്യാനി-മുസ്ലീം തുടങ്ങിയ പിന്നാക്ക ജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ലഭിക്കുമായിരുന്നില്ല. മൂന്നര ലക്ഷത്തിലധികം വരുന്ന മുസ്ലീങ്ങൾക്ക് ഒരു സീറ്റും പോലും കിട്ടുമെന്ന് ഉറപ്പില്ലായിരുന്നു. ഈ അനീതിക്കെതിരായി 1933 ജനുവരി 25 ന് ഇ.ജെ. ജോണിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് വച്ച് ഈഴവ, ക്രൈസ്തവ- മുസ്ലീം സമുദായ പ്രമാണിമാരോടൊപ്പം ഒരു യോഗം ചേർന്നു. ഈ യോഗത്തിൽ 1932 ലെ പരിഷ്കാരത്തെ തുടർന്നുള്ള തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ബഹിഷ്കരിക്കാൻ തീരുമാനിച്ചു.

▶ 1930-38 കാലത്ത് നടന്ന രാഷ്ട്രീയ പ്രക്ഷോഭം

ഈ പ്രക്ഷോഭപരിപാടിക്ക് നിവർത്തനം (വിട്ടു നിൽക്കൽ)എന്ന പേര് നൽകിയത് പ്രസിദ്ധ പണ്ഡിതനായ ഐ.സി. ചാക്കോയാണ്. സംയുക്ത രാഷ്ട്രീയ സമിതിയുടെ നേതാക്കൾ ക്രിസ്ത്യൻ, മുസ്ലിം, ഈഴവ വിഭാഗങ്ങളെ പ്രതിനിധീകരിച്ച് യഥാക്രമം എൻ.വി .ജോസഫ്, ടി.എം. വർഗീസ്, സി. കേശവൻ, പി.കെ. കുഞ്ഞ് തുടങ്ങിയ

Remove Watermark Now

വർ പങ്കെടുത്തു. സമുദായ പ്രാതിനിധ്യം എന്ന പരിമിത രാഷ്ട്രീയ ലക്ഷ്യം മാത്രമേ ഇതിന് ഉണ്ടായിരുന്നുള്ളൂ. സമരത്തിന്റെ വിഭാഗീയ സ്വഭാവം തുടക്കത്തിൽ സമരനായകനായ സി. കേശവനെ ആശയക്കുഴപ്പത്തിൽ എത്തിക്കാതിരുന്നില്ല, എന്നാൽ കേസരി. എ. ബാലകൃഷ്ണപിള്ളയുടെ നിവർത്തനത്തെ അനുകൂലിച്ചുള്ള അഭിപ്രായം ഈ ആശയക്കുഴപ്പം മാറ്റി. ആ അഭിപ്രായം,

- നിയമസഭാ പ്രാതിനിധ്യക്കുറവുള്ള ഈഴവർ അസമത്വം അനുഭവിക്കുന്ന മറ്റു സമുദായങ്ങളുമായി ചേർന്ന് സമരം ചെയ്യുന്നതിൽ തെറ്റില്ല.
- അയിത്തോച്ചാടനത്തിന് നായന്മാരുമായി ചേർന്ന് പ്രവർത്തിച്ച ഈഴവർക്ക് രാഷ്ട്രീയ അവകാശങ്ങൾ നേടുന്നതിന് മറ്റു സമുദായങ്ങളുമായി സഖ്യത്തിൽ ഏർപ്പെടാം.
- പ്രാതിനിധ്യം കൂടുതലുള്ള നായന്മാർ ഈഴവർക്കും മറ്റും സ്ഥാനാർഥിത്വം ഒഴിഞ്ഞു നൽകിക്കൊണ്ട് കൂടുതൽ അധികാരങ്ങൾ ജനങ്ങളിലേക്ക് കൈമാറാൻ അവരോടൊപ്പം നിന്ന് പ്രവർത്തിക്കണം എന്നിങ്ങനെയായിരുന്നു.

- സമുദായ പ്രാതിനിധ്യം എന്ന പരിമിത രാഷ്ട്രീയ ലക്ഷ്യം

സി. കേശവനടക്കമുള്ളവരെ ഈ വാക്കുകൾ വർധിതവീര്യരാക്കിത്തീർത്തു. കേരള കേസരിയായിരുന്നു നിവർത്തന പ്രക്ഷോഭത്തിന്റെ ജിഹ്വയായ പത്രം.

1934 ജനുവരി 30 ന് തിരുവല്ലയിൽ ടി.എം. വർഗീസിന്റെ നേതൃത്വത്തിൽ ചേർന്ന യോഗം 'നിവർത്തനം' എന്ന പദം ഉപേക്ഷിച്ചു പകരം 'പൗരസമത്വ പ്രസ്ഥാനം' എന്ന പേര് സ്വീകരിച്ച് പ്രക്ഷോഭം തുടർന്നു. നിവർത്തന പ്രക്ഷോഭത്തിനിടയിലെ വളരെ ശ്രദ്ധേയമായ ഒരു സംഭവം സി. കേശവന്റെ കോഴഞ്ചേരി പ്രസംഗമാണ് (1935 മേയ്). ഇതിനെത്തുടർന്ന് രാജ്യദ്രോഹക്കുറ്റം ചുമത്തി സി. കേശവനെ ജയിലിലാക്കിയെങ്കിലും അത് പ്രക്ഷോഭത്തിന് ആക്കം നൽകിയതേയുള്ളൂ. പരിമിതമായ പ്രാതിനിധ്യം മാത്രമായിരുന്നു നിവർത്തനത്തിന്റെ ഉദ്ദേശമെങ്കിലും പ്രായപൂർത്തി വോട്ടവകാശത്തിലധിഷ്ഠിതമായ ഉത്തരവാദഭരണം വേണമെന്ന് ശക്തിയായി ആവശ്യപ്പെട്ടത് ഈ പ്രസംഗത്തിലാണ്. ഇതുയർത്തി വിട്ട പ്രകമ്പനം വളരെ വർഷങ്ങൾക്കുശേഷവും തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ നിറഞ്ഞു നിന്നു.

- സി. കേശവന്റെ കോഴഞ്ചേരി പ്രസംഗം

നിവർത്തനപ്രക്ഷോഭം 1936-ൽ സർക്കാരിന്റെ സമ്മതിദാനാവകാശം വിപുലീകരിച്ചുകൊണ്ടുള്ള ഉത്തരവിനെ തുടർന്ന് പിൻവലിക്കപ്പെട്ടു. നിവർത്തനപ്രക്ഷോഭണത്തിനായി രൂപീകരിക്കപ്പെട്ട സംയുക്ത രാഷ്ട്രീയ സമിതി പിന്നീട് തിരുവതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ ഭാഗമായി മാറി. നിവർത്തന പ്രക്ഷോഭകരുടെ ആവശ്യങ്ങൾ പരിമിതമായിട്ടാണെങ്കിലും അംഗീകരിക്കാൻ സർക്കാർ നിർബന്ധിതരായി. ജനസംഖ്യാനുപാതികമായി ജോലി എന്നതായിരുന്നു നിവർത്തനത്തിന്റെ മറ്റൊരു ആവശ്യം. ഇതിന്റെ പരിഹാരത്തിനായി സർവീസിലെ നിയമനങ്ങൾക്ക് പബ്ലിക് സർവീസ് കമ്മീഷണറെ നിയമിച്ചു. പ്രതിയോജകമണ്ഡലങ്ങൾ പുനർനിർണ്ണയം ചെയ്തു ദ്വയാംഗമണ്ഡലങ്ങളുണ്ടാക്കി ന്യൂനപക്ഷ പിന്നാക്കവിഭാഗങ്ങൾക്കായി സംവരണം

Remove Watermark Now

ചെയ്തും വോട്ടവകാശം വിപുലീകരിക്കാനായി കരംതീരുവയുടെ പരിധി കുറച്ചും വോട്ടവകാശം വിപുലപ്പെടുത്തി. നിയമസഭയിലെ നിശ്ചിത ശതമാനം സീറ്റുകൾ ഈഴവ, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്കായി നീക്കിവച്ചു. 1936-ൽ ക്ഷേത്രപ്രവേശന വിളംബരവും ഇതിനനുബന്ധമായി ഉണ്ടായി.

▶ പരിമിതമെങ്കിലും അംഗീകാരം

1937-ൽ നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ എസ്.എൻ ഡി.പി. യോഗം നിർത്തിയ ഈഴവരും സംയുക്ത രാഷ്ട്രീയ കോൺഗ്രസ് നിർത്തിയ ക്രിസ്ത്യൻ - മുസ്ലീം സ്ഥാനാർഥികളും വിജയിച്ചു. പത്തനംതിട്ട നിയോജകമണ്ഡലത്തിൽ നിന്നു ജയിച്ച ടി.എം. വർഗീസ് ശ്രീമൂലം അസംബ്ലി ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുക്കയും ചെയ്തു. സവർണ്ണ മേധാവികളുടെ കുത്തക അവസാനിപ്പിച്ചുകൊണ്ട് ഇതര സമുദായങ്ങൾക്ക് സഭയിൽ പ്രാതിനിധ്യം ഉറപ്പാക്കപ്പെടുകയും വിപുലമായ ജനപങ്കാളിത്തം ഉണ്ടാകുകയും ചെയ്തെങ്കിലും സാമാന്യജനങ്ങൾക്ക് അധികാരം ലഭ്യമാക്കുന്നതിലേക്ക് വളരാൻ നിവർത്തനപ്രക്ഷോഭത്തിന് കഴിഞ്ഞില്ല. ഇതൊരു രാഷ്ട്രീയ സംഘടനയുടെ അഭാവത്തിലാണെന്ന് ബോധ്യപ്പെട്ട നേതാക്കളുടെ പരിശ്രമത്തിലാണ് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകൃതമായത്.

▶ രാഷ്ട്രീയ സംഘടനയുടെ അഭാവം

## Summarised Overview

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ സവിശേഷത അതിന്റെ ബഹുജനാടിത്തറയായിരുന്നു. ആദ്യഘട്ടത്തിൽ പ്രധാനമായും മധ്യവർഗങ്ങളിൽ ഒതുങ്ങിനിന്നിരുന്ന ദേശീയപ്രസ്ഥാനം പിന്നീടാണ് ഇന്ത്യയിലെ ബഹുജനവിഭാഗങ്ങളിലേക്ക് കൂടുതലായി വ്യാപിച്ചത്. ഇന്ത്യയിലെ ബഹുജനങ്ങളുടെ ഇടയിലുണ്ടായ സാമ്രാജ്യത്വവിരുദ്ധമനോഭാവവും ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടി. ബ്രിട്ടീഷ് ഗവൺമെന്റിന്റെ വാഗ്ദാനങ്ങളെക്കുറിച്ചുള്ള മിഥ്യാബോധവും ഗവൺമെന്റിന്റെ വൻതോതിലുള്ള അടിച്ചമർത്തലുകളും കർഷകരും തൊഴിലാളിവർഗവും ഉൾപ്പെടെയുള്ള ജനതയെ ഗുരുതരമായി ബാധിച്ചു. ഇത് ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായി. മാത്രമല്ല ഗാന്ധിജിയുടെ നേതൃത്വം ദേശീയപ്രസ്ഥാനത്തെയും കോൺഗ്രസ്സിനെയും കൂടുതൽ ജനങ്ങളോട് അടുപ്പിച്ചു.

ഈ ഘട്ടത്തിലെ മറ്റൊരു സംഭവവികാസം സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളുടെ വളർച്ചയായിരുന്നു. തൊഴിലാളിവർഗത്തിന്റെ സ്വതന്ത്രമായ രാഷ്ട്രീയപ്രസ്ഥാനങ്ങളും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും വർഗസമരത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. 1926നു ശേഷം ഇന്ത്യൻ തൊഴിലാളിവർഗം ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിൽ ഒരു സ്വതന്ത്ര രാഷ്ട്രീയഘടകമെന്ന നിലയിൽ രംഗപ്രവേശം ചെയ്തു. ഇത് ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ നിർണ്ണായക മാറ്റമായിരുന്നു. കോൺഗ്രസ് അതിന്റെ രാഷ്ട്രീയലക്ഷ്യം സ്വരാജ് എന്ന പദത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന് നിർവചിച്ചത് ഇക്കാലത്തായിരുന്നു. രാജ്യത്ത് പൊന്തിവന്ന വിവിധ യുവജനസംഘടനകളും സ്വാതന്ത്ര്യം തങ്ങളുടെ രാഷ്ട്രീയലക്ഷ്യമായി അംഗീകരിച്ചു. ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് സിവിൽ നിയമലംഘന പ്രസ്ഥാനത്തിന് (1930-34) തുടക്കം കുറിച്ചു. ഈ ഘട്ടത്തിൽ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യമായ നേട്ടം അത് ഒരു ബഹുജനാടിസ്ഥാനമായി മാറി എന്നതാണ്.

ഇത്തരം സംഘർഷങ്ങളുടെ അലയൊലികൾ കേരളത്തിലും പ്രകടമായി. ജി.പി പിള്ള, സർ സി. ശങ്കരൻ നായർ, ഒൈരു നമ്പ്യാർ തുടങ്ങി ചുരുക്കം ചിലർ ആദ്യകാല കോൺഗ്രസ്സുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. 1887-ൽ അമരാവതിയിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ശങ്കരൻ നായരാണ്. ഇവരെല്ലാം സ്വന്തം നിലയിൽ കോൺഗ്രസ്സിനെ പ്രതിനിധീകരിച്ചവരോ, കേരളത്തിനു പുറത്ത് ജീവിതം നയിച്ചവരോ ആയിരുന്നു. എന്നാൽ 1904-ൽ കോൺഗ്രസ്സിന്റെ ഒരു സമ്മേളനം നടക്കുകയുണ്ടായി. 1908-ൽ മലബാറിൽ കോൺഗ്രസ്സിന്റെ ജില്ലാസമിതി രൂപീകരിക്കപ്പെട്ടു. ഇതിനു ശേഷം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ദേശീയസമരം മലബാറിൽ പതിയെ ശക്തിപ്രാപിക്കാൻ ആരംഭിച്ചു. 1920 കളുടെ അവസാനത്തിലും 1930 കളിലും കേരളത്തിന്റെ ദേശീയപ്രസ്ഥാനത്തിൽ കണ്ട സവിശേഷത കർഷകരുടെയും തൊഴിലാളികളുടെയും പങ്കാളിത്തത്തിലുണ്ടായ വർധനവായിരുന്നു. ജൻമി - കുടിയാൻ പ്രശ്നങ്ങളും ഭൂമിയുടെ അവകാശങ്ങളും ഈ ഘട്ടത്തിൽ ചർച്ചയാവുന്നുണ്ട്. അതിന്റെ ഭാഗമായി 1935-ൽ മലബാറിൽ ആദ്യത്തെ കർഷകസംഘം കൊളച്ചേരിയിൽ രൂപീകരിക്കപ്പെട്ടു. ജന്മികളുടെ അതിക്രമങ്ങൾ തടയുക എന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. ഇതിനെ പിന്തുടർന്ന് ധാരാളം കർഷകസംഘങ്ങൾ 1930 കളുടെ അവസാനമാവുമ്പോഴേക്കും മലബാറിൽ പ്രവർത്തനം ആരംഭിച്ചു. കർഷകരുടെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ രൂപപ്പെട്ടു വന്ന പ്രസ്ഥാനങ്ങളാണ് കേരളത്തിൽ ശക്തമായ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വളർച്ചയ്ക്ക് കാരണമായത്. ആശയപരമായി കമ്മ്യൂണിസം, സോഷ്യലിസം തുടങ്ങിയ ആശയങ്ങളിൽ ആകൃഷ്ടരായ യുവകോൺഗ്രസ്സുകാർ ഭഗത്സിംഗ്, എം.എൻ. റോയ് എന്നിവരുടെ പ്രവർത്തനങ്ങളിലും ആശയങ്ങളിലും ആവേശഭരിതരായി. കോൺഗ്രസ്സുമായി പൊരുത്തപ്പെടാൻ കഴിയാതിരുന്ന ഇവർ കോൺഗ്രസ്സിനകത്ത് സോഷ്യലിസ്റ്റുകളായി നിലകൊണ്ടു. എന്നാൽ 1934-ൽ ഇ. എം. എസിന്റെയും പി. കൃഷ്ണപിള്ളയുടെയും നേതൃത്വത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. മലബാറിലെ പല ഭാഗങ്ങളിലും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്ക് പിന്തുണ ലഭിച്ചു. ഇതിന്റെ ഭാഗമായി 1934-ൽ കെ.പി.സി.സി. യിൽ അംഗീകരിക്കപ്പെട്ട പ്രമേയം ഗാന്ധിയൻ സമരമുറകൾ പൂർണ്ണസ്വാതന്ത്ര്യത്തിന് അപ്രാപ്യമാണ് എന്നാണ്. ഈ പ്രമേയം അംഗീകരിക്കപ്പെട്ടതോടെ കോൺഗ്രസ്സിനകത്തെ സോഷ്യലിസ്റ്റ് വിഭാഗത്തിന്റെ ശക്തി വർധിച്ചു. രാഷ്ട്രീയ സമരങ്ങൾക്ക് മറ്റൊരു ദിശാബോധം കൈവന്നു. അത് ജന്മിത്വത്തിൽ നിന്നും അസമത്വത്തിൽ നിന്നുമുള്ള മോചനം കൂടി മുന്നോട്ട് വെച്ചു.

# Assignment

1. കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച വിവരിക്കുക.
2. നിസ്സഹകരണസമരം കേരളത്തിൽ ചെലുത്തിയ സ്വാധീനം വിശദമാക്കുക.
3. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ കേരളത്തിലെ വളർച്ച വിവരിക്കുക
4. ഖിലാഫത്ത് പ്രസ്ഥാനം രൂപം കൊള്ളാനിടയായ സംഭവങ്ങളെന്തെല്ലാം?
5. 1921-ലെ മലബാർ കലാപത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക
6. തിരുവിതാംകൂർ - സ്റ്റേറ്റ് കോൺഗ്രസ്സും ഉത്തരവാദിത്തപ്രക്ഷോഭവും വിവരിക്കുക.
7. നിവർത്തന പ്രക്ഷോഭം ഒരു രാഷ്ട്രീയ പ്രക്ഷോഭമായിരുന്നു വിശദീകരിക്കുക.
8. തിരുവിതാംകൂറിലെ ഭരണവിരുദ്ധപ്രക്ഷോഭങ്ങൾ ക്രോഡീകരിക്കുക.
9. നിയമലംഘനപ്രസ്ഥാനം, നിസ്സഹകരണ പ്രസ്ഥാനം എന്നിവ സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്ക് വിശദമാക്കുക.

Remove Watermark Now

10. സ്റ്റേറ്റ് കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടി, തൊഴിലാളി സംഘടനകൾ എന്നിവയുടെ കേരളത്തിലെ സമരചരിത്രം വിവരിക്കുക.
11. കേരളത്തിൽ ശക്തമായ രാഷ്ട്രീയ ചലനങ്ങളുണ്ടാക്കിയ ഒരു ദേശീയ പ്രക്ഷോഭണമായിരുന്നു മലബാർ കലാപം - വിലയിരുത്തുക.

## Suggested Readings


1. പ്രൊഫ. എസ്സ്. അച്യുതവാര്യർ, കേരളസംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരളചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
3. ഡോ.എം.ജി.എസ്സ്. നാരായണൻ, കേരളചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
4. സൗമ്യേന്ദ്ര നാഥ ടാഗോർ, കെ.കെ.എൻ. കുറുപ്പ് (വിവ.), മലബാറിലെ കാർഷിക കലാപം, 1921 സന്ധ്യാ പബ്ലിഷേഴ്സ്, കോഴിക്കോട്.
5. എ. നിസാമുദീൻ, വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ചരിത്രം, കോഴിക്കോട്.
6. കെ. മാധവൻ നായർ, മലബാർ കലാപം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
7. എം. ഗംഗാധരൻ, മലബാർ കലാപം-1921-22, ഡി.സി. ബുക്സ്, കോട്ടയം.


## References


1. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. ദാമോദരൻ, കേരളചരിത്രം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
3. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
4. എ, ശ്രീധരമേനോൻ, കേരളസംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.
5. രാധാകൃഷ്ണൻ ചെറുവല്ലി (എ.ഡി.), മലബാർ കലാപം: ചരിത്രം രാഷ്ട്രീയം പ്രത്യയശാസ്ത്രം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
6. ഇ.എം.എസ്. കേരള ചരിത്ര മാർക്സിസ്റ്റ് വീക്ഷണത്തിൽ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

Remove Watermark Now

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU iSkysoft

Remove Watermark Now

# Unit 2

# ഐക്യകേരളപ്രസ്ഥാനം
# കേരള സംസ്ഥാനരൂപീകരണം

## Learning Outcomes

- സോഷ്യലിസ്റ്റ് കോൺഗ്രസ്സിന്റെ ഉദയത്തിനുള്ള കാരണങ്ങൾ മനസ്സിലാക്കുന്നു
- കേരളത്തിലെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും അടിസ്ഥാന പ്രശ്നങ്ങൾ അറിയുന്നു
- കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉത്ഭവ വികാസപരിണാമങ്ങൾ പരിചയപ്പെടുന്നു
- ഐക്യകേരള പ്രസ്ഥാനത്തിന്റെ ചരിത്രം മനസ്സിലാക്കുന്നു
- കേരള സംസ്ഥാന രൂപീകരണത്തെക്കുറിച്ച് അറിവ് നേടുന്നു

## Background

1930 കൾ മുതൽ കേരള സംസ്ഥാന രൂപീകരണം വരെയുള്ള ചരിത്രമാണ് ഇവിടെ ചർച്ചാവിഷയമാവുന്നത്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് നാട്ടുരാജ്യങ്ങളായാണ് ഇക്കാലത്ത് കേരളം വിഭജിക്കപ്പെട്ടിരുന്നത്. നാട്ടുരാജാക്കൻമാരുടെയും നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും ഫ്യൂഡലിസത്തിന്റെയും ഇരകളാക്കപ്പെട്ട സാധാരണക്കാരായ ജനങ്ങൾ സംഘടനാശക്തി തിരിച്ചറിയുകയും തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ഒത്തു ചേർന്ന് പോരാടാനും തുടങ്ങിയ കാലമാണ് 1930 കൾ. ഭരണസംവിധാനത്തിനകത്തെ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കുന്ന ലേഖനങ്ങൾ ഉൾക്കൊള്ളുന്ന പത്രമാസികകളും ഇക്കാലത്തുണ്ടാകാൻ തുടങ്ങി. നിവർത്തനപ്രക്ഷോഭം ഉണ്ടാക്കിയ അലയൊലികൾ സംഘടനാശക്തിയുടെ വില മനസ്സിലാക്കാൻ സഹായിക്കുന്ന ഒന്നായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ആയിരുന്നു അക്കാലത്തെ പ്രധാന രാഷ്ട്രീയ സംഘടന. ദിവാന്റെ ഭരണപരിഷ്കാരങ്ങളോടുള്ള പ്രതിഷേധങ്ങളായാണ് പ്രക്ഷോഭങ്ങൾ ആരംഭിക്കുന്നത്. സർ സി.പിക്ക് എതിരായി മെമ്മോറാണ്ടം സമർപ്പിക്കുകയും പ്രക്ഷോഭങ്ങൾ ആരംഭിക്കുകയും ചെയ്തത് പ്രധാന ചരിത്രസംഭവമാണ്.

സർ. സി.പിക്ക് എതിരായി നൽകിയ മെമ്മോറാണ്ടം പിൻവലിക്കാനും നിയമലംഘന സമരം നിർത്തലാക്കാനും ഗാന്ധിജി നൽകിയ നിർദ്ദേശം കോൺഗ്രസിൽ അഭിപ്രായ ഭിന്നതകൾ സൃഷ്ടിച്ചു. സോഷ്യലിസ്റ്റ് ആശയങ്ങളോട് താല്പര്യമുള്ള ഒരു ഗ്രൂപ്പ് വളർന്നു വരുന്ന കാലഘട്ടമായിരുന്നു അത്. കോൺഗ്രസ്സിന്റെ ഇത്തരം നേതൃത്വനയങ്ങളോടുള്ള പ്രതിഷേധമായിട്ടാണ് ഇടതുപക്ഷ പാർട്ടി കോൺഗ്രസ്സിനുള്ളിൽ ശക്തമാകുന്നത്.

1920 കളിലും രണ്ടാം ലോകമഹായുദ്ധകാലത്തും ലോകത്തെ ബാധിച്ച സാമ്പത്തികമാന്ദ്യം തൊഴിലാളികളുടെ ജീവിതത്തെയും ബാധിച്ചു. കുറഞ്ഞ വേതനവും ഉയർന്ന വിലയും സാമാന്യജനത്തെ ഞെരുക്കിക്കൊണ്ടിരുന്നു. അനൗദ്യോഗിക കണക്ക് പ്രകാരം നോക്കിയാൽ ഇരുപതിനായിരത്തിലധികം ജനങ്ങൾ പട്ടിണി മരണത്തിനിരയായി. ഒരു വശത്ത് പട്ടിണിയും മറുവശത്തു ജന്മി മുതലാളികളുടെ ഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ പീഡനവും പിടി

Remove Watermark Now

ച്ചുപറിയും തൊഴിലാളികളെ നട്ടംതിരിച്ചു. തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടാൻ തയ്യാറായ ഒരു ജനതയെയാണ് ഇക്കാലത്ത് നമുക്ക് കാണാനാവുക.

പട്ടിണി അല്ലെങ്കിൽ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരം എന്ന അവസ്ഥയിലേക്ക് രൂപപ്പെട്ടു പോയവരായിത്തീർന്നു സാധാരണക്കാരായ കർഷകതൊഴിലാളികൾ. ഇവരുടെ ഇടയിലേക്ക് പുത്തൻആശയങ്ങളുടെ വെളിച്ചവുമായി വന്നത് സോഷ്യലിസ്റ്റ് ആശയങ്ങളെ പ്രചരിപ്പിക്കുന്ന സോഷ്യലിസ്റ്റ് കോൺഗ്രസ് എന്ന സംഘടനയാണ്. ഈ സംഘടനയുടെ കീഴിലാണ് കർഷക തൊഴിലാളി സംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. നിരവധിയായ കർഷക സമരങ്ങൾ മൂന്നു നാട്ടുരാജ്യങ്ങളിലും സംഘടിപ്പിക്കപ്പെട്ടു. മലബാറിലാണ് കർഷകസംഘം ശക്തമായത്. ഉത്തര കേരളത്തിൽ തൊഴിലാളി പ്രസ്ഥാനമാണ് കരുത്താർജ്ജിച്ചത്. കർഷക-തൊഴിലാളി പ്രസ്ഥാനത്തിലൂടെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണവും നടന്നു.

തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഉത്തരവാദഭരണ പ്രക്ഷോഭങ്ങളും ഇക്കാലയളവിൽ നടക്കുന്നുണ്ടായിരുന്നു. ഭരണരംഗത്തെ മാറ്റത്തിനു വേണ്ടി 1834 കൾ മുതൽ കൊച്ചിയിൽ പ്രക്ഷോഭങ്ങൾ നടന്നു വന്നു. കൊച്ചിയിൽ ഇലക്ട്രിസിറ്റി സമരത്തോടെയാണ് ഇതിന് തുടക്കം കുറിച്ചത്. പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ ജനകീയമന്ത്രിസഭ എന്ന ആശയത്തിലേക്ക് എത്തിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ പ്രവർത്തനങ്ങൾക്കൊപ്പം ലയിച്ചു ചേർന്ന ഈ രാഷ്ട്രീയ പാർട്ടികൾ പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കീഴിൽ നിന്നു കൊണ്ട് രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കു വേണ്ടി പോരാടാൻ തുടങ്ങി. കൂട്ടായ പ്രവർത്തനങ്ങൾ സ്വാതന്ത്ര്യലബ്ധിക്ക് കളമൊരുക്കി. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണമെന്ന ആശയം പ്രബലമാവുകയും അതിനായി സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ നാട്ടുരാജ്യങ്ങളുടെ ലയനത്തിനും സംയോജനത്തിനും വേണ്ടി സ്വീകരിച്ച നയങ്ങൾ മൂന്നു നാട്ടുരാജ്യങ്ങളെയും ഒന്നാക്കിത്തീർക്കുകയും ചെയ്തു.

iSkysoft

## Keywords

കമ്മ്യൂണിസ്റ്റ് ലീഗ്-റാഡിക്കൽ യൂത്ത്-സോഷ്യലിസ്റ്റ് കോൺഗ്രസ്സ്-അഖില മലബാർ കർഷക സംഘം-കർഷസമരങ്ങൾ-കർഷകതൊഴിലാളി സംഘടനകൾ-കമ്മ്യൂണിസ്റ്റു പാർട്ടി-പുന്നപ്ര -വയലാർ സമരങ്ങൾ-കയ്യൂർ-കരിവെള്ളൂർ-ഉത്തരവാദഭരണ പ്രക്ഷോഭം-തിരുവിതാംകൂർ കൊച്ചി സംയോജനം-ഐക്യകേരളപ്രസ്ഥാനം-കേരള സംസ്ഥാനരൂപീകരണം

## Discussion

### 4.2.1 യൂത്ത് ലീഗ്

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായ ചില വിപ്ലവഗ്രൂപ്പുകളുടെ പ്രചോദനത്താൽ തിരുവിതാംകൂറുകാരായ എൻ.വി കുരുക്കൾ, പൊന്നറ ശ്രീധർ, എൻ.സി. ശേഖർ, തിരുവട്ടാർ താണുപിള്ള തുടങ്ങിയവർ 1931-ൽ തിരുവനന്തപുരത്ത് കമ്മ്യൂണിസ്റ്റ് ലീഗ് രൂപീകരിച്ചു. തൈക്കാടായിരുന്നു അതിന്റെ പ്രവർത്തനകേന്ദ്രം. കമ്മ്യൂണിസ്റ്റ് ആശയങ്ങൾ ജനമധ്യത്തിൽ പ്രചരിപ്പിക്കുക എന്നതായിരുന്നു സംഘടനയുടെ പ്രധാന ഉദ്ദേശം. ഇടയ്ക്കിടെ ചർച്ചാ യോഗങ്ങൾ സംഘടിപ്പിക്കുക,

Remove Watermark Now

ആഘോഷപൂർവം വാർഷിക യോഗങ്ങൾ നടത്തുക, പ്രമേയങ്ങൾ പാസാക്കി അയക്കുക തുടങ്ങിയവയായിരുന്നു പ്രധാന പരിപാടികൾ. മീറത്ത് ഗൂഢാലോചനക്കേസിലെ കമ്മ്യൂണിസ്റ്റ് തടവുകാർ തയ്യാറാക്കിയ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനപരിപാടി മലയാളത്തിൽ തർജമ ചെയ്തു പ്രസിദ്ധീകരിച്ചത് ഈ ഗ്രൂപ്പായിരുന്നു. രാജവാഴ്ചക്കെതിരെ തിരുവനന്തപുരത്ത് പ്രത്യക്ഷപ്പെട്ടിരുന്ന ചുവരെഴുത്തുകൾക്കു പിന്നിലും കമ്മ്യൂണിസ്റ്റ് ലീഗ് ഉണ്ടായിരുന്നു. തിരുവനന്തപുരത്തെ പ്രസ്സ് തൊഴിലാളികൾക്ക് ഒരു സംഘടന ഉണ്ടാക്കിയതാണ് ലീഗിന്റെ മറ്റൊരു സംഭാവന. ആദ്യമായി ഒരു ഐക്യ കേരളസമ്മേളനം വിളിച്ചു കൂട്ടിയതും ഈ യുവജന സംഘങ്ങളാണ്.

▶ കമ്മ്യൂണിസ്റ്റ് ലീഗ്

വിദ്യാർഥികളെയും യുവജനങ്ങളെയും ഉത്തരവാദിത്ത പ്രക്ഷോഭത്തിലേക്ക് നയിക്കുന്നതിൽ വലിയ പങ്കാണ് ഈ ഗ്രൂപ്പിന് ഉണ്ടായിരുന്നത്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സഖ്യ കക്ഷിയായാണ് യൂത്ത് ലീഗ് അക്കാലത്ത് പ്രവർത്തിച്ച് വന്നത്. 1938 ആഗസ്റ്റ് 20, 21 തീയതികളിൽ യൂത്ത് ലീഗിന്റെ ഒരു കോൺഫറൻസ് തിരുവനന്തപുരത്തു വെച്ച് നടത്താൻ തീരുമാനിച്ചിരുന്നു. യൂത്ത് ലീഗിന്റെ കോൺഫറൻസിൽ അധ്യക്ഷത വഹിക്കുവാൻ എത്തിയ കമലാദേവി ചതോപാധ്യായക്ക് ചെങ്കോട്ടയിൽ വച്ച് അവർ തിരുവിതാംകൂറിൽ പ്രവേശിക്കരുത് എന്ന നിരോധനം ഗവൺമെന്റ് നൽകി. എങ്കിലും അവർ തിരുവനന്തപുരത്ത് വന്നിറങ്ങി. യോഗത്തിൽ പ്രസംഗിക്കുന്നതിന് മുമ്പ് തന്നെ കമലാദേവിയെ പോലീസ് അറസ്റ്റ് ചെയ്തു. ഒരു ദിവസം പൂജപ്പുര സെൻട്രൽ ജയിലിൽ തടവിലിട്ട ശേഷം 21-ാം തീയതി വെളുപ്പിന് അവരെ തിരുവിതാംകൂർ അതിർത്തി കടത്തിവിട്ടു. എൻ.സി. ശേഖർ, കെ. ദാമോദരൻ, എൻ.പി കുരുക്കൾ, കുഞ്ഞിരാമൻ നായർ എന്നിവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

▶ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സഖ്യ കക്ഷി

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റി ആദ്യമായി വിഭാവന ചെയ്ത സമരം ദിവാൻ സി.പി.ക്ക് എതിരായി മഹാരാജാവിന് മെമ്മോറിയൽ സമർപ്പിക്കുക എന്നുള്ളതായിരുന്നു (1938). ഈ നിവേദനത്തിൽ താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു.

- ദിവാന്റെ അധികാരം നിയമനിർമ്മാണസഭയോട് ഉത്തരവാദിത്വമുള്ള മന്ത്രിസഭയ്ക്ക് കൈമാറുക.
- ന്യൂനപക്ഷ സംരക്ഷണത്തോടെ പ്രായപൂർത്തി വോട്ടവകാശം സ്ഥാപിക്കുക.
- വ്യക്തിസ്വാതന്ത്ര്യം മൗലിക അവകാശമാക്കുക.
- ജുഡീഷ്യറിയുടെ സ്വതന്ത്രത ഉറപ്പുവരുത്തുക.
- പത്രനിയന്ത്രണം നീക്കുക.
- സർ. സി.പി.യെ ദിവാൻ സ്ഥാനത്തു നിന്നും നീക്കുക.
- സി.പി നടത്തിയ സാമ്പത്തിക ഇടപാടുകൾ, ഭരണനടപടികൾ, നിയമനങ്ങൾ തുടങ്ങിയവ അന്വേഷിക്കുക.

▶ മെമ്മോറാണ്ടം സമർപ്പണം

ഇതൊരു വിശദമായ രേഖയാക്കി തിരുവിതാംകൂർ ഇന്ന് എന്ന പേരിൽ അച്ചടിച്ച് പ്രദർശിപ്പിച്ചു.

ഈ മെമ്മോറാണ്ടത്തിനു മറുപടിയായി സി.പി. ചെയ്തത് സ്റ്റേറ്റ്

കോൺഗ്രസിനേയും സഖ്യകക്ഷിയായ യൂത്ത് ലീഗിനേയും നിയമവിരുദ്ധ സംഘടനയാക്കി പ്രഖ്യാപിക്കലായിരുന്നു. തുടർന്ന് കൂടുതൽ സമരപരിപാടികളിലേക്കു പോയ സ്റ്റേറ്റ് കോൺഗ്രസിനൊപ്പം യൂത്ത് ലീഗും ഉണ്ടായിരുന്നു. വിദ്യാർഥികളുടെ ഇടയിൽ വളരെയധികം സ്വാധീനം യൂത്ത് ലീഗിനുണ്ടായിരുന്നു. 1938 നവംബർ 12 ന് അക്കാമ്മ ചെറിയാൻ നയിച്ച ജാഥയിലും യൂത്ത് ലീഗിന്റെ പ്രവർത്തകരുണ്ടായിരുന്നു. ഗാന്ധിജിയുടെ ഉപദേശപ്രകാരം ദിവാനെക്കുറിച്ചുള്ള വ്യക്തിപരമായ പരാമർശങ്ങൾ അടങ്ങുന്ന മെമ്മോറാണ്ടം പിൻവലിക്കാൻ സ്റ്റേറ്റ് കോൺഗ്രസ് നിർബന്ധിതരായപ്പോൾ സഖ്യകക്ഷിയായ യൂത്ത് ലീഗ് അമർഷം പ്രകടിപ്പിച്ചു.

▶ യൂത്ത് ലീഗ് അമർഷം പ്രകടിപ്പിച്ചു

യൂത്ത്ലീഗിന്റെ നേതൃത്വത്തിൽ ഒരു സമരസമിതി രൂപീകരിച്ചത് ഈ ഘട്ടത്തിലാണ്. കെ.സി. ജോർജായിരുന്നു സമരസമിതിയുടെ സെക്രട്ടറി. ഇ. ജോൺ കുരുവിള, പി.ടി. പുന്നൂസ്, ശ്രീകണ്ഠൻ നായർ, വർഗ്ഗീസ് വൈദ്യൻ, കോട്ടയം ഭാസി തുടങ്ങിയവരായിരുന്നു യൂത്തു ലീഗിന്റെ നേതാക്കൻമാരിൽ പ്രധാനികൾ. പിൻവലിക്കപ്പെട്ട മെമ്മോറാണ്ടം പരസ്യമായി വായിക്കുകയും നിയമം ലംഘിക്കുകയുമാണ് പ്രധാന സമരപരിപാടിയായിരുന്നത്. അതിൽ നൂറിലധികം പേരാണ് ഒപ്പിട്ടത്. കോൺഗ്രസിന്റെ നേതൃതീരുമാനങ്ങളോട് എതിർപ്പുള്ളവരും യൂത്ത് ലീഗും ചേർന്ന് റാഡിക്കൽ യൂത്ത് എന്നൊരു സംഘടന രൂപീകരിച്ചതായും ചരിത്രത്തിലുണ്ട്. ഈ റാഡിക്കൽ യൂത്താണ് നിരോധിക്കപ്പെട്ട് വീണ്ടും മെമ്മോറാണ്ടം വായിച്ച് അറസ്റ്റുവരിച്ചത്. സ്റ്റേറ്റ് കോൺഗ്രസിന്റെ രണ്ടാം സമ്മേളനത്തിൽ റാഡിക്കൽ യൂത്തിന്റെ സ്വാധീനം കാണാനാകും. ഇവരാണ് പിന്നീട് ഇടതുപക്ഷക്കാരായി മാറിയത്.

▶ റാഡിക്കൽ യൂത്ത് എന്ന സംഘടന

## 4.2.2. സോഷ്യലിസ്റ്റ് കോൺഗ്രസ്

സോവിയറ്റ് യൂണിയനിൽ വന്ന സമൂല പരിവർത്തനങ്ങളുടെ ഫലമായി സോഷ്യലിസ്റ്റ് ആശയങ്ങൾ ലോകമെങ്ങും പ്രചരിക്കാൻ തുടങ്ങി. കോൺഗ്രസിനകത്തും സോഷ്യലിസ്റ്റ് ആശയങ്ങളോട് താല്പര്യമുള്ള ജനവിഭാഗങ്ങൾ ഉണ്ടാകാൻ തുടങ്ങി. അവർ രൂപീകരിച്ചതാണ് സോഷ്യലിസ്റ്റ് കോൺഗ്രസ്സ്. ഈ സംഘടനയാണ് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അടിത്തറയായത്. ജയപ്രകാശ് നാരായൺ, ആചാര്യ നരേന്ദ്രദേവ്, എം.ആർ മസാനി എന്നിവരായിരുന്നു അഖിലേന്ത്യാതലത്തിൽ പാർട്ടിയെ നയിച്ചത്. ഇവർ നേതൃത്വം നൽകിയ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിമാരിൽ ഒരാളായിരുന്നു ഇ.എം.എസ്. നമ്പൂതിരിപ്പാട്. 1934 ലാണ് കേരളത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടത്. കോഴിക്കോട്ടു നടന്ന സമ്മേളനത്തിൽ കെ. കേളപ്പൻ അധ്യക്ഷനായിരുന്നു. ഈ യോഗത്തിൽ വച്ചാണ് സി.കെ. ഗോവിന്ദൻ നായരെ സെക്രട്ടറിയായി തെരഞ്ഞെടുത്തത്. കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുക എന്നതായിരുന്നു സംഘടനയുടെ പ്രധാന ലക്ഷ്യം. കോൺഗ്രസിൽ അംഗത്വമുള്ളവർക്കേ സോഷ്യലിസ്റ്റ് പാർട്ടിയിലും അംഗത്വം ലഭിച്ചിരുന്നുള്ളൂ.

▶ കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം

ഷൊർണ്ണൂരിൽ നിന്നും 1935-ൽ ഇറങ്ങിയ പ്രഭാതം പത്രമാണ് സോഷ്യലിസ്റ്റാശയം പ്രചരിപ്പിക്കുന്നതിന് സഹായകമായത്. ഇ.എം.എസ് ആയിരുന്നു അതിന്റെ പത്രാധിപർ. കെ. ദാമോദരൻ, ഐ.സി.പി.

Remove Watermark Now

നമ്പൂതിരി, എ. മാധവൻ എന്നിവർ ആ പത്രനടത്തിപ്പിൽ സഹായിക ളായി. കാറൽ മാർക്സ്, ലെനിൻ, ട്രോട്സ്കി തുടങ്ങിയവരെ ധാരാള മായി മലയാളികൾ അറിഞ്ഞതും സോഷ്യലിസത്തെക്കുറിച്ചും സോ വിയറ്റ് യൂണിയനെക്കുറിച്ചും വളരെയധികം മനസ്സിലാക്കിയതും ഈ പത്രം മുഖേനയാണ്. തിരുവിതാംകൂറിൽ അക്കാലത്ത് ശക്തിപ്രാപി ച്ചു വന്ന നിവർത്തനത്തെ പിന്താങ്ങിയതിനാൽ ഈ പത്രം ഗവൺ മെന്റ് നിരോധിച്ചു.

▶ സോഷ്യലിസ്റ്റ് ആശയം പ്രചരിപ്പിച്ച പ്രഭാതം

കോൺഗ്രസ് പാർട്ടി നേതൃത്വവുമായി സാധാരണക്കാരായ വോളന്റിയർമാർക്കുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങളാണ് സോ ഷ്യലിസ്റ്റ് കോൺഗ്രസിനെ ശക്തമാക്കിയത്. ഗാന്ധിജിയുടെ നിയമ ലംഘന സമരത്തോടുള്ള വിയോജിപ്പുമൂലം സമരം പിൻവലിക്കപ്പെ ട്ടപ്പോൾ കോൺഗ്രസ്സിൽ അഭിപ്രായഭിന്നതകളുണ്ടായി. സത്യവും അഹിംസയുമാണ് കോൺഗ്രസിന്റെ അടിസ്ഥാനതത്ത്വമെന്നും അവയ്ക്കെതിരായി ഒന്നും ചെയ്യരുതെന്നും നേതാക്കൻമാർ വാദിച്ച പ്പോൾ, ബ്രിട്ടീഷ് ഭരണത്തെ അവസാനിപ്പിക്കുകയാണ് കോൺഗ്രസി ന്റെ മൗലിക ലക്ഷ്യം എന്നും അതിനാവശ്യവും പ്രായോഗികവുമായ പരിപാടികൾ അതത് അവസരത്തിൽ അംഗീകരിക്കണമെന്നും വോ ളന്റിയർമാർ അഭിപ്രായപ്പെട്ടു. ഗാന്ധിജിയുടെ നടപടി സ്വാതന്ത്ര്യം നേടുക എന്ന ആവേശത്തെ തണുപ്പിച്ചു കളയുന്നു എന്നായിരുന്നു ആക്ഷേപം. കേരളത്തിൽ ഷൊർണൂരിലും കോഴിക്കോട്ടും വച്ച് നട ന്ന കോൺഗ്രസ് സമ്മേളനത്തിൽ ഈ അഭിപ്രായഭിന്നത രൂക്ഷമായി. 1934 ഷൊർണൂർ സമ്മേളനം ഗാന്ധിജിയുടെ നേതൃത്വത്തിൽ അവി ശ്വാസം രേഖപ്പെടുത്തി. സി.കെ ഗോവിന്ദൻനായർ സ്ഥാനം രാജിവ ച്ചു. പകരം ഇ.എം.എസ് സെക്രട്ടറിയായി.

▶ ഇ.എം.എസ് സെക്രട്ടറി

കോൺഗ്രസിലെ പിളർപ്പ് ഒഴിവാക്കാനായി ടി. പ്രകാശം മധ്യസ്ഥത വഹിച്ചുകൊണ്ട് ചില തീരുമാനങ്ങൾ എടുത്തു. അതിൻപ്രകാരം കോൺഗ്രസ് പ്രവർത്തകസമിതിയിൽ അൻപത് ശതമാനം സോഷ്യ ലിസ്റ്റ് പാർട്ടി പ്രവർത്തകർക്ക് സ്ഥാനം നൽകുകയും ജനറൽ സെക്ര ട്ടറി സ്ഥാനം സോഷ്യലിസ്റ്റല്ലാത്ത ആൾക്ക് നൽകുകയും ചെയ്തു. ഇടതുപക്ഷക്കാർ എന്തും സെക്രട്ടറിയോട് ആലോചിച്ചേ ചെയ്യാവു എന്നും നിർദ്ദേശം വച്ചു. വലതുപക്ഷത്തു നിന്നും പ്രതിനിധികളായി കെ. കേളപ്പൻ, യു. ഗോപാലമേനോൻ, കെ. മാധവൻനായർ എന്നി വരും ഇടതുവിഭാഗത്തിനു വേണ്ടി ഇ.എം.എസ്, മഞ്ജുനാഥറാവു, കെ.പി. ഗോപാലൻ എന്നിവരും കരാറിൽ ഒപ്പിട്ടു. കരാർ പക്ഷെ കട ലാസിൽ ഒതുങ്ങി.

▶ പ്രവർത്തക സമിതിയിൽ തുല്യ പങ്കാളിത്തം

1934-ൽ തന്നെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപപ്പെട്ടു കഴി ഞ്ഞിരുന്നു. സി.കെ. ഗോവിന്ദൻ നായർ പ്രസിഡന്റായും പി. കൃഷ് ണപിള്ള സെക്രട്ടറിയായും പ്രവർത്തിച്ചു പോന്നിരുന്നു. ഇ.എം.എസ്, എ.കെ.ജി, എം.കെ. കേളു, സി.എച്ച്. കണാരൻ, മഞ്ജുനാഥറാവു എന്നിവർ മുഖ്യപ്രവർത്തകരുമായിരുന്നു. 1937-ലെ കോൺഗ്രസ്സ് സോ ഷ്യലിസ്റ്റ് പാർട്ടിയുടെ സമ്മേളനം കോൺഗ്രസിന്റെ നയങ്ങളോടുള്ള എതിർപ്പ് പ്രകടമാക്കി. 1938-ൽ കോഴിക്കോടു നടന്ന സമ്മേളനത്തിൽ പി. കൃഷ്ണപിള്ളയെ പാർട്ടി സെക്രട്ടറിയായി തിരഞ്ഞെടുത്തു. കെ. എ കേരളീയനും എൻ.സി ശേഖറും കെ.കെ. വാര്യരും ജോയിന്റ് സെ

Remove Watermark Now

ക്രട്ടറിമാരായി. ഇ.എം.എസ് തുടങ്ങിയ പ്രമുഖർ പ്രവർത്തകസമിതിയിലും ഉൾപ്പെട്ടു. വലതുപക്ഷക്കാരായ ഗാന്ധിയൻമാർക്കായിരുന്നു അപ്പോഴും കോൺഗ്രസ്സിൽ ഭൂരിപക്ഷം. ഭൂരിപക്ഷം നേടാനായി ഇടതുപക്ഷക്കാർ ദേശീയ മുസ്ലീങ്ങളുടെ സഹായം തേടി. 1939 ജനുവരി 16 ന് നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് കക്ഷിക്ക് ഭൂരിപക്ഷം കിട്ടി. അബ്ദുറഹിമാൻ സാഹിബ് കെ.പി.സി.സി പ്രസിഡന്റും ഇ.എം.എസ്. സെക്രട്ടറിയുമായി. 1939 ഡിസംബറിൽ പിണറായിയിൽ ചേർന്ന കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രഹസ്യയോഗത്തിൽ സംഘടനയെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ലയിപ്പിക്കാനുള്ള പ്രമേയം പാസാക്കി.

▶ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് കക്ഷിക്ക് ഭൂരിപക്ഷം കിട്ടി

## 4.2.3.കർഷക പ്രസ്ഥാനങ്ങൾ

കേരളത്തിലെ നാടുവാഴിത്ത-ഫ്യൂഡൽ ഭരണകൂടത്തിന്റെ ഇരകളായിരുന്നു കർഷകർ. കൊച്ചിയിലും തിരുവിതാംകൂറിലും മലബാറിലും വ്യത്യസ്തങ്ങളായ പേരുകളിൽ കുടിയായ്മകൾ നിലനിന്നുപോന്നതായി കാണാം. അടിമസമ്പ്രദായമുള്ള ഉത്തരകേരളത്തിലും കൊച്ചിയിലും മലബാറിലും വാരം, വെറുംപാട്ടം, കാണം, കുഴിക്കാണം, ഒറ്റിവാരം, പാതിവാരം, കാരാൺമ, കുടികിടപ്പ് തുടങ്ങിയ പല സമ്പ്രദായങ്ങളും നിലനിന്നിരുന്നതായും കാണാം. ജന്മിമാർ, മാടമ്പികൾ, വാഴുന്നവർ, യജമാനൻ, തമ്പ്രാക്കൾ, ഉടയോർ, ഊരാളന്മാർ തുടങ്ങിയ പല പേരുകളിലാണ് പാട്ടം വാങ്ങുന്ന ഭൂപ്രഭുക്കൾ അറിയപ്പെട്ടിരുന്നത്.

▶ നാടുവാഴിത്ത-ഫ്യൂഡൽ ഭരണകൂടത്തിന്റെ ഇരകൾ

ഇതു കൂടാതെ ആറടിയന്തിരങ്ങൾ, തിരുമുൽക്കാഴ്ച, അഷ്ടമി വാരം, കാലിപ്പണം, പൊലി, ശീലക്കാശ്, വാശി, നുരി, കല്യാണവരി, കഥകളിപ്പണം, മുക്കാൽ എന്നിങ്ങനെയുള്ള പിരിവുകൾ വേറെയും കുടിയാന്മാർ നൽകേണ്ടതായുണ്ട്. നാടുവാഴിത്ത ചൂഷണത്തിനെതിരെ സംഘടിച്ചു നിന്ന് ചെറുതായിട്ടെങ്കിലും പൊരുതിയ ചരിത്രം കർഷകർക്കുണ്ട്. പാട്ടപ്രശ്നത്തിനും കാർഷികോൽപന്നങ്ങളുടെ വില വർധിപ്പിച്ചു ലഭിക്കാനും പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. ഈ പ്രക്ഷോഭങ്ങൾ ഒരു പ്രസ്ഥാനതലത്തിലേക്ക് പോകുന്നത് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ശ്രമഫലമായാണ്. ഉത്തരകേരളത്തിൽ ശക്തിപ്രാപിച്ച് ക്രമേണ കൊച്ചിയിലേക്കും തിരുവിതാംകൂറിലേക്കും വ്യാപിക്കുകയായിരുന്നു കർഷകസംഘമെന്ന പേരിൽ അറിയപ്പെട്ട ഈ പ്രസ്ഥാനം.

▶ കർഷക സംഘത്തിന് നല്ല പ്രചാരം

സംഘടിതമായ കർഷകപ്രസ്ഥാനം രൂപം കൊണ്ടത് 1935-ൽ ആയിരുന്നു. 1935 ജൂലൈയിൽ വി.എം. വിഷ്ണു ഭാരതീയൻ പ്രസിഡന്റും കെ.എ. കേരളീയൻ സെക്രട്ടറിയുമായി കൊളച്ചേരി കർഷക സംഘം രൂപീകരിക്കപ്പെട്ടു. 1935 അവസാനത്തിൽ എ.വി. കുഞ്ഞമ്പു പ്രസിഡണ്ടായി കരിവെള്ളൂർ, പെരളം പ്രദേശങ്ങളിൽ ഒരു സംയുക്ത കർഷക സംഘം രൂപീകരിക്കപ്പെട്ടു. കേരളീയൻ, ടി.സി. നാരായണൻ നമ്പ്യാർ, അപ്പുമാസ്റ്റർ, വിഷ്ണുഭാരതീയൻ തുടങ്ങിയവരായിരുന്നു ഈ സംഘങ്ങളുടെ നേതാക്കൾ. ഈ പുതിയ പ്രസ്ഥാനത്തിന്റെ അലയൊലികൾ അതിവേഗത്തിൽ മറ്റു ഗ്രാമങ്ങളിലേക്കും മറ്റു താലൂക്കുകളിലേക്കും വ്യാപിച്ചു. 1936 നവംബറിൽ പറശ്ശിനിക്കടവിൽ വച്ച്

Remove Watermark Now

ചേർന്ന ഒന്നാമത്തെ ചിറക്കൽ താലൂക്ക് കർഷകസമ്മേളനത്തോടെ കർഷകസംഘം ശക്തിയേറിയ പ്രസ്ഥാനമായി മാറി. അളവും തൂക്കവും ക്രമപ്പെടുത്തുക, വാരംനെല്ലിന്റെ കോടതിവില കുറയ്ക്കുക, ഒഴിപ്പിക്കൽ നിരോധിക്കുക, പുനം കുടിയാൻമാർക്കും കുരുമുളകു കുടിയാൻമാർക്കും സംരക്ഷണം നൽകുക, പിരിവുകൾ നിർത്തുക, ജന്മിയുടെ നികുതി കുടിശികയ്ക്ക് കുടിയാന്റെ വിള ജപ്തി ചെയ്യുന്ന പതിവ് നിർത്തുക തുടങ്ങിയ ആവശ്യങ്ങളാണ് അന്ന് കർഷക സംഘങ്ങൾ മുന്നോട്ടുവച്ചത്.

▶ അലയൊലികൾ അതിവേഗം

1936 ലക്നോവിൽ വച്ച് അഖിലേന്ത്യ കിസാൻ സഭ രൂപീകരിക്കപ്പെട്ടപ്പോൾ അത് കേരളത്തിലെ സംഘടിത കർഷക പ്രസ്ഥാനത്തിന് വൻതോതിൽ പ്രചോദനം നൽകി. 1937-ൽ പി. നാരായണൻ നായർ പ്രസിഡന്റും കെ.എ. കേരളീയൻ സെക്രട്ടറിയുമായി അഖില മലബാർ കർഷക സംഘം രൂപീകരിക്കപ്പെട്ടു. ജാതിമർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും എതിരായി മാത്രമല്ല, അന്നത്തെ അസഹ്യമായ ജാതിവ്യവസ്ഥയ്ക്കെതിരായും കർഷക പ്രസ്ഥാനം ധീരമായ സമരങ്ങൾ നടത്തുകയുണ്ടായി. 1938 ഡിസംബറിൽ അഖില മലബാർ കർഷക സംഘത്തിന്റെ രണ്ടാം സമ്മേളനം നടക്കുമ്പോൾ 150 ലധികം പ്രാദേശിക കർഷകസംഘങ്ങളും താലൂക്കുകളിൽ താലൂക്ക് സംഘങ്ങളും നിലവിൽ വന്നുകഴിഞ്ഞിരുന്നു. 1938 മെയ് മാസത്തിലാണ് അഖില മലബാർ കർഷകസംഘം രൂപീകരിച്ചത്. സംഘടനാപരമായ കെട്ടുറപ്പും ഇതോടെ പ്രസ്ഥാനത്തിനുണ്ടായി. 1938 – 39 ആകുമ്പോഴേക്കും കർഷകപ്രസ്ഥാനം ശക്തിയേറിയ ഒന്നായി വികസിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. ആയിരക്കണക്കിന് കർഷകരെ പ്രസ്ഥാനത്തിനു കീഴിൽ അണിനിരത്താൻ സംഘടനയ്ക്ക് കഴിഞ്ഞു.

▶ അഖില മലബാർ കർഷക സംഘം

1939-ൽ ചേർന്ന താലൂക്ക് കർഷകസമ്മേളനത്തിൽ സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം ചിറക്കൽ താലൂക്കിൽ 83 പ്രാദേശിക സംഘങ്ങളും 9901 മെമ്പർമാരും കുറുമ്പ്രനാട് താലൂക്കിൽ 29 പ്രദേശിക സംഘങ്ങളും 3619 മെമ്പർമാരും ഉള്ളതായി പ്രസ്താവിച്ചിട്ടുണ്ട്. ആദ്യം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലും പിന്നീട് കമ്മ്യൂണിസ്റ്റ്പാർട്ടിയിലും പ്രവർത്തിച്ച ഇടതുപക്ഷ ചിന്താഗതിക്കാരാണ് സംഘടിത കർഷകപ്രസ്ഥാനത്തിന് നേതൃത്വം നൽകിയത് ഇതിനാൽ ജന്മിസമ്പ്രദായം അവസാനിപ്പിക്കുക എന്ന മൗലികമായ ലക്ഷ്യം അവരുടെ മുമ്പിൽ ഉണ്ടായിരുന്നു. സമരങ്ങൾ സംഘടിത കർഷകപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. മോറാഴ, കാവുമ്പായി, തോലമ്പ്ര, കയ്യൂർ, കൂത്താളി, തില്ലങ്കേരി, ഒഞ്ചിയം തുടങ്ങി നിരവധി സ്ഥലങ്ങളിൽ വിലവർധനവിനെതിരായും ഭൂമിക്കും ഭക്ഷണത്തിനും വേണ്ടിയും കൃഷിക്കാർ നടത്തിയ സമരങ്ങൾ നിരവധി ഏറ്റുമുട്ടലുകൾക്കും പോലീസ് മർദ്ദനങ്ങൾക്കും ഇടയാക്കിയ ഉജ്ജ്വല സമരങ്ങളാണ്. ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരങ്ങളുടെ അവിഭാജ്യഘടകങ്ങളായും അവ പരിണമിച്ചു. ജന്മിയുടെ ചവിട്ടടിയിൽ കിടന്ന് നിർവീര്യരായി കഴിഞ്ഞിരുന്ന കർഷകലക്ഷങ്ങളെ ആത്മവീര്യവും നിശ്ചയദാർഢ്യവുമുള്ള ജനതയാക്കി രൂപാന്തരപ്പെടുത്തുവാനും ഈ സമരങ്ങൾക്ക് കഴിഞ്ഞു.

▶ ജന്മി സമ്പ്രദായം അവസാനിപ്പിക്കുക എന്ന മൗലികമായ ലക്ഷ്യം

തിരുവിതാംകൂറിൽ കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളാണ്

Remove Watermark Now

ശക്തിപ്രാപിച്ചത്. ദുസ്സഹമായ ദുരിതങ്ങളെ തരണം ചെയ്യുന്നതിനു വേണ്ടി ആലപ്പുഴയിലെ തൊഴിലാളികളാണ് ആദ്യമായി തൊഴിലാളി സംഘടനകൾ കേരളത്തിൽ സൃഷ്ടിച്ചത്. സി.കെ കേശവൻ, വി.എസ്. അച്യുതാനന്ദൻ, എസ്.കെ. ദാസ്, വർഗ്ഗീസ് വൈദ്യൻ മുതലായവർ ആലപ്പുഴ കേന്ദ്രീകരിച്ച് പ്രവർത്തിച്ചവരാണ്. ഇവരുടെ പ്രവർത്തനഫലമായാണ് കൂലിയാൻ എന്ന കള്ള അളവുപാത്രം ഉപയോഗിച്ചുള്ള നെല്ലളവ് മാറിയത്. സംഘടനയുടെ ശക്തിയറിഞ്ഞ് കർഷകത്തൊഴിലാളികൾ സംഘടിക്കാൻ തുടങ്ങിയതോടെ ജന്മിമാരും പോലീസും തൊഴിലാളികളെ കൂട്ടത്തോടെ അറസ്റ്റ് ചെയ്യാനും പീഡിപ്പിക്കാനും മർദ്ദിക്കാനും തുടങ്ങി. സംഘടിതശക്തിയുടെ മൂല്യം തിരിച്ചറിഞ്ഞ കർഷകത്തൊഴിലാളികൾ പഞ്ചായത്ത് വാർഡ് തലത്തിൽ കമ്മിറ്റികളും യൂണിയനുമുണ്ടാക്കി. അവകാശങ്ങൾ നേടിയെടുക്കാനായി സമരങ്ങളുടെ വേലിയേറ്റങ്ങൾ തന്നെ പിന്നീട് ചരിത്രത്തിലുണ്ടായി. ഈ പശ്ചാത്തലത്തിലാണ് 1947-ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചത്.

▶ ആലപ്പുഴയിൽ ആദ്യമായി തൊഴിലാളിസംഘടനകൾ

## 4.2.4 കമ്മ്യൂണിസ്റ്റ് പാർട്ടി

ഇന്ത്യൻ നാഷണൽ കോൺഗ്രസിനുള്ളിൽ തന്നെ സോഷ്യലിസ്റ്റ് ആശയങ്ങളോട് അനുഭാവമുള്ളവർ ചേർന്ന് ഉണ്ടാക്കിയ സോഷ്യലിസ്റ്റ് കോൺഗ്രസ് എന്ന ഒരു വിഭാഗം നിലവിലുണ്ടായിരുന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാട്, മുഹമ്മദ് അബ്ദുൾറഹ്മാൻ തുടങ്ങിയവരായിരുന്നു കേരളത്തിൽ ഇതിന്റെ നേതൃനിരയിൽ ഉണ്ടായിരുന്നത്. 1939-ൽ കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നപ്പോൾ അതിന്റെ പ്രസിഡന്റായി മുഹമ്മദ് അബ്ദുൾറഹ്മാനും സെക്രട്ടറിയായി ഇ.എം.എസ് നമ്പൂതിരിപ്പാടും തെരഞ്ഞെടുക്കപ്പെട്ടു. 1934 മുതൽ 39 വരെയുള്ള കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം കേരളചരിത്രത്തിലെ ശ്രദ്ധേയമായ ഒരു കാലഘട്ടമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ തൊഴിലാളികളെയും കർഷകരെയും പങ്കെടുപ്പിക്കുവാൻ അവർക്ക് കഴിഞ്ഞു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഭാഗമായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കളാണ് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്.

▶ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ നിന്നുള്ള തുടക്കം

1939-ൽ അവർ മലബാർ കേന്ദ്രീകരിച്ചു കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു. രണ്ടാം ലോക മഹായുദ്ധത്തിന്റെ ആരംഭഘട്ടത്തിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ബഹുജനപ്രക്ഷോഭണത്തിന് നേതൃത്വം കൊടുത്തു. ഗുരുവായൂർ സത്യാഗ്രഹത്തിൽ ശ്രദ്ധേയമായ പങ്കു വഹിച്ചത് പിന്നീട് കമ്മ്യൂണിസ്റ്റു നേതാക്കൻമാരായി മാറിയ എ.കെ. ഗോപാലൻ, പി. കൃഷ്ണപിള്ള എന്നിവരായിരുന്നു. മലബാറിൽ ബ്രിട്ടീഷ് വിരുദ്ധ പ്രവർത്തനങ്ങൾ കൂടുതലായി വ്യാപകമായിത്തീർത്തത് കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലായിരുന്നു. സോഷ്യലിസ്റ്റ് പാർട്ടിയുടെ ഘടകങ്ങൾ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു. 1939 ഡിസംബർ മാസത്തിൽ തലശ്ശേരിയിലെ പിണറായി ഗ്രാമത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലെ നേതാക്കൾ ഒരു രഹസ്യ സമ്മേളനം കൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാദേശികഘടകത്തിനു രൂപം കൊടുത്തു. 1940 ജനുവരി 26 ന് പാർട്ടിയുടെ രൂപീകരണവും പ്രവർത്തനവും ചുവരെഴുത്തിലൂടെ പ്രഖ്യാപിക്കപ്പെട്ടു. കൃഷ്ണപി

Remove Watermark Now

ള്ളയെപ്പോലെയുള്ള പ്രമുഖനേതാക്കന്മാർ പാർട്ടി പ്രവർത്തനത്തിനായി ഒളിവിൽ പോവുകയും ചെയ്തു. പാർട്ടിയുടെ ആദ്യപ്രവർത്തനം കർഷകസംഘടനകളെയും തൊഴിലാളിസംഘടനകളെയും ഏകോപിപ്പിച്ചു കൊണ്ട് സംഘടിതമായ ഒരു പ്രക്ഷോഭത്തിന് ജനങ്ങളെ സന്നദ്ധമാക്കുകയായിരുന്നു.

▶ പിണറായിലെ രഹസ്യസമ്മേളനം

പാർട്ടി രൂപീകരണത്തിനു മുമ്പു തന്നെ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിക്കുന്നതിൽ സോഷ്യലിസ്റ്റുകാർ നേതൃത്വം കൊടുത്തു. തലശ്ശേരി, മട്ടന്നൂർ, മൊറാഴ, കയ്യൂർ എന്നീ ഗ്രാമങ്ങളിൽ കർഷകസംഘങ്ങൾ സജീവമായി പ്രവർത്തിച്ചു. അവർ ബ്രിട്ടീഷുകാരുമായും ജന്മിമാരുമായും തുറന്ന സംഘട്ടനങ്ങളിലേർപ്പെട്ടു. പി. കൃഷ്ണപിള്ള, കെ.പി.ആർ. ഗോപാലൻ, വിഷ്ണുഭാരതീയൻ തുടങ്ങിയവരായിരുന്നു നേതാക്കൻമാർ. 1938 ൽ അഖില മലബാർ കർഷക സംഘം രൂപീകരിച്ചു. സോഷ്യലിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ മലബാറിലും തിരു-കൊച്ചി മേഖലകളിലും തൊഴിലാളി സംഘടനകളും രൂപീകൃതമായി. അവർ തൊഴിൽ നിയമങ്ങൾക്കും കൂലിക്കൂടുതലിനും വേണ്ടി സമരങ്ങൾ സംഘടിപ്പിച്ചു. ഇന്ത്യയിൽ അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്നതിനാൽ കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ കോൺഗ്രസിനുള്ളിൽ നിന്നു കൊണ്ടു തന്നെയാണ് സമരങ്ങൾക്ക് നേതൃത്വം കൊടുത്തത്.

▶ തൊഴിലാളി സംഘടനകളുടെ രൂപീകരണം

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെതിരെ സോഷ്യലിസ്റ്റുകൾക്ക് സ്വാധീനമുള്ള കെ.പി.സി.സിയുടെ നേതൃത്വത്തിൽ 1940 സെപ്തംബർ 15 ന് പ്രതിഷേധദിനം ആചരിക്കാൻ തീരുമാനിച്ചു. കോൺഗ്രസിന്റെ കേന്ദ്രനേതൃത്വം അതിനോട് യോജിച്ചില്ലെങ്കിലും പ്രാദേശിക കോൺഗ്രസ്സ് നേതൃത്വത്തിൽ പ്രതിഷേധദിനമാചരിച്ചു. നിരോധനാജ്ഞ ലംഘിച്ചുകൊണ്ട് മലബാറിൽ പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ ചിലർ വെടിയേറ്റ് മരിച്ചു. പോലീസിന്റെ കിരാതവാഴ്ചയായിരുന്നു തുടർന്നുണ്ടായത്. കെ.പി.ആർ. ഗോപാലനെ വധശിക്ഷക്ക് വിധിച്ചു. ഗാന്ധിജി ഇടപെട്ടാണ് അദ്ദേഹത്തെ ശിക്ഷയിൽ നിന്നും മോചിതനാക്കിയത്. കോൺഗ്രസിന്റെ ദേശീയനേതൃത്വത്തിന്റെ നിർദ്ദേശങ്ങളെ അവഗണിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ടതു കൊണ്ട് കേരളപ്രദേശ് കോൺഗസ് കമ്മിറ്റി പിരിച്ചുവിട്ടു. അതോടുകൂടി കമ്മ്യൂണിസ്റ്റുകാർ കോൺഗ്രസിൽ നിന്നും വിട്ടു മാറി പ്രവർത്തിക്കാൻ തുടങ്ങി.

▶ കോൺഗ്രസ്സിൽ നിന്നും വിട്ട് മാറി പ്രവർത്തനങ്ങൾ

വടക്കെ മലബാറിൽ അവരുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനങ്ങളും സമരങ്ങളും വ്യാപകമായി . 1941 മാർച്ച് 28 ന് കയ്യൂർ ഗ്രാമത്തിൽ പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു പോലീസുകാരൻ മരിച്ചു. അതിന്റെ അടിസ്ഥാനത്തിലുണ്ടായ കേസിൽ നാല് കർഷക സംഘം പ്രവർത്തകരെ തൂക്കിക്കൊന്നു. മലബാറിലെ സംഭവവികാസങ്ങളുടെ ഫലമായി കെ.പി.സി.സി പിരിച്ചുവിടുകയും കോൺഗ്രസ് പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിന് ബീഹാറിലെ ഒരു കോൺഗ്രസ് നേതാവായ നന്ദ കോളിയാർ പ്രസിഡന്റായും സി. കെ ഗോവിന്ദൻ നായർ സെക്രട്ടറിയായും ഒരു താൽക്കാലിക സമിതി നിയോഗിക്കപ്പെടുകയും ചെയ്തു. ഈ അവസരത്തിൽ ഇടതുപക്ഷ

Remove Watermark Now

▶ കയ്യൂരിലടക്കം ശക്തമായ സമരങ്ങൾ

ക്കാർ ഒന്നായി കോൺഗ്രസ് വിട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അണികളിൽ ചേർന്നു. 1940 ജനുവരി മുതൽ 1942 ജൂലൈ വരെയുള്ള കാലഘട്ടത്തിൽ പാർട്ടിയുടെ ഒളിവിലുള്ള പ്രവർത്തനത്തിന്റെ ഫലമായി സംഘടിതമായ ഒരു പാർട്ടി കേരളത്തിലുണ്ടായി.

## 4.2.5 പുന്നപ്ര – വയലാർ, കയ്യൂർ, കരിവെള്ളൂർ

### 4.2.5.1 പുന്നപ്ര വയലാർ

1920 കളിലും രണ്ടാംലോകമഹായുദ്ധകാലത്തും ലോകത്തെ ബാധിച്ച സാമ്പത്തികമാന്ദ്യം തിരുവിതാംകൂറിലെ തൊഴിലാളി മേഖലകളിൽ രൂക്ഷമായി. കുറഞ്ഞ വേതനവും ഉയർന്ന വിലയും സാമാന്യജനത്തെ ഞെരുക്കിക്കൊണ്ടിരുന്നു. ഇരുപതിനായിരത്തിലധികം ജനങ്ങൾ പട്ടിണി മരണങ്ങൾക്കിരയായിക്കാണുമെന്നാണ് അനൗദ്യോഗിക കണക്ക്. ഒരു വശത്ത് പട്ടിണിയും, മറുവശത്തു ജന്മി മുതലാളികളുടെ ഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ പീഡനവും പിടിച്ചുപറിയും തൊഴിലാളികളെ നട്ടംതിരിച്ചു. ഇതേ സമയത്തു തന്നെയാണ് കേരളത്തിലെ സ്റ്റേറ്റ് കോൺഗ്രസ് നേതൃത്വത്തിന്റെ കീഴിൽ ഉത്തരവാദിത്വഭരണത്തിനു വേണ്ടിയുള്ള സമരം നടക്കുന്നത്. ഇത് ആലപ്പുഴയിലെ വയലാറിലും പുന്നപ്രയിലും ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യത്തിനെതിരെ പൊതുജനവികാരം വളർത്തി. 1940 കളായപ്പോഴേക്കും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റു പാർട്ടിയായി പരിണമിച്ചു കഴിഞ്ഞിരുന്നു. 1942-ൽ തിരുവിതാംകൂർ ട്രേഡ് യൂണിയൻ നിലവിൽ വന്നു. അവകാശങ്ങൾക്കായി സംഘടിക്കുന്നതിനും ഗുണ്ടകളുടെ ആക്രമണങ്ങളെ ശാരീരികമായി നേരിടാനും തൊഴിലാളികൾ തയ്യാറായി. ഭരണഘടന പരിഷ്കരിക്കാനുള്ള സർ. സി.പിയുടെ നിർദ്ദേശം 1946 ജനുവരിയിൽ പ്രഖ്യാപിക്കപ്പെട്ടു. പ്രായപൂർത്തി വോട്ടവകാശവും അമേരിക്കൻ മാതൃകയിൽ നീക്കം ചെയ്യാൻ പാടില്ലാത്ത എക്സിക്യൂട്ടീവ് ഉൾക്കൊള്ളുന്ന ഒരു ഭരണസംവിധാനമായിരുന്നു ദിവാൻ ഉദ്ദേശിച്ചത്. സ്റ്റേറ്റ് കോൺഗ്രസ് ഈ പദ്ധതി അസ്വീകാര്യമെന്നു പറഞ്ഞു തള്ളിക്കളഞ്ഞു. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്നതായിരുന്നു അന്ന് അലതല്ലിയ മുദ്രാവാക്യം. കമ്മ്യൂണിസ്റ്റുകാർ ദിവാന്റെ സ്വേച്ഛാധിപത്യം അവസാനിപ്പിച്ച് ഉത്തരവാദഭരണം സ്ഥാപിക്കാനുള്ള നിശ്ചയത്തോടെ ആലപ്പുഴ ജില്ലയിലെ തങ്ങളുടെ ശക്തികേന്ദ്രങ്ങളിൽ സമരങ്ങൾ സംഘടിപ്പിച്ചു.

▶ അമേരിക്കൻ മോഡൽ അറബിക്കടലിൽ

ആലപ്പുഴ ചേർത്തല താലൂക്കുകളിലൂടെ കയർ ഫാക്ടറി തൊഴിലാളികളും മത്സ്യബന്ധന തൊഴിലാളികളും വീടു നിർമ്മാണ തൊഴിലാളികളും കള്ളുചെത്തു തൊഴിലാളികളും ഉൾപ്പെടുന്ന വിപുലമായ തൊഴിലാളികളുടെ സാന്നിധ്യം ആലപ്പുഴയെ മറ്റു പ്രദേശങ്ങളിൽ നിന്ന് വിഭിന്നമാക്കി. അവരെ മർദ്ദകരായ തൊഴിലുടമകളിൽ നിന്നു രക്ഷപ്പെടുത്തുവാൻ വേണ്ടി തൊഴിലാളി സംഘടനകൾ കെട്ടിപ്പടുക്കുന്നതിന് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് നേതൃത്വം നൽകിയത്. പി. കൃഷ്ണപിള്ള, ആർ. സുഗതൻ, പി. കേശവദേവ് എന്നിവർ തൊഴിലാളികളെ ട്രേഡ് യൂണിയനുകളായി സംഘടിപ്പിച്ച് അവരുടെ ആവശ്യങ്ങൾക്കുവേണ്ടി പൊരുതുവാൻ സന്നദ്ധരാക്കി. സംഘടിതമായി വിലപേശുവാനും മർദ്ദനങ്ങൾക്കെതിരെ പ്രതിഷേധിക്കുവാനും

Remove Watermark Now

തൊഴിലാളികൾ തുടങ്ങിയതോടു കൂടി അവരെ അടിച്ചമർത്തുവാൻ ജന്മിമാരും മുതലാളിമാരും തയ്യാറായി. അവർ തമ്മിലുള്ള ശക്തമായ മത്സരങ്ങൾ തൊഴിൽമേഖലയെ നിരന്തരം അസ്വസ്ഥമാക്കി. തൊഴിലാളിസമരങ്ങൾ ശക്തമായി തീർന്നതോടുകൂടി അവയെ അടിച്ചമർത്തുവാനായി വിപുലമായ ഒരു പോലീസ് സേനയെ ആലപ്പുഴയിലേക്ക് നിയോഗിച്ചു. പോലീസുകാരുടെ ആക്രമണങ്ങളെ ചെറുത്തുനിൽക്കാൻ കഴിവുള്ള കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വം തൊഴിലാളികൾക്ക് പരിശീലനം നൽകി. സന്നദ്ധസംഘടനയുടെ നേതൃത്വത്തിൽ ആലപ്പുഴയുടെ വിവിധ മേഖലകളിൽ പ്രതിരോധ ക്യാമ്പുകൾ (ഡിഫൻസ് ക്യാമ്പുകൾ) സംഘടിപ്പിച്ചു.

► വിപുലമായ തൊഴിലാളികളുടെ സാന്നിധ്യം

കമ്യൂണിസ്റ്റ് പാർട്ടി, തൊഴിലാളികളുടെ സമരത്തിന്റെ നേതൃത്വമേറ്റെടുത്തതോടു കൂടി സമരത്തിന്റെ സ്വഭാവം വ്യത്യസ്തമായി. ആർ. സുഗതൻ, വി.ടി. തോമസ്, എം.എൻ. ഗോവിന്ദൻ നായർ, വി.എസ്. അച്യുതാനന്ദൻ തുടങ്ങിയ നേതാക്കൾ മുന്നണിപ്പോരാളികളായതോടെ ആലപ്പുഴ തൊഴിലാളികളുടെ അവകാശസമരങ്ങളുടെ കേന്ദ്രമായി തീർന്നു. 1946 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ തൊഴിലാളികൾ തുടർച്ചയായി പണിമുടക്കി. ഈ അവസരത്തിൽ ഗവൺമെന്റ് തൊഴിലാളി സംഘടനകളെയെല്ലാം നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും നേതാക്കളെ തടവിലാക്കുകയും ചെയ്തു. ആലപ്പുഴയിലെ കടലോരഗ്രാമമായ പുന്നപ്ര - വയലാറിലായിരുന്നു ആദ്യം സമരം തുടങ്ങിയത്. 1946 ഒക്ടോബർ 21 നാണ് സമരത്തിന് തുടക്കം കുറിച്ചത്. സമരത്തെ അടിച്ചൊതുക്കാൻ എത്തിയ പോലീസ് സേനയെ ശക്തരായ പൊതുജന ജാഥകൾ പ്രതിരോധിക്കുകയും പിൻവലിയുവാൻ നിർബന്ധിക്കുകയും ചെയ്തു. തൊഴിലാളി യൂണിയന്റെ ആഹ്വാനത്തെത്തുടർന്ന് തിരുവിതാംകൂറിലുണ്ടായ പണിമുടക്കം വിജയിച്ചതോടുകൂടി സർക്കാരിന്റെ നിലപാടിനെ ജനങ്ങൾ എതിർക്കുന്നതായി തെളിഞ്ഞു. ജനങ്ങൾ പുന്നപ്രയിലേക്ക് ജാഥകളായി എത്തിച്ചേർന്നു. പോലീസും തൊഴിലാളികളുമായുള്ള സംഘർഷത്തെ തുടർന്നുണ്ടായ വെടിവെയ്പ്പിൽ 200-ൽപ്പരം ജനങ്ങൾ കൊല്ലപ്പെട്ടതായി കണക്കാക്കപ്പെടുന്നു.

► 1946 ഒക്ടോബർ 21 -ൽ സമരത്തിന് തുടക്കം

പുന്നപ്ര സംഭവത്തെത്തുടർന്ന് ആലപ്പുഴയിൽ പല ഭാഗങ്ങളിലായി പോലീസും തൊഴിലാളികളും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടായി. വയലാറിലാണ് തൊഴിലാളികളുടെയും ജനങ്ങളുടെയും ശക്തമായ പ്രതികരണങ്ങളുണ്ടായത്. പോലീസ് സേനയെ നേരിടുവാനുള്ള പരിശീലനം സിദ്ധിച്ച തൊഴിലാളികൾ വയലാറിൽ കേന്ദ്രീകരിച്ചു. ഒക്ടോബർ 26 ന് സി.പി. രാമസ്വാമി അയ്യരുടെ നിർദ്ദേശപ്രകാരം ആയുധധാരികളായ പോലീസ്സേന വയലാറിലേക്ക് മാർച്ച് ചെയ്തു. പോലീസ് സേനയെ ചെറുത്ത് തോല്പിക്കുവാൻ ശ്രമിച്ച തൊഴിലാളികൾക്ക് നേരെ പോലീസ് നിറയൊഴിച്ചു. ആയിരക്കണക്കിന് തൊഴിലാളികൾ അവരുടെ കൈയ്യിലുണ്ടായിരുന്ന ആയുധങ്ങളായ വാരിക്കുന്തങ്ങളും കല്ലുകളുമായിട്ടാണ് പോലീസിനെ നേരിട്ടത്. ഒക്ടോബർ 27 ന് വയലാറിൽ വച്ച് പിടഞ്ഞു മരിച്ച തൊഴിലാളികൾ 200 ലേറെയായിരുന്നു. ഒക്ടോബർ 28 ന് പൊതുപണിമുടക്ക് പിൻവലിച്ചു. നൂറിലേറെ തൊഴിലാളികൾ വെടിയേറ്റതിന്റെ ഫലമായി പിന്നീട് മരണപ്പെട്ടു. പുന്നപ്രയിലും വയലാറിലും ഉണ്ടായ സംഭവം കേരളത്തിന്റെ ചരിത്രത്തി

Remove Watermark Now

ലെ ചോരപൊടിയുന്ന അധ്യായങ്ങളായി. അന്തിമ വിശകലനത്തിൽ ആയിരത്തിലേറെ തൊഴിലാളികൾ കൊല്ലപ്പെടുകയും അതിലേറെ കുടുംബങ്ങൾ നിരാധാരരായി തീരുകയും ചെയ്തു. ഈ സമരം ഉടനടി വിജയം കണ്ടില്ലെങ്കിലും പിന്നീട് തിരുവിതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിലേക്ക് വഴിതെളിച്ചു. ഒരു കൊല്ലത്തിനകം ദിവാൻ ഭരണമവസാനിച്ചു. തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കാനുള്ള തീരുമാനവുമുണ്ടായി.

▶ നിരവധി രക്തസാക്ഷികൾ

### 4.2.5.2 കയ്യൂർ

1939ലെ ഒന്നാംലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അഖിലേന്ത്യാതലത്തിൽ ഉയർന്നു വന്ന തൊഴിലാളി - കർഷക സമരങ്ങളിൽ മലബാർ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. അക്രമപ്പിരിവുകൾക്കെതിരെയുള്ള കർഷകരുടെ മുന്നേറ്റങ്ങളോടൊപ്പം കൂലി വർധനയ്ക്കും സംഘടനാസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള തൊഴിലാളി സമരങ്ങൾ മലബാറിലെ തൊഴിൽശാലകളിൽ അരങ്ങേറി. ദേശീയ പ്രസ്ഥാനത്തെയും തൊഴിലാളിവർഗത്തിന്റെയും സ്വാധീനത്തിൽ ഗ്രാമങ്ങൾ പോലും ഉണർന്നെണീറ്റു. നിർധനരും നിരക്ഷരരുമായ ഗ്രാമീണജനതയിൽ പോലും അവകാശബോധവും സ്വാതന്ത്ര്യവാഞ്ചയും ഉണർത്താൻ തൊഴിലാളിവർഗ രാഷ്ട്രീയത്തിന് കഴിഞ്ഞു. മുതലാളിത്ത ചൂഷണത്തിനെതിരായ ചെറുത്തുനിൽപ്പിനോടൊപ്പം സാമ്രാജ്യത്വ മേൽക്കോയ്മക്കെതിരായ രാഷ്ട്രീയസമരവും ഇഴചേർക്കപ്പെടുകയായിരുന്നു. ആധുനിക രാഷ്ട്രീയ ബോധത്തിന്റെയും കൊളോണിയൽ ചൂഷണത്തിനെതിരെയുള്ള സംഘടനാമുന്നേറ്റത്തിന്റെയും ഉജ്ജ്വലമായ ഉദാഹരണമാണ് മൊറാഴ സംഭവം.

▶ കർഷക-തൊഴിലാളി മുന്നേറ്റങ്ങൾ

1940 സെപ്തംബർ 15 ന് വടക്കേ മലബാർ ഒരു യുദ്ധക്കളം പോലെയായിരുന്നു. വിവിധസ്ഥലങ്ങളിൽ പോലീസും കൃഷിക്കാരും തൊഴിലാളികളും ഏറ്റുമുട്ടി. വെടിവയ്പും ലാത്തിചാർജ്ജും മർദ്ദനങ്ങളും ഉണ്ടായി. മൊറാഴ, മട്ടന്നൂർ, തലശ്ശേരി, കൂത്തുപറമ്പ് എന്നീ പ്രധാന കേന്ദ്രങ്ങൾ പോർക്കളമായി. മൊറാഴ കേസിൽ കെ.പി.ആർ. ഗോപാലനെ ഒന്നാം പ്രതിയായി കൊലക്കേസ് ചാർജ് ചെയ്തു. കണ്ണിൽക്കണ്ടവരെയെല്ലാം മർദ്ദിക്കുകയും അറസ്റ്റു ചെയ്യുകയും ചെയ്തു. സമാനസംഭവങ്ങൾ തലശ്ശേരി, മട്ടന്നൂർ, കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളിൽ അതേ ദിവസം ആവർത്തിക്കുകയുണ്ടായി. മൊറാഴ, മട്ടന്നൂർ തുടങ്ങി മലബാറിലെ വിവിധ സമരങ്ങളിൽ പങ്കെടുത്ത കമ്മ്യൂണിസ്റ്റ്-കർഷക പ്രസ്ഥാനത്തിന്റെ നേതാക്കളെ കണ്ടെത്താനെന്ന പേരിൽ കാസർകോട് താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് റെയ്ഡ് നടത്തുകയും ഗ്രാമവാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ഈ മർദ്ദന നടപടികൾക്കെതിരെയും യുദ്ധകാല സർക്കാർ നടപടികൾക്കെതിരെയും കയ്യൂരിലും പരിസരപ്രദേശങ്ങളിലും സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നുകൊണ്ടിരുന്നു. അത്തരത്തിൽ ഒരു പ്രധാനപ്പെട്ട ജാഥയാണ് 1941 മാർച്ച് 12 ന് കയ്യൂരിൽ നടന്നത്.

▶ പോലീസ് അതിക്രമം

ജാഥകൾക്കെതിരെ 'ഡിഫൻസ് ഓഫ് ഇന്ത്യ റൂൾ' പ്രകാരം അറസ്റ്റ് വാറണ്ടുകൾ പുറപ്പെടുവിച്ചു. അറസ്റ്റിനെ തുടർന്ന് മർദ്ദനവും റെ

Remove Watermark Now

യ്ഡും നടന്നു. പോലീസുകാർ പലതവണ ഈ ഗ്രാമത്തിൽ വരുകയും പലരെയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ശക്തമായി ചെറുത്തുനിൽക്കാൻ തീരുമാനിച്ചു കൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയും കർഷക സംഘവും മാർച്ച് 28 ന് ഒരു പ്രതിഷേധ പ്രകടനം സംഘടിപ്പിച്ചു. ശക്തമായ പ്രകടനം മുന്നോട്ടു നീങ്ങിയപ്പോൾ കയ്യൂരിൽ വന്ന് ജനങ്ങളെ ദ്രോഹിച്ചിരുന്ന സുബ്ബരായൻ എന്ന പോലീസുകാരൻ പ്രകടനക്കാരുടെ മുന്നിൽപ്പെടുകയും പ്രകടനം കണ്ട് ഭയന്നുവിറച്ച് അയാൾ രക്ഷപ്പെടാൻ ശ്രമം നടത്തുകയും ചെയ്തു. പ്രകടനക്കാരിൽ ചിലർ പോലീസുകാരനെ പിന്തുടർന്നു. പ്രാണരക്ഷാർഥം ഓടിയ പോലീസുകാരൻ രക്ഷപ്പെടാൻ കാര്യങ്കോട് പുഴയിൽ ചാടിയെങ്കിലും മുങ്ങിമരിക്കുകയാണ് ഉണ്ടായത്. പോലീസുകാരന്റെ മരണം കയ്യൂരിലും പരിസരപ്രദേശങ്ങളിലും വീണ്ടും സംഘർഷത്തിന്റെ അന്തരീക്ഷം സംജാതമാക്കി.

> ▶ ശക്തമായ ചെറുത്തുനിൽപ്പ്

ഭീകരമായ പോലീസ് മർദ്ദനവും അറസ്റ്റും റെയ്ഡും യാത്ര പോലും അസാധ്യമാക്കുന്ന ഭീഷണികളും കൊണ്ട് ഗ്രാമവാസികൾ പൊറുതിമുട്ടി. കർഷകസംഘത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രധാന പ്രവർത്തകരെ പ്രതികളാക്കി ചാർജ് ചെയ്യപ്പെട്ട കേസിൽ മംഗലാപുരം സെഷൻസ് ജഡ്ജി നാലുപേരെ തൂക്കിലേറ്റാൻ വിധിച്ചു. പ്രായപൂർത്തിയാകാത്തതിനാൽ ചൂരിക്കാടൻ കൃഷ്ണൻ നായർ എന്ന 15 കാരനെ ദുർഗുണപരിഹാര പാഠശാലയിലേക്ക് അയച്ചു. കോയിത്താറ്റിൽ ചിരുകണ്ഠൻ, മഠത്തിൽ അപ്പു, പൊടവര കുഞ്ഞമ്പു നായർ, അബൂബക്കർ എന്നിവർക്കാണ് മരണശിക്ഷ നൽകിയത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരോധനം നീക്കിയതിനു ശേഷം ഈ മരണശിക്ഷക്കെതിരെ ബഹുജനാഭിപ്രായം സ്വരൂപിക്കാൻ കയ്യൂർ ദിനാചരണവും മറ്റും പ്രസ്ഥാനങ്ങൾ സംഘടിപ്പിച്ചെങ്കിലും ബ്രിട്ടീഷ് ഭരണാധികാരികൾ ഇവയൊന്നും ചെവിക്കൊണ്ടില്ല. ഇംഗ്ലണ്ടിൽ പ്രശസ്ത അഭിഭാഷകനായ ഡി.എൻ. പ്രിറ്റിന്റെ സഹായത്തോടെ പ്രിവി കൗൺസിലിന്റെ ജുഡീഷ്യൽ കമ്മിറ്റി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടും ഫലമുണ്ടായില്ല. ബ്രിട്ടീഷ് പാർലമെന്റിലെ ലിബറൽ അംഗങ്ങൾ ഇന്ത്യാ സെക്രട്ടറിയെ സന്ദർശിക്കാൻ നടത്തിയ ശ്രമവും വിഫലമായി. ഇത്തരം ശ്രമങ്ങളെല്ലാം നിഷ്ഫലമായ പശ്ചാത്തലത്തിൽ 1943 മാർച്ച് 29 ന് കയ്യൂരിലെ 4 സഖാക്കൾ കണ്ണൂർ സെൻട്രൽ ജയിലിൽ തൂക്കിലേറ്റപ്പെട്ടു. ഈ ഗ്രാമീണ യുവാക്കളുടെ ആത്മത്യാഗം കീഴാളവർഗ വിമോചന പോരാട്ടങ്ങൾക്ക് പ്രചോദനമായിരുന്നു.

> ▶ വർഗവിമോചന പോരാട്ടങ്ങൾക്ക് ഊർജം

### 4.2.5.3 കരിവള്ളൂർ

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ക്ഷാമവും ദുരിതവും പട്ടിണിയും ഇന്ത്യയിലെല്ലായിടത്തുമെന്നതുപോലെ മലബാറിലും കൊടുമ്പിരിക്കൊള്ളുന്ന കാലമായിരുന്നു 1945-46 വർഷങ്ങൾ. ജീവിതദുരിതം നിമിത്തം കർഷകരും സാധാരണ ജനങ്ങളും പട്ടിണിയുടെയും പകർച്ച വ്യാധിയുടെയും നടുവിൽ ജനങ്ങൾക്ക് ഭക്ഷണമെത്തിക്കാനുള്ള പ്രയത്നങ്ങളിൽ വ്യാപൃതരായി. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവെയ്പിനുമെതിരെ ശക്തമായ ബഹുജന പ്രക്ഷോഭങ്ങൾ നാടെങ്ങും വളർന്നു വന്നു. മാത്രമല്ല, കൂടുതൽ ഭക്ഷ്യോൽപ്പാദനമെന്ന മുദ്രാവാക്യവുമായി തരിശുനിലങ്ങൾ കൃഷി ചെയ്യാനും ചെ

Remove Watermark Now

▶ കരിഞ്ചന്തക്കും പൂഴ്ത്തിവെയ്പ്പിനുമെതിരായ പ്രതിഷേധ പ്രമേയങ്ങൾ

യ്യിക്കാനുമുള്ള ശ്രമങ്ങളിൽ കർഷസംഘം മുന്നിൽ നിന്നു പ്രവർത്തിച്ചു. കോഴിക്കോടു ചേർന്ന കർഷസംഘം പ്രവർത്തക സമിതിയോഗം കരിഞ്ചന്തക്കും പൂഴ്ത്തിവെയ്പിനുമെതിരായ പ്രതിഷേധയോഗങ്ങൾ നടത്തി, ഇതിനെ ശക്തമായി ചെറുക്കാനുള്ള തീരുമാനവുമായി മുന്നോട്ടു പോയി.

മലബാറിന്റെ വടക്കേയറ്റത്തെ ഗ്രാമമാണ് കരിവള്ളൂർ. എ.വി. കുഞ്ഞമ്പു, വി.വി. കുഞ്ഞമ്പു തുടങ്ങിയ രാഷ്ട്രീയപ്രവർത്തകരുടെ നേതൃത്വത്തിലുള്ള അഭിനവ ഭാരത യുവക് സംഘം സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങളിൽ ഈ ഗ്രാമത്തെ വ്യാപകമായി രാഷ്ട്രീയവൽക്കരിച്ചിരുന്നു. സാമ്രാജ്യത്വത്തിനും ഭൂപ്രഭുത്വത്തിനും എതിരായി ഇവിടത്തെ കർഷകർ വേണ്ടത്ര സംഘടിപ്പിക്കപ്പെട്ടവരായിരുന്നു. ഈ പ്രദേശത്തിന്റെ ജന്മി കൂടിയായ ചിറക്കൽത്തമ്പുരാൻ തന്റെ കുടിയാന്മാരിൽ നിന്നും ശേഖരിച്ച ഒരു ലക്ഷത്തോളം 'സേർ'(ഒരളവ്) നെല്ല് എല്ലാ ഭക്ഷ്യധാന്യച്ചട്ടങ്ങളും ലംഘിച്ചുകൊണ്ട് കോവിലകത്തേക്ക് കൊണ്ടു പോകാൻ ശ്രമിച്ചു. എ.വി. കുഞ്ഞമ്പു, കെ. കൃഷ്ണൻമാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള കർഷകസംഘം ഈ നെല്ല് മുഴുവൻ കരിവള്ളൂരിലെ ഗ്രാമവാസികൾക്കിടയിൽ നിശ്ചിത വിലയ്ക്കു സഹകരണസംഘത്തിലൂടെ വിതരണം ചെയ്യാൻ രാജാവിനോടാവശ്യപ്പെട്ടു.

▶ നെല്ല് ഗ്രാമവാസികൾക്ക്

കരിവള്ളൂർ ഭക്ഷ്യവസ്തുക്കൾ കുറവുള്ള പ്രദേശമാണെന്നും പ്രാദേശികമായ ആവശ്യം നിറവേറ്റാതെ മറ്റൊരിടത്തേക്ക് ധാന്യം കൊണ്ടു പോകാൻ പാടില്ലെന്നായിരുന്നു സംഘത്തിന്റെ വാദമുഖം. ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ നെല്ല് കടത്തികൊണ്ടു പോകുന്നത് തടയാൻ എ.വി. കുഞ്ഞമ്പു, കെ. കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ജനങ്ങൾ ശക്തമായി സംഘടിക്കുകയും ചെറുത്തുനിൽക്കുകയും ചെയ്തു. പോലീസിന്റെ സഹായത്തോടെ നടത്തുന്ന നെല്ലുകടത്തൽ ശ്രമം എന്തു വില കൊടുത്തും തടയുമെന്ന് അവർ അധികാരികളെ അറിയിച്ചു. 1946 ഡിസംബർ 20 ന് പോലീസ് നേതാക്കളെ അറസ്റ്റ് ചെയ്തപ്പോൾ അവരെ വിട്ടു കിട്ടണമെന്ന ആവശ്യവുമായി ജനങ്ങൾ മുന്നോട്ടുവന്നു.

▶ പ്രാദേശികമായ ആവശ്യം നിറവേറ്റാതെ മറ്റൊരിടത്തേക്ക് ധാന്യം കൊണ്ടു പോകരുത്

പോലീസ് ജനക്കൂട്ടത്തെ പിരിച്ചുവിടാൻ 303 റൈഫിളും യന്ത്രത്തോക്കും ഉപയോഗിച്ചു. തിടിൽ കണ്ണൻ, കീനേരി കുഞ്ഞിക്കണ്ണൻ എന്നിവർ തൽക്ഷണം മരിച്ചു വീണു. നിരവധിപ്പേർക്ക് പരിക്കേറ്റു. തുടർന്നും കരിവെള്ളൂരിൽ ഭീകരതയുടെ നാളുകളായിരുന്നു. സംഭവവുമായി പുലബന്ധം പോലുമില്ലാത്തവരെപ്പോലും ഭീകരമർദ്ദനത്തിനും പീഡനത്തിനും ഇരയാക്കി. 197 പേരുടെ പേരിൽ കേസ് ചാർജ് ചെയ്യുകയും ആളുകളെ അറസ്റ്റു ചെയ്യാനെന്ന പേരിൽ നാട്ടിലാകമാനം ഭീതി പരത്തുകയും ചെയ്തു. കരിവള്ളൂരും പരിസരങ്ങളിലും ക്യാമ്പ് ചെയ്ത എം.എസ്.പിക്കാർ എല്ലാ പൗരസ്വാതന്ത്ര്യവും അടിച്ചമർത്തി. ഈ കേസിൽ 1947 സെപ്തംബർ 25 ന് പ്രസ്താവിച്ച വിധിയിൽ എ.വി. കുഞ്ഞമ്പുവിന് 5 വർഷവും കെ. കൃഷ്ണൻ മാസ്റ്റർക്ക് മൂന്നു വർഷവും കഠിനതടവു വിധിച്ചു. പ്രതികളിൽ എട്ടുപേരെ വെറുതെ വിടുകയും മറ്റുള്ളവരെ വിവിധ കാലത്തേക്കു ശിക്ഷിക്കുകയും ചെയ്തു.

▶ ഭീമമായ പോലീസ് വേട്ട

Remove Watermark Now

## 4.2.6 കൊച്ചിയിലെ രാഷ്ട്രീയപ്രക്ഷോഭങ്ങൾ

ദേശീയപ്രസ്ഥാനം ആരംഭിക്കുന്നതിനു മുൻപേ കൊച്ചിയിൽ ജനകീയ രാഷ്ട്രീയപ്രക്ഷോഭണങ്ങൾ ഉയർന്നു കഴിഞ്ഞിരുന്നു. ഭരണരംഗത്തെ മാറ്റത്തിനു വേണ്ടി 1834 ലാണ് കൊച്ചിയിലെ ആദ്യത്തെ സംഘടിതയജ്ഞം ആരംഭിക്കുന്നത്. 1834-ൽ മദ്രാസ് ഗവർണറെ കണ്ട് ദിവാൻ ശങ്കരമേനോന്റെ ദുർഭരണത്തിനെതിരെ നിവേദനം നൽകിയതിന്റെ ഭാഗമായി ദിവാനെ ഉദ്യോഗത്തിൽ നിന്നു പിരിച്ചയച്ചു. പിന്നീട് വിചാരണക്കു ശേഷം അഞ്ചു വർഷത്തെ കഠിന തടവിനു ശിക്ഷിക്കുകയും ചെയ്തു. 1859-ൽ ദിവാനായിരുന്ന വെങ്കിടറാവുവിനെതിരെയും ജനങ്ങൾ പരാതി ബോധിപ്പിച്ചതിനെ തുടർന്ന് 1860-ൽ അദ്ദേഹത്തെയും പിരിച്ചുവിടുകയുണ്ടായി. ശ്രീരാമവർമ്മ മഹാരാജാവ് ബ്രിട്ടീഷുകാരോടുള്ള അഭിപ്രായവ്യത്യാസത്താൽ സ്ഥാനമൊഴിഞ്ഞതും കൊച്ചിയുടെ ചരിത്രത്തിലെ പ്രധാന രാഷ്ട്രീയ സംഭവമാണ്. ദേശീയപ്രസ്ഥാനത്തിന്റെ ചലനങ്ങൾ കൊച്ചിയെയും സ്വാധീനിക്കാതിരുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒരു കമ്മിറ്റി 1919-ൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. നിസ്സഹകരണപ്രസ്ഥാനത്തിലും നിയമലംഘന പ്രക്ഷോഭണത്തിലും കൊച്ചിയിലെ പല കോൺഗ്രസ്സ് പ്രവർത്തരും പങ്കെടുത്ത് അറസ്റ്റു വരിച്ചു.

> ▶ 1834-ൽ കൊച്ചിയിലെ ആദ്യത്തെ സംഘടിതയജ്ഞം

1936-ൽ നടന്ന ഇലക്ട്രിസിറ്റി സമരത്തോടുകൂടിയാണ് ഉത്തരവാദിത്തഭരണത്തിനു വേണ്ടിയുള്ള പ്രക്ഷോഭം ആരംഭിക്കുന്നത്. 1936 ൽ ഷൺമുഖംചെട്ടിദിവാൻ ജനകീയ താൽപ്പര്യത്തിന് വിരുദ്ധമായി തൃശ്ശൂരിലെ വിദ്യുച്ഛക്തി വിതരണം ഒരു സ്വകാര്യ കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനിച്ചു. പ്രാദേശിക സ്വഭാവമുള്ള ഈ തീരുമാനത്തിനെതിരെ കൊച്ചിയിലുടനീളം ജനകീയ പ്രക്ഷോഭം ഉയർന്നുവെങ്കിലും ഗവൺമെന്റ് പ്രക്ഷോഭത്തെ അടിച്ചമർത്തുകയാണുണ്ടായത്. പ്രാദേശിക സ്വഭാവവും ലക്ഷ്യപരിമിതിയും ഉണ്ടായിരുന്നിട്ടുകൂടി പ്രസ്തുത സമരം എല്ലാ സമുദായങ്ങളിലും പെട്ട ജനങ്ങളെ ഒരേ വേദിയിൽ അണിനിരത്തി. ആ രീതിയിലത് തികച്ചും ജനകീയവുമായിരുന്നു. സമരം പരാജയപ്പെട്ടെങ്കിലും ഉത്തരവാദഭരണത്തിനും ജനാധിപത്യത്തിനു വേണ്ടി പ്രക്ഷോഭം നടത്തേണ്ടത് അനിവാര്യമാണെന്ന് ജനങ്ങൾക്ക് ബോധ്യമായി. ജനകീയ പ്രക്ഷോഭണത്തെ ഒഴിവാക്കാനായി 1938-ൽ കൊച്ചിയിൽ ഗവൺമെന്റ് ഒരു ഭരണപരിഷ്കാരം പ്രഖ്യാപിച്ചു. ഇതനുസരിച്ച് നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരിൽ ഭൂരിപക്ഷത്തിന്റെ പിന്തുണയുള്ള വ്യക്തിയെ മന്ത്രിയായി നിയമിച്ച് ചില അപ്രധാന വകുപ്പുകളുടെ ചുമതല നൽകിപ്പോന്നു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ ജയിച്ച ശിവരാമമേനോൻ കൊച്ചിയിലെ ആദ്യത്തെ മന്ത്രിയായിത്തീർന്നു.

> ▶ 1936 ൽ നടന്ന ഇലക്ട്രിസിറ്റി സമരം

ഇത് കൊച്ചിയിൽ ഉത്തരവാദഭരണത്തിലേക്കുള്ള ഒരു കാൽവെയ്പ്പായിരുന്നു. കൊച്ചിയിലെ പുരോഗമനവാദികളായ ഒരു വിഭാഗം ജനങ്ങളെ അന്നുവരെയുണ്ടായിരുന്ന ഭരണസമ്പ്രദായം തൃപ്തരാക്കിയിരുന്നില്ല. ഇവരാണ് ഉത്തരവാദിത്ത ഭരണത്തിനുവേണ്ടി പ്രക്ഷോഭം സംഘടിപ്പിക്കുവാനായി 1941-ൽ 'കൊച്ചി പ്രജാമണ്ഡലം' രൂപീകരിച്ചത്. കൊച്ചി പ്രജാമണ്ഡലം നടത്താനിരുന്ന വാർഷിക സമ്മേളനം ഗവൺമെന്റ് നിരോധിച്ചു. എങ്കിലും നിരോധാജ്ഞ ലംഘിച്ച് യോഗം

Remove Watermark Now

നടത്തിയതിന് ചിലരെ പോലീസ് അറസ്റ്റ് ചെയ്തു. കുറേക്കഴിഞ്ഞ് നിരോധനം പിൻവലിക്കുകയും അറസ്റ്റ് ചെയ്തവരെ വിട്ടയക്കുകയും ചെയ്തു. പ്രജാമണ്ഡലം സ്ഥാനാർത്ഥികൾ 1945-ൽ കൊച്ചി നിയമ സഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി. മഹാരാജാവ് നിയമസഭാംഗങ്ങളിൽ ഒരാളെ കൂടി മന്ത്രിയായി നിയമിച്ചു. 1946 ജൂലൈ എറണാകുളത്ത് ചേർന്ന പ്രജാമണ്ഡലം സമ്മേളനം കൊച്ചിയിൽ പൂർണ്ണമായ ഉത്തരവാദിത്ത ഭരണം ലഭിക്കുന്നതിന് വേണ്ടി വ്യാപകമായ സമരം നടത്താൻ തീരുമാനിച്ചു.

- പൂർണ്ണമായ ഉത്തരവാദിത്ത ഭരണത്തിനായി സമരം

1946 ജൂലൈ 29 കൊച്ചിയിൽ ഉത്തരവാദദിനമായി ആചരിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന പൊതുയോഗങ്ങളിൽ വച്ച് ദിവാൻ ഭരണം അവസാനിപ്പിക്കാനും ജനപ്രതിനിധികൾക്ക് മുഴുവൻ രാഷ്ട്രീയ അധികാരം നൽകുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയങ്ങൾ പാസാക്കപ്പെട്ടു. പ്രജാമണ്ഡലത്തിന്റെ മുപ്പത് നിയമസഭാംഗങ്ങൾ രാജാവിനെക്കണ്ട് ഉത്തരവാദിത്തഭരണം സ്ഥാപിച്ചു കിട്ടുന്നതിനായി ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും നിയമസഭ ബഹിഷ്കരിക്കുകയും ചെയ്തു. കൊച്ചിയിൽ അന്ന് നിലവിലുണ്ടായിരുന്ന ദ്വിഭരണ സമ്പ്രദായം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പറമ്പിൽ ലോനപ്പനും കെ. ബാലകൃഷ്ണ മേനോനും ചേർന്ന മന്ത്രിമാരുടെ കൗൺസിലിനെതിരെ പ്രജാമണ്ഡലം അംഗമായ പി. ഗോവിന്ദമേനോൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയം പാസായി. മന്ത്രിമാർ ആഗസ്ത് 8 ന് രാജിവച്ചു. രാജിവച്ച മന്ത്രിമാരുടെ വകുപ്പുകളും ദിവാന് നൽകപ്പെട്ടു. ഭരണസ്തംഭനം ഒഴിവാക്കാനായി മഹാരാജാവ് 1946-ൽ നിയമം, നീതിന്യായം, ദേവസ്വം ധനകാര്യവും ഒഴികെയുള്ള എല്ലാവകുപ്പും നിയമസഭയോട് ഉത്തരവാദിത്വമുള്ള മന്ത്രിമാർക്ക് വിട്ടുകൊടുക്കാൻ തയ്യാറായി.

- സമരം ശക്തം

പ്രജാമണ്ഡലം, നിയമസഭയിലെ മറ്റു ഗ്രൂപ്പുകളുമായി ചേർന്ന് മന്ത്രിസഭ രൂപീകരിക്കാൻ തീരുമാനിച്ചു. 1946 സെപ്തംബർ 9 ന് പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. അയ്യപ്പൻ, ടി.കെ. നായർ എന്നിവരടങ്ങുന്ന ആദ്യത്തെ ജനകീയ മന്ത്രിസഭ അധികാരത്തിൽ വന്നു. ധനകാര്യവകുപ്പും നിയമസമാധാനവും കൈവശം വച്ചിരുന്ന ദിവാന്റെ പ്രവൃത്തികൾ മന്ത്രിമാരിൽ അസ്വസ്ഥത ഉണ്ടാക്കുകയും എല്ലാവകുപ്പുകളും മന്ത്രിമാർക്ക് വിട്ടു കൊടുക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുകയും ചെയ്തു. അതിൻപ്രകാരം രാജാവ് ദിവാനിൽ നിന്നും ആ വകുപ്പുകൾ എടുത്തുമാറ്റി ജനകീയമന്ത്രിമാരെ ഏൽപ്പിച്ചു കൊണ്ട് 1947 ആഗസ്റ്റ് 14 ന് ഉത്തരവായി. 1947 സെപ്തംബർ 1ന് കൊച്ചിയിൽ നിന്നും ദിവാൻ ഉദ്യോഗം പൂർണമായും ഒഴിവാക്കപ്പെട്ടു. പനമ്പിള്ളി ഗോവിന്ദമേനോൻ കൊച്ചിയിലെ ആദ്യത്തെ മുഖ്യമന്ത്രിയായി. നിയമവകുപ്പ് രാജാവ് സ്വന്തം ഇഷ്ടപ്രകാരം ടി.കെ. നായർക്ക് നൽകിയത് ചർച്ചാവിഷയമായി. 1947 ഒക്ടോബർ 18 ന് എറണാകുളം രാജേന്ദ്രമൈതാനത്ത് ചേർന്ന പൊതുയോഗത്തിൽ പോലീസ് ലാത്തിച്ചാർജ് നടത്തി. ഇതിനെത്തുടർന്ന് ടി.കെ. നായരൊഴികെ ബാക്കിയുള്ള മന്ത്രിമാർ രാജിവച്ചു. ടി.കെ. നായരുടെ നേതൃത്വത്തിൽ മൂന്നംഗ മന്ത്രിസഭ അധികാരമേറ്റു. കൊച്ചി ഭരണഘടനാ ഉപദേശക കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1948

Remove Watermark Now

മെയ് മാസത്തിൽ കൊച്ചിൽ 'ലെജിസ്ലേറ്റീവ് കൗൺസിൽ', 'ലെജിസ് സ്ലേറ്റീവ് അസംബ്ലി' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ പൊതുതെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. തെരഞ്ഞെടുപ്പ് ആയപ്പോഴേക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസിലേക്ക് ലയിച്ചു കഴിഞ്ഞിരുന്ന പ്രജാമണ്ഡലം തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി. കൊച്ചിയിൽ ആദ്യത്തെ ജനകീയ മന്ത്രിസഭ ഇക്കണ്ടവാര്യർ മുഖ്യമന്ത്രിയായി അധികാരത്തിൽ വന്നു. ദേവസ്വം ഒഴിച്ച് മറ്റുള്ള വകുപ്പുകളും ജനകീയ മന്ത്രിമാരിൽ നിക്ഷിപ്തമായി. ഈ മന്ത്രിസഭയുടെ കാലത്താണ് തിരുവിതാംകൂർ -കൊച്ചി സംയോജനം നടന്നത്.

▶ പൊതുതിരഞ്ഞെടുപ്പ് നടത്തി

## 4.2.7 തിരുവിതാംകൂർ-കൊച്ചി സംയോജനം

സ്വാത്രന്ത്യലബ്ധിയ്ക്ക് ശേഷം രാജ്യം അഭിമുഖീകരിച്ചിരുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് നിരവധി നാട്ടുരാജ്യങ്ങളായി ചിതറിക്കിടന്നിരുന്ന പ്രദേശങ്ങളെ ഇന്ത്യ എന്ന ദേശാതിർത്തിയ്ക്കുള്ളിൽ ഒന്നിച്ചു നിർത്തുക എന്നതായിരുന്നു. ദേശാതിർത്തികളെ മാതൃഭാഷയുടെ അടിസ്ഥാനത്തിൽ ഏകീകരിക്കുകയും, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപപ്പെടുത്തിയെടുക്കുകയും ചെയ്തു കൊണ്ടാണ് ഭാരതം എന്ന പ്രദേശസംഘടനയിൽ നിന്ന് ഇന്ത്യ എന്ന രാഷ്ട്രം യാഥാർഥ്യമാകുന്നത്. നാട്ടുരാജ്യങ്ങൾ തങ്ങളുടെ അധികാരത്തുടർച്ചയ്ക്കുവേണ്ടി നിരന്തരം ശ്രമിക്കുകയും അവരുടെ ശ്രമങ്ങളെ തകിടം മറിച്ചു കൊണ്ട് നിരവധി സംഘർഷങ്ങളിലൂടെ രാജ്യം ജനാധിപത്യത്തിന്റെ ഭരണമൂല്യങ്ങളെ ഉയർത്തിപ്പിടിയ്ക്കുകയും ചെയ്തു. സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ നാട്ടുരാജ്യങ്ങളുടെ ലയനത്തിനും സംയോജനത്തിനും വേണ്ടി സ്വീകരിച്ച നയങ്ങൾ സംസ്ഥാനങ്ങളുടെ ഏകീകരണത്തിന് പ്രേരണ നൽകി. ഇതിന്റെ ഭാഗമായി ഐക്യകേരള രൂപീകരണത്തിനു വേണ്ട ശ്രമങ്ങൾ നടന്നു.

▶ ഐക്യകേരള രൂപീകരണത്തിനു വേണ്ട ശ്രമങ്ങൾ

തിരുവിതാംകൂറും കൊച്ചിയും സംയോജിച്ച് ഇന്ത്യൻ യൂണിയനിലെ ഒരു പാർട്ട് ബി സംസ്ഥാനമായാണ് തിരു-കൊച്ചി രൂപം കൊള്ളുന്നത്. തിരുവിതാംകൂറിന്റെ മുഖ്യമന്ത്രിയായിരുന്ന ടി.കെ. നാരായണപിള്ളയും കൊച്ചിയിലെ പ്രധാനമന്ത്രിയായിരുന്ന ഇ. ഇക്കണ്ടവാര്യരും ഐക്യകേരളം രൂപംകൊള്ളുന്നതിന്റെ ആദ്യ കാൽവയ്പ് എന്ന നിലയിൽ പുതിയ സംസ്ഥാനത്തിന്റെ രൂപവൽക്കരണത്തെ സ്വാഗതം ചെയ്തു. ഇന്ത്യാഗവൺമെന്റിന്റെ, നാട്ടുരാജ്യമന്ത്രാലയത്തിന്റെ സെക്രട്ടറിയായിരുന്ന വി.പി. മേനോനും ഇതേ അഭിപ്രായം പുറപ്പെടുവിച്ചു. എന്നാൽ എല്ലാ നേതാക്കൾക്കും ഒരേ അഭിപ്രായമായിരുന്നില്ല. അഭിപ്രായവ്യത്യാസത്തെത്തുടർന്ന് ഐക്യകേരളസമിതിയുടെ അധ്യക്ഷപദവി കെ. കേളപ്പൻ രാജിവച്ചു. സംസ്ഥാനത്തിന്റെ തലവനായി ഒരു മഹാരാജാവിനെ അവരോധിച്ചുകൊണ്ടുള്ള പുതിയ സംസ്ഥാനത്തിന്റെ രൂപവൽക്കരണം, ജനകീയ കേരളസംസ്ഥാനത്തിന്റെ പിറവിക്ക് ഒരുതരത്തിലും സഹായമാവുകയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. തുടർന്ന് കെ.പി. കേശവമേനോൻ അധ്യക്ഷനായി ചുമതലയേറ്റു.

▶ അധ്യക്ഷപദവി കെ.കേളപ്പൻ രാജിവച്ചു

സമിതിയുടെ ആഭിമുഖ്യത്തിൽ 1949 നവംബറിൽ പാലക്കാട്ടുവച്ചു

Remove Watermark Now

നടന്ന മറ്റൊരു ഐക്യകേരളസമ്മേളനം രാജപ്രമുഖനെ ഒഴിവാക്കിക്കൊണ്ടുള്ള കേരളസംസ്ഥാനത്തിന്റെ സ്ഥാപനം ആവശ്യപ്പെടുന്ന പ്രമേയം അംഗീകരിച്ചു. എന്നാൽ ഈ ഘട്ടത്തിൽ ഐക്യകേരള പ്രസ്ഥാനത്തിന് വലിയൊരു പ്രതിബന്ധം നേരിടേണ്ടിവന്നു. തിരുവിതാംകൂർ-കൊച്ചിയെ മദ്രാസ് പ്രവിശ്യയിൽ ലയിപ്പിച്ച് ഒരു ദക്ഷിണ സംസ്ഥാനം രൂപവൽക്കരിക്കണമെന്ന് മലബാറിലെ കോൺഗ്രസ്സുകാരിൽ ഗണ്യമായ ഒരു വിഭാഗം എടുത്ത നിലപാടാണത്. മലബാർ പ്രദേശ് കോൺഗ്രസ്സ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 1953-ൽ പാലക്കാട് കൂടിയ രാഷ്ട്രീയസമ്മേളനം ഈ നിർദ്ദേശം ഔപചാരികമായി അംഗീകരിക്കുകയും ചെയ്തു. എന്നാൽ തിരുവിതാംകൂർ-കൊച്ചി പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയും തിരു- കൊച്ചിഗവൺമെന്റും ഐക്യകേരളത്തിന് അനുകൂലമായിരുന്നു. അവർ ദക്ഷിണ സംസ്ഥാനം എന്ന ആശയത്തെ പിന്തുണച്ചില്ല. പിന്നീട് ഐക്യകേരളസമിതിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട്ടു നടന്ന സമ്മേളനം ഐക്യകേരളത്തിന്റെ രൂപവൽക്കരണത്തിന് അനുകൂലമായ പൊതുജനാഭിപ്രായം മലബാറിൽ വളർത്താൻ ഉപകരിച്ചു.

▶ നാട്ടുരാജ്യങ്ങളെ ഒന്നിച്ചു നിർത്തുക

1949 ജൂലൈ 1-ാം തീയതി തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചു കൊണ്ട് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം രൂപം കൊണ്ടു. ഐക്യകേരള രൂപീകരണത്തിന് സഹായകമായ ആദ്യത്തെ നടപടിയായിരുന്നു ഇത്. അതിന്റെ ഭാഗമായി രണ്ടു രാജ്യത്തിന്റെയും ഭരണസംവിധാനങ്ങളെ തമ്മിൽ ഏകോപിച്ചുകൊണ്ട് പുതിയ നിയമസഭയും മന്ത്രിസഭയും രൂപം കൊണ്ടു. സംസ്ഥാനത്തിന്റെ ആസ്ഥാനം തിരുവനന്തപുരവും ഹൈക്കോടതി എറണാകുളവുമായിരിക്കണമെന്ന് തീരുമാനിക്കപ്പെട്ടു. തിരുവിതാംകൂർ-കൊച്ചി സംയോജനം നടക്കുമ്പോൾ ടി.കെ. നാരായണപിള്ളയായിരുന്നു തിരുവിതാംകൂറിലെ മുഖ്യമന്ത്രി. അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ ആദ്യത്തെ ജനകീയ മന്ത്രിസഭ രൂപം കൊണ്ടത്. 1951 വരെ ടി.കെ. നാരായണപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ തുടർന്നു. കോൺഗ്രസ് സംഘടനയിൽ പിളർപ്പുണ്ടാവുകയാൽ 1951 ഫെബ്രുവരിയിൽ മന്ത്രിസഭ രാജിവച്ചു. തുടർന്ന് സി. കേശവൻ മുഖ്യമന്ത്രിയാകുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഹ്രസ്വകാലത്തേയ്ക്ക് ഭരണം നടത്തുകയും ചെയ്തു.

▶ തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചു

1951 - 1952 ലെ പൊതുതെരഞ്ഞെടുപ്പിൽ നിയമസഭയിൽ ആകെയുള്ള 108 സീറ്റുകളിൽ 44 എണ്ണം മാത്രമാണ് കോൺഗ്രസിനു ലഭിച്ചത്. തുടർന്ന് തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ്സിലെ എട്ടു നിയമസഭാംഗങ്ങളുടെ പിന്തുണയോടെ എ.ജെ. ജോണിന്റെ നേതൃത്വത്തിൽ ഒരു കോൺഗ്രസ് മന്ത്രിസഭ രൂപം കൊണ്ടു. തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ് പിന്തുണ പിൻവലിച്ചപ്പോൾ എ.ജെ. ജോണിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ തകർന്നു. തിരുവിതാംകൂർ കൊച്ചി നിയമസഭയിലേയ്ക്ക് 1954 ഫെബ്രുവരിയിൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ ആകെയുള്ള 118 സീറ്റുകളിൽ 45 സീറ്റുകളിൽ മാത്രമാണ് കോൺഗ്രസ് ജയിച്ചിത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പ്രതിപക്ഷങ്ങൾ ചേർന്ന് ഒരു മന്ത്രിസഭ രൂപവത്ക്കരിക്കുമെന്ന

Remove Watermark Now

> 1951 - 1952 ലെ പൊതു തിരഞ്ഞെടുപ്പും ആദ്യത്തെ മന്ത്രിസഭയും

നില വന്നപ്പോൾ അതിനെ ചെറുക്കാൻ വേണ്ടി അന്നത്തെ കോൺഗ്രസ് പ്രവർത്തകർ പ്രജാ സോഷ്യലിസ്റ്റു പാർട്ടി (പി.എസ്.പി) യുടെ മന്ത്രിസഭയ്ക്ക് പിന്തുണ നൽകി. ഇതിന്റെ ഭാഗമായി 1954 മാർച്ച് 17 ന് പട്ടം എ. താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഭരണം ഏറ്റെടുത്തു. എന്നാൽ ആന്തരിക സംഘർഷങ്ങളാലും പിളർപ്പുകളാലും മന്ത്രിസഭയ്ക്ക് അധിക കാലം നിലനിൽക്കാനായില്ല.

പി.എസ്.പി മന്ത്രിസഭയുടെ കാലത്ത് തിരുവിതാംകൂർ തമിഴ്നാടു കോൺഗ്രസ് തെക്കൻതിരുവിതാംകൂറിലെ തമിഴ്പ്രദേശങ്ങൾ തൊട്ടടുത്തുള്ള മദിരാശി സംസ്ഥാനത്തോടു ചേർക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സുശക്തമായ ഒരു പ്രക്ഷോഭം ആരംഭിച്ചു. തുടർന്ന് പ്രക്ഷോഭണം അക്രമാസക്തമാവുകയും മാർത്താണ്ഡത്തിനടുത്തു നടന്ന പോലീസ് വെടിവയ്പിൽ ഏഴുപേർ കൊല്ലപ്പെടുകയും ചെയ്തു. ഈ സന്ദർഭത്തിൽ കോൺഗ്രസ് കക്ഷിയുടെ പിന്തുണയോടു കൂടി നിയമസഭ പാസാക്കിയ ഒരു വിശ്വാസപ്രമേയം പി.എസ്.പി മന്ത്രിസഭയുടെ പതനത്തിനു കാരണമായി. 1955 ഫെബ്രുവരിയിൽ തമിഴ്നാട് കോൺഗ്രസിന്റെ പിന്തുണയോടു കൂടി പനമ്പള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിൽ ഒരു കോൺഗ്രസ് മന്ത്രിസഭ അധികാരത്തിൽ വന്നു. കോൺഗ്രസിനുള്ളിലെ പിളർപ്പുകൾ കാരണം 1956 മാർച്ചിൽ ഈ മന്ത്രിസഭയ്ക്കും അധികാരം നഷ്ടമായി. തുടർന്ന് സംസ്ഥാനത്ത് പ്രസിഡന്റ് ഭരണം നടപ്പിലായി.

> ▶ തിരുവിതാംകൂർ-കൊച്ചിയിൽ പ്രസിഡന്റു ഭരണം.

### 4.2.8 ഐക്യകേരളപ്രസ്ഥാനവും കേരള സംസ്ഥാനത്തിന്റെ രൂപീകരണവും

iSkysoft

തിരുവിതാംകൂർ - കൊച്ചിയുടെ സംയോജനം സാധ്യമായതുകൊണ്ടു മാത്രം കേരളമെന്ന പ്രദേശത്തിന്റെ ഏകീകരണം സാധ്യമായിരുന്നില്ല. മലയാളം സംസാരിക്കുന്ന മറ്റ് പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിരുന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാനുള്ള ഇന്ത്യാഗവൺമെന്റിന്റെ തീരുമാനമുണ്ടായിരുന്ന ഘട്ടത്തിലാണ് തിരുവിതാംകൂർ-കൊച്ചിയിൽ പ്രസിഡന്റുഭരണം നിലവിൽ വരുന്നത്. സയ്യദ് ഹസ്സൻ അലി ചെയർമാനും പണ്ഡിറ്റ് ഹൃദയനാഥ കുൽസ്രു, സർദാർ കെ.എം. പണിക്കർ അംഗങ്ങളായുമുള്ള കമ്മീഷൻ ഐക്യകേരള രൂപീകരണത്തിനു വേണ്ട അനുമതി നൽകി. 1956-ലെ സംസ്ഥാന പുന:സംഘടനാ നിയമപ്രകാരം മലബാർ ജില്ലയും തെക്കൻ കന്നഡയിലെ കാസർഗോഡും തിരുകൊച്ചിയോട് ചേരുകയുണ്ടായി. തമിഴ് സംസാരിക്കുന്ന പ്രദേശം എന്ന നിലയിൽ തിരുകൊച്ചിയിലെ തെക്കൻ താലൂക്കുകളായ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് തുടങ്ങിയ സ്ഥലങ്ങളും ചെങ്കോട്ട താലൂക്കിന്റെ ഒരു ഭാഗവും മദ്രാസിനോട് ചേർന്നു. തുടർന്ന് മലയാളം സംസാരിക്കുന്നവരുടെ പ്രദേശം എന്ന നിലയിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾ തമ്മിൽ സംയോജിപ്പിച്ചു കൊണ്ട് 1956 നവംബർ ഒന്നാം തീയതി ഐക്യകേരളം രൂപം കൊണ്ടു. രാജപ്രമുഖന്റെ ഉപദേഷ്ടാവായിരുന്ന പി. എസ്. റാവു ആക്ടിംഗ് ഗവർണറായി. പിന്നീട് ഡോ. ബി. രാമകൃഷ്ണറാവു ഗവർണറായി എത്തി. അദ്ദേഹത്തിന്റെ നേതൃ

Remove Watermark Now

> ▶ പതിനൊന്നംഗ മന്ത്രിസഭ അധികാരമേറ്റു.

ത്വത്തിൽ കേരളത്തിലെ ആദ്യത്തെ തെരഞ്ഞെടുപ്പ് 1957 ഫെബ്രുവരി മുതൽ മാർച്ച് വരെ നടന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും സ്വതന്ത്രന്മാർക്കുമായിരുന്നു ആയിരുന്നു ഭൂരിപക്ഷം. 1957 ഏപ്രിൽ 5 ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള പതിനൊന്നംഗ മന്ത്രിസഭ അധികാരമേറ്റു.

> ▶ കേരള സംസ്ഥാനം രൂപം കൊണ്ടു.

ഐക്യകേരളത്തിന്റെ തുടക്കം അഞ്ച് ജില്ലകളും 46 താലൂക്കുകളുമായിരുന്നു. മലബാർ (10 താലൂക്ക്), തൃശ്ശൂർ (8 താലൂക്ക്), കോട്ടയം (9 താലൂക്ക്), കൊല്ലം (12 താലൂക്ക്), തിരുവനന്തപുരം (4 താലൂക്ക്) എന്നീ ജില്ലകളാണ് ആദ്യം ഉണ്ടായിരുന്നത്. എന്നാൽ ഏറെ താമസിയാതെ 9 ജില്ലകളും 55 താലൂക്കുകളുമായി പുനഃസംഘടിപ്പിച്ചു. നേരത്തെ ഉണ്ടായിരുന്നത് കൂടാതെ ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവയായിരുന്നു പുതിയ ജില്ലകൾ.

## Summarised Overview

ഒന്നാം ലോകമഹായുദ്ധാനന്തരം ഉണ്ടായ സാമ്പത്തികമാന്ദ്യവും അതുണ്ടാക്കിയ കഷ്ടനഷ്ടങ്ങളും ജനങ്ങളെ പ്രതിസന്ധിയിൽ എത്തിച്ച കാലഘട്ടമായിരുന്നു 1920 കൾ മുതലിങ്ങോട്ടുള്ള കാലഘട്ടം. നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും ചൂഷണത്തിന് ഇരകളായിരുന്നു സാധാരണക്കാരായ ജനവിഭാഗങ്ങൾ. രാജഭരണത്തിന്റെ കീഴിൽ അസ്വസ്ഥരായ ജനവിഭാഗങ്ങൾ ഉത്തരവാദഭരണത്തിനായുള്ള മുറവിളികൾ ഉയർത്താൻ തുടങ്ങുകയും ചെയ്ത കാലഘട്ടമായിരുന്നു അത്.

ദേശീയതലത്തിൽ രൂപപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനുരണനമെന്നോണമാണ് തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് ലീഗ് രൂപം കൊള്ളുന്നത്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് ആശയങ്ങളെ പ്രചരിപ്പിക്കാൻ ലക്ഷ്യം വച്ചുള്ള സംഘടനയായിരുന്നിട്ടും വേണ്ടത്ര വികാസം പ്രാപിക്കാൻ ഈ സംഘടനക്ക് കഴിഞ്ഞില്ല. സ്റ്റേറ്റ് കോൺഗ്രസ്സിനൊപ്പം സഖ്യകക്ഷിയായാണ് ഈ സംഘടന പ്രവർത്തിച്ചു പോന്നത്. സ്റ്റേറ്റ് കോൺഗ്രസ്സിനകത്തെ യോജിക്കാനാവാത്ത തീരുമാനങ്ങളോട് കലഹിച്ചു നിന്നുവെങ്കിലും വലിയ മാറ്റങ്ങൾ ഒന്നും ഉണ്ടാക്കാൻ ഈ സംഘടനക്ക് കഴിഞ്ഞില്ല. രാജാവിനെതിരെ ചുവരെഴുത്തുകൾ നടത്തുന്നതിലും മറ്റും ഈ സംഘടന ഒതുങ്ങിപ്പോവുകയും പിന്നീടത് സോഷ്യലിസ്റ്റ് കോൺഗ്രസ്സിൽ ലയിക്കുകയുമാണ് ചെയ്തത്.

സ്റ്റേറ്റ് കോൺഗ്രസ്സിനകത്തുണ്ടായ ആശയസംഘർഷങ്ങൾ മൂലം വലതുപക്ഷമെന്നും ഇടതുപക്ഷമെന്നും കോൺഗ്രസ് രണ്ടായി വേർതിരിഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ നിരോധിക്കപ്പെട്ടിരുന്നതു കൊണ്ട് കോൺഗ്രസിനകത്തു നിന്നുകൊണ്ടു മാത്രമേ സോഷ്യലിസ്റ്റ് ആശയങ്ങളോട് താല്പര്യമുള്ളവർക്ക് പ്രവർത്തിക്കാൻ കഴിയുമായിരുന്നുള്ളൂ. സ്റ്റേറ്റ് കോൺഗ്രസ്സ് എന്ന സംഘടനയ്ക്ക് അകത്തു നിന്നുകൊണ്ട് പ്രവർത്തിക്കുമ്പോൾ തന്നെ സംഘടനയുടെ ആശയങ്ങളോട് സോഷ്യലിസ്റ്റു പാർട്ടി കലഹിച്ചു കൊണ്ടേയിരുന്നു. കേരളത്തിലുടനീളം സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ കീഴിൽ ജനങ്ങളെ അണിനിരത്താൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു എന്നത് എടുത്തു പറയത്തക്ക നേട്ടം തന്നെയാണ്. കോൺഗ്രസ്സ് പാർട്ടിയുടെ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടാനായി ദേശീയ മുസ്ലീങ്ങളുടെ സഹായം തേടി പാർട്ടിയുടെ ഭരണം

iSkysoft

Remove Watermark Now

പിടിച്ചെടുക്കുകയുണ്ടായെങ്കിലും ആ നിലയിൽ തുടരാതെ സോഷ്യലിസ്റ്റ് കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് ലയിക്കുകയാണുണ്ടായത്.

കർഷക - തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപം കൊള്ളുന്നത് കർഷകരുടെ ദുരിതങ്ങൾക്ക് താൽക്കാലിക ആശ്വാസം പകരുന്ന ഒന്നാണ്. സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്ന പാർട്ടിയാണ് ഇതിന് നേതൃത്വം നൽകിയത്. സോഷ്യലിസ്റ്റ് ആശയങ്ങളിൽ പ്രചോദിതരായ കർഷകതൊഴിലാളികൾ സംഘടിക്കുകയും തങ്ങളുടെ അവകാശങ്ങൾക്കായി സമരങ്ങൾ നയിക്കുകയും ചെയ്തു. പുന്നപ്ര - വയലാർ, മൊറാഴ, കയ്യൂർ, കരിവള്ളൂർ എന്നിങ്ങനെ നിരവധി കർഷക തൊഴിലാളിസമരങ്ങൾ വെടിവെയ്പുകളും രക്തച്ചൊരിച്ചിലുകളുമായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു. അവകാശങ്ങൾക്കായി സമരങ്ങൾ നയിക്കാൻ സമൂഹത്തിലേക്കിറങ്ങിയ കർഷകർക്ക് നിരവധി സഹനങ്ങൾക്കൊടുവിൽ ഭൂപരിഷ്കരണം പോലുള്ള നയങ്ങൾ താൽക്കാലിക ആശ്വാസം നൽകി. സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരത്തിലൂടെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായത്. നാട്ടുരാജ്യങ്ങളായി ചിതറിക്കിടന്നിരുന്ന ജനവിഭാഗങ്ങളെ ഒരൊറ്റ ആശയധാരയുടെ കീഴിൽ ഒന്നിച്ചു കൊണ്ടുവരാനവർക്കു കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. സാധാരണക്കാരായ ജനവിഭാഗങ്ങളുടെ പാർട്ടിയായാണ് കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ വളർന്നു വികസിച്ചത്. നിരവധി സമരമുഖങ്ങളിലൂടെ കടന്നു പോയ പാർട്ടിക്ക് ഒന്നാം മന്ത്രിസഭയിലേക്ക് എത്താൻ കഴിഞ്ഞുവെങ്കിലും വിമോചനസമരത്തിലൂടെ മന്ത്രിസഭ കൈവിടേണ്ടതായി വന്നു.

സോഷ്യലിസ്റ്റാശയങ്ങളുടെ വളർച്ച സമൂഹത്തിൽ ഉണ്ടാവുന്ന കാലഘട്ടത്തിലാണ് പുന്നപ്ര വയലാർ, കയ്യൂർ, കരിവള്ളൂർ തുടങ്ങിയ സംഭവങ്ങൾ നടക്കുന്നത്. ഭരണപരിഷ്കാരങ്ങളുടെ പേരിലും കർഷകതൊഴിലാളി വർഗത്തോടുള്ള അനീതികളുടെ പേരിലും ആരംഭിച്ച സമരങ്ങൾ പോലീസുമായുണ്ടായ സംഘർഷങ്ങളിലാണ് അവസാനിച്ചത്. പുന്നപ്ര വയലാറിലും കയ്യൂരും കരിവള്ളൂരുമായി നിരവധി കർഷകർ കൊലചെയ്യപ്പെട്ടു. സമാധാനപരമായി നടത്താനാകുമായിരുന്ന ജാഥകളെ പോലീസുകാർ തന്നെ പ്രകോപിപ്പിച്ചാണ് പലയിടത്തും പ്രശ്നങ്ങൾ ഉണ്ടാക്കിയതെന്നു പറയപ്പെടുന്നുണ്ടെങ്കിലും അങ്ങനെ അല്ലാത്ത ജാഥകളും ഉണ്ടായിരുന്നു. കയ്യൂർകേസ് തന്നെ ഉദാഹരണം. പ്രശ്നഭരിതമായ വെടിവെയ്പുകൾ ഒഴിവാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ കുറെ കർഷകർ ജീവനോടെ ബാക്കിയുണ്ടാകുമായിരുന്നു.

കൊച്ചിയിലെ ഭരണപ്രക്ഷോഭങ്ങൾ ഉത്തരവാദിത്തഭരണത്തിനായുള്ള പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങളിലേക്കാണ് എത്തിച്ചത്. ദിവാൻഭരണം അവസാനിപ്പിക്കപ്പെടുകയും ജനകീയഭരണത്തിലേക്ക് കൊച്ചി പരുവപ്പെടുകയും ചെയ്തു. ഈ ജനകീയ മന്ത്രിസഭയുടെ കാലത്താണ് തിരുവിതാംകൂർ-കൊച്ചി സംയോജനം നടന്നത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നേരിട്ട പ്രധാന വെല്ലുവിളി മൂന്നു നാട്ടുരാജ്യങ്ങളെ ഒന്നിച്ചു ചേർത്ത് സംസ്ഥാന രൂപീകരണം നടത്തുക എന്നതായിരുന്നു. ഐക്യകേരള രൂപീകരണത്തിനായി തിരുവിതാംകൂർ-കൊച്ചി-മലബാർ പ്രവിശ്യകളെ ഒന്നിച്ചു ചേർക്കുന്നതിൽ ഉണ്ടായ പ്രശ്നങ്ങളെ തരണം ചെയ്ത് കേരള രൂപീകരണം നടത്തുന്നതിന്റെ ആദ്യപടിയായി തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചു. 1951-52 ൽ പൊതു തെരഞ്ഞെടുപ്പും മന്ത്രിസഭയും ഉണ്ടായെങ്കിലും പിളർപ്പുകളാലും സംഘർഷങ്ങളാലും മന്ത്രിസഭ ഏറെക്കാലം നീണ്ടുനിന്നില്ല.

മലബാർ പ്രവിശ്യയെക്കൂടി കേരളത്തിന്റെ ഭാഗമാക്കാനുള്ള ചർച്ചകൾ നടക്കുകയും ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാന രൂപീകരണമെന്ന ആശയം പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്. മലയാളം സംസാരിക്കുന്നവരുടെ പ്രദേശം എന്ന നിലയിൽ തിരുവിതാംകൂർ കൊച്ചി, മലബാർ പ്രദേശങ്ങൾ സംയോജിപ്പിച്ചുകൊണ്ട് 1956 നവംബർ ഒന്നിന് ഐക്യകേരളം രൂപം കൊണ്ടു. കേരളത്തിലെ ആദ്യത്തെ തിരഞ്ഞെടു

Remove Watermark Now

പ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള പതിനൊന്നാംഗ മന്ത്രിസഭ 1957 ഏപ്രിൽ 5 ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരമേറ്റു. വിമോചനസമരത്തിലൂടെ അധികം വൈകാതെ മന്ത്രിസഭ കൈവിടേണ്ടിവന്നെങ്കിലും അന്ന് തീരുമാനിക്കപ്പെട്ട ഭരണപരിഷ്കാരങ്ങൾ പിൽക്കാലകേരളത്തെ രൂപപ്പെടുത്തുന്നതിൽ സഹായകമായിട്ടുണ്ട്.

# Assignment

1. കേരളത്തിലെ കർഷകപ്രസ്ഥാനത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
2. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ രൂപീകരണ ചരിത്രം വിവരിക്കുക.
3. പുന്നപ്ര-വയലാർ സമരങ്ങൾക്ക് കേരള ചരിത്രത്തിലുള്ള പ്രാധാന്യം ചർച്ച ചെയ്യുക.
4. കൊച്ചിയിലെ രാഷ്ട്രീയപ്രക്ഷോഭങ്ങൾ-വിവരിക്കുക.
5. ഐക്യകേരള രൂപീകരണത്തിന്റെ ചരിത്രഘട്ടത്തെക്കുറിച്ച് വിവരിക്കുക
6. സോഷ്യലിസ്റ്റ് കോൺഗ്രസ് എന്ന സംഘടനയുടെ ചരിത്രത്തെക്കുറിച്ച് ഉപന്യസിക്കുക.
7. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തെക്കുറിച്ച് ഉപന്യസിക്കുക.
8. കേരളത്തിലെ കർഷകസമരങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
9. കൊച്ചിയിലെ രാഷ്ട്രീയപ്രക്ഷോഭങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
10. തിരുവിതാംകൂർ-കൊച്ചി സംയോജനത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
11. ഐക്യകേരളപ്രസ്ഥാനവും കേരള സംസ്ഥാനത്തിന്റെ രൂപീകരണ ചരിത്രവും- ഉപന്യാസം തയ്യാറാക്കുക.

iSkysoft

# Suggested Readings


1. എം.വി. ഗോവിന്ദൻ മാസ്റ്റർ, കർഷകതൊഴിലാളി പ്രസ്ഥാനം:ചരിത്രവും വർത്തമാനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. വി.എസ്. അച്യുതാനന്ദൻ, കേരളത്തിലെ കർഷകത്തൊഴിലാളി പ്രസ്ഥാനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം
4. എൻ.ഇ. ബാലറാം, കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
5. ഡോ. കെ.കെ.എൻ കുറുപ്പ്, കേരളത്തിലെ കർഷകസമരങ്ങൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
6. അക്കമ്മ ചെറിയാൻ, 1114 ന്റെ കഥ, ഡി.സി. ബുക്സ്, കോട്ടയം .
7. പ്രകാശ് കാരാട്ട്, മലബാറിലെ കാർഷികബന്ധങ്ങളും കർഷകപ്രസ്ഥാനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

Remove Watermark Now

# References


1. എ.കെ. പൊതുവാൾ, കേരളത്തിലെ കർഷകസമരങ്ങൾ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
2. വി.വി. കുഞ്ഞമ്പു, കയ്യൂർ സമരചരിത്രം, പ്രോഗ്രസ് പബ്ലിക്കേഷൻ കോഴിക്കോട്.
3. ഇ.എം.എസ്., കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. ഇ.എം.എസ്., കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
5. ഡോ. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠനഗവേഷണ കേന്ദ്രം, തൃശൂർ.
6. കെ. ബാലകൃഷ്ണൻ, കമ്മ്യൂണിസ്റ്റ് കേരളം, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft

Remove Watermark Now

Remove Watermark Now

# Unit 3

# കേരള മന്ത്രിസഭ
# ഭൂപരിഷ്കരണ നിയമം, ഗൾഫ് കുടിയേറ്റം

## Learning Outcomes

- ഒന്നാം കേരളമന്ത്രിസഭയെക്കുറിച്ച് അറിവ് നേടുന്നു
- കാർഷിക പരിഷ്കരണ ബില്ലിനെക്കുറിച്ച് മനസ്സിലാക്കുന്നു
- വിമോചന സമരത്തെക്കുറിച്ച് അറിവ് നേടുന്നു
- മിച്ചഭൂമി പ്രക്ഷോഭത്തിന്റെ ചരിത്രപശ്ചാത്തലം മനസ്സിലാക്കുന്നു
- അടിയന്തിരാവസ്ഥ, ഗൾഫ് കുടിയേറ്റം, കേരള മോഡൽ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു

## Background

ഒന്നാം കേരള നിയമസഭ രൂപം കൊള്ളുന്നതിനു മുൻപ് കേരള സംസ്ഥാനം രാഷ്ട്രപതിയുടെ ഭരണത്തിനു കീഴിലായിരുന്നു. തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളെ തമ്മിൽ സംയോജിപ്പിച്ചു കൊണ്ട് തിരു-കൊച്ചിയുടെ ഭരണം കോൺഗ്രസ് ഏറ്റെടുത്തെങ്കിലും ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങൾ കാരണം കോൺഗ്രസ് മന്ത്രിസഭയ്ക്ക് അധികാരത്തിൽ നിന്ന് താഴെയിറങ്ങേണ്ടി വന്നു. തുടർന്ന് കേരളത്തിന്റെ ഭരണം രാഷ്ട്രപതിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാവുകയും ഒന്നാം കേരളമന്ത്രിസഭ രൂപം കൊള്ളുന്നതുവരെ രാഷ്ട്രപതി ഭരണം തുടരുകയും ചെയ്തു. 1957 ഫെബ്രുവരി 28 ന് ഒന്നാം കേരള നിയമസഭയിലേക്കുള്ള ആദ്യത്തെ പൊതു തെരഞ്ഞെടുപ്പ് നടന്നു. 126 സീറ്റുകളാണ് അന്ന് ഉണ്ടായിരുന്നത്. അതിൽ പതിനൊന്നെണ്ണം പട്ടികജാതിവിഭാഗത്തിന്നും ഒരെണ്ണം പട്ടികവർഗ വിഭാഗത്തിനുമായി സംവരണം ചെയ്തിരുന്നു. 550 പേര് സമർപ്പിച്ച നാമനിർദ്ദേശപത്രികയിൽ നിന്ന് 406 പേരാണ് നിയമസഭയിലേയ്ക്ക് മത്സരിച്ചത്. തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയും അവർക്ക് പിന്തുണ നൽകിയവരും ചേർന്ന് ഇ. എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ രൂപംകൊണ്ടു. 1957-ൽ ഇ.എം.എസ് സർക്കാരിന്റെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ആദ്യത്തെ മന്ത്രിസഭയ്ക്ക് അധികകാലം ഭരണത്തിൽ തുടരാൻ കഴിഞ്ഞില്ല. വിമോചന സമരത്തെ തുടർന്ന് മന്ത്രിസഭ പിരിച്ചുവിടുകയും അധികാരം നഷ്ടപ്പെടുകയും ചെയ്തു.

1975 ജൂൺ 7ന് ആരംഭിച്ച അടിയന്തരാവസ്ഥ കേരളത്തെയും വ്യാപകമായി ബാധിച്ചിരുന്നു. അമിതാധികാര പ്രവണതയുടെ ഇരുണ്ടകാലത്ത് പൗരാവകാശങ്ങൾ ലംഘിക്കപ്പെട്ടു. കുപ്രസിദ്ധമായ രാജൻ കേസ് അടക്കം പിന്നീട് വലിയ ചർച്ചയായ വിവാദങ്ങളും അക്കാലത്തുണ്ടായി. പത്രങ്ങൾ കടുത്ത സെൻസർഷിപ്പിന് വിധേയമായിരുന്നതിനാൽ ഭരണകൂടത്തിന്റെ വ്യാഖ്യാനങ്ങളാണ് വാർത്തകളായി മിക്കപ്പോഴും പുറത്തെത്തിയിരുന്നത്. നാട്ടിലാകെ അച്ചടക്കം പുലർന്ന കാലമെന്നെല്ലാമുള്ള അഭിപ്രായത്തിൽ അടിയന്തിരാവസ്ഥയെ അനുകൂലിച്ച ചിലരും അക്കാലത്തുണ്ടായിരുന്നു.

എഴുപതുകളിൽ തന്നെയാണ് ഗൾഫ് രാജ്യങ്ങളിലേക്കുള്ള മലയാളികളുടെ കുടിയേറ്റം ആരംഭിക്കുന്നത്. ഗൾഫ് രാജ്യങ്ങളിൽ വ്യാപകമായി കണ്ടെത്തിയ എണ്ണയ്ക്ക് മെച്ചപ്പെട്ട വില ലഭിക്കുകയും സമ്പദ്വ്യവസ്ഥ കരുത്താർജിക്കുകയും ചെയ്തു. പ്രധാനമായും വടക്കൻ കേരള

Remove Watermark Now

ത്തിൽ നിന്നാണ് കുടിയേറ്റം വ്യാപകമായി ഉണ്ടായത്. കാര്യമായ വിദ്യാഭ്യാസ യോഗ്യതകളി ല്ലാത്തതിനാൽ മിക്കവരും അവിദഗ്ധ തൊഴിലുകളിലാണ് എത്തപ്പെട്ടത്. എങ്കിലും മെച്ചപ്പെട്ട ജീവിതസാഹചര്യം ഗൾഫ് കുറച്ച് മലയാളികൾക്കെങ്കിലും നൽകി. കേരളത്തിന്റെ സാമൂഹിക ഘടനയെ പരിഷ്കരിക്കാൻ ഗൾഫ് കുടിയേറ്റം സഹായിച്ചു. കേരളീയ സമൂഹത്തിന്റെ അമിത മായ മതവൽക്കരണശ്രമങ്ങളുടെ ഭാഗമായി ജാതീയതയും നവയാഥാസ്ഥിതികത്വവും വീണ്ടും ശക്തിപ്രാപിക്കുന്ന സ്ഥിതിയും നിലവിലുണ്ട്. ജാതി പൂർണ്ണമായി ഇല്ലാതാക്കാനായില്ലെങ്കിലും നവോത്ഥാനകാലത്ത് എടുത്തുകളഞ്ഞ ജാതിചിഹ്നങ്ങൾ പലതും ഇന്ന് തിരിച്ചുവന്നു. നമ്മുടെ പുരോഗമന കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായുള്ള പുതിയ നിയന്ത്രണങ്ങളും നിബന്ധനകളും സമൂഹത്തിൽ വേരോടുന്നു. ശാസ്ത്രം പല കാര്യങ്ങളിലും സമൂഹത്തെ മുന്നോട്ടു നയിച്ചു കൊണ്ടിരിക്കുന്നു എന്ന ധാരണ തെറ്റാണെന്ന് തെളിയുകയും നമ്മുടെ ചുറ്റുപാടുകൾ പിറ കോട്ട് സഞ്ചരിക്കുകയും ചെയ്യുന്ന സ്ഥിതി ഇന്നുണ്ട്.

## Keywords

ഒന്നാം കേരള മന്ത്രിസഭ-കാർഷിക പരിഷ്കരണ ബില്ല്-അതിന്റെ പരിമിതികൾ-വിമോചന സമരം-മിച്ചഭൂമി പ്രക്ഷോഭം-മന്ത്രിസഭകൾ-അടിയന്തരാവസ്ഥ-കുടിയേറ്റം-കേരള മോഡൽ-മതം-ജാതി-നവയാഥാസ്ഥിതികത്വം

## Discussion

### 4.3.1 ഒന്നാം കേരളമന്ത്രിസഭ

കേരള നിയമസഭയിലേയ്ക്കുള്ള ആദ്യത്തെ പൊതു തെരഞ്ഞെടു പ്പ് 1957 ഫെബ്രുവരി – മാർച്ച് മാസങ്ങളിൽ നടന്നു. ഇന്ത്യൻ കമ്മ്യൂ ണിസ്റ്റ് പാർട്ടിയും അതിന് പിന്തുണ പ്രഖ്യാപിച്ചവരും ചേർന്ന് നിയമ സഭയിലെ 126 സീറ്റുകളിൽ 65 എണ്ണം നേടി അധികാരത്തിൽ വന്നു. ഒൻപതു വനിതകൾ മത്സരിച്ചതിൽ ആറു പേർ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1957 ഏപ്രിൽ അഞ്ചാം തീയതി പ്രസിഡന്റ് ഭരണം അവസാനിക്കുകയും തുടർന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായ ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വരിക യുമുണ്ടായി. അന്നത്തെ കേരള ഗവർണറായി നിയമിതനായത് ബി. രാമകൃഷ്ണ റാവുവായിരുന്നു. ആർ. ശങ്കരനാരായണൻ തമ്പിയായി രുന്നു സ്പീക്കർ. ഡെപ്യൂട്ടി സ്പീക്കറായി കെ.ഒ. ആയിഷാ ബായ് തെരഞ്ഞെടുക്കപ്പെട്ടു. ഭരണസമിതിയുടെ നേതാവും കേരള മുഖ്യ മന്ത്രിയും ഇ.എം.എസ് നമ്പൂതിരിപ്പാടായിരുന്നു. പി.ടി. ചാക്കോയാ യിരുന്നു പ്രതിപക്ഷ നേതാവ്. ഇ.എം.എസിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ പതി നൊന്നംഗങ്ങളുണ്ടായിരുന്നു. ഇ.എം.എസ്. മുഖ്യമന്ത്രി സ്ഥാനവും, സി. അച്യുതമേനോൻ ധനകാര്യവകുപ്പും, ടി.വി. തോമസ് തൊഴിൽ, ഗതാഗത വകുപ്പും, കെ.സി. ജോർജ് ഭക്ഷ്യം, വനം വകുപ്പും, കെ. പി. ഗോപാലാൻ വ്യവസായ വകുപ്പും, ടി.എ. മജീദ് പൊതുമരാമത്ത് വകുപ്പും, പി.കെ. ചാത്തൻ തദ്ദേശ സ്വയംഭരണ വകുപ്പും കൈകാ

Remove Watermark Now

ര്യം ചെയ്തു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ജോസഫ് മുണ്ടശ്ശേരിയായിരുന്നു. റവന്യു-എക്സൈസ് വകുപ്പ് മന്ത്രിയായി കെ.ആർ. ഗൗരിയമ്മ തെരഞ്ഞെടുക്കപ്പെട്ടു. അഭ്യന്തരം, നിയമം, വിദ്യുച്ഛക്തി വകുപ്പുകളുടെ മന്ത്രിയായി വി.ആർ. കൃഷ്ണയ്യരും ആരോഗ്യ വകുപ്പു മന്ത്രിയായി എ.ആർ. മേനോനും സത്യപ്രതിജ്ഞ ചെയ്തു. എന്നാൽ അധികകാലം മന്ത്രിസഭയ്ക്ക് നിലനിൽക്കാൻ കഴിഞ്ഞില്ല. വിമോചന സമരത്തെ തുടർന്ന് 1959 ജൂലൈ 31 ന് ഭരണഘടനയുടെ 356-ാം വകുപ്പനുസരിച്ച് രാഷ്ട്രപതി ഒന്നാം കേരളനിയമസഭ പിരിച്ചു വിട്ടു.

- ഒന്നാം കേരള നിയമസഭ പിരിച്ചു വിട്ടു

## 4.3.2 കർഷക പരിഷ്കരണബില്ലും അതിന്റെ പരിമിതികളും

1957-ൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ നിലവിൽ വന്ന കേരളത്തിലെ ആദ്യ മന്ത്രിസഭ ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട പുതിയ നയങ്ങൾ സ്വീകരിക്കുകയുണ്ടായി. 1957 ഡിസംബറിൽ കേരള സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങൾക്കും ബാധകമാകുന്ന വിധത്തിൽ The Kerala State of Eviction Proceedings Act,1957 അഥവാ ഒഴിപ്പിക്കൽ നിരോധനനിയമം നടപ്പിലാക്കി. ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ആദ്യശ്രമം എന്ന നിലയിലാണ് ഒഴിപ്പിക്കൽ നിരോധനനിയമം പാസാക്കുന്നത്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിന് മുൻപ് തന്നെ കുടിയാന്മാരെ ഒഴിപ്പിച്ച് ഭൂമി കൈവശപ്പെടുത്താനുള്ള ജന്മിത്വത്തിന്റെ ശ്രമങ്ങളെ പരാജയപ്പെടുത്തുന്നതായിരുന്നു, ഒഴിപ്പിക്കൽ നിരോധനനിയമം നടപ്പിലാക്കുന്നതിനു പിന്നിലെ പ്രധാന ലക്ഷ്യം.

- ഒഴിപ്പിക്കൽ നിരോധന നിയമം നടപ്പിലാക്കി

കേരളത്തിന്റെ ചരിത്രത്തിലേയ്ക്ക് നോക്കിയാൽ പല കാലങ്ങളിലായി പല നിലയിൽ പരിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്ത ഭൂപരിഷ്കരണനിയമങ്ങൾ കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക - സാമ്പത്തിക നിലയിൽ പലവിധ മാറ്റങ്ങൾക്കും കാരണമായിട്ടുണ്ടെന്നു കാണാം. 1810 നും 1815 നും ഇടയിൽ ഭരണം നടത്തിയ റാണി ഗൗരി ലക്ഷ്മിഭായിയുടെ കാലത്തു ഭൂവുടമകൾക്ക് കൈവശഭൂമിയുടെ വിസ്തീർണ്ണം, ഇനം, നികുതി ഇവ നിശ്ചയിച്ചു പട്ടയം കൊടുക്കുകയുണ്ടായി. 1818-ൽ ആധാരങ്ങൾ മുദ്രപതിപ്പിച്ച ഓലകളിൽ എഴുതുന്നതിനുള്ള നീട്ട് ശ്രദ്ധേയമാണ്. മറ്റൊന്ന് 1829-ൽ തിരുവിതാംകൂറിൽ നടപ്പിലാക്കിയ കാർഷികനിയമമാണ്. അതിൻപ്രകാരം പതിവായും വിശേഷാവസരങ്ങളിലും ലഭിക്കേണ്ട അവകാശങ്ങൾ വാങ്ങിക്കൊണ്ട്, കുടിയാന് വസ്തു കൈവശം വെച്ചനുഭവിക്കാൻ അനുവദിക്കണമെന്ന വ്യവസ്ഥയുണ്ടായി. 1865-ൽ തിരുവിതാംകൂറിൽ ജന്മിയ്ക്ക് കൃത്യമായി പാട്ടം നൽകിവരുന്ന കുടിയാനെ ഒഴിപ്പിക്കരുതെന്ന രാജവിളംബരമുണ്ടായി. 1865-ൽ ആയില്യം തിരുനാളിന്റെ കാലത്ത് 'പണ്ടാരപ്പാട്ടം വിളംബരം' വഴി സർക്കാർ വക പാട്ട വസ്തുക്കളുടെ മേൽ കുടിയാനു സ്ഥിര അവകാശം ലഭിച്ചു. 1876-ൽ നടപ്പിലായ 'കുടിയാൻ മണ്ഡപത്തും വാതുക്കലും നീട്ട്' ഏറെ പ്രാധാന്യമർഹിക്കുന്നു. 1905 ലെ കുടിയായ്മ നിയമപ്രകാരം മുപ്പതു വർഷം വസ്തു കൈവശം വച്ചിട്ടുള്ള കാണക്കുടിയാനെ ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഒഴിവാക്കാവൂ എന്ന ചട്ടവും നിലവിൽ വന്നു. 1867 ലെ 'കാണപ്പാട്ട വിളംബര' പ്രകാരം ജന്മിമാരുടെ കുടിയാന്മാർ

ക്കും സ്ഥിരാവകാശം ലഭിച്ചു. ഇതിന്റെ ഭാഗമായി ബാധ്യത പന്ത്ര ണ്ടു വർഷം വരുത്തിയാലേ കുടിയാനെ ഒഴിപ്പിക്കാൻ കഴിയൂ എന്നും അങ്ങനെ ഒഴിപ്പിക്കുമ്പോൾ കാണസംഖ്യയും ദേഹണ്ഡവും നൽക ണമെന്നും വ്യവസ്ഥയുണ്ടായി. 1896 ലെ ജന്മികുടിയാൻ റെഗുലേഷൻ കുടിയാന്മാരുടെ അവകാശങ്ങളെ ബലപ്പെടുത്തി. ഈ നിയമത്തിന്റെ ഭേദഗതിപ്രകാരം മിച്ചവാരം, പൊളിച്ചെഴുത്ത്, കാഴ്ചകൾ എന്നിവ നിർത്തലാക്കി. കൂടാതെ നിശ്ചിത തുക ജന്മിക്കരമായി നൽകണമെ ന്നും വ്യവസ്ഥയുണ്ടായി. ഇതിൻപ്രകാരം ജന്മിക്കരം സർക്കാരിലേയ് ക്കടയ്ക്കണമെന്നും സർക്കാർ ജന്മിയ്ക്ക് കൊടുക്കുമെന്നും ആ നില യിൽ ജന്മിക്കരം അടയ്ക്കുന്ന കുടിയാന് ഭൂമിയിൽ സ്ഥിരാവകാശം നൽകണം എന്നും വ്യവസ്ഥയുണ്ടായി. 1922-ൽ ദേവസ്വം പാട്ടവിളം ബരപ്രകാരം ദേവസ്വം ഭൂമി കൃഷിക്കാർക്കു ലഭിച്ചു.

► കുടിയാന് സ്ഥിരാവകാശം

മുൻ കാലങ്ങളിൽ കൊച്ചിയിൽ സ്വകാര്യവ്യക്തികളുടെ വകയായ പുറംവക നിലങ്ങളിലെ രണ്ടാം വിളയ്ക്കു നികുതി ഏർപ്പാടാക്കിയി രുന്നു. നിശ്ചിത കാരണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ കുടി യാനെ ഒഴിപ്പിക്കാവൂ എന്നും അങ്ങനെ ഒഴിപ്പിക്കുമ്പോൾ ദേഹണ്ഡ ങ്ങൾക്കു ജന്മി പ്രതിഫലം നൽകണമെന്നുമുള്ള നിയമം 1915-ൽ കൊ ച്ചിയിൽ നിലവിൽ വന്നു. 1938 ലെ പതിനഞ്ചാം നമ്പർ ആക്ട് പ്രകാരം ജന്മിയ്ക്ക് താമസിക്കുന്നതിനോ, കുടിയാൻ വസ്തുവകകളിൽ നാശ നഷ്ടം വരുത്തുന്ന സന്ദർഭത്തിലോ മാത്രമേ കുടിയാനെ ഒഴിപ്പിക്കാ വൂ എന്ന വ്യവസ്ഥ വന്നു. 1943-ൽ വെറും പാട്ടനിയമവും ദേവസ്വം വെറും പാട്ടനിയമവും നടപ്പിൽ വന്നു. 1947-ൽ ഒഴിപ്പിക്കൽ നിരോധി ച്ചു കൊണ്ടുള്ള ശാസനയുണ്ടായി. തുടർന്നു 1949 ലെ രണ്ടു കൃഷി വിജ്ഞാപനം, 1950 ലെ കൈവശ ഭൂമിനിയമം, 1955 ലെ തിരു-കൊച്ചി കുടികിടപ്പ് ഒഴിപ്പിക്കൽ നിരോധനനിയമം, 1956 ലെ തിരു-കൊച്ചി കു ടിയായ്മ നഷ്ടപരിഹാര നിയമം എന്നിവ നിലവിൽ വന്നു.

► നിരവധി നിയമങ്ങൾ

മലബാറിൽ 1784 - 1785-ൽ ഹൈദർ സെറ്റിൽമെന്റ് നടപ്പിലാക്കി. 1807 ലെ താക്കറെ റിപ്പോർട്ട്, 1813 ലെ തോമസ് വാർഡൻ റിപ്പോർ ട്ട്, 1881 ലെ വില്യം ലോഗൻ റിപ്പോർട്ട്, 1884 ലെ സർ ടി. മാധവറാ വു, ലോഗൻ വിഗ്രാം, സി. ശങ്കരൻനായർ, ടി. കരുണാകരമേനോൻ എന്നിവരുൾപ്പെട്ട സ്പെഷ്യൽ കമ്മീഷൻ റിപ്പോർട്ട് എന്നിവ ബ്രിട്ടീഷ് ഭരണകാലത്തെ മലബാറിലെ ഭൂപരിഷ്കരണ നിയമങ്ങളെക്കുറിച്ച് തെളിവു നൽകുന്നു. 1920-ൽ മലബാറിലുണ്ടായ കുടിയാൻ പ്രക്ഷോ ഭത്തെത്തുടർന്നു 1924-ൽ ദിവാൻ ബഹദൂർ കൃഷ്ണൻനായർ അവ തരിപ്പിച്ച ബില്ലിൻ പ്രകാരം ആറുവർഷം ഭൂമി കൈവശം വെച്ച കുടി യാനു സ്ഥിരാവകാശം നൽകണമെന്നു പറയുകയുണ്ടായി. 1946 ലെ മദ്രാസ് 17-ാം നമ്പർ ആക്ട് കുടിയൊഴിപ്പിക്കൽ, വസ്തു വിൽക്കൽ എന്നിവ നിരോധിച്ചു. 1949, 1950, 1951, 1954, 1956 എന്നീ കാലങ്ങളിലും കുടിയാന്മാർക്കു അനുകൂലമായ നിയമങ്ങളുണ്ടായി.

► മലബാറിലെ നിയമങ്ങൾ

1950-ൽ തിരുകൊച്ചിയിൽ കുടിയായ്മ ഒഴിപ്പിക്കൽ നിയമം നില വിൽ വന്നു. 1954-ൽ മലബാറിൽ മലബാർ കുടിയായ്മ ഭേദഗതി നിയ മവും തിരു-കൊച്ചിയിൽ ഭൂവുടമസ്ഥ - കൈവശാവകാശ നിയന്ത്രണ നിയമവും നിലവിൽ വന്നു. 1955 ലാണ് തിരു-കൊച്ചിയിൽ കാണം കുടിയാൻ നിയമം നിലവിൽ വരുന്നത്. 1957-ൽ ഒഴിപ്പിക്കൽ നടപടി

Remove Watermark Now

▶ ഭൂപരിഷ്കരണ നിയമം

നിർത്തിവെയ്ക്കൽ ആകും തുടർന്ന് കേരള ഭൂനികുതി നിയമവും കേരള ഭൂസംരക്ഷണ നിയമവും കേരള ഭൂതിരസ്കാര നിയമവും കേരള കാർഷിക ബന്ധനിയമവും നിലവിൽ വന്നു. ഇതിൽ ഏറെ പ്രധാനപ്പെട്ടതാണ് 1957 ലെ ഒഴിപ്പിക്കൽ നിരോധനനിയമവും 1959 ലെ ഭൂപരിഷ്കരണ നിയമവും.

1959 ജൂൺ പത്താം തീയതിയാണ് ഐക്യകേരളത്തിലെ ആദ്യത്തെ ഭൂപരിഷ്കരണ നിയമം നിയമസഭയിൽ പാസാക്കപ്പെട്ടത്. കേരള കാർഷിക ബന്ധബിൽ (Kerala Agrarian Relations Bill, 1957) എന്നറിയപ്പെടുന്ന ഈ ബിൽ പ്രകാരം കൈവശഭൂമിയ്ക്ക് പരിധി നിശ്ചയിക്കുകയും പാട്ടവ്യവസ്ഥകൾ റദ്ദാക്കുകയും ചെയ്തു. എല്ലാ കുടിയാന്മാർക്കും കുടിയായ്മ അവകാശവും സ്ഥിരാവകാശവും നൽകുക, ഒഴിപ്പിക്കൽ പൂർണ്ണമായി തടയുക, ഭൂമിയില്ലാത്ത കർഷക തൊഴിലാളികൾക്കും ദളിത് പിന്നോക്ക വിഭാഗങ്ങൾക്കും മിച്ചഭൂമി വിതരണം ചെയ്യുക, ജന്മിത്തം അവസാനിപ്പിക്കുക എന്നിവയായിരുന്നു ബില്ല് മുന്നോട്ടു വെച്ച പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. 1957-ൽ പാസാക്കിയ ബില്ലിൽ ഒരു അഞ്ചംഗ കുടുംബത്തിന് കൈവശം വയ്ക്കാൻ കഴിയുന്ന ഭൂമിയ്ക്ക് പരിധി നിശ്ചയിക്കുകയും അധികമായി വരുന്ന ഭൂമി സർക്കാർ ഏറ്റെടുത്ത് അർഹരായവർക്ക് വിതരണം ചെയ്യുമെന്നും വ്യവസ്ഥ വന്നു. എന്നാൽ തോട്ടങ്ങളെ ബില്ലിൽ നിന്നും ഒഴിവാക്കിയിരുന്നു. ബിൽ നിയമസഭയിൽ പാസാക്കി രാഷ്ട്രപതിയ്ക്ക് അയച്ചെങ്കിലും 1959 ലെ വിമോചനസമരത്തെ തുടർന്ന് മന്ത്രിസഭ പിരിച്ചു വിടുകയും വീണ്ടും രാഷ്ട്രപതി ഭരണം നടപ്പിലാവുകയുമുണ്ടായി.

▶ വിമോചന സമരം

1963-ൽ ആർ. ശങ്കർ മന്ത്രിസഭയുടെ കാലത്ത് കേരള ഭൂപരിഷ്കരണ നിയമം (Kerala Land Reforms Act, 1963) എന്ന പേരിൽ കേരള നിയമസഭ ഒരു പുതിയ നിയമം പാസാക്കി. 1964-ലെ 1-ാം നിയമം എന്നു പറയുന്ന പ്രസ്തുത നിയമം, 1964-ലെ 17-ാം ഭരണഘടനാഭേദഗതി മുഖേന ഭരണഘടനയുടെ 9-ാം പട്ടികയിൽപ്പെടുത്തി സംരക്ഷിക്കുകയും ചെയ്തു. കൃഷിക്കാരുടെ താൽപര്യത്തിനെതിരായ പല വകുപ്പുകളും പ്രസ്തുത നിയമത്തിൽ ഉണ്ടായിരുന്നു.

▶ ഭൂപരിഷ്കരണ നിയമം പാസ്സാക്കി

പുതിയ ഭൂപരിഷ്കരണനിയമവും പഴയ കാർഷികബന്ധനിയമവും തമ്മിൽ സമാനതകളുണ്ടെന്നു തോന്നുമെങ്കിലും ഉള്ളടക്കത്തിൽ ഇരു നിയമങ്ങളും തമ്മിൽ വലിയ അന്തരമുണ്ട്. കുടിയായ്മയുടെ സ്ഥിരാവകാശം, മര്യാദപാട്ടം, പാട്ടബാക്കികാര്യം, ഒഴിപ്പിക്കൽ, ഉടമാവകാശം വാങ്ങുന്നതിന് കുടിയാൻ കൊടുക്കേണ്ടതായ പ്രതിഫലം, കുടികിടപ്പവകാശം, പരിധിനിർണ്ണയം തുടങ്ങിയ പ്രശ്നങ്ങളിലെല്ലാം പുതിയനിയമം പഴയതിൽ നിന്ന് പുറകോട്ട് പോയിട്ടുണ്ട്. കാർഷിക ബന്ധനിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന ചില സംരക്ഷണനടപടികളും മറ്റും വലിയ ഒരു വിഭാഗം കുടിയാൻമാർക്ക് പുതിയ നിയമം മൂലം നഷ്ടമായി. നിയമത്തിലെ ഭൂപരിധി സംബന്ധിച്ചും ഉടമാവകാശം കുടിയാൻ വാങ്ങുന്നതിനെ സംബന്ധിച്ചുമുള്ള വകുപ്പുകൾ ഒഴികെ മറ്റെല്ലാവകുപ്പുകളും 1961 ഫെബ്രുവരി 15-ാം തീയതി പ്രാബല്യത്തിൽ വന്നു. ഭേദഗതി ചെയ്യപ്പെട്ട കാലയളവിൽ മാത്രം കേരളത്തിൽ 18 ലക്ഷത്തോളം പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യ

Remove Watermark Now

പ്പെട്ടിരുന്നു. പ്രസ്തുത ന്യൂനതകൾക്കുപുറമെ ട്രൈബ്യൂണലുകളുടെ ഘടനയിൽ വരുത്തിയ മാറ്റത്തിന്റെ ഫലമായി കേസുകൾ എളുപ്പത്തിൽ തീരാതെയുമായി. കാർഷിക ബന്ധനിയമം ഭരണഘടനയുടെ 9-ാം പട്ടികയിൽപെടുത്തി സംരക്ഷിക്കണമെന്ന് കർഷകസംഘടനകൾ നിരന്തരം ആവശ്യപ്പെട്ടുവെങ്കിലും, കോടതിയിലുള്ള കേസുകൾ കഴിയുന്നതുവരെ കാത്തിരിക്കുക എന്ന നയമാണ് കേന്ദ്രഗവൺമെൻറ് അനുവർത്തിച്ചത്. തത്ഫലമായി കാർഷിക ബന്ധനിയമത്തിലെ പല വകുപ്പുകളും കേരള ഹൈക്കോടതിയും സുപ്രിംകോടതിയും റദ്ദ് ചെയ്തു. ഇപ്രകാരം പല ന്യൂനതകളും നിയമത്തിൽ ഉണ്ടായിരുന്നു.

▶ നിയമത്തിലെ ന്യൂനതകൾ

1967 ലെ സപ്തകക്ഷി മുന്നണി സർക്കാർ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഭൂപരിഷ്കരണ ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. വീണ്ടും ഒരു വർഷം കഴിഞ്ഞാണ് സെലക്ട് കമ്മിറ്റി റിപ്പോർട്ട് വന്നത്. 32 മാസം ഭരണത്തിലിരുന്ന സപ്തകക്ഷി മുന്നണി സർക്കാർ രാജിവെക്കുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് മാത്രമാണ് ബിൽ നിയമസഭ പാസാക്കിയത്. അതിനുശേഷം 1969 നവംബർ ഒന്നിന് കോൺഗ്രസ് പിന്തുണയോടെ അധികാരത്തിൽ വന്ന സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 1970 ജനുവരി ഒന്നിന്, ഭൂപരിഷ്കരണ ഭേദഗതി നിയമത്തിന് പ്രസിഡന്റിന്റെ അനുമതി നേടി.

▶ ഭൂപരിഷ്കരണ ഭേദഗതി നിയമം

1969-ലെ ഭേദഗതിയിൽ സംസ്ഥാനത്തെ കാർഷിക ബന്ധങ്ങളിൽ വലിയ മാറ്റങ്ങളുണ്ടായി. കുടികിടപ്പുകാർക്ക് പഞ്ചായത്തുകളിൽ പത്ത് സെന്റ്, മുനിസിപ്പാലിറ്റിയിൽ അഞ്ച് സെന്റ്, കോർപ്പറേഷനുകളിൽ 3 സെന്റ് എന്നിങ്ങനെ അവരുടെ കുടികിടപ്പുഭൂമിയിൽ ഉടമസ്ഥാവകാശം ലഭിച്ചു. സംസ്ഥാനത്ത് ജന്മിത്ത സമ്പ്രദായം പൂർണ്ണമായും അവസാനിപ്പിച്ചു. അതിന്റെ ഫലമായി ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകർക്ക് ലഭിക്കുകയും ചെയ്തു. കൈവശഭൂമിക്ക് പരിധി നിർണയം വരികയും അധികഭൂമി അഥവാ മിച്ചഭൂമി ഭൂരഹിതരായ കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാനുള്ള തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്തു. ഇതിന്റെ ഫലമായി കുടിയാന്മാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിച്ചു.

▶ കുടിയാന്മാർക്ക് ഉടമസ്ഥാവകാശം

ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിലും ധാരാളം വെല്ലുവിളികൾ ഉണ്ടായിരുന്നു. അതിൽ പ്രധാനം സർക്കാരിന് മിച്ചഭൂമി കണ്ടെത്താനുള്ള രേഖകൾ പലയിടത്തും അപര്യാപ്തമായിരുന്നു എന്നതായിരുന്നു. എങ്കിലും നിയമപരവും പ്രായോഗികവുമായ എല്ലാ കടമ്പകളും തരണം ചെയ്ത് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി. ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് രണ്ട് സുപ്രധാന നിയമങ്ങൾകൂടി ഐക്യമുന്നണി മന്ത്രിസഭ നടപ്പിലാക്കി. 1972 ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ആക്ടും 1974 ലെ കേരള കർഷകത്തൊഴിലാളി നിയമവുമായിരുന്നു അവ.

▶ 1972 ലെ ഭേദഗതി

## 4.3.3 വിമോചനസമരം

1959 ലെ ഇ.എം.എസ്. മന്ത്രിസഭയുടെ പിരിച്ചുവിടലിന് കാരണമായ ഒരു പ്രക്ഷോഭമായിരുന്നു വിമോചന സമരം. വിമോചന സമരം

Remove Watermark Now

എന്നറിയപ്പെടുന്ന ആ പ്രക്ഷോഭം എൻ.എസ്.എസ്. നേതാവായ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ ജൂൺ 12-ാം തീയതി ആരംഭിച്ചു. കോൺഗ്രസ്, പി.എസ്.പി, ആർ.എസ്.പി, മുസ്ലീം ലീഗ് തുടങ്ങിയ കേരളത്തിലെ കമ്മ്യൂണിസ്റ്റിതര കക്ഷികളെല്ലാം അതിൽ പങ്കെടുത്തു. പ്രക്ഷോഭം ഗുരുതരമായപ്പോൾ അങ്കമാലി, പുല്ലുവിള, വെട്ടുകാട്, ചെറിയതുറ എന്നിവിടങ്ങളിൽ പോലീസ് വെടിവെയ്പ്പുണ്ടായി. വെടിവെയ്പ്പുകളിൽ ആകെ 15 പേർ മരിച്ചു. തുടർന്ന് കേരള മന്ത്രിസഭ പ്രതിസന്ധിയിലാവുകയും 1959 ജൂലൈ 31 ന് കേരളത്തിന്റെ ഭരണം രാഷ്ട്രപതി ഏറ്റെടുക്കുകയും ചെയ്തു.

► രാഷ്ട്രപതി ഭരണം

## 4.3.4 മിച്ചഭൂമി പ്രക്ഷോഭം

1957-ൽ ഇ.എം.എസ്. സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമം വിമോചനസമരത്തെ തുടർന്ന് അന്നത്തെ മന്ത്രിസഭയ്ക്ക് നടപ്പിലാക്കാൻ കഴിഞ്ഞില്ല. പിന്നീട് 1970-ൽ സി. അച്യുതമേനോന്റെ കാലത്താണ് ഭൂപരിഷ്കരണ നിയമം നടപ്പിലായത്. അപ്പോഴും ബില്ലിൽ നിഷ്കർഷിക്കുന്ന പ്രകാരം കൈവശമുള്ള അധികഭൂമി വിട്ടു നൽകാൻ ഉടമകൾ തയ്യാറായിരുന്നില്ല. അതിനെ തുടർന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇടപെടുകയും 1970-ൽ എ.കെ.ജി. യുടെ നേതൃത്വത്തിൽ മിച്ചഭൂമി സമരം നടക്കുകയും ചെയ്തു. 1970 മെയ് 23 ന് സമര പ്രഖ്യാപനമുണ്ടായി. 1970 മെയ് 25 ന് എ.കെ.ജിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം രാജാവിന്റെ കൈവശം ഉണ്ടായിരുന്ന മുടവൻമുകൾ കൊട്ടാരം കൈയ്യേറി കൊണ്ടായിരുന്നു പ്രക്ഷോഭത്തിന്റെ തുടക്കം. പിന്നീട് ഇത് സംസ്ഥാനമൊട്ടാകെ വ്യാപിച്ചു. ഇതിന്റെ ഭാഗമായി ഭൂമി പിടിച്ചെടുക്കുകയും അവയുടെ വിതരണത്തിനു വേണ്ട ശ്രമങ്ങൾ നടക്കുകയുമുണ്ടായി.

► എ.കെ.ജി യുടെ നേതൃത്വം

## 4.3.5 മന്ത്രിസഭകൾ, മുഖ്യമന്ത്രിമാർ

ഐക്യകേരളം നിലവിൽ വന്നതോടെ നാട്ടുരാജ്യങ്ങളുടെ ഭരണം ഇല്ലാതാവുകയും സംസ്ഥാനത്തിന് ആകെയുള്ള മന്ത്രിസഭ അധികാരത്തിലെത്തുകയും ചെയ്തു. 1957 ഏപ്രിൽ അഞ്ചിന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ മന്ത്രിസഭ അധികാരമേറ്റു. വി.ആർ. കൃഷ്ണയ്യർ, ഡോ. എ.ആർ. മേനോൻ, ജോസഫ് മുണ്ടശ്ശേരി മുതലായ പ്രഗല്ഭരുടെ നിര ഒന്നാം മന്ത്രിസഭയിൽ ഉണ്ടായിരുന്നു. ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസനിയമം തുടങ്ങി കേരളീയ വികസനത്തിനും സാമൂഹ്യപുരോഗതിക്കും കാരണമായ പല തീരുമാനങ്ങളും മന്ത്രിസഭ എടുത്തു. എന്നാൽ വിമോചനസമരത്തെ തുടർന്ന് മന്ത്രിസഭയ്ക്ക് കാലാവധി പൂർത്തിയാക്കാനോ ഏറ്റെടുത്ത വലിയ ലക്ഷ്യങ്ങളിലേക്ക് പൂർണ്ണമായി എത്താനോ കഴിഞ്ഞില്ല. എങ്കിലും കേരളത്തിന് കൃത്യമായ ധാരണയോടെ മുന്നേറാനുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുത്താൻ ഇ.എം.എസ്. സർക്കാരിന് കഴിഞ്ഞു.

► ആദ്യ ഇ. എം. എസ്. മന്ത്രിസഭ

നിലവിൽ അധികാരത്തിലിരിക്കുന്ന, പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ കേരളത്തിലെ പതിനഞ്ചാം നിയമസഭയുടെ ഭാഗമാണ്. പട്ടം താണുപിള്ള, ആർ. ശങ്കർ, സി. അച്യുതമേനോൻ, കെ. കരുണാകരൻ, എ.കെ. ആൻറണി, പി.കെ. വാസുദേവൻ നായർ, സി.എച്ച്. മുഹമ്മദ് കോയ, ഇ.കെ. നായനാർ, ഉമ്മൻചാണ്ടി, വി.എസ്.

Remove Watermark Now

അച്യുതാനന്ദൻ തുടങ്ങിയവരും കേരളത്തിലെ മുഖ്യമന്ത്രിമാരായിട്ടുണ്ട്. ഇ.എം.എസ്, സി. അച്യുതമേനോൻ, കെ. കരുണാകരൻ, എ.കെ. ആൻറണി, ഇ.കെ. നായനാർ, ഉമ്മൻചാണ്ടി, പിണറായി വിജയൻ എന്നിവർ ഒന്നിലേറെ തവണ മുഖ്യമന്ത്രിമാരായവരാണ്. വിവിധ മന്ത്രിസഭകളിലായി പ്രഗല്ഭരായ നിരവധിപേർ ഭരണസാരഥ്യം കയ്യാളിയിരുന്നു. കേരളത്തിന്റെ വികസനത്തിനും ക്ഷേമത്തിനുമായി നിരവധി പദ്ധതികൾ അതതു കാലങ്ങളിൽ നടപ്പാക്കപ്പെട്ടു. പെൻഷൻ, റേഷൻ തുടങ്ങിയ നിരവധി ക്ഷേമപദ്ധതികളും റോഡുകളും പാലങ്ങളും ആരോഗ്യസംവിധാനങ്ങളും അടക്കമുള്ള വികസനപ്രവർത്തനങ്ങളും സാക്ഷരത, ജനകീയാസൂത്രണം, നവകേരള മിഷൻ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളും ഇതിൽ ഉൾക്കൊണ്ടിട്ടുണ്ട്.

▶ മുഖ്യമന്ത്രിമാർ

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറവ് വർഗീയ കലാപങ്ങൾ നടന്ന സ്ഥലമാണ് കേരളം. അഴിമതി ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലൊന്നുമാണ്. വീടില്ലാത്ത എല്ലാവരെയും ലക്ഷ്യംവെച്ചുള്ള സമ്പൂർണ്ണ പാർപ്പിടപദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം, സമ്പൂർണ്ണ വെളിയിടവിസർജനമുക്ത സംസ്ഥാനം, ട്രാൻസ്ജെൻഡർ പോളിസി ആദ്യമായി നടപ്പാക്കുന്ന സംസ്ഥാനം തുടങ്ങി നിരവധി ശ്രദ്ധേയ നേട്ടങ്ങളിലേക്ക് കേരളം നടന്നുകയറി. രാജ്യത്ത് ഏറ്റവും കുറഞ്ഞ ദാരിദ്ര്യനിരക്കും ശിശുമരണനിരക്കും കേരളത്തിലാണ്. ഇങ്ങനെ വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, താമസസൗകര്യം, ആയുർദൈർഘ്യം, സാമൂഹിക സുരക്ഷ, ലിംഗസമത്വം, വരുമാനം തുടങ്ങി സാമൂഹിക ജീവിതത്തിലെ ഏതു സൂചികകളിലും വികസിതരാജ്യങ്ങളോട് കിടപിടിക്കുന്ന നാടായി കേരളത്തെ മാറ്റിയത് ജനങ്ങൾക്കൊപ്പം നിന്ന് നാടിനെ നയിച്ച മന്ത്രിസഭകളും മുഖ്യമന്ത്രിമാരുമാണ്.

▶ ഭരണനേട്ടങ്ങൾ

## 4.3.6 അടിയന്തരാവസ്ഥ

ജനാധിപത്യത്തിന്റെ ശരിയായ പ്രയോഗം നമ്മുടെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും പ്രത്യേകതയാകുമ്പോൾ തന്നെ ചില അപവാദങ്ങളും അവയ്ക്കുണ്ട്. 1975 ജൂൺ 25 അർധരാത്രിയോടെ ഭരണഘടനയുടെ 352-ാം വകുപ്പ് ഉപയോഗിച്ച് പ്രഖ്യാപിച്ച അടിയന്തരാവസ്ഥ അതിൽ പ്രധാനപ്പെട്ടതാണ്. അന്ന് ജനാധിപത്യത്തിന്റെ എല്ലാ സംവിധാനങ്ങളും നിശബ്ദമാക്കപ്പെട്ടു. പൗരന്മാരുടെ മൗലികാവകാശങ്ങൾ റദ്ദ് ചെയ്യപ്പെട്ടതോടെ രാജ്യമാകെ തന്നെ ഒരു തടവറയുടെ പ്രതീതി സൃഷ്ടിക്കപ്പെട്ടു. മാധ്യമങ്ങൾ കടുത്ത സെൻസർഷിപ്പിന് വിധേയമായതിനാൽ തന്നെ ഭരണകൂട വേട്ടയാടലുകളുടെ കഥകളൊന്നും കാര്യമായി പുറത്തുവന്നില്ല. പ്രമുഖരായ പ്രതിപക്ഷ നേതാക്കളെല്ലാം തടവറയിലടക്കപ്പെട്ടു.

▶ ജനാധിപത്യം റദ്ദ് ചെയ്യപ്പെട്ട കാലം

അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് വേണ്ടത്ര കൂടിയാലോചനകളോ അന്വേഷണമോ നടത്തിയിട്ടായിരുന്നില്ല. പല മന്ത്രിമാരും പ്രധാന ഉദ്യോഗസ്ഥരും അടിയന്തരാവസ്ഥ പ്രഖ്യാപനം അറിഞ്ഞത് മാധ്യമങ്ങളിലൂടെയായിരുന്നു. അടിയന്തരാവസ്ഥ അധികാരത്തിന്റെയും നിയമത്തിന്റെയും ദുരുപയോഗമായിരുന്നു എന്നാണ് അടിയന്തരാവസ്ഥയുടെ അതിക്രമങ്ങൾ അന്വേഷിച്ച ജസ്റ്റിസ് ഷാ കമ്മീഷൻ അഭി

പ്രായപ്പെട്ടത്. കേരളത്തിലും ജനാധിപത്യം നിശ്ചലമായ സ്ഥിതിയായിരുന്നു. പ്രമാദമായ രാജൻ കേസടക്കം ഭരണകൂടം സ്പോൺസർ ചെയ്ത നിരവധി ക്രൂരതകൾ അക്കാലത്ത് അരങ്ങേറി. രാജ്യമാകെ ഒരു ലക്ഷത്തിലേറെ ആളുകളെ ഒരു കേസുമില്ലാതെ അറസ്റ്റ് ചെയ്ത് പീഡിപ്പിച്ചതായി ഷാ കമ്മീഷൻ പിന്നീട് കണ്ടെത്തി. വിദ്യാർഥികൾ മുതൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ അടിയന്തരാവസ്ഥക്കെതിരെ വലിയ പ്രതിഷേധങ്ങൾ ഉയർത്തിയിരുന്നു.

▶ ജനാധിപത്യം നിശ്ചലം

അടിയന്തരാവസ്ഥയെ അനുകൂലിച്ചിരുന്നവർക്ക് അവരുടേതായ വാദങ്ങളുണ്ടായിരുന്നു. ഗുണ്ടാ സംഘങ്ങളെയടക്കം അടിച്ചമർത്തിയിരുന്നതിനാൽ നാട്ടിലാകെ അച്ചടക്കമുണ്ടായി എന്നതായിരുന്നു ഒരു പ്രധാന വാദം. കാർഷിക ഉൽപ്പാദനം, വ്യാവസായിക ഉൽപ്പാദനം എന്നിവ വർധിച്ചെന്നും രാജ്യത്തിന്റെ വിദേശ നാണയശേഖരം വർധിച്ചെന്നും അഭിപ്രായമുണ്ടായി. എന്നാൽ ആദ്യം അനുകൂലിച്ചിരുന്ന പലരും പിന്നീട് അടിയന്തിരാവസ്ഥയെ തള്ളിപ്പറഞ്ഞുവെന്നതും ശ്രദ്ധേയമാണ്. 21 മാസത്തെ അടിയന്തരാവസ്ഥ അവസാനിച്ചത് 1977 മാർച്ച് 23നാണ്.

▶ അനുകൂലിക്കലും തള്ളിപ്പറയലും

## 4.3.7 ഗൾഫ് കുടിയേറ്റം

കേരള വികസനത്തിന് ആണിക്കല്ലായി മാറിയ ഗൾഫ് കുടിയേറ്റം ആരംഭിക്കുന്നതും എഴുപതുകളിലാണ്. ഗൾഫ് രാജ്യങ്ങളിൽ സുലഭമായിരുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് എഴുപതുകളുടെ തുടക്കത്തിലുണ്ടായ വിലവർധനവാണ് ഇതിന് കാരണമായത്. മനുഷ്യവിഭവശേഷി പൊതുവെ കുറവായിരുന്ന ഗൾഫ് രാജ്യങ്ങൾ ആ കുറവ് നികത്തിയത് ഏഷ്യൻ രാജ്യങ്ങളിലെ ആളുകളെ ഉപയോഗിച്ചാണ്. ഇന്ത്യക്കാരും അതിൽ തന്നെ മലയാളികളും നല്ലൊരു ശതമാനം ഈ പുതിയ തൊഴിൽശക്തിയിലുണ്ടായി. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്കുണ്ടായിരുന്ന കാർഷിക-വ്യാവസായിക മേഖലകൾ ക്ഷയിക്കാൻ തുടങ്ങിയ കാലത്തുണ്ടായ ഗൾഫ് കുടിയേറ്റം കേരളത്തിന്റെ പ്രധാന വരുമാനമാർഗമായി തീർന്നു.

▶ പ്രവാസത്തിന്റെ തുടക്കം

ഇന്ത്യയിലേക്കെത്തുന്ന വിദേശനാണ്യത്തിന്റെ പ്രധാന പങ്കും ഗൾഫ് രാജ്യങ്ങളിൽ നിന്നായിരുന്നു. ദാരിദ്ര്യ നിർമാർജനത്തിലും സാമൂഹിക നിലവാരം മെച്ചപ്പെടുത്തുന്നതിലും അതിലൂടെ കേരളത്തിന്റെ ജീവിതനിലവാരം മികച്ചതാക്കുന്നതിലും ഗൾഫ് പണത്തിന് കാര്യമായ പങ്കുണ്ട്. വിദ്യാഭ്യാസരംഗത്തും കാര്യമായ മുന്നേറ്റമുണ്ടാക്കാൻ ഗൾഫ് പണത്തിന് സാധിച്ചു. തൊഴിലില്ലായ്മ അതിരൂക്ഷമാകാതെ നോക്കുന്നതിൽ ഗൾഫ് ജോലികൾ വലിയ സഹായമായിരുന്നു. നാട്ടിലെ പ്രധാന ജീവകാരുണ്യപ്രവർത്തനങ്ങളുടെ നേതൃത്വമായും പ്രധാന സ്പോൺസർമാരായും പ്രവാസികളെ കാണാം. സൗദി അറേബ്യ അടക്കമുള്ള ഗൾഫ് രാജ്യങ്ങളിൽ പുതിയതായി വന്ന തൊഴിൽ നിയമങ്ങളുടെ ഭാഗമായി പ്രവാസികളുടെ എണ്ണം മുമ്പത്തേക്കാൾ കുറഞ്ഞിട്ടുണ്ടെങ്കിലും കേരളത്തിന്റെ സാമ്പത്തിക രംഗത്ത് പ്രധാന സ്ഥാനത്ത് ഇപ്പോഴും ഗൾഫ് പ്രവാസികളുണ്ട്.

▶ പ്രവാസം കൂടി സൃഷ്ടിച്ച നാട്

Remove Watermark Now

## 4.3.8 കേരള മോഡൽ

ഭൂമിശാസ്ത്രപരമായി മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന ചെറുതാണെങ്കിലും സാമൂഹിക-വിദ്യാഭ്യാസ രംഗങ്ങളിൽ എല്ലാവർക്കും മാതൃകയായി കേരളം നിലകൊള്ളുന്നു. പല വികസിതരാജ്യങ്ങളിലെയും ഭൗതികസൗകര്യങ്ങളോട് താരതമ്യപ്പെടുത്താവുന്ന സാഹചര്യം കേരളത്തിലുണ്ട്. സാക്ഷരതാപ്രസ്ഥാനത്തിലൂടെ മിക്ക കേരളീയർക്കും അടിസ്ഥാനവിദ്യാഭ്യാസം നൽകാനായി. ഭൂപരിഷ്കരണനിയമം നടപ്പാക്കിയതിലൂടെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചു. ഇന്ത്യയിലെ ഏറ്റവും ഉയർന്ന ആയുർദൈർഘ്യം കേരളത്തിലാണ്. വൈദ്യുതി, കുടിവെള്ളം എന്നിവയും മിക്ക കുടുംബങ്ങളിലും ലഭ്യമാക്കാൻ കേരളത്തിനായിട്ടുണ്ട്. സമത്വം, അധികാര വികേന്ദ്രീകരണം, ജനസംഖ്യാനിയന്ത്രണം തുടങ്ങിയവയും കേരള വികസനത്തിന്റെ പ്രധാന ഘടകങ്ങളാണ്. ഇങ്ങനെ അടിസ്ഥാന സൗകര്യങ്ങളുറപ്പുവരുത്തുന്നതിൽ ഏറെ മുന്നോട്ടുപോകാൻ കേരളത്തിനായിട്ടുണ്ട്.

▶ വികസിത നാട്

അടിസ്ഥാന മേഖലയിലെ മേൽക്കൈ സംസ്ഥാനത്തിന് മൊത്തത്തിലുള്ള വളർച്ചയ്ക്ക് മുതൽക്കൂട്ടായി എന്ന് പറയാനാവില്ല. കൃഷി അടക്കമുള്ള പാരമ്പര്യതൊഴിലുകൾ ഇന്ന് തകർച്ചയിലാണ്. കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളും മാറിയ കാലത്തിനനുസരിച്ച് മുന്നോട്ട് പോകാനാകാതെ കിതയ്ക്കുകയാണ്. വലിയ വ്യവസായങ്ങളോ യുവജനങ്ങൾക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽലഭ്യതയോ കേരളത്തിൽ കാര്യമായി ഇല്ല. ഭൂപരിഷ്കരണത്തിൽ യഥാർഥത്തിൽ കൃഷി ചെയ്തിരുന്നവർ ഭൂവുടമസ്ഥതയിൽ നിന്ന് പുറത്തായി എന്ന വിമർശനം പുതിയ കാലത്ത് സജീവമായി ഉന്നയിക്കപ്പെടുന്നുണ്ട്. ഇത്തരം പോരായ്മകളെ കൂടി കേരളമോഡൽ കാഴ്ചപ്പാട് അഭിമുഖീകരിക്കേണ്ടതുണ്ട്.

▶ കേരള മോഡലിന്റെ പരാധീനതകൾ

## 4.3.9 കേരളത്തിന്റെ മതവൽക്കരണം

ഇന്ത്യയുടെ പല ഭാഗത്തും മതത്തിന്റെ അടിസ്ഥാനത്തിലുള്ള വൈരം ശക്തിപ്രാപിച്ചപ്പോഴും കേരളം ശാന്തമായി നിലനിന്നു. മതത്തിന്റെ പേരിലുള്ള കലാപങ്ങളും അക്രമങ്ങളും താരതമ്യേന കുറവാണ്. ഒരു സ്ഥലത്തു തന്നെ വിവിധ മതസ്ഥർ വീടുവെച്ച് താമസിച്ചും ആഘോഷങ്ങൾ എല്ലാവരുടേതുമാക്കിയുമുള്ള സാംസ്കാരികസമന്വയം കേരളത്തിൽ ഉണ്ട്. കേരളത്തിന്റെ സഹിഷ്ണുതയിലൂന്നിയ ഈ മതപാരമ്പര്യം അപകടത്തിലാകുന്ന സാഹചര്യമാണ് ഇന്നുള്ളത്. വിവിധ മതവിഭാഗങ്ങൾക്കിടയിൽ വിദ്വേഷം വളർത്താനുള്ള ബോധപൂർവമായ പരിശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. യാഥാസ്ഥിതിക മതചിന്തയെ തങ്ങളുടെ സ്വാർഥലാഭത്തിന് ഉപയോഗിക്കുന്ന പ്രവണത ഏറിവരുന്നു.

▶ മതവൈരം

അന്യമതസ്ഥരെ എതിരാളികളായി കാണുന്ന പ്രത്യയശാസ്ത്രം പിൻപറ്റുന്ന ഒരു കൂട്ടം ഇന്ന് കേരളത്തിലെ എല്ലാ മതങ്ങളിലുമുണ്ട്. വലിയൊരു വിഭാഗം യുവജനങ്ങൾ പോലും ഇത്തരം സംഘടനകളുടെ കെണിയിലാണ്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ദുരുപയോഗം ചെയ്യാനുള്ള പ്രവണതയും കണ്ടുവരുന്നു. കേരളത്തിൽ ഇന്ന്

Remove Watermark Now

അതത് മതവിഭാഗങ്ങൾക്ക് മാത്രമായുള്ള സ്കൂളുകൾ വ്യാപകമാണ്. ചെറിയ പ്രായം തൊട്ടേയുള്ള ഇടകലരലുകളും കൊടുക്കൽ വാങ്ങലുകളും ഇതോടെ അന്യമാവുകയും തങ്ങൾ മാത്രം ശരി എന്ന നിലപാടിലേക്ക് കുട്ടികൾ എത്തുകയും ചെയ്യുന്നു. മനുഷ്യജീവിതത്തെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളിൽ പോലും നിസ്സംഗമായി പ്രതികരിക്കുകയും സ്വന്തം മതത്തിന് എതിരെ വരുന്ന ക്രിയാത്മക വിമർശനത്തെ പോലും അസഹിഷ്ണുതയോടെ നേരിടുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇങ്ങനെ ഒരുതരം പുതിയ മതസങ്കുചിത ബോധമാണ് കേരളത്തിൽ ഇന്ന് കാണാനാവുക.

▶ മതസങ്കുചിത ബോധം

## 4.3.10 നവയാഥാസ്ഥിതികത്വവും ജാതിബോധവും

നവോത്ഥാനം ഉഴുതുമറിച്ച മണ്ണെന്ന് നാം അഭിമാനിക്കുന്ന കേരളം ഇന്ന് യാഥാസ്ഥിതികത്വവും ജാതീയതയും നിറഞ്ഞുനിൽക്കുന്ന നാടു കൂടിയാണ്. വിദ്യാഭ്യാസവും അതുവഴിയുള്ള ശാസ്ത്രപരിചയവും മനുഷ്യനെ യുക്തിപൂർവം ചിന്തിപ്പിക്കുന്നതിനേക്കാൾ പുതിയ ചിട്ടകളും രീതികളും പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. കേവല വിശ്വാസം അന്ധമായ രീതികളിലേക്കും കാലങ്ങളായുള്ള ആചാരങ്ങൾ പരിഷ്കരിക്കപ്പെട്ട് അനാചാരങ്ങളിലേക്കും നീങ്ങുന്നു. വിശ്വാസം ഏറ്റവും വലിയ കച്ചവടവസ്തുവാകുകയും സമൂഹത്തിലെ വലിയൊരു വിഭാഗം അതിന്റെ ഉപഭോക്താക്കൾ ആവുകയും ചെയ്യുന്നു. പെട്ടെന്ന് പണമുണ്ടാക്കാനായി എന്ത് തട്ടിപ്പിലും പോയി വീഴുന്ന മലയാളികൾ അത്തരം കാര്യങ്ങളിലൊന്നും യുക്തിവച്ചുള്ള ആലോചനകൾക്കു പലപ്പോഴും തയ്യാറാകുന്നില്ല. സ്ത്രീകൾ, മറ്റ് ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരെല്ലാം പുരുഷാധിപത്യം നിർമ്മിച്ച പുതിയ നിയന്ത്രണങ്ങൾക്കുള്ളിലാണ്. ഇത്തരം പുതിയ രീതികൾക്ക് പലപ്പോഴും ജാതിയുടെ സംരക്ഷണം മേമ്പൊടിയായുണ്ട് എന്നതും ശ്രദ്ധേയമാണ്.

▶ നവയാഥാസ്ഥിതികത്വം

ജാതി ഇന്ത്യയെ സംബന്ധിച്ച് ഇന്നും യാഥാർഥ്യമായ ഒന്നാണ്. സാമൂഹ്യവികാസത്തിന്റെ മുഴുവൻ മേഖലകളിലും ശക്തമായ ഇടപെടൽ ജാതി ഇന്നും നടത്തുന്നു. കേരളവും ഇതിൽനിന്ന് ഭിന്നമല്ല. കേരള സംസ്കാരം അതിന്റെ നിർമ്മിതിയിൽ തന്നെ ജാതീയമായിരുന്നു. വീടിനു പുറത്ത് ജാതിരഹിതരായി ജീവിക്കുമ്പോൾ തന്നെ വീടിനുള്ളിൽ മലയാളി ഇന്നും ജാത്യാചാരങ്ങളാൽ മുദ്രിതനാണ്. എല്ലാ ചടങ്ങുകളിലും ജാതിയുടെയും മതത്തിന്റെയും അദൃശ്യസാന്നിധ്യമുണ്ട്. നവോത്ഥാന നായകർ മുറിച്ചു കളഞ്ഞ ജാതിവാൽ അഭിമാനപൂർവം മലയാളി ഇന്ന് സ്വീകരിക്കുന്നു. സിനിമയിലും സാഹിത്യത്തിലും ജീവിതത്തിലും ഇത്തരക്കാരെ കാണാം. നമുക്ക് ജാതിയില്ല വിളംബരം നടത്തി ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും കേരളമിന്നും ജാതിവിമുക്തമായ നാടായില്ലെന്നു മാത്രമല്ല, ജാതിചിഹ്നങ്ങളെ അഭിമാനത്തോടെ കൊണ്ടുനടക്കുന്ന സ്ഥലം കൂടിയായി തുടരുകയാണ്.

▶ ജാതിയത

Remove Watermark Now

## Summarised Overview

1956-ൽ കേരള സംസ്ഥാനം രൂപപ്പെടുകയും ഇ. എം. എസ്സിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ മന്ത്രിസഭ അധികാരത്തിൽ വരികയും ചെയ്തു. എന്നാൽ വിമോചന സമരത്തെ തുടർന്ന് അവർക്ക് അധികാരം നഷ്ടപ്പെട്ടു. ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് അന്നത്തെ സർക്കാർ സ്വീകരിച്ച നിലപാടുകളായിരുന്നു വിമോചനസമരത്തിലേയ്ക്ക് നയിച്ചത്. തുടർന്ന് 1970-ൽ അധികാരത്തിൽ വന്ന അച്യുതമേനോന്റെ നേതൃത്വത്തിലുള്ള സർക്കാർ പല ഭേദഗതികളോടെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി. എന്നാൽ മിച്ചഭൂമി പിടിച്ചെടുക്കുന്നതിനോ അത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനോ വേണ്ട നടപടി സ്വീകരിക്കാൻ അവർക്ക് സാധിച്ചില്ല. അതിനെ തുടർന്നാണ് എ.കെ.ജിയുടെ നേതൃത്വത്തിൽ മിച്ചഭൂമി പ്രക്ഷോഭം ആരംഭിച്ചത്. കേരള സംസ്ഥാന രൂപീകരണത്തിനു മുമ്പും ശേഷവും ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് അനവധി നിയമങ്ങളും ബില്ലുകളും നിലവിൽ വരികയുണ്ടായി. കേരളത്തിൽ അധികാരത്തിലിരുന്ന മന്ത്രിസഭകൾ കേരള വികസനത്തിന് അതത് കാലങ്ങളിൽ നേതൃത്വം നൽകിയവരാണ്. എന്നാൽ പരിഹരിക്കേണ്ട നിരവധിപ്രശ്നങ്ങൾ ഇനിയും കേരളം അഭിമുഖീകരിക്കുന്നുണ്ട് എന്ന് കാണാം. കാർഷിക വ്യാവസായിക മേഖലകളിൽ ഉൽപ്പാദനം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും അത് പൂർണ്ണമായി ലക്ഷ്യത്തിലെത്തിയിട്ടില്ല. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കേരളത്തിന്റെ മാനുഷിക വിഭവശേഷിയെ സമർഥമായി ഉപയോഗിക്കാനും അത് കൂടിയേതീരൂ. സംസ്ഥാനത്തിന് സ്വന്തമായി സാമ്പത്തിക വിഭവങ്ങൾ കണ്ടെത്താനും വരുമാന നഷ്ടം നികത്താനുള്ള ശ്രമങ്ങൾക്കും ഇത് സഹായകരമാകും. സാമൂഹികജീവിതത്തിൽ ആർജിച്ച നേട്ടങ്ങൾ നഷ്ടപ്പെടുത്താതെ മുന്നോട്ടു കൊണ്ടുപോകുന്നതിലും ഭരണകർത്താക്കളുടെ ജാഗ്രതയ്ക്ക് വലിയ പങ്കുണ്ട്.

ഭരണഘടന ഉറപ്പുനൽകുന്ന മതനിരപേക്ഷ ഫെഡറൽ ജനാധിപത്യതത്വങ്ങൾ പൗരന്മാർക്ക് ഉറപ്പാക്കാൻ കേരളത്തിന് കഴിയേണ്ടതുണ്ട്. ഒരു അടിയന്തരാവസ്ഥയുടെ അനുഭവങ്ങൾ തന്നെ നമ്മെ അതിന് വഴി നടത്തുന്നതാണ്. അടിയന്തരാവസ്ഥയെ അനുകൂലിച്ചവർ എന്ത് വാദങ്ങൾ നിരത്തിയാലും ജനാധിപത്യം കശാപ്പ് ചെയ്യപ്പെടുകയും പൗരാവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുകയും ചെയ്ത കാലഘട്ടമായിരുന്നു അതെന്ന് തെളിഞ്ഞിട്ടുണ്ട്. അമിതമായ മതവൽക്കരണവും ജാതീയതയും തടസ്സമാകാതെ കേരള മോഡലിന് പുതിയ തുടർച്ചകളുണ്ടാകണം.

## Assignments

1. ഐക്യകേരളത്തിലെ ആദ്യ മന്ത്രിസഭയുടെ പ്രധാന ഭരണനേട്ടങ്ങൾ കേരള വികസനത്തിന് അടിത്തറയിട്ടതെങ്ങനെയെന്ന് വിശദീകരിക്കുക.
2. ജനാധിപത്യസംവിധാനത്തിൽ അടിയന്തരാവസ്ഥ പോലുള്ള പ്രഖ്യാപനങ്ങൾ ഏകാധിപത്യ പ്രവണതയിലേക്ക് മാറുന്നതെങ്ങനെയെന്ന് ചർച്ചചെയ്യുക.
3. ഗൾഫ് കുടിയേറ്റം കേരളത്തെ നിർമ്മിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
4. മതം മാനവിക ബോധത്തിനപ്പുറത്ത് അന്യനെ ലക്ഷ്യംവയ്ക്കുന്ന ആയുധമായി കേരളത്തിൽ മാറിയിട്ടുണ്ടോ എന്ന് പരിശോധിക്കുക.
5. ജാതിയും നവയാഥാസ്ഥിതികത്വവും കേരളത്തെ പിറകോട്ടാണ് നയിക്കുന്നത്. വിശദമാക്കുക.

Remove Watermark Now

6. കർഷക പരിഷ്കരണബില്ലും അതിന്റെ പരിമിതികളും - വിശദമാക്കുക.
7. കേരളത്തിൽ നടപ്പിലായ ഭൂപരിഷ്കരണ നിയമങ്ങളുടെ ചരിത്രവും വർത്തമാനകാല പ്രസക്തിയും -വിശദമാക്കുക.
8. മിച്ചഭൂമി പ്രക്ഷോഭം - ഉപന്യാസം തയ്യാറാക്കുക.
9. വിമോചന സമരം - ഉപന്യാസം തയ്യാറാക്കുക.
10. കേരളത്തിൽ നടപ്പിലായ ഭൂപരിഷ്കരണ നിയമത്തിന്റെ സാധ്യതകളും പരിമിതികളും - ഉപന്യാസം തയ്യാറാക്കുക.
11. കേരള വികസനവും മന്ത്രിസഭകളും - ഉപന്യാസം തയ്യാറാക്കുക.
12. സമകാല കേരളത്തിലെ ജാതിയും മതവും - ഉപന്യസിക്കുക.

## Suggested Readings


1. എം.വി. ഗോവിന്ദൻ മാസ്റ്റർ, കർഷക തൊഴിലാളി പ്രസ്ഥാനം:ചരിത്രവും വർത്തമാനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. വി.എസ്. അച്യുതാനന്ദൻ, കേരളത്തിലെ കർഷകത്തൊഴിലാളി പ്രസ്ഥാനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം .
3. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം
4. എൻ.ഇ. ബാലറാം, കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.
5. ഡോ. കെ.കെ.എൻ കുറുപ്പ്, കേരളത്തിലെ കർഷകസമരങ്ങൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.


## References


1. അക്കമ്മ ചെറിയാൻ, 1114 ന്റെ കഥ, ഡി.സി. ബുക്സ്, കോട്ടയം.
2. പ്രകാശ് കാരാട്ട്, മലബാറിലെ കാർഷിക ബന്ധങ്ങളും കർഷകപ്രസ്ഥാനവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. പി.കെ. ബാലകൃഷ്ണൻ, ജാതി വ്യവസ്ഥിതിയും കേരളചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.
4. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.

Remove Watermark Now

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft

Remove Watermark Now

# Unit 4

# കേരളം-ഇരുപത്തൊന്നാം നൂറ്റാണ്ട്

## Learning Outcomes

- സാങ്കേതിക വിദ്യയുടെ ആവിർഭാവവും വളർച്ചയും തിരിച്ചറിയുന്നു
- ആഗോളീകരണവും പ്രത്യാഘാതങ്ങളും മനസ്സിലാക്കുന്നു
- ഉപഭോക്തൃ സമൂഹം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ധാരണ ലഭിക്കുന്നു
- കേരളത്തിലെ കുടുംബം, ലൈംഗികത, സംസ്കാരം എന്നിവയെ മനസ്സിലാക്കുന്നു
- ഇരുപത്തൊന്നാം നൂറ്റാണ്ടിലെ കേരളത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും മനസ്സിലാക്കുന്നു

## Background

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആദ്യ കേരളീയ അച്ചുകൂടം ഉണ്ടായ കാലം തൊട്ട് സജീവമായ മാധ്യമരംഗമാണ് കേരളത്തിനുള്ളത്. വിദേശീയരായ പണ്ഡിതർ മതപ്രചരണവും മറ്റും ലക്ഷ്യമാക്കി തുടങ്ങിയ പത്രമാധ്യമങ്ങളിൽ പതിയെ സാമൂഹിക സാംസ്കാരിക വിഭവങ്ങളും ഇടംനേടി. കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ റേഡിയോ എന്ന ശ്രവ്യമാധ്യമവും പ്രചരണത്തിലായി. ദൃശ്യമാധ്യമങ്ങളുടെ കടന്നുവരവിന് മുമ്പ് കായികമത്സരങ്ങൾ അടക്കമുള്ള പരിപാടികൾ റേഡിയോ കമണ്ടറികളിലൂടെയാണ് മലയാളികൾ പരിചയിച്ചത്. സിനിമ എന്ന ജനപ്രിയസംസ്കാരത്തിന്റെ ഭാഗമായുള്ള ചലച്ചിത്രഗാനങ്ങളുടെ സംപ്രേഷണവും റേഡിയോയ്ക്ക് സ്വീകാര്യത വർധിപ്പിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ടെലിവിഷൻ എന്ന ദൃശ്യമാധ്യമം പ്രചാരത്തിൽ എത്തി. ആദ്യകാലങ്ങളിൽ വിനോദത്തിന് പ്രാമുഖ്യം നൽകിയിരുന്ന ഈ മാധ്യമം ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വാർത്താരംഗത്തേക്ക് കൂടി കടന്നുവരികയും ജനപ്രീതിയും സ്വീകാര്യതയുമുള്ള മാധ്യമമായി മാറുകയും ചെയ്തു. മാധ്യമങ്ങളുടെ ജനാധിപത്യ അടയാളങ്ങളായി സാമൂഹികമാധ്യമങ്ങൾ പിന്നീട് മാറി പരമ്പരാഗത മാധ്യമങ്ങളുടെ എല്ലാത്തരം പരിമിതികളെയും അതിലംഘിച്ച് വളരാനുള്ള ശേഷി അതിന്റെ ഘടനയിൽ തന്നെ ഉൾച്ചേർന്നിട്ടുണ്ട്. ഇങ്ങനെ വിവിധ രൂപങ്ങളിലായി വലിയ ഇടപെടൽ ശേഷിയും സ്വാധീനവും മലയാളിയുടെ ഇടയിൽ ഇന്ന് മാധ്യമങ്ങൾ നേടിയെടുത്തിട്ടുണ്ട്

കേരളത്തിൽ സാങ്കേതികവിദ്യയുടെ ആവിർഭാവവും അച്ചടി മാധ്യമം, ഇലക്ട്രോണിക് മാധ്യമം എന്നിവയുടെ വളർച്ചയും ഇവിടെ വിവരിക്കുന്നു. ഏറ്റവും പ്രചാരത്തിലുള്ള അച്ചടി മാധ്യമമായ പത്രങ്ങളുടെ ഉദയവും വളർച്ചാവികാസവും ഇന്നുവരെയുള്ള പത്രപ്രവർത്തന ചരിത്രവും വിശദമാക്കുന്നു. കേരളത്തിലെ സാങ്കേതികവിദ്യയുടെ വളർച്ചയും പത്രപ്രവർത്തന ചരിത്രവും ഗ്രഹിക്കുന്നു. ആദ്യകാലത്ത് ജനങ്ങളുടെ ശബ്ദമായി മുഴങ്ങിക്കൊണ്ടിരുന്ന പത്രങ്ങൾ വാണിജ്യവൽക്കരിക്കപ്പെടുകയും കമ്പോളത്തിന്റെ ആവശ്യകതകൾക്കനുസരിച്ച് മാറുകയും ചെയ്തുകൊണ്ടിരിയ്ക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ എന്നിവയുടെ

Remove Watermark Now

കണ്ടുപിടുത്തങ്ങളും അതിന്റെ ജനപ്രിയതയും പ്രചാരവും സൂക്ഷ്മമായി ചർച്ച ചെയ്യുന്നുണ്ട്. റേഡിയോയും ടെലിവിഷനും കേരളീയ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം ശക്തമാണ്. ബഹുജന വിനിമയത്തിൽ ജനപ്രിയമാധ്യമം എന്ന നിലയിൽ സ്വീകാര്യത നേടിയ ആദ്യമാധ്യമം റേഡിയോ ആണ്. നവമാധ്യമങ്ങൾ കേരളീയ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനവും ഏറെയാണ്. സാഹിത്യം പ്രസിദ്ധീകരിക്കാനുള്ള മാധ്യമമായി ബ്ലോഗിനെ കണ്ട മലയാളികൾ ഫേസ്ബുക്കിനെയും വാട്ട്സാപ്പിനെയും സാഹിത്യം പ്രസിദ്ധീകരിക്കാനും കൈമാറ്റം ചെയ്യാനുമുള്ള മാധ്യമമാക്കി ഉപയോഗിക്കുന്നു. വിവിധങ്ങളായ മാധ്യമങ്ങൾ ഉദ്ഗ്രഥിച്ച് ഉപയോഗിക്കാവുന്ന അവസ്ഥ എന്നിവ ഈ ആശയവിനിമയത്തെ വ്യവസ്ഥാപിതമായ ആശയ വിനിമയത്തിന് സമാന്തരമായ ആശയവിനിമയ ലോകമാക്കിമാറ്റി. അതിനാൽ ഓർക്കുട്ട്, ഫേസ്ബുക്ക്, ട്വിറ്റർ, വാട്ട്സാപ്പ്, ഇൻസ്റ്റഗ്രാം എന്നിവ സമൂഹമാധ്യമം എന്ന് അറിയപ്പെടാൻ തുടങ്ങി. ഇത്തരം മാധ്യമങ്ങൾ കേരളീയ സമൂഹത്തിൽ ചെലുത്തുന്ന ജനകീയതയും പ്രചാരവും വിലയിരുത്തേണ്ടതുണ്ട്.

കേരളത്തിലെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങളും കുടുംബവ്യവസ്ഥയും ലൈംഗികതയും ചർച്ച ചെയ്യുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപകുതിയിൽ കേരള സമൂഹത്തിൽ ആരംഭിച്ച 'സദാചാര ബോധ'മാണ്, മറ്റു സമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളസമൂഹത്തിൽ വളർന്നു വന്ന ലൈംഗികബോധത്തിലും വിവാഹം, കുടുംബം എന്നീ സാമൂഹിക സ്ഥാപനങ്ങളിലും സമൂലമായ മാറ്റം വരുത്തിയത്. കുടുംബസങ്കല്പത്തിൽ ഇന്നും പുരുഷകേന്ദ്രീകൃതമായ ജീവിതക്രമമാണ് കേരളത്തിലുള്ളത്.

## Keywords

അച്ചടി മാധ്യമങ്ങൾ-ഇലക്ട്രോണിക് മാധ്യമങ്ങൾ-പത്രം-റേഡിയോ-ടെലിവിഷൻ-നവമാധ്യമങ്ങൾ-സമൂഹമാധ്യമങ്ങൾ-ആഗോളവൽക്കരണം-ഉപഭോക്തൃസമൂഹം-മരുമക്കത്തായക്രമം-മക്കത്തായക്രമം-കേരളകുടുംബം-ലൈംഗികത-സംസ്കാരം-ഇരുപത്തൊന്നാം നൂറ്റാണ്ടിലെ കേരളം

## Discussion

### 4.4.1 മാധ്യമങ്ങളും കേരളസമൂഹവും

- മാധ്യമങ്ങളുടെ സ്വാധീനം

മലയാളികളുടെ ലോകബോധ രൂപീകരണത്തിൽ മാധ്യമങ്ങൾക്ക് നിർണ്ണായക സ്വാധീനമുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ, ദേശീയ സമരവും ഐക്യകേരള പ്രസ്ഥാനവും നവോത്ഥാനവും അടക്കമുള്ള വിഷയങ്ങളിൽ അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന മാധ്യമങ്ങൾ പ്രധാന പങ്ക് വഹിച്ചിരുന്നു. മാധ്യമസ്വഭാവം സമൂഹമാധ്യമങ്ങളുടെ രീതികളിലേക്ക് എത്തിയ പുതിയ കാലത്തും അച്ചടിമാധ്യമങ്ങൾക്ക് അവരുടേതായ ഇടം കേരളീയ പൊതുമണ്ഡലത്തിലുണ്ട്. അച്ചടിക്കപ്പെടുന്നതിന് ഇപ്പോഴും വിശ്വാസ്യതയുടെ മേമ്പൊടിയുള്ളതിനാൽ കൂടിയാണ് ആ സ്വീകാര്യത ഇന്നും നിലനിൽക്കുന്നത്. റേഡിയോയുടെ സ്വാധീനം മുമ്പത്തേക്കാൾ കുറഞ്ഞെങ്കിലും വിനോദ മേഖലയിൽ സ്വകാര്യ എഫ് എം ചാനലുകൾ അടക്കം കാര്യമായി സ്വീകരിക്കപ്പെടുന്നുണ്ട്.

Remove Watermark Now

ടെലിവിഷൻ ഒരു ദൃശ്യമാധ്യമ ഉപകരണമെന്ന നിലയിൽ സമൂഹത്തിൽ ഏറ്റവുമധികം ഇടപെടുന്ന നാടാണ് കേരളം. സംസ്ഥാനത്തിന്റെ വളരെ ചെറിയ ഭൂപരിധിക്കുള്ളിൽ ഒട്ടനവധി വാർത്താചാനലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ മണിക്കൂറിലും ഇടതടവില്ലാതെ വാർത്തകളും ചർച്ചകളും ഇവയുടെ ഭാഗമായിട്ടുണ്ട്. പ്രൈം ടൈമിൽ അതത് ദിവസത്തിലെ പ്രധാനപ്പെട്ട വാർത്തയെ ബന്ധപ്പെടുത്തിയുള്ള വിശദമായ ചർച്ചയ്ക്കും കുറച്ചുകാലം മുമ്പുവരെ പ്രേക്ഷകർ ഏറെയായിരുന്നു. പിന്നീട് സമൂഹമാധ്യമങ്ങളുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുതിയ വാർത്താപോർട്ടലുകൾ രംഗത്തുവന്നതോടെ കാഴ്ചക്കാർ കുറേപേർ അതിന് പിറകെയും കൂടി. ദൃശ്യമാധ്യമങ്ങളുടെ പക്ഷംചേരലും മൂലധന ഉടമകളുടെ സ്ഥാപിത താൽപ്പര്യങ്ങളും ഇതിന് കാരണമായിട്ടുണ്ട്. ദൃശ്യമാധ്യമങ്ങളിലെ ചർച്ചകളെ കെട്ടിലും മട്ടിലും അനുകരിക്കുന്ന പരിപാടികൾ ഓൺലൈൻ പോർട്ടലുകളും നടത്തിവരുന്നു. ഇവയ്ക്കെല്ലാം ശരാശരി പ്രേക്ഷകരുണ്ട് എന്നത് മലയാളി സമൂഹത്തിലുള്ള മാധ്യമസ്വാധീനത്തിന്റെ തെളിവുകൂടിയാണ്.

▶ ദൃശ്യശ്രവ്യ മാധ്യമങ്ങളും സമൂഹമാധ്യമങ്ങളും

## പത്രങ്ങൾ

സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള വിനിമയ രീതിക്കു തുടക്കം കുറിച്ചത് ആലേഖനവിദ്യ ആരംഭിച്ചതോടെ എന്നു പറയാം.എന്നാൽ, കടലാസിന്റെയും അച്ചടിവിദ്യയുടെയും കണ്ടുപിടുത്തം ഈ രംഗത്തെ കുതിപ്പിനുതന്നെ ഇടയാക്കി. അച്ചടിമാധ്യമങ്ങളും ആവിർഭവിച്ചു. ഏറ്റവും പഴക്കമുള്ള ബഹുജനമാധ്യമമാണ് പത്രം. എന്നാലും പത്രങ്ങളിലുള്ള ആളുകളുടെ വിശ്വാസ്യത കുറയുന്നില്ല. ഓരോ പുതിയ വാർത്താമാധ്യമങ്ങളുടെ കടന്നുവരവും അച്ചടിമാധ്യമങ്ങളുടെ പ്രാധാന്യം ഇല്ലാതാക്കും എന്ന് ചിന്തിച്ചവരുണ്ട്. ടി.വി, റേഡിയോ, ഇന്റർനെറ്റ് എന്നിവയുടെ വിപുലമായ പ്രചാരത്തിനൊന്നും തന്നെ പത്രത്തിന്റെ സ്വാധീനത്തെ തളച്ചിടാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും പഴക്കമുള്ള ബഹുജന സമ്പർക്ക മാധ്യമമാണ് വർത്തമാന പത്രങ്ങൾ. ലോകത്തിലെ ആദ്യത്തെ പത്രം ചൈനയിലെ 'പെക്കിങ് ഗസറ്റ്'ആണ്. യൂറോപ്പിന്റെ പത്രപ്രവർത്തന ചരിത്രം ആരംഭിക്കുന്നത് പിന്നെയും കുറേ കഴിഞ്ഞാണ്. 1609-ൽ പുറത്തിറങ്ങിയ 'ഫൈത്' എന്ന ജർമ്മൻ പത്രമാണ് ആദ്യ യൂറോപ്യൻ പത്രം.

▶ പത്രങ്ങളുടെ ആവിർഭാവം

ആധുനികരീതിയിലുള്ള പത്രപ്രവർത്തന ചരിത്രം ഇന്ത്യയിൽ ആരംഭിക്കുന്നത് പാശ്ചാത്യരുടെ ആഗമനത്തോടെയാണ്. ഇന്ത്യയിലെ ആദ്യപത്രം ജന്മംകൊണ്ടത് ബംഗാളിലാണ്. 'ബംഗാൾ ഗസറ്റ്' അഥവാ 'ദി കൽക്കട്ട്', ജനറൽ അഡ്വർടൈസർ' ആണ് ഇന്ത്യയിലെ പ്രഥമ പത്രം. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ് മലയാള പത്രപ്രവർത്തനത്തിന് തുടക്കമായത്. ക്രിസ്തുമത പ്രചരണാർഥം കേരളത്തിലെത്തിയ പാശ്ചാത്യ മിഷനറിമാരുടെ പ്രവർത്തനഫലമായിട്ടായിരുന്നു അത്. ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിലുള്ള ബാസൽ മിഷൻ തലശ്ശേരിയിൽ നിന്ന് പ്രസിദ്ധീകരിച്ച രാജ്യസമാചാരമാണ് (1847 ജൂണിൽ) ആദ്യ പത്രമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതേവർഷം തന്നെ ആരംഭിച്ച പത്രമാണ് 'പശ്ചിമോദയം (1847 ഒക്ടോബർ).

▶ ഇന്ത്യയിലെ പ്രഥമ പത്രം

സാഹിത്യത്തിനുകൂടി സ്ഥലം അനുവദിച്ചുകൊണ്ട് പ്രസിദ്ധീ

Remove Watermark Now

കരണമാരംഭിച്ച ജ്ഞാനനിക്ഷേപത്തിനാണ് മൂന്നാംസ്ഥാനം. തുടർന്നുവന്ന വിദ്യാസംഗ്രഹത്തിന് കേരളത്തിലെ ആദ്യവിദ്യാലയ പ്രസിദ്ധീകരണം എന്ന സ്ഥാനം കൂടിയുണ്ട്. മതനിരപേക്ഷ വാർത്തകളുമായി പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ മലയാളപത്രം എന്ന ബഹുമതി കൊച്ചിയിൽ നിന്നിറങ്ങിയ പശ്ചിമതാരകയ്ക്കാണ് (1864). 1881-ൽ കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ ദേവ്ജി ഭീംജി പുറത്തിറക്കിയ കേരളമിത്രമാണ് കേരളത്തിലെ ആദ്യവാരിക. ലക്ഷണമൊത്ത ആദ്യവാർത്താപത്രം എന്നും ഇതിനെ വിശേഷിപ്പിച്ചുകാണാറുണ്ട്. മലബാറിൽ നിന്നിറങ്ങിയ ആദ്യ വർത്തമാനപ്പത്രമെന്ന ബഹുമതി കേരളപത്രികയ്ക്കാണ്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി പുറപ്പെട്ട ഈ പത്രത്തിന്റെ പത്രാധിപർ ചെങ്കുളത്ത് കുഞ്ഞിരാമമേനോനായിരുന്നു.

▶ കേരളത്തിലെ ആദ്യ കാല പത്രങ്ങൾ

19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകമാകുന്നതോടെ പത്രപ്രസിദ്ധീകരണരംഗത്ത് വലിയ ബാഹുല്യം പ്രകടമാകുന്നുണ്ട്. 'കേരളം' (1866),'സന്ദിഷ്ടവാദി' (1867), 'ട്രാവൻകൂർ ഹെറാൾഡ്' (1867),'കേരളോപകാരി' (1874), 'സത്യനാദകാഹളം' (1876), 'മലയാളമിത്രം' (1878), 'തിരുവിതാംകൂർ അഭിമാനി' (1878),'കേരളദീപകം' (1878), 'കേരളചന്ദ്രിക' (1879), 'കേരളമിത്രം' (1881), 'കേരളപത്രിക' (1884), 'മലയാളി' (1886), 'കേരളസഞ്ചാരി' (1888), 'നസ്രാണിദീപിക' (1887), 'മലയാളമനോരമ' (1890) തുടങ്ങിയ ധാരാളം പത്രങ്ങൾ. ഇതിൽ 'മലയാള മനോരമ'യും സത്യനാദകാഹള'വും ദീപിക എന്ന പേരിൽ 'നസ്രാണിദീപിക'യും ഇപ്പോഴും നിലവിലുണ്ട്.

▶ 19-ാം നൂറ്റാണ്ടിലെ പ്രധാന പത്രങ്ങൾ

20-ാം നൂറ്റാണ്ടിന്റെ ഉദയം മലയാളപത്ര പ്രവർത്തനരംഗത്തിന്റെ നവോദയം കൂടിയാണ്. പുതിയ ധാരാളം പത്രങ്ങൾ ഉണ്ടായി എന്നു മാത്രമല്ല, ചരിത്രം സൃഷ്ടിച്ച പത്രങ്ങളും ശ്രേഷ്ഠരായ പത്രാധിപൻമാരും ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. പ്രതിബദ്ധതയും ദിശാബോധവും ആ കാലഘട്ടത്തിന്റെ പത്രങ്ങളുടെ മുഖമുദ്രകളായിരുന്നു. സ്വാതന്ത്ര്യം, ദേശീയോദ്ഗ്രഥനം, സമൂഹനിർമ്മാണം, സാമുദായിക പരിഷ്കരണം, ശാസ്ത്ര ബോധവൽക്കരണം തുടങ്ങിയവ ലക്ഷ്യങ്ങളായിരുന്നു. ഈ സന്ദർഭത്തിൽ ആദ്യം പരാമർശിക്കേണ്ട പത്രം കെ. രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിലിറങ്ങിയ 'സ്വദേശാഭിമാനി'യാണ്. 1905 ലായിരുന്നു അതിന്റെ തുടക്കം. സാമുദായിക പരിഷ്കരണത്തെ ലക്ഷ്യമാക്കി പ്രസിദ്ധീകരിക്കപ്പെട്ട പത്രങ്ങളിൽ പ്രമുഖങ്ങളാണ് തിരുവനന്തപുരത്തു നിന്നും ഇറങ്ങിയ 'വിവേകോദയ'വും (1904) മലബാറിൽ നിന്നും പുറത്തുവന്ന 'മിതവാദി'യും (1907). മൂർക്കോത്തു കുമാരനായിരുന്നു മിതവാദിയുടെ പത്രാധിപർ. എസ്.എൻ.ഡി.പിയുടെ മുഖപത്രമായിരുന്ന 'വിവേകോദയം', മഹാകവി കുമാരനാശാന്റെ മേൽനോട്ടത്തിലായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. മുഹമ്മദ് അബ്ദുൾ ഖാദർ മൗലവിയുടെ ശ്രമഫലമായി മുസ്ലീം പത്രം രൂപം കൊണ്ടത് 1908 ലാണ്. ടി.കെ. മാധവന്റെ പത്രാധിപത്യത്തിൽ 1915-ൽ 'ദേശാഭിമാനി' പ്രസിദ്ധീകരണമാരംഭിച്ചു. പിൽക്കാലത്ത് കേസരി ബാലകൃഷ്ണപിള്ള പത്രാധിപത്യം വഹിച്ച 'സമദർശി'യുടെ കാലം ആരംഭിക്കുന്നത് 1918 മുതൽക്കാണ്.

▶ പത്രപ്രവർത്തന രംഗത്തെ നവോദയം

Remove Watermark Now

ഇന്നും കേരളത്തിലെ മുഖ്യധാരാപത്രങ്ങളിലൊന്നായ 'കേരള കൗമുദി'യുടെ ആരംഭം 1911 ലാണ്. പ്രസിദ്ധ സാഹിത്യകാരനായിരുന്ന സി.വി. കുഞ്ഞുരാമനായിരുന്നു സ്ഥാപകൻ. സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിൽ പ്രസിദ്ധനായ സഹോദരൻ അയ്യപ്പന്റെ 'സഹോദരൻ' (1917) ആണ് ചരിത്രപ്രാധാന്യമുള്ള മറ്റൊരു പത്രം. സാമുദായികസമത്വം, സോഷ്യലിസം, മിശ്രവിവാഹം, യുക്തിവാദം എന്നീ വിഷയങ്ങൾ അതിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. കേരളത്തിലെ സ്വാതന്ത്ര്യസമര നേതാക്കളിൽ പ്രമുഖരായിരുന്നു കെ.പി. കേശവമേനോനും മുഹമ്മദ് അബ്ദുറഹ്മാനും. ദേശീയബോധം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇവരുടെ നേതൃത്വത്തിൽ പുറത്തുവന്ന പത്രങ്ങളാണ് 'മാതൃഭൂമി'യും (1923) 'അൽഅമീനും' (1924). രണ്ടിന്റെയും ആസ്ഥാനം കോഴിക്കോടായിരുന്നു. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് 1934-ൽ 'ചന്ദ്രിക' എന്ന പേരിൽ തലശ്ശേരിയിൽ നിന്ന് പത്രം പുറത്തിറക്കി. സീതിസാഹിബായിരുന്നു പത്രാധിപർ.

> ▶ സാമൂഹ്യ പരിഷ്കർത്താക്കളുടെ പത്രങ്ങൾ

## ദിനപ്പത്രങ്ങൾ

1923-ൽ കോട്ടയത്തുനിന്ന് പ്രസിദ്ധീകരിക്കപ്പെട്ട 'പ്രതിദിന'മാണ് ആദ്യമലയാളദിനപ്പത്രം. അതിനുമുമ്പ് 'സ്വദേശാഭിമാനി'യും (1908 നവംബർ മുതൽ ഒരു മാസം ചാല ലഹളയോടനുബന്ധിച്ച്) 'മലയാളി'യും ഹ്രസ്വകാലത്തേക്ക് പ്രതിദിനപ്പതിപ്പുകൾ ഇറക്കിയിരുന്നു. 1926-ൽ ബാരിസ്റ്റർ എ.കെ. പിള്ള തിരുവനന്തപുരത്തു നിന്നിറക്കിയ 'സ്വരാജ്' ആയിരുന്നു മറ്റൊരു ദിനപ്പത്രം. ഇതിന്റെ തുടർച്ചയായി നേരത്തെതന്നെ പ്രചാരത്തിലുണ്ടായിരുന്ന 'നസ്രാണിദീപിക' (1927) ദിനപ്പത്രമായി മാറി. ഇതിൽ ദീപികയൊഴിച്ച് മറ്റെല്ലാ പത്രങ്ങളും മൺമറഞ്ഞു കഴിഞ്ഞു. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള പത്രം 'മലയാള മനോരമയും' 'മാതൃഭൂമി'യുമാണ്. കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ 1890-ൽ കോട്ടയത്തു നിന്ന് പ്രസിദ്ധീകരണമാരംഭിച്ച മനോരമ 1928 മുതലാണ് ദിനപ്പത്രമായത്. കെ.സി. മാമ്മൻ മാപ്പിളയായിരുന്നു പത്രാധിപർ. 1923-ൽ കെ. പി. കേശവമേനോന്റെ പത്രാധിപത്യത്തിൽ കോഴിക്കോട്ടു നിന്നാരംഭിച്ച മാതൃഭൂമി ദിനപ്പത്രമായത് 1930-ലാണ്. കെ. കേളപ്പനായിരുന്നു ആദ്യ പത്രാധിപർ. നിധീരിക്കൽ മാണിക്കത്തനാരുടെ പത്രാധിപത്യത്തിൽ 1887-ൽ ആരംഭിച്ച നസ്രാണിദീപിക 1927-ൽ ദിനപ്പത്രത്തിന്റെ രൂപത്തിലേക്കു മാറിയെങ്കിലും 1939 മുതലാണ് 'ദീപിക' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. ഇന്ന് നിലവിലുള്ള മലയാളപത്രങ്ങളിൽ ഏറ്റവും പഴക്കമുള്ള പത്രം 'ദീപിക'യാണ്. മുസ്ലിംലീഗിന്റെ മുഖപത്രമായ 'ചന്ദ്രിക' 1939 മുതലാണ് ദിനപത്രമായത്. പ്രചാരത്തിൽ മൂന്നാമതെത്തി നില്ക്കുന്ന മലയാള പത്രമാണ് 'ദേശാഭിമാനി'. 1942-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരണമാരംഭിച്ച ദേശാഭിമാനി മാർക്സിസ്റ്റ് പാർട്ടിയുടെ (സി.പി.എം) മുഖപത്രമാണ്. 'ജനയുഗം' സി.പി.ഐ യുടെയും,'വീക്ഷണം' കോൺഗ്രസ് പാർട്ടിയുടെയും മുഖപത്രമാണ്. കേരളത്തിൽ ഇന്ന് പ്രചാരത്തിലുള്ള പത്രങ്ങളിൽ പ്രമുഖമായ ഒന്നായ 'കേരളകൗമുദി', 1940-ലാണ് ദിനപ്പത്രമായത്. കെ സുകുമാരനായിരുന്നു പത്രാധിപർ : പ്രചാരത്തിലുള്ള മറ്റു പത്രങ്ങൾ 'മാധ്യമ'വും (1987) 'മംഗള'വും (1989) ആണ്. 'ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സും' 'ഹിന്ദുവു'മാണ് പ്രധാന ഇംഗ്ലീഷ് പത്രങ്ങൾ.

> ▶ നിലവിലെ പ്രധാന പത്രങ്ങൾ

Remove Watermark Now

## റേഡിയോ

19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ ശാസ്ത്രം ലോകത്തിനു നല്കിയ ഏറ്റവും വലിയ സംഭാവന റേഡിയോയുടെ കണ്ടുപിടുത്തമായിരുന്നു. 1895-ൽ ആണ് മാർക്കോണി റേഡിയോ കണ്ടുപിടിക്കുന്നത്. ഇരുപതാംനൂറ്റാണ്ടിൽ സംഭവിച്ച വിനിമയ വിസ്ഫോടനത്തിന് തുടക്കം കുറിച്ചത് 1920 കളോടെ ആരംഭിച്ച റേഡിയോ പ്രക്ഷേപണത്തോടെയാണ്. ആദ്യ പ്രക്ഷേപണം പിറ്റ്സ്ബർഗിൽ ആയിരുന്നു. തുടർന്ന് ഇംഗ്ലണ്ടിലും. 1922-ൽ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കമ്പനി രൂപം കൊണ്ടതോടെ റേഡിയോയുടെ വ്യാപ്തി വർധിച്ചു. ഒരു വർഷത്തിനു ശേഷം റേഡിയോ ഇന്ത്യയിലെത്തി. 1922-ൽ ബോംബെ, കൽക്കട്ട എന്നിവിടങ്ങളും 1924-ൽ മദ്രാസിലും റേഡിയോ പ്രക്ഷേപണം നടന്നു. എന്നാൽ, ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് കമ്പനി 1927-ൽ ആണ് പ്രക്ഷേപണമാരംഭിച്ചത്. ബോംബെ ആസ്ഥാനമാക്കിയായിരുന്നു അത്. റേഡിയോ കേരളത്തിലെത്താൻ പിന്നെയും കുറെക്കാലം എടുത്തു. 1943-ൽ 'തിരുവിതാംകൂർ റേഡിയോ' തിരുവനന്തപുരത്തു നിന്നു പ്രക്ഷേപണമാരംഭിച്ചതോടെയാണ് റേഡിയോ സംസ്കാരം മലയാളികൾക്കും പരിചിതമായത്. അതിനുമുമ്പ് 1939-ൽ തന്നെ മദ്രാസിൽ നിന്നും മലയാളത്തിലുള്ള പ്രക്ഷേപണങ്ങൾ നടത്തിയിരുന്നു. 1936-ൽ ഓൾ ഇന്ത്യ റേഡിയോ സ്ഥാപിതമാകുന്നതുവരെ ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് സൊസൈറ്റിയായിരുന്നു ഇന്ത്യയിലെ റേഡിയോ പ്രക്ഷേപണ ഏജൻസി. കേരളത്തിൽ തിരുവനന്തപുരത്തിനു പുറമേ കോഴിക്കോടും (1950) ആലപ്പുഴയിലും (1971) നിലയങ്ങൾ സ്ഥാപിക്കപ്പെട്ടു. 1989-ൽ കൊച്ചിയിലും 1991- ൽ കണ്ണൂരും 1994- ൽ ദേവികുളത്തും എഫ്. എം. നിലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇതെല്ലാം സർക്കാർ നിയന്ത്രണത്തിലുള്ളതാണ്. അടുത്ത കാലത്തായി സ്വകാര്യ സംരംഭകരും പ്രക്ഷേപണ രംഗത്തേക്ക് കടന്നുവന്നിട്ടുണ്ട്. കേരളത്തിൽ, 'മലയാള മനോരമ', 'മാതൃഭൂമി' തുടങ്ങിയ ദേശീയപത്രങ്ങൾ ഈ രംഗത്ത് തങ്ങളുടെ സാന്നിധ്യം അറിയിക്കുന്നു.

- ▶ റേഡിയോയുടെ ആവിർഭാവവും വളർച്ചയും

## ടെലിവിഷൻ

ഇരുപതാം നൂറ്റാണ്ടിൽ വാർത്താവിനിമയ രംഗത്തുണ്ടായ ഏറ്റവും വലിയ വിപ്ലവം എന്ന് ടെലിവിഷനെ വിശേഷിപ്പിക്കാം. മറ്റു മാധ്യമങ്ങളെപ്പോലെതന്നെ വിവരവും വിനോദവും വിദ്യാഭ്യാസവുമൊക്കെയാണ് ടെലിവിഷന്റെയും അടിസ്ഥാനലക്ഷ്യം. ലോകകാഴ്ചകളെ വീട്ടിനകത്തേക്ക് ആദ്യമായി കൂട്ടിക്കൊണ്ടുവന്നത് ഈ ഉപകരണമാണ്. റേഡിയോയുടെ പരിമിതികളെ പരിഹരിച്ചുകൊണ്ട് ജനമധ്യത്തിലെത്തിയ ടെലിവിഷൻ വളരെവേഗം ജനപ്രിയത പിടിച്ചുപറ്റി. 1926-ൽ സ്കോട്ലന്റുകാരനായ ബെയർഡാണ് ടെലിവിഷൻ കണ്ടുപിടിച്ചത്. ഇന്ത്യയിൽ, ഡൽഹിയിലെ ആകാശവാണി കേന്ദ്രത്തിലായിരുന്നു ആദ്യസംപ്രഷണം. അതാണ് ദൂരദർശന്റെ തുടക്കം. ഡൽഹിക്കു പുറത്തേക്ക് ദൂരദർശൻ കടന്നുവരാൻ പിന്നെയും സമയമെടുത്തു. എഴുപതുകളിൽ, തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ദൂർദർശൻ സംപ്രേഷണം ആരംഭിച്ചു. 1976 ലാണ്, അതുവരെ ആകാശവാണിയുടെ ഭാഗമായിരുന്ന ദൂരദർശൻ സ്വതന്ത്രമായി പ്രവർത്തനം ആരംഭിക്കുന്നത്. ആദ്യകാലത്ത് ബ്ലാക്ക് ആന്റ് വൈറ്റ് ടി.വി.കളായിരുന്നു പ്രചാര

Remove Watermark Now

ത്തിലുണ്ടായിരുന്നത്. 1982 ഓടെ ബഹുവർണ്ണ ചിത്രങ്ങൾ ലഭ്യമായി ത്തുടങ്ങി. ഭൂതലസംപ്രേഷണികൾ വഴിയായിരുന്നു സംപ്രേഷണം. തൊണ്ണൂറുകളിൽ ഉപഗ്രഹനിലയങ്ങൾ കടന്നുവന്നത് ഈ രംഗത്തെ മറ്റൊരു നാഴികക്കല്ലായിരുന്നു.

▶ ടെലിവിഷൻ ചരിത്രം

കേരളത്തിൽ 1982-ൽ തിരുവനന്തപുരത്തുനിന്ന് ആദ്യമായി ടെലി വിഷൻ സംപ്രേഷണം ചെയ്തു. കെൽട്രോണിന്റെ നേതൃത്വത്തിലാ യിരുന്നു അത്. പിന്നീടാണ് ദൂരദർശൻ സംപ്രേഷണം ആരംഭിക്കുന്ന ത്. 1985-ൽ ആദ്യമായി മലയാള ഭാഷയിൽ പരിപാടികൾ ആരംഭിച്ചു. 1990 കളോടെ ടെലിവിഷൻ സംപ്രേഷണ രംഗത്തേക്ക് സ്വകാര്യചാന ലുകൾ കടന്നുവന്നു. അങ്ങനെ സ്പോർട്സ്, സംഗീതം, ചലച്ചിത്രം തുടങ്ങി പ്രത്യേകവിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന നിരവധി ചാനലുകൾ ലഭ്യമായി. ഇന്ന് ഒരു വ്യവസായമെന്ന നിലയിൽ ലാഭം മുഖ്യലക്ഷ്യമായതോടെ വിനോദിപ്പിക്കുക എന്നതായി മുഖ്യധർമ്മം. വാർത്തകൾ സൃഷ്ടിക്കപ്പെടുകയും വശീകരിക്കുന്ന തരത്തിലാക്കു കയും (Sensational) ചെയ്തു. ദൃശ്യമാധ്യമങ്ങൾ ധാർമ്മികതയിൽ നിന്നും മൂല്യബോധത്തിൽ നിന്നും അകലുന്നു എന്നും സാമൂഹിക ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നു എന്നതും അവയ്ക്കെ തിരെയുള്ള വിമർശനങ്ങളാണ്.

▶ കേരളത്തിലെ ചാന ലുകൾ

## 4.4.2 നവമാധ്യമങ്ങൾ

ആശയവിനിമയ മാധ്യമങ്ങൾ ആധുനിക ജീവിതത്തിലെ അവി ഭാജ്യഘടകമാണ്. സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും സ്വഭാവത്തിലുള്ള വ്യത്യാസമാണ് പ്രധാനമായും വിനിമയസ്വഭാവ ത്തേയും വ്യത്യസ്തമാക്കുന്നത്. ഒരു ഭാഷയിലെ ഓരോ ലിപിക്കും ആഗോളതലത്തിൽ പ്രത്യേകം കോഡുകൾ നൽകുന്ന യൂണികോഡ് എൻകോഡിങ് സമ്പ്രദായം വന്നതോടെ ഇന്റർനെറ്റിലും മലയാളം സജീവമായി. ഇതോടെ ഇന്റർനെറ്റിൽ മലയാളത്തിൽ വിവരങ്ങൾ സെർച്ച് ചെയ്യാനും ഇമെയിലുകൾ മലയാളത്തിൽ അയയ്ക്കാനും മലയാളം പത്രങ്ങൾ ഓൺലൈനായി വായിക്കാനും യൂണികോഡ് സഹായകമായി. യൂണികോഡിന്റെ വരവോടെ മലയാളത്തിൽ ധാരാ ളം ബ്ലോഗുകൾ പ്രചാരത്തിൽ വന്നു. സാഹിത്യാഭിരുചി ഉൾപ്പെടെ മനസ്സിലുള്ളതെന്തും പങ്കുവയ്ക്കുന്ന ഇടമായി ബ്ലോഗുകൾ മാറി. ബ്ലോഗുസാഹിത്യം രൂപം കൊണ്ടു. ഓൺലൈൻ യന്ത്രപരിഭാഷ നിലവിൽ വന്നതിനാൽ മലയാളത്തിൽ നിന്നും നൂറിലധികം ലോക ഭാഷയിലേക്കും തിരിച്ചും വിവർത്തനം സാധ്യമാണ്. ലോകത്തിലെ ഏറ്റവും വലിയ സ്വതന്ത്ര ഓൺലൈൻ വിജ്ഞാനകോശമായ വിക്കി പീഡിയ മലയാളം പതിപ്പിനു 2002-ൽ തുടക്കം കുറിച്ചു. സ്വതന്ത്രബ ഹുഭാഷാ നിഘണ്ടുവായ വിക്കിനിഘണ്ടു, വിക്കിഗ്രന്ഥശാല, വിക്കി പാഠശാല തുടങ്ങിയവ ഇതര മലയാളം വിക്കി സംരംഭങ്ങളാണ്.

▶ നവമാധ്യമങ്ങളുടെ തുടക്കം

കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ സോഷ്യൽ മീഡിയകൾ വഹിച്ച പങ്ക് വളരെ വലുതാണ് ആദ്യം ഓർക്കൂട്ട്, പിന്നീട് ഫേസ്ബു ക്ക്. ഫേസ്ബുക്ക് എല്ലാവിധ ആശയപ്രകാശനങ്ങളുടെയും ഇടമായി മാറി. ഇന്ന് ഗൂഗിളിന്റെ ആൻഡ്രോയിഡ് ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ പ്രചാരം ഫോണിനെ കൂടുതൽ സ്മാർട്ടാക്കി. വിവരസാങ്കേതിക വി

Remove Watermark Now

ദ്യയുടെ ഏതാണ്ടെല്ലാ മേഖലകളെയും ഉൾക്കൊള്ളാൻ മൊബൈൽ ഫോണിനു കഴിയും. കേരളീയരുടെ ഭാഷയേയും സംസ്കാരത്തേയും ജീവിതരീതിയേയും സ്മാർട്ട്ഫോണുകൾ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ വിവിധ മേഖലകളിലൂടെയുള്ള പുരോഗതി ഇന്ന് സ്മാർട്ട്ഫോൺ സംസ്കാരത്തിലെത്തിനിൽക്കുന്നു. ഐ.ടി. മേഖലയിൽ ഇന്ത്യയിൽ ഏറ്റവുമധികം വളർച്ചയുള്ള സംസ്ഥാനമായ കേരളം സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത എന്ന സ്വപ്നത്തിലെത്തിക്കൊണ്ടിരിക്കുന്നു.

▶ സാമൂഹ്യ ജീവിതത്തിൽ പ്രധാന പങ്ക്

മാധ്യമങ്ങൾ വിവരവിനിമയ വ്യവസായത്തിന്റെ ഭാഗമാണ്. വിവരസാങ്കേതികവിദ്യയുടെ വ്യാപനത്തോടെ മാധ്യമങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറി. അച്ചടി – ഇലക്ട്രോണിക് മാധ്യമങ്ങളെ ഫോർത്ത് എസ്റ്റേറ്റ് എന്നു വിശേഷിപ്പിക്കുന്ന പോലെ നവമാധ്യമങ്ങളെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്നു വിശേഷിപ്പിക്കുന്നു. എഡിറ്ററുടെ നിയന്ത്രണത്തിലല്ലാതെ പ്രവർത്തിക്കുന്ന ഈ സൈബറിടം ജനാധിപത്യത്തിലെ ഏറ്റവും വലിയ മാധ്യമ തുറസ്സാണ്. സിറ്റിസൺ ജേണലിസവും നെറ്റിസൺ ജേണലിസവും ഇവിടെ കൂടിക്കുഴയുന്നു. ഇത് മാധ്യമ പ്രവർത്തനത്തിലെ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഏറ്റവും വലിയ മുന്നേറ്റമാണ്. വിവിധങ്ങളായ മാധ്യമങ്ങൾ സ്മാർട്ട് ഫോൺ സ്ക്രീനിലേക്ക് ചുരുങ്ങിയിരിക്കുന്നു. ഇതിലൂടെ ആഗോളഗ്രാമം (Global village) എന്ന സങ്കല്പം സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നു. ഫോണിലൂടെ പത്രം, ടി. വി., റേഡിയോ എന്നിവ ലഭ്യമാകുന്നു. ഫോട്ടോകളും വീഡിയോകളും ചിത്രീകരിക്കാൻ മാത്രമല്ല ഹ്രസ്വചിത്രങ്ങളും ഡോക്യുമെന്ററികളും റിലീസു ചെയ്യാൻ കൂടി ഇതിലൂടെ സാധിക്കുന്നു. മൂലധനം മുടക്കാതെ ഓൺലൈൻ ഫോണിലൂടെ പത്രങ്ങളും ടെലിവിഷനും പ്രവർത്തിപ്പിക്കാം. വിവര, വിനിമയ, വിനോദ വ്യവസായം പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമാകും എന്നർഥം. ഇത് വിവര-വിജ്ഞാന-വിനോദ മേഖലയ്ക്കും അതു വഴി പൊതുസമൂഹത്തിനും പുത്തൻ മുഖച്ഛായ നൽകുകയും ഒരു നവമാധ്യമ പൊതുമണ്ഡലം രൂപീകരിക്കുകയും ചെയ്യും. ഇതുവരെയുള്ള മാധ്യമങ്ങളിൽ പ്രക്ഷേപണമാധ്യമവും സംപ്രേഷണമാധ്യമവും ആശയവിനിമയത്തിലെ സ്ഥലകാലങ്ങളുടെ പരിമിതി മറികടക്കുന്നവയാണ്. എന്നാൽ, നവമാധ്യമങ്ങൾ വേൾഡ് വൈഡ് വെബ്ബിന്റെ ഭാഗമായി നിലനില്ക്കുന്നതാണ്. ചിത്രങ്ങൾ, ശബ്ദങ്ങൾ, വീഡിയോകൾ എന്നിവ പ്രസിദ്ധീകരണത്തിൽ അനായാസമായി ഉൾക്കൊള്ളിക്കാവുന്ന വിധത്തിലുള്ള സാങ്കേതികവിദ്യയാണ് നവമാധ്യമങ്ങളുടേത്. വേൾഡ് വൈഡ് വെബ്ബിന്റെ ഭാഗമായ മറ്റിടങ്ങളിലുള്ള വിവരങ്ങൾ ഹൈപ്പർലിങ്കുകൾ വഴി ഇതിൽ ഉൾക്കൊള്ളിക്കുവാനാകും. ഇത്രത്തോളം സാധ്യതകളുള്ള ഈ ആശയവിനിമയ മാധ്യമം നമ്മുടെ സമൂഹത്തിൽ വളരെ പെട്ടെന്ന് പ്രചാരം നേടി.

▶ നവമാധ്യമങ്ങളുടെ സാധ്യത

## ബ്ലോഗിംഗ്

ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ രൂപംകൊണ്ട നവമാധ്യമങ്ങളിൽ ഒന്നാണ് ബ്ലോഗ്. ജസ്റ്റിൻ ഹാൾ'' ആണ് ആദ്യത്തെ ബ്ലോഗറായി കണക്കാക്കപ്പെടുന്നത്. 1999- ൽ പീറ്റർ മെർഹോൾസാണ് ആദ്യമായി ഈ പദം ഉപയോഗിച്ചത്. ആദ്യഘട്ടത്തിൽ വ്യക്തിപരമായ വെബ്പേ

Remove Watermark Now

ജുകൾ മാത്രമായിരുന്നു ബ്ലോഗുകൾ. നിരവധി സേവനദാതാക്കൾ രംഗത്തെത്തിയതോടെ ബ്ലോഗിംഗ് സജീവമായ ഒരു മാധ്യമരൂപമായി വികസിച്ചു. വിവരസാങ്കേതികവിദ്യയുടെ മുഴുവൻ സാധ്യതകളും ഉപയോഗിക്കാനാകുന്ന ആശയവിനിമയമാണ് ബ്ലോഗുകളെ നവമാധ്യമങ്ങളിൽ ശ്രദ്ധേയമാക്കുന്നത്. സൗജന്യമായി ലഭിക്കുന്ന വെബ്ബിടവും അനായാസമായി ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യയും ബ്ലോഗിംഗിനെ ആകർഷകമാക്കി. ഒരു പ്രസാധകന്റെ അനുമതിയോ മൂല്യനിർണയമോ പരിശോധനയോ ഇല്ലാതെ നമുക്ക് പറയാനും എഴുതാനും കാണിക്കുവാനുമുള്ളതും വേൾഡ് വൈഡ് വെബ്ബിലൂടെ ലോകത്തിനു മുന്നിലെത്തിക്കുവാൻ ബ്ലോഗിംഗ് അവസരം നല്കി.

▶ ബ്ലോഗിന്റെ ആവിർഭാവം

## ബ്ലോഗിംഗ് മലയാളത്തിൽ

പാശ്ചാത്യനാടുകളിൽ ആരംഭിച്ച ബ്ലോഗിംഗ് മലയാളികളിൽ ആദ്യമായി എത്തുന്നത് വിദേശത്ത് ജോലി ചെയ്യുന്ന സോഫ്റ്റ്‌വെയർ എഞ്ചിനീയർമാരിലൂടെയാണ്. അക്കാലത്ത് മലയാളത്തിൽ ബ്ലോഗുകളുണ്ടായിരുന്നില്ല. ആദ്യത്തെ മലയാളം ബ്ലോഗ് 2002 ഡിസംബറിലാരംഭിച്ച എം.കെ. പോളിന്റെ ജാലകം ആണ്. യൂനിക്കോഡ് എൻകോഡിംഗിൽ അധിഷ്ഠിതമായ ഫോണ്ടുകൾ വരുന്നതോടെയാണ് ബ്ലോഗിംഗ് സാർവത്രികമായത്. മലയാളത്തിലെ ആദ്യത്തെ യൂണിക്കോഡ് ഫോണ്ട് സൂപ്പർ സോഫ്റ്റ് എന്ന കമ്പനിയുടെ സാരഥിയായ അജയലാൽ നിർമ്മിച്ച തൂലികയാണ്. കെവിൻ മേനോത്തിന്റെ അഞ്ജലി ഓൾഡ്‌ലിപി, കെ.എച്ച്. ഹുസൈന്റെ രചന, സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗുമായി ചേർന്ന് ഹുസൈൻ തന്നെ നിർമ്മിച്ച മീര എന്നിങ്ങനെ നിരവധി യൂനിക്കോഡ് ഫോണ്ടുകൾ ഇന്ന് മലയാളത്തിലുണ്ട്. 2004-ന്റെ തുടക്കത്തിൽ 20-ൽതാഴെ ബ്ലോഗുകൾ മാത്രമുണ്ടായിരുന്ന മലയാളത്തിൽ മൂന്ന് നാല് വർഷങ്ങൾക്കകം നിർമ്മിക്കപ്പെട്ട ബ്ലോഗുകളുടെ എണ്ണം ഇരുപതിനായിരത്തിലേറെയാണ്. സാഹിത്യത്തിന്റെ ഒരിടമാണ് ബ്ലോഗ് എന്ന ധാരണ മലയാളി സമൂഹത്തിന്റെ വായനാശീലത്തിന്റെ ഭാഗമാണ്.

▶ മലയാളത്തിലെ പ്രധാന ബ്ലോഗുകൾ - ബ്ലോഗിന്റെ ചരിത്രം

## സമൂഹമാധ്യമങ്ങൾ

ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ ചങ്ങാതിക്കൂട്ടങ്ങൾ ഉണ്ടാക്കിയെടുക്കാനായി നടന്ന പരിശ്രമങ്ങളിലൂടെയാണ് സമൂഹമാധ്യമങ്ങൾ പിറവികൊള്ളുന്നത്. ഓർക്കുട്ട് ഡോട്ട് കോം എന്ന ചങ്ങാതിക്കൂട്ടം ഇങ്ങനെയൊരു ആശയത്തിൽ നിന്നാണ് രൂപപ്പെട്ടത്. ഓർക്കുട്ട് പ്രശസ്തമാവുന്നതിനിടയിലാണ് ഫേസ്ബുക്ക് ഡോട്ട് കോം രംഗത്തുവരുന്നത്. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം പോലെ നിരവധി സൗഹൃദയക്കൂട്ടായ്മകൾ ഇന്ന് വെബ്ബിലുണ്ട്. ഇവയിലൂടെ നടക്കുന്ന ആശയവിനിമയത്തെ മുൻനിറുത്തി ഇവയെ സമൂഹമാധ്യമങ്ങൾ എന്നു വിളിക്കുന്നു. മൈക്രോ ബ്ലോഗിംഗ് സൈറ്റായ ട്വിറ്റർ, വ്യക്തിഗതമായ ആശയവിനിമയത്തിനും വിവരങ്ങൾ പങ്കിടാനുമുള്ള വാട്ട്സാപ്പ്, ടെലഗ്രാം എന്നിവയാണ് ഇന്ന് വ്യാപകമായി പ്രചാരത്തിലുള്ള സമൂഹമാധ്യമങ്ങൾ. വേഗത, ലോകവ്യാപകമായി ചെന്നെത്താൻ സാധിക്കുക, വിവിധങ്ങളായ മാധ്യമങ്ങൾ ഉദ്ഗ്രഥിച്ച് ഉപയോഗിക്കാവുന്ന അവസ്ഥ എന്നിവ ഈ ആശയവിനിമയത്തെ വ്യവസ്ഥാപിതമായ ആശയവിനിമയത്തിന് സമാന്തരമായ ആശയവിനിമയലോകമാക്കി മാറ്റി. അതി

▶ പുതിയ കാലത്തെ മാധ്യമങ്ങൾ

Remove Watermark Now

നാൽ ഇത് സമൂഹമാധ്യമം എന്ന് അറിയപ്പെടാൻ തുടങ്ങി.

### 4.4.3 ആഗോളീകരണവും അതിന്റെ സാമാന്യ സാംസ്കാരികഫലങ്ങളും

സാമ്പത്തിക, സാമൂഹിക, സാങ്കേതിക, സാംസ്കാരിക , രാഷ്ട്രീയ മണ്ഡലങ്ങളിൽ ലോകത്തിലെ രാജ്യങ്ങൾ തമ്മിലുള്ള പരസ്പര ബന്ധമാണ് ആഗോളവൽക്കരണം. പലപ്പോഴും മറ്റു മണ്ഡലങ്ങളിലേക്കാളും ഉപരിയായി സാമ്പത്തിക മേഖലകളിലുള്ള ഒത്തുചേരലാണ് ആഗോളവൽക്കരണം പ്രതിനിധീകരിക്കുന്നത്. ആഗോളവൽക്കരണം നടപ്പാക്കിയ രാജ്യങ്ങളുടെ അനുഭവങ്ങളിൽ നിന്നും അതിന്റെ പ്രത്യാഘാതങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയാൻ നമുക്ക് കഴിയും. ധനപരമായും തൊഴിൽപരമായും ഉടലെടുക്കുന്ന അസന്ദിഗ്ദ്ധാവസ്ഥ, സാമ്പത്തികതലങ്ങളിലും വരുമാന സ്രോതസ്സുകളിലും ഉളവാകുന്ന അസ്ഥിരത, ആരോഗ്യസംവിധാനങ്ങളിൽ വ്യാപിക്കുന്ന സുരക്ഷയില്ലായ്മ, പരിസ്ഥിതി, രാഷ്ട്രീയരംഗങ്ങളിലെ അസന്തുലിതാവസ്ഥ തുടങ്ങിയവയാണ് എടുത്തുപറയേണ്ട പ്രത്യാഘാതങ്ങൾ.

- ▶ രാജ്യങ്ങളുടെ പ്രതിസന്ധികൾ

ധനമൂലധനത്തിന്റെ അനിയന്ത്രിതമായ ഒഴുക്കും ഓഹരിവിപണികളിൽ അതിന്റെ വിന്യാസവും പല രാജ്യങ്ങളിലും ധനപ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഓഹരിക്കമ്പോളങ്ങൾ തകർച്ചയിലായി. ചെറുകിടസമ്പാദ്യം നടത്തിയവരും നിക്ഷേപം നടത്തിയവരും തകർന്നു. തൊഴിൽമേഖലയിൽ വമ്പിച്ച പ്രത്യാഘാതങ്ങളാണ് ആഗോളവൽക്കരണം സൃഷ്ടിച്ചത്. ഒരു മേഖലയിലും തൊഴിലിന് ഉറപ്പില്ലാതായി. ആവശ്യത്തിനനുസരിച്ച് തൊഴിലാളികളെ വിന്യസിക്കാനുള്ള സ്വാതന്ത്ര്യമാണ് ആഗോളവൽക്കരണവും വഴക്കവുമുള്ള തൊഴിൽനിയമങ്ങളും തൊഴിലുടമകൾക്ക് നൽകുന്നത്.

- ▶ ആഗോളവൽക്കരണം - തൊഴിൽ മേഖലയിലെ പ്രത്യാഘാതം

സാംസ്കാരിക അധഃപതനമാണ് ആഗോളവൽക്കരണത്തിന്റെ മറ്റൊരു പ്രത്യാഘാതം. സമ്പന്നരാജ്യങ്ങളുടെ സംസ്കാരമാണ് ലോകസംസ്കാരമായി വ്യാപനം ചെയ്യപ്പെടുന്നത്. അവരുടെ ഭാഷ, അവരുടെ സാഹിത്യം, അവരുടെ സംഗീതം, അവരുടെ സിനിമ, അവരുടെ ഭക്ഷണരീതി എന്നിവയാണ് ലോകജനതയ്ക്ക് ഏറ്റവും യോജിക്കുന്നത് എന്ന പ്രചരണം ശക്തമാണ്. 'ഒരു വസ്ത്രം എല്ലാവർക്കും യോജിക്കുന്നു' എന്ന ആശയമാണ് അതിന്റെ പിന്നിൽ. അതുമായി ബന്ധപ്പെട്ട സംസ്കാരവും പെരുമാറ്റരീതികളും ജനജീവിതത്തിൽ ആഴ്ന്നിറങ്ങിക്കഴിഞ്ഞു. കമ്പ്യൂട്ടറും, ഇന്റർനെറ്റും, ഇ-മെയിലും, ചാറ്റിങ്ങും, എസ്.എം.എസ്. സന്ദേശങ്ങളും ലോകജനതയെ രണ്ടായി വിഭജിച്ചിട്ടുണ്ട്. ഇവയുടെ ഉപയോഗം തരപ്പെടാത്ത ഭൂരിഭാഗം ദരിദ്രജനങ്ങൾ ഒരുവശത്ത്, ഇവ നിത്യം കൈകാര്യം ചെയ്യുന്ന സമ്പന്നവിഭാഗം മറുവശത്ത്. ഒരു ഡിജിറ്റൽ വിഭജനം (Digital Divide) ഇത് ലോകജനതയിൽ സൃഷ്ടിച്ചിട്ടുണ്ട്. ഭൂരിഭാഗം ദരിദ്രജനങ്ങൾ അതുകൊണ്ടുതന്നെ സംസ്കാരത്തിന്റെ കാര്യത്തിൽ മാത്രമല്ല, മറ്റുചില മേഖലകളിൽനിന്നും പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ പിന്നാംപുറങ്ങളിൽ എന്നെന്നേക്കുമായി മാറിയിരിക്കേണ്ട അവസ്ഥയാണവർക്ക്.

- ▶ ആഗോളവൽക്കരണം - ടൂറിസം, കുടിയേറ്റം, ഭാഷ, സാഹിത്യം

ആഗോളവൽക്കരണം സമൂഹത്തിലെ ക്രിമിനൽവത്കരണത്തിന്

Remove Watermark Now

ആക്കംകൂട്ടിയിട്ടുണ്ട്. നിയന്ത്രണങ്ങൾ പാടെയെടുത്തു കളഞ്ഞപ്പോൾ ഹെറോയിൻ മുതലായ മയക്കുമരുന്നുകൾ, ലൈംഗികാസക്തിയും കുറ്റകൃത്യങ്ങളും പരിപോഷിപ്പിക്കുന്ന വസ്തുക്കൾ, ആയുധങ്ങൾ, ദുഷിച്ച പണം (Dirty Money) എന്നിവയുടെ പ്രചാരം ഉച്ചകോടിയിലെത്തിയിട്ടുണ്ട്. ആയുധക്കച്ചവടം ലോകമൊട്ടുക്കു ഭീകരവാദപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇന്റർനെറ്റിലെ സൈബർക്രൈം നിരക്കുകൾ വർധിച്ചു വരികയാണ്.

▶ ക്രിമിനൽവൽക്കരണം

പരിസ്ഥിതിയുടെ തകർച്ചയാണ് ആഗോളവൽക്കരണത്തിന്റെ മറ്റൊരു പ്രത്യാഘാതം. ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ പ്രകൃതിക്കും പരിസ്ഥിതിക്കും ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങൾക്ക് ഒരു വിലയും കല്പിക്കുന്നില്ല. എന്നാൽ വികസ്വരരാജ്യങ്ങളാണു പ്രകൃതിയും പരിസ്ഥിതിയും സംരക്ഷിക്കേണ്ടത് എന്നു സ്ഥാപിക്കാനാണു സമ്പന്നരാജ്യങ്ങൾ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ വികസ്വരരാജ്യങ്ങൾ അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള വികസനം പരിസ്ഥിതിനാശം ഉണ്ടാക്കും എന്ന കാരണത്താൽ നടത്താൻ പാടില്ലായെന്നുവരെ സമ്പന്നരാജ്യങ്ങൾ വാദിച്ചു തുടങ്ങിയിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെ മറ്റൊരു പ്രത്യാഘാതം രാഷ്ട്രീയ അസ്ഥിരതയും സാമൂഹിക അരക്ഷിതാവസ്ഥയുമാണ്.

▶ പരിസ്ഥിതി തകർച്ച

## 4.4.4. ഉപഭോക്തൃ സമൂഹം

മരുന്നുകൾ, ദൈനംദിനോപയോഗ സാധനങ്ങൾ, ആഹാര സാധനങ്ങൾ എന്നിവയെല്ലാം പരസ്യങ്ങളിലൂടെ വിറ്റഴിക്കപ്പെടുന്ന ഈ കാലത്ത് നാം ബോധവാന്മാരാകേണ്ടിയിരിക്കുന്നു. നാം എന്തുപയോഗിക്കണമെന്ന് നമുക്ക് തന്നെ തീരുമാനമെടുക്കേണ്ട കാലമാണ് വേണ്ടത്. പക്ഷേ ഇന്ന് ഉൽപാദകരാണ് ഉപഭോക്താവ് എന്തുപയോഗിക്കണമെന്നു നിശ്ചയിക്കുന്നത്. ഉപഭോക്തൃ സമൂഹമായ കേരളജനതയെ തികഞ്ഞ ആശങ്കയിലാക്കുന്നു ഇത്തരം പരസ്യങ്ങളും ഉൽപാദകരും. 1960– കളിലാണ് ഇന്ത്യൻ ഉപഭോക്തൃ സമൂഹം ഉണർന്നു തുടങ്ങിയത്. 1989 മാർച്ച് 15 ഇന്ത്യ ആദ്യമായി ലോക ഉപഭോക്തൃദിനം ആചരിച്ചതോടെ ഇന്ത്യൻ ഉപഭോക്താക്കൾ പ്രവർത്തിച്ചു തുടങ്ങി. ഇന്ന് വിവിധ സംഘടനകളിലായി ഉപഭോക്തൃ സമൂഹം പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനൊപ്പം ഉപഭോക്താക്കളെ അവരുടെ കടമകളെക്കുറിച്ച് ഓർമ്മിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനൊപ്പം കടമകൾ കൂടി പാലിക്കുവാൻ നമുക്ക് ശ്രമിക്കാം. ഉപഭോക്തൃതർക്ക പരിഹാര സംവിധാനം, ബോധവൽക്കരണ സംവിധാനം, നിയമസഹായ സംവിധാനം, പരിശീലന സംവിധാനം തുടങ്ങിയ എല്ലാ ഘടകങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ ഒരു സമൂഹത്തെ ഉപഭോക്തൃ സൗഹൃദമായി മാറ്റിയെടുക്കാൻ കഴിയുകയുള്ളൂ.

▶ ഉപഭോക്തൃ സമൂഹം.

സാമൂഹിക വികാസ സൂചികകളിൽ ലോകത്തെ ഒന്നാംകിട രാജ്യങ്ങളോട് കിടപിടിക്കുന്ന നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സാർവത്രികമായ വിദ്യാഭ്യാസം, സമ്പൂർണ്ണ സാക്ഷരത, മികച്ച ആരോഗ്യ പരിപാലനരംഗം, കാര്യക്ഷമമായ ഭരണ നിർവഹ

Remove Watermark Now

ണം എന്നിവയെല്ലാം കേൾവികേട്ട ഈ കേരളമാതൃകയുടെ മുഖമുദ്ര കളാണ്. ദാരിദ്ര്യനിർമ്മാർജനത്തിലും ദേശീയ നയപ്രകാരമുള്ള ജന സംഖ്യാ നിയന്ത്രണത്തിലും നാം ഏറെ മുന്നോട്ടു പോയി. രാജ്യത്തെ ഏറ്റവും കുറഞ്ഞ ശിശുമരണനിരക്കും ഏറ്റവും കൂടിയ ആയുർദൈർ ഘ്യവും നാം കൈവരിച്ചു. കോവിഡ് മഹാമാരി പോലുള്ള ദുരന്ത ഘട്ടങ്ങളിലും അല്ലാത്തപ്പോഴും കാര്യക്ഷമമായ പൊതുവിതരണ ശൃംഖല പ്രവർത്തിപ്പിച്ച് ജനങ്ങൾക്ക് ഭക്ഷ്യലഭ്യത ഒരുക്കി. വ്യാവ സായികവും കാർഷികവുമായ ഉൽപ്പാദന മേഖലകളിലെ വികാസ ത്തിന്റെ അനന്തര ഫലമായി മാത്രം വികസിത രാഷ്ട്രങ്ങൾ നേടിയ മികവുകൾ, അതു കൂടാതെ തന്നെ നേടാൻ കഴിഞ്ഞു എന്നതാണ് ഈ മാതൃകയുടെ സവിശേഷതയായി ചൂണ്ടിക്കാണിക്കപ്പെടുന്ന ത്. ഇതിൽ ഒരു പ്രശംസയോടൊപ്പം വിമർശനവും ഉൾക്കൊള്ളുന്നു എന്നത് കാണാതെ പോകരുത്. മറ്റു പല വികസനമാനകങ്ങൾ പോ ലെ ഉപഭോഗനിരക്കിലും വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളം. ധാന്യങ്ങളുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾക്ക് മാത്രമല്ല, ഒട്ടുമിക്ക നിത്യോപയോഗ സാധനങ്ങൾക്കും നാം ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. അങ്ങനെ നാം ഒരു ഉപഭോക്തൃസംസ്ഥാനമായി മാ റിയിരിക്കുന്നു. ഉപഭോക്തൃശാക്തീകരണ പ്രവർത്തനങ്ങളിൽ പക്ഷേ കേരളം അത്ര മുന്നേറിയിട്ടില്ല. അതിവേഗം ഒരു വികസിത സമൂഹമാ യി മാറിക്കൊണ്ടിരിക്കുന്ന കേരളം ഉപഭോക്തൃശാക്തീകരണ കാര്യ ത്തിലും ലോകത്തിനു മാതൃകയാകണം.

- ▶ കേരളത്തിന്റെ ശാക്തീകരണം

നമ്മുടെ സംസ്കാരത്തിന്റെ പ്രതിഫലനം കൂടിയാണ് നമ്മുടെ ഉപഭോഗരീതികൾ. 2019 ലെ ഉപഭോക്തൃനിയമം എന്നറിയപ്പെടുന്ന പുതിയ ഉപഭോക്തൃ നിയമം 2020 ജൂലൈ 20 മുതൽ പ്രാബല്യത്തിൽ വന്നു. നിരവധി ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾക്കു തുട ക്കമിടുകയും നിലവിലുള്ള വ്യവസ്ഥകൾ കൂടുതൽ ഫലപ്രദമാക്കുക യും ചെയ്യുവാൻ പുതിയ നിയമത്തിനു കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ വിടെ നിന്നും വാങ്ങുന്ന സേവനത്തെയോ ഉൽപ്പന്നത്തെയോക്കുറിച്ച് പരാതിയുണ്ടെങ്കിൽ അത് ഉപഭോക്താവിന് സൗകര്യപ്രദമായ രീതി യിലുള്ള ഉപഭോക്തൃ തർക്ക പരിഹാരകമ്മീഷനിൽ കേസ് ഫയൽ ചെയ്യാം എന്ന വ്യവസ്ഥ ഉപഭോക്താവിന് കൂടുതൽ ശക്തി നൽകു ന്നു. ഒരു വലിയ ഉപഭോക്തൃ സംസ്ഥാനമാണ് കേരളം. പുതിയ ഉപ ഭോക്തൃ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾ വേഗത്തിലാകണം. സംസ്ഥാനത്തെ ഉപഭോക്തൃതർക്ക പരിഹാരകമ്മീഷനുകളുടെ പ്രവർത്തനങ്ങളും കൂടുതൽ മെച്ചപ്പെടുത്തണം. എങ്കിൽ മാത്രമേ ഉപഭോക്തൃസൗഹൃദ സംസ്ഥാനമെന്ന നേട്ടം കൈവരിക്കാൻ നമുക്ക് കഴിയുകയുള്ളൂ. എല്ലാ വ്യാപാരസ്ഥാപനങ്ങൾക്കും അവ നൽകുന്ന സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും ഗുണനിലവാരത്തിനനുസരിച്ചുള്ള ഗ്രേഡിങ് കൊ ണ്ടു വരണം. ഗുണനിലവാരം വർധിപ്പിക്കാനും ഉപഭോക്തൃസംതൃ പ്തി ഉറപ്പുവരുത്താനും ഗ്രേഡിങ് സഹായിക്കും. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉപഭോക്താക്കളെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാ ദിത്തം വ്യാപാരികൾ നിർവഹിക്കണം.

- ▶ തർക്കപരിഹാര കമ്മീഷൻ

ഉപഭോക്താക്കളുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനൊപ്പം

ഉപഭോക്താക്കളെ അവരുടെ കടമകളെക്കുറിച്ച് ഓർമ്മിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനൊപ്പം കടമകൾ കൂടി പാലിക്കുവാൻ നമുക്ക് ശ്രമിക്കാം. ഉപഭോക്തൃ തർക്ക പരിഹാര സംവിധാനം, ബോധവൽക്കരണ സംവിധാനം, നിയമ സഹായ സംവിധാനം, പരിശീലന സംവിധാനം തുടങ്ങിയ എല്ലാ ഘടകങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചാൽ മാത്രമേ ഒരു സമൂഹത്തെ ഉപഭോക്തൃ സൗഹൃദമായി മാറ്റിയെടുക്കാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ ഒരേ സമയം ഉപഭോക്തൃ സംരക്ഷണവും ഉപഭോക്തൃ ബോധവൽക്കരണവും മുന്നോട്ടു കൊണ്ടുപോകുന്നതും ഹരിത ഉപഭോക്തൃ മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നതുമായ ഒരു ഉപഭോക്തൃ നയമാകണം കേരളം അനുവർത്തിക്കേണ്ടത്. ഉപഭോക്തൃ സംരക്ഷണം കേരളത്തിന് നിർണ്ണായകമാണ്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാവരും ഉപഭോക്താക്കളാണ്. ആരോഗ്യകരമായ ഒരു ഉപഭോക്തൃ സംസ്കാരം രൂപപ്പെട്ടാൽ അത് സമൂഹത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ സുസ്ഥിരതയ്ക്ക് വഴിയൊരുക്കുമെന്ന് പ്രത്യാശിക്കാം. അതിനാൽ തന്നെ കേരളത്തിന് ഒരു തനത് ഉപഭോക്തൃ നയം ആവശ്യമാണ്. നേരും നന്മയുമുള്ള വ്യാപാര രീതികളും പരിസ്ഥിതി സൗഹൃദ ഉപഭോഗ രീതികളും സമന്വയിക്കുന്നതാവണം നമ്മുടെ ഉപഭോക്തൃനയം. കേരളത്തെ ഉപഭോക്തൃ സൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങളുമായി ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മുന്നോട്ടു പോവുകയാണ്. ഉപഭോക്തൃ സംരക്ഷണത്തിൽ കേരളത്തെ ഒരു ഉത്തമമാതൃകയായി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

- ▶ പരിസ്ഥിതി സൗഹൃദ ഉപഭോക്തൃ മാതൃക

## 4.4.5 കുടുംബം, ലൈംഗികത, സംസ്കാരം

കുടുംബസങ്കല്പത്തിൽ ഇന്നും പുരുഷകേന്ദ്രീകൃതമായ ജീവിതക്രമമാണ് കേരളത്തിൽ നിലകൊള്ളുന്നത്. കേരളത്തിന്റെ പുരോഗമനം ഉയർത്തിപ്പിടിക്കുമ്പോൾ അതിൽ ഒളിഞ്ഞിരിക്കുന്ന സ്ത്രീവിരുദ്ധത ഒരു പ്രഹേളികയായി നിലകൊള്ളുന്നു. ഗാർഹികത, പരിചരണം, എളിമ, യഥാസ്ഥിതിക മതമൂല്യങ്ങൾ എന്നിവയോടാണ് ഇപ്പോഴും സ്ത്രീയുടെ ജീവിതം ചേർത്തു വായിക്കുന്നത്. മറിച്ച് അവളുടെ വിദ്യാഭ്യാസവും ജോലിയും തന്മൂലമുള്ള നേട്ടങ്ങളും രണ്ടാംകിട സൂചികകളായി നിലകൊള്ളുന്നു. കുടുംബം സ്ത്രീകളെ സംബന്ധിച്ച് അടിമത്തത്തിന്റെ ചരിത്രരൂപങ്ങളായി കണക്കാക്കാമെന്ന സ്ഥിതിയിൽ എത്തപ്പെട്ടിരിക്കുന്നു.

- ▶ പുരുഷ കേന്ദ്രീകൃത കുടുംബ വ്യവസ്ഥ

ആദ്യകാലത്ത് സ്ത്രീകളുടെ പേരിൽ തറവാടുകൾ പ്രസിദ്ധി നേടിയിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച മധ്യവർഗ്ഗക്കാരായ നായന്മാർ, അവർ ജീവിക്കുന്ന സമൂഹത്തിൽ കുടുംബത്തിന്റെയും വിഭാഗത്തിന്റെയും ഘടനയും പ്രാധാന്യവും ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണെന്ന് മനസ്സിലാക്കി. കുടുംബത്തിന്റെ ഘടനയിലും അവരുടെ ജീവിതരീതിയിലും വിവാഹത്തെ സംബന്ധിച്ച കാഴ്ചപ്പാടിലും മാറ്റം വരുത്തിയാൽ മാത്രമേ മറ്റു സമുദായങ്ങളെപ്പോലെ വികസനം ഉണ്ടാകുകയുള്ളു എന്ന് അവർ വിശ്വസിച്ചു. അവരുടെ സമൂഹത്തിൽ നിലനിന്നിരുന്ന സംബന്ധമെന്ന വിവാഹ സമ്പ്രദായ



Remove Watermark Now

Remove Watermark Now

ത്തെപ്പറ്റിയായിരുന്നു മുഖ്യ ആശങ്ക. പുരുഷാധിപത്യ സമൂഹം അനുശാസിക്കുന്ന വൈവാഹിക മൂല്യങ്ങൾക്ക് പ്രതിബന്ധം സൃഷ്ടിക്കുന്ന ഒന്നായി അവർ സംബന്ധത്തെ നിരീക്ഷിച്ചു. ഈ വിവാഹസമ്പ്രദായം പ്രധാനമായും വിക്ടോറിയൻ വൈവാഹിക ആശയസംഹിതയെ തകിടം മറിക്കും എന്നവർ കരുതി. വിക്ടോറിയൻ വിവാഹസമ്പ്രദായം മാതൃദായക്രമത്തെക്കാൾ ധാർമ്മികമായി ശ്രേഷ്ഠമാണെന്ന പ്രതീതി വരുത്തിത്തീർത്തു. മാത്രമല്ല വീട്ടിലെ ആണുങ്ങൾക്ക് പരമസ്ഥാനവും അധികാരവും നൽകുന്ന അണുകുടുംബം എന്നത് തറവാട് എന്ന കുടുംബവ്യവസ്ഥയെക്കാൾ സാമ്പത്തികമായി കാര്യക്ഷമമാണെന്ന സങ്കല്പം ആളുകളുടെയിടയിൽ അടിച്ചേൽപ്പിച്ചു.

▶ അണുകുടുംബ വ്യവസ്ഥ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽ വിവാഹം നിയമവിധേയമാക്കണമെന്നും ബഹുഭാര്യത്വം ഫലപ്രദമായി നിർത്തലാക്കണമെന്നുമുള്ള ആവശ്യങ്ങൾ നായർസമുദായത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾ വളരെ ശക്തമായി മുന്നോട്ട് വെച്ചു. അങ്ങനെ, ആദ്യത്തെ തിരുവിതാംകൂർ നായർ ആക്റ്റ് 1912– ൽ പാസ്സായി. തന്മൂലം ആദ്യമായി, കാരണവരുടെ സ്വത്തവകാശം മരുമക്കൾക്കു പകരം മക്കൾക്ക് ലഭിച്ചു. നായർസ്ത്രീകൾക്കിടയിൽ ഒരു പുരുഷകേന്ദ്രീകൃതമായ ലിംഗഭേദ വ്യക്തിത്വം ഉയർന്നുവന്നു. എന്നാൽ സ്ത്രീസമത്വത്തെക്കുറിച്ചും, ലൈംഗികതയെക്കുറിച്ചും, വിവാഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും കേരളത്തിൽ ആശങ്കാജനകമായ ആശയക്കുഴപ്പം തുടരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം, ലിംഗഭേദത്തെ അഭിസംബോധന ചെയ്യുന്നതിലൂടെ സാമൂഹിക പുനരുൽപ്പാദന പ്രക്രിയയിൽ നിലവിലുള്ള വിദ്യാഭ്യാസവും സാമൂഹികവൽക്കരണവും സാമൂഹികബോധവും എത്രത്തോളം മാറ്റം കൊണ്ടുവരാൻ സാധിക്കും എന്നുള്ളത് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

▶ തിരുവിതാംകൂർ നായർ ആക്റ്റ്

iskysoft

## ലൈംഗികത

മറ്റെന്തിലും മീതേ സദാചാരബോധത്തെ പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു സമൂഹമായി വർത്തമാനകേരളം മാറിക്കഴിഞ്ഞു. ലൈംഗികത എന്ന വാക്ക് തന്നെ മലയാളികൾ സ്വീകരിച്ചു തുടങ്ങിയിട്ട് വളരെ കുറച്ചു കാലമേ ആയിട്ടുള്ളൂ. കുടുംബവും വിവാഹവും ഒരു വ്യവസ്ഥാപിത സ്ഥാപനമായി പരിണമിച്ചതിന്റെ ഫലമായി ലൈംഗികത സദാചാരബോധത്തിന്റെ ആണിക്കല്ലായി മാറി. ശാക്തീകരിക്കപ്പെട്ട സ്ത്രീകൾ എന്ന മുഖമുദ്ര ഉപയോഗിച്ച് കേരളത്തിന്റെ പുരോഗമനം ഉയർത്തിപ്പിടിക്കുമ്പോൾ അതിൽ ഒളിഞ്ഞിരിക്കുന്ന സ്ത്രീവിരുദ്ധത ഒരു പ്രഹേളികയായി നിലകൊള്ളുന്നു. സാക്ഷരത നിരക്ക് ഉയർന്ന കേരളത്തിലെ സ്ത്രീകളുടെ മാനസിക ആരോഗ്യം, സാക്ഷരതാനിരക്ക് കുറവുള്ള സംസ്ഥാനത്തിലെ സ്ത്രീകളേക്കാൾ കുറവാണ്. ഇതിന്റെയെല്ലാം അടിസ്ഥാനം പരിശോധിക്കുമ്പോൾ നമ്മൾ ചെന്നെത്തുന്നത് സ്ത്രീയെ വരിഞ്ഞുമുറുക്കുന്ന ലൈംഗികത, വിവാഹം, കുടുംബം എന്നീ വ്യവസ്ഥാപിതമായ സാമൂഹ്യസ്ഥാപനങ്ങളിലും അവയുടെ സാമൂഹ്യനിർമ്മിതിയിലുമാണ്. ലോകം മുഴുവൻ വീക്ഷിച്ച മാതൃദായക്രമത്തിൽ നിലനിന്നിരുന്ന സ്ത്രീപക്ഷ സാമൂഹ്യവ്യവസ്ഥയ്ക്കും സ്ത്രീബദ്ധ സാംസ്കാരിക ഭൂമികയ്ക്കും ഉദാഹരണമായിരു

▶ സ്ത്രീ വിരുദ്ധ സാംസ്കാരിക പരിസരം

Remove Watermark Now

ന്നു ഒരു കാലത്തെ കേരളമെന്നു കാണാം.

കേരളചരിത്രം പരിശോധിച്ചാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ കേരളസമൂഹത്തിൽ ആരംഭിച്ച 'സദാചാര ബോധ'മാണ്, മറ്റു സമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളസമൂഹത്തിൽ വളർന്നു വന്ന ലൈംഗികബോധത്തിലും വിവാഹം, കുടുംബം എന്നീ സാമൂഹികസ്ഥാപനങ്ങളിലും സമൂലമായ മാറ്റം വരുത്തിയത്. സ്ത്രീയ്ക്കും പുരുഷനും ലൈംഗികമായി ലഭിച്ചിരുന്ന സ്വാതന്ത്ര്യം മാതൃദായക്രമത്തിലെ ഒരു പ്രത്യേകതയായിരുന്നു. മരുമക്കത്തായക്രമത്തിൽ ശരിയായ ഒരു വിവാഹക്രമം നിലനിന്നിരുന്നില്ല. സംബന്ധം, പുടമുറി, കിടക്കുറി എന്നീ പല പേരുകളിൽ അറിയപ്പെട്ടിരുന്ന ഒരു ലളിതമായ ചടങ്ങായിരുന്നു അത്. അതിന് മതപരമായ ഘടകങ്ങൾ കുറവായിരുന്നു. എന്നാൽ ഇന്നത്തെ അണുകുടുംബങ്ങളിലെ ലൈംഗികത സ്ത്രീസ്വാതന്ത്ര്യത്തിനു ഒരു അതിർത്തി കല്പിച്ചിട്ടുണ്ട്. ഇന്നത്തെ കുടുംബവ്യവസ്ഥയിൽ സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും അനിവാര്യവുമായ ഒന്നായി വിവാഹം. ആരോഗ്യപരമായ ലൈംഗികത നിലനിൽക്കുന്ന കുടുംബങ്ങൾ കേരളത്തിൽ വളരെ കുറച്ചു ശതമാനം മാത്രമാകുന്നു. ഇന്നത്തെ കേരളത്തിന്റെ സാമൂഹ്യജീവിതസാഹചര്യങ്ങളിൽ സ്ത്രീയുടെ ലൈംഗികത ഇപ്പോഴും പുരുഷന്റെ നിയന്ത്രണത്തിൽ തന്നെയാണെന്നു കാണാം.

▶ കേരളത്തിന്റെ കുടുംബ വ്യവസ്ഥ

## 4.4.6 കേരളം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ

വിദ്യാഭ്യാസവും ആരോഗ്യവുമടക്കമുള്ള വനിതാശിശുക്ഷേമ പ്രവർത്തനങ്ങളിൽ ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് കൂടുതലാണ്. സ്ത്രീകളുടെ പ്രതീക്ഷിതായുസ്സും പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ്. വിദ്യാഭ്യാസ കാര്യത്തിലും പെൺകുട്ടികൾ മികവു കാണിക്കുന്നുണ്ട്. സ്പോർട്സ്, നഴ്സിംഗ്, അധ്യാപനം, ഐ.ടി. മേഖലകളിലും കേരളീയ വനിതകൾക്ക് പ്രാമുഖ്യം ഉണ്ട്. കേരളത്തിന്റെ സമ്പദ്വ്യവസ്ഥ ശക്തമാക്കുന്നതിൽ വിദേശങ്ങളിൽ, വിശേഷിച്ച് ഗൾഫ്രാജ്യങ്ങളിൽ കുടിയേറിയ മലയാളികൾക്ക് വലിയ പങ്കുണ്ട്. ഇതിൽ 90 ശതമാനവും ഗൾഫ് രാജ്യങ്ങളിലാണുള്ളത്. പ്രവാസികളായ കേരളീയരിൽ നിന്നും കോടിക്കണക്കിനു രൂപയാണ് സംസ്ഥാനത്തിനു ലഭിച്ചു കൊണ്ടിരിക്കുന്നത്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് പ്രകീർത്തിക്കപ്പെടുന്ന കേരളം വിനോദസഞ്ചാര മേഖലയിൽ സ്തുത്യർഹമായ നേട്ടങ്ങളാണ് കൈവരിച്ചു കൊണ്ടിരിക്കുന്നത്. ജീവിതത്തിന്റെ സകലമേഖലകളിലും സേവനം എത്തിക്കുന്നതിനു പര്യാപ്തമായ രീതിയിൽ സംസ്ഥാനത്തെ സഹകരണമേഖല വളർന്നിട്ടുണ്ട്. കേരളത്തിൽ സുസ്ഥിരമായ ഒരു സമ്പദ്‌വ്യവസ്ഥ നിലനിർത്തുന്നതിൽ ഇവിടുത്തെ ബാങ്കിങ്, സഹകരണ മേഖലകൾ കാര്യമായ പങ്കാണ് വഹിച്ചു കൊണ്ടിരിക്കുന്നത്.

▶ കേരളം മുന്നേറിയ മേഖലകൾ

മാധ്യമരംഗത്തും സമുന്നതസ്ഥാനം കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. പത്രം, റേഡിയോ, ടെലിവിഷൻ, ടെലിഫോൺ, മൊ

Remove Watermark Now

ബൈൽ ഫോൺ, കമ്പ്യൂട്ടർ എന്നിവയുടെ വിനിയോഗത്തിലും കേരളത്തിന് ഉയർന്ന സ്ഥാനമുണ്ട്. ദൂരദർശനു പുറമേ നിരവധി സ്വകാര്യ ചാനലുകളും നിലവിലുണ്ട്. ഇത്രയധികം ടി.വി.ചാനലുകൾ ഇന്ത്യയിൽ മറ്റൊരു ഭാഷയിലുമില്ല. ടെലികമ്മ്യൂണിക്കേഷൻ, ഗതാഗതം എന്നീ മേഖലകളിലും കേരളം വമ്പിച്ച പുരോഗതി കൈവരിച്ചു. ചലച്ചിത്രരംഗത്തും കേരളം ഉന്നതസ്ഥാനത്താണ്. കലാമൂല്യവും സാമൂഹിക പ്രതിബന്ധതയുമുള്ള അനവധി ചിത്രങ്ങളും, സംവിധായകരും മലയാള സിനിമയ്ക്ക് അന്താരാഷ്ട്ര പ്രശസ്തി നേടിക്കൊടുത്തു. സാമൂഹിക വികാസസൂചികകളിൽ ലോകത്തെ ഒന്നാംകിട രാജ്യങ്ങളോട് കിടപിടിക്കുന്ന നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സാർവത്രികമായ വിദ്യാഭ്യാസം, സമ്പൂർണ്ണ സാക്ഷരത, മികച്ച ആരോഗ്യ പരിപാലനരംഗം, കാര്യക്ഷമമായ ഭരണ നിർവഹണം എന്നിവയിലെല്ലാം ഉള്ള ഉന്നതസ്ഥാനം ഈ കേരള മാതൃകയുടെ മുഖമുദ്രകളാണ്. ദാരിദ്ര്യ നിർമ്മാർജനത്തിലും ദേശീയനയപ്രകാരമുള്ള ജനസംഖ്യാനിയന്ത്രണത്തിലും നാം ഏറെ മുന്നോട്ടു പോയി. രാജ്യത്തെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കും ഏറ്റവും കൂടിയ ആയുർദൈർഘ്യവും നാം കൈവരിച്ചു. കോവിഡ് മഹാമാരി പോലുള്ള ദുരന്തഘട്ടങ്ങളിലും അല്ലാത്തപ്പോഴും കാര്യക്ഷമമായ പൊതുവിതരണ ശൃംഖല പ്രവർത്തിപ്പിച്ച് ജനങ്ങൾക്ക് ഭക്ഷ്യലഭ്യത ഒരുക്കി. വ്യാവസായികവും കാർഷികവുമായ ഉൽപാദനമേഖലകളിലെ വികാസത്തിന്റെ അനന്തരഫലമായി മാത്രം വികസിതരാഷ്ട്രങ്ങൾ നേടിയ മികവുകൾ, അതു കൂടാതെ തന്നെ നേടാൻ കഴിഞ്ഞു എന്നതാണ് ഈ മാതൃകയുടെ സവിശേഷതയായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

▶ കേരളത്തിന്റെ മികവുകൾ

കൃഷി, വ്യവസായം, പൊതുവിതരണം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ചില പ്രതിസന്ധികളുണ്ട്. പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ കാലാവസ്ഥാവ്യതിയാനം എന്നിവ ഏൽപ്പിച്ച ആഘാതം മൂലം കാർഷികവൃത്തിയിൽ പ്രതിസന്ധികൾ ഉണ്ടാവുകയും കർഷകരുടെ ആത്മഹത്യ ഒരു സാമൂഹ്യപ്രശ്നമായി മാറുകയും ചെയ്തു. സംസ്ഥാനത്തിന് ആവശ്യമുള്ള മുഴുവൻ ഭക്ഷ്യവിഭവങ്ങളും ഉൽപാദിപ്പിക്കുവാൻ നമ്മുടെ കാർഷികമേഖലയ്ക്കു കഴിയുന്നില്ല. എങ്കിലും ഓരോ വർഷം കൂടുമ്പോഴും നാം സ്വയംപര്യാപ്തത നേടാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ആത്മഹത്യയിലും മാനസികരോഗങ്ങളിലും ആഗോളതലത്തിൽ കേരളം ഇന്നു മുന്നിലാണ്. മതവൈരാഗ്യവും വർഗീയലഹളകളും സ്ത്രീകളോടുള്ള അതിക്രമങ്ങളും അങ്ങിങ്ങ് ഉണ്ടാകാറുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികൾ കേരളത്തിലേക്കു കുടിയേറുന്നത് അടിക്കടി വർധിക്കുന്നു. ഈ പ്രവണത കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളിൽ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൊറോണ എന്ന മാരകമായ വ്യാധി കേരളസമൂഹത്തിലെ എല്ലാ മേഖലകളെയും പ്രതികൂലമായി ബാധിച്ചു. നിരവധി മനുഷ്യരുടെ മരണത്തിനും ഇടയാക്കി. ലോകം മുഴുവൻ ബാധിച്ച കോവിഡ്-19 കേരളത്തിന്റെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹ്യരംഗങ്ങളിൽ മാത്രമല്ല വ്യാവസായിക, കാർഷകരംഗങ്ങളിലും വലിയ തകർച്ചയുണ്ടാക്കി. കേരളസർക്കാരും ആരോഗ്യരംഗവും ആതുര ശുശ്രൂഷാരംഗവും കേരളജനതയും ഒന്നിച്ചുനിന്ന് ആ മഹാമാരിയെ പ്രതിരോധിച്ചു. നഷ്ടപ്പെട്ടതെല്ലാം ഇന്ന്

Remove Watermark Now

▶ ഊർജസ്വലതയോടെ മുന്നേറ്റം

ഒത്തുചേർന്ന് നേടികൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി കേരളം കൂടുതൽ ഊർജസ്വലതയോടെ മുന്നേറുകയാണ്.

## Summarised Overview

കേരളത്തിൽ പ്രചാരമുള്ള ബഹുജന മാധ്യമങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. ഇവയെല്ലാംകൂടി പുറത്തുവിടുന്ന വാർത്തകൾ പലതരത്തിലാണ് അവയുടെ ഉപഭോക്താക്കളിൽ എത്തുന്നത്. മാധ്യമങ്ങളുടെ പ്രത്യയശാസ്ത്രവും മൂലധന താൽപര്യങ്ങളും വാർത്തയുടെ റിപ്പോർട്ടിംഗിലും പ്രതിഫലിക്കുന്ന സ്ഥിതിയുണ്ട്. മാധ്യമ ഉടമകളുടെ കോർപ്പറേറ്റ് താൽപ്പര്യങ്ങളും വാർത്തയെ സ്വാധീനിക്കുന്നു. ഗവൺമെന്റ് വാർത്താ ഏജൻസികളേക്കാൾ സ്വകാര്യ മാധ്യമങ്ങളെ ആശ്രയിക്കുന്ന കേരളീയരുടെ പൊതുബോധത്തിൽ വ്യത്യസ്ത ചിന്താരീതികളും അഭിപ്രായങ്ങളും ഉണ്ടാകുന്നു. പരമ്പരാഗത മാധ്യമങ്ങൾക്കപ്പുറം സമൂഹമാധ്യമങ്ങൾക്ക് നല്ല വേരോട്ടവും വലിയ സ്വാധീനവുമുള്ള കാലമാണിത്. അതിന്റെ മറപറ്റി ധാരാളം ഓൺലൈൻ മാധ്യമങ്ങൾ ഇന്ന് കേരളത്തിൽ പ്രവർത്തിച്ചുവരുന്നു. മാധ്യമപ്രവർത്തനത്തിന്റ് അടിസ്ഥാനധാരണകളും നൈതികതയും നിലനിർത്തേണ്ടതാവശ്യമാണ്. സെൻസേഷണൽ സ്വഭാവത്തിലുള്ള വാർത്തകൾ അതിവൈകാരികതയോടെ വളരെ പെട്ടെന്ന് ജനങ്ങളിലെത്തിക്കാൻ മാധ്യമപ്രവർത്തകർ മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്നു. ഓൺലൈൻ രംഗത്ത് വലിയ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ധാരാളം കേരളത്തിൽ പ്രവർത്തിക്കുന്നു. ഏതൊരാൾക്കും മാധ്യമപ്രവർത്തകരാകാവുന്ന സാമൂഹ്യമാധ്യമങ്ങളുടെ ജനാധിപത്യ സ്വഭാവം നിലനിർത്തണം എന്നതോടൊപ്പം തന്നെ ഗുണമേന്മയും ഉറപ്പുവരുത്താൻ കഴിയേണ്ടതുണ്ട്.

ആധുനിക വിനിമയ വിപ്ലവവും ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രാധാന്യവും ഈ യൂണിറ്റിൽ വിശദമാക്കുന്നു. അച്ചടി മാധ്യമങ്ങളുടെ കടന്നുവരവ് പത്രങ്ങളുടെ ആവിർഭാവത്തിനു കാരണമായി. പാശ്ചാത്യ നാടുകളിൽ നിന്നു ഭാരതത്തിലേക്കും പിന്നീട് കേരളത്തിലേക്കും പത്രങ്ങൾ പ്രചരിച്ചു. 20-ാം നൂറ്റാണ്ടിന്റെ ഉദയം മലയാളപത്ര പ്രവർത്തനരംഗത്തിന്റെ നവോദയം കൂടിയാണ്. പുതിയ ധാരാളം പത്രങ്ങൾ ഉണ്ടായി എന്നുമാത്രമല്ല, ചരിത്രം സൃഷ്ടിച്ച പത്രങ്ങളും ശ്രേഷ്ഠരായ പത്രാധിപന്മാരും ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. പ്രതിബദ്ധതയും ദിശാബോധവും ആ കാലഘട്ടത്തിന്റെ പത്രങ്ങളുടെ മുഖമുദ്രകളായിരുന്നു. സ്വാതന്ത്ര്യം, ദേശീയോദ്ഗ്രഥനം, സമൂഹനിർമ്മാണം, സാമുദായിക പരിഷ്കരണം, ശാസ്ത്ര ബോധവൽക്കരണം തുടങ്ങിയവ ലക്ഷ്യങ്ങളായിരുന്നു. റേഡിയോ, ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുവരവ് കേരളസമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണുണ്ടാക്കിയത്. ഏറ്റവും ജനപ്രിയമാധ്യമമായി ടെലിവിഷൻ മാറി. സ്വകാര്യ ചാനലുകൾ വലിയ മുന്നേറ്റമാണ് നടത്തിയത്. പിന്നീട് നവമാധ്യമങ്ങളുടെ കടന്നുവരുണ്ടായി. ഓർക്കുട്ട്, ഫേസ്ബുക്ക്, ടിറ്റർ, ഇൻസ്റ്റഗ്രാം വാട്സാപ്പ്, ടെലഗ്രാം എന്നിവ ലോകവ്യാപകമായുണ്ടാക്കിയ സ്വാധീനം കേരളത്തിലും ഇന്ന് സർവസാധാരണമായിരിക്കുന്നു. വിവിധങ്ങളായ മാധ്യമങ്ങൾ ഉദ്ഗ്രഥിച്ച് ഉപയോഗിക്കാവുന്ന അവസ്ഥ എന്നിവ ഈ ആശയവിനിമയത്തെ വ്യവസ്ഥാപിതമായ ആശയവിനിമയത്തിന് സമാന്തരമായ ആശയവിനിമലോകമാക്കി മാറ്റി. അതിനാൽ ഇത് സമൂഹമാധ്യമം എന്ന് അറിയപ്പെടാൻ തുടങ്ങി.

Remove Watermark Now

ആഗോളവൽക്കരണം നടപ്പിലാക്കിയ രാജ്യങ്ങളുടെ അനുഭവങ്ങളും ലോകം മുഴുവൻ ഇതുമൂലമുണ്ടായ പ്രത്യാഘാതങ്ങളും വിഷയമാണ്. തൊഴിൽരംഗത്ത്, ബാങ്കിങ് മേഖലകളിൽ, ആരോഗ്യ മേഖലകളിൽ, കാർഷികരംഗത്ത്, പരിസ്ഥിതി, രാഷ്ട്രീയ രംഗങ്ങളിലുണ്ടായ അസന്തുലിതാവസ്ഥ എന്നിവയെക്കുറിച്ച് സുവ്യക്തമായ ചിത്രം ലഭ്യമാണ്. കേരളത്തിൽ ഒരു കാലത്ത് നിലനിന്നിരുന്ന കുടുംബവ്യവസ്ഥയും ഇന്നത്തെ കുടുംബവ്യവസ്ഥയും ലൈംഗികതയും സംസ്കാരവും തമ്മിൽ വ്യത്യാസങ്ങളുണ്ട്. ആരോഗ്യപരമായ ലൈംഗികത നിലനിൽക്കുന്ന കുടുംബങ്ങൾ കേരളത്തിൽ കുറച്ചു ശതമാനം മാത്രമാകുന്നു. ഇന്നത്തെ കേരളത്തിന്റെ സാമൂഹ്യ ജീവിത സാഹചര്യങ്ങളിൽ സ്ത്രീയുടെ ലൈംഗികത പുരുഷ നിയന്ത്രണത്തിൽ തന്നെ നിലകൊള്ളുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ സാമൂഹിക വികാസസൂചികകളിൽ ലോകത്തെ ഒന്നാംകിട രാജ്യങ്ങളോട് കിടപിടിക്കുന്ന നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സാർവത്രികമായ വിദ്യാഭ്യാസം, സമ്പൂർണ്ണ സാക്ഷരത, മികച്ച ആരോഗ്യ പരിപാലനരംഗം, കാര്യക്ഷമമായ ഭരണ നിർവഹണം എന്നിവയെല്ലാം കേൾവികേട്ട ഈ കേരള മാതൃകയുടെ മുഖമുദ്രകളാണ്.

## Assignment

1. കേരളത്തിൽ സാങ്കേതികവിദ്യയുടെ വളർച്ച വിലയിരുത്തുക.
2. കേരളത്തിന്റെ പത്രപ്രവർത്തന ചരിത്രം വിവരിക്കുക.
3. പ്രധാനപ്പെട്ട വിനിമയ മാധ്യമങ്ങളേതെല്ലാമെന്ന് വിശദീകരിച്ച് അവയുടെ പ്രയോജനങ്ങൾ കണ്ടെത്തുക?
4. അച്ചടിമാധ്യമങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.
5. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം സമൂഹത്തിലുണ്ടാക്കിയ നേട്ടങ്ങൾ ഉപന്യാസിക്കുക.
6. നവമാധ്യമങ്ങൾ കേരളീയ സമൂഹത്തിൽ ചെലുത്തിയ സ്വാധീനങ്ങൾ വിലയിരുത്തുക.
7. കേരളജനത ഉപഭോക്തൃസമൂഹം എന്ന നിലയിൽ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് ചർച്ച ചെയ്യുക.
8. കേരളം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാം? ഉപന്യാസം തയ്യാറാക്കുക
9. ഇന്നത്തെ കേരളം ഏതൊക്കെ രംഗങ്ങളിലാണ് മാതൃകയാക്കി വിലയിരുത്തപ്പെടുന്നത്? കേരളത്തിന്റെ നേട്ടങ്ങൾ എന്തെല്ലാം? ഉപന്യാസം തയ്യാറാക്കുക
10. കേരളീയ സമൂഹത്തിൽ നവമാധ്യമങ്ങളുടെ ഇടപെടലുകൾ വിലയിരുത്തുക.
11. ആഗോളീകരണത്തിന്റെ പ്രതിഫലനങ്ങൾ കേരളത്തിൽ ചർച്ച ചെയ്യുക
12. മലയാളിയുടെ പൊതുബോധ നിർമിതിയും മാധ്യമങ്ങളും വിവരിക്കുക.
13. ഉപഭോക്തൃസമൂഹത്തിന്റെ പ്രതിസന്ധികളും പരിഹാരങ്ങളും എന്തെല്ലാം?
14. കേരളത്തിലെ മക്കത്തായ, മരുമക്കത്തായ കുടുംബവ്യവസ്ഥകൾ താരതമ്യം ചെയ്യുക.

Remove Watermark Now

## Suggested Readings


1. പി.എസ്. ജ്യോതിലക്ഷ്മി, മാധ്യമ മലയാളം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
2. പ്രൊഫ. എസ്. അച്യുതവാര്യർ, കേരള സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. സുനിത. ടി.വി (എഡി.), സൈബർ മലയാളം, കറന്റ് ബുക്സ്, തൃശ്ശൂർ.
4. കേരളത്തിന്റെ സ്ത്രീപദവി, കേരള ശാസ്ത്ര സാഹിത്യ പരിഷത്, തൃശ്ശൂർ.
5. കെ.എൻ. ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. സുനിത. ടി.വി, മലയാളവും ഇന്റർനെറ്റും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.


## References


1. രാജൻ ഗുരുക്കൾ, എം.ആർ. രാഘവവാര്യർ, കേരളചരിത്രം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
2. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ടി.എം. രാമചന്ദ്രൻ (എഡി.), മലയാളി നാൾവഴികൾ, സംവാദം പബ്ലിക്കേഷൻസ്, കോഴിക്കോട്.
4. പ്രൊഫ. എ. ശ്രീധരമേനോൻ, കേരള സംസ്കാരം, എസ്.പി.സി.എസ്. കോട്ടയം.
5. ജെ.വി. വിളനിലം, മാധ്യമങ്ങളും ആനുകാലിക സാമൂഹിക പ്രശ്നങ്ങളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. ഡോ. പി.കെ. രാജശേഖരൻ, മലയാളിയുടെ മാധ്യമ ജീവിതം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
7. കെ.ഇ.എൻ, കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും, ലീഡ് ബുക്സ്, കോഴിക്കോട്.

Remove Watermark Now

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

iSkysoft

Remove Watermark Now

# Model Question Paper Sets
# M.A. Malayalam Language and Literature Programme

Remove Watermark Now

**SET A**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………

Reg. No : ……….............

Name : ………………...

## FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION

## DISCIPLINE CORE - 1- M21ML01DC - കേരളസംസ്കാരചരിത്രം

( CBCS - PG )

2022-23 - Admission Onwards

Time: 3 Hours Max Marks: 70

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. കേരള ചരിത്ര രചനയ്ക്ക് ഉപാദാനമായ പ്രധാന സാമഗ്രികൾ ഏതെല്ലാം?
2. അടിയന്തരാവസ്ഥ കേരളത്തെ ഏതു തരത്തിലാണ് ബാധിച്ചത്?
3. മിച്ചഭൂമിപ്രക്ഷോഭത്തിന് കാരണമായ ചരിത്രസന്ദർഭത്തെക്കുറിച്ച് കുറിപ്പെഴുതുക
4. അറയ്ക്കൽ രാജവംശത്തെപ്പറ്റി വിവരിക്കുക.?
5. രേവതി പട്ടത്താനത്തെപ്പറ്റി ഒരു കുറിപ്പു തയ്യാറാക്കുക
6. നവോത്ഥാന നായകനായ മക്തി തങ്ങളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.
7. ഐന്തിണകൾ - കുറിപ്പു തയ്യാറാക്കുക.
8. ഉത്തരവാദിത്ത പ്രക്ഷോഭത്തിൽ സ്റ്റേറ്റ് കോൺഗ്രസ് വഹിച്ച പങ്കിനെക്കുറിച്ച് വിവരിക്കുക.

(5× 2=10)

## SECTION - B

**II. ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. പ്രാചീന തമിഴകത്തെ മതജീവിതത്തെക്കുറിച്ച് വിവരിക്കുക.
10. പെരുമാൾ വാഴ്ചയെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ ക്രോഡീകരിക്കുക?
11. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക രംഗത്ത് പത്രങ്ങൾ വഹിച്ച പങ്കെന്ത്?

Remove Watermark Now

12. രണ്ടാം ചേര കാലഘട്ടത്തെ കേരളത്തിന്റെ സുവർണ്ണ കാലം എന്ന് വിശേഷിപ്പിക്കാമോ – പരിശോധിക്കുക.
13. പാശ്ചാത്യമിഷണിമാർ കേരളത്തിന്റെ വൈജ്ഞാനിക വിദ്യാഭ്യാസമണ്ഡലത്തിനു നൽകിയ സംഭാവനകൾ വിവരിക്കുക.
14. ആഗോളീകരണത്തിന്റെ സാമാന്യ ഫലങ്ങൾ കേരളീയ ജീവിതത്തിൽ പ്രതിഫലിച്ചതെങ്ങനെ?
15. കേരളത്തിലെ സാമൂഹ്യ, സാമ്പത്തിക രംഗത്ത് പ്രവാസികളുടെ സംഭാവനകൾ വിലയിരുത്തുക?
16. ഉദയംപേരൂർ സുന്നഹദോസിനു കേരളീയ ക്രൈസ്തവ ചരിത്രത്തിലുള്ള സ്ഥാനം അടയാളപ്പെടുത്തുക.
17. കേരള ചരിത്രത്തിന്റെ നിർണ്ണായക വഴിത്തിരിവുകളിൽ സ്ത്രീമുന്നേറ്റങ്ങൾക്ക് പ്രധാനസ്ഥാന മുണ്ട്. വിശദീകരിക്കുക.
18. കർഷക പരിഷ്കരണ ബില്ലും അതിന്റെ പരിമിതികളും – വിശദമാക്കുക.

(6×5=30)

## SECTION - C

**III. ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക**

19. സംഘകാല കൃതികളിൽ നിന്ന് ലഭ്യമാകുന്ന സാംസ്കാരിക ജീവിതത്തെക്കുറിച്ചുള്ള സൂചന കൾ വിശദമാക്കുക.
20. കേരളീയ സംസ്കാരത്തിന്റെ നേർചിത്രമായി കേരളീയ രംഗകലകൾ വർത്തിക്കുന്നതെങ്ങനെ യെന്ന് വ്യക്തമാക്കുക.
21. മാതൃഭാഷയാണ് ഇന്ത്യൻ ദേശീയതയുടെ അടിസ്ഥാനതത്വം – സംസ്ഥാനങ്ങളുടെ ഏകീകരണവുമായി ബന്ധപ്പെട്ട് രാജ്യം സ്വീകരിച്ച നയങ്ങളെ മുൻനിർത്തി പരിശോധിക്കുക.
22. കേരളീയ നവോത്ഥാനം ഏകരൂപമായ ഒരു പ്രവണതയായല്ല പ്രവർത്തിച്ചത്. വ്യത്യസ്ത സാഹചര്യങ്ങളിൽ വിവിധ സ്വഭാവം അവ കൈക്കൊണ്ടിട്ടുണ്ടെന്ന് കാണാം. വിശദമാക്കുക.

(2×15=30)

iSkysoft

Remove Watermark Now

**SET B**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………        Reg. No : ………..............

Name : ………………...

## FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION

## DISCIPLINE CORE - 1- M21ML01DC - കേരളസംസ്കാരചരിത്രം

( CBCS - UG )

2022-23 - Admission Onwards

Time: 3 Hours        Max Marks: 70

## SECTION - A

**I ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക**

1. ഐന്തിണകളുടെയും അവയിലെ താമസക്കാരുടെയും പേരുകൾ എന്തെല്ലാം?
2. ശങ്കരാചാര്യരുടെ അദ്വൈത ദർശനത്തെക്കുറിച്ച് ലഘുകുറിപ്പ് എഴുതുക.
3. പ്രാചീന കേരളവും അറബികളുമായുള്ള വ്യാവസായിക ബന്ധത്തിന്റെ സാംസ്കാരികപ്രാധാന്യം സൂചിപ്പിക്കുക.
4. കഥകളിയിലെ വിവിധ വേഷങ്ങളെ പരിചയപ്പെടുത്തുക.
5. ചാന്നാർ ലഹളയുടെ ചരിത്രപ്രാധാന്യം രേഖപ്പെടുത്തുക.
6. ചട്ടമ്പിസ്വാമികൾ തുടക്കമിട്ട നവോത്ഥാന പരിശ്രമങ്ങൾ സമൂഹത്തെ സ്വാധീനിച്ചതെങ്ങനെ?
7. പുന്നപ്ര – വയലാർ സമരം അധികാരത്തിനെതിരെയുള്ള പോരാട്ടമാകുന്നതെങ്ങനെയെന്ന് കുറിപ്പെഴുതുക.
8. ഐക്യകേരളത്തിലെ ആദ്യ മന്ത്രിസഭ കേരള വികസനത്തിന് അടിത്തറയിട്ടതെങ്ങനെ?

(5×2=10)

## SECTION - B

**II ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം എഴുതുക**

9. ഭൂമിശാസ്ത്രഘടകങ്ങൾക്ക് കേരള സംസ്കാര നിർമ്മിതിയിലുള്ള പങ്ക് വിശദമാക്കുക.

Remove Watermark Now

10. കേരളത്തിൽ ബുദ്ധജൈന മതങ്ങളുടെ തകർച്ചയിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം?
11. പ്രാചീന കേരളത്തിലെ വർത്തക സംഘങ്ങൾക്ക് സാമൂഹ്യ ജീവിതത്തിലുണ്ടായിരുന്ന സ്ഥാനം വിലയിരുത്തുക.
12. നാടുവാഴിത്തം കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലകളിലുണ്ടാക്കിയ ചലനങ്ങൾ വിശദമാക്കുക.
13. പോർച്ചുഗീസുകാരുടെ ഇടപെടൽ കേരള ചരിത്രത്തിലെ അക്രമാസക്തമായ ഒരേടാകുന്നതെങ്ങനെ? വിശദമാക്കുക.
14. ഭക്തിപ്രസ്ഥാനത്തിന്റെ കടന്നുവരവ് ആ കാലഘട്ടത്തിന്റെ ധാർമ്മിക മൂല്യങ്ങളെ സംരക്ഷിക്കുന്നതിന് സഹായകരമായിട്ടുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കുക.
15. ഗുരുദർശനം ഏത് കാലത്തും പ്രസക്തമാകുന്നത് അതിന്റെ നൈതിക സാന്നിധ്യം കൊണ്ടാണ്. വിശദമാക്കുക.
16. കേരള മോഡൽ പുതിയ കടമകൾ ഏറ്റെടുത്ത് മുന്നോട്ടുപോകേണ്ട കാലമാണിതെന്ന് നിങ്ങൾ കരുതുന്നുണ്ടോ? കുറിപ്പെഴുതുക.
17. ദളിത്, സ്ത്രീവാദ കാഴ്ചപ്പാടുകൾ കേരള ചരിത്രാന്വേഷണത്തിൽ ഗൗരവപൂർണ്ണമായ ഇടപെടലുകളായി മാറുന്നതെങ്ങനെ?
18. പുതിയ കാലത്തെ കേരളീയ ജീവിതത്തിൽ സാമൂഹ്യമാധ്യമങ്ങളുടെ പ്രസക്തി എന്താണ്? സാമൂഹ്യ വിപ്ലവത്തിനുതകുന്ന ഇടപെടലുകൾ അവ കേരളത്തിൽ നടത്തുന്നുണ്ടോ?

iSkysoft

(6×5=30)

## SECTION - C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ ഉത്തരം എഴുതുക**

19. ഇരുളടഞ്ഞ ഒരു കാലത്തിൽ നിന്നും ചരിത്രത്തിനെ വെളിച്ചത്തിലേക്ക് നയിക്കുന്ന വസ്തുക്കളാണ് ഉപാദാനസാമഗ്രികൾ. വിശദമാക്കുക.
20. കേരള സംസ്കാരത്തിന്റെ വിവിധ സ്വഭാവങ്ങളെ പ്രതിനിധീകരിക്കുന്ന വിവിധ നാടൻപാട്ടുകളെ കുറിച്ച് ഉപന്യസിക്കുക.
21. സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ കേരളീയ നവോത്ഥാനത്തിലെ നായകസ്ഥാനം അലങ്കരിച്ചതെങ്ങനെ? വ്യക്തമാക്കുക.
22. കർഷക പ്രസ്ഥാനങ്ങൾ നയിച്ച രാഷ്ട്രീയ പ്രക്ഷോഭങ്ങൾക്ക് കേരള നിർമ്മിതിയിൽ പ്രധാന പങ്ക് കൈവരുന്നതെങ്ങനെ? അവയുടെ ചരിത്രവും തുടർസ്വാധീനവും വിശദമാക്കുക.

(2×15=30)

Remove Watermark Now

# Self-Assessment Questions & Answers

SGOU
iSkysoft

Remove Watermark Now

# ചോദ്യങ്ങൾ

1. കേരള ചരിത്രത്തിലെ ഇരുളടഞ്ഞ രേഖകൾ എന്ന ഗ്രന്ഥം രചിച്ചത് ആര്?
2. കേരളത്തെ സംബന്ധിച്ച പരാമർശമുള്ള ഏറ്റവും പ്രാചീന കൃതി?
3. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പരാമർശിക്കുന്ന കേരളത്തിലെ നദി?
4. മുരിചി എന്ന പേരിൽ അറിയപ്പെട്ട പ്രാചീന തുറമുഖം?
5. കേരളപഴമ എന്ന കൃതിയുടെ കർത്താവ്?
6. പെരിപ്ലസുകാരൻ കേരളത്തെ വിളിച്ചിരുന്ന പേര് എന്ത്?
7. കേരളത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഏറ്റവും ആദ്യത്തെ ശാസനം?
8. ദേവദാസികളെ കുറിച്ച് പരാമർശം ഉള്ള ശാസനം?
9. ഏത് കൃതിയിലാണ് തിണസങ്കല്പം വിവരിക്കുന്നത്?
10. ഏഴിമല ഭരിച്ചിരുന്ന രാജാവ് ആര്?
11. പ്രാചീന വിഹാരങ്ങളെ വിളിച്ചിരുന്ന പേര്?
12. പ്രാചീന കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് കച്ചവട സംഘങ്ങൾ?
13. ദക്ഷിണ നളന്ദ എന്ന പേരിൽ അറിയപ്പെടുന്ന പ്രാചീന വിദ്യാകേന്ദ്രം?
14. സാമൂതിരിയുടെ സദസ്സിനെ അലങ്കരിച്ചിരുന്ന വിദ്വൽ സദസ്?
15. കേരളത്തിലെ ഏക മുസ്ലിം രാജവംശം?
16. സാമൂതിരിയുടെ നേതൃത്വത്തിൽ കോഴിക്കോട് തളി ക്ഷേത്രത്തിൽ നടത്തിയിരുന്ന പണ്ഡിതന്മാരുടെ വാർഷിക സഭ?
17. മണിപ്രവാള ലക്ഷണ ഗ്രന്ഥം?
18. കല്ലുവഴിചിട്ട ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?
19. പ്രച്ഛന്നബുദ്ധൻ എന്ന പേരിൽ അറിയപ്പെടുന്ന യോഗി?
20. "മുക്തിയെ സിദ്ധിക്കണമെങ്കിലോ ഭഗവത്പാത ഭക്തികൊണ്ടൊഴിഞ്ഞ് മറ്റൊന്നിനാവതില്ല" – ആരുടെ വരികൾ?
21. മാപ്പിളപ്പാട്ടിലെ വൃത്തത്തിന് പറയുന്ന പേരെന്ത്?
22. പോർച്ചുഗീസുകാരെ തടയാൻ മരയ്ക്കാർ നെയ്തെടുത്ത യുദ്ധതന്ത്രം?
23. പോർച്ചുഗീസുകാരുടെ സ്വാധീന ഫലമായി ഇവിടെ രൂപം കൊണ്ട ദൃശ്യ കലാരൂപം?
24. ഉദയംപേരൂർ സുന്നഹദോസ് നടന്ന വർഷം?
25. ലന്തക്കാർ എന്ന പേരിൽ അറിയപ്പെട്ട വൈദേശീക ശക്തി?
26. ഹോർത്തൂസ് മലബാറിക്കസിന്റെ രചനയിൽ സഹായിച്ച മലയാളി വൈദ്യൻ?
27. ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ആസ്ഥാനം?
28. മലയാളം ഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം?
29. മലയാളത്തിൽ എഴുതപ്പെട്ട ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥം?
30. നവോത്ഥാനം മാനവരാശി കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മഹത്തായ വിപ്ലവം ആയിരുന്നു – ഈ നിരീക്ഷണം ആരുടേത്?
31. ഡിവൈൻ കോമഡിയുടെ കർത്താവ്?
32. മലയാളി മെമ്മോറിയലിന്റെ വർഷം?

Remove Watermark Now

33. വിവേകോദയം ഏത് സംഘടനയുടെ മുഖപത്രം ആണ്?
34. പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ പിതാവ്?
35. തുർക്കിസമാചാരം എന്ന പത്രം പ്രസിദ്ധീകരിച്ചത് ആര്?
36. പുലയഗീതങ്ങളുടെ പ്രവാചകൻ എന്നറിയപ്പെടുന്നത് ആര്?
37. “പുണ്യാത്മാവായ നാരായണഗുരുസ്വാമിയെ സന്ദർശിക്കാൻ ഇടയായത് എന്റെ ജീവിതത്തിലെ പരമഭാഗ്യമായി ഞാൻ വിചാരിക്കുന്നു’’. ഇങ്ങനെ പറഞ്ഞത് ആര്?
38. മലബാർ കലാപം നടന്ന വർഷം?
39. ലോകഉപഭോക്തൃദിനം എന്നാണ്?
40. 1959 – ലെ ഇ.എം.എസ് മന്ത്രിസഭയുടെ പിരിച്ചുവിടലിന് കാരണമായ പ്രക്ഷോഭം?
41. കേരള ചരിത്രത്തിന്റെ അടിസ്ഥാനശിലകൾ എന്ന ഗ്രന്ഥം രചിച്ചതാര്?
42. തിരുവിതാംകൂറിൽ അമ്മേരിക്കൻ മോഡൽ ഭരണപരിഷ്കാരങ്ങൾ നടത്തിയ ദിവാൻ?
43. "ഒരിക്കലും മാറാത്ത ഭൂതകാലത്തെക്കുറിച്ചുള്ള പ്രസ്താവനയാണ് ചരിത്രം’’ എന്ന നിർവചനം ആരുടേത്?
44. തപതീസംവരണം, സുഭദ്രാധനഞ്ജയം എന്നീ കൃതികളുടെ കർത്താവ്?
45. മാർത്താണ്ഡവർമ്മയുടെ തൃപ്പടിദാനത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ള രാമപാണിവാദന്റെ നാടകം?
46. ചേരമാൻ പെരുമാൾ നായനാരുടെ ജീവിതകഥ പരാമർശിക്കുന്ന കൃതി?
47. കൊച്ചിയുടെ ചരിത്രം പരാമർശിക്കുന്ന ചമ്പു?
48. കൊല്ലവർഷം രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ ശാസനം?
49. ഒരു ഇതിവൃത്തം ആലേഖനം ചെയ്തിട്ടുള്ള ഏറ്റവും വലിയ ചുമർചിത്രം ഏത്?
50. റോമൻ നാണയമായ ദിനാരത്തെപ്പറ്റി സൂചനയുള്ള ശാസനം ഏത്?
51. ആനയച്ച് ആരുടെ നാണയമാണ്?
52. സംഘകാലത്തെ പ്രാധാന്യപ്പെട്ട യുദ്ധദേവത?
53. സംഘകാലത്തെ രാജാധികാര നിയന്ത്രണ സഭകളായ പെരുംകഴു എൺപരായം എന്നിവയെകുറിച്ച് സൂചനയുള്ള സംഘകൃതി?
54. സേനാനായകനോ രാജാവോ മരിച്ചാൽ യുദ്ധം നിർത്തി നടത്തിയിരുന്ന നൃത്തം ഏത്?
55. നെയ്തൽ തിണയിൽ വസിച്ചിരുന്ന ജനവിഭാഗങ്ങൾ ഏതെല്ലാം?
56. കണ്ണനാർ എന്ന കവി വർണ്ണിച്ചിരിക്കുന്ന ചേര രാജാവ്?
57. വിഴിഞ്ഞം രാജധാനിയാക്കി ഭരണം നടത്തിയിരുന്ന ആയ്രാജാവ്?
58. ആയ് രാജവംശത്തിന്റെ കാലത്ത് പ്രശസ്തമായ രണ്ട് ശാലകൾ?
59. അഞ്ചുവണ്ണം എന്ന പേരിൽ അറിയപ്പെട്ട വർത്തക സംഘത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്ന ശാസനം?
60. പെരുന്നാൾ കാലഘട്ടത്തിലെ നാടുവാഴികളുടെ രക്ഷാസംഘങ്ങളായ പട്ടാള വിഭാഗത്തിന് പറയുന്ന പേരെന്ത്?
61. ദേശിംഗനാട് എന്നറിയപ്പെട്ടിരുന്ന പ്രദേശം?
62. അറയ്ക്കൽ രാജവംശത്തിന്റെ ആദ്യ ആസ്ഥാനം?

Remove Watermark Now

63. പ്രാചീന കേരളത്തിലെ കായികവിദ്യാകേന്ദ്രങ്ങൾ ഏത്പേരിലാണ് അറിയപ്പെട്ടിരുന്നത്?
64. കഥകളിയിലെ സ്ത്രീ വേഷത്തിന് പറയുന്ന പേരെന്ത്?
65. ശ്രീകൃഷ്ണകർണാമൃതം എന്ന കാവ്യത്തിന്റെ കർത്താവ്?
66. ഖാസി മുഹമ്മദ് എഴുതിയ പ്രശസ്തമായ മാപ്പിളപ്പാട്ട് കാവ്യം?
67. മാർത്താണ്ഡവർമ്മ ഡച്ചുകാർക്കെതിരെ നടത്തിയ പ്രശസ്തമായ യുദ്ധം?
68. മേൽമുണ്ട് സമരം, ശീലകലാപം എന്നപേരുകളിൽ അറിയപ്പെട്ട സമരം?
69. സെർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റിയുടെ മാതൃകയിൽ സംഘടിപ്പിച്ച സംഘടന ഏത്?
70. അധ:സ്ഥിതർക്കും  വിദ്യാഭ്യാസം പ്രാപ്തമാക്കുക എന്ന മുദ്രാവാക്യം ഉയർത്തിയതാര്?
71. പ്രത്യക്ഷരക്ഷാദൈവസഭയുടെ മാസിക?
72. സമത്വസമാജം എന്ന സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിന് രൂപം കൊടുത്തത് ആര്?
73. ഗോത്രപരമായി സംഘടിക്കു മതപരമായി അല്ല ഏത് സംഘടനയുടെ മുദ്രാവാക്യമാണ്?
74. ക്ഷേത്രപ്രവേശന വിളംബരം നടന്ന വർഷം ഏത്?
75. കേരളത്തിൽ ആദ്യമായി ടെലിവിഷൻ സംപ്രേഷണം ചെയ്ത വർഷം?
76. ശ്രീപദ്മനാഭ സ്വാമീക്ഷേത്രത്തെക്കുറിച്ച് വർണ്ണനയുള്ള  തമിഴ് കൃതി?
77. കാന്തളൂർ ശാലയെക്കുറിച്ച് പ്രതിപാദിക്കുന്ന ചെപ്പേട്?
78. ഇന്ത്യയിൽ യൂറോപ്യന്മാർ കെട്ടിയ ആദ്യ കോട്ട ഏത്?
79. പെഡ്രോ അൽവാരിസ് കബ്രാൾ ഏത്  രാജ്യത്തിന്റെ പ്രതിനിധിയായാണ് കേരളത്തിലെത്തിയത്?
80. കണ്ണൂരിലെ സെയിന്റ് ആഞ്ജലോ നിർമ്മിച്ച പോർച്ചുഗീസ് വൈസ്രോയി?
81. ഒരു കൈയ്യിൽ കുരിശും മറുകൈയ്യിൽ വാളുമായാണ് പോർച്ചുഗീസുകാർ എത്തിയത് – ഇങ്ങനെ അഭിപ്രായപ്പെട്ടതാര്?
82. ആശ്ചര്യചൂഡാമണിയുടെ കർത്താവ്?
83. കേരളത്തിലെ പ്രാചീന തുറമുഖങ്ങളെക്കുറിച്ച് വിശദമായി രേഖപ്പെടുത്തിയ വിദേശസഞ്ചാരി?
84. കേരളം സൃഷ്ടിച്ചത് പരശുരാമൻ ആണെന്ന ഐതിഹ്യം ചേർത്തിട്ടുള്ള കൃതി?
85. ചട്ടപ്പെരുമക്കൾ എന്ന് അറിയപ്പെട്ടിരുന്നവർ ആര്?
86. പ്രാചീന കച്ചവട സംഘത്തിന്  അഞ്ചുവണ്ണം എന്ന് പേരുവരാൻ കാരണമെന്ത്?
87. ഇരവിക്കോർത്തന് ചേരമാൻ ലോകപെരുഞ്ചെട്ടി എന്ന ബിരുദം നൽകിയതായി രേഖപ്പെടുത്തുന്ന ചെപ്പേട്?
88. ഏണിക്കാണം,തലക്കാണം എന്നിവ ഏന്തിനു വേണ്ടിയുള്ള നികുതികൾ ആണ്?
89. മഹോദയപുരേശ്വരൻ എന്നറിയപ്പെടുന്നതാരെ?
90. ഗ്രീക്കിൽ സിഞ്ചിബെറോസ് എന്ന പേരിൽ അറിയപ്പെട്ട വസ്തു എന്ത്?
91. കേരളത്തിൽ എത്തിയ ആദ്യ ഇംഗ്ലീഷുകാരൻ?
92. മലബാർ കലാപവുമായി ബന്ധപ്പെട്ട് നടന്ന ദുരന്ത സംഭവം ഏത്?
93. 1932-ലെ ഭരണഘടന പരിഷ്കാരത്തിന്റെ ഫലമായി നടന്ന രാഷ്ട്രീയ പ്രക്ഷോഭം?

Remove Watermark Now

94. ചന്ദ്രവളയം എന്ന ഉപകരണം ഉപയോഗിച്ച് പാടി വന്നിരുന്ന പാട്ട് കൃതിയേത്?
95. ഇരവിക്കുട്ടിപ്പിള്ളപ്പോർ ഏത് വിഭാഗത്തിൽപ്പെടുന്ന നാടൻപാട്ടാണ്?
96. വടക്കൻ പാട്ട് പാടുന്നതിന് പറയുന്ന പേരെന്ത്?
97. പൗരസമത്വപ്രക്ഷോഭം എന്ന് കേസരി ബാലകൃഷ്ണപിള്ള വിശേഷിപ്പിച്ച സമരം?
98. കഥകളിയിലെ പാട്ടുകാരെ പറയുന്ന പേരെന്ത്?
99. കൃഷ്ണനാട്ടം എന്ന കലാരൂപത്തിന്റ ഉപജ്ഞാതാവ്?
100. അനന്തരവകാശികളില്ലെങ്കിൽ സ്വത്തുവകകൾ നാടുവാഴിയിൽ നിക്ഷിപ്തമാക്കുന്നതിനെ പറയുന്ന പേരെന്ത്?

## ഉത്തരങ്ങൾ

1. പ്രൊഫ. ഇളംകുളം കുഞ്ഞൻ പിള്ള
2. ഐതരേയ ആരണ്യകം
3. പെരിയാർ ( ചൂർണി )
4. മുസിരിസ്സ്
5. ഗുണ്ടർട്ട്
6. ലിമുരികേ
7. വാഴപ്പള്ളി ശാസനം
8. ചോക്കൂർ ശാസനം
9. തൊൽകാപ്പിയത്തിലെ പൊരുളധികാരത്തിൽ
10. നന്നൻ
11. പള്ളി
12. അഞ്ചുവണ്ണം, മണിഗ്രാമം
13. കാന്തള്ളൂർശാല
14. പതിനെട്ടരക്കവികൾ
15. അറയ്ക്കൽ രാജവംശം
16. രേവതിപട്ടത്താനം
17. ലീലാതിലകം
18. കഥകളി
19. ശങ്കരാചാര്യർ
20. എഴുത്തച്ഛൻ
21. ഇശലുകൾ
22. ഗറില്ലായുദ്ധ(ഒളിപ്പോര്)
23. ചവിട്ടുനാടകം
24. 1599
25. ഡച്ചുകാർ
26. ഇട്ടി അച്യുതൻ

Remove Watermark Now

27. മാഹി
28. സംക്ഷേപവേദാർത്ഥം
29. വർത്തമാനപ്പുസ്തകം
30. ഏംഗൽസ്
31. ദാന്തെ
32. 1891
33. എസ്.എൻ. ഡി. പി
34. പൊയ്കയിൽ കുമാര ഗുരുദേവൻ
35. മക്തിതങ്ങൾ
36. കുറുമ്പൻ ദൈവത്താൻ
37. ഗാന്ധിജി
38. 1921
39. മാർച്ച് 15
40. വിമോചന സമരം
41. ഡോ. എം.ജി.എസ്. നാരായണൻ
42. സർ.സി.പി. രാമസ്വാമി അയ്യർ
43. അരിസ്റ്റോട്ടിൽ
44. കുലശേഖരവർമ്മ
45. സീതാരാഘവം
46. ചേക്കിഴാരുടെ പെരിയപുരാണം
47. രാജരത്നാവലീയം
48. ശ്രീവല്ലഭൻ കോതയുടെ മാമ്പള്ളി ശാസനം
49. കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം.
50. വാഴപ്പള്ളി ശാസനം
51. ചോളരുടെ
52. കൊറ്റവൈ
53. ചിലപ്പതികാരം
54. കുരവൈക്കൂത്ത്
55. പരവതവർ, മീനവർ, വലയർ
56. നെടും ചേരൽ ആതൻ
57. കരുനന്തടക്കൻ
58. കാന്തള്ളൂർ ശാല, പാർത്ഥിവപുരം ശാല
59. തരിസാപ്പള്ളി ചെപ്പേട്
60. നൂറ്റവർ സംഘങ്ങൾ
61. കൊല്ലം
62. ധർമ്മടം
63. കളരികൾ

Remove Watermark Now

64. മിനുക്ക്
65. പൂന്താനം
66. മുഹ്യുദ്ദീൻ മാല
67. 1741-ലെ കുളച്ചൽ യുദ്ധം
68. ചാന്നാർ ലഹള
69. എൻ.എസ്. എസ്
70. അയ്യൻകാളി
71. ആദിയാർദീപം
72. വൈകുണ്ഠസ്വാമികൾ
73. ചേരമർ മഹാസഭ
74. 1936
75. 1982
76. തിരുവായ്മൊഴി
77. ഹജൂർ ചെപ്പേട്
78. ഫോർട്ട് മാന്വൽ
79. പോർച്ചുഗീസ്
80. ഫ്രാൻസിസ് ഡി അൽമേഡ
81. സർദാർ കെ. എം. പണിക്കർ
82. ശക്തിഭദ്രൻ
83. സുലൈമാൻ
84. കേരളോൽപത്തി
85. വേദങ്ങളിൽ പാണ്ഡിത്യം നേടിയവർ
86. അഞ്ചു തരം ചരക്കുകൾ മാത്രം കച്ചവടം ചെയ്തത് കൊണ്ട്
87. വീരരാഘവ പട്ടയം
88. തൊഴിൽ
89. പെരുമാൾക്കന്മാരെ
90. ഇഞ്ചി
91. റാൽഫിച്ച്
92. വാഗൺ ട്രാജഡി
93. നിവർത്തന പ്രക്ഷോഭം
94. രാമകഥാപ്പാട്ട്
95. തെക്കൻപാട്ട്
96. കവികെട്ടുക
97. നിവർത്തനപ്രസ്ഥാനം
98. പൊന്നാനി, ശിങ്കിടി
99. കോഴിക്കോട് മാനവേദവൻ സാമൂതിരി
100. അറ്റാലടക്കം

Remove Watermark Now

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

iSkysoft

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

Remove Watermark Now




NO TO DRUGS

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

# കേരളസംസ്കാരചരിത്രം

**M21ML01DC**

ISBN 978-81-994027-8-2

9 788199 402782

Sreenarayanaguru Open University

Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841